# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 19, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 13

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 19, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.വി.ശശി**

സെക്രട്ടറി

**ശ്രീ. വി.കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

634/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവുംവിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...88

II **അടിയന്തരപ്രമേയം**

ബാറുകൾ തുറക്കാൻ അനുമതി

(അവതരണാനുമതി നിഷേധിച്ചു.) ...384

III. **ശ്രദ്ധ ക്ഷണിക്കൽ**

(1) സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

—ശ്രീ. ഡി. കെ. മുരളി ...407

(2) അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത

—ശ്രീ. പി. ഉബൈദുള്ള ...409

IV. **സബ്മിഷൻ**

(1) കുടിയൊഴിപ്പിക്കൽ പ്രശ്നം

—ശ്രീ. എസ്. ശർമ്മ ...414

(2) ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണം

—ശ്രീ. പി. ടി. തോമസ് ...415

(3) ജാതി സർട്ടിഫിക്കറ്റ്

—ശ്രീ. കെ. ബാബു ...415

പേജ്

(4) സംവരണാനുകൂല്യം

—ശ്രീ. സണ്ണി ജോസഫ് ...417

(5) കുടിവെള്ള പദ്ധതി

—ശ്രീ. കെ. എൻ. എ. ഖാദർ ...418

(6) അഖിലേന്ത്യാ ഏകോപിത ഗവേഷണ പ്രോജക്ടുകൾ

—ശ്രീ. കെ. രാജൻ ...420

(7) റബ്ബർ ഇറക്കുമതി

—ശ്രീ. പി. ജെ. ജോസഫ് ...423

(8) വെണ്ടുരുത്തി പാലം

—ശ്രീ. ജോൺ ഫെർണാണ്ടസ് ...424

(9) വേമ്പനാട് കായലിലെ എക്കൽ

—ശ്രീ. എം. സ്വരാജ് ...426

(10) മാങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ

—ശ്രീ. ടി. വി. ഇബ്രാഹിം ...428

**V. മേശപ്പുറത്തുവച്ച കടലാസുകൾ**

**VI. റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ റിപ്പോർട്ട് ...435

(2) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ...435

*പേജ്*

**VII. ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXVII — സഹകരണം

ധനാഭ്യർത്ഥന നമ്പർ XXXIX — വൈദ്യുത പദ്ധതികൾ

ധനാഭ്യർത്ഥന നമ്പർ XLII — വിനോദസഞ്ചാരം ...436

**അനുബന്ധം** 1, 2, 3 ...534

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*2018 മാർച്ച് 19, തിങ്കൾ*


വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13


നിയമസഭ 2018 മാർച്ച് മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ......... ചോദ്യം നമ്പർ *361

### തസ്തിക നഷ്ടമായ അദ്ധ്യാപകരുടെ സംരക്ഷണത്തിന് അദ്ധ്യാപക ബാങ്ക്

1 (*361) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിന്ന് തസ്തിക നഷ്ടമായ അദ്ധ്യാപകരുടെ സംരക്ഷണത്തിന് അദ്ധ്യാപക ബാങ്ക് രൂപീകരിച്ചിട്ടുണ്ടോ; അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ടവരുടെ പുനർ നിയമനത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇവ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിരുന്നോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, (എ) ഉണ്ട്. 29-1-2016-ലെ സ.ഉ.(പി)നമ്പർ 29/2016/പൊ.വി.വ പ്രകാരമാണ് തസ്തിക നഷ്ടപ്പെടുന്ന ജീവനക്കാർക്ക് സംരക്ഷണം അനുവദിച്ചത്. താഴെപ്പറയുന്ന വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ഇപ്രകാരം സംരക്ഷണം അനുവദിച്ചിട്ടുള്ളത്.

1. 31-3-2011-ന് നിയമനാംഗീകാരത്തോടെ റെഗുലർ സർവീസിൽ തുടർന്ന അദ്ധ്യാപക/അനദ്ധ്യാപകർ.
2. അദ്ധ്യാപക പാക്കേജ് വഴി 1-6-2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപകർ.
3. മുൻകാല സംരക്ഷിത ഉത്തരവുകൾവഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും.
4. അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിടഞ്ച്ഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെതന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളുകളിലേയ്ക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ.
5. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ റെഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടവർ.

(ബി) 3-12-2016-ലെ സ.ഉ.(പി)നമ്പർ 199/2016/പൊ.വി.വ പ്രകാരം ഭേദഗതി വരുത്തിയ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7-ൽ 1 മുതൽ 4 വരെയുള്ള ഉപചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളാണ് സംരക്ഷിതാദ്ധ്യാപകരുടെ പുനർ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ളത്.

ചട്ടം 7 (1): പ്രധാനാദ്ധ്യാപകനെ ക്ലാസ്സ് ചാർജിൽനിന്നും ഒഴിവാക്കിയിട്ടുള്ള അധിക തസ്തികകളിൽ (RTE പ്രകാരം 150 കുട്ടികളുള്ള എൽ.പി. സ്കൂളിലെയും 100 കുട്ടികളുള്ള യു.പി. സ്കൂളിലെയും പ്രധാനാദ്ധ്യാപകരെയാണ് ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്)

ചട്ടം 7 (2): 22-5-1979-ന് മുമ്പ് സ്ഥാപിതമായ സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ 1:1 എന്ന അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകൻ, മാനേജർ നിയമിക്കുന്ന അദ്ധ്യാപകൻ എന്ന ക്രമത്തിൽ

ചട്ടം 7 (3): 22-5-1979-നുശേഷം സ്ഥാപിതമായതോ അപ്ഗ്രേഡ് ചെയ്യപ്പെട്ട വിഭാഗങ്ങളിലോ ഉണ്ടാകുന്ന എല്ലാ തസ്തികകളും.

ചട്ടം 7 (4): ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളടക്കമുള്ള ഒഴിവുകൾ.

ഈ വ്യവസ്ഥകൾക്കെതിരെ മാനേജർമാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 1356/17 കേസിൽ കോടതി മേൽവ്യവസ്ഥകൾ ശരിവയ്ക്കുകയുണ്ടായി. ഇതിനെതിരെ ഫയൽചെയ്ത അപ്പീലിൽ 'സ്റ്റാറ്റസ്കോ' നിലനിർത്താൻ ഉത്തരവായതിനാൽ പൂർണ്ണമായി പാലിക്കാൻ കഴിഞ്ഞിട്ടില്ല എന്നിരുന്നാലും 5-8-2016-ലെ 134/2016 സർക്കാർ ഉത്തരവുപ്രകാരം അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത ജീവക്കാരെ താൽക്കാലികമായി സംരക്ഷിച്ചുനിർത്തിയിട്ടുണ്ട്.

(സി) 1. 20-9-2016-ലെ സ.ഉ.(പി) നമ്പർ 158/2016/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ.

| | | |
|---|---|---|
| 1 | എച്ച്.എസ്.എസ്.ടി (ജൂനിയർ) | 26 |
| 2 | എച്ച്.എസ്.എസ്.ടി. | 19 |
| | ആകെ | 45 |

2. 24-06-2017-ലെ സ.ഉ.(പി) നം.61/2017/പൊ.വി.വ. ഉത്തരവ് പ്രകാരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ.

| | | |
|---|---|---|
| 1 | എച്ച്.എസ്.എസ്.ടി (ജൂനിയർ) | 269 |
| 2 | എച്ച്.എസ്.എസ്.ടി. | 232 |
| 3 | അപ്ഗ്രഡേഷൻ | 113 |
| 4 | ലാബ് അസിസ്റ്റന്റ് | 47 |
| 5 | പ്രിൻസിപ്പൽ | 46 |
| | ആകെ | 707 |

3. 21-8-2017-ലെ സ.ഉ.നമ്പർ 106/2017/പൊ.വി.വ. ഉത്തരവ് പ്രകാരം എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ.

| | | |
|---|---|---|
| 1 | എച്ച്.എസ്.എസ്.ടി (ജൂനിയർ) | 674 |
| 2 | എച്ച്.എസ്.എസ്.ടി | 642 |
| 3 | അപ്ഗ്രഡേഷൻ | 167 |
| 4 | ലാബ് അസിസ്റ്റന്റ് | 188 |
| 5 | പ്രിൻസിപ്പൽ | 125 |
| | ആകെ | 1796 |

എയ്ഡഡ്, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലായി ആകെ 2548 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ മേൽസൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിന് എല്ലാ ആർ.ഡി.ഡി.-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമനം നടന്നുവരുന്നുണ്ട്. സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, സംസ്ഥാനത്തെ പൊതു വിദ്യാലയ ചരിത്രത്തിൽ ആദ്യമായിട്ടാണ് ജൂലൈ 15-നുമുൻപ് തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നത്. 4060 അദ്ധ്യാപകരെ പുനർവിന്യസിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തസ്തിക നിർണ്ണയം നടത്തിയിട്ടേയില്ലെന്നാണ് മനസ്സിലാക്കുന്നത്. മത്സരപ്പരീക്ഷ എഴുതി പാസ്സായ അദ്ധ്യാപകർ പുറത്തുനിൽക്കുന്നുണ്ട്, മറ്റ് മാർഗ്ഗങ്ങളിലൂടെ മാനേജ്മെന്റ് സ്കൂളുകളിൽ നിയമനം നേടിയവർക്ക് പുനർനയമനം ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും ഇടപെടൽ നടത്തുമോ, പി.എസ്.സി. ടെസ്റ്റ് എഴുതി റാങ്ക് ലിസ്റ്റിലൂടെ വ്യവസ്ഥാപിതമായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് മുൻഗണന നൽകാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പി.എസ്.സി. മുഖേന നിയമനം നൽകുന്നവർക്ക് മുൻഗണനയല്ല, അവർക്കാണ് തസ്തികയുള്ളത്; അവർക്ക് ഒരു തടസ്സവുമില്ല. എയ്ഡഡ് സ്കൂളുകളുടെ കാര്യം നേരത്തെ സൂചിപ്പിച്ചു; പുതിയ തസ്തിക നൽകിയതനുസരിച്ച് അവർക്ക് നിയമനാംഗീകാരം നൽകുന്ന നടപടി വളരെ വേഗത്തിൽ പുരോഗമിച്ചുവരികയാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഹയർ സെക്കണ്ടറി സ്കൂളുകളിലും ഇങ്ങനെ തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ സംരക്ഷണത്തിന് അദ്ധ്യാപക ബാങ്ക് രൂപീകരിക്കേണ്ടിവരുമോ; അതുസംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങനെ വരാത്ത രീതിയിലാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ടുപോകുന്നത്. പൊതു വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികൾ വന്നുകൊണ്ടിരിക്കുകയാണ്. പൊതുവിദ്യാലയങ്ങളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോയ സാഹചര്യത്തിലാണ് അധിക അദ്ധ്യാപകർ എന്ന പ്രശ്നമുണ്ടായത്. അതില്ലാതിരിക്കത്തക്ക രീതിയിലുള്ള വലിയ ജനകീയ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഭാവിയിൽ ഇത്തരം പ്രശ്നം ഇല്ലാതിരിക്കാനുള്ള കൂട്ടായ ശ്രമമാണ് നടക്കേണ്ടത്. സർക്കാർ അതിനുവേണ്ടി ശ്രമിച്ചുവരികയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവ് പുതിയ തസ്തികകൾ സൃഷ്ടിക്കാനെടുക്കേണ്ടിവന്ന തീരുമാനത്തിൽനിന്നും വ്യക്തമാണ്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അദ്ധ്യാപക ബാങ്ക് 1:1 എന്ന ക്രമത്തിലാണ് എയ്ഡഡ് സ്കൂളുകളിലെ നിയമന നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശക്തിപ്പെടുകയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുകയും അദ്ധ്യാപക ബാങ്കിൽ അദ്ധ്യാപകരില്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനം 1:1-ൽ, 1 ഇല്ലെങ്കിൽ അതായത് അദ്ധ്യാപക ബാങ്കില്ലെങ്കിൽ നേരിട്ട് നടത്താൻ സാധിക്കുമോ; അതിന് വീണ്ടും നിയമഭേദഗതി ആവശ്യമായി വരുമോ; കാരണം ഓരോ വിദ്യാഭ്യാസ ജില്ലയെയും അടിസ്ഥാനപ്പെടുത്തിയാണ് ഇത് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഇങ്ങനെയൊരു സാഹചര്യം ഉണ്ടായാൽ നിയമ ഭേദഗതിയിലൂടെയാണോ അതോ മറ്റുവിധത്തിലാണോ സർക്കാർ അതിന് അംഗീകാരം നൽകുക?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങനെയൊരു അവസ്ഥ സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ ജനങ്ങളും ഒപ്പമുണ്ട്. അതുകൊണ്ടാണ് 1,45,000 വിദ്യാർത്ഥികൾ ഈ വർഷം പുതിയതായി സ്കൂളിലേക്ക് കടന്നുവന്നത്. അത് തുടർവർഷങ്ങളിലും ആവർത്തിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അത്തരത്തിൽ വന്നാൽ അദ്ധ്യാപക ബാങ്ക് എന്ന സങ്കൽപ്പംതന്നെ ഇല്ലാതാകുമോ എന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ ചോദിച്ചത്; നമ്മുടെ പ്രതീക്ഷയും അതുതന്നെയാണ്. ഇപ്പോൾ നിലനിൽക്കുന്ന 1:1 എന്ന രീതിയിലും ചില കോടതി വിധികൾ നിലനിൽക്കുന്ന പശ്ചാത്തലത്തിലും അതെല്ലാം പരിശോധിച്ചുകൊണ്ട് അന്നത്തെ അവസ്ഥയിൽ നിയമനാംഗീകാരം എങ്ങനെ നൽകാമെന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അഞ്ച് വർഷവും തസ്തിക നിർണ്ണയം നടത്തിയിരുന്നില്ല എന്നതിന് പകരം ചരിത്രത്തിലാദ്യമായി ഇടതുപക്ഷ സർക്കാർ തസ്തിക നിർണ്ണയം പൂർത്തിയാക്കിയിരിക്കുകയാണ്. എന്നാൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ കാര്യത്തിൽ, 500 കുട്ടികളെന്ന എണ്ണത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുകയോ പീരീഡനുസരിച്ച് തസ്തിക അനുവദിക്കുകയോ ചെയ്തിട്ടില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ കലാ-കായിക പഠനത്തിന്റെ പ്രാധാന്യം വളരെയേറെ ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

പ്രൊഫ: സി. രവീന്ദ്രനാഥ്: സർ, നമ്മുടെ ലക്ഷ്യവും അതുതന്നെയാണ്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരും ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുമായി നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക രീതിയിലാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെയുള്ള ചുമതല ഹെഡ്മാസ്റ്റർക്കും 11-ഉം 12-ഉം ക്ലാസ്സുകളുടെ ചുമതല പ്രിൻസിപ്പലിനുമാണ്. ഒരേ സ്കൂളിലെ ഈ നടപടി ഭരണപരമായ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ സ്കൂളിന്റെ ഭരണച്ചുമതല ഒരാളിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിഞ്ഞ ദിവസം സഭയിലുന്നയിച്ച ഒരു ചോദ്യവും ഇതിനെക്കുറിച്ചായിരുന്നു. സർക്കാരിന്റെ ലക്ഷ്യവും അതുതന്നെയാണ്. പത്താം ക്ലാസ്സും പ്ലസ്ടുവും ഒരേ ക്യാമ്പസിൽ ഒന്നായി കണ്ടുകൊണ്ടുള്ള പ്രവർത്തനം നടത്തണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. അത് എങ്ങനെയാണ് പുനർവിന്യസിക്കേണ്ടത് എന്നതിന് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അതിന്റെ പഠന റിപ്പോർട്ട് അനുസരിച്ച് ഇതിനെ രണ്ടിനേയും ഒന്നിപ്പിക്കുക എന്നുതന്നെയാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. സി. മമ്മൂട്ടി: സർ, കേരളത്തിൽ ഇപ്പോൾ വിദ്യാർത്ഥികൾ കുറയുന്നതുകാരണം അദ്ധ്യാപക തസ്തികകൾ സംരക്ഷിക്കപ്പെടേണ്ടതായി വരുന്നുണ്ട്. എന്നാൽ മലയോര മേഖലയിലും കടലോര മേഖലയിലും 500, 600 വിദ്യാർത്ഥികളുള്ള എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ട് ഡ്രോപ് ഔട്ട് ഉണ്ടാകുന്നുണ്ട്. നിയമസഭാ സമിതി നടത്തിയ പഠനത്തിൽ ആദിവാസികളുള്ള വയനാട് ജില്ലയിലും കടലോര മേഖലയിലും ഇത്തരത്തിൽ ഡ്രോപ് ഔട്ട് ഉണ്ടാകുന്നുണ്ട്. റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ സ്കൂളുകളിലെ ഡ്രോപ് ഔട്ട് ഒഴിവാക്കുന്നതിന് ഇത്തരം സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകൂടേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിയിൽ ഒരു കേസ് നിലനിൽക്കുകയാണ്. സംസ്ഥാനത്തുള്ള മുഴുവൻ സ്കൂളുകളുടെയും സ്റ്റാറ്റിസ്റ്റിക്സ് പഠിച്ച് മാപ്പിംഗ് നടത്തി എവിടെയാണ് അപ്ഗ്രഡേഷൻ വേണ്ടതെന്ന് ശാസ്ത്രീയമായി ബോദ്ധ്യപ്പെട്ട ശേഷമേ അത് ചെയ്യാവൂ എന്ന് ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശമുണ്ട്. അത് പൂർത്തിയായി വരുന്നതിനനുസരിച്ച് ഈ പറഞ്ഞ പ്രശ്നത്തിനും സർക്കാർ പരിഹാരം കാണും.

ശ്രീ. എം. സ്വരാജ്: സർ, കൂടുതൽ വ്യക്തതയാർന്ന മറുപടിക്ക് വേണ്ടിയാണ് സബ്മിഷനായിട്ടുന്നയിച്ച ഈ വിഷയം ചോദ്യമായിട്ടുന്നയിക്കുന്നത്. സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ രണ്ടും മൂന്നും വർഷമായിട്ടും നിയമനാംഗീകാരം ലഭിക്കാത്തതുകാരണം ശമ്പളം ലഭിക്കാതെ ജോലി ചെയ്യുന്നുണ്ട്. തസ്തികയുണ്ട്, നിയമനം നടത്തിയെങ്കിലും നിയമനാംഗീകാരം കിട്ടുന്നില്ല. ഇത്ര ദിവസത്തിനുള്ളിൽ അല്ലെങ്കിൽ ഇത്ര സമയത്തിനുള്ളിൽ ഇത്തരം അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുമെന്ന് കൃത്യമായി പറയാനാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അംഗീകാരം ലഭിക്കാതെയും ശമ്പളം ലഭിക്കാതെയുമുള്ള അദ്ധ്യാപകരുണ്ട്. 1979-നുശേഷം അപ്ഗ്രേഡ്ചെയ്ത അല്ലെങ്കിൽ പുതുതായി ആരംഭിച്ച സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത വലിയൊരു പ്രശ്നം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നു. ആ പ്രശ്നം പൂർണ്ണമായി പരിഹരിക്കുകയും അവർക്ക് ശമ്പളം നൽകുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. നിയമപരമായി നിയമനാംഗീകാരം നൽകുവാൻ കഴിയുന്നവർക്കെല്ലാം നൽകിയിട്ടുണ്ട്. ചില കോടതി പരാമർശങ്ങളുള്ളതുകൊണ്ടും കോടതിയിൽ ചില കേസുകൾ നിലനിൽക്കുന്നതു കൊണ്ടുമാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമ്പോൾ നിയമപരമായിട്ടുള്ളതെല്ലാം അംഗീകരിച്ച് എല്ലാവർക്കും സംരക്ഷണം കൊടുത്ത് ശമ്പളം നൽകണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിന് തടസ്സമായി നിൽക്കുന്ന ചില ഘടകങ്ങളെക്കുറിച്ച് പഠിച്ച് അത് പരിഹരിച്ച് ശമ്പളം നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. എം. വിൻസെന്റ്: സർ, തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ പുനർവിന്യാസം നടത്തേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. പലപ്പോഴും എ.ഇ.ഒ.യുടേതു മുതലുള്ള ഓഫീസുകളിൽ കാലതാമസം വരുന്നതുകൊണ്ട് പുനർ വിന്യാസം ലഭിക്കാത്ത അദ്ധ്യാപകർക്ക് ശമ്പളം മുടങ്ങുന്ന ഒരവസ്ഥയുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പുനർവിന്യാസം വൈകിയാലും അദ്ധ്യാപകർക്ക് കൃത്യമായി ശമ്പളം കൊടുക്കുമായിരുന്നു. ഇപ്പോൾ 5 മാസം വരെ ശമ്പളം മുടങ്ങിയ ഉദാഹരണങ്ങളുണ്ട്. പുനർവിന്യാസം വൈകുന്നതുകൊണ്ട് ശമ്പളം മുടങ്ങുകയാണ്. പുനർവിന്യാസം സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കാലതാമസം ഉണ്ടാകുന്നതുകൊണ്ട് അദ്ധ്യാപകർക്ക് ശമ്പളം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; കൃത്യമായി ശമ്പളം നൽകുമോ; ഒരു ജില്ലയിൽ തസ്തികയുണ്ടെങ്കിലും അദ്ധ്യാപകരെ മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്ന നടപടി ഉണ്ടായിട്ടുണ്ട്. അത് ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 4089 സംരക്ഷിത അദ്ധ്യാപകരെ വളരെ ഭംഗിയായി സ്കൂളുകളിൽ വിന്യസിച്ചുകഴിഞ്ഞിട്ടുണ്ട്. അവർക്ക് ശമ്പളവും നൽകിയിട്ടുണ്ട്. അതിൽ ഒരു തടസ്സവുമില്ല. ജോബ് സാറ്റിസ്ഫാക്ഷൻ തന്നെയാണ് ഏറ്റവും പ്രാധാനം. അതുകൊണ്ട് ഏറ്റവും അടുത്ത് ജോലി നൽകുക എന്നതാണ് അടിസ്ഥാനപരമായ കാഴ്ചപ്പാട്. നിവൃത്തിയില്ലാത്ത ഘട്ടത്തിൽ മാത്രമേ മറ്റൊരു കാര്യത്തെക്കുറിച്ച് ആലോചിക്കുകയുള്ളൂ. അദ്ധ്യാപകർക്ക് വീടിനടുത്ത് ജോലി ചെയ്യാൻ അവസരമുണ്ടെങ്കിൽ ഒരിക്കലും അത് നിഷേധിക്കുകയില്ല. അവർക്ക് അനുകൂലമായി നടപടി സ്വീകരിച്ച് അദ്ധ്യാപകരുടെ സാറ്റിസ്ഫാക്ഷൻ നിലനിർത്താനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് പണം വാങ്ങുന്നുവെന്നുള്ളത് കേരള സമൂഹത്തിന് മൊത്തം അറിയാവുന്ന കാര്യമാണ്. 25 ലക്ഷം മുതൽ 35 ലക്ഷം രൂപ വരെ വാങ്ങുന്നുണ്ട്. അത് പി.എസ്.സി. മുഖേനയാക്കണമെന്ന പൊതുധാരണ സമൂഹത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ വിഷയം വളരെയധികം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇപ്പോൾ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. പി. ടി. തോമസ്: സർ, പൊതുവിദ്യാഭ്യാസയജ്ഞം വളരെ ശക്തമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനം മാനേജ്മെന്റുകളുടെ അവകാശമായി നിലനിൽക്കുകയാണ്. ആ അവകാശം അങ്ങനെതന്നെ നിലനിൽക്കട്ടെ. പക്ഷെ അദ്ധ്യാപകർക്ക് ഒരു നിശ്ചിത ക്വാളിഫിക്കേഷനുണ്ടാകണം. മാനേജ്മെന്റുകൾ പി.എസ്.സി. പരീക്ഷ പാസ്സാകുന്ന പൂൾ ചെയ്ത ലിസ്റ്റിൽ നിന്നുമാത്രം അദ്ധ്യാപകരെ നിയമിച്ചോട്ടെ എന്നൊരു നിലപാടെടുക്കാൻ സർക്കാരിന് കഴിയുമോ? കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലും അൺ എയ്ഡഡ് സ്കൂളുകളിലുമടക്കം പി.എസ്.സി. പരീക്ഷ പാസ്സാകുന്നവർ മാത്രമേ അദ്ധ്യാപകരാകൂ എന്നൊരു നിലപാട് സ്വീകരിക്കാൻ പുരോഗമനപരമായ നടപടിക്രമങ്ങൾ നടത്തുന്നുവെന്ന് അവകാശപ്പെടുന്ന ഈ സർക്കാർ തയ്യാറാകുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ നിശ്ചിത ക്വാളിഫിക്കേഷനുള്ളവർ തന്നെയാണ് എയ്ഡഡ് സ്കൂളുകളിലും അദ്ധ്യാപകരായിട്ടുള്ളത്. അതുകൊണ്ട് നിലവിലുള്ള അദ്ധ്യാപക നിയമന രീതി ഇതുപോലെ തുടരും. ബഹുമാനപ്പെട്ട മെമ്പർ മുമ്പ് ചോദിച്ചത് കൂടുതൽ ചർച്ച ചെയ്യേണ്ട വിഷയമാണ്. അത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u> സർ, അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം നിലവിൽ പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ കാലാവധിക്കുള്ളിൽ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സമാകുമോ? കൂടാതെ സർട്ടിഫിക്കറ്റും പണവുമുണ്ടെങ്കിൽ നിയമനം നേടാൻ കഴിയും എന്നുള്ള നിലയിലാണ് നിലവിൽ എയ്ഡഡ് മേഖലയിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. മതിയായ പാഷനോ അല്ലെങ്കിൽ ഒരു അദ്ധ്യാപകനുവേണ്ട കഴിവുകളോ ഉണ്ടോയെന്ന് പരിശോധിക്കാനുള്ള ഒരു മാനദണ്ഡവും നിലവിലില്ല. അതിനുവേണ്ടി പി.എസ്.സി.-ക്ക് സമാനമായ ഏതെങ്കിലും തരത്തിലുള്ള ടെസ്റ്റുകൾ നടത്താൻ സർക്കാർ തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ഇത് മൂന്നും ഏകദേശം ഒരേ ചോദ്യംതന്നെയാണ്. ഇപ്പോൾ അദ്ധ്യാപകരുടെ ക്വാളിഫിക്കേഷൻ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ആ ക്വാളിഫിക്കേഷനുള്ളവർ തന്നെയാണ് കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലും സർക്കാർ സ്കൂളുകളിലും അദ്ധ്യാപകരായിരിക്കുന്നത്. അത് മറ്റൊരുതരത്തിലേയ്ക്ക് മാറ്റുന്ന കാര്യത്തിൽ വ്യാപകമായ ചർച്ച നടത്തേണ്ടതുണ്ട്. നിലവിലുള്ള അദ്ധ്യാപക നിയമന രീതി ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ഇപ്പോൾ നിയമനാംഗീകാരം നൽകുന്നതിന് തടസ്സങ്ങളുണ്ട്. അത് തീർച്ചയായും പരിഹരിക്കും. എന്ത് തടസ്സമുണ്ടെങ്കിലും നിയമപരമായി പരിഹരിക്കാൻ കഴിയുന്നത് എത്രയും വേഗം പരിഹരിച്ച് ശമ്പളം നൽകും.

<u>ഡോ. എൻ. ജയരാജ്:</u> സർ, ഹയർ സെക്കണ്ടറി തലത്തിൽ ലൈബ്രേറിയൻമാർ വേണമെന്നുള്ള നിർബന്ധം സ്പെഷ്യൽ റൂൾസിലുണ്ടെങ്കിലും ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ രംഗത്ത് മാറ്റമുണ്ടാകണം. കോട്ടയം ജില്ലയിലുള്ള എന്റെ നിയോജക മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ ഒന്നാം ക്ലാസ്സിൽ ചേർന്നത്. മാറ്റങ്ങളോടൊപ്പംതന്നെ സ്കൂളുകളിൽ സർഗ്ഗാത്മക വിജ്ഞാന കേന്ദ്രം സൃഷ്ടിക്കുകയെന്നതാണ് അക്കാദമിക് മാസ്റ്റർപ്ലാൻ ഉൾപ്പെടെയുള്ള പദ്ധതികളുടെ പ്രധാന ലക്ഷ്യം. ആ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ തീർച്ചയായും നല്ല ലൈബ്രറികൾ സ്കൂളുകളിലുണ്ടാകണം. ഇപ്പോഴത്തെ സ്കൂൾ ലൈബ്രറികൾ വളരെ പരിമിതമായ സാഹചര്യത്തിലുള്ളവയാണ്. പല സ്കൂളുകളിലും അദ്ധ്യാപകരാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. പല തിരക്കിനിടയിലും അവർക്കതിൽ കാര്യമായി ശ്രദ്ധിക്കാൻ കഴിയാറില്ല. ഇപ്പോൾ കേന്ദ്രീയ വിദ്യാലയത്തിലും മറ്റ് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലുമൊക്കെ ഇത്തരം സംവിധാനങ്ങളുണ്ട്. നമ്മുടെ ലൈബ്രറികളെ കുറേക്കൂടി ശക്തിപ്പെടുത്തി, കൃത്യമായി ലൈബ്രേറിയന്മാരെ നിയമിച്ചുകൊണ്ട് സർഗ്ഗാത്മക വിദ്യാഭ്യാസ പ്രവർത്തനത്തിന് കൂടുതൽ കരുത്ത് നൽകാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ലൈബ്രറിയാണ് ഒരു വിദ്യാലയത്തിന്റെ ഹൃദയം എന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ആ രീതിയിൽ കഴിഞ്ഞ ഒരു വർഷക്കാലം ക്ലാസ്സ് ലൈബ്രറി വരെ ചിട്ടപ്പെടുത്തുവാൻ എസ്.എസ്.എ.യുടെ നേതൃത്വത്തിൽ ശ്രമം നടന്നിട്ടുണ്ട്. ബഹുഭൂരിപക്ഷം സ്കൂളുകളിലും സെൻട്രൽ ലൈബ്രറികളും ക്ലാസ്സ് ലൈബ്രറികളുമുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ലൈബ്രേറിയൻ എന്ന പ്രശ്നം ഹയർ സെക്കണ്ടറിയിൽ ഇപ്പോൾ നിലവിലില്ല എന്നുള്ളത് വസ്തുതയാണ്. പത്താം ക്ലാസ്സും 12-ാം ക്ലാസ്സും എന്നുള്ളത് ലയിപ്പിച്ച് ഒറ്റ സ്കീം ആക്കാനുള്ള ശ്രമം സർക്കാർ നടത്തുകയാണ്. ഒറ്റ സ്കീം ആക്കി മാറ്റുമ്പോൾ ലൈബ്രേറിയനില്ല, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരില്ല, ക്ലാർക്കില്ല എന്നുള്ള പ്രശ്നമെല്ലാം ഇന്റഗ്രേഷനിലൂടെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്റഗ്രേഷനുശേഷവും ഈ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സർക്കാർ പോസിറ്റീവായി ശ്രമിക്കും.

## എൽ.ഇ.ഡി. ലൈറ്റ്, നിരോധിത വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

2 (*362) ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ടുകളും വള്ളങ്ങളും കടലിൽ എൽ.ഇ.ഡി. ലൈറ്റ് ഉപയോഗിച്ച് നടത്തുന്ന രാത്രികാല മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് തമിഴ്നാട്ടിൽ വിലക്കുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകളും വള്ളങ്ങളുമാണ് ഇവിടെ വന്ന് ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നതെന്ന കാര്യം പരിശോധിച്ചുണ്ടോ;

(ഇ) നിരോധിച്ച വലകളുപയോഗിച്ച് വൻകിട ട്രോളറുകൾ നടത്തുന്ന മത്സ്യബന്ധനവും ആയതുമൂലം മത്സ്യങ്ങൾക്ക് സംഭവിക്കുന്ന വംശനാശവും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ലൈറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമാകുന്നതാണ്. കൂടാതെ ഇത്തരം മത്സ്യബന്ധന രീതികൾ മത്സ്യത്തൊഴിലാളികൾക്കിടയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാനും കാരണമാകുന്നുണ്ട്. മത്സ്യങ്ങളെ ആകർഷിച്ച് നടത്തുന്ന ഇത്തരം മത്സ്യബന്ധനം മത്സ്യസമ്പത്തിന്റെ നാശത്തിന് ഹേതുവാകുന്നു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ലൈറ്റ് ഫിഷിംഗ് നിയന്ത്രിക്കുന്നതിന് കെ.എം.എഫ്.ആർ. ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(സി) തമിഴ്നാട്ടിൽ വിലക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനങ്ങളുടെ 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ടെറിട്ടോറിയൽ വാട്ടർ പരിധിക്കപ്പുറം എൽ.ഇ.ഡി. ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകളും ചില തദ്ദേശീയ ബോട്ടുകളും ലൈറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്. എന്നാൽ കേരളത്തിന്റെ ടെറിട്ടോറിയൽ വാട്ടർ മേഖലയിൽ നിശ്ചിത പരിധിക്കപ്പുറം ശേഷിയുള്ള എൽ.ഇ.ഡി. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരോധനം കേരളത്തിലെ യാനങ്ങൾക്കും അന്യ സംസ്ഥാന യാനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

(ഇ) പരിശോധിച്ചിട്ടുണ്ട്. നിരോധിത വലകളുപയോഗിച്ച് നടത്തുന്ന മത്സ്യബന്ധനം മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകും. ഇത്തരം മത്സ്യബന്ധനം തടയുന്നതിന് കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി (ശ്രീ. പി. ഉബൈദുള്ള): സർ, ഓഖി ദുരന്തത്തിൽപ്പെട്ട് കാണാതായവരിൽ എത്രപേർ ഇനിയും തിരിച്ചെത്താനായിട്ടുണ്ട്; ഇതുസംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സർക്കാരിന്റെ കയ്യിലുണ്ടോ; ആരെങ്കിലും തിരിച്ചെത്തുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാണാതായവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഓഖി ദുരന്തത്തെത്തുടർന്ന് നഷ്ടപ്പെട്ട ധാരാളം മത്സ്യബന്ധന ഉപകരണങ്ങളെ കുറിച്ച് ഏതെങ്കിലും തരത്തിലുള്ള കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; അങ്ങനെയെങ്കിൽ അവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രധാന ചോദ്യവുമായി ബന്ധമില്ലാത്തതാണ് ഉപചോദ്യമെങ്കിലും മറുപടി പറയാം. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കാണാതായവരിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുള്ള ഓരോ ആളുകളുൾപ്പെടെ ആകെ 52 മത്സ്യത്തൊഴിലാളികൾ കടലിൽ വച്ച് മരണപ്പെട്ടതായാണ് കണക്കാക്കിയിട്ടുള്ളത്. 102 പേരെ കാണാതായി എന്നാണ് എഫ്.ഐ.ആർ.-ൽ ഉണ്ടായിരുന്നത്. ഇപ്പോൾ കൃത്യമായ പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. 102 പേർ ഉൾപ്പെടുന്ന എഫ്.ഐ.ആർ. ആയിരുന്നെങ്കിലും 91 പേർ മാത്രമേ കേരളത്തിൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കാണാതായവരുടെ പട്ടികയിലുള്ളൂ. 6 പേർ തമിഴ്നാട്ടിലുള്ളവരാണ്. അതുകൊണ്ട് ആ ആറുപേരുടെയും എഫ്.ഐ.ആർ. തമിഴ്നാടിന് കൊടുക്കാനും അവർക്കാവശ്യമായ സഹായം അവിടെ നൽകണമെന്ന കാര്യം അറിയിക്കാനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. എഫ്.ഐ.ആർ.-ൽ ഉൾപ്പെട്ട മൂന്ന് പേർ ഓഖി ദുരന്തത്തിനും മൂന്ന് മാസം മുൻപ് കേരളത്തിൽനിന്നും കാണാതായവരാണ്. അവർ ഓഖി ദുരിതബാധിതരുടെ പട്ടികയിൽപ്പെടില്ല. മറ്റ് രണ്ട് പേരിൽ ഒരാൾ രണ്ട് മൂന്ന് വർഷങ്ങൾക്കുമുൻപ് കാണാതായതാണ്. കാണാതായവരുടെ പട്ടികയിലെ ഒരാൾ തിരികെയെത്തി ഇങ്ങനെ അഞ്ച് പേർ ഓഖി ദുരന്തവുമായി ബന്ധമില്ലാത്തവരും ആറുപേർ തമിഴ്നാട്ടിൽ നിന്നുള്ളവരുമാണ്. ഇവരെക്കൂടി ഉൾപ്പെടുത്തിയായിരുന്നു എഫ്.ഐ.ആർ. തയ്യാറാക്കിയിരുന്നത്. ഇപ്പോൾ ഏറ്റവും ലേറ്റസ്റ്റായി, കൃത്യമായി എഫ്.ഐ.ആർ.-ൽ രജിസ്റ്റർ ചെയ്യപ്പെട്ടവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽനിന്നും ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കാണാതായവർ 91 പേർ മാത്രമാണ്. അവർക്കാവശ്യമായ സഹായം നൽകാനുള്ള എല്ലാ നടപടികളും സർക്കാർ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തരമായി സഹായം നൽകുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, മത്സ്യബന്ധനത്തിന് പോകുന്നവർക്ക് യാതൊരു സുരക്ഷാ സംവിധാനവും നിലവിലില്ല. അതുകൊണ്ടാണ് പലപ്പോഴും അപകടങ്ങൾ വർദ്ധിച്ചുവരുന്നത്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒറ്റയ്ക്കും കൂട്ടായും മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അവർക്ക് ലൈഫ് ജാക്കറ്റ് വിതരണം ചെയ്യാനും അത് നിർബന്ധമായി ധരിപ്പിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതിനാവശ്യമായ നടപടി ഓഖി ദുരന്ത പശ്ചാത്തലത്തിൽ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സുരക്ഷാ സംവിധാനങ്ങൾ നേരത്തേയുണ്ടായിരുന്നത് തൊഴിലാളികൾ ഉപയോഗിച്ചിരുന്നില്ല

എന്നുള്ളത് വസ്തുതയാണ്. ഓഖി ദുരന്ത പശ്ചാത്തലത്തിൽ സർക്കാർ വളരെ കൃത്യമായി കാര്യങ്ങൾ ചെയ്യാനുള്ള പ്ലാനിംഗിലാണ്. ലൈഫ് ജാക്കറ്റടക്കം നൽകാൻ ആലോചിക്കുന്നുണ്ട്. ഉൾനാടൻ മത്സ്യബന്ധനം കൂടാതെ ഏകദേശം 145000 മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതായി കണക്കാക്കിയിട്ടുണ്ട്. അവർക്കെല്ലാം സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതുണ്ട്. ആദ്യഘട്ടമായി 15,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഇപ്പോൾ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുവേണ്ടി (ശ്രീ. ടി. വി. ഇബ്രാഹിം): സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ 12 നോട്ടിക്കൽ മൈലിനകമാണ് കേരളത്തിന്റെ അധികാരപരിധിയെന്നും എൽ.ഇ.ഡി. ലൈറ്റും അതുപോലെയുള്ള നിരോധിത സാധന സങ്കേതങ്ങൾ ഉപയോഗിച്ചുമുള്ള മത്സ്യബന്ധനം തടയുന്ന നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നുവെന്നും പറഞ്ഞു. അതേസമയം അയൽ സംസ്ഥാനത്തുനിന്നും ഇവിടെ വന്ന് ഇതുപോലുള്ള നിരോധിത സങ്കേതങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ കഴിയും; അവർ ഏത് നിയമത്തിന്റെ പരിധിയിലാണ് വരിക; രണ്ട് സംസ്ഥാനങ്ങളിലെ നിയമങ്ങളെയും കമ്പൈൻ ചെയ്യുന്ന കേന്ദ്ര നിയമമോ അധികാരങ്ങളോ നിലവിലുണ്ടോ; കേരള സംസ്ഥാനത്തിന് ഇത്തരത്തിലുള്ളവരെ പരിശോധിക്കുന്നതിനും പിടികൂടുന്നതിനും കഴിയുന്ന കോസ്റ്റ് ഗാർഡ് പോലുള്ള ഉദ്യോഗസ്ഥ സംവിധാനമുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുവെന്നല്ല പറഞ്ഞത്; കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്നാണ് പറഞ്ഞത്. നിയമം ഭേദഗതി ചെയ്തിട്ടുണ്ട്; അതിനനുസരിച്ചുള്ള ശക്തമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ജനുവരിയിൽ മാത്രം 8,63,000 രൂപ ഇതുമായി ബന്ധപ്പെട്ട് ഫൈനായി അടപ്പിക്കുകയും അവർ പിടിച്ച് കൊണ്ടു വന്ന മത്സ്യം ലേലം ചെയ്തതനുസരിച്ച് 9,19,450 രൂപ ഖജനാവിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ ഭേദഗതി വരുത്തി കൃത്യമായ നടപടിയിലേയ്ക്ക് സർക്കാർ പോയിക്കഴിഞ്ഞു. പന്ത്രണ്ട് നോട്ടിക്കൽ മൈലിനപ്പുറം മത്സ്യബന്ധനം നടത്തുന്ന വിഷയത്തിൽ 2017 നവംബർ മാസത്തിൽ ഇന്ത്യാ ഗവൺമെന്റും നിയമം കൊണ്ടുവന്നിട്ടുണ്ട്. ഈ നിയമ നടപടികൾ സ്വീകരിക്കുമ്പോൾത്തന്നെ അവയെ അതിലംഘിച്ച് നീക്കങ്ങൾ നടത്തുന്നതിനെതിരെയാണ് കോസ്റ്റ് ഗാർഡും മറൈൻ എൻഫോഴ്സ്മെന്റും കർക്കശമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം നടപടികൾ സ്വീകരിക്കുമ്പോൾ ശക്തമായ എതിർപ്പ് തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. അതിനുദാഹരണമാണ് കഴിഞ്ഞ കുറേ ദിവസം മുൻപ് നടന്ന

ബോട്ടുടമകളുടെ സമരം. യഥാർത്ഥത്തിൽ ചെറുമത്സ്യങ്ങളെ പിടിക്കുന്നതിന് എതിരായി നടപടി സ്വീകരിച്ചതിനാണ് സമരമുണ്ടായത്. സർക്കാർ കർക്കശ നടപടി സ്വീകരിക്കുമ്പോൾത്തന്നെ പ്രതിരോധവും വളരുന്നുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുക എന്നതിന്റെ അർത്ഥം ലഭ്യത കൂടുതൽ ഉറപ്പുവരുത്തുക എന്നതാണ്. 12 നോട്ടിക്കൽ മൈലിനപ്പുറത്തുള്ളത് കേന്ദ്ര സർക്കാർ പരിധിയിൽ വരുന്നതാണെങ്കിൽപ്പോലും അവിടെനിന്നും ഇരതേടി വരുന്ന വാള മീൻ ആഴക്കടലിൽ കൂടുതലുണ്ടാകുന്നതാണ്, ഇരതേടി വരുമ്പോഴാണ് ഇവയെ മത്സ്യത്തൊഴിലാളികൾ പിടിക്കുന്നത്. പക്ഷേ വലിയ ട്രോളറുകൾ ഉപയോഗിച്ച് ചെറിയ പരൽ മീനുകളെ പിടിച്ച് അന്യസംസ്ഥാനത്തെ വളം ഫാക്ടറികളിലേയ്ക്ക് വ്യാപകമായി കൊണ്ടു പോകുകയാണ്. മൺസൂൺ സമയത്തെ ബ്രീഡിംഗ് ടൈമിലാണ് ട്രോളറുപയോഗിക്കുന്നത്. ബ്രീഡിംഗ് ടൈമിൽ ട്രോളറുകളുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് തടഞ്ഞതിനാണ് സമരം നടന്നത്. വൻകിടക്കാരാണ് സമരത്തിന് പിന്നിലുള്ളത്. തൊഴിലാളികളെ ദുരുപയോഗപ്പെടുത്തുകയാണ്. പരൽ മീൻ പടിക്കുന്നത് ഒരു കാരണവശാലും അനുവദിക്കില്ലെന്ന ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇതുതന്നെയാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. പ്രതിരോധം ഉയരാനുള്ള കാരണവും അതാണ്. ഇതിൽനിന്നും സർക്കാർ പിന്മാറുന്നില്ല. ശക്തമായ നടപടി സ്വീകരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അശാസ്ത്രീയമായ മത്സ്യബന്ധനം മത്സ്യസമ്പത്ത് ഇല്ലാതാക്കുകയും പല മത്സ്യങ്ങളുടെയും വംശനാശത്തിന് കാരണമാകുകയും ചെയ്യുന്നുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. എൽ.ഇ.ഡി. ലൈറ്റ്, നിരോധിത വലകൾ എന്നിവയുപയോഗിച്ചുള്ള മത്സ്യബന്ധനം മാത്രമല്ല പ്രശ്നം. ക്യാമറ, ചെറിയ എം.എം. വലകൾ, കൃത്രിമ പാര് എന്നിവയുപയോഗിച്ചുള്ള മത്സ്യബന്ധനം ചെറിയ മത്സ്യങ്ങളെ ഇല്ലാതാക്കുകയും മുട്ടകളെ നശിപ്പിക്കുകയും ചെയ്യുന്നു. ജപ്പാൻ, നോർവേ തുടങ്ങിയ രാജ്യങ്ങളിൽ ചെറിയ എം.എം. വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക മാത്രമല്ല, അങ്ങനെ വലകൾ ഉപയോഗിക്കുന്ന ബോട്ടുകളുടെ ലൈസൻസ് റദ്ദാക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ ലൈറ്റ് ഫിഷിംഗ് നിയന്ത്രിക്കുന്നതിന് കെ.എം.എഫ്.ആർ. ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. ഇതും അതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നറിയില്ല, മറുപടിയിൽ വ്യക്തമാക്കുമെന്ന് വിശ്വസിക്കുന്നു, മറ്റൊരു ചോദ്യം.

മി. സ്പീക്കർ: ഒരു ചോദ്യം ചോദിക്കൂ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, നാമെല്ലാം മത്സ്യം കഴിക്കുന്നവരാണ്. പഴയ കാലത്തെപ്പോലെ മത്സ്യത്തിന് രുചിയില്ല, അതിന് കാരണം ഔട്ട്ബോർഡ് എൻജിൻ പുറപ്പെടുവിക്കുന്ന പുകയും ശബ്ദവുമാണെന്ന് ചില വിദഗ്ദ്ധർ പറയുന്നു. അതേക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ? കഴിഞ്ഞയാഴ്ച ഓഖിയെക്കുറിച്ച് മുന്നറിയിപ്പ് നൽകിയത് നല്ല കാര്യമാണ്. അതുകൊണ്ട് പല മത്സ്യത്തൊഴിലാളികളും കടലിൽ പോയില്ല, അവരുടെ വീടുകൾ പട്ടിണിയിലാണ്. മുന്നറിയിപ്പ് മാത്രം പോര, അവർക്ക് സഹായം കൂടി നൽകണമെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പറയാനുള്ളത്.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കുറേയധികം ചോദ്യങ്ങളുണ്ട്.

<u>മി. സ്പീക്കർ</u>: അങ്ങ് ഒരു ഉപചോദ്യത്തിന് ഉത്തരം പറഞ്ഞാൽ മതി.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കെ.എം.എഫ്.ആർ. (Kerala Marine Fishing Regulation) ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ലൈറ്റ് മാത്രമല്ല നിരോധിച്ചിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വലകളുടെ കണ്ണി വലിപ്പം, എഞ്ചിനുകൾക്ക് നിശ്ചിത കുതിര ശക്തി ഇങ്ങനെയുള്ള ഒട്ടേറെ നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തിയ വ്യവസ്ഥകൾ വിശദമായി ആ ബുക്കിലുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് അത് പരിശോധിക്കാവുന്നതാണ്. അടുത്തതായി ചോദിച്ചത് മാലിന്യത്തെക്കുറിച്ചാണ്, മത്സ്യത്തിന്റെ ടേസ്റ്റ് നഷ്ടപ്പെടുന്നത് ജലത്തിലെ മാലിന്യം വർദ്ധിക്കുമ്പോഴാണ്. എൻജിന്റെ പുക മാത്രമല്ല, നാം എല്ലാ വേസ്റ്റും കടലിലേയ്ക്കാണ് വിടുന്നത്, ഓടകളെല്ലാം കടലിലേയ്ക്കാണ് തുറക്കുന്നത്. ഇതെല്ലാം കടലിലേയ്ക്ക് തുറന്നുവിടുമ്പോൾ കടലിൽ മാലിന്യം കുന്നുകൂടുന്നതിനനുസരിച്ച് മത്സ്യത്തിന്റെ ടേസ്റ്റ് കുറയും. മത്സ്യത്തിന്റെ രുചി നല്ലതാണ്. നിത്യവുമുപയോഗിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരത്തെ ഇത് സാരമായി ബാധിക്കുമെന്ന് എല്ലാ വേസ്റ്റും കടലിലേയ്ക്കും കായലിലേയ്ക്കും വിടുമ്പോൾ നാം ഓർക്കേണ്ടതുണ്ട്. സർക്കാർ അക്കാര്യത്തിൽ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലാശയങ്ങൾ മാലിന്യരഹിതമായി സൂക്ഷിക്കേണ്ടത് പൊതു ആവശ്യമാണ്. ആ അർത്ഥത്തിൽ നമുക്ക് കൂട്ടായി കാര്യങ്ങൾ ചെയ്യാം.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, തീരക്കടലിൽ സമ്മർദ്ദം കൂടിവരികയും മത്സ്യസമ്പത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്ന ഉൽക്കണ്ഠാപരമായ ഒരു അന്തരീക്ഷം നിലവിലുണ്ട്. ഈ പശ്ചാത്തലത്തിൽ ചെറുമത്സ്യങ്ങൾ പിടിച്ച് വളത്തിനുവേണ്ടി ഉപയോഗിക്കുന്നത് നേരിടുന്നതിനായി സംസ്ഥാന സർക്കാരും മത്സ്യബന്ധന വകുപ്പും ചെയ്യാൻ കഴിയുന്നതെല്ലാം

ചെയ്തിട്ടുണ്ട്. ഞാൻ പ്രതിനിധീകരിക്കുന്ന വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുനമ്പം, വൈപ്പിൻ എന്നീ രണ്ട് ഹാർബറുകളിലും കഴിഞ്ഞ ഒന്നുരണ്ടു മാസമായി ബോട്ടുകളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുകയാണ്. ചെറുമത്സ്യങ്ങൾ പിടിച്ച് ആഴക്കടലിലേയ്ക്ക് പോയി മുട്ടം, മംഗലാപുരം തുടങ്ങിയ മറ്റ് സംസ്ഥാനങ്ങളിലെ ഹാർബറുകളിലേയ്ക്ക് പോകുകയാണ് ചെയ്യുന്നത്. രണ്ടുമൂന്ന് പ്രശ്നങ്ങൾ ഇതുമൂലമുണ്ടാകുന്നു. ഒന്ന്, മത്സ്യസമ്പത്തിന്റെ അളവ് കുറയുന്നു. രണ്ട്, മത്സ്യങ്ങളുടെ വംശനാശത്തിന് വഴിവയ്ക്കുന്നു. മൂന്ന്, നമ്മുടെ ഹാർബറുകൾ പ്രതിസന്ധിയിലേയ്ക്ക് പോകുന്നു. ഇത്തരമൊരു പശ്ചാത്തലത്തിൽ ദേശീയാടിസ്ഥാനത്തിൽ ഒരു നിയമം വേണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതിനുവേണ്ടി സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുന്നതോടൊപ്പം നിയമവിരുദ്ധമായി ചെയ്യുന്ന കാര്യങ്ങളിൽ മറൈൻ സെർച്ച് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുറെക്കൂടി സംഘടിത രൂപത്തിലും വിപുലമായ തോതിലും മറൈൻ സെർച്ചും നിയന്ത്രണവും ഏർപ്പെടുത്താൻ മുൻകയ്യെടുക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇന്ത്യാ ഗവൺമെന്റ് ലൈറ്റടക്കമുള്ളവ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതിന് നിരോധനം കൊണ്ടുവന്നിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ടിൽ ഇത്തരത്തിലുള്ള കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. പക്ഷേ, ഇവിടെ നടപടിയെടുക്കുമ്പോൾ അടുത്ത സംസ്ഥാനത്തേയ്ക്ക് പോകുന്ന പ്രവണത വർദ്ധിക്കുന്നത് മനസ്സിലാക്കി കേരള സർക്കാർ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ യോഗം വിളിക്കാൻ ഉദ്ദേശിക്കുന്നു. ഇംപ്ലിമെന്റേഷന്റെ കാര്യത്തിൽ നിയമമില്ലാത്തതല്ല, ഇത് തടയുന്നതിനുള്ള നടപടികൾ ശക്തമായി സ്വീകരിക്കാത്തതാണ് പ്രശ്നം. യോഗം വിളിക്കാൻ തീരുമാനിച്ചപ്പോഴാണ് കേരളത്തിൽ ഓഖി ദുരന്തമുണ്ടായത്. അതുകൊണ്ട് രണ്ടുമൂന്നു മാസം ഇക്കാര്യങ്ങളെല്ലാം മുടങ്ങിപ്പോയി. വീണ്ടും കേന്ദ്ര ഫിഷറീസ് മന്ത്രിയോട് തീയതി ചോദിച്ചിട്ടുണ്ട്. രണ്ടുമൂന്ന് ദിവസങ്ങൾക്കുമുമ്പ് കഴിയുന്നത്രവേഗം തീയതി തരാമെന്ന് അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തീയതി ലഭിക്കുന്നമുറയ്ക്ക് സി.എം.എഫ്.ആർ.ഐ.-യിൽ വച്ച് യോഗം വിളിക്കാൻ സർക്കാർ ആലോചിക്കുകയാണ്. അങ്ങനെ ഒരു കൂട്ടായ ശ്രമം നടത്തിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുള്ളൂ എന്നാണ് സർക്കാർ മനസ്സിലാക്കുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ മത്സ്യത്തൊഴിലാളി മേഖലയിലെ ഒരു ജനപ്രതിനിധികൂടിയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനുപോയാൽ വേണ്ടത്ര മത്സ്യം ലഭിക്കുന്നില്ല എന്നുള്ള പരാതി വ്യാപകമാണ്. അതിന് പ്രധാനപ്പെട്ട ഒരു കാരണം കാലാവസ്ഥയിലുണ്ടായ മാറ്റമാണ്. മത്സ്യങ്ങളുടെ കൂട്ടത്തോടെയുള്ള പലായനം ഒരു

അന്തർദ്ദേശീയ പ്രശ്നമായി ഇന്ന് മാറിക്കഴിഞ്ഞിരിക്കുകയാണ്. കടലിനുണ്ടാകുന്ന ചൂട് മത്സ്യങ്ങളെ പെസിഫിക് സമുദ്രത്തിലേയ്ക്കും മറ്റ് സമുദ്രങ്ങളിലേയ്ക്കും പലായനം ചെയ്യാൻ പ്രേരിപ്പിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അമ്പലപ്പുഴ, ആലപ്പുഴ തീരങ്ങളിൽ പലപ്പോഴും ചാകരയുണ്ടാകാറുണ്ടായിരുന്നു. ഇപ്പോൾ ചാകര ഉണ്ടാകുന്നില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ബുദ്ധിമുട്ടിലേയ്ക്ക് നീങ്ങുകയാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; നമ്മുടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പഠനം നടത്തിയശേഷം ഇതിന് ഫലപ്രദമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇതുമായി ബന്ധപ്പെട്ട പഠനം സി.എം.എഫ്.ആർ.ഐ. (Central Marine Fisheries Research Institute) നടത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിൽ വരുന്ന മാറ്റം മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്നു എന്നത് വസ്തുതയാണ്. അത്തരമൊരു കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന ഇംപാക്ടിന്റെ ഗൗരവതരമായ പഠനം ഇനിയും നടത്തേണ്ടതായിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അമിതമായ മത്സ്യബന്ധന സമ്മർദ്ദവും ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കാൻ വലക്കണ്ണികളുടെ വലിപ്പം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കാരണമാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തിയത്. സി.എം.എഫ്.ആർ.ഐ.-യുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വന്ന ശിപാർശയനുസരിച്ചാണ് 58 ഇനം മത്സ്യങ്ങളെ പിടിക്കാവുന്ന വലയുടെ കണ്ണിവലിപ്പം എത്രയായിരിക്കണ മെന്നുള്ളതിനെ സംബന്ധിച്ച സി.എം.എഫ്.ആർ.ഐ.യുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് മാത്രമേ കൊണ്ടുവരാൻ പാടുള്ളൂ എന്ന നിയമ ഭേദഗതി കൊണ്ടുവന്നതും കുതിരശക്തിയിൽ നിയന്ത്രണം വേണമെന്ന് ആവശ്യപ്പെട്ടതും. 58 മത്സ്യയിനങ്ങളുടെ ചെറുമത്സ്യം പിടിക്കാൻ പാടില്ല. കേരളത്തിൽ ബോട്ട് യാർഡുകൾക്കൊന്നും ഒരു രജിസ്ട്രേഷനുമില്ല. ബോട്ടുണ്ടാക്കാനും നെറ്റുണ്ടാക്കാനും യാതൊരു നിയന്ത്രണവും ഉണ്ടായിരുന്നില്ല. അതിൽ കൃത്യമായ മാറ്റം വേണമെന്നുള്ളതുകൊണ്ടാണ് കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി കൊണ്ടുവന്നത്. ഈ മാറ്റങ്ങളെല്ലാം നടപ്പിലാക്കാൻ തുടങ്ങുമ്പോൾ ശക്തമായ വിയോജിപ്പാണ് പരമ്പരാഗത തൊഴിലാളികളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. അതുകൊണ്ട് ഇതൊരു സോഷ്യൽ ഇഷ്യു എന്നുള്ള നിലയിൽ എല്ലാവരുടെയും പിന്തുണയോടുകൂടി വലിയൊരു ക്യാമ്പയിൻ നടത്തിയാൽ മാത്രമേ നിയമ ഭേദഗതി

പ്രയോഗത്തിൽ വരുത്താൻ കഴിയുകയുള്ളു. അതുകൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരു സാമൂഹ്യപ്രശ്നം എന്നുള്ള നിലയിൽ നമ്മൾ എല്ലാവരും കൂടിയാണ് ഇതിന് നേതൃത്വം നൽകേണ്ടത്. ഇക്കാര്യത്തിൽ അങ്ങയുടെ പൂർണ്ണ സഹകരണംകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, എൽ.ഇ.ഡി. ലൈറ്റ്, നിരോധിത വലകൾ എന്നിവ ഉപയോഗിച്ചുള്ള അശാസ്ത്രീയ മത്സ്യബന്ധനം മാത്രമല്ല തമിഴ്നാട്ടിൽനിന്നും അമിത വേഗതയിൽ വരുന്ന ബോട്ടുകൾ കാരണവും പലപ്പോഴും അപകടങ്ങളുണ്ടാകുന്നു. തെക്കൻ ജില്ലകളിൽനിന്നും മലബാറിൽ നിന്നുമുള്ള വള്ളങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ഇതുമൂലം അപകടങ്ങളുണ്ടാകുന്നു, വലകൾ നഷ്ടമാകുന്നു. ഇത്തരം പരാതികൾ ധാരാളമായി ഉയർന്നുവരാറുണ്ട്. പക്ഷേ, നമുക്ക് കടലിൽ ഇത് പരിശോധിക്കുന്നതിനുള്ള സംവിധാനമില്ല. ഇത്തരം പരാതികളുണ്ടാകുന്ന സന്ദർഭങ്ങളിലെങ്കിലും ഒരു ചെക്കിംഗ് മെക്കാനിസമുണ്ടാക്കാൻ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുൻകയ്യെടുക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പരിശോധനാ സംവിധാനമുണ്ട്. ഇന്ന് പലരും അപകടത്തിൽപ്പെടുന്നതായി കാണുന്നത് സംസ്ഥാനത്തിന്റെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനപ്പുറത്താണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾപോലും മീൻപിടിക്കാൻ പോകുന്നത് 12 നോട്ടിക്കൽ മൈലിനപ്പുറത്താണ്. 12 നോട്ടിക്കൽ മൈൽ അഥവാ 22 കിലോ മീറ്ററാണ് സംസ്ഥാനത്തിന് നിശ്ചയിച്ചിരിക്കുന്ന അധികാരപരിധി. പക്ഷേ, ഓഖി ദുരന്തത്തിൽ അപകടത്തിൽപ്പെട്ട മുഴുവൻ മത്സ്യത്തൊഴിലാളികളും സംസ്ഥാന അധികാരപരിധിയുടെ 50 മുതൽ 75 കിലോ മീറ്ററിനപ്പുറമായിരുന്നു എന്നാണ് കാണാൻ സാധിച്ചത്. ചെറുവള്ളങ്ങൾപോലും ഉൾക്കടലിലേയ്ക്കാണ് മീൻ പിടിക്കാൻ പോകുന്നത്. അവിടെയാണ് ഈ സംഭവം നടന്നത്. നമ്മുടെ പരിശോധനയും നിയന്ത്രണവും സംസ്ഥാനത്തിന്റെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനകത്താണ്. ഈയൊരു പരിമിതി നമുക്കുണ്ട്. ഈ പരിധിക്കപ്പുറത്തേയ്ക്ക്, കപ്പൽ ചാനലിലടക്കം തൊഴിലാളികൾ പോകുന്നുണ്ട്. അവിടെയാണ് അപകടങ്ങൾ സംഭവിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ദുരന്തം വരുന്നതിനുമുമ്പ് മുന്നറിയിപ്പ് നൽകുന്നതിന് ആലോചിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിക്ക് അപ്പുറത്തേയ്ക്ക് തൊഴിലാളികൾ പോകുന്നു എന്നതാണ് ഫലപ്രദമായി ഇടപെടുന്നതിൽ തടസ്സമായി വരുന്ന പ്രധാന പ്രശ്നം. ആ പശ്ചാത്തലംകൂടി മുന്നിൽ കണ്ടുകൊണ്ടാണ് നടപടികളെടുക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, വിദേശ കപ്പലുകൾ നമ്മുടെ മത്സ്യം പിടിച്ചുകൊണ്ടുപോകുകയാണ്. അവിടെയാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ജീവിക്കേണ്ടത്. തൊഴിലാളികൾ എവിടെയെങ്കിലും പോയി മത്സ്യം പിടിച്ചുകൊണ്ടുവന്നാൽ ആ മത്സ്യം മുഴുവൻ സർക്കാർ പിടിച്ചെടുക്കുന്നു. ഈ നടപടി ഗുണകരമാണെന്ന് കരുതാൻ ആർക്കും കഴിയില്ല. ഈ തൊഴിലാളികൾ എവിടെ നിന്നെങ്കിലും മത്സ്യംകൊണ്ടുവന്ന് പത്ത് ചക്രമുണ്ടാക്കി കഞ്ഞി കുടിച്ചോട്ടെ എന്ന് വിചാരിക്കുന്നതിനുപകരം അവനെ ഉപദ്രവിക്കുന്നത് ശരിയാണോ? മത്സ്യത്തൊഴിലാളികൾ ബ്രീഡിംഗ് സമയത്ത് മത്സ്യം പിടിക്കാൻ പാടില്ല എന്നത് ശരിയാണ്. പക്ഷേ, ഈ തൊഴിലാളികൾ എങ്ങനെ ജീവിക്കും? മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയും ജീവിക്കാനുള്ള സർവ്വസാഹചര്യവും സൃഷ്ടിച്ചുകൊടുത്തുകൊണ്ട് ബോധവൽക്കരണം നടത്തി ആ സമയത്ത് മത്സ്യബന്ധനത്തിൽനിന്ന് അവരെ മാറ്റിനിർത്താനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങയുടെ ചോദ്യം സദുദ്ദേശ്യപരമല്ല. പരമ്പരാഗതമായി മത്സ്യം പിടിച്ചുകൊണ്ടുവരുന്ന തൊഴിലാളികളെ ഒരുതരത്തിലും ഈ സർക്കാർ ബുദ്ധിമുട്ടിക്കില്ല. വലിയ ബോട്ടുകളിൽ ചെറുമത്സ്യങ്ങളെ പിടിച്ച്, വ്യാപകമായി മത്സ്യസമ്പത്ത് നശിപ്പിച്ച്, വലിയ ലാഭമുണ്ടാക്കുന്നവരെ മാത്രമേ പിടിക്കുന്നുള്ളൂ. എവിടെ നിന്നെങ്കിലും മത്സ്യബന്ധനം നടത്തി മൂന്നു ചക്രമുണ്ടാക്കാൻവേണ്ടി ശ്രമിക്കുന്ന പാവങ്ങളെ ഉപദ്രവിക്കുന്ന നയം സർക്കാരിനില്ല. മത്സ്യസമ്പത്ത് നശിപ്പിക്കാൻ ആസൂത്രിതമായി നടത്തുന്ന വമ്പൻ ലോബികളുടെ നീക്കത്തെയാണ് സർക്കാർ ചെറുക്കുന്നത്. അങ്ങ് അവരുടെ പക്ഷത്ത് നിൽക്കരുത്. അങ്ങയുടെ ചോദ്യത്തിന്റെ സദുദ്ദേശ്യത്തിൽ ഞാൻ സംശയം പ്രകടിപ്പിക്കുകയാണ്. തീർച്ചയായും അങ്ങ് അവിടേയ്ക്ക് പോകരുത്, ഇത്തരം ആളുകൾക്ക് പിന്തുണ നൽകരുത്, പൊതുതാൽപ്പര്യമാണ് സംരക്ഷിക്കേണ്ടത്. ഈ ഗവൺമെന്റ് പാവപ്പെട്ട പരമ്പരാഗത തൊഴിലാളികളുടെയും ബോട്ടിൽ പോകുന്ന തൊഴിലാളികളുടെയും ഭാഗത്ത് തന്നെയാണ്. നിയമവിധേയമായ കാര്യങ്ങൾക്ക് മാത്രമാണ് പിന്തുണ. നിയമവിരുദ്ധമായി ആര് പ്രവർത്തിച്ചാലും സർക്കാരിന് വിട്ടുവീഴ്ചയില്ല .

ശ്രീ. കെ. ആൻസലൻ: സർ, ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന മത്സ്യങ്ങളിൽ കൂടുതലും ആന്ധ്ര പ്രദേശ്, വിശാഖപട്ടണം, തമിഴ്നാട് എന്നിവിടങ്ങളിൽനിന്നും കൊണ്ടുവരുന്നതും ആറേഴ് മാസം പഴക്കമുള്ളതും രാസപദാർത്ഥങ്ങൾ കലർത്തിയതുമാണ്. ഇത്തരം മത്സ്യങ്ങൾ വാങ്ങി ഉപയോഗിക്കുന്നത് ഉദരരോഗം, കാൻസർ തുടങ്ങി വലിയ തോതിലുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.

ഇത്തരത്തിലുള്ള മത്സ്യവിൽപ്പനയ്ക്കെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായമുണ്ട്; ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രതീക്ഷിക്കുന്നു.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മത്സ്യങ്ങളിൽ മായം കലർത്തുന്ന പ്രവണതയുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നമ്മുടെ മാർക്കറ്റിൽ വിൽക്കുന്ന എല്ലാ മത്സ്യവും അത്തരത്തിലുള്ളതാണെന്ന് പറയുന്നത് ശരിയല്ല. ഇതര സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന മത്സ്യം കൂടുതൽ ദിവസം കേടാകാതിരിക്കാൻവേണ്ടി ഫോർമാലിൻ, അമോണിയ തുടങ്ങിയ രാസവസ്തുക്കൾ ചേർക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി.ഐ.എഫ്.ടി. (Central Institute of Fisheries Technology) മത്സ്യത്തിൽ മായം കലർത്തുന്നത് പരിശോധിച്ച് കണ്ടെത്തുന്നതിനായി ഒരു പേപ്പർ സ്ട്രിപ്പ് കണ്ടുപിടിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടനുസരിച്ച് കേരളത്തിൽ വരുന്ന മത്സ്യത്തിൽ 16 ശതമാനം മാലിന്യമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. മത്സ്യത്തിൽ മായം കലർത്തുന്നത് കണ്ടെത്തി അർഹമായ ശിക്ഷ നൽകാൻ കഴിയുന്ന തരത്തിലുള്ള നടപടിയിലേയ്ക്ക് സർക്കാർ പോകുകയാണ്. പേപ്പർ സ്ട്രിപ്പുപയോഗിച്ചുള്ള പരിശോധനാരീതി വിജയകരമാണ്. വ്യാവസായിക അടിസ്ഥാനത്തിൽ അതുണ്ടാക്കാനും വ്യാപകമായി ലഭ്യമാക്കാനുമുള്ള നടപടിയിലേയ്ക്ക് സർക്കാർ കടക്കുകയാണ്.

## റോഡുകളുടെ പരിപാലനം

3 (*363) ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. ഉണ്ണി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന റോഡുകളുടെ പരിപാലനത്തിന് ഈ സർക്കാർ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ബി) റോഡുകളുടെ ഗുണനിലവാരം ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരമാണെന്ന് ഉറപ്പുവരുത്തുന്നതിനായി റോഡുകളുടെ പ്രത്യേകതയനുസരിച്ച് പരിപാലന രീതികൾ അവലംബിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; സാങ്കേതിക സഹായ ലഭ്യതയ്ക്കായി കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നോഡൽ ഏജൻസിയായി ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റോഡ് ഉപയോക്താക്കളുടെയും പൊതുജനങ്ങളുടെയും പരാതി പരിഹാരത്തിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പ്രത്യേക മെയിന്റനൻസ് വിംഗ് രൂപീകരിക്കുകയും അതിനായി 29-6-2017-ലെ ഉത്തരവുപ്രകാരം ഒരു ചീഫ് എഞ്ചിനീയറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഇങ്ങനെയൊരു നടപടി സ്വീകരിച്ചത്. ചീഫ് എഞ്ചിനീയർ, ഗവൺമെന്റ് സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവർ റോഡുകളുടെ പരിശോധന ഓരോ വർഷവും നടത്തിവരുന്നുണ്ട്. ബഹുജന പങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഗുണനിലവാര പരിശോധനകളും കർശനമായി നടപ്പിലാക്കിവരുന്നു. ദേശീയപാതാ വിഭാഗത്തിൽ നിശ്ചിത ഇടവേളകളിൽ റീസർഫേസിംഗ് പ്രവൃത്തികൾ ഓർഡിനറി റിപ്പയറിംഗ് ഫണ്ട് ഉപയോഗിച്ചും ഫ്ലഡ് ഡാമേജ് റിപ്പയർ ഫണ്ട് ഉപയോഗിച്ചും നവീകരിച്ച് സഞ്ചാരയോഗ്യമാക്കാറുണ്ട്.

(ബി) ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. (Engineering, Procurement, Construction) വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുന്നതിനാൽ അപ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ സ്ഥിതി മുൻകാലങ്ങളെക്കാൾ മെച്ചപ്പെട്ടതാകുന്നുണ്ട്.

റോഡുകളുടെ ഗുണനിലവാരം ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കും പ്രകാരം ഉറപ്പുവരുത്തിയാണ് പരിപാലിച്ചുവരുന്നത്. സാങ്കേതിക സഹായ ലഭ്യതയ്ക്കായി കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നോഡൽ ഏജൻസിയായി ഏർപ്പെടുത്തിയിട്ടില്ല. ആവശ്യം വരുമ്പോഴൊക്കെ സാങ്കേതിക സഹായത്തിന് സി.ആർ.ആർ.ഐ. (Central Road Research Institute)യുടെ സേവനം ഉപയോഗപ്പെടുത്തിവരികയാണ്.

(സി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ഓഫീസിൽ പരാതി സ്വീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുന്നതിനും സംവിധാനമുണ്ട്. ഇതിന് വലിയ തരത്തിലുള്ള പൊതുജന പ്രതികരണമുണ്ട്. മാസത്തിൽ ഒരു ദിവസം ഒരു മണിക്കൂർ നേരം പരാതി പരിഹാര സെല്ലിൽ മന്ത്രി പങ്കെടുക്കുമ്പോൾ മുപ്പതിനായിരത്തിലധികം പ്രതികരണങ്ങൾ ആ സമയത്തിനുള്ളിൽ ലഭിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, റോഡ് സേഫ്റ്റി ഉറപ്പുവരുത്തുന്നതിനുവേണ്ടി റോഡ് മെയിന്റനൻസ് വർക്കുകൾ നടക്കുന്നുണ്ട്. റോഡ് മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടി എസ്റ്റിമേറ്റെടുക്കുമ്പോഴുള്ള അവസ്ഥയല്ല പ്രവൃത്തി ചെയ്യാൻ തുടങ്ങുമ്പോഴുള്ളത്. എ.എസ്, ടി.എസ്., ടെണ്ടർ നടപടികൾ, സി.ടി.ഇ.ക്ക് റിപ്പോർട്ട് ചെയ്യൽ തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കൂടുതൽ സമയം ആവശ്യമായി വരുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ലഘൂകരിച്ച് സമയബന്ധിതമായി വേഗത്തിൽ ചെയ്യാൻ എന്തെങ്കിലും ഇളവ് അനുവദിക്കാൻ കഴിയുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഇതിനെല്ലാം കൃത്യമായ മാനദണ്ഡങ്ങളും വ്യവസ്ഥകളുമുള്ളതാണ്. അതൊന്നും നമുക്ക് എടുത്തുകളയാൻ കഴിയില്ല. പി.ഡബ്ല്യു.ഡി. മാന്വലിൽത്തന്നെ അത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓരോന്നിനും ആവശ്യമുള്ളതിലേറെ സമയം കളയുന്ന നിലപാടുകൾ വളരെയേറെ ഉണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റെടുത്ത് കഴിഞ്ഞാൽ വർഷങ്ങളോളം താമസിപ്പിച്ച് പാലങ്ങളും റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കുന്ന നിലപാടുണ്ടായിട്ടുണ്ട്. ഇപ്പോൾ അതെല്ലാം വളരെയേറെ മാറിയിട്ടുണ്ട്. വളരെക്കുറച്ച് മാറ്റങ്ങൾ മാത്രമേ ഇക്കാര്യങ്ങളിൽ ഇനിയും ഇല്ലാതെ വന്നിട്ടുള്ളൂ. ഈ കാര്യത്തിൽ സർക്കാർ ചട്ടപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കർശന നിലപാടുകളാണ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, കഴിഞ്ഞ സാമ്പത്തിക വർഷം ഒട്ടനവധി പദ്ധതികൾക്ക് അനുമതി നൽകിയിരുന്നു. അത്തരം കാര്യങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിൽ ടെക്നിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വലിയ കാലതാമസമുണ്ടാകുന്നുണ്ട്. സമയബന്ധിതമായി ഇത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അവർക്കുകൂടി കർശന നിർദ്ദേശം നൽകാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും കർശന നിർദ്ദേശം നൽകുന്നതിന് സാധിക്കും. സി.ടി.ഇ.യുടെ ഓഫീസിൽ കുറച്ച് കാലതാമസം വരാറുണ്ട്. ചിലത് ആവശ്യമുള്ളതും ചിലത് ആവശ്യമില്ലാത്തതുമാണ്. ഇപ്പോൾ അദ്ദേഹത്തിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ മാത്രമേ അവിടെയുള്ളൂ. ചാർജ്ജുള്ള ഉദ്യോഗസ്ഥന് സ്ഥിരം ഉദ്യോഗസ്ഥന്റെ അധികാരമുണ്ട്. കാലതാമസം വരുന്നത് ചിലതൊക്കെ ഒഴിവാക്കാവുന്നതാണ്. കാലതാമസമുണ്ടാകുമ്പോൾ അദ്ദേഹത്തോട് സംസാരിച്ച് അത് പരിഹരിക്കപ്പെടാറുമുണ്ട്. സാങ്കേതികമായ ന്യൂനതയുണ്ടെങ്കിൽ കൃത്യസമയത്ത് കണ്ടെത്താനും അത് ചൂണ്ടിക്കാണിക്കാനും തിരുത്താനുമുള്ള സമയബന്ധിത നടപടി സ്വീകരിക്കണമെന്ന് എപ്പോഴും ആവശ്യപ്പെടാറുണ്ട്.

ശ്രീ. പി. ഉണ്ണി: സർ, പൊതുമരാമത്ത് റോഡുകൾ നിർമ്മിച്ചുകഴിഞ്ഞാൽ ഒരു നിശ്ചിത കാലത്തേയ്ക്ക് കേടുപാടുകൾ സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കേടുപാടുകൾ സംഭവിക്കുന്നത് അതിന്റെ നിർമ്മാണത്തിൽ കൃത്രിമത്വം നടക്കുന്നതുകൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിശ്ചിതകാലത്തിനുള്ളിൽ റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഡിഫക്ട് ലയബിലിറ്റി പിരീഡിനുള്ളിൽ റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ കരാറുകാരന്റെ ചെലവിൽത്തന്നെ ഇത് ചെയ്യേണ്ടതായിട്ടുണ്ട്. അതുകഴിഞ്ഞുള്ള അറ്റകുറ്റപ്പണികൾ ഇപ്പോൾ നല്ല നിലയിൽ നടത്തിവരുന്നുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്ന റോഡുകൾക്ക് സാധാരണ ടാർ റോഡുകളെക്കാൾ മൂന്നിരട്ടി ഈടുണ്ടെന്നാണ് ശാസ്ത്രീയ വിലയിരുത്തൽ. എന്റെ നിയോജക മണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക ഇടപെടൽകൊണ്ട് പാലിയോട്-മാരായമുട്ടം റോഡിൽ ഒരു കിലോമീറ്റർ റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചു. ഇപ്പോഴും ആ റോഡ് വളരെ മനോഹരമായിത്തന്നെ കിടക്കുകയാണ്. ഒന്നരവർഷം പിന്നിട്ടിട്ടും യാതൊരു കുഴപ്പവുമില്ല. മെറ്റലുകൾ തമ്മിലുള്ള പിടിത്തം പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമൂലം കൂടുതൽ ബലപ്പെടുന്നതിനാൽ റോഡ് പെട്ടെന്ന് പൊട്ടിപ്പൊളിയില്ല. ഇത് പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനും സഹായകരമാണ്. എന്റെ നിയോജക മണ്ഡലത്തിൽ അമരവിള-ഒറ്റശേഖരമംഗലം ഹൈടെക് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കാൻ പദ്ധതിയുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ബിറ്റുമിനുണ്ടാക്കുക, റബ്ബറിന്റെ അളവ് വളരെയധികം കൂട്ടിയുള്ള ബിറ്റുമിനുണ്ടാക്കുക, കയർ ഭൂവസ്ത്രമുപയോഗിച്ച് റോഡ് പണിയുക എന്നീ മൂന്ന് പുതിയ indigeneous technology സ്വീകരിച്ചിട്ടുണ്ട്. ഏകദേശം 1200 കിലോമീറ്റർ റോഡുകൾ കഴിഞ്ഞ 21 മാസത്തിനകം ഇതുപയോഗിച്ച് ചെയ്തിട്ടുണ്ട്. ഇനിയും കുറച്ചുകൂടി ചെയ്യേണ്ടതാണ്. ഈ ടെക്നോളജികളിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ എല്ലാം കൂടിയോ ഉപയോഗിച്ചല്ലാതെ ഒരു പുതിയ റോഡും നിർമ്മിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എങ്കിലും ചില സ്ഥലങ്ങളിൽ അങ്ങനെയല്ലാതെ വരുന്നുണ്ട്; ശ്രദ്ധയിൽപ്പെട്ടതൊക്കെ തിരിച്ചയയ്ക്കുന്നുമുണ്ട്. ഇത്തരത്തിൽ നിർമ്മിക്കുന്നത് റോഡിന്റെ ആയുസ് വർദ്ധിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അങ്ങയുടെ നാട്ടിൽത്തന്നെ അതിനുദാഹരണമുണ്ട്. പ്ലാസ്റ്റിക് എത്ര വേണമെങ്കിലും ഉപയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്, അതിന് യാതൊരു തടസ്സവുമില്ല.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ റോഡുകൾ മികവുറ്റതാക്കുന്നതിന് നിരവധി പദ്ധതികൾ കൊണ്ടുവരികയും അത് ഫലം കാണുകയും ചെയ്യുന്നുണ്ട്. ഇതിന്റെയെല്ലാം ഭാഗമായാണ് റോഡ് നിർമ്മാണത്തിന് റബ്ബർ ഉപയോഗിക്കുന്നതിന് 2016 ജൂലൈ 11-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നത്. അന്ന് 50000 ടൺ റബ്ബർ റോഡ് നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കാമെന്ന തീരുമാനത്തിലെത്തിയിരുന്നു. എന്നാൽ ഇപ്പോൾ അത് ഉപയോഗിക്കുന്നില്ല. റബ്ബർ ലഭിക്കുന്നില്ല എന്നുപറഞ്ഞ് ഇത് അട്ടിമറിക്കാനുള്ള ശ്രമം ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. റബ്ബർ ഉപയോഗിച്ച് റോഡ് നിർമ്മിച്ചാൽ അറ്റകുറ്റപ്പണികൾ 35 ശതമാനം കുറയുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇക്കാര്യത്തിൽ അങ്ങ് അടിയന്തരമായി ഇടപെട്ട്, റോഡിന്റെ നിർമ്മാണത്തിന് റബ്ബർ ഉപയോഗിക്കുന്ന കാര്യത്തിൽ കുറച്ചുകൂടി ജാഗ്രത കാണിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, റബ്ബർ മാത്രമല്ല, ഞാൻ ഇവിടെ സൂചിപ്പിച്ച മൂന്ന് ഇൻഡിജനസ് ടെക്നോളജിയുടെ കാര്യത്തിലും നിർബന്ധമായും അതിലേതിലെങ്കിലും ഒന്നോ അല്ലെങ്കിൽ എല്ലാം കൂടിയോ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അമ്പലപ്പുഴ-തിരുവല്ല റോഡിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇത് മൂന്നും ഉപയോഗിക്കുകയാണ്.

5 കിലോമീറ്റർ കയർ ജിയോടെക്സ്റ്റൈൽ വിരിച്ചിരിക്കുകയാണ്. എല്ലാവരും അങ്ങനെ ചെയ്യുന്നില്ല. കോൺട്രാക്ടർ അല്ല, എഞ്ചിനീയർമാരാണ് അത് ഉൾപ്പെടുത്തേണ്ടത്. 1200 കിലോമീറ്റർ റോഡ് അത്തരത്തിൽ ചെയ്യുവെന്ന് ഞാൻ പറഞ്ഞു. മുമ്പൊന്നും ചെയ്യുന്നില്ലായിരുന്നു. അത് വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആലുവയിലെ ഒരു പൊതുമേഖലാ സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന NRMB ബിറ്റുമിൻ ലഭ്യമാകുന്നില്ല. ബിറ്റുമിൻ ആവശ്യത്തിന് ലഭിക്കുന്നില്ലെന്ന എഞ്ചിനീയർ കളവ് പറയുന്നതല്ല, സത്യമാണ്. ഏതായാലും അവരുമായി സംസാരിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ വ്യാപകമാക്കാനാണ് തീരുമാനം. അത് റോഡിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ആയുസ്സ് കൂട്ടുകയും ചെയ്യും.

ശ്രീ. അനൂപ് ജേക്കബ്: സർ, എഗ്രിമെന്റ് വച്ചതിനുശേഷം പല കാരണങ്ങളാൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനം 6 മാസം മുതൽ 1 വർഷം വരെ അനന്തമായി നീട്ടിക്കൊണ്ട് പോകുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. അങ്ങനെ വരുമ്പോൾ റോഡ് സഞ്ചാരയോഗ്യമല്ലാതാകുകയും ചെയ്യും. അത്തരം കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ; ഇത്തരം പരാതികൾ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ പകരം സംവിധാനം സർക്കാരിന്റെ ആലോചനയിലുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഇത്തരം പരാതികൾ വ്യാപകമാണെന്നുള്ളത് സത്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളരെ അപൂർവ്വം പരാതികൾ മാത്രമാണുള്ളത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ഇത്തരം പരാതികൾ വ്യാപകമായിരുന്നു. അങ്ങ് ഉന്നയിക്കുന്ന പല പ്രശ്നങ്ങളും കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തുടങ്ങിയതും എടുത്തുകളഞ്ഞതുമാണെന്ന് എല്ലാവർക്കുമറിയാം. ബൈപ്പാസ് ഉൾപ്പെടെയുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവരികയാണ്. അപൂർവ്വമായി പരാതികൾ ഉണ്ടാകുന്നുണ്ട്, അതിനെന്തെങ്കിലും കാര്യങ്ങളുമുണ്ടാകും. ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള കർശനമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അങ്ങ് ഉന്നയിക്കുന്ന വിഷയം ഏതാണെന്ന് പറഞ്ഞാൽ അതിൽ കർശന നടപടിയെടുക്കുകയും പുതുക്കിപ്പണിയുകയും ചെയ്യും.

ശ്രീ. വി. ജോയി: സർ, റോഡുകളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. ഒരു റോഡ് നിർമ്മിച്ചാൽ അത് കേടുകൂടാതെ സൂക്ഷിക്കേണ്ട നിലവിലെ കാലാവധി 3 വർഷമാണ്. ഇടയ്ക്കിടെ പണം ചെലവാക്കുന്നതിനുപകരം ഈ കാലാവധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ഗൗരവായി ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, സർക്കാർ ആലോചിക്കുന്നുണ്ട്. റോഡുകളുടെ കാലാവധി 7 വർഷമായി വർദ്ധിപ്പിക്കാനുള്ള ചില കരാറുകൾ വരുന്നുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കണ്ണൂർ, കൊല്ലം തുടങ്ങിയ എല്ലാ നഗര റോഡ് വികസന പദ്ധതിയിലും റോഡുകളുടെ കാലാവധി 15 വർഷമായി വർദ്ധിപ്പിക്കാനും ആലോചിക്കുന്നുണ്ട്. അത് ആ രീതിയിൽത്തന്നെ നിർമ്മിക്കണമെന്ന നിലപാടാണുള്ളത്. റോഡുകളുടെ കാലാവധി 7 വർഷമാക്കാനുള്ള നിലപാട് ശക്തിപ്പെടുത്തുകയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഏകദേശം 2 വർഷം മുമ്പ് കോഴിക്കോട്-കോയമ്പത്തൂർ നാഷണൽ ഹൈവേയിൽ അങ്ങാടിപ്പുറത്ത് സർക്കാരിന്റെ അധീനതയിലുള്ള ആർ.ബി.ഡി.സി. (Roads and Bridges Development Corporation) ഒരു റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിച്ചിരുന്നു. കംപ്ലീഷൻ കഴിഞ്ഞ് 6 മാസമായപ്പോൾത്തന്നെ ആ റോഡിന്റെ ഉപരിതലം ഗതാഗതത്തിന് അനുയോജ്യമല്ലാതായി. പ്രിയങ്കരനായ മന്ത്രിക്ക് ഈ വിഷയം സംബന്ധിച്ച് രണ്ട് തവണ കത്തെഴുതിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം നേരിട്ട് ഇടപെട്ടതിനെത്തുടർന്ന് അവർ വന്ന് മുകൾഭാഗം ഗ്രൈന്റ് ചെയ്തുപോയി. ഒരാഴ്ച വലിയ കുഴപ്പമുണ്ടായിരുന്നില്ല. വീണ്ടും പഴയ രൂപത്തിലായി. ആ പ്രദേശം ഹെവി ട്രാഫിക് ഉള്ള സ്ഥലമാണ്. അതുകൊണ്ട് വലിയ പ്രയാസങ്ങൾ നേരിടുകയും അവിടെ എപ്പോഴും ട്രാഫിക് ജാം ഉണ്ടാകുകയും ചെയ്യുന്നു. ഇത് മാനുഫാക്ചറിംഗ് ഡിഫക്ടാണോ; ഇത് നന്നാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബേസിക്കായി നിർമ്മാണത്തിൽ വന്നിട്ടുള്ള അപാകതയാണ്. അത് പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കാൻ സാധിക്കില്ല. ഏതായാലും ശാശ്വതമായി പരിഹരിക്കാനുള്ള സാങ്കേതികവിദ്യ എന്താണെന്ന് ചർച്ച ചെയ്ത് തീരുമാനിക്കാം.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ടിയാണ് ബൈപ്പാസ് ആവശ്യപ്പെടുന്നത്. ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം നീണ്ടുപോകുന്നില്ല; എങ്കിലും അനന്തമായി നീണ്ടുപോകാതിരിക്കാനുള്ള വ്യക്തമായ നിർദ്ദേശം നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, എല്ലാ ബൈപ്പാസുകളുടെയും നിർമ്മാണം അങ്ങനെ നീണ്ടുപോകുന്നില്ല. എന്നാൽ ചിലതുണ്ടാകും. തീർച്ചയായും ചർച്ച ചെയ്ത് പരിഹാരം കാണാം. ബൈപ്പാസിന്റെ നിർമ്മാണം അനന്തമായി നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല. ബാലുശ്ശേരിയിലെ വിഷയം ചർച്ച ചെയ്ത് പരിഹരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനായി അങ്ങ് സ്വീകരിച്ചിട്ടുള്ള നടപടികളെ ഞാൻ വ്യക്തിപരമായി അംഗീകരിക്കുന്നു. നഗരകേന്ദ്രീകൃതമായ ഡെവലപ്മെന്റ് പലപ്പോഴും വരുന്നുണ്ട്. കേരളത്തിലെ ഏത് നഗരത്തിലൂടെ പോയാലും ഗതാഗതക്കുരുക്ക് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. അതുകൊണ്ട് നഗരത്തിന് ആശ്വാസം ലഭിക്കത്തക്കവിധത്തിൽ നഗരത്തിന് ചുറ്റുവട്ടത്തുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; അങ്ങ് പല പുതിയ പദ്ധതികളെയും കുറിച്ച് പറഞ്ഞ കൂട്ടത്തിൽ നഗരകേന്ദ്രീകൃതമായുള്ള ഈ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ നടപടിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നഗരങ്ങൾക്ക് ചുറ്റും നഗരത്തിനകത്തുമുള്ള തിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ അവിടത്തെ ജനവാസ രീതികളും പാർപ്പിട കെട്ടിടങ്ങളുടെ വിന്യാസവും സ്ഥലസൗകര്യവും ഉപയോഗിച്ച് ചെയ്യാവുന്നതാണ്. ധാരാളം നഗരങ്ങളിൽ അത്തരത്തിൽ ചെയ്യുന്നുണ്ട്. ഏറ്റവും വലിയ പ്രശ്നം, ഒരു നല്ല റോഡ് നിർമ്മിച്ചാലുടനെ അവിടം കയ്യേറുന്നു എന്നുള്ളതാണ്. പൊതുമരാമത്ത് വകുപ്പിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല. മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ച് മാത്രമേ നമുക്കിത് പരിഹരിക്കാൻ കഴിയുകയുള്ളൂ. എത്ര കോടി രൂപ ചെലവാക്കിയാണ് ഒരു റോഡ് നിർമ്മിക്കുന്നത്? കഴിഞ്ഞ ദിവസം ഞാൻ കായംകുളം മുനിസിപ്പാലിറ്റിയിൽ ഒരു പരിപാടിക്ക് പോയപ്പോൾ കണ്ട ഒരു കാര്യമുണ്ട്. നഗരം മുഴുവൻ ടൈൽസൊക്കെയിട്ട് മനോഹരമാക്കിയിട്ടുണ്ട്; മുനിസിപ്പാലിറ്റിയുടെയും ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന്റെയും ഇടയിലുള്ള ഒന്നാന്തരം വീതിയുള്ള റോഡിന്റെ ഇരുവശത്തും മന്ത്രിയുടെ വാഹനംപോലും ഇടാൻ സ്ഥലമില്ലാത്ത രീതിയിൽ കാറുകൾ പാർക്ക് ചെയ്തിരിക്കുകയാണ്. എല്ലായിടത്തും ഇതൊരു പ്രശ്നമാണ്, കർശനമായ നടപടി വേണ്ടിവരും. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കേന്ദ്ര സർക്കാർ പാസ്സാക്കിയതാണ്. സംസ്ഥാന സർക്കാരും അത് നടപ്പിലാക്കിയിട്ടുണ്ട്. അതനുസരിച്ച് ഇത്തരത്തിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾ കസ്റ്റഡിയിലെടുക്കാൻ കഴിയും. എന്നാൽ അതിലേയ്ക്ക് പോകാൻ തീരുമാനമായിട്ടില്ല. നല്ല റോഡുകളും പാലങ്ങളും നിർമ്മിച്ചാലും, റോഡ് സംസ്കാരം കേരളത്തിൽ അശേഷമില്ലെന്ന് ഒരു സായിപ്പ് പറഞ്ഞ കാര്യം ബഹുമാനപ്പെട്ട കൊല്ലം മെമ്പറും ചലച്ചിത്ര താരവുമായ ശ്രീ. എം. മുകേഷ് ഇവിടെ സൂചിപ്പിച്ചു. അതിലേയ്ക്ക് വന്നാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. അതിനുമപ്പുറം വന്നാൽ ഇക്കാര്യങ്ങൾ പരിഗണിക്കാം. കോട്ടയം ജില്ലയിലെ അങ്ങയുടെ നിയോജക മണ്ഡലം ഒരു വർഷത്തിനുള്ളിൽ മാറാൻ പോകുകയാണ്. ഇപ്പോഴുള്ള സംവിധാനത്തിൽനിന്ന് വലിയ മാറ്റങ്ങളാണ് അവിടെ വരാൻ പോകുന്നത്. എല്ലാം പരിഹരിക്കാം.

## കശുവണ്ടിത്തൊഴിലാളികളും വ്യവസായികളും നേരിടുന്ന ബുദ്ധിമുട്ടുകൾ

4 (*364) ശ്രീമതി സി. കെ. ആശ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ അറുനൂറോളം കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വ്യവസായം പ്രതിസന്ധിയിലായതോടെ പരമ്പരാഗത കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ബാങ്കുകളിൽനിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടി നേരിടുന്നതുമൂലം കശുവണ്ടി വ്യവസായികൾ ആത്മഹത്യയിൽ അഭയം തേടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർഫേസി നിയമപ്രകാരം ഇവർക്ക് നേരെയുള്ള ജപ്തി നടപടികൾ നിർത്തിവച്ച് ആശ്വാസമേകുന്നതിന് തയ്യാറാകുമോ;

(ഇ) ജപ്തി ഒഴിവാക്കുന്നതിനും വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും വായ്പ പുനഃക്രമീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) കൊല്ലം ജില്ലയിലെ കുറെ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സീസണൽ വ്യവസായമായതിനാൽ കാഷ്യൂ ഫാക്ടറികൾ 365 ദിവസവും പ്രവർത്തിക്കാറില്ല. ഇപ്പോൾ സീസൺ ആരംഭിച്ചതിനാൽ ഇവയിൽ ഭൂരിപക്ഷവും തുറക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. സീസൺ ആരംഭിക്കുന്നതിമുമ്പ് എല്ലാ വർഷവും ഇതേ കാലയളവിൽ കുറച്ചു ദിവസം ഫാക്ടറികൾ അടഞ്ഞുകിടക്കാറുണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യവും

അനിയന്ത്രിതമായ വിലക്കയറ്റവുമാണ് മറ്റൊരു കാരണം. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശയും ബാങ്കിൽനിന്നും വിലക്കയറ്റത്തിന് ആനുപാതികമായ കാഷ്യൂ ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേയ്ക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ തോട്ടണ്ടിയുടെ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ചുങ്കം ഏർപ്പെടുത്തിയത് അസംസ്കൃത തോട്ടണ്ടിയുടെ ഇറക്കുമതി കുറയ്ക്കുന്നതിനും ഫാക്ടറികൾ പൂട്ടുന്നതിനും ഇടയാക്കിയിട്ടുണ്ട്.

(ബി) അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതക്കുറവും വില വർദ്ധനയുമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിലേയ്ക്കായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ആഭ്യന്തരമായി കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖാന്തരം മിതമായ നിരക്കിൽ വ്യവസായത്തിനാവശ്യമായ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമത്തിലാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് ഊർജ്ജിത നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു.

(സി-ഇ) കടക്കെണിമൂലം പ്രതിസന്ധിയിലായതും ജപ്തി ഭീഷണി നേരിടുന്നതുമായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു റിവൈവൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ ബാങ്കുകളുടെയും ഫാക്ടറി ഉടമകളുടെയും ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 15-02-2018-ൽ വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 31-5-2018-വരെ വ്യവസായികളുടെ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സർഫേസി നിയമത്തിന്റെ അടിസ്ഥാനത്തിൽ കടക്കെണിയിലായ വ്യവസായികളുടെ വീടുകൾ ജപ്തിചെയ്ത് വീട്ടിൽനിന്നും അവരെ പുറത്താക്കുന്ന നടപടികളും ധനകാര്യ സ്ഥാപനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

വ്യവസ്ഥകൾ:—

i. 31-3-2018-നുമുമ്പ് വ്യവസായികൾ ബന്ധപ്പെട്ട ബാങ്കിന് പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കണം.

ii. ഇങ്ങനെ സമർപ്പിക്കുന്ന പ്രൊപ്പോസൽ ഒരു മാസത്തിനകം പരിശോധിച്ച് ബാങ്കുകൾ തീരുമാനം വ്യവസായിയെ അറിയിക്കുക.

iii. ആർ.ബി.ഐ. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ പ്രൊപ്പോസൽ പരിഗണിച്ച് സ്വീകാര്യമാണെങ്കിൽ പ്രൊപ്പോസലുമായി മുന്നോട്ടുപോകുന്നതാണ്.

iv. സ്വീകാര്യമല്ലാത്ത പ്രൊപ്പോസലുകൾ സംബന്ധിച്ച് വ്യവസായിയെ അറിയിക്കുകയും 31-5-2018-നകം സ്വീകാര്യമായ ഒറ്റത്തവണ തീർപ്പാക്കലിന് ശ്രമിക്കുകയോ മറ്റ് മാർഗ്ഗത്തിലൂടെ കണക്ക് തീർപ്പാക്കുന്നതിന് ശ്രമിക്കേണ്ടതോ ആണ്.

v. നിശ്ചിത സമയത്തിനകം പുനരുദ്ധാരണ പ്രൊപ്പോസൽ സമർപ്പിക്കാത്തവർക്കും 31-5-2018-നകം ഒറ്റത്തവണ തീർപ്പാക്കൽ നടപടിക്ക് ശ്രമിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ തീരുമാനങ്ങൾ താഴെപ്പറയുന്ന 14 ബാങ്കുകൾക്ക് ബാധകമായിരിക്കും.

1. ആക്സിസ് ബാങ്ക്
2. ബാങ്ക് ഓഫ് ഇന്ത്യ
3. കാനറാ ബാങ്ക്
4. കാത്തലിക് സിറിയൻ ബാങ്ക്
5. കോർപ്പറേഷൻ ബാങ്ക്
6. ഫെഡറൽ ബാങ്ക്
7. എച്ച്.ഡി.എഫ്.സി. ബാങ്ക്
8. ഐ.ഡി.ബി.ഐ.
9. ഇന്ത്യൻ ബാങ്ക്
10. പഞ്ചാബ് നാഷണൽ ബാങ്ക്

11. സൗത്ത് ഇന്ത്യൻ ബാങ്ക്

12. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

13. സിൻഡിക്കേറ്റ് ബാങ്ക്

14. തമിഴ്നാട് മെർക്കന്റൈൽ ബാങ്ക്.

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട മന്ത്രി ഫാക്ടറി അടഞ്ഞുകിടക്കാറുണ്ടെന്ന് പറഞ്ഞു. കശുവണ്ടി മേഖലയിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 78 അറ്റൻഡൻസാണ് തൊഴിലാളികൾക്ക് വേണ്ടത്. ഒക്ടോബർ മുതൽ മാർച്ച് വരെ 78 അറ്റൻഡൻസും ചേർത്ത് 156 വന്നാൽ മാത്രമെ അവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്ന അവസ്ഥ ഉണ്ടാകുകയുള്ളൂ. ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന സന്ദർഭത്തിൽ അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകാത്ത അവസ്ഥയുണ്ട്. അതിനാൽ അറ്റൻഡൻസ് കുറച്ച് ഓർഡർ ഇറക്കുന്നതിന് കേന്ദ്ര സർക്കാരിൽ ഇടപെടൽ നടത്തുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കേന്ദ്ര ഗവൺമെന്റ് അടുത്ത ദിവസങ്ങളിൽ കൊണ്ടുവന്ന ഭേദഗതിയാണ് 78 അറ്റൻഡൻസിനുപകരം 156 വേണമെന്നുള്ളത്. കാൻസർ, കിഡ്നി സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾക്കുള്ള റീ-ഇംപേഴ്സ്മെന്റാണ് കേന്ദ്ര ഗവൺമെന്റ് 156 അറ്റൻഡൻസ് എന്നതുവഴി തടഞ്ഞിരിക്കുന്നത്. കേന്ദ്ര സർക്കാർ തുടർച്ചയായി സ്വീകരിക്കുന്ന തൊഴിലാളിവിരുദ്ധ നടപടിയുടെ ഭാഗമായാണ് ഇ.എസ്.ഐ.യിൽ കൊണ്ടുവന്ന ഈ മാറ്റവും. അതിനെതിരായി തൊഴിലാളികൾ ശക്തമായ പ്രതിഷേധത്തിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് ഈ ഭേദഗതിയിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുന്നുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, കാഷ്യൂ ബോർഡ് നിലവിൽവരുന്നതിന്റെ പ്രവർത്തനങ്ങൾ എവിടെ വരെയായെന്നും ഏത് തരത്തിലാണ് അതിന്റെ പ്രവർത്തനങ്ങളെന്നും വിശദീകരിക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കാഷ്യൂ ബോർഡ്, രജിസ്ട്രേഷൻ കഴിഞ്ഞ് നിലവിൽവന്നിട്ടുണ്ട്. കുറച്ച് സാങ്കേതിക തടസ്സങ്ങളുണ്ടായിരുന്നത് പരിഹരിച്ച് എ.ജി.എം. (Annual General Meeting) കൂടാൻ പോകുന്നതേയുള്ളൂ. ഫുൾ ബോർഡ് രൂപീകൃതമായതിനുശേഷമാണ് നമുക്ക് തോട്ടണ്ടി വാങ്ങാൻ കഴിയുന്നത്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർവശിക്ഷാ അഭിയാൻ പദ്ധതി

5(*365) ശ്രീ. എ. പ്രദീപ്കുമാർ :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകളിലെ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് സർവശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പദ്ധതി പ്രകാരം ഫണ്ട് ലഭിക്കുന്നത്; 2018 - 19 വർഷത്തേക്കുള്ള സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻവർഷം നിർദ്ദേശിച്ചത് എത്ര തുകയുടെ പദ്ധതിയായിരുന്നു; ആയതിലേക്കുള്ള കേന്ദ്ര വിഹിതം പൂർണമായി ലഭിച്ചോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം കേന്ദ്രം അറിയിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ ആധുനീകരണ പ്രവർത്തനങ്ങളെയും പഠന പരിപോഷണ പ്രവർത്തനങ്ങളെയും എസ്. എസ്. എ. ഫണ്ടിന്റെ ലഭ്യതക്കുറവും ഫണ്ട് ലഭിക്കുന്നതിലുള്ള കാലതാമസവും ബാധിക്കാതിരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകളിലെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കുന്നു.

2 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ നൽകുന്നു. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി., എസ്.ടി. വിഭാഗം എല്ലാ ആൺകുട്ടികൾക്കും മറ്റു വിഭാഗങ്ങളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള ആൺകുട്ടികൾക്കും രണ്ട് ജോഡി സൗജന്യ യൂണിഫോം നൽകുന്നു. ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ടീച്ചർ ഗ്രാന്റ് നൽകുന്നു. മുഴുവൻ എയ്ഡഡ്, ഗവൺമെന്റ് വിദ്യാലയങ്ങൾക്കും എൽ.പി. വിഭാഗത്തിനും യു.പി. വിഭാഗത്തിനും സ്കൂൾ ഗ്രാന്റുകൾ നൽകുന്നു.

ശാസ്ത്രോത്സവം, ടാലന്റ് ലാബുകൾ, ഗണിതോത്സവം, വിദ്യാലയ ജൈവവൈവിദ്ധ്യ ഉദ്യാനം, പ്രകൃതി പഠന പ്രവർത്തന പുസ്തകം (വേനൽപ്പച്ച), ശാസ്ത്ര പഠന യാത്രകൾ, അദ്ധ്യാപക പഠന കൂട്ടായ്മകൾ, വിദ്യാലയ കൂട്ടുചേരൽ പരിപാടി (സ്കൂൾ ട്വിന്നിംഗ് പ്രോഗ്രാം) എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി ഓട്ടിസം സെന്ററുകൾ, വൈദ്യപരിശോധനാ ക്യാമ്പുകൾ, തെറാപ്പിസ്റ്റുകളുടെ സേവനം, ഇവർക്ക് ട്രാൻസ്പോർട്ട്, എസ്കോർട്ട് അലവൻസ്, റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളം എന്നിവ നൽകുന്നു. വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ശാരീരിക പരിമിതികൾ മറികടക്കുന്നതിനും അനുയോജ്യമായ കണ്ണട, ശ്രുവണസഹായി, വീൽചെയർ തുടങ്ങിയ ഉപകരണങ്ങൾ നൽകുന്നതിന് പണം നൽകുന്നു. ഔട്ട് ഓഫ് സ്കൂൾ ചിൽഡ്രൻ പദ്ധതി പ്രകാരം പ്രത്യേക പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പണം നൽകുന്നു.

ഒന്നാം ക്ലാസ്സിലെ എല്ലാ ഡിവിഷനിലും ക്ലാസ്സ് ലൈബ്രറി സജ്ജീകരണം, ക്ലാസ്സ് ഗണിത ലാബുകൾ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം തുടങ്ങിയ പഠനപോഷണ പരിപാടികൾ, അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനങ്ങൾ, ക്ലസ്റ്റർതല പരിശീലനങ്ങൾ സ്കൂൾ പ്രവേശനോത്സവം എന്നിവയ്ക്ക് സഹായം നൽകുന്നു. തെരഞ്ഞെടുത്ത സ്കൂളുകളിൽ മേജർ റിപ്പയറിംഗ് നടത്തുന്നതിനും ടോയ്ലെറ്റ്/അഡാപ്റ്റഡ് ടോയ്ലെറ്റ്, യൂറിനലുകൾ തുടങ്ങിയ സിവിൽ വർക്കുകൾക്കും ധനസഹായം നൽകുന്നു. 2018-19 വർഷത്തേയ്ക്കുള്ള സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കുള്ള കേന്ദ്ര സർക്കാർ അംഗീകാരം ഇതേവരെ ലഭിച്ചിട്ടില്ല. ഇതിന്റെ മുന്നോടിയായിട്ടുള്ള സംസ്ഥാനതല പ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 564.73 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിരുന്നത്. തുടർന്നുള്ള കേന്ദ്ര ബജറ്റിൽ എസ്.എസ്.എ.-യ്ക്കായി നീക്കിവച്ച തുക അതിന് മുൻവർഷത്തേക്കാൾ കുറവായതിനാൽ ആനുപാതികമായി എല്ലാ സംസ്ഥാനങ്ങൾക്കും കിട്ടേണ്ടിയിരുന്ന കേന്ദ്രവിഹിതത്തിൽ വൻകുറവുണ്ടായി. ഇതനുസരിച്ച് കേരളത്തിനും കിട്ടേണ്ടിയിരുന്ന വിഹിതത്തിൽനിന്നും 202.05 കോടി രൂപയുടെ കുറവ് കേന്ദ്ര സർക്കാർ വരുത്തി. കേരളത്തിന് കേന്ദ്രത്തിൽനിന്നും കിട്ടേണ്ടിയിരുന്ന 338.44 കോടി രൂപയ്ക്കുപകരം അനുവദിച്ച വിഹിതം 136.79 കോടി രൂപ മാത്രമാണ്. സംസ്ഥാന സർക്കാർ വിഹിതമായി നാളിതുവരെയായി 126.35 കോടി രൂപയും ബജറ്റ് വിഹിതമായി 4.5 കോടി രൂപയും ലഭിച്ചു.

(സി) എസ്.എസ്.എ. ഫണ്ടിന്റെ ലഭ്യതക്കുറവും ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസവും എസ്.എസ്.എ.യുടെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കാതിരിക്കുന്നതിനായി ചെലവുകൾ ചുരുക്കിയും പ്രോഗ്രാമുകൾക്ക് മുൻഗണന നിശ്ചയിച്ചുമാണ് നടപ്പിലാക്കിയത്.

**പുതിയ റെയിൽ പാത നിർമ്മാണം**

6(*366) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത വികസനം മന്ദീഭവിപ്പിക്കുന്ന മുഖ്യഘടകം ഭൂമിയുടെ ലഭ്യതയിലുണ്ടാകുന്ന പ്രശ്നങ്ങളാണെന്നത് പരിഗണിച്ച് നിലവിലുള്ള റെയിൽ പാതകളോട്ചേർന്ന് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പുതിയ റെയിൽ പാത നിർമ്മാണത്തിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിയോട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ;

(ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഉടനെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) ശബരി റെയിൽപാതയുടെ സ്ഥലമെടുപ്പിനും തലശ്ശേരി-മൈസൂർ പാതയുടെ അംഗീകാരത്തിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ മൂന്നും നാലും പാത എന്നത് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാൻ റെയിൽവേ ബോർഡിന് കത്ത് നൽകിയിട്ടുണ്ട്. ആയതിനെക്കുറിച്ചുള്ള വിശദമായ ഒരു പഠനം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തിവരികയാണ്.

(ബി) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത.
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ.
3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

(സി) അങ്കമാലി-ശബരി റെയിൽപാതയുടെ നിർമ്മാണത്തിന് ആകെ 113.26 ഹെക്ടർ ഭൂമിയാണ് ആവശ്യമുള്ളത്. അങ്കമാലി മുതൽ കാലടി വരെയുള്ള സ്ഥലമെടുപ്പ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കാലടിയിൽ നിന്നുള്ള സർവ്വേ/അലൈൻമെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ 14-05-2015-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ അംഗീകരിച്ച അലൈൻമെന്റ് പ്രകാരമുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ രണ്ടു കിലോമീറ്ററോളം ദൂരത്തിൽ റെയിൽവേ സ്ഥാപിച്ച അലൈൻമെന്റ് കല്ലുകൾ അപ്രത്യക്ഷമായതിനാൽ പോലീസ് സംരക്ഷണത്തോടുകൂടി സർവ്വേ/അലൈൻമെന്റ് നടപടികൾ പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ശബരി റെയിൽപാത കടന്നുപോകുന്ന 13 വില്ലേജുകളിൽ മൂന്ന് വില്ലേജുകളിലെ സർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ലൊക്കേഷൻ സർവ്വേ 45 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ എസ്.ഐ.എ. പഠനം നടത്തുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തലശ്ശേരി-മൈസൂർ പാതയെക്കുറിച്ചുള്ള സാദ്ധ്യതാ പഠനം നടത്തുവാൻ കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരിക്കും പെരിപട്ടണത്തിനുമിടയിലുള്ള 180.5 കി. മീ. ദൂരമുള്ള റെയിൽവേ ലൈനിന്റെ 5000.03 കോടി രൂപ ചെലവിൽ നിർമ്മിക്കുവാനുള്ള സാദ്ധ്യതാ പഠന റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദിഷ്ട റെയിൽവേ ലൈൻ തെക്ക് പടിഞ്ഞാറൻ റെയിൽവേയുടെ 2018-19 സാമ്പത്തിക വർഷത്തെ വർക്ക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈസൂർ-മടിക്കേരി ലൈനുമായി ബന്ധിപ്പിക്കും. ഈ ഏരിയായുടെ സാമൂഹിക സാമ്പത്തിക ഉന്നമനം പദ്ധതി ഉറപ്പാക്കുന്നതാണ്. ഈ ലൈൻ വരുന്നതോടുകൂടി ഉണ്ടാകാൻപോകുന്ന ഇന്ധന ലാഭവും പ്രവൃത്തി ദിവസങ്ങളും എല്ലാം കണക്കിലെടുത്ത് ഇത് പ്രാവർത്തികമാക്കുവാൻ ശിപാർശ ചെയ്തുവരുന്നു.

## വരൾച്ച പ്രതിരോധ പദ്ധതികൾ

7(*367) ശ്രീ. കെ. ആൻസലൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. പി. കെ. ശശി :

ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ വരൾച്ചയുടെ ഫലമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ അടിയന്തരമായി ഇടപെടൽ നടത്തുമോ;

(ബി) കടുത്ത വരൾച്ചയിൽ കാർഷിക മേഖല നേരിടുന്ന വിളനഷ്ടവും പ്രതിസന്ധിയും ഒഴിവാക്കാനായി റവന്യൂ വകുപ്പ് നടപ്പാക്കിവരുന്ന വരൾച്ച പ്രതിരോധ പദ്ധതികൾ എന്തെല്ലാമാണ്; ഇതിനായി കേന്ദ്ര സർക്കാരിന്റെ എന്തൊക്കെ സഹായം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) മുൻവർഷം കടുത്ത വരൾച്ചയുടെ ഫലമായുണ്ടായ വിളനാശം എത്രയായിരുന്നു; ദുരന്ത പ്രതികരണ നിധിയിൽനിന്ന് കേന്ദ്ര സർക്കാരിനോട് എത്ര തുകയാണ് ആവശ്യപ്പെട്ടത്; അതിൽ എത്ര തുക കേന്ദ്രം അനുവദിച്ചു; വ്യക്തമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പ മന്ത്രിയുടെയും നേതൃത്വത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. റവന്യൂ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ചേർന്ന് എല്ലാ ജില്ലാ കളക്ടർമാരുമായി 16-3-2018-ന് ഈ വിഷയം സംബന്ധിച്ച് വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മുൻകരുതൽ നടപടികൾ എന്ന നിലയിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ, സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മഴവെള്ളം പരമാവധി ശേഖരിക്കാനും, ഗ്രൗണ്ട് വാട്ടർ റീചാർജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. മുൻ കരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ കേരള ജല അതോറിറ്റി മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ

ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഹരിത കേരളം മിഷന്റെ ഭാഗാമയി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കി മുടക്കം കൂടാതെ ജലവിതരണം സാദ്ധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴയുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് കേരളത്തെ വരൾച്ചയിലേയ്ക്ക് നയിക്കാൻ സാദ്ധ്യതയുണ്ടെന്ന് കണക്കാക്കി ലഭ്യമായ ജലവിഭവം പരമാവധി സംരക്ഷിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനുമുള്ള നടപടികളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ/അരുവികൾ എന്നിവ മാലിന്യമുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, മുൻകാല ജലസേചന നിർമ്മിതികൾക്കാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ ഉപയോഗയോഗ്യമാക്കുക, തടയണകൾ നിർമ്മിക്കുക, ജലസ്രോതസ്സുകളിലേയ്ക്ക് ഓരു ജലം/ഉപ്പുവെള്ളം കലരാതിരിക്കുന്നതിനായി ഓരുമുട്ടുകൾ/തടയണകൾ നിർമ്മിക്കുക, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും കൂടുതൽ സംഭരിക്കുന്നതിനുമായി തടയണ /റെഗുലേറ്ററുകൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ജലലഭ്യതയ്ക്കനുസരിച്ച് വാൽവുകൾ ക്രമീകരിച്ച് വിതരണശൃംഖലയെ മേഖലകളാക്കി തിരിച്ച് കുടിവെള്ള വിതരണം ക്രമീകരിക്കുന്നുണ്ട്. ജലത്തിന്റെ പരിധിവിട്ടുള്ളതും അനാവശ്യമായതുമായ ഉപയോഗം കുറയ്ക്കുവാൻ സ്ക്വാഡ് പ്രവർത്തനമുണ്ട്. ജലസ്രോതസ്സുകളിൽ നിന്ന് വ്യാവസായിക ആവശ്യത്തിനും മറ്റും ജലം എടുക്കുന്നതിന് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട്, 2003 പ്രകാരം നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂജലവകുപ്പ് 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപമ്പുകളുടെ

അറ്റകുറ്റപണികളും 347 കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽക്കിണർ കൈപമ്പ് പദ്ധതികളുടെയും നവീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്രോതസ്സുകളുടെ ജലലഭ്യത നിരക്ക് ഉറപ്പുവരുത്തി സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് റെഗുലേഷനും നടത്തിവരുന്നു. ആവശ്യമായ വെള്ളം ലഭിക്കാത്ത സ്രോതസ്സുകൾക്ക് പകരം ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും നൽകിവരുന്നു.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ താലൂക്കുകളിൽ വരൾച്ച പ്രഖ്യാപിക്കാനുള്ള സാദ്ധ്യത സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിശകലനം നടത്തിവരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരവും വരൾച്ചാ മാനുവൽ 2016 പ്രകാരവും വരൾച്ച പ്രഖ്യാപിക്കേണ്ടുന്ന സാഹചര്യം ഉണ്ടായാൽ തുടർന്നുള്ള വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് റവന്യൂ ദുരന്ത നിവാരണ വകുപ്പിൽ അനുവദനീയമായിട്ടുള്ളത്.

(ബി) വരൾച്ച പ്രഖ്യാപിക്കപ്പെടുന്ന സ്ഥലങ്ങളിൽ കൃഷിനഷ്ടം ഉണ്ടാകുന്ന കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം നാശനഷ്ടം വിലയിരുത്തി ദുരിതാശ്വാസ സഹായം നൽകുവാൻ റവന്യൂ ദുരന്ത നിവാരണ വകുപ്പിന് സാധിക്കും. അപ്രകാരം നൽകുന്ന സഹായത്തിൽ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും തരുന്നതുമാണ്.

(സി) മുൻവർഷത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുന്നതിന് തയ്യാറാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഖാരിഫ് സീസണിൽ 2286.776 ഹെക്ടറിലും റാബി സീസണിൽ 41592.3 ഹെക്ടറിലും കൃഷി നാശം ഉണ്ടായിരുന്നു. ഖാരിഫ് സീസണിലെ വിളനാശത്തിന് 3.65 കോടി രൂപയുടെയും റാബി സീസണിലെ വിളനാശത്തിന് 57.35 കോടി രൂപയുടെയും സഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എല്ലാ മേഖലകളിലുമായി 992.5 കോടി രൂപയുടെ ആശ്വാസ സഹായമാണ് ആവശ്യപ്പെട്ടിരുന്നത്. എല്ലാ ഇനത്തിലുമായി 31.72 കോടി രൂപയുടെ കേന്ദ്ര സഹായമാണ് അനുവദിച്ചിട്ടുള്ളത്. അതിൽ വിളനഷ്ടത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് പ്രത്യേകമായി കേന്ദ്ര സർക്കാർ നിർണയിച്ച് നൽകിയിട്ടില്ല.

**പുതിയ ദേശീയ പാതകൾക്ക് അംഗീകാരം**

8(*368) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ഡോ. എം. കെ. മുനീർ :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരം ലഭിച്ച ദേശീയ പാതകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പുതിയ ദേശീയ പാതകൾ യാഥാർത്ഥ്യമാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ-സി) സംസ്ഥാനത്ത് 12 റോഡുകൾ ദേശീയ പാതയായി തത്വത്തിൽ (In principle) പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ദേശീയ പാതകളുടെ സാദ്ധ്യതാ പഠനവും വിശദമായ പദ്ധതി രൂപരേഖയും തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ട നടപടി പുരോഗമിച്ചുവരുന്നു. വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയമാണ് പ്രസ്തുത റോഡുകളെ ദേശീയപാതയായി അംഗീകരിക്കേണ്ടത്. ഇവയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**നദീതീര കയ്യേറ്റങ്ങൾ**

9(*369) ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. എം. സ്വരാജ്:

ശ്രീ. പി. ഉണ്ണി:

ശ്രീ. ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീതീര കയ്യേറ്റങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പെരിയാർ, ഭാരതപ്പുഴ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ തുടങ്ങിയ നദികളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നദികളുടെ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പരിശോധിച്ചിട്ടുണ്ട്. 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ എട്ടാം ചട്ടപ്രകാരം ജില്ലയിലെ നദീതീരങ്ങളിലെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും എല്ലാവിധ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാതല വിദഗ്ധ സമിതിക്ക് അധികാരമുണ്ട്. ജില്ലാ വിദഗ്ധ സമിതിയുടെ ചെയർമാൻ എന്ന നിലയ്ക്ക് ജില്ലാ കളക്ടർക്ക് നദീതീരത്തോ കടവിലോ ഉള്ള കയ്യേറ്റങ്ങൾ അറിയിക്കുന്നമുറയ്ക്ക് നീക്കുന്നതിന് പ്രസ്തുത ചട്ടപ്രകാരം അധികാരമുണ്ട്.

(ബി) കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി സർവ്വേ നടത്തിയിട്ടില്ല.

(സി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട്, വകുപ്പ് 9(e) പ്രകാരവും 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 8-ാം ചട്ടപ്രകാരവും 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരവും കയ്യേറ്റത്തിനെതിരെയുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

**സർവ്വകലാശാലകൾ മികവുറ്റതാക്കാൻ നടപടി**

10(*370) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സർവ്വകലാശാല ലൈബ്രറികളെ അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രങ്ങളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) സർവ്വകലാശാലകളെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): (എ) സർവ്വകലാശാലകൾ മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും സർവ്വകലാശാലകളുടെ സാമ്പത്തികസ്ഥിതി പഠിക്കുന്നതിനും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും ഏർപ്പെടുത്തുന്നതിനും എല്ലാ സർവ്വകലാശാലകളുടെയും സമാനമായ കോഴ്സുകൾക്ക് തുല്യത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റേൺഷിപ്പിന് പ്രാധാന്യം നൽകുന്ന കാര്യവും പരിശോധിച്ചുവരുന്നു.

(ബി&സി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വ കലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ-ഗവേണൻസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃതരൂപം നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. 2018-ലെ വിദ്യാർത്ഥി പ്രവേശനം മുതൽ ഇത് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**മത്സ്യബന്ധന മേഖലയിൽ ഇൻഷ്വറൻസ്**

11(*371) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തൊഴിലാളികൾക്കും ബോട്ടുകൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൈലറ്റ് പ്രോജക്ടിനായി വകയിരുത്തിയ അൻപത് ലക്ഷം രൂപയിൽ എത്ര രൂപയാണ് ചെലവഴിച്ചത്; ആയതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പൈലറ്റ് പ്രോജക്ടിന്റെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷാ കാലയളവ് 17-12-2017 മുതൽ 16-12-2018 വരെയാണ്. പദ്ധതി പ്രകാരം ഓരോ മത്സ്യത്തൊഴിലാളിക്കും 10 ലക്ഷം രൂപയുടെ പരിരക്ഷയുണ്ട്.

പ്രകൃതി ദുരന്തത്തിൽപ്പെട്ട് വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നടപ്പിലാക്കുന്നു. ആയതിലേയ്ക്കായി ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രകൃതി ദുരന്തങ്ങളിൽ വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ഒരു ഇൻഷ്വറൻസ് പദ്ധതി പൈലറ്റ് പ്രോജക്റ്റായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ഒരു കമ്പനിയും ടെണ്ടർ ക്വാട്ട് ചെയ്യാതിരുന്നതിനാൽ തുക ഇതുവരെ ചെലവഴിച്ചിട്ടില്ല. റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) വിലയിരുത്തൽ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആദ്യഘട്ടമെന്ന നിലയിൽ 'Pilot Project' ആയി ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്യുകയുണ്ടായി. ഇൻഷ്വർ ചെയ്തിട്ടുള്ള യാനങ്ങൾക്ക് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും പൂർണ്ണമായ നഷ്ടത്തിനും ഭാഗികമായ നഷ്ടത്തിനും കവറേജ് വേണമെന്നും അഭിപ്രായപ്പെട്ടതനുസരിച്ച് യാനങ്ങൾ തിരിച്ചറിയുന്നതിന് ഹോളോഗ്രാഫിക് നമ്പർ പതിക്കേണ്ടിവരുമെന്നും പരമ്പരാഗത യാനങ്ങൾക്ക് പൊതുവായ ഒരു ഇൻഷ്വേർഡ് വാല്യൂ നിശ്ചയിക്കേണ്ടി വരുമെന്നും കമ്പനി പ്രതിനിധികൾ അറിയിച്ചിരുന്നു. ആയതിൻപ്രകാരം മത്സ്യബന്ധനയാനങ്ങളുടെ പരമാവധി കാലയളവ് 15 വർഷമായി അനുമാനിച്ച് തേയ്മാനം കണക്കാക്കുമെന്നും ഭാഗികമായ നഷ്ടത്തിന് ഒരു നിശ്ചിത പരിധിവരെ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്താൽ മതിയെന്നും ഭാഗികമായ നഷ്ടം സംഭവിച്ച യാനങ്ങൾ റിപ്പയർ ചെയ്യുന്നതിന് ബോട്ട് ബിൽഡിംഗ് യാർഡുകൾ എംപാനൽ ചെയ്യുമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉദ്ദേശിക്കുന്നുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമായി നൽകുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചത്. എന്നാൽ അടുത്ത സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെലവുകുറഞ്ഞ വീട് നിർമ്മാണം**

12(*372) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും താങ്ങാവുന്ന ചെലവിലുള്ള വീടുകൾ നൽകുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പ്രീഫാബ് സാങ്കേതികവിദ്യ ജനകീയമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ ഇതിനകം എത്രപേർക്ക് പരിശീലനം നൽകുകയുണ്ടായെന്ന് അറിയിക്കാമോ;

(സി) പൊതുനിർമ്മാണ പ്രവൃത്തികൾക്ക് ലാറി ബേക്കറുടെ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യയ്ക്ക് പ്രാമുഖ്യം നൽകും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റിനെ പരിസ്ഥിതിക്ക് അനുയോജ്യമായ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ വികസിപ്പിക്കുന്ന കേന്ദ്രമായി വളർത്തിയെടുക്കുന്നതിന് എന്തൊക്കെ സഹായമാണ് സർക്കാർ തലത്തിൽ നൽകുന്നതെന്ന് വിശദമാക്കാമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ എറണാകുളം ചോറ്റാനിക്കരയിലെ സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് പ്രീഫാബ് സാങ്കേതികവിദ്യയാണ് അവലംബിച്ചത്. പ്രീഫാബ് സാങ്കേതികവിദ്യ ജനകീയമാക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പി.റ്റി.പി. നഗറിലുള്ള ക്യാമ്പസിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഒരു മാതൃകാ ഭവനം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പ്രീഫാബ് നിർമ്മാണത്തിനുള്ള Components ഉൽപ്പാദിപ്പിക്കുന്ന പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

(ബി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ റീജിയണൽ കേന്ദ്രങ്ങൾ മുഖേന 1987 മുതൽ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ

മേഖലയുമായി ബന്ധപ്പെട്ട് മേസണറി, കാർപ്പന്ററി, ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ, ഹോർട്ടികൾച്ചർ ആന്റ് ലാൻഡ്സ്കേപ്പിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളിൽ പരിശീലനം നൽകിവരുന്നു. ഒരു വർഷം ശരാശരി 600-ൽപ്പരം ആളുകൾക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകുകയും പരിശീലനത്തിന്റെ ഭാഗമായി ആവശ്യമായ പണിയായുധങ്ങൾ നൽകിവരികയും ചെയ്യുന്നു.

(സി) പൊതുനിർമ്മാണ പ്രവൃത്തികൾക്ക് ലാറി ബേക്കറുടെ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യയ്ക്ക് പ്രാമുഖ്യം നൽകുന്നതിന് സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രവും (കെസ്നിക്) 14 റീജിയണൽ നിർമ്മിതി കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ച് (Cost Effective Technology) പൊതുനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഹാബിറ്റാറ്റ്, കോസ്റ്റ്ഫോർഡ് എന്നീ സ്ഥാപനങ്ങൾക്കൊപ്പം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനും സർക്കാരിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുകീഴിലുള്ള ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ (ലാബിഷാസ്) പ്രവർത്തനം നിലവിൽ പി.റ്റി.പി. നഗറിലെ നിർമ്മിതി കേന്ദ്രം ക്യാമ്പസിലാണ് നടന്നുവരുന്നത്. ലാബിഷാസിന് തിരുവനന്തപുരം ജില്ലയിൽ തിരുവല്ലത്ത് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 100 ലക്ഷം രൂപ അനുവദിക്കുകയും 2018-19 വർഷത്തെ ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആസ്ഥാന മന്ദിര നിർമ്മാണത്തിന് 304 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും മുൻവർഷം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ റിലീസ് ചെയ്ത് നൽകിയിട്ടില്ല. കൂടാതെ പരിസ്ഥിതിക്ക് അനുയോജ്യമായ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിൽ ഗവേഷണം നടത്തുന്നതിനായി 2018-19 വർഷത്തെ ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ എന്നിവർക്ക് സ്ഥായിയായ നിർമ്മാണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിശീലന പരിപാടികളും ലാബിഷാസിന് കീഴിൽ നടത്തുന്നുണ്ട്.

## ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ മലയാള വിവർത്തനം

13(*373) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നത് ആലോചിക്കുന്നുണ്ടോ;

(ബി) ഇത്തരത്തിൽ പാഠപുസ്തകങ്ങൾ മലയാളത്തിലാക്കുന്നതിന്റെ നേട്ടങ്ങൾ വിശദമാക്കുമോ;

(സി) വിവിധ വിഷയങ്ങളിലെ സാങ്കേതിക പദങ്ങളുടെ വിവർത്തനം അടങ്ങുന്ന മലയാള നിഘണ്ടു പ്രസിദ്ധീകരിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ)ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ ഇംഗ്ലീഷിനുപുറമേ മലയാളത്തിൽ കൂടി തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മാതൃഭാഷയിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നപക്ഷം ബോധനരീതി കൂടുതൽ കാര്യക്ഷമമാകുന്നതും അതുവഴി ബുദ്ധിമുട്ടേറിയ പാഠഭാഗങ്ങൾ വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ സ്വായത്തമാക്കുന്നതിന് സാദ്ധ്യമാകുന്നതുമാണ്. കൂടാതെ മാതൃഭാഷയിൽ അവസരം ലഭിക്കുമ്പോൾ ആശയങ്ങൾ ഉൾക്കൊണ്ട് പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനും കഴിയും. ഭാഷയിലെ വൈജ്ഞാനിക സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും എല്ലാ വിജ്ഞാനങ്ങളെയും ഉൾക്കൊള്ളാൻ ഭാഷയെ പ്രാപ്തമാക്കുന്നതിനും പരിഭാഷ സഹായകമാകും.

(സി) ഉണ്ട്. പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതോടൊപ്പം മലയാളത്തിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക ശബ്ദാവലി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നുണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

14(*374) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) തലായി, ചേറ്റുവ, കൊയിലാണ്ടി തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടോ; തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നിർമ്മാണം നടന്നുവരുന്ന വിവിധ മത്സ്യബന്ധന തുറമുഖങ്ങൾക്ക് വാഗ്ദാനം ചെയ്ത കേന്ദ്ര സഹായം ലഭിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം എന്താണ്; ഏതെല്ലാം മത്സ്യബന്ധന തുറമുഖ നിർമ്മാണ പദ്ധതികളാണ് ഇത്തരത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ്-RIDF പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയിൽ ഉൾപ്പെടുത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയും നടപ്പിലാക്കി വരുന്നു. ക്യാപ്പിറ്റൽ റിപ്പയേഴ്സ് ആൻഡ് മെയിന്റനൻസ്, ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ, ഓപ്പറേഷൻ മാനേജ്മെന്റ് ആൻഡ് മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്നീ ശീർഷകങ്ങളിലുൾപ്പെടുത്തി ഹാർബറുകളുടെ ഡ്രഡ്ജിംഗും മെയിന്റനൻസ് പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

(ബി) പൂർത്തിയായിട്ടില്ല. തലായ്, ചേറ്റുവ, കൊയിലാണ്ടി തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. തലായ്, ചേറ്റുവ മത്സ്യബന്ധന തുറമുഖങ്ങൾ 2018 ഏപ്രിൽ മാസവും കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം 2018 മേയ് മാസത്തിലും കമ്മീഷൻ ചെയ്യാൻ കഴിയും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ 2016-17 ബജറ്റിൽ 55 കോടി രൂപ അനുവദിക്കുകയും 211 റോഡുകൾക്കായി 83.38 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുയും ചെയ്തു. ടി സാമ്പത്തികവർഷം എസ്.ഡി.ജി.യിൽ 42.53 കോടി രൂപ കൂടി അനുവദിക്കുകയും 97.52 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 ബജറ്റിൽ 100 കോടി രൂപ വകയിരുത്തുകയും നാളിതുവരെ 245 റോഡുകൾക്കായി 115.166 കോടി രൂപയുടെ ഭരണാനുമതി നൽകുയും ചെയ്തു. 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച 456 റോഡ് പ്രവൃത്തികളിൽ 9 പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖേന ഏർപ്പാടാക്കിയിട്ടുള്ളതാണ്. 74 പ്രവൃത്തികൾ പൂർത്തീകരിച്ചു. 136 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ഘട്ടത്തിലും സാങ്കേതികാനുമതി നൽകുന്ന ഘട്ടത്തിലുമാണ്.

(സി) സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കേന്ദ്ര പദ്ധതികൾക്കായി 372.12 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടത് 247.07 കോടി രൂപയാണ്. എന്നാൽ നാളിതുവരെ 127.56 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി വിഹിതമായി ഇനി സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടത് 119.50 കോടി രൂപയാണ്. കഴിഞ്ഞ നാല് വർഷക്കാലമായി കേന്ദ്ര പദ്ധതി വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നത് കുറവാണ്. സംസ്ഥാനത്ത് കൂടുതലായി ചെലവഴിച്ച 84.65 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും റീഇംബേഴ്സ് ചെയ്ത് സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട്.

കേന്ദ്ര സർക്കാരിൽനിന്നും മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ടും നിർമ്മാണം നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ പുതുക്കിയ ഭരണാനുമതി ലഭിക്കാത്ത സാഹചര്യത്തിലും നിർമ്മാണം നടന്നുവരുന്ന ഹാർബറുകളുടെ പൂർത്തീകരണത്തിനും പൂർത്തീകരിച്ച ഹാർബറുകളുടെ രണ്ടും മൂന്നുംഘട്ട വികസനത്തിനുമായി 2018-19 ബജറ്റ് പ്രസംഗത്തിൽ 584 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വെള്ളയിൽ, താനൂർ, അർത്തുങ്കൽ, മഞ്ചേശ്വരം എന്നീ കേന്ദ്ര സഹായ പദ്ധതികളുടെ പൂർത്തീകരണവും തോട്ടപ്പള്ളി, കാസർഗോഡ്, കായംകുളം, മുനമ്പം എന്നീ ഫിഷിംഗ് ഹാർബറുകളുടെ രണ്ടാംഘട്ട വികസനവും നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ മൂന്നാംഘട്ട വികസനവും ചെത്തി, പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവുമാണ് ലക്ഷ്യമിടുന്നത്. ചെത്തി, പരപ്പനങ്ങാടി എന്നീ മത്സ്യബന്ധ തുറമുഖങ്ങൾക്ക് വേണ്ടിവരുന്ന 224 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്നും ശേഷിക്കുന്ന പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുമെന്നുമാണ് ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. ഇതുകൂടാതെ പൊഴിയൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം 2018-19 സാമ്പത്തിക വർഷത്തിൽ തുടങ്ങുവാനും ഉദ്ദേശിക്കുന്നു.

**കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ**

15(*375) ശ്രീ. പി. ടി. തോമസ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അഴിമതിയും അന്വേഷിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് അധികാരമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏത് വിധത്തിലുള്ള അന്വേഷണം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെകീഴിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികളിൽ ഇന്ത്യൻ റോഡ്സ് കോൺഗ്രസ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം ബാധകമല്ലേ എന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിന്റെ കൺസൾട്ടന്റും കരാറുകാരുമായി ഒത്തുചേർന്ന് ക്രമക്കേടുകൾ നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതി കേരള പൊതുമരാമത്ത് വകുപ്പിന്റെ ഭാഗമാണ്. അതിനാൽ ഏത് അന്വേഷണത്തിനും പൊതുമരാമത്ത് വകുപ്പിന് അധികാരമുണ്ട്. സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ കെ.എസ്.ടി.പി. പദ്ധതികൾ പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ പെതുമരാമത്ത് വകുപ്പ് വിജിലൻസും പോലീസ് വിജിലൻസും റോഡ് നിർമ്മാണത്തിൽ ആവശ്യപ്പെടുന്ന പദ്ധതികളിലെ ക്രമക്കേടുകൾ ഉണ്ടോയെന്ന് പരിശോധിച്ചുവരുന്നു. അന്വേഷണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) കെ.എസ്.ടി.പി. ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികളെല്ലാംതന്നെ IRC നിലവാരത്തിൽ MORTH (Ministry of Road Transport and Highways) Specification അനുസരിച്ചാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെട്ട റോഡുകളുടെ നിർമ്മാണത്തിൽ IRC-യും MORTH Specification-നും അനുശാസിക്കുന്ന ഗുണനിലവാരം പാലിച്ചിട്ടുണ്ടോയെന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു സ്വതന്ത്ര ക്വാളിറ്റി ആഡിറ്ററെക്കൊണ്ട് പരിശോധിപ്പിക്കണമെന്ന് നിബന്ധനയുണ്ട്.

അതനുസരിച്ച് വിശദമായി ഗുണനിലവാര പരിശോധന നടത്തുന്നതിന് ടെക്നിക്കൽ ആഡിറ്ററെ നിയമിച്ചിട്ടുണ്ട്. പരിശോധന നടന്നുവരുന്നു.

കൂടാതെ പദ്ധതിയിലുൾപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് റോഡ് ഏറ്റെടുക്കുന്നതിനുമുൻപ് വീണ്ടും ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ആഡിറ്റ് നടത്തണമെന്നും നിബന്ധനയുണ്ട്. പ്രസ്തുത സ്വതന്ത്ര ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിൽ കൺസൾട്ടന്റും കരാറുകാരുമായി ഒത്തുചേർന്ന് ക്രമക്കേടുകൾ നടത്തുന്നതായുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൺസൾട്ടന്റുമാർ തയ്യാറാക്കിയ ഡി.പി.ആർ.-ൽ നിന്ന് വലിയ വ്യതിയാനങ്ങൾ ചില പ്രവൃത്തികളിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. വേൾഡ് ബാങ്ക് പദ്ധതിയുടെ ഭാഗമായുള്ള കെ.എസ്.ടി.പി. പദ്ധതി സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ പുറത്ത് സ്വകാര്യ കൺസൾട്ടന്റുകൾക്കും സ്വതന്ത്ര എഞ്ചിനീയർമാർക്കും വകുപ്പിന് പുറത്ത് അംഗീകാരം നൽകുന്ന അധികാരികൾക്കും മേൽകയ്യുള്ളതാണ്. അതിനാൽ സർക്കാരിന് തക്കസമയത്ത് ഇടപെട്ട് സാധാരണ പൊതുമരാമത്ത് വർക്കുകൾപോലെ തിരുത്താനും നിയന്ത്രിക്കാനും ചട്ടപ്രകാരം അനുവദിക്കുന്നില്ല. എന്നാൽ അത്യന്തികമായി പരിശോധിക്കാൻ അധികാരമുണ്ട്. അതുപയോഗിച്ച് കഴിഞ്ഞകാലത്ത് നിർമ്മാണം നടത്തിയ തിരുവല്ല ബൈപ്പാസ്, പൊൻകുന്നം-തൊടുപുഴ റോഡ് എന്നിവയുടെ ക്രമക്കേടുകളാണ് ഇപ്പോൾ ഈ സർക്കാർ കണ്ടെത്തി പരിഹരം കണ്ടുവരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും വേൾഡ് ബാങ്കുമായി ചർച്ചചെയ്ത് പുനലൂർ-മൂവാറ്റുപുഴ റോഡ് നിർമ്മിക്കുവാനുള്ള അനുവാദം തത്വത്തിൽ വാങ്ങിക്കഴിഞ്ഞു.

**റോഡുകൾ വേഗത്തിൽ തകരാതിരിക്കാൻ നടപടി**

16(*376) ശ്രീ. അനിൽ അക്കര:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലെ പോരായ്മമൂലം പി.ഡബ്ല്യു.ഡി റോഡുകൾ വേഗത്തിൽ തകരുന്ന സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേടുപാടുകൾ പ്രവൃത്തി നടത്തിയ കരാറുകാരെകൊണ്ടുതന്നെ നന്നാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷം വരെയുള്ള കാലയളവിൽ ഉണ്ടാകുന്ന കേടുപാടുകൾക്കാണ് കരാറുകാരൻ ഇപ്രകാരം ഉത്തരവാദിയാകുന്നതെന്ന് വിശദമാക്കാമോ;

(സി) മരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളിൽ നാച്ചറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിക്കുന്നത് റോഡുകൾ മഴയിൽ വേഗത്തിൽ തകരാറിലാകാതിരിക്കുവാൻ സഹായകമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണ വസ്തു കൂടുതൽ റോഡുകളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) നിർമ്മാണത്തിലെ പോരായ്മമൂലമാണ് ചില പി.ഡബ്ല്യൂ.ഡി. റോഡുകൾ വേഗത്തിൽ തകരുന്ന സാഹചര്യമുണ്ടായത്. 2011-2016 കാലഘട്ടത്തിലാണ് ഇത് ഏറ്റവും കൂടുതൽ ഉണ്ടായിരുന്നതെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ സർക്കാർ അത് മിക്കവാറും ഒഴിവാക്കി റോഡ് ഭദ്രമാക്കാൻ ശ്രമിച്ചുവരുന്നു.

ദേശീയപാത വിഭാഗത്തിൽ നിർമ്മാണത്തിലെ പോരായ്മമൂലം റോഡുകൾ വേഗത്തിൽ തകരുന്ന സാഹചര്യം ചിലയിടത്ത് (ഉദാ:ആലപ്പുഴ) ഉണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായുള്ള പ്രവർത്തനങ്ങൾക്ക് 31-8-2013-ലെ G.O.(Ms.) No.73/2013/PWD പ്രകാരം ഡിഫക്ട് ലയബിലിറ്റി പീരിയഡ് നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവ് പ്രവൃത്തി പൂർത്തിയാകുന്ന തീയതി മുതൽ തുടങ്ങുന്നതാണ്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾക്ക് അതത് കരാറുകാർ ഉത്തരവാദിയാണ്. ഇത്തരം കേടുപാടുകൾ അവരുടെ ചെലവിൽതന്നെ പരിഹരിച്ചു വരുന്നുണ്ട്. പരിഹരിച്ചില്ലെങ്കിൽ കരാറുകാരൻ പ്രവൃത്തിക്കുവേണ്ടി നൽകിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതാണ്. മേൽസർക്കാർ ഉത്തരവ് പ്രകാരം വിവിധ പ്രവൃത്തികൾക്കായി നിശ്ചയിച്ചിരിക്കുന്ന ഡിഫക്ട് ഡയബിലിറ്റി പീരിയഡ് ചുവടെ ചേർക്കുന്നു:

1. Original works-Buildings & bridges-36 months.
2. New road construction including sub base and base and BM & BC surfacing - 36 months.
3. New road construction including surface and base surfacing with specification other than BM & BC-24 months.
4. Surfacing renewal with BM & BC- 24 months.
5. Surfacing renewal with minimum 30 mm BC/SDBC of specification of similar standards-18 months.

6. Surface renewal with 20 mm chipping carpet or specification of similar standards - 12 months.
7. Ordinary repairs and maintenance of Road and Buildings-6 months.
8. Special repairs of roads-18 months.
9. Road marking with thermoplastic paint -12 months.
10. Rectro reflective sign boards/direction boards-36 months.
11. Temporary works-Defect liability period will be fixed based on use period and will be specified in each case by the Agreement authority.

ദേശീയപാത വിഭാഗത്തിൽ ബി.എം.&ബി.സി. വർക്കുകൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് മൂന്ന് വർഷവും കൂടാതെ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കോൺട്രാക്ട് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് നാല് വർഷവുമാണ് ഡിഫക്ട് ലയബിലിറ്റി പീരിയഡ്. റോഡുകളുടെയും പാലങ്ങളുടെയും മറ്റ് നിർമ്മിതികളുടെയും നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം നിശ്ചിത കാലാവധിക്കുള്ളിൽ (ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ) വരുന്ന തകരാറുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കുവാൻ നിർമ്മാണ കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ കരാറുകാരൻ പാലിക്കപ്പെടാത്തപക്ഷം അറ്റകുറ്റപ്പണികൾക്ക് ചെലവാകുന്ന തുക കരാറുകാരനിൽനിന്നും ഈടാക്കാറുണ്ട്.

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളിൽ നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിക്കുന്നത് റോഡുകൾ വേഗത്തിൽ തകരാറിലാകാതിരിക്കുവാൻ സഹായകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എൻ.ആർ.എം.ബി. ഉപയോഗിച്ച് ചെയ്യുന്ന റോഡുകൾ കൂടുതൽ കാലം ഈട് നിൽക്കുന്നുണ്ട്. എൻ.ആർ.എം.ബി. ഉപയോഗിച്ച് കൂടുതൽ റോഡുകളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തികളിൽ ബി.സി. വെയറിംഗ് കോട്ട് എൻ.ആർ.എം.ബി. ഉപയോഗിച്ച് നിർമ്മിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഈ സാമ്പത്തിക വർഷം നിരത്ത് വിഭാഗത്തിനുകീഴിൽ 276.58 കി.മീറ്റർ നീളമുള്ള റോഡുകൾ എൻ.ആർ.എം.ബി. ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്.

ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിന് നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കി വരുന്നുണ്ട്. ഈ വ്യവസ്ഥ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

## റസ്റ്റ് ഹൗസുകളുടെ നവീകരണം

17(*377) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റസ്റ്റ് ഹൗസുകൾ ടൂറിസം വകുപ്പിന്റെ ഗസ്റ്റ് ഹൗസുകളുടെ നിലവാരത്തിലേക്ക് മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റസ്റ്റ് ഹൗസുകൾ മോടിപിടിപ്പിക്കുന്നതിനും കൂടുതൽ അതിഥികളെ ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) റസ്റ്റ് ഹൗസ് ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച്, ആധുനികവൽക്കരിച്ച് ഉന്നത നിലവാരത്തിലാക്കുവാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തുവരികയുമാണ്. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. റസ്റ്റ് ഹൗസുകളെ ക്ലാസ്സ് 1 (31 എണ്ണം), ക്ലാസ്സ് II (122 എണ്ണം) വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാസ്സ് III ഒഴിവാക്കിയിട്ടുണ്ട്.

2. 1-1-2018 മുതൽ എല്ലാ ജീവനക്കാർക്കും സർക്കാർ ഗസ്റ്റ് ഹൗസിലേതുപോലെയുള്ള യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.

3. ക്യാന്റീൻ സൗകര്യമുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ക്യാന്റീൻ നടത്തിപ്പിനായി മത്സര ടെണ്ടറിലൂടെ പുറംകരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പരിസരം വൃത്തിയായി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. വസ്തുവകകൾ സംരക്ഷിക്കാൻ ശ്രദ്ധിക്കുന്നു.

5. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം, ജീവനക്കാർക്ക് ട്രെയിനിംഗ് എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. ചുറ്റുമതിലില്ലാത്ത വിശ്രമ മന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തിക്കല്ലുകളോ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

7. ജീവനക്കാരുടെ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും താൽക്കാലികമായും ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.

8. MP/MLA/Ex-MLA/Ex-MP എന്നിവർക്ക് സർക്കാർ ഗസ്റ്റ് ഹൗസുകളിലെപോലെ സൗജന്യങ്ങൾ ഉത്തരവായി നടപ്പാക്കിയിട്ടുണ്ട്.

9. റസ്റ്റ് ഹൗസുകളിലെ വാടക കാലോചിതമായി പരിഷ്കരിച്ചു. നിരക്ക് അനുബന്ധമായി ചേർക്കുന്നു*.

10. 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുന്ന നവീകരണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) നവീകരണ പ്രവൃത്തികൾക്കും പുതിയ നിർമ്മാണത്തിനുമായി ഭരണാനുമതി ലഭ്യമാക്കിയവയുടെ ലിസ്റ്റ് അനുബന്ധം*ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 1-1-2018 മുതൽ എല്ലാ റസ്റ്റ് ഹൗസ് ജീവനക്കാർക്കും സർക്കാർ ഗസ്റ്റ് ഹൗസുകളിലെ സമാന തസ്തികകളിലെ ജീവനക്കാരുടേതുപോലെയുള്ള യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.

**സംസ്ഥാന വൈദഗ്ദ്ധ്യ വികസന പദ്ധതി**

18(*378) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദഗ്ദ്ധ്യ വികസന പദ്ധതിയുടെ (എസ്.എസ്.ഡി.പി.) ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മുഖ്യഘടക പദ്ധതികളിലൊന്നായ അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കൽ പദ്ധതി (അസാപ്) എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു; പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്; ഈ പദ്ധതി പ്രകാരം പരിശീലനം നൽകുന്നതിന് ഫീസ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) അസാപ് പ്രകാരം ഏതെല്ലാം മേഖലകളിലാണ് പ്രാവീണ്യം നേടാൻ പരിശീലനം നൽകുന്നത്; പരിശീലനത്തിന്റെ ഫലമായി വിദ്യാർത്ഥികൾ ആർജ്ജിച്ച കഴിവുകൾ വിലയിരുത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ നൈപുണ്യ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സമഗ്രമായ പരിശീലന പരിപാടികൾ എസ്.എസ്.ഡി.പി.-യുടെ ഭാഗമായി ഏകോപിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാന വൈദഗ്ദ്ധ്യ വികസന പദ്ധതിയുടെ (എസ്.എസ്.ഡി.പി.) ഭാഗമായി വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന നൈപുണ്യ പരിശീലന പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP).

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് അക്കാദമിക പഠനത്തോടൊപ്പം അഭിരുചിക്കിണങ്ങിയ തൊഴിൽ മേഖലയിൽ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതിയായി 2012 മുതൽ അസാപ് നടപ്പിലാക്കി വരുന്നുണ്ട്.

തൊഴിൽക്ഷമതാ വർദ്ധനവിന് സഹായിക്കുംവിധം മുഴുവൻ പഠിതാക്കൾക്കും ആംഗലേയ ഭാഷാ നൈപുണ്യവും ആശയവിനിമയ പാടവവും കമ്പ്യൂട്ടർ ഉപയോഗക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ഒരു അടിസ്ഥാനഘടകം (Foundation Module) പൊതുവായി പരിശീലിപ്പിക്കുന്നുണ്ട്. തുടർന്ന് കുട്ടികളുടെ അഭിരുചിക്കും താൽപ്പര്യത്തിനുമനുസരിച്ച് ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് (NSQF) പ്രകാരമുള്ള ഒരു തൊഴിൽ നൈപുണ്യ കോഴ്സിൽ പരിശീലനവും നൽകുന്നു.

സംസ്ഥാനത്തെ അവസാന വർഷ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലരാകാൻ സഹായിക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ (CET) പരിശീലന പരിപാടി, വേനൽക്കാല നൈപുണ്യ പരിശീലനത്തിനായി സമ്മർ സ്കിൽ സ്കൂൾ എന്നിവ വൈവിദ്ധ്യമാർന്ന നൈപുണ്യ പരിശീലന മാതൃകകളായി നടപ്പിലാക്കിവരുന്നു. 25 വയസ്സിൽ താഴെയുള്ള ജീവിത കാലഘട്ടം വിദ്യാഭ്യാസ പരിശീലന കാലമായി വിവക്ഷിക്കപ്പെടുന്നതിനാൽ 25 വയസ്സിനു താഴെയുള്ള ഏതൊരാൾക്കും നൈപുണ്യപരിശീലനം നൽകുന്നതിനുള്ള അനുമതിയും സമീപകാലത്ത് അസാപിന് ലഭിച്ചിട്ടുണ്ട്.

അസാപിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സമഗ്ര നൈപുണ്യ പരിശീലനത്തിനുള്ള സൗകര്യങ്ങളോടെ നൈപുണ്യ പരിശീലന സമുച്ചയങ്ങൾ നിർമ്മാണ പുരോഗതിയിലാണ്. ദേശീയ/അന്തർദ്ദേശീയ തലങ്ങളിലെ ആധുനിക തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ തൊഴിൽക്ഷമതയുള്ളവരായി യുവതീയുവാക്കളെ പ്രാപ്തരാക്കുവാൻ ഇത്തരം കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്ക് സാധിക്കുന്നു.

(ബി) നിലവിൽ 1208 വിദ്യാലയങ്ങളിൽ അസാപ് പദ്ധതി നടപ്പിലാക്കി വരുന്നു.

കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലാണ് അസാപ് പദ്ധതി നടപ്പിലാക്കുന്നത്. താൽപ്പര്യമുള്ള സ്കൂളുകൾക്ക് അസാപ് വെബ്സൈറ്റുവഴി അപേക്ഷ നൽകാവുന്നതാണ്. ജൂൺ-ജൂലൈ മാസങ്ങളിലാണ് അസാപ് ഇതിനായി അപേക്ഷ ക്ഷണിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ നൈപുണ്യ പരിശീലനത്തിനുതകുന്ന രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകളും കമ്പ്യൂട്ടർ ലാബുകളും ആവശ്യമാണ്.

ഈ പദ്ധതിയിൽ താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് 100% ഫീസിളവും മറ്റു വിഭാഗത്തിൽപ്പെടുന്നവർക്ക് 25% ഫീസിളവും നൽകിവരുന്നു. അസാപ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയില്ലെങ്കിൽ കോഴ്സ് ഫീസ് തിരിച്ചടയ്ക്കേണ്ടതാണ്.

1. ബി.പി.എൽ. വിഭാഗത്തിൽ വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും
2. എസ്.സി/എസ്.ടി/ഒ.ഇ.ബി.സി. ഭിന്നശേഷിയുള്ള കുട്ടികൾ.
3. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന അസാപ് ജില്ലാതല കമ്മിറ്റി മീറ്റിംഗ് അംഗീകരിക്കുന്ന ഓരോ ബാച്ചിലെയും രണ്ട് എ.പി.എൽ. (ജനറൽ) വിദ്യാർത്ഥികൾക്ക്.

(സി) ഇരുപത്തിമൂന്ന് തൊഴിൽ മേഖലകളിലാണ് അസാപ് നിലവിൽ പരിശീലനം നൽകുന്നത്. ഇരുപത്തിമൂന്ന് തൊഴിൽ മേഖലകളുടെ പേരുവിവരം അനുബന്ധമായി* ചേർക്കുന്നു.

സ്കിൽ മൊഡ്യൂളുകളിലെ പരിശീലനത്തിനുശേഷം കേന്ദ്ര NSDC-യുടെ കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിൽ (SSC) ഏർപ്പാടാക്കുന്ന സ്വതന്ത്ര അസസ്മെന്റ് ഏജൻസികളാണ് വിദ്യാർത്ഥികൾ ആർജ്ജിച്ച കഴിവുകൾ വിലയിരുത്തുന്നത്. ഫൗണ്ടേൻ മൊഡ്യൂളിന്റെ പരിശീലനത്തിനുശേഷം ബ്രിട്ടീഷ് കൗൺസിൽ നടത്തുന്ന ആപ്റ്റിസ് (APTIS) പരീക്ഷ മുഖേനയും വിദ്യാർത്ഥികൾ ആർജ്ജിച്ച കഴിവുകൾ വിലയിരുത്തുന്നു.

## മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് നടപടി

19(*379) ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ, കായൽ എന്നിവിടങ്ങളിൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന നിയമം കൊണ്ടുവരുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) കടൽ മത്സ്യത്തിന്റെ ശോഷണംമൂലം മത്സ്യത്തൊഴിലാളികൾ വറുതിയിലാണെന്നതും ഓഖിക്ക് ശേഷമുള്ള സ്ഥിതി വിശേഷം മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തെ ബാധിച്ചുവെന്നതും വസ്തുതയാണോ; എങ്കിൽ അവരെ സഹായിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മത്സ്യ മാർക്കറ്റുകൾ ആധുനിക രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സഹായകമായ മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണം ഏത് ഘട്ടത്തിലാണ്എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഫിഷറീസ് മേഖലയിൽ അക്വേറിയൻ റിഫോംസ് നടപ്പിൽ വരുത്തുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കായി മാത്രം പരിമിതപ്പെടുത്തുന്നതിനെയാണ് അക്വേറിയൻ റിഫോംസ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്. അച്ചുതാനന്ദൻ സർക്കാരിന്റെ ഭരണകാലത്ത് അക്വേറിയം റിഫോംസ് ബിൽ തയ്യാറാക്കി പ്രസിഡന്റിന്റെ അനുമതിക്കായി അയച്ചുകൊടുത്തിരുന്നു. അന്ന് തയ്യാറാക്കപ്പെട്ട ബില്ലിന് മൗലികമായ ഭേദഗതികൾ നിർദ്ദേശിച്ച് പ്രസിഡന്റ് തിരികെ അയച്ചു. ആവശ്യമായ ഭേദഗതികൾ വരുത്തി നിയമനിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നു.

(ബി) അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ, ജലമലിനീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി വിവിധ കാരണങ്ങൾ കടൽമത്സ്യത്തിന്റെ ശോഷണത്തിന് കാരണമാകുന്നുണ്ട്. ഓഖിയുടെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ ദുരിതമകറ്റാൻ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരിതബാധിതരായ 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം ധനസഹായം അനുവദിച്ചു. ഒരു മാസത്തെ സൗജന്യ റേഷനും നൽകി. ഓഖി കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ പട്ടിണിയകറ്റാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്. ഓഖിപോലെയുള്ള ദുരന്തങ്ങൾ തീരത്തെ ബാധിക്കാതിരിക്കുന്നതിനായി തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി, സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണ പദ്ധതി, കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതിനും സുസ്ഥിര ഉൽപ്പാദനം ഉറപ്പുവരുത്തുന്ന കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് ഫിഷറീസ് റിസോഴ്സ് (ഇൻലാൻഡ് ആന്റ് മറൈൻ), മത്സ്യകൃഷി വികസനം, മത്സ്യത്തൊഴിലാളി വനിതകൾക്കായി നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും സുസ്ഥിര മത്സ്യ ഉൽപ്പാദനം സാദ്ധ്യമാക്കാൻ KMFR ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പദ്ധതികൾ മത്സ്യമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാൻ ഒരു പരിധിവരെ സഹായിക്കും.

(സി) മത്സ്യമാർക്കറ്റുകൾ ആധുനിക രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സഹായകമാകുന്ന മാർക്കറ്റിംഗ് സെന്റർ മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

20(*380) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; റോഡ്-കെട്ടിട നിർമ്മാണത്തിൽ നിലവാരം ഉറപ്പാക്കാനായി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ;

(ബി) റോഡ്-കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധനയ്ക്കും നിർമ്മാണ രീതിയിലെ അപാകതകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം ഇടപെടലുകൾ പ്രസ്തുത സ്ഥാപനം നടത്തിവരുന്നെന്ന് അറിയിക്കാമോ;

(സി) നവീന സാങ്കേതിക വിദ്യകളും നിർമ്മാണ രീതികളും എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പരിചയപ്പെടുത്തുന്നതിനായി പരിശീലനം നൽകി വരുന്നുണ്ടോ ; ഇത് മൂലം പൊതു കെട്ടിടങ്ങളുടെ നിർമ്മാണ രീതിയിൽ കാലികമായ മാറ്റം വരുത്തൽ സാധ്യമാകുന്നുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള ഉദ്യോഗസ്ഥർക്ക് എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനവും കാലികപ്രാധാന്യമുള്ള വിഷയങ്ങളിൽ ഗവേഷണവും നടത്തുന്നുണ്ട്. കൂടാതെ റോഡ്/കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധനയും നടത്തിവരുന്നു. വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയുടെയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും പരിശോധനകൾക്കും ആവശ്യമായ സാങ്കേതിക സഹായവും നൽകിവരുന്നു. ഇവ കൂടാതെ ഐ.ടി.ഐ., എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ് എന്നിവിടങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം/പ്രോജക്ട് ഗൈഡൻസ് ഇവ നൽകിവരുന്നു.

(ബി &സി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ പുതുതായി രൂപീകരിച്ച ആർ.ഐ.ക്യു.സി.എൽ. (റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ലബോറട്ടറി) ആണ് ഇപ്പോൾ ഈ പരിശോധന നടത്തിവരുന്നത്. ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ആർ.ഐ.&ക്യൂ.സി.എൽ. മേൽ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിന് കൈമാറും.

**തീരദേശമേഖലയുടെ വികസനത്തിന് പ്രത്യേക പാക്കേജ്**

21(*381) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയുടെ ഏകീകൃത വികസനത്തിന് പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സമഗ്ര ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എല്ലാ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കും ഫാമിലി കാർഡ് നൽകുന്നതിനും മത്സ്യഭവനുകൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) തീരദേശത്തിന്റെ സമഗ്രവികസനത്തിനായി 2000 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കുമെന്ന് 2018-19-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലംകൂടി പരിഗണിച്ച് അന്തർദ്ദേശീയ നിലവാരത്തിലുള്ള DPR തയ്യാറാക്കുന്നതിന് സഹായകരമായ സമീപനരേഖ തയ്യാറാക്കാൻ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് കാർഡുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിവരശേഖരണം നടത്തിയിട്ടുണ്ട്. ആയത് പ്രകാരം 168757 ബയോമെട്രിക് കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളതുമാണ്.

(സി) മത്സ്യത്തൊഴിലാളികൾക്ക് ഫാമിലി കാർഡ് നൽകുന്ന പദ്ധതി നടപ്പാക്കുന്നില്ല. മത്സ്യഭവനുകൾ അടിസ്ഥാന സൗകര്യമില്ലാതെയും ആവശ്യത്തിന് മാനവ വിഭവ ശേഷിയില്ലാതെയുമാണ് പ്രവർത്തിച്ചുവരുന്നത്. ഇവ പരിഹരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. അതത് പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ എണ്ണം, മത്സ്യകൃഷിക്കുള്ള സാദ്ധ്യത എന്നിവയെ അടിസ്ഥാനമാക്കി മത്സ്യഭവനുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പൊതു വിതരണ സംവിധാനത്തിലൂടെ ലഭിക്കുന്ന മണ്ണെണ്ണയുടെ വിഹിതം ഘട്ടംഘട്ടമായി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചുവരുന്നതിനാൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന PDS മണ്ണെണ്ണയുടെ വിഹിതം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിനോട് മണ്ണെണ്ണ വിഹിതം ഉയർത്തി തരികയോ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പ്രത്യേക വിഹിതം ലഭ്യമാക്കുകയോ ചെയ്യാൻ പലവട്ടം ആവശ്യപ്പെട്ടെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല.എങ്കിലും മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്തെ തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് മത്സ്യഫെഡിന്റെ 13 ബാങ്കുകളിലൂടെ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് (ലിറ്റർ ഒന്നിന് 25 രൂപ നിരക്കിൽ സംസ്ഥാനമൊട്ടുക്ക് പ്രതിമാസം ആകെ 2525 കിലോ ലിറ്റർ).

## കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

22(*382) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയറ്റ്നാം പോലുള്ള രാജ്യങ്ങൾ കശുമാവ് കൃഷി തുടങ്ങിയതും ആഫ്രിക്കൻ രാജ്യങ്ങൾ കശുവണ്ടി സംസ്കരണ രംഗത്ത് പ്രവേശിച്ചതുംമൂലം ആഗോള കശുവണ്ടി വ്യവസായ രംഗത്ത് സൃഷ്ടിച്ച കടുത്ത മത്സരം കേരളത്തിന്റെ കശുവണ്ടി മേഖലയെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കശുവണ്ടി വ്യവസായ മേഖലയിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(സി) കശുമാവിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത്;

(ഡി) അന്തർദേശീയ കമ്പോളത്തിൽ മെച്ചപ്പെട്ട വില്പന തന്ത്രങ്ങൾ ആവിഷ്കരിച്ച് മികച്ച വില നേടിയെടുക്കുന്നതിനോടൊപ്പം പ്രാദേശിക കമ്പോളത്തിൽ വിൽപ്പനയുടെ അളവ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) വിയറ്റ്നാം പോലുള്ള രാജ്യങ്ങളും ആഫ്രിക്കൻ രാജ്യങ്ങളും കശുവണ്ടി സംസ്കരണ രംഗത്ത് പ്രവേശിച്ചതുമൂലം ആഗോള കശുവണ്ടി വ്യവസായ രംഗത്ത് കടുത്ത മത്സരമാണ് ഉണ്ടാകുന്നത്. ഇതിന്റെ ഫലമായി തോട്ടണ്ടിയുടെ വില കൂടുകയും ഇറക്കുമതി കുറയുകയും ചെയ്തതിനാൽ സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിനു പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. യന്ത്രവൽകൃത ഫാക്ടറികൾ വലിയ വിലയ്ക്ക് തോട്ടണ്ടി വാങ്ങിയത് ഈ മേഖലയിലെ പ്രതിസന്ധി

രൂക്ഷമാക്കി. ഇന്ത്യാ ഗവൺമെന്റ് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചതും കാഷ്യൂ മേഖലയെ പ്രതികൂലമായി ബാധിച്ചു. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായാണ് സംസ്ഥാന സർക്കാർ കാഷ്യൂ ബോർഡ് രൂപീകരിച്ചത്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി ലഭ്യമാക്കുക എന്നതാണ് കേരള കാഷ്യൂ ബോർഡിന്റെ ലക്ഷ്യം. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും നേരിട്ട് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു.

കൂടാതെ കൃഷി വകുപ്പിന്റെയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയുംകീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ, കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്, മറ്റ് ഗവൺമെന്റ് ഫാമുകൾ എന്നിവിടങ്ങളിൽനിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി 2017-ൽ സംഭരിച്ചതുപോലെ 2018-ലും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് വനം, കൃഷി, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും അതാത് വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽനിന്നും പരമാവധി തോട്ടണ്ടി സംഭരിക്കുന്നതിനും സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനുമായി നൽകുന്നതിനും ധാരണയാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഷ്യൂ കോർപ്പറേഷനും കാപെക്സിനും നാടൻ തോട്ടണ്ടി ലഭിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചു. തോട്ടണ്ടി ലഭിക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്തെ ജയിലുകളിൽനിന്ന് കശുവണ്ടി ലഭിക്കുന്നതിനുള്ള നടപടി തുടരുന്നു. ചീമേനി തുറന്ന ജയിലിൽനിന്ന് തോട്ടണ്ടി ലഭിക്കാൻ ധാരണയായിട്ടുണ്ട്.

(ബി) അവലോകനം ചെയ്യാറുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കോർപ്പറേഷൻ വിവിധ ബാങ്കുകൾക്ക് നൽകാനുള്ള വായ്പാ കുടിശ്ശികയായ 80 കോടി രൂപ OTS പ്രകാരം സർക്കാർ നൽകുകയും കോർപ്പറേഷൻ തുടർ പ്രവർത്തനങ്ങൾക്ക് സ്വന്തമായി ബാങ്ക് ലോൺ കണ്ടെത്തണമെന്നു നിഷ്കർഷിക്കുകയും അതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ വിറ്റ, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു, കശുവണ്ടിപ്പരിപ്പ് എന്നിവയുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി കോർപ്പറേഷന്റെ 10 ഫാക്ടറികളുടെ ഔട്ട്‌ലെറ്റുകൾ വഴി 2-2-2018 മുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരികയാണ്. കൂടാതെ കശുമാങ്ങയിൽനിന്നും കാഷ്യൂ ജാം, കാഷ്യൂ ആപ്പിൾ വിനാഗിരി, കാഷ്യൂ ആപ്പിൾ കാൻഡി, ആപ്പിൾ സ്ക്വാഷ് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കും രൂപം നൽകിവരുന്നു. ഇതിനുപരി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കാര്യമായി ഇടപെടേണ്ടതുമാണ്. ഫാക്ടറിതലത്തിൽ പ്രൊഡക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതുമുണ്ട്. അതിനാവശ്യമായ നിർദ്ദേശം കാഷ്യൂ കോർപ്പറേഷന് നൽകിയിട്ടുണ്ട്. അന്തർദ്ദേശീയ മാർക്കറ്റിൽ നമ്മുടെ കശുവണ്ടിപ്പരിപ്പിന്റെ രുചിയും ഗുണനിലവാരവും ഉയർത്തിക്കാട്ടി കേരള ബ്രാൻഡ് ലേബലിൽ കൂടുതൽ വില ലഭിക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്.

**ദേശീയപാതകളുടെ വികസനം**

23(*383) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതകളുടെ വികസനം ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ചേർത്തല-കഴക്കൂട്ടം ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിന് സ്ഥലമേറ്റെടുപ്പ് പൂർത്തിയായോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പളനി-ശബരിമല ദേശീയപാത യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പാതയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ദേശീയപാത 17-ഉം 47-ഉം സർവീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (എൻ.എച്ച്.എ.ഐ.) ഉദ്യോഗസ്ഥരുമായി നിരവധി

തവണ കൂടിക്കാഴ്ചകൾ നടത്തി. പൊതുമരാമത്ത് വകുപ്പുമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി, സെക്രട്ടറി, NHAI ചെയർമാൻ എന്നിവരുമായി ഡൽഹിയിൽവച്ചും ചർച്ച ചെയ്തു.

അങ്ങനെ മുടങ്ങിക്കിടന്നിരുന്ന ദേശീയപാത 17-ന്റെയും 47-ന്റെയും 4 വരിപ്പാത വികസന നടപടികൾ ത്വരിതപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് ഈ ദേശീയപാതകളുടെ അലൈൻമെന്റിൽ വേണ്ടപരിഷ്കാരങ്ങൾ വരുത്തി സർവീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്നതിനായി 45 മീറ്ററിൽ തന്നെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തു. ഏതാനും റീച്ചുകളിൽ ടെണ്ടർ പൂർത്തീകരിച്ച് കരാറായി. മറ്റ് ഭാഗങ്ങളിൽ ഭൂമിയെടുപ്പിനുള്ള നടപടികൾ ത്വരിതഗതിയിൽ മുന്നേറുന്നു. അതനുസരിച്ച് പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെടുകയും ആവശ്യമായ പരിഷ്കാരങ്ങൾ ഡി.പി.ആർ.-ൽ വരുത്തുകയും ചെയ്തു.

(ബി&സി) ചേർത്തല-കഴക്കൂട്ടം ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിന് M/s. SMEC India Pvt. Ltd, New Delhi-യെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയ അലൈൻമെന്റിന് സർക്കാർ പൊതുവായ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ സ്ഥലമെടുപ്പിനുള്ള 3(A) നോട്ടിഫക്കേഷൻ ഗവൺമെന്റ് ഓഫ് ഇന്ത്യ ഗസറ്റിലും പ്രാദേശിക ദിനപ്പത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്കായുള്ള നോട്ടിഫിക്കേഷൻ തയ്യാറായി വരികയാണ്.

(ഡി) പളനി-ശബരിമല ദേശീയപാത യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പാത പഴനി മുതൽ പമ്പ വരെ 341.80 കി.മീ. ദൂരമാണ്. എൻ.എച്ച്-83, എൻ.എച്ച്-85, എൻ.എച്ച്-185, എൻ.എച്ച്-183 എന്നീ 4 ദേശീയപാതകളെയും ബന്ധിപ്പിക്കുന്നതാണ് പ്രസ്തുത പാത. പ്രസ്തുത പാതയുടെ പ്രൊപ്പോസലിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാദ്ധ്യതാപഠനവും വിശദമായ പദ്ധതി രൂപരേഖയും തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

**റവന്യൂ വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതികൾ**

24(*384) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ഇ-ഗവേണൻസ് പദ്ധതികളായ ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം, റവന്യൂ ഇ-പെയ്മെന്റ്, ഇ-ട്രഷറി, ഇ-പ്രൊക്യൂർമെന്റ്, ഡിജിറ്റൽ ഇന്ത്യ, ലാന്റ്

റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഓരോ പദ്ധതിയും എന്നത്തേയ്ക്ക് പൂർണ്ണമായി നടപ്പിലാകും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇ-പേയ്മെന്റ് പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭൂനികുതി ഉൾപ്പെടെയുള്ളവ അക്ഷയ സെന്ററുകളും സർവീസ് സെന്ററുകളും വഴി അടയ്ക്കുന്നതിന് ഫീസ് ചുമത്തുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ)

ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 1472 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ ഇ-പേയ്മെന്റ്

സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1472 വില്ലേജുകളിൽ ഓൺലൈൻവഴി കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം വയനാട്, കോട്ടയം, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കിവരുന്നു.

## ഇ-ട്രഷറി

ഇ-ട്രഷറി സംവിധാനം മുഖന സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നടത്താവുന്നതാണ്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം നൽകുന്ന (DBT) സംവിധാനത്തെ RBI-യുടെ ഇ-കുബേർ പോർട്ടലുമായി സംയോജിപ്പിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ സ്വീകരിക്കുന്ന പണം കാലതാമസമില്ലാതെ ഖജനാവിലെത്തിക്കുന്നതിനായി ഇ-ട്രഷറിയുമായി ബന്ധപ്പെട്ട ബാങ്കുകളിൽ പണമെടുക്കുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്.

## ഇ-പ്രൊക്യൂർമെന്റ്

എല്ലാ സർക്കാർ വകുപ്പുകളിലെയും ഏജൻസികളിലെയും കരാർ പ്രക്രിയകൾ ഒരേ തട്ടിലേയ്ക്ക് കൊണ്ടുവരുന്നതിനും സംഭരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനുംവേണ്ടി ഇ-സംഭരണം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ് ഇ-പ്രൊക്യൂർമെന്റ്. ഡിജിറ്റൽ സിഗ്നേച്ചർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രക്രിയയുടെ സുരക്ഷ ഉറപ്പുവരുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർക്ക് ടെണ്ടർ ഫീസും നിരതദ്രവ്യവും നേരിട്ട് ഓൺലൈനിൽ അടയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. പദ്ധതിയുടെ വെബ് സൈറ്റ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും പെയ്മെന്റ് സംവിധാനം എസ്.ബി.ഐ.യുമാണ് കൈകാര്യം ചെയ്യുന്നത്. നിലവിൽ റവന്യൂ വകുപ്പിനുകീഴിലെ 20 സ്ഥാപനങ്ങളിൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. പത്തനംതിട്ട ഒഴികെയുള്ള പതിമൂന്ന് ജില്ലാ കളക്ടറേറ്റുകൾ
2. കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ.
3. സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡയറക്ടറേറ്റ്.
4. ജില്ലാ നിർമ്മിതി കേന്ദ്രം, പത്തനംതിട്ട
5. എൻഡോസൾഫാൻ പുനരധിവാസ സെൽ
6. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്
7. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ട്.
8. സ്റ്റേറ്റ് ലാൻഡ് ബോർഡ്.

<u>ഡിജിറ്റൽ ഇന്ത്യ ലാൻഡ്/റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം (DILRMP)</u>

ഇ-ഗവേണൻസിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത ഭൂരേഖ കമ്പ്യൂട്ടർവൽക്കരണ പദ്ധതി, റവന്യൂ ഭരണശാക്തീകരണം, ഭൂരേഖ നാളതീകരണം എന്നീ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ദേശീയതലത്തിൽ ഡി.ഐ.എൽ.ആർ.എം.പി. പദ്ധതി നടപ്പിലാക്കുന്നത്. ഭൂമി സംബന്ധിച്ച എല്ലാ രേഖകളുടെയും കമ്പ്യൂട്ടർവൽക്കരണം മാപ്പുകളുടെ ഡിജിറ്റൈസേഷൻ, സർവ്വേ സെറ്റിൽമെന്റ് രേഖകളുടെ നാളതീകരണം രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർ വൽക്കരണം, കമ്പ്യൂട്ടർ ശൃംഖലയിലൂടെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ ഏകോപനം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. ഇതിന്റെ ഭാഗമായി ReLIS പദ്ധതി 15-9-2011-ന് പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ചു. ഡി.ഐ.എൽ.ആർ.എം.പി. പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച വിവിധ ഓൺലൈൻ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടും പുതിയ സങ്കേതങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും സംസ്ഥാനത്തുടനീളം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കിവരുന്നു. വിശദീകരണക്കുറിപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1472 വില്ലേജുകളിൽ ഓണലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 10779099 ബി.ടി.ആർ. റെക്കോർഡുകളും 17785603 തണ്ടപ്പേർ റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ സംസ്ഥാനത്താകമാനം 657915 ഓൺലൈൻ പോക്കുവരവുകൾ നടത്തിയിട്ടുമുണ്ട്. കൂടാതെ ഓൺലൈൻ ഭൂനികുതി സംവിധാനം മുഖേന നാളിതുവരെ 2,08,19,814 രൂപയും റവന്യൂ ഇ-പെയ്മെന്റ് സംവിധാനം മുഖേന 7,23,85,714 രൂപയും സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുണ്ട്.

റവന്യൂ ഇ-പേമെന്റ് സിസ്റ്റത്തെ ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ റവന്യൂ വകുപ്പുവഴിയുള്ള നികുതികൾ ഓൺലൈനായി അടയ്ക്കാൻ നികുതിദായകർക്ക് കഴിയും.

(സി) പദ്ധതികൾ ഫണ്ട് ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

(ഡി&ഇ) അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ഏതെങ്കിലും ഏജൻസികളെ ഇതിനായി ചുമതലപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി

25(*385) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്രവികസനത്തിനായി സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി (എസ്.ആർ.ഐ.പി.) നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കമ്പനിയുടെ 2017-18-ലെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd)-ൽ എസ്.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായാണ് വികസിപ്പിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന ഏകദേശം 469 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും ലഘുവായ തോതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമായ 621 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് നടപ്പിലാക്കി വരുന്നത്.

റീഹാബിലിറ്റേഷൻ പാക്കേജിൽ പാക്കേജ്-എ, പാക്കേജ് ബി എന്നീ പേരിൽ രണ്ട് റോഡുകൾ നിർമ്മാണം പൂർത്തീകരിക്കുകയും നിലവിൽ ഈ റോഡുകൾ പരിപാലന കാലാവധിയിലുമാണ്. പാക്കേജ് എ-യുടെ കീഴിൽ വരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു:

1. വിദ്യാനഗർ-സീതാംഗോളി റോഡ് -9.40 കി.മീ. കാസർഗോഡ് ജില്ല.

2. ഉപ്പള-കനിയാന റോഡ് -15.6 കി.മീ. കാസർഗോഡ് ജില്ല.

റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന പാക്കേജ് ബി-യുടെ പ്രവൃത്തികൾ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2018 ആഗസ്റ്റിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

പാക്കേജ് -ബി-യുടെ കീഴിൽ വരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു:

1. വെള്ളനാട് -ചെറ്റച്ചൽ റോഡ്-21.90 കി.മീ. തിരുവനന്തപുരം ജില്ല.

2. കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്-36.10 കി.മീ.-കോട്ടയം ജില്ല.

(സി) രൂപീകരിച്ചിട്ടുണ്ട്.

" സംസ്ഥാന റോഡ് വികസന പദ്ധതി" (SRIP)യുടെ നിർവ്വഹണത്തിനായുള്ള പ്രത്യേക ദൗത്യസ്ഥാപനം (SPV) ആയി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) 2012 മാർച്ച് 19-ന് പൊതുമേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.

റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd.) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ള പുനരുദ്ധാരണ പാക്കേജിനു കീഴിൽ നാലു റോഡുകളുടെ വികസന പ്രവർത്തനങ്ങൾ സർക്കാർ ഭരണാനുമതി നൽകുകയും റീഹാബിലിറ്റേഷൻ പാക്കേജിനുകീഴിൽ പാക്കേജ് -എ, പാക്കേജ്-ബി എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. പാക്കേജ്-എ.യുടെ രണ്ട് റോഡുകളായ ഉപ്പള-കനിയാന റോഡും വിദ്യാനഗർ -സീതാംഗോളി റോഡും പണി പൂർത്തിയായിട്ടുണ്ട്. പാക്കേജ്-ബി-യുടെകീഴിൽ വരുന്ന രണ്ട് റോഡുകളായ വെള്ളനാട്-ചെറ്റച്ചൽ റോഡിന്റെയും കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡിന്റെയും പണി 2018 ആഗസ്റ്റിൽ പൂർത്തിയാകുന്നതാണ്.

(ഡി) എസ്.ആർ.ഐ.പി. പാക്കേജ് -എ പ്രകാരം താഴെപ്പറയുന്ന രണ്ട് റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്:

1. വിദ്യാനഗർ-സീതാംഗോളി റോഡ്- 9.40 കി.മീ. - കാസർഗോഡ് ജില്ല

2. ഉപ്പള-കനിയാന റോഡ്-15.6. കി.മീ. - കാസർഗോഡ് ജില്ല.

എസ്.ആർ.ഐ.പി. പാക്കേജ്- ബി പ്രകാരം താഴെപ്പറയുന്ന രണ്ട് റോഡുകളുടെ പണി നടന്നുവരുന്നു:

1. വെള്ളനാട്-ചെറ്റച്ചൽ റോഡ് - 21.90 കി.മീ.-തിരുവനന്തപുരം ജില്ല.

2. കാഞ്ഞിരള്ളി-കാഞ്ഞിരംകവല റോഡ് - 36.10 കി.മീ.-കോട്ടയം ജില്ല.

എസ്.ആർ.ഐ.പി. പദ്ധതിയുടെ കീഴിൽ വരുന്ന മറ്റ് റോഡുകൾ താഴെപ്പറയുന്നു:

1. കരമന-വെള്ളറട റോഡ്-തിരുവനന്തപുരം ജില്ല

റോഡ് വികസനത്തിനായി നിലവിൽ ഉണ്ടായിരുന്ന ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ആവശ്യമായ മാറ്റങ്ങൾ വരുത്തി റീവാലിഡേറ്റ് ചെയ്യുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ PPU (പ്രോജക്ട് യൂണിറ്റ്) വിഭാഗത്തിൽ പുരോഗമിച്ചു വരുന്നു. ആദ്യത്തെ 10 കി.മീറ്ററിനുള്ള അലൈൻമെന്റ് പ്ലാനും റീക്വസിഷൻ ഫോമും 23-2-2018-ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

2. ആലപ്പുഴ- തണ്ണീർമുക്കം-മധുര റോഡ് (23.60 കി.മീ.) – ആലപ്പുഴ ജില്ല.

3. വൈപ്പിൻ-മുനമ്പം റോഡ് (25.50 കി.മീ.) – എറണാകുളം ജില്ല.

മേൽപ്പറഞ്ഞ രണ്ട് റോഡ് പ്രവൃത്തികൾക്ക് 10-11-2017-ലെ സർക്കാർ ഉത്തരവ് (സാധാ.)1675/2017/പൊ.മ.വ. പ്രകാരം അനുമതി നൽകുകയുണ്ടായി.

4. പള്ളിക്കുട്ടമ്മ-പുളിങ്കുന്ന് – കണ്ണാടി-തട്ടാശ്ശേരി-ഉരുത്തി റോഡ് (31.87 കി.മീ.) – ആലപ്പുഴ ജില്ല.

2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച നെടുങ്ങാനപ്പള്ളി പുല്ലാട് റോഡിന്റെ വികസന പ്രവൃത്തികൾ ഇതിനകംതന്നെ (CRF) കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ചു കഴിഞ്ഞതിനാൽ അതിനു പകരമായി പള്ളിക്കുട്ടമ്മ – പുളിങ്കുന്ന് കണ്ണാടി-തട്ടാശ്ശേരി-ഉരുത്തി റോഡിന്റെ വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നത് RICK പരിശോധിച്ചുവരികയാണ്.

ഇതു കൂടാതെ കിഫ്ബി വഴി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾ താഴെപ്പറയുന്നു:

1. കോഴിക്കോട്-ബാലുശ്ശേരി റോഡ് (20.32 കി.മീ.) – കോഴിക്കോട് ജില്ല.

2. ഈരാറ്റുപേട്ട-വാഗമൺ റോഡ് (23.80 കി.മീ.) – കോട്ടയം ജില്ല.

3. തിരുവല്ല-മല്ലപ്പള്ളി റോഡ് (20.40 കി.മീ.) – പത്തനംതിട്ട ജില്ല.

മേൽപ്പറഞ്ഞ മൂന്ന് റോഡുകളുടെ കിഫ്ബി ധനസഹായത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ റിക്ക് ലിമിറ്റഡിനെ പ്രത്യേക ദൗത്യ സ്ഥാപനമായി (SPV) നിയോഗിച്ചുകൊണ്ട് 11-12-2016-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1687/2016 പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

4. മുഹമ്മ-തണ്ണീർമുക്കം - കായൽത്തീര റോഡ് (11 കി.മീ.) – ആലപ്പുഴ ജില്ല.

5. വൈക്കം ടോൾ-ചെമ്മനകരി റോഡ് (6 കി.മീ.) – കോട്ടയം ജില്ല.

മേൽപ്പറഞ്ഞ രണ്ട് റോഡ് വികസന പ്രവൃത്തികൾ കിഫ്ബി ധനസഹായത്തോടെ നിർവ്വഹിക്കുന്നതിന് റിക്ക് ലിമിറ്റഡിനെ (SPV) ആയി നിയോഗിച്ചുകൊണ്ട് 15-8-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 1167/2017/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

6. കായംകുളം ടൗൺ റോഡ് വികസനവും മേൽപ്പാല നിർമ്മാണവും.

കായംകുളം പട്ടണത്തിൽ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഗതാഗത തടസ്സം ഒഴിവാക്കുന്നതിനുള്ള സുഗമവും സുരക്ഷിതവുമായ സഞ്ചാര സൗകര്യം ക്രമപ്പെടുത്തുന്നതിനും പൊതുവായ ഒരു ധാരണയുണ്ടായ സാഹചര്യത്തിൽ സാങ്കേതികമായിട്ടുള്ള ഒരു പഠനത്തിന് ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ തീരുമാനിച്ചു. 15.63 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ ദർഘാസ് ക്ഷണിക്കുകയും കരാറുകാരനുമായിട്ടുള്ള എഗ്രിമെന്റ് വയ്ക്കുന്ന നടപടികൾ അവസാനഘട്ടത്തിലുമാണ്.

**മലയോര ഹൈവേ**

26(*386) <u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. സി.കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്ന് ജില്ലകളിലൂടെ കടന്നു പോകുന്നതും നന്ദാരപ്പടവ് മുതൽ പാറശ്ശാല വരെ 1251 കിലോമീറ്റർ നീളത്തിൽ വിഭാവനം ചെയ്തതുമായ മലയോര ഹൈവേയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) വനമേഖലകളിലൂടെ കടന്നുപോകുന്ന പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും സംസ്ഥാന വനം വകുപ്പിന്റെയും പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ ആലപ്പുഴ ഒഴികെയുള്ള മറ്റ് പതിമൂന്ന് ജില്ലകളിലൂടെയാണ് നിർദ്ദിഷ്ട മലയോര ഹൈവേ കടന്നുപോകുന്നത്. ഇതിന്റെ അലൈൻമെന്റ് 6-7-2009-ലെ ജി.ഒ. (എം.എസ്) നമ്പർ 44/2009/പി.ഡബ്ല്യൂ.ഡി. സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 10-07-2017-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 942/2017/ പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം 3500 കോടി രൂപയുടെ In Principle Administrative Sanction നൽകിയിട്ടുണ്ട്. ഈ പദ്ധതി കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കാനാണ് മേൽഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ 26 പദ്ധതികളാണ് നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുക്കുന്നത്. ഇതിൽ തിരുവനന്തപുരം-1, കൊല്ലം-1, ഇടുക്കി-2, തൃശ്ശൂർ-1, എറണാകുളം-1, പാലാക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-1, കാസർഗോഡ്-4 എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിൽ 19 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു കഴിഞ്ഞു. ഇതിൽ തിരുവനന്തപുരം -1, കൊല്ലം -1, കാസർഗോഡ് -2 ഉൾപ്പെടെ 4 പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചു. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന അന്തിമ ഘട്ടത്തിലാണ്.

(ബി) ഇല്ല.

(സി) 22-11-2017-ന് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുടെ (കേരള) സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച ചെയ്തു. 24-11-2017-ൽ ബഹുമാനപ്പെട്ട കേരളത്തിലെ വനവും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നേരിട്ട് യോഗം വിളിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മേൽനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർക്ക് വനഭൂമി കടന്നുപോകുന്ന ഭാഗത്തിന്റെ അലൈൻമെന്റ് സ്കെച്ചും വിവരങ്ങളുമുൾപ്പെടെ കത്ത് നൽകുകയും അതത് ജില്ലയിലെ ഡി.എഫ്.ഒ.മാരോട് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബന്ധപ്പെടുമ്പോൾ വനഭൂമി ആവശ്യമായി വരുന്ന സ്ഥലത്ത് സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകാനും ആവശ്യപ്പെട്ടിരുന്നു. ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ 4 ജില്ലകളിൽ സംയുക്ത പരിശോധന കഴിഞ്ഞു. മറ്റ് ജില്ലകളിൽ സംയുക്ത

പരിശോധന നടത്തുന്നതിനും ഡി.എഫ്.ഒ. മാർക്ക് വനഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കാനും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ സർവ്വേ നമ്പർ സഹിതമുള്ള റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽനിന്ന് ലഭിച്ചശേഷം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അപേക്ഷ സമർപ്പിക്കുന്നതാണ്.

## ദേശീയ നൈപുണ്യ വികസന പദ്ധതി

27(*387) ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ബാബു:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നൈപുണ്യ വികസന പദ്ധതി (എൻ.എസ്.ക്യു.എഫ്) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ അറിയിക്കാമോ;

(ബി) ദേശവ്യാപകമായി ഇതിന് ഏകീകൃത പാഠ്യപദ്ധതി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിവിധ ലെവലുകളിലായി ആർജ്ജിക്കേണ്ട വൈദഗ്ധ്യം എന്തെല്ലാമാണ്; ഈ ലെവലുകൾ ഓരോന്നും ഏതൊക്കെ ക്ലാസുകളിൽ ആർജ്ജിക്കേണ്ടതാണ്; ഇതിനായി പാഠ്യക്രമം തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വൈദഗ്ധ്യ ആർജ്ജനത്തിനായി പാഠ്യപദ്ധതിയിൽ ഏർപ്പെടുത്തുന്ന അധികഭാരം അക്കാദമിക നിലവാരത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി അധിക പഠനസമയം ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പദ്ധതിക്കായി നൽകുന്ന കേന്ദ്ര സഹായം എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) തീരുമാനിച്ചിട്ടുണ്ട്. ദേശീയ നൈപുണ്യ വികസന പദ്ധതി (എൻ.എസ്.ക്യൂ.എഫ്.) പൊതുവിദ്യാഭ്യാസത്തെ തൊഴിൽ വിദ്യാഭ്യാസവുമായി ഉൾച്ചേർക്കുവാൻ സഹായിക്കുന്നു. 9 മുതൽ 12 വരെയുള്ള നാലു ക്ലാസ്സുകളെ ലെവൽ 1 മുതൽ 4 വരെയായിട്ടാണ് എൻ.എസ്.ക്യു.എഫ്.-ൽ രേഖപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനത്തെ അഭ്യസ്ഥവിദ്യരുടെ വൈദഗ്ധ്യക്കുറവുമൂലമുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ ഒരു തൊഴിൽസംസ്കാരം രൂപപ്പെടുത്തുന്നതിനും എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നു.

(ബി) ഉണ്ട്. എൻ.സി.ഇ.ആർ.ടി.യുടെ അനുബന്ധ സ്ഥാപനമായ ഭോപ്പാലിൽ സ്ഥിതിചെയ്യുന്ന പണ്ഡിറ്റ് സുന്ദർലാൽ ശർമ്മ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനമാണ് പ്രധാനമായും എൻ.എസ്.ക്യൂ.എഫ്.ലേയ്ക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന സർക്കാർ സ്ഥാപനം.

(സി) ലെവൽ 1 ഒമ്പതാം ക്ലാസ്സിലാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ തലത്തിൽ പ്രായോഗിക അനുഭവങ്ങൾ ഇല്ലാതെതന്നെ ആവർത്തന സ്വാഭാവമുള്ളതും ക്രമപ്പെടുത്തിയതുമായ പ്രക്രിയകളിൽ പഠിതാവിന് ഏർപ്പെടാൻ അവസരം ലഭിക്കണം. തൊഴിലുമായി ബന്ധപ്പെട്ട് സാധാരണ ഉപയോഗിക്കുന്ന പദങ്ങൾ തിരിച്ചറിയാനും മനസ്സിലാക്കാനും കഴിയണം. തൊഴിൽ സംബന്ധിച്ച ഉത്തരവാദിത്വങ്ങൾ ഈ ഘട്ടത്തിൽ പഠിതാവ് ഏറ്റെടുക്കേണ്ടതില്ല. തൊഴിൽ വിദഗ്ധർ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതിന് പഠിതാവിന് കഴിയണം. പത്താം ക്ലാസ്സിന് ലെവൽ 2 ആണ് ബാധകം. തൊഴിലുമായി ബന്ധപ്പെട്ട ചില പ്രായോഗിക നൈപുണികൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രക്രിയയിലൂടെ പഠിതാവ് കടന്നുപോകണം. സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും അവ തൊഴിലിന്റെ പ്രത്യേക സന്ദർഭങ്ങളിൽ പ്രയോഗിക്കാനും കഴിയണം. ഈ ലെവലിലും പഠിതാവ് തൊഴിൽ സംബന്ധിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതില്ല. എന്നാൽ തൊഴിൽ വിദഗ്ധന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ കഴിയണം. വിഷയ സംബന്ധിയായ അറിവുകളും നൈപുണികളും നേടണം. ഹയർ സെക്കണ്ടറി ഒന്നാം വർഷത്തിൽ എത്തുന്ന പഠിതാവ് ലെവൽ 3 നിർദ്ദേശിക്കുന്ന നൈപുണികൾ ആർജ്ജിക്കണം. പ്രവർത്തനഘട്ടങ്ങൾ കുറഞ്ഞ ലഘുവായ ഒരു തൊഴിൽ പൂർത്തീകരിക്കാൻ പഠിതാവിന് കഴിയണം. തെരഞ്ഞെടുത്ത പ്രത്യേക തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന വസ്തുതകൾ, പ്രക്രിയകൾ, തത്വങ്ങൾ എന്നിവ പഠിതാവ് ഗ്രഹിക്കണം. തൊഴിൽ വിദഗ്ധരുടെ നിരീക്ഷണത്തിൽ തൊഴിൽ സംബന്ധിച്ച ചില ഉത്തരവാദിത്വങ്ങൾ കൂടി ഏറ്റെടുക്കണം.

ഹയർ സെക്കണ്ടറി രണ്ടാം വർഷത്തിൽ പഠിതാവ് ലെവൽ 4-ൽ എത്തണം. ചിരപരിചിതമായ ചുറ്റുപാടിൽ നിത്യാനുഷ്ഠാനമെന്ന നിലയിൽ പഠിതാവിന് തൊഴിലുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ലഭിക്കണം. തൊഴിൽ സംബന്ധിച്ച വസ്തുനിഷ്ഠപരമായ അറിവും കഴിവും ഉണ്ടാകാനുള്ള പ്രക്രിയകളിലൂടെ പഠിതാവ് കടന്നുപോകണം. വ്യക്തതയോടെ വിവിധ രീതികളിൽ ആശയവിനിമയം നടത്താനും തെരഞ്ഞെടുത്ത തൊഴിൽ

മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന തത്വങ്ങളും നൈപുണികളും കൈവരിക്കാനും പഠിതാവിന് കഴിയണം. പഠനവുമായും തൊഴിലുമായും ബന്ധപ്പെട്ട് പഠിതാവ് സ്വയം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കണം.

(ഡി) 2018-19 വർഷത്തിൽ തെരഞ്ഞെടുത്ത സ്കൂളുകളിൽ 11, 12 ക്ലാസ്സുകളിലെ വൊക്കേഷണൽ വിഷയങ്ങൾക്ക് പകരമായാണ് എൻ.എസ്.ക്യൂ.എഫ്.ലെ തൊഴിൽ നൈപുണി പഠനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അതിനാൽ അധിക സമയം കണ്ടെത്തേണ്ടതില്ല.

(ഇ) വൊക്കേഷണലൈസേഷൻ ഓഫ് സെക്കണ്ടറി ആൻഡ് ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ (VSHSE) എന്ന സ്കീം പ്രകാരം നിലവിൽ തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിൽ 25 കുട്ടികൾ വീതമുള്ള രണ്ട് ബാച്ചുകൾക്ക് കേന്ദ്ര സഹയം 60:40 എന്ന അനുപാതത്തിൽ ലഭ്യമാണ്. എയ്ഡഡ് സ്കൂളുകൾക്ക് പ്രസ്തുത സ്കീം ബാധകമല്ല.

### സ്കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം ഉറപ്പുവരുത്തൽ

28(*388) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം ഉറപ്പുവരുത്താൻ കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം ഉറപ്പുവരുത്താനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) സ്കൂളുകളിൽ കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാൻ നൽകണമെന്നും നൽകുന്ന കുടിവെള്ളത്തിന്റെ ശുചിത്വം ഉറപ്പാക്കുന്നതിന് അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് സ്കൂളുകളിലെ വാട്ടർ ടാങ്കുകളും കിണറുകളും പി.റ്റി.എ.യുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ വൃത്തിയാക്കണമെന്നും വാട്ടർ ടാങ്ക് മാസത്തിലൊരിക്കൽ വൃത്തിയാക്കണമെന്നും കുടിവെള്ളത്തിന്റെ സാമ്പിൾ ഏതെങ്കിലും അംഗീകൃത ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും 30-5-2017-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം(1)/39000/17/ഡി.പി.ഐ. സർക്കുലർ പ്രകാരം എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയുടെകീഴിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലെയും

ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ നിശ്ചിത ഇടവേളകകളിൽ മൈക്രോ ബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി കൊല്ലത്തെ സി.ഇ.പി.സി.ഐ. ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും ശുദ്ധമായ കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും ടി സൗകര്യങ്ങൾ ഇല്ലാത്തപക്ഷം 31-5-2017-നകം ടി സൗകര്യങ്ങൾ ഒരുക്കണമെന്നും സ്കൂൾ പരിശോധനാ വേളയിൽ ബന്ധപ്പെട്ട ആർ.ഡി.ഡി.മാർ പരിശോധിക്കേണ്ടതും ടി സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്കൂൾ അധികാരികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 15-5-2017-ന് ഹയർ സെക്കണ്ടറി ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ജലലഭ്യത ഉറപ്പു വരുത്തുവാൻ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ജലലഭ്യതയ്ക്ക് ബുദ്ധിമുട്ടനുഭവിക്കുന്ന സ്കൂളുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു.

ആർ.എം.എസ്.ഐ.-ക്ക് 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി 214 സ്കൂളുകൾക്ക് 50,000 രൂപവച്ച് നൽകുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ഇതിനുള്ള തുക 2016-17 സാമ്പത്തിക വർഷത്തിലാണ് ആർ.എം.എസ്.എ.ക്ക് ലഭിച്ചത്. ഈ മുഴുവൻ തുകയും ബന്ധപ്പെട്ട സ്കൂളുകൾക്ക് കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആർ.എം.എസ്.എ. നൽകിയിട്ടുണ്ട്.

## എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളിലെ പരിഷ്കാരങ്ങൾ

29(*389) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികൾ ആർജ്ജിക്കണമെന്ന് വിഭാവനം ചെയ്തിട്ടുള്ള അറിവുകൾ ആർജ്ജിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി നടത്തപ്പെടേണ്ട പരീക്ഷകൾ വിദ്യാർത്ഥികൾക്ക് പീഡയായി മാറാതിരിക്കാൻ നിലവിലെ പരീക്ഷാരീതി പരിഷ്കരിക്കുന്നത് പരിശോധിക്കുമോ;

(ബി) മുൻകാലങ്ങളിൽനിന്ന് വിഭിന്നമായി ഇത്തവണത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ വിദ്യാർത്ഥി സൗഹൃദമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമായിരുന്നു;

(സി) മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നിലവിലുണ്ടായിരുന്ന പരീക്ഷാരീതിയിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. ചോദ്യപേപ്പറുകളിൽ ആവശ്യമായ ചോയ്സുകൾ നൽകി. കൂടുതൽ ചോദ്യങ്ങൾ നൽകിയശേഷം നിശ്ചിത എണ്ണം ചോദ്യങ്ങൾക്കുമാത്രം ഉത്തരമെഴുതിയാൽ മതിയെന്ന് നിർദ്ദേശിച്ചതിലൂടെ കുട്ടികൾക്ക് തെരഞ്ഞെടുപ്പിന് അവസരം ലഭിച്ചു.

ബഹു വികൽപ്പ ചോദ്യങ്ങൾ, വസ്തുനിഷ്ഠ ചോദ്യങ്ങൾ എന്നിവയ്ക്ക് നൽകിയിരുന്ന അമിത പ്രാധാന്യം വിദ്യാർത്ഥികൾക്ക് പരീക്ഷാ സമ്മർദ്ദം സൃഷ്ടിക്കാൻ കാരണമായിട്ടുണ്ട്. ഓർമ്മ പരിശോധനയ്ക്കായിരുന്നു അത്തരം ചോദ്യങ്ങളിൽ പ്രാധാന്യം നൽകിയിരുന്നത്. പരീക്ഷാ പരിഷ്കരണത്തിന്റെ ഭാഗമായി ഈ വിഭാഗം ചോദ്യങ്ങളുടെ എണ്ണം കുറച്ച് സ്വതന്ത്രമായ പ്രതികരണത്തിന് അവസരമുള്ള ചോദ്യങ്ങൾ (Open ended questions) ഉൾപ്പെടുത്തി.

കൂടാതെ ചോദ്യനിർമ്മാണത്തിൽ പിഴവ് വരുത്തിയ ചോദ്യകർത്താക്കളെയും ചെയർമാൻമാരെയും ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കശുമാവ് കൃഷി ലാഭകരമാക്കാൻ നടപടി

30(*390) ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടിയുടെ നല്ലൊരു ഭാഗം ഇടനിലക്കാർ മുഖേന സംസ്ഥാനത്തിന്റെ പുറത്തേക്ക് എത്തിപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട മൂല്യം ലഭിക്കുന്നതിനുമായി കശുമാവ് കർഷകരുടെ കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും ഇവ ക്രോഡീകരിച്ച് കാഷ്യൂ ഫാർമേഴ്സ് മാർക്കറ്റ് സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കശുമാങ്ങയിൽനിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യാൻ സാധിച്ചാൽ കശുമാവ് കൃഷി കൂടുതൽ ആകർഷകവും ലാഭകരവും ആകുമെന്നതിനാൽ ഇത്തരം ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം, കൃഷി, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം ചേർന്ന് പരമാവധി തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള മറ്റെല്ലാ തോട്ടങ്ങളിൽനിന്നും ഫാമുകളിൽ നിന്നും കർഷകരിൽ നിന്നും മറ്റിതര സ്ഥലങ്ങളിൽനിന്നും തോട്ടണ്ടി പരമാവധി ശേഖരിച്ച് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപരിയായി കാപ്പെക്സിനും കോർപ്പറേഷനും നാടൻ തോട്ടണ്ടി സംഭരണത്തിനു നേരിട്ട് ടെണ്ടർ ക്ഷണിച്ചും നടപടി സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ കർഷകർക്ക് ന്യായവില കിട്ടുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കർഷകർക്ക് മെച്ചപ്പെട്ട മൂല്യം ലഭിക്കുന്നതിനായി കശുമാവ് കർഷകരുടെ കൂട്ടായ്മകൾ രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു പ്രദേശത്തുള്ള 20-ൽ കൂടുതൽ അംഗങ്ങൾ അടങ്ങുന്ന കർഷകരുടെ കൂട്ടായ്മ രൂപീകരിക്കാനും അതുവഴി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്ന കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനും ലക്ഷ്യമിടുന്നു.

(സി) ആഭ്യന്തര വിപണിയിൽ കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിൽപ്പന വിപുലമാക്കുന്നതിനുവേണ്ടി കേരളത്തിലുടനീളം സി.ഡി.സി. കാഷ്യൂസിന്റെ വിതരണത്തിനായി ഡിസ്ട്രിബ്യൂട്ടേഴ്സും ഫ്രാഞ്ചൈസികളും ഉണ്ട്. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിൽപന വർദ്ധിപ്പിക്കുന്നതിലൂടെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

കശുമാങ്ങയിൽനിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങളായ ജാം, സ്ക്വാഷ്, അച്ചാർ, വിനിഗർ, കാഷ്യൂ കാൻഡി മുതലായവ ഉണ്ടാക്കുന്നതിനുള്ള സാങ്കേതികജ്ഞാനവും തൊഴിലധിഷ്ഠിത പരിശീലനവും കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ റിസർച്ച് സ്റ്റേഷൻ, മാടക്കത്തറ, തൃശ്ശൂർ വഴി നൽകുന്നു. സ്ത്രീ കൂട്ടായ്മകൾക്ക് പ്രത്യേകമായും ട്രെയിനിംഗ് നൽകുന്നു. ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 2 ലക്ഷം രൂപ വീതം യൂണിറ്റ് ഒന്നിന് സാമ്പത്തിക സഹായവും നൽകുന്നു.

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ കെ.എസ്.ഡി.സി.ക്ക് സി.ഡി.സി. ബ്രാൻഡ് പ്രൊമോഷന് വേണ്ടി 50 ലക്ഷം രൂപയും കോർപ്പറേഷന്റെ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## ii. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.ഡബ്ല്യൂ.ഡി. റോഡ്സ് വിഭാഗം പ്രവൃത്തികൾക്ക് ഭരണാനുമതി

1 (3704) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയോജകമണ്ഡലങ്ങളിൽ 150 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് പി.ഡബ്ള്യൂ.ഡി. റോഡ്സ് വിഭാഗം സമർപ്പിച്ച പ്രവൃത്തികളിൽ എല്ലാത്തിനും ഭരണാനുമതി നൽകിയോ;

(ബി) ഇല്ലെങ്കിൽ ഇനിയും ഭരണാനുമതി നൽകാൻ ഏതൊക്കെ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉണ്ട്;

(സി) അവയുടെ വിശദവിവരം പട്ടികതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) നിയോജക മണ്ഡലങ്ങളിൽ '150 ലക്ഷം രൂപയുടെ നവീകരണ പദ്ധതി' എന്ന പദ്ധതി നിലവിലില്ല.

(ബി & സി) ബാധകമല്ല.

## റോഡുകൾക്ക് കേന്ദ്ര ഫണ്ട്

2 (3705) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര റോഡുകൾക്ക് കേന്ദ്ര സർക്കാരിന്റെ 100 ശതമാനം വിഹിതം ലഭിച്ചിട്ടുണ്ട്; എത്ര കി.മീ. റോഡ് കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

2014-15 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ദേശീയ പാതയിൽ 100% കേന്ദ്ര വിഹിതം അനുവദിച്ച പദ്ധതികളുടെ വിവരങ്ങളും കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയ റോഡുകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രോണിക്സ് വിഭാഗം

3 (3706) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദമാക്കാമോ;

(ബി) ഇലക്ട്രോണിക്സ് വിഭാഗത്തിൽ സംസ്ഥാനത്ത് രണ്ടാമത് ഒരു ഡിവിഷൻ ആരംഭിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; രണ്ടാമതൊരു ഡിവിഷൻ സംസ്ഥാനത്ത് ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങളിലെ ഇലക്ട്രോണിക്സ് സംബന്ധമായ എല്ലാ പ്രവൃത്തികളും ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗമാണ്. വിവിധ സർക്കാർ ഓഫീസുകളിലെ EPABX സിസ്റ്റം, LAN, CCTV സിസ്റ്റം, പബ്ലിക് അഡ്രസ് സിസ്റ്റം മുതലായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് ചെയ്തുവരുന്നു. കേരള നിയമസഭയിലെ ഡിജിറ്റൽ ഇലക്ട്രോണിക്സ് സിസ്റ്റം, ഡിജിറ്റൽ EPABX, കോൺഫറൻസ് ഹാളുകളിലെ ശബ്ദ സംവിധാനം, സെക്രട്ടേറിയറ്റിലെ CCTV സിസ്റ്റം, കേരള ഹൈക്കോടതിയിലെ ഇലക്ട്രോണിക്സ് സംവിധാനങ്ങൾ, ഇറിഗേഷൻ വകുപ്പിനുവേണ്ടി ഡാം സർവ്വയലൻസ് സിസ്റ്റം ഇങ്ങനെ എല്ലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പുകൾക്കുവേണ്ടിയും പ്രവൃത്തികൾ ചെയ്യുന്നു. ഇവ കൂടാതെ മറ്റ് വകുപ്പുകളിലെ ഉപയോഗശൂന്യമായ ഉപകരണങ്ങൾ പരിശോധിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതും കേരളത്തിലെ എല്ലാ VVIP പരിപാടികൾക്കും ദൃശ്യ-ശബ്ദ സംവിധാനം സ്ഥാപിക്കുന്നതും ഈ വിഭാഗമാണ്.

(ബി) ഇലക്ട്രോണിക്സ് സംബന്ധമായ പ്രവൃത്തികൾ വളരെയധികം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ രണ്ടാമത് ഒരു ഡിവിഷൻകൂടി അത്യാവശ്യമായതിനാലാണ് ഭരണ സൗകര്യത്തിനായി രണ്ടാമത് ഒരു ഡിവിഷൻ ആരംഭിച്ചത്. മുൻകാലത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉണ്ടായിരുന്നുവെങ്കിലും ഇലക്ട്രോണിക്സ് ഡിവിഷൻ ആയിരുന്നില്ല. പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് ചീഫ് എഞ്ചിനീയറുടെ ടെക്നിക്കൽ അസിസ്റ്റന്റ് ആയിരുന്നു. എന്നാൽ ഇലക്ട്രോണിക്സ് പ്രവൃത്തികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സാമ്പത്തിക അധികാരത്തോടെ സ്വതന്ത്ര ചുമതലയോടെ ഇലക്ട്രോണിക്സ് ഡിവിഷൻ രൂപീകരിച്ചാലേ മുന്നോട്ടു പോകാൻ കഴിയൂ എന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് അത് നടപ്പിലായത്. അതിനായി നിലവിലെ തിരുവനന്തപുരം ഇലക്ട്രോണിക്സ് വിഭാഗത്തിനെ ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം ആക്കി മാറ്റുകയും രണ്ടാമതായി തൃശ്ശൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സബ് ഡിവിഷൻ ഓഫീസിനെ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഇലക്ട്രോണിക്സ് ഡിവിഷൻ തൃശ്ശൂർ ആക്കി മാറ്റുകയും ചെയ്തു. രണ്ടാമത്തെ ഡിവിഷന്റെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

(സി) ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും ഇപ്പോൾ ഭാഗികമായി ലഭ്യമാകുന്ന ഡിവിഷണൽ അക്കൗണ്ടന്റിന്റെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതുമാണ്. കൂടാതെ ഇലക്ട്രോണിക്സിന് പുതുതായി അനുവദിച്ച ശീർഷകത്തിൽ ആവശ്യത്തിന് ഫണ്ട് വകയിരുത്തി എല്ലാ ജീവനക്കാർക്കും ഇലക്ട്രോണിക്സ് മേഖലയിൽ മാറിവരുന്ന സാഹചര്യങ്ങൾ നേരിടാൻ പരിശീലനം നൽകുന്നതാണ്.

**പൊതുജന പരാതി പരിഹാര സെൽ**

4 (3707) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പൊതുജന പരാതി പരിഹാര സെല്ലിൽ 2017-ൽ എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ എത്ര പരാതികളിൽ പരിഹാരം കണ്ടു എന്നും അറിയിക്കാമോ;

(ബി) വകുപ്പുമന്ത്രിയോട് നേരിട്ട് പരാതികൾ അറിയിക്കുന്നതിനുള്ള സംവിധാനത്തിൽ ലഭിച്ച പരാതികളിൽ എത്രയെണ്ണം തീർപ്പാക്കിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ പൊതുജന പരാതി പരിഹാര സെല്ലിൽ 2017-ൽ 5056 പരാതികൾ ലഭിച്ചു. അവയിൽ 4387 പരാതികൾക്ക് പരിഹാരം കണ്ടു.

(ബി) പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട് 138 പരാതികൾ സ്വീകരിച്ചു. അതിൽ 124 പരാതികൾ തീർപ്പാക്കി.

## 2017-18-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

5 (3708) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും റോഡ്സ് വിഭാഗത്തിൽ ആകെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഇതിന് അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇങ്ങനെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ മണ്ഡലംതിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽനിന്നും ആകെ 189 പ്രവൃത്തികൾക്ക് 31809.17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## പൊതുമരാമത്ത് പദ്ധതികളിലെ ക്രമക്കേടുകളെക്കുറിച്ച് പരാതി

6 (3709) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പദ്ധതികളിലെ ക്രമക്കേടുകളെക്കുറിച്ച് പരാതി ഉയർന്നാൽ ഏത് ഏജൻസിയാണ് നിലവിൽ അന്വേഷണം നടത്തുന്നത് എന്ന് അറിയിക്കുമോ;

(ബി) ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം ശിപാർശ ചെയ്യാനുള്ള അധികാരം ജനകീയ സമിതികൾക്ക് നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിലവിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, ചീഫ് ടെക്നിക്കൽ എക്സാമിനർ, ധനകാര്യ പരിശോധനാ വിഭാഗം, പൊതുമരാമത്ത് വകുപ്പ് ആഭ്യന്തര വിജിലൻസ് വിഭാഗം എന്നീ നാല് ഏജൻസികളാണ് അന്വേഷണം നടത്തുന്നത്. ഏത് ഏജൻസിക്കാണോ പരാതി ലഭ്യമാകുന്നത് ആ ഏജൻസി മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു.

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചും സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചും 5-1-2018-ലെ ജി.ഒ. (എം.എസ്.) 01/2018/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം ജില്ലാതല സമിതികൾക്ക് വിജിലൻസ് അന്വേഷണത്തിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ്

7 (3710) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി 5-1-2018-ലെ സ.ഉ. (കൈ) നമ്പർ1/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ സമിതികൾ പ്രവൃത്തികൾ പരിശോധിക്കുകയും ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരായ ഏതൊരാൾക്കും ജില്ലാസമിതി മുമ്പാകെ നൽകാവുന്നതാണ്. പരിശോധനയ്ക്കുശേഷം സമിതിയുടെ ശിപാർശസഹിതം റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകുന്നതിനാണ് പ്രവർത്തന മാർഗ്ഗരേഖയിൽ ആവശ്യപ്പെടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

8 (3711) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധനാലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

(സി) ഗുണനിലവാര പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന കേസ്സുകളിൽ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three-Tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി സാമ്പിൾ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബിലെത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണുള്ളത്. ആയതിന്റെ പരിശോധനാഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിന്

സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

(സി) കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കംചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുവാനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാറുണ്ട്.

## പൊതുമരാമത്ത് നിർമ്മിതികൾ സംബന്ധിച്ച ഉത്തരവാദിത്വം

9 (3712) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ള പാലങ്ങൾ നവീകരിക്കുന്നതിനായിട്ടുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി ഈ വർഷത്തെ ബജറ്റിൽ എത്ര തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മിതികൾക്ക് ഒരു നിശ്ചിത കാലയളവിലേക്ക് കേടുപാടുണ്ടാകില്ല എന്ന് ഉറപ്പുവരുത്തുന്നതിനും അതിന്റെ ഉത്തരവാദിത്വം ഉദ്യോഗസ്ഥരിലും പ്രവൃത്തി ചെയ്യുന്ന കോൺട്രാക്ടർമാരിലും നിക്ഷിപ്തമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ള പാലങ്ങൾ നവീകരിക്കുന്നതിനായി ബജറ്റിൽനിന്നും ഫണ്ട് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണത്തിനായി 2018-19 ബജറ്റിൽ 5054-04-101-85 (P) എന്ന പുതിയ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ച് 82,000 രൂപയുടെ പ്രൊവിഷൻ നൽകിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ നിർമ്മിതികൾക്കും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് 31-8-2013-ലെ G.O. (Ms.) No.73/ 2013/PWD പ്രകാരം Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തിയിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചെലവിൽത്തന്നെ പരിഹരിക്കേണ്ടതാണ്. കൂടാതെ ഉദ്യോഗസ്ഥരുടെ പിഴവുമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്.

**കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ**

10 (3713) ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി ലോക ബാങ്ക് എത്ര തുകയാണ് വായ്പയായി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(സി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും ഇതിനകംതന്നെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ പദ്ധതി തുക 2403 കോടി രൂപയാണ് (445 മില്യൻ ഡോളർ). ഇതിൽ ലോകബാങ്ക് വായ്പാ തുക 1166 കോടി രൂപ (216 മില്യൻ ഡോളർ) ആണ്.

(ബി) ഭൂമി ഏറ്റെടുക്കൽ 99%-വും പൂർത്തിയായിട്ടുണ്ട്. ചെറിയ പ്രശ്നങ്ങളുള്ള ഭാഗങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

(സി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ ലോൺ കാലാവധി 2019 ഏപ്രിൽ 30 ആണ്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട പുനലൂർ-പൊൻകുന്നം റോഡ് ഒഴികെ എല്ലാ പ്രവൃത്തികളും 2018-ൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാർ

റദ്ദാക്കിയതിനെത്തുടർന്ന് 2016-17-ൽ തുടങ്ങിയ തലശ്ശേരി-വളവുപാറ റോഡും കഴക്കൂട്ടം-അടൂർ മാതൃകാ റോഡ് സുരക്ഷാ പദ്ധതിയും ഒഴികെ എല്ലാ പ്രവൃത്തികളും അന്തിമഘട്ടത്തിലാണ്. അവലോകന യോഗങ്ങൾ കൂടി കൺസൾട്ടൻസിക്കും കോൺട്രാക്ടർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പുനലൂർ-പൊൻകുന്നം റോഡുനിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കുവാൻ പ്രയാസമാണെന്നും മറ്റുമുള്ള കാരണത്താൽ ലോകബാങ്ക് അനുമതി നൽകിയില്ല. അതിനുപകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോകബാങ്ക് അഭിപ്രായപ്പെട്ടതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ലോൺ കാലാവധി 31-12-2019 വരെ നീട്ടേണ്ടതായും വരും. ആയതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഏതാണ്ട് ഉപേക്ഷിച്ച മട്ടിലായിരുന്ന കെ.എസ്.ടി.പി. പദ്ധതി. നിരന്തരമായ ഇടപെടലിന്റെയും ലോകബാങ്കുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും നിരന്തരമായി നടത്തിയ ചർച്ചയുടെയും ഫലമായിട്ടാണ് ഇപ്പോൾ ഈ സാദ്ധ്യത തെളിഞ്ഞു വന്നിട്ടുള്ളത്. കൂടാതെ തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിൽ നിലവിലെ ഭൂപ്രകൃതി അനുസരിച്ച് ഡിസൈൻ മാറ്റേണ്ടി വന്നപ്പോൾ അംഗീകരിച്ച കരാർ തുകയിൽനിന്നും കൂടുതൽ വേണ്ടി വന്നതിനാൽ പദ്ധതി കരാറുകാരൻ നിർത്തിവയ്ക്കുകയും സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരപ്രകാരം കരാർ റദ്ദാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ബാലൻസ് പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതികവിദ്യ**

11 (3714) <u>ശ്രീ. എസ്. ശർമ്മ :</u>

<u>ശ്രീ. എം. രാജഗോപാലൻ :</u>

<u>ശ്രീ. ഐ. ബി. സതീഷ് :</u>

<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് നിലവിൽ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ ഗുണനിലവാരം ദീർഘകാലം നിലനിൽക്കുന്നതിന് കേരളത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ ശ്രദ്ധ പുലർത്തിയിട്ടുണ്ടോ;

(സി) റോഡ് നിർമ്മാണത്തിന് നൂതനമായിട്ടുള്ള കോൾഡ് റീസൈക്ലിംഗ് ടെക്നോളജി, നാച്വറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ, ഷ്രെഡഡ് പ്ലാസ്റ്റിക് മിക്സ്ഡ് ബിറ്റുമിൻ തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി തുടങ്ങിയിട്ടുണ്ടോ;

(ഡി) റോഡ് നിർമ്മാണത്തിന് കരാർ നൽകുമ്പോൾത്തന്നെ നിശ്ചിത കാലത്തേയ്ക്ക് മെയിന്റനൻസ് നടത്തുന്നതിനുള്ള ബാധ്യത കരാറുകാരനിൽ നിക്ഷിപ്തമാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് നിലവിൽ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെകീഴിൽ പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം, N.R.M.B (Natural Rubberized Modified Bitumen), റോഡിന്റെ അടിത്തറയ്ക്ക് ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് അടിത്തറ ബലപ്പെടുത്തൽ എന്നീ സാങ്കേതികവിദ്യകൾ നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ ഗുണനിലവാരം ദീർഘകാലം നിലനിൽക്കുന്നതിന് കേരളത്തിന്റെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് നടത്തിവരുന്നത്.

ദേശീയപാതാ വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവയിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ റോഡ് നിർമ്മാണത്തിന് നാച്വറൽ റബ്ബറൈസ്ഡ് മോഡിഫൈഡ് ബിറ്റുമിൻ (N.R.M.B), ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് എന്നിവ ഉപയോഗിക്കുന്നുണ്ട്. റോഡ് നിർമ്മാണത്തിനായി കോൾഡ് റീസൈക്ലിംഗ് ടെക്നോളജി നടപ്പാക്കുന്നത് പരിഗണിക്കുന്നതാണ്.

അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയ പാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാദ്ധ്യമാകും. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 11-01-2018-ലെ RW/NH-33044/10/2002/S&R(R) നമ്പർ സർക്കുലർ പ്രകാരം മില്ലിംഗ് ആന്റ് റീസൈക്ലിംഗ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ മംഗലപുരം വരെയുള്ള ദേശീയപാത 47-ന്റെ റീസർഫസിംഗ് നടത്തുന്നതിനാവശ്യമായ നടപടികൾ എടുത്തുവരുന്നു. റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ എന്നിവ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിനും റോഡ് നിർമ്മാണത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) റോഡ് നിർമ്മാണത്തിന് കരാർ നൽകുമ്പോൾത്തന്നെ നിശ്ചിത കാലത്തേയ്ക്ക് മെയിന്റനൻസ് നടത്തുന്നതിനുള്ള ബാദ്ധ്യത കരാറുകാരനിൽ നിക്ഷിപ്തമാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 31-08-2013-ലെ സ.ഉ.(കൈ.) നമ്പർ 731/2013/ പൊ.മ.വ. പ്രകാരം ഡിഫക്ട് ലയബിലിറ്റി പീരീഡ് നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രസ്തുത പ്രവൃത്തികളിൽ വരുന്ന കേടുപാടുകൾ അതാത് കരാറുകാർ അവരുടെ ചെലവിൽ പരിഹരിക്കുന്നതാണ്.

ദേശീയപാതാ വിഭാഗത്തിൽ ബി.എം.&ബി.സി. വർക്കുകൾക്ക് ഡിഫക്ട് ലയബിലിറ്റി പീരീഡ് മൂന്ന് വർഷവും കൂടാതെ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കോൺട്രാക്ട് (EPC) വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് നാല് വർഷവുമാണ്. റോഡുകളുടെയും പാലങ്ങളുടെയും മറ്റു നിർമ്മിതികളുടെയും നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം നിശ്ചിത കാലാവധിക്കുള്ളിൽ (ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുള്ളിൽ) വരുന്ന തകരാറുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കുവാൻ നിർമ്മാണക്കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ കരാറുകാരൻ പാലിക്കപ്പെടാത്തപക്ഷം അറ്റകുറ്റപ്പണികൾക്ക് ചെലവാകുന്ന തുക കരാറുകാരനിൽനിന്നും ഈടാക്കാറുണ്ട്.

**സൈൻ ബോർഡുകൾ മറയുന്ന രീതിയിൽ പരസ്യ ബോർഡുകൾ**

12 (3715) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന, ദേശീയ പാതകളിൽ സൈൻ ബോർഡുകൾ മറയുന്ന രീതിയിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് അപകടം വർദ്ധിപ്പിക്കുന്നതിന് ഇടവരുത്തുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ ഇത്തരം നടപടി ഒഴിവാക്കുന്നതിലേക്ക് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൈൻ ബോർഡുകൾ മറയുന്ന രീതിയിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് വാഹനങ്ങളിലെ ഡ്രൈവർമാരുടെ ശ്രദ്ധ മാറ്റുകയും റോഡ് സുരക്ഷാ സന്ദേശം ലഭിക്കാതിരിക്കുകയും ചെയ്യുന്നു. ഇത് അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു. ഇന്ത്യൻ റോഡ് കോൺഗ്രസ്സ് കോഡ് 46: 1972 മാനദണ്ഡമനുസരിച്ച് ജംഗ്ഷനുകൾ, പാലങ്ങൾ എന്നിവ 100 മീറ്റർ പരിധിയിലും എതിരെ വരുന്നതും കൂടിച്ചേരുന്നതുമായ വാഹനങ്ങളുടെ കാഴ്ച മറയ്ക്കുന്ന തരത്തിലോ ഗതാഗത ഉപരിതലത്തിന്റെ അരികിൽനിന്നും 10 മീറ്ററിനകത്തോ പരസ്യബോർഡുകൾ അനുവദനീയമല്ല.

(സി) കേരള പൊതുമരാമത്ത് വകുപ്പ് റോഡിലോ പരിസരത്തോ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നില്ല. ഇന്ത്യൻ റോഡ് കോൺഗ്രസ്സ് കോഡ് 46: 1972 മാനദണ്ഡമനുസരിച്ച് ജംഗ്ഷനുകൾ, പാലങ്ങൾ

എന്നിവ 100 മീറ്റർ പരിധിയിലും എതിരെ വരുന്നതും കൂടിച്ചേരുന്നതുമായ വാഹനങ്ങളുടെ കാഴ്ചമറയ്ക്കുന്ന തരത്തിലോ ഗതാഗത ഉപരിതലത്തിന്റെ അരികിൽ നിന്നും 10 മീറ്ററിനകത്തോ പരസ്യബോർഡുകൾ അനുവദനീയമല്ല. അനുവാദമില്ലാതെ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഹൈവേ അതോറിറ്റിക്ക് (എക്സിക്യൂട്ടീവ് എഞ്ചിനീയർ) അധികാരം നൽകുന്നുണ്ട്. അവ നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

## സ്മാർട്ട് റോഡ് പദ്ധതി

13 (3716) ശ്രീ. പി. വി. അൻവർ:

ശ്രീ. വി. ജോയി:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഘട്ടംഘട്ടമായി സ്മാർട്ട് റോഡ് പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയതോ നടന്നുവരുന്നതോ ആയ പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത റോഡുകളുടെ നിർമ്മാണ സവിശേഷതകൾ അറിയിക്കാമോ;

(ബി) കെ.എസ്.ടി.പി. റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാന പാതകളുടെയും ജില്ലാ റോഡുകളുടെയും നിർമ്മാണത്തിന് ബി.എം&ബി.സി. രീതി ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള റോഡുനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) സ്മാർട്ട് റോഡ് പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ പദ്ധതികൾ ഒന്നും നടപ്പാക്കുന്നില്ല.

(ബി) കെ.എസ്.ടി.പി. റോഡുകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാന പാതകളുടെയും ജില്ലാ റോഡുകളുടെയും നിർമ്മാണം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം നാളിതുവരെ 643.57 കി.മീ. ദൂരം ബി.എം. & ബി.സി. രീതിയിൽ നിർമ്മിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി ഫുട്പാത്ത് നിർമ്മാണം

14 (3717) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൽനടയാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ പല തിരക്കുള്ള ജംഗ്ഷനുകളിലും ഫുട്പാത്തുകൾ ഇല്ലാത്തതിനാൽ കാൽനടയാത്രക്കാർ നിരന്തരമായി അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുന്നതിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോ;

(സി) റോഡ് നിർമ്മാണത്തോടൊപ്പം ഫുട്പാത്ത് നിർമ്മാണത്തിനും കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകളുടെ ഹൈവേ അതോറിറ്റിയായി അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സൗകര്യത്തിനായി റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തി, സീബ്രാ ക്രോസിംഗുകൾ, സൈൻ ബോർഡുകൾ, ഫുട്പാത്തുകൾ, ഹാൻഡ് റെയിലുകൾ, ട്രാഫിക് സിഗ്നലുകൾ എന്നിവയും കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ട് നേരിടാതിരിക്കാൻ ആവശ്യമായിടത്ത് പാർക്കിംഗ് ഒഴിവാക്കുന്നതിന് 'No Parking' സൈൻ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ റോഡ് സുരക്ഷ എത്രയോ തരംതാഴ്ന്നതാണ്. കയ്യേറ്റമാണ് നടത്തുന്നത്. ഇത് പരിഹരിക്കുവാൻ പോലീസ്, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ വലിയ സഹായം വേണം. ഇതിനായി എപ്പോഴും പരിശ്രമിച്ചുവരുന്നു.

(ബി&സി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള തിരക്കേറിയ റോഡുകൾക്ക് ഇരുവശവും നടപ്പാതകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിൽ

തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നൽകിയിട്ടുണ്ട്. കെ.എസ്.ടി.പി. സിറ്റി റോഡ് ഡെവലപ്മെന്റ് പദ്ധതി പോലുള്ള വൻകിട പദ്ധതികളിൽ നടപ്പാതകൾ ഉൾപ്പെടുത്തി നിർമ്മാണം നടത്തിവരുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻപ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. നിലവിലെ ദേശീയപാതകൾ നാലുവരിയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനടയാത്രക്കാരുടെ സുരക്ഷയും ഉറപ്പുവരുത്തുന്നതാണ്.

**ദേശീയ പാത നാലുവരിയാക്കുന്നതിലുണ്ടായ പുരോഗതി**

15 (3718) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയ പാത നാലുവരി ആക്കുന്ന പ്രവർത്തനത്തിൽ വന്ന പുരോഗതി വിശദമാക്കാമോ;

(ബി) കണ്ണൂർ - കാസർഗോഡ് ജില്ലകളിൽ ഇതിന്റെ ഭാഗമായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കണമെന്നറിയിക്കാമോ; അതിൽ ഇതുവരെ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ദേശീയപാത 17-ഉം 47-ഉം സർവ്വീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിലെ (എൻ.എച്ച്.എ.ഐ.) ഉദ്യോഗസ്ഥരുമായി നിരവധി തവണ കൂടിക്കാഴ്ചകൾ നടത്തി. അങ്ങനെ മുടങ്ങിക്കിടന്നിരുന്ന ദേശീയ പാത 17-ന്റെയും 47-ന്റെയും നാലു വരിപ്പാത വികസന നടപടി ത്വരിതപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് ഈ ദേശീയപാതകളുടെ അലൈൻമെന്റിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തി സർവീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി 45 മീറ്ററിൽത്തന്നെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തു. അതനുസരിച്ച് പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെടുകയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യമായ പരിഷ്കാരങ്ങൾ ഡി.പി.ആർ.ൽ ഏറ്റെടുക്കുകയും ചെയ്തുവരുന്നു.

(ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരം കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ ദേശീയപാത പഴയ എൻ.എച്ച്.17 കി.മീ. 17/200 (തലപ്പാടി) മുതൽ കി.മീ. 88/00 (അഴിയൂർ) വരെ ആകെ 734.605 ഹെക്ടർ സ്ഥലം ആവശ്യമാണ്. അതിൽ 364.819 ഹെക്ടർ സ്ഥലം കൈവശമുണ്ട്. ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്ക് കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള നോട്ടിഫിക്കേഷൻ വിവിധ ഘട്ടങ്ങളിലാണ്.

(സി) സ്ഥലമെടുപ്പിന്റെ 3(D) നോട്ടിഫിക്കേഷൻ മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കാനാകുമെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്.

**ദേശീയപാതയോരത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം**

16 (3719) <u>ശ്രീ. കെ. സി. ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോരത്ത് വീടുകളടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കേന്ദ്ര റോഡ് ഗതാഗത ദേശീയ പാത മന്ത്രാലയത്തിന്റെ (മോർത്ത്) എതിർപ്പില്ലാ രേഖ സമർപ്പിച്ചാൽ മാത്രമേ ദേശീയ പാതയോരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂവെന്ന സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) ദേശീയ പാതയിൽനിന്ന് എത്ര മീറ്റർ അകലം വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണം കൊണ്ടുവന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) മോർത്തിന്റെ എൻ.ഒ.സി. ലഭിക്കുവാൻ അപേക്ഷാ ഫീസായി എന്ത് തുകയാണ് അടയ്ക്കേണ്ടതെന്നും സംസ്ഥാനത്ത് എൻ.ഒ.സി. നൽകുവാൻ ആരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാതയുടെ സമീപം വീടുകളടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. എന്നാൽ സ്ഥലം ഉടമയ്ക്ക് ദേശീയപാതയിലേയ്ക്ക് പ്രവേശന അനുമതി (access permission) സാദ്ധ്യമാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നിയമിച്ചിരിക്കുന്ന ഹൈവേ അഡ്മിനിസ്ട്രേഷനിൽനിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. ആയത് ഹൈവേ അഡ്മിനിസ്ട്രേഷൻ റൂൾ 2004-ഉം നാഷണൽ ഹൈവേ (ലാൻഡ് & ട്രാഫിക്) ആക്ട് 2002-ഉം പ്രകാരമാണ്. നിലവിൽ കേരളത്തിലെ ദേശീയ പാതകളുടെ അഡ്മിനിസ്ട്രേറ്ററായി റീജിയണൽ ഓഫീസർ, മോർത്ത്, തിരുവനന്തപുരത്തിനെയാണ് നിയമിച്ചിട്ടുള്ളത്. സ്വകാര്യ ഭൂമിയിലേയ്ക്കും ഇന്ധന വിതരണ കേന്ദ്രത്തിലേയ്ക്കുമുള്ള പ്രവേശന അനുമതി കേന്ദ്ര മന്ത്രാലയത്തിന്റെ 24-7-2013-ലെ RW/NH-33023/19/99-DO-III ഉത്തരവ് പ്രകാരമാണ്.

(സി) ദേശീയപാതയിൽനിന്നും എത്ര മീറ്റർ അകലം പാലിക്കണമെന്ന് നിശ്ചയിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തെ ജനസാന്ദ്രതയും വാഹന സാന്ദ്രതയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ദേശീയപാതയുടെ വികസനവുംകൂടി കണക്കിലെടുത്താണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകാറുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള ബിൽഡിംഗ് റൂളുകളനുസരിച്ച് അനുവാദം നൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

(ഡി) കേരളത്തിലെ ദേശീയപാതകളുടെ അഡ്മിനിസ്ട്രേറ്ററായി റീജിയണൽ ഓഫീസർ, മോർത്ത്, തിരുവനന്തപുരത്തിനെയാണ് നിയമിച്ചിട്ടുള്ളത്. സ്വകാര്യ ഭൂമിയിലേയ്ക്കും ഇന്ധന വിതരണ കേന്ദ്രത്തിലേയ്ക്കുമുള്ള പ്രവേശനം കേന്ദ്ര മന്ത്രാലയത്തിന്റെ 24-7-2013-ലെ RW/NH-33023/19/99-DO-III പ്രകാരമാണ് എൻ.ഒ.സി. നൽകുന്നത്. ആയതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചുള്ള ഫീസ് അടയ്ക്കേണ്ടതുണ്ട്. ആയത് എല്ലാ വർഷവും പുതുക്കി നിശ്ചയിക്കാറുണ്ട്.

## കിഫ്ബി ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണം

17 (3720) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള റോഡുകളുടെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് നവീകരണ പ്രവൃത്തികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച കൺസൾട്ടൻസി കരാറുകാർക്ക്/സ്ഥാപനങ്ങൾക്ക് പ്രതിഫലം നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുമോ;

(സി) കേരളാ റോഡ് ഫണ്ട് ബോർഡിന് അനുവദിച്ചിട്ടുള്ള സെന്റേജ് ചാർജ് വിതരണം ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെകീഴിൽ വരുന്ന 174 റോഡ് പ്രവൃത്തികളിൽ 115 റോഡ് പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ഇതിൽ 100 റോഡുകളുടെ പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതും 43 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. ബാക്കിയുള്ള 59 പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2017-18 സാമ്പത്തിക വർഷം കിഫ്ബി ഫണ്ടുപയോഗിച്ചുള്ള 180 റോഡ് പ്രവൃത്തികളിൽ ഒരെണ്ണത്തിന്റെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി മുഖേന നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെകീഴിൽ വരുന്ന മലയോര ഹൈവേയുടെ ഒന്നാംഘട്ടത്തിലുള്ള 26 പ്രവൃത്തികളിൽ 20 എണ്ണത്തിന്റെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ നാല് പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൻകീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) ഉണ്ട്. ചില ഏജൻസികൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ പുന:പരിശോധിക്കേണ്ടതായി വന്നിട്ടുള്ളതിനാൽ ടി കരാറുകാർക്ക് പ്രതിഫലം നൽകുന്നതിനുള്ള താമസം നേരിട്ടിട്ടുണ്ട്. അവ പരിശോധിച്ച് ഉടൻതന്നെ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ പ്രതിഫലം നൽകുന്നത് കേരള റോഡ് ഫണ്ട് ബോർഡിന് അനുവദിച്ചിട്ടുള്ള സെന്റേജ് ചാർജിൽ നിന്നാണ്. മുകളിൽ പരാമർശിച്ചിട്ടുള്ളതുപോലെ റിപ്പോർട്ടുകൾ പുനഃപരിശോധിക്കേണ്ടതായി വന്നിട്ടുള്ളതിനാൽ കരാറുകാർക്ക് പ്രതിഫലം നൽകുന്നതിനുള്ള സെന്റേജ് ചാർജ് വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷന്റെ കാലതാമസം പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നുവെങ്കിലും പദ്ധതികൾ എല്ലാം നടപ്പാക്കുകതന്നെ ചെയ്യും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് ഇലക്ട്രിക്കൽ വിംഗിന്റെ നടപടിക്രമങ്ങളിലെ കാലതാമസം

18 (3721) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികൾ, ഇലക്ട്രിക്കൽ വിംഗിന്റെ നടപടിക്രമങ്ങളിലെ കാലതാമസം കാരണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിലേക്കായി തടസ്സങ്ങൾ ദൂരീകരിക്കാൻ വേണ്ട കർശന നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ & ബി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇലക്ട്രിക്കൽ വിംഗിലെ ജീവനക്കാരുടെ അപര്യാപ്തതമൂലം അപൂർവ്വം ചില പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇലക്ട്രിക്കൽ വിംഗിന്റെ ശാക്തീകരണത്തിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എല്ലാ കെട്ടിട വിഭാഗം/വൈദ്യുതി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും വൈദ്യുതീകരണ പ്രവൃത്തികൾ സിവിൽ പ്രവൃത്തികളോടൊപ്പം ഏകോപിപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സിവിൽ പ്രവൃത്തികളോടൊപ്പംതന്നെ ഇലക്ട്രിക്കൽ പ്രവൃത്തികളും നടപ്പാക്കാൻവേണ്ടി ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 12-05-2017-ൽ ഒരു പരിപത്രം മുഖേന കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം

19 (3722) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മന്ദിരങ്ങളുടെ നിർമ്മാണം പൂർത്തിയായതിനു ശേഷവും ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം

കാരണം പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിക്കാൻ കഴിയാതെ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതീകരണ പ്രവൃത്തികൾ സിവിൽ പ്രവൃത്തികളോടൊപ്പംതന്നെ പൂർത്തീകരിക്കാനും സിവിൽ - വൈദ്യുതി പ്രവൃത്തികൾ ഏകോപിപ്പിക്കുവാനുമുള്ള കർശന നിർദ്ദേശം കെട്ടിട വിഭാഗം/ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളിൽ സിവിൽ പ്രവൃത്തികളോടൊപ്പംതന്നെ വൈദ്യുതീകരണ പ്രവൃത്തികളും ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. വയറിംഗ് നടപടികൾ സിവിൽ പ്രവൃത്തികളോടൊപ്പം പൂർത്തിയാക്കുന്നതിന് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 12-5-2017-ൽ പരിപത്രം ഇറക്കിയിട്ടുണ്ട്.

**മാടായി റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം**

20 (3723) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഴിമല നേവൽ അക്കാദമി, വയലപ്ര, ചൂട്ടാട് ടൂറിസം പദ്ധതികൾ, മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതി, ധാരാളം ഭക്തജനങ്ങൾ എത്തിച്ചേരുന്ന മാടായിക്കാവ് ക്ഷേത്രം എന്നിവയുടെ സാമീപ്യം കണക്കിലെടുത്ത്, കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി പൊതുമരാമത്ത് റസ്റ്റ് ഹൗസ് നവീകരിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള മാടായി റസ്റ്റ് ഹൗസിൽ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികളും അതുപോലെ ഇപ്പോഴുള്ള റസ്റ്റ് ഹൗസ് നിലനിർത്തി, ബാക്കി സ്ഥലത്ത് ആർക്കിടെക്ചറൽ പ്ലാൻ ലഭ്യമാക്കി പുതിയ കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## വിശ്രമ കേന്ദ്രങ്ങളുടെ നവീകരണം

21 (3724) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള വിശ്രമ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണിക്ക്/നിർമ്മാണത്തിനായി ഈ സർക്കാർ എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2016-17-ൽ റസ്റ്റ് ഹൗസുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 10.18 കോടി രൂപയ്ക്ക് 12 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നു. അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. 2017-18 ബജറ്റിൽ "4059-01-051-86 പൊതുമരാമത്ത് പ്രവൃത്തികൾ" എന്ന ശീർഷകത്തിൽ 28.93 കോടി രൂപ വകയിരുത്തിയിരുന്നു. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും പുതിയ നിർമ്മാണത്തിനുമായി 13 പ്രവൃത്തികൾക്ക് 34.88 കോടി രൂപയുടെ ഭരണാനുമതിയും "2059-01-051-86" എന്ന ശീർഷകത്തിൽ 93.85 ലക്ഷം രൂപയുടെ മൂന്ന് പ്രവൃത്തികൾക്കും 2059-60-051-86" എന്ന ശീർഷകത്തിൽ 116.52 ലക്ഷം രൂപയുടെ അഞ്ച് പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. അവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. ബജറ്റിൽ റസ്റ്റ് ഹൗസ് പ്രവൃത്തികൾക്കായി പ്രത്യേക ശീർഷകം നിലവിലില്ല. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും പുതിയ നിർമ്മാണത്തിനുമായുള്ള തുക "4059-01-051-86" , " 4059-60-051-86" എന്നീ ശീർഷകങ്ങളിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2018-19 ബജറ്റിൽ "4059-01-051-86" എന്ന ശീർഷകത്തിൽ 27.70 കോടി രൂപയും "4059-60-051-86" NP എന്ന ശീർഷകത്തിൽ 2.0 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2018-19-ലേയ്ക്ക് റസ്റ്റ് ഹൗസുകളുടെ പുതിയ നിർമ്മാണത്തിനും നവീകരണത്തിനുമായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി കിഫ്ബിയിൽ പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ചാലക്കുടി റസ്റ്റ് ഹൗസ് അപ്ഗ്രേഡ് ചെയ്യാൻ നടപടി

22 (3725) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ നവീകരണവും പുതിയ കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തിയാക്കി കൂടുതൽ സൗകര്യമൊരുക്കിയെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി റസ്റ്റ് ഹൗസ് അപ്ഗ്രേഡ്ചെയ്ത് കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

ചാലക്കുടി പൊതുമരാമത്ത് റസ്റ്റ് ഹൗസ് അപ്ഗ്രേഡ്ചെയ്ത് കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിഗണനയിലാണ്.

### പാലക്കാട് റസ്റ്റ് ഹൗസിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ

23 (3726) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പാലക്കാട് പി. ഡബ്ള്യു. ഡി. റസ്റ്റ് ഹൗസിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; തുടർനവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പാലക്കാട് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ കിച്ചൺ ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രത്യേക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി മൂന്ന് ലക്ഷം രൂപയുടെ രണ്ട് പ്രവൃത്തികൾ നടന്നുവരുന്നു. 42 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തുടർ നവീകരണ പ്രവർത്തനങ്ങൾ അത്യാവശ്യമായി വരുന്നപക്ഷം ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### പിലാത്തറ-പാപ്പിനിശ്ശേരി റോഡ്

24 (3727) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി റോഡ്, താവം റെയിൽവേ മേൽപ്പാലം, രാമപുരം പാലം എന്നിവയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെട്ട പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ നീട്ടിക്കൊടുത്ത പൂർത്തീകരണ കാലാവധി 31-3-2018 ആണ്. പ്രസ്തുത റോഡ് പ്രവൃത്തി 4 കി.മീ. ഒഴികെ പൂർത്തിയായിട്ടുണ്ട്. താവം റെയിൽവേ മേൽപ്പാലത്തിന്റെ ഒരു സ്പാൻ ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡും അനുബന്ധ പ്രവൃത്തികളും നടന്നുവരുന്നു. രാമപുരം പാലത്തിന്റെ അപ്രോച്ച് റോഡുകളിൽ ഒരു ഭാഗത്തിന്റെ പ്രവൃത്തികൾ പൂർത്തിയായി. അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു. എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാരനും കൺസൾട്ടൻസിക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നീട്ടിക്കൊടുത്ത തീയതി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ ചട്ടപ്രകാരം എടുക്കാവുന്ന നടപടികൾക്കായി നോട്ടീസ് നൽകുന്നതാണ്. വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ എഞ്ചിനീയർമാരോടും വിശദീകരണം തേടുന്നതാണ്.

**കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകാനുണ്ടായ കാലതാമസം**

25 (3728) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡിവിഷൻ, കാഞ്ഞിരപ്പള്ളി സബ് ഡിവിഷൻ, വാഴൂർ സെക്ഷൻ പരിധിയിലുള്ള ചാമംപതാൽ - തെക്കേത്തുകവല എന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃർത്തിക്കുള്ള ഭരണാനുമതി നൽകിയ തിയതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ച തീയതി അറിയിക്കുമോ; എന്നാണ് ടെണ്ടർ പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) കരാറുകാരൻ ടെണ്ടർ വിളിച്ചെടുത്ത തിയതി എന്നാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കരാറുകാരന് സെലക്ഷൻ ലെറ്റർ കൊടുത്ത തിയതി വെളിപ്പെടുത്തുമോ;

(ഇ) സെലക്ഷൻ നോട്ടീസ് കൊടുക്കാൻ പത്ത് മാസത്തോളം കാലതാമസം വരുത്തിയ സൂപ്രണ്ടിങ് എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 14-2-2017-നാണ് ഭരണാനുമതി നൽകിയത്.

(ബി) സാങ്കേതികാനുമതി നൽകിയ തീയതി - 23-3-2017

ടെണ്ടർ പ്രസിദ്ധീകരിച്ച തീയതി - 27-3-2017

(സി) ടെണ്ടർ വിളിച്ചെടുത്ത തീയതി - 17-04-2017

(ഡി) സെലക്ഷൻ ലെറ്റർ കൊടുത്ത തീയതി - 05-02-2018

(ഇ) 17-7-2017-ൽ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ എൽ.എം.ആർ. തുക അംഗീകരിക്കുകയും 9-8-2017-ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. ടെണ്ടർ പ്രസിദ്ധീകരിച്ച സമയത്തെ എൽ.എം.ആർ. പ്രകാരമാണ് ടെണ്ടറിന് അംഗീകാരം നൽകിയത്. എന്നാൽ അംഗീകരിച്ച തുക ക്വാട്ട് ചെയ്ത തുകയേക്കാൾ കുറവായതിനാലും ക്ലോസ് ഗ്രേഡ് ചിപ്പിംഗ് പ്രവൃത്തി ഉള്ളതിനാലും കരാറുകാരൻ എഗ്രിമെന്റ് വച്ചില്ല. ആയതിനാൽ ടെണ്ടർ ഓപ്പണിംഗ് സമയത്തെ എൽ.എം.ആർ. തുക പ്രകാരം ടെണ്ടറിന് പുനരംഗീകാരം നൽകി, 5-2-2018-ൽ കരാറുകാരന് വീണ്ടും സെലക്ഷൻ നോട്ടീസ് നൽകി. ഇതുപ്രകാരം 15-2-2018-ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും സെലക്ഷൻ നോട്ടീസ് കൊടുക്കാൻ കാലതാമസം ഉണ്ടായിട്ടില്ല.

**ബൈപ്പാസ് നിർമ്മാണമേഖലയിലെ സുരക്ഷാ സംവിധാനങ്ങൾ**

26 (3729) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ബൈപ്പാസ് നിർമ്മാണം നടക്കുന്ന തിരുവല്ലം മുതൽ കോവളം വരെയുള്ള ഭാഗത്ത് റോഡിൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻകരുതലുകൾ ഒരുക്കാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അപകടങ്ങൾക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കുവാൻ ഇനിയും സമയമെടുക്കുമെന്നതിനാൽ പ്രസ്തുത ഭാഗങ്ങളിൽ താല്ക്കാലിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) അപകടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള തിരുവനന്തപുരം ബൈപ്പാസ് നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് നിർവ്വഹിക്കുന്നത്. നിർമ്മാണ പ്രവൃത്തി നടന്നുവരികയാണ്. ഇ.പി.സി. വ്യവസ്ഥയിൽ ഈ പദ്ധതി നടപ്പിലാക്കുവാനുള്ള അതോറിറ്റി എഞ്ചിനീയറും റോഡ് സുരക്ഷാ ഉദ്യോഗസ്ഥരും സൈറ്റ് സന്ദർശിച്ച് അപകടസൂചന ബോർഡുകൾ സ്ഥാപിച്ച് റോഡ് ഉപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്ന രീതിയിലുള്ള റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അപകടം പരമാവധി ഒഴിവാക്കാൻ കൂടുതൽ സൈൻ ബോർഡുകൾ, മുന്നറിയിപ്പ് ബോർഡുകൾ (caution Board) തുടങ്ങിയവ സ്ഥാപിക്കുമെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്.

**റോഡിന് സാങ്കേതികാനുമതി നൽകുന്നതിനുണ്ടായ കാലതാമസം**

27 (3730) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശോഭന ക്ലബ്ബ് പഴയിടം എന്ന റോഡിന്റെ അറ്റകുറ്റപ്പണി സംബന്ധിച്ച പ്രൈസ് നമ്പർ 2016/3670 എന്ന ഫയലിന്റെ ഫയൽ ഹിസ്റ്ററി പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്; വ്യക്തമാക്കാമോ; സാങ്കേതികാനുമതി നൽകുന്നതിനുണ്ടായ കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) ഭാവിയിൽ ഇത്തരം കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഫയൽ ഹിസ്റ്ററി പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) 16-3-2017-ലെ സ.ഉ.(കൈ.) നമ്പർ 18/2017/പൊ.മ.വ. പ്രകാരം 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം എസ്റ്റിമേറ്റ് സമർപ്പിക്കുമ്പോൾ പരിശോധനയ്ക്കും ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും പിന്നീട് തിരികെ സമർപ്പിക്കുന്നതിനും ഉണ്ടായിട്ടുള്ള കാലതാമസമാണ് ഈ വിഷയത്തിൽ സംഭവിച്ചിട്ടുള്ളത്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ അപാകതകൾ ഒഴിവാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരുമല-തൃക്കണ്ണാപുരം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

28 (3731) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡ് പണിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വർക്കുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏത് വർഷത്തിലാണ് ആരംഭിച്ചതെന്നും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി 2018-19 വർഷത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ; പ്രസ്തുത പ്രവൃത്തി എത്ര മാസംകൊണ്ട് പൂർത്തീകരിക്കാൻ കഴിയും;

(ഡി) ഈ റോഡുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിൻമേൽ എടുത്ത നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തിരുമല-തൃക്കണ്ണാപുരം റോഡ് നിർമ്മാണ പ്രവൃത്തികൾ നിലവിൽ ആരംഭിച്ചിട്ടില്ല. നേമം നിയോജക മണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡ് വികസനത്തിനായി തിരുമല മുതൽ തൃക്കണ്ണാപുരം പാലം വരെ 274.91 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 18-10-2005-ലെ സ.ഉ.(സാധാ.)നമ്പർ 949/2005/ പൊ.മ.വ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 211.41 ആർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി വരുന്ന 63.50 ആർ സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതുണ്ട്. 5-3-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 1200/13/ആർ.ഡി. പ്രകാരം 76 കോടി രൂപ ഇതിനായി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പ് ഇനി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിലയ്ക്ക് ആധാരമായി 5% കണ്ടിൻജൻസി ചാർജ് ഭരണാനുമതി തുകയിൽനിന്ന് ചെലവാക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലം (63.5 ആർ) റവന്യൂ വകുപ്പ് ഏറ്റെടുത്ത് കൈമാറുന്നമുറയ്ക്ക് റോഡ് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പരാതികൾ നിലവിലുണ്ട്. പരാതികൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടന്നുവരുന്നു.

(ഇ) ഇല്ല. 63.5 ആർ ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്ത് കൈമാറേണ്ടതുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതിനായി തിരുമല മുതൽ തൃക്കണ്ണാപുരം വരെ നിലവിലുള്ള കട ഉടമകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. നഷ്ടപരിഹാരത്തുക കൈമാറി സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നമുറയ്ക്ക് മാത്രമേ റോഡ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## കോന്നി ബൈപ്പാസിന്റെ നിർമ്മാണം

29(3732) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ബൈപ്പാസിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പദ്ധതിയുടെ സാമൂഹിക ആഘാത അനുമാനപഠനം പൂർത്തീകരിച്ചുവോ; എങ്കിൽ എന്നാണ് പൂർത്തീകരിച്ചത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഡി.പി.ആർ. തയ്യാറാക്കി തെറ്റുകുറ്റങ്ങൾ പൂർത്തീകരിച്ച് നൽകിയോ; എങ്കിൽ എന്നാണ് നൽകിയത്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രൊപ്പോസൽ സർക്കാരിൽ എത്തിക്കാൻ നിർദ്ദേശം നൽകുമോ;

(ജി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ബൈപ്പാസിൽ ഭൂമി ഏറ്റെടുക്കാൻ അനുമതി വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ്; പ്രസ്തുത അനുമതി ലഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോന്നി ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ (പ്രസ്തുത സ്ഥലത്തെ കൃഷി ഓഫീസർ) അപേക്ഷ സമർപ്പിച്ച് സംസ്ഥാനതല സമിതി അപേക്ഷ പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് നെൽവയൽ നികത്തുന്നതിന് സർക്കാരിന് ഭരണാനുമതി നൽകുവാൻ കഴിയും. അലൈൻമെന്റ് സ്റ്റോൺ ഇടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സാമൂഹിക ആഘാത അനുമാന പഠനം പൂർത്തീകരിക്കുവാനും ബൈപ്പാസ് നിർമ്മിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

(ഡി-എഫ്) 27-1-2018-ൽ ഡി.പി.ആർ. തയ്യാറാക്കി നൽകിയെങ്കിലും ബജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മടക്കിനൽകിയിട്ടുണ്ട്. 2018-19-ലെ ബജറ്റിൽ ടി പ്രവൃത്തിക്കായി 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. എങ്കിലും ഭരണ വകുപ്പ് ഡി.പി.ആർ. തിരികെ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ജി) നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ചാലിക്കര അവറാട്ട് മുക്ക് റോഡിന്റെ നവീകരണം**

30 (3733) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ചാലിക്കര അവറാട്ട് മുക്ക് റോഡിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) റോഡിന്റെ നവീകരണ പ്രവൃത്തി വേഗത്തിലാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലിക്കര അവറാട്ട് മുക്ക് റോഡിന്റെ 0/000 മുതൽ 4/700 കി.മീ. വരെയുള്ള 342 ലക്ഷം രൂപയുടെ പരിഷ്കരണ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വയ്ക്കുന്നതിനായി ശ്രീ. എം. ടി. അബ്ദുൾ കബീർ എന്ന കരാറുകാരന് 11-7-2017-ന് സെലക്ഷൻ നോട്ടീസ് അയച്ചിരുന്നു. എന്നാൽ കരാറുകാരൻ ജി.എസ്.ടി.യുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽചെയ്ത കേസ് ഇതുവരെ തീർപ്പാകാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 16 ലക്ഷം രൂപയുടെ സ്ലിപ്പ് ബി.ടി. പ്രവൃത്തിക്ക് അനുമതി നൽകുകയും ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ**

31 (3734) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതൊക്കെയാണെന്ന് ചെയിനേജ് ഉൾപ്പെടെ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

**ചന്തപ്പുര - കണ്ണപുരം റോഡ് നിർമ്മാണം**

32 (3735) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി അംഗീകാരം നൽകിയ കണ്ണൂർ ജില്ലയിലെ ചന്തപ്പുര-പരിയാരം മെഡിക്കൽ കോളേജ്-ശ്രീസ്ഥ-നെരുവമ്പ്രം-ഏഴോം-കോട്ടക്കീൽ-ഒഴക്രോം-കണ്ണപുരം റോഡിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ചന്തപ്പുര-പരിയാരം മെഡിക്കൽ കോളേജ്-ശ്രീസ്ഥ-നെരുവമ്പ്രം-ഏഴോം-കോട്ടക്കീൽ-ഒഴക്രോം-കണ്ണപുരം റോഡ് നിർമ്മാണ പ്രവൃത്തിക്ക് 01-01-2018-ലെ ഉത്തരവ് നമ്പർ എ.പി.ആർ-3/337/2017/കിഫ്ബി പ്രകാരം 38.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. പ്രവൃത്തിയുടെ ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ച് ഉടൻ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**തെരുവത്ത് കടവ് - കിഴക്കോട്ട് കടവ് റോഡിന്റെ നവീകരണം**

33 (3736) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവത്ത് കടവ് - കൊയക്കാട് - മുണ്ടോത്ത് - കിഴക്കോട്ട് കടവ് റോഡിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡ് നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നും, ഇവയിൽ എത്ര കോടി രൂപയുടെ പ്രവൃത്തി ഇതുവരെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തെരുവത്ത് കടവ്-കിഴക്കോട്ട് കടവ് റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റോഡ് നവീകരണത്തിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2016-17-ൽ 6-9-2016-ലെ എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. 13-9-2017-ലെ എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 3/850 മുതൽ 4/850 കി.മീ. വരെ പത്ത് ലക്ഷം രൂപയുടെ പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്. 24-1-2018-ലെ എസ്.എൽ.ടി.എഫ്.ൽ ഉൾപ്പെടുത്തി 2/000 മുതൽ 3/850 കി.മീ. വരെ 25 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 2.62 കോടി രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 2017-18-ൽ 28-4-2017-ലെ എസ്.എൽ.ടി.എഫ്.ൽ ഉൾപ്പെടുത്തി അനുവദിച്ച 14 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. 13-09-2017-ലെ എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി അനുവദിച്ച 152 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ 40 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി. 80 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 32 ലക്ഷം രൂപയുടെ പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്. 24-1-2018-ലെ എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 96 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

### പാലക്കാട് മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. പദ്ധതികൾ

34 (3737) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മണ്ഡലത്തിൽ 2017 - 18-ലെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള പൊതുമരാമത്ത് പദ്ധതികളുടെ തുകയുൾപ്പെടെയുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; ആയതിൽ എത്ര തുകചെലവഴിച്ചിട്ടുണ്ട്; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

പാലക്കാട് മണ്ഡലത്തിൽ 2017-18-ലെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും കെട്ടിടവിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

### ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ

35 (3738) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 2017-18 വർഷത്തിൽ അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 181.397 കി.മീ റോഡ് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുണ്ട്.

(ബി) 2017-18 വർഷത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ആകെ 261.50 ലക്ഷം രൂപ അനുവദിച്ചിരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

36 (3739) <u>ശ്രീ. കെ. ഡി. പ്രസേനൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ കുഴൽമന്ദം-കൊട്ടുവായൂർ റോഡ് പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് പത്ത് കോടി രൂപയ്ക്ക് സി.ആർ.എഫ്.-ൽനിന്നും ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തി ആരംഭിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കെട്ടിട വിഭാഗത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള താഴെപ്പറയുന്ന രണ്ട് പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

ആലത്തൂർ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ - 10.50 ലക്ഷം രൂപ

മേലാർകോട് പഞ്ചായത്ത് അങ്കണവാടി
പുതിയ കെട്ടിടനിർമ്മാണം - 13 ലക്ഷം രൂപ

നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുളള നിർമ്മാണ പ്രവൃത്തികൾ

37 (3740) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യ.ഡി. മുഖേന 2016 മേയ് മാസം മുതൽ 2018 ഫെബ്രുവരി മാസം വരെ ആലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

2016 മേയ് മാസം മുതൽ 2018 ഫെബ്രുവരി മാസം വരെ ആലത്തൂർ മണ്ഡലത്തിൽ കുഴൽമന്ദം-കൊടുവായൂർ റോഡ് പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് പത്ത് കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽ ഭരണാനുമതി നൽകിയിട്ടുളള താഴെപ്പറയുന്ന രണ്ട് പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്:

ആലത്തൂർ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ - 10.50 ലക്ഷം രൂപ

മേലാർകോട് പഞ്ചായത്ത് അങ്കണവാടി
പുതിയ കെട്ടിട നിർമ്മാണം - 13 ലക്ഷം രൂപ

നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു* .

### കൽപ്പറ്റ മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ

38 (3741) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഭരണാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) വയനാട് ജില്ലയിലെ ഏതെങ്കിലും റോഡുകളുടെ നവീകരണത്തിന് കേന്ദ്ര റോഡ് ഫണ്ടിൽനിന്നും പണം അനുവദിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ളതും പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതുമായ റോഡുകൾ ഏറ്റെടുക്കാൻ സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 2066 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരി ടൗൺ Ch 62/827 ഓവുചാൽ നിർമ്മാണ പ്രവൃത്തിക്കായി 62.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നാല് ബജറ്റ് പ്രവൃത്തികളിൽ രണ്ടെണ്ണം പുരോഗമിക്കുന്നു. രണ്ട് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തി 70% പൂർത്തിയായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**നിലമ്പൂർ മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പദ്ധതികൾ**

39 (3742) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള വിവിധ ബജറ്റുകളിലും കഴിഞ്ഞ സർക്കാരിന്റെ അവസാന ബജറ്റിലും നിലമ്പൂർ മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പദ്ധതികൾ, അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കാമോ; ഓരോ ഭരണാനുമതിയുടെയും കോപ്പി ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ പ്രവൃത്തി നടക്കുന്ന പദ്ധതികൾ, ഇനി ആരംഭിക്കുവാനുള്ള പദ്ധതികൾ എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിയുക്ത പദ്ധതികൾ ഏതു കാലയളവിലേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള വിവിധ ബജറ്റുകളിലും കഴിഞ്ഞ സർക്കാരിന്റെ അവസാന ബജറ്റിലും നിലമ്പൂർ മണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെയും കെട്ടിട വിഭാഗത്തിന്റെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു* .

## ബാലുശ്ശേരി ബൈപ്പാസിന്റെ അലൈൻമെന്റ്

40 (3743) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ബൈപ്പാസിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ബാലുശ്ശേരി ബൈപ്പാസിന്റെ നിർമ്മാണം വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

## മൂവാറ്റുപുഴ - കാക്കനാട് നാലുവരി പാതയുടെ നിർമ്മാണം

41 (3744) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ നാല്പത് കോടി രൂപ അനുവദിച്ച മൂവാറ്റുപുഴ - കാക്കനാട് നാലുവരി പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം നടപടികളാണ് ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മൂവാറ്റുപുഴ-കാക്കനാട് നാലുവരി പാതയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതിക്ക് 30 മീറ്റർ വീതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കൽ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന്റെ പരിഗണനയിലാണ്.

**പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

42 (3745) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ദേശീയപാത വിഭാഗത്തിൻകീഴിൽ തുക വകയിരുത്തിയിട്ടില്ല. നിരത്തുകളും പാലങ്ങളും കെട്ടിട വിഭാഗങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡ് ടാറിംഗ്**

43 (3746) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, തൃശ്ശൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിന് ആകെ എത്ര കി. മീറ്റർ നീളമുണ്ട്;

(ബി) പ്രസ്തുത റോഡിന്റെ എത്ര കി. മീറ്റർ ദൂരം ഇതുവരെ ടാറിംഗ് നടത്തി; അതിനായി എത്ര രൂപ ചെലവഴിച്ചു;

(സി) ഇനി എത്ര കി.മീറ്റർ ടാർ ചെയ്യാൻ അവശേഷിക്കുന്നുണ്ട്; അവശേഷിക്കുന്ന ഭാഗം ടാർ ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡ് ടാറിംഗിന് ആകെ അനുവദിച്ച തുക എത്രയാണ്; ഇതുവരെ എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ആകെ 10 കി.മീ നീളമുള്ള വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിന്റെ 6.5 കി.മീ ദൂരം ടാറിംഗ് നടത്തി. അതിനായി 9,11,45,882 രൂപ ചെലവഴിച്ചു.

(സി) 3.5 കി.മീ. ദൂരം ടാർ ചെയ്യുവാൻ അവശേഷിക്കുന്നുണ്ട്. വെങ്കിടങ്ങ് - കണ്ണോത്ത്-പുല്ല റോഡിന്റെ രണ്ടാം റീച്ചിന്റെ (6/500 മുതൽ 10/000 വരെ) 1360 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫണ്ടിന്റെ അപര്യാപ്തതമൂലം 27-2-2016-ലെ 3973/ജി2/2016/പൊ.മ.വ. കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് മടക്കിനൽകിയിട്ടുണ്ട്.

(ഡി) " Construction of Thrissur Link road connecting NH 17 at Anchamkallu and Thrissur Kuttippuram SH at Puzhakkal" എന്ന പ്രവൃത്തിക്ക് നബാർഡ് RIDF VIII-ൽ ഉൾപ്പെടുത്തി 14-03-2003-ലെ സ.ഉ. (സാധാ) നമ്പർ 230/2003/പൊ.മ.വ. പ്രകാരം 740 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിൽ 4,25,49,090 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ നടപ്പിലാവാത്തതിനെ ത്തുടർന്ന് ഒന്നാം ഘട്ട നിർമ്മാണത്തിന് (0/000 മുതൽ 6/500 വരെ) 2014-15-ലെ ബജറ്റിൽ ഉൾപ്പെടുത്തി 11-02-2014-ലെ സ.ഉ.(സാധാ) നം. 209/2014/പൊ.മ.വ. പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി 26-09-2015-ൽ തുടങ്ങി 04-07-2016-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിക്കായി 4,85,96,792 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ റോഡുകളുടെ വികസനം**

44 (3747) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രകാരം അനുവദിച്ച പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) അനുവദിച്ച പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രവൃത്തികളുടെയും 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രകാരം അനുവദിച്ച പ്രവൃത്തികളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**പടഹാരം, തട്ടാശ്ശേരി എന്നീ പാലങ്ങളുടെ ടെണ്ടർ നടപടികൾ**

45 (3748) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കുട്ടനാടിന് അനുവദിച്ച പടഹാരം, തട്ടാശ്ശേരി എന്നീ പാലങ്ങളുടെ ടെൻഡർ നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

ആലപ്പുഴ ജില്ലയിലെ പടഹാരം, തട്ടാശ്ശേരി എന്നീ പാലങ്ങൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പാലങ്ങളുടെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ ചെറുപാലങ്ങൾ**

46 (3749) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ സ്ഥിരമായി വാഹന അപകടം സംഭവിച്ചുകൊണ്ടിരിക്കുന്ന ചെറുപാലങ്ങൾ വീതികൂട്ടി നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. അതിനുശേഷം രണ്ടാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഘട്ടത്തിൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി 2012-ൽ പ്രസ്തുത റോഡ് കെ.എസ്.ടി.പി. ഏറ്റെടുത്തിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ ഈ റോഡിലെ പാലങ്ങളുടെ വീതി കൂട്ടൽ ഉൾപ്പെടുത്തിയിരുന്നില്ല. 3/2013-ൽ പൂർത്തിയാക്കിയ ഉപരിതലം പുതുക്കുന്ന പ്രവൃത്തിയുടെ മെയിന്റനൻസ് കാലാവധി 3/2019-ലാണ് അവസാനിക്കുന്നത്. പ്രസ്തുത മെയിന്റനൻസ് കാലാവധിക്കകത്തുള്ള റോഡ് മെയിന്റനൻസ് മാത്രമേ കരാറുകാരനെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിന് വ്യവസ്ഥയുള്ളൂ. പ്രസ്തുത റോഡിലെ ചെറുപാലങ്ങൾ വീതി കൂട്ടുന്ന പ്രവൃത്തി നിലവിൽ കെ.എസ്.ടി.പി. വഴി ഏറ്റെടുത്ത് നടത്തുന്നില്ല. എന്നാൽ കരാറുകാർ തക്കസമയത്ത് അറ്റകുറ്റപ്പണികൾ നടപ്പാക്കിയിട്ടില്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മണ്ഡലംകൂടി വരുന്ന ഈ റോഡിൽ അദ്ദേഹം പലതവണ പരിശോധന നടത്തി. തുടർന്ന് ആറ് മാസങ്ങളായി നല്ല നിലയിൽ റോഡ് അറ്റകുറ്റപ്പണി നടത്തി ഭദ്രമാക്കിയിരുന്നു. കരാറുകാരന് നോട്ടീസ് നൽകിയിരുന്നു. എ.സി. റോഡ് സുപ്രധാന റോഡായതിനാൽ വീതി കൂട്ടി പാലങ്ങൾ ഉൾപ്പെടെ പുനർനിർമ്മിക്കുന്ന പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു.

**നെന്മാറ നിയോജകമണ്ഡലത്തിലെ ബലക്ഷയമുള്ള പാലങ്ങൾ**

47(3750) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ബലക്ഷയമുള്ള പാലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാലങ്ങൾക്കാണ് ബലക്ഷയം ഉള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പാലങ്ങൾ പുതുക്കി പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ബലക്ഷയം സംഭവിച്ച പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ഏതെല്ലാം പാലങ്ങളാണ് പുതുക്കിപണിയുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ബലക്ഷയമുള്ള പാലങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. നെന്മാറ നിയോജക മണ്ഡലത്തിലെ ഊട്ടറ പാലം, ഗായത്രി പാലം (കണ്ണനൂർക്കടവ് പാലം) എന്നീ പാലങ്ങൾക്കാണ് ബലക്ഷയമുള്ളതായി കണ്ടെത്തിയിട്ടുള്ളത്.

(ബി) ഊട്ടറ പാലം റെയിൽവേ മേൽപ്പാലവുമായി സംയോജിപ്പിച്ച് പണിയുന്നതിന് RBDCK-യെ നിർമ്മാണ ഏജൻസിയായി തീരുമാനിച്ചിട്ടുണ്ട്. ഗായത്രി പാലം (കണ്ണന്നൂർക്കടവ് പാലം) പുതുക്കിപ്പണിയുന്നതിന് ഇൻവെസ്റ്റിഗേഷൻ നടപടി പുരോഗമിച്ചുവരുന്നു.

(സി) ബലക്ഷയം സംഭവിച്ച പാലങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. നെന്മാറ നിയോജക മണ്ഡലത്തിൽ പുതുക്കിപ്പണിയുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പാലങ്ങൾ ഊട്ടറ പാലം, ഗായത്രി പാലം (കണ്ണന്നൂർക്കടവ് പാലം) എന്നിവയാണ്.

## കീഴാറ്റൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ തടസ്സം

48 (3751) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, കാട്ടാക്കട മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കീഴാറ്റൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇത് പുനരാരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഈ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് പുനരാരംഭിക്കാനാകുമെന്നും എത്ര സമയംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനാകും എന്നും അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് സർക്കാർ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC) ആണ്. എന്നാൽ KSCC സബ് കരാർ നൽകിയ ശ്രീ. ഹാഷിർ എന്ന കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തികൾ നടത്താതിരുന്നതുകാരണം KSCC ടി കരാറുകാരനെ നീക്കംചെയ്തിട്ടുണ്ട്.

(ബി) ഡിപ്പാർട്ട്മെന്റുതലത്തിലും സർക്കാർതലത്തിലുമുള്ള നിരന്തരമായ ഇടപെടലുകളുടെ ഫലമായി നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്ന KSCC സബ് കരാറുകാരനായ ശ്രീ. ഹാഷിറുമായുള്ള കരാർ റദ്ദ് ചെയ്ത് ഒഴിവാക്കി. പ്രവൃത്തികൾ റീടെണ്ടർ നടത്തി പുതിയ കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ടി പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ റീടെണ്ടർ നടത്തി പുതിയ കരാർ നൽകുന്നമുറയ്ക്ക് പുനരാരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പണി തുടങ്ങി 5 മാസംകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണപുരോഗതി

49 (3752) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ;

(ബി) പണി പൂർത്തിയാക്കി പാലം എന്നത്തേയ്ക്ക് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി നാല് സ്പാനുകളുള്ള പാലവും കൈവരികളും പൂർത്തീകരിച്ചു. കൂടാതെ ചെല്ലഞ്ചി ഭാഗത്തെ അപ്രോച്ച് റോഡിനുള്ള സംരക്ഷണ ഭിത്തികളും മണ്ണ് ഫില്ലിംഗ് പ്രവൃത്തികളും 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

ടി പാലത്തിന്റെ നിർമ്മാണം NABARD RIDF XV-ൽ ഉൾപ്പെട്ടതായിരുന്നു. എന്നാൽ NABARD RIDF XV Tranche കാലാവധി അവസാനിച്ചതുകാരണം കരാറുകാരന് പേയ്മെന്റ് നൽകുന്നതിൽ താമസം നേരിടുന്ന സാഹചര്യമാണ്. അതിനാൽ ഇപ്പോൾ നിർമ്മാണ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

(ബി) നിർമ്മാണ പ്രവൃത്തികൾക്കുള്ള തുക സ്റ്റേറ്റ് ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## കോതായിത്തോട് പാലത്തിന്റെ പുനരുദ്ധാരണം

50 (3753) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ-മഞ്ഞപ്ര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതായിതോട് പാലത്തിന്റെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി അനുവദിച്ച 375 ലക്ഷം രൂപയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ-മഞ്ഞപ്ര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതായിത്തോട് പാലം നിർമ്മിക്കുന്നതിന് 14-7-2009-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1045/2009/പൊ.മ.വ. പ്രകാരം 168 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ 100 ലക്ഷം രൂപ റോഡ് നിർമ്മാണത്തിന് വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് ആദ്യം ഭരണാനുമതി നൽകിയതിൽ ബാക്കിയുള്ള 68 ലക്ഷം രൂപ പാലം നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ 27-12-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1689/2013/പൊ.മ.വ. പ്രകാരം 375 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. ഇതിൽ 275 ലക്ഷം രൂപ പാലത്തിനും 100 ലക്ഷം രൂപ റോഡിനും വേണ്ടി വകയിരുത്തിയിട്ടുള്ളതാകുന്നു. ഈ പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ലാൻഡ് അക്വിസിഷൻ തഹസിൽദാർക്കും പാലം പണിയുന്ന സ്ഥലം നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള സ്ഥലമായതിനാൽ പരിവർത്തനാനുമതി ലഭിക്കുന്നതിനായി അയ്യമ്പുഴ കൃഷി ഭവനിലേയ്ക്കും അപേക്ഷ നൽകിയിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട നിയമ പ്രകാരമുള്ള പരിവർത്തനാനുമതി ലഭിച്ച് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) റോഡ് നിർമ്മാണത്തിന് ഫണ്ട് ഉപയോഗിച്ചതിനാൽ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടില്ല.

(സി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾ ലാൻഡ് അക്വിസിഷൻ തഹസിൽദാരുടെ നേതൃത്വത്തിൽ പൂർത്തിയായി വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഡി) നെൽവയൽ തണ്ണീർത്തട നിയമ പ്രകാരമുള്ള സ്ഥലമായതിനാൽ കൃഷി വകുപ്പിൽനിന്ന് പരിവർത്തനാനുമതിയും റവന്യൂ വകുപ്പിൽനിന്ന് സ്ഥലമെടുപ്പ് നടപടികളും പൂർത്തിയാക്കിക്കഴിഞ്ഞാൽ മാത്രമേ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പേരൂച്ചാൽ പാലത്തിന്റെ നിർമ്മാണ പുരോഗതി

51 (3754) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂച്ചാൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പാലം നിർമ്മാണം ആരംഭിച്ചത് എന്നാണ്; നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്ന ഫണ്ട് എത്രയാണ്; ഇനി എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; ഇവ പൂർത്തീകരിച്ച് പാലം എന്ന് തുറന്നുകൊടുക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന പാലത്തിന്റെ തൂണുകൾക്ക് ബലക്ഷയം നേരിടാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രശ്നം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നിർമ്മാണത്തിൽ പിഴവുവരുത്തിയ കരാറുകാരനും അന്നത്തെ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്കും എതിരേ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പേരൂച്ചാൽ പാലം നിർമ്മാണം 9-4-1997-ലെ കരാർ പ്രകാരം 1,94,31,946 രൂപയ്ക്ക് കരാർ നൽകുകയും 25-9-1998-ൽ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തുവെങ്കിലും കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്തതുകൊണ്ട് 1-12-1999-ൽ കരാർ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. 12-12-2011-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1722/2011/പൊ.മ.വ. ഉത്തരവ് പ്രകാരം 527 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും 2012-ൽ റേറ്റ് റിവിഷൻ വന്നതിനാൽ 600 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടെണ്ടർ ചെയ്ത് പ്രവൃത്തി 7-8-2012-ൽ ആരംഭിക്കുകയുണ്ടായി. ഈ കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പാലത്തിന്റെ അനുബന്ധ റോഡുകളുടെ നിർമ്മാണവും വെൽ ഫൗണ്ടേഷൻ ബലപ്പെടുത്തലും ഉൾപ്പെട്ട പ്രവൃത്തി 180 ലക്ഷം രൂപയ്ക്ക് അറേഞ്ച് ചെയ്യുകയും അതിന്റെ എഗ്രിമെന്റ് കരാർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ഒരു വർഷം കാലാവധിയുണ്ടെങ്കിലും അതിനുമുമ്പേ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പി4, പി5 എന്നീ പിയറുകളും വെൽ ഫൗണ്ടേഷൻ കോൺക്രീറ്റിൽ ചില കേടുപാടുകൾ ശ്രദ്ധയിൽപ്പെടുകയും ആയത് കറക്ട് ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡ്രിക് ബോർഡ് ഡിസൈൻ തയ്യാറാക്കുകയും ആയതിന്റെ

പ്രവൃത്തി അനുബന്ധ റോഡിന്റെ വർക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. അനിയന്ത്രിതമായ മണൽ വാരൽമൂലം പുഴയുടെ അടിത്തട്ട് 5 മീറ്ററോളം താഴ്ന്നതും പുഴയുടെ ഒഴുക്കുമൂലവുമാണ് കേടുപാടുകൾ ഉണ്ടായതെന്നുമാണ് പ്രാഥമിക നിഗമനം. നിർമ്മാണത്തിലെ ക്രമക്കേടുകൾ അന്വേഷിച്ച് പിഴവുകൾ കണ്ടെത്തിയാൽ ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി**

52 (3755) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പണി പൂർത്തിയാക്കി എന്നുമുതൽ പുതിയ പാലം ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജക മണ്ഡലത്തിലെ ചിപ്പൻചിറ പാലത്തിന്റെ മൂന്ന് സ്പാനുകളും കൈവരിയും പൂർത്തീകരിച്ചു. കൂടാതെ പാലത്തിന്റെ ചെങ്കോട്ട ഭാഗത്തെ അപ്രോച്ച് റോഡിന്റെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ തിരുവനന്തപുരം ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിലേയ്ക്കായി മണ്ണ് നീക്കം ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ഇതിനായി ജിയോളജി വകുപ്പിൽനിന്നും അനുമതി ലഭിക്കാൻ കാലതാമസമുണ്ടായി. എന്നാൽ നിലവിൽ ടി ഭാഗത്തെ മണ്ണ് ലേലം ചെയ്ത് നീക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. ഉടൻതന്നെ പാലത്തിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് മേയ് മാസത്തോടെ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വെണ്ടുരുത്തി പാലം ഉപയോഗശൂന്യമാകുന്നത് തടയാൻ നടപടി**

53 (3756) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പാലം ഗതാഗതയോഗ്യമായതോടെ, കൊച്ചി നഗരത്തേയും പശ്ചിമ കൊച്ചിയെയും ബന്ധിപ്പിച്ചിരുന്ന പഴയ വെണ്ടുരുത്തി പാലത്തിലൂടെയുള്ള ഗതാഗതം നിരോധിക്കുകയും ആയത് അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗശൂന്യമാകുകയും ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ പാലം എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ആയത് ഇരുചക്രവാഹനഗതാഗതത്തിനായി ഉപയോഗിക്കാനുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 1936-ൽ നിർമ്മിച്ച ടി പാലം കാലപ്പഴക്കംകൊണ്ടും 2004-ലും 2007-ലും ബാർജ് ഇടിച്ചതുമൂലമുള്ള ആഘാതംകൊണ്ടും ചില ഭാഗങ്ങൾ അടർന്നു പോകുകയും ചെയ്തതുകാരണമാണ് പുതിയ പാലം നിർമ്മാണം ആരംഭിക്കുകയും പഴയ പാലം വഴിയുള്ള ഗതാഗതം നിരോധിക്കുകയും ചെയ്തത്. പഴയ പാലത്തിന്റെ structural stability സംബന്ധിച്ചും സുരക്ഷിതത്വം സംബന്ധിച്ചും വ്യക്തമായ പഠനം നടത്തിയാൽ മാത്രമേ ടി പാലം അറ്റകുറ്റപ്പണിചെയ്ത് സംരക്ഷിക്കുന്നതും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും സംബന്ധിച്ച് വ്യക്തത നൽകുവാൻ സാധിക്കുകയുള്ളൂ.

**പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ കാളിക്കടവ് പാലം**

54 (3757) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ തൂതപ്പുഴയ്ക്ക് കുറുകെ കാളിക്കടവ് പാലം നിർമ്മാണത്തിന് 3-3-2016-ൽ നബാർഡ് RIDF-XXII പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ) നമ്പർ 546/2016/പൊ.മ.വ. പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവായതിനെത്തുടർന്ന് പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെയായിട്ടും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഇുതപ്പുഴയ്ക്കുകുറുകെ കാളിക്കടവ് പാലം നിർമ്മാണത്തിന് നബാർഡ് RIDF XXII പദ്ധതിയിൽ ഉൾപ്പെടുത്തി 3-3-2016-ലെ സ.ഉ. (സാധാ.) നമ്പർ 546/2016/പൊ.മ.വ. പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രവൃത്തികൾക്ക് അന്തിമ ഭരണാനുമതി നൽകിയ 23-11-2016-ലെ സ.ഉ.(സാധാ) നമ്പർ 1608/2016/ പൊ.മ.വ., 29-12-2016-ലെ സ.ഉ.(സാധാ.) നമ്പർ 1767/2016/പൊ.മ.വ. എന്നീ ഉത്തരവുകളിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല എന്നതിനാൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

**മലമേൽക്കുന്ന്-മുടവൻമുകൾ പാലം**

55 (3758) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിൽ കരമനയാറിന് കുറുകെ മലമേൽക്കുന്ന് - മുടവൻമുകൾ പാലത്തിന് ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

നേമം നിയോജക മണ്ഡലത്തിലെ മുടവൻമുകൾ പാലം നിർമ്മാണത്തിനായി 2016-17-ലും 2017-18-ലും ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. സ്ഥലമെടുപ്പിനായി 350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 25-11-2017-ൽ CE/R&B/Tvpm/4486/2013-ാം നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമായിരുന്നു. എന്നാൽ 19-12-2017-ലെ സർക്കാർ കത്ത് നമ്പർ PWD/D1/19/2017 പ്രകാരം പാലം നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റും സ്ഥലത്തിന്റെ വിലയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും അതിൻപ്രകാരം പ്രവൃത്തിക്കുള്ള വിശദമായ എസ്റ്റിമേറ്റ് 16-3-2018-ൽ സർക്കാരിൽ ഭരണാനുമതിക്കായി ലഭ്യമാക്കിയിട്ടുമുണ്ട്. ഈ പ്രൊപ്പോസലിന്മേലുള്ള വിശദമായ പരിശോധനയ്ക്കുശേഷം ഫണ്ടിന്റെ ലഭ്യതകൂടി പരിശോധിച്ച് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പട്ടയം നൽകാൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി

56 (3759) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര വില്ലേജിൽ ആർ.എസ്. No.170/06 ൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് തലമുറകളായി താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ എത്ര അകലത്തിലാണ് പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്നതെന്ന് അറിയിക്കാമോ;

(സി) റോഡ് വികസനത്തിനായി ഈ ഭൂമി ആവശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിയ്ക്കാമോ;

(ഡി) തലമുറകളായി താമസിച്ചുവരുന്ന മേൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ അനുമതി നൽകുന്നതിന് തടസ്സമെന്താണെന്ന് അറിയിക്കാമോ;

(ഇ) ഇത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ (356/PS2/17/PWD) അനുകൂല തീരുമാനം നൽകുന്ന വിഷയം പരിഗണിക്കുമോ?

ഉത്തരം

(എ-ഡി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ പള്ളിക്കര II വില്ലേജിൽ ആർ.എസ്. No.170/06-ൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന നാല് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കണമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഭൂമി കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽനിന്നും ശരാശരി പത്ത് മീറ്റർ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ച് നൽകിയാൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം കണ്ടെത്തുവാൻ തടസ്സങ്ങൾ നേരിടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കരുതെന്ന പൊതു നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇപ്രകാരമുള്ള അപേക്ഷകൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ഇ) ഇതുസംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന PWD-PS2/356/17-PWD എന്ന ഫയലിൽ പ്രസ്തുത ആവശ്യം നിരാകരിച്ച് മറുപടി നൽകി ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്.

## തൃശ്ശൂർ-എടപ്പള്ളി റൂട്ടിലെ ടോൾ പിരിവ്

57 (3760) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-എടപ്പള്ളി റൂട്ടിൽ വിവിധ വാഹനങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ടോൾ നിരക്ക് എത്രയൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ നിരക്ക് അമിതമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടോൾ പിരിവ് എന്നുമുതൽ തുടങ്ങിയെന്നും ഇനി എത്ര നാളത്തേയ്ക്കുകൂടി വേണ്ടിവരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ-എടപ്പള്ളി റൂട്ടിൽ വിവിധ വാഹനങ്ങൾക്കായി 1-9-2017 മുതൽ 31-8-2018 വരെ ഏർപ്പെടുത്തിയിരിക്കുന്ന ടോൾ നിരക്ക് സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്. ലോക്കൽ ട്രാഫിക് കാറ്റഗറി 1-ൽ ടോൾ പ്ലാസയുടെ 10 കി.മീ. ചുറ്റളവിൽ താമസിക്കുന്നവർക്ക് ഓരോ മാസത്തിലുമുള്ള ഡിസ്കൗണ്ട് ചെയ്യപ്പെട്ട പാസ്സിന്റെ നിരക്ക് 150 രൂപയും ലോക്കൽ ട്രാഫിക് കാറ്റഗറി 2-ൽ ടോൾ പ്ലാസയുടെ 10 മുതൽ 20 കി.മീ. ചുറ്റളവിൽ താമസിക്കുന്നവർക്ക് ഓരോ മാസത്തിലുമുള്ള ഡിസ്കൗണ്ട് ചെയ്യപ്പെട്ട പാസ്സിന്റെ നിരക്ക് 300 രൂപയുമാണ്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ടോൾ ഫീ നിയമപ്രകാരമാണ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്.

(സി) തൃശ്ശൂർ-എടപ്പള്ളി റൂട്ടിൽ ടോൾ പിരിവ് 09-02-2012-ൽ തുടങ്ങിയിട്ടുള്ളതും BOT എഗ്രിമെന്റ് പ്രകാരം ടോൾ പിരിവ് 21-06-2028 വരെ തുടരുന്നതുമാണ്.

## ദേശീയപാത 744-ൽ ഗാബിയോൺ വാൾ നിർമ്മാണം

58 (3761) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 744-ൽ ഇടമൺ-പുനലൂർ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് ഗാബിയോൺ വാൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഗാബിയോൺ വാൾ നിർമ്മാണത്തിനുള്ള ചെലവ് സംസ്ഥാനം വഹിക്കേണ്ടതുണ്ടോ;

(സി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് റെയിൽവേയുമായി എന്തെങ്കിലും കരാർ ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ദേശീയപാത 744-ൽ ഇടമൺ-പുനലൂർ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് ഗാബിയോൺ വാൾ നിർമ്മിക്കുന്നതിന് ജോബ് നമ്പർ 208 (എൻ.എച്ച്. 744) കെ.എൽ. 2015-16-847 പ്രകാരം 2.39 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതി 2014-15-ൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്രവൃത്തിക്കുള്ള ഫണ്ട് നൽകിയിട്ടുള്ളത്.

(സി) റെയിൽവേയിൽനിന്നും പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള എൻ.ഒ.സി. 5-12-2017-ൽ ലഭ്യമായിട്ടുണ്ട്. റെയിൽവേയുമായി കരാർ വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി നിർമ്മാണപ്രവൃത്തികൾ

59 (3762) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ കിഫ്ബി വഴി എത്ര തുകയുടെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്, വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് പ്രവൃത്തികളുടെ ടെണ്ടർ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വിവിധ സർക്കാരുകളുടെ കാലയളവിൽ പ്രവൃത്തികളാരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ റോഡുകൾ, കെട്ടിടങ്ങൾ എന്നിവ ഏതെല്ലാം; ആയവ എപ്പോൾ പൂർത്തീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ കിഫ്ബി വഴി കെട്ടിട വിഭാഗത്തിന് 121.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) കെട്ടിട വിഭാഗത്തിൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ചെർപ്പുളശ്ശേരി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച 2016-17-ലെ ഒന്നും രണ്ടും പ്രവൃത്തികൾക്ക് ഉടൻ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

(ഡി) വിവിധ സർക്കാരുകളുടെ കാലയളവിൽ പ്രവൃത്തികളാരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ കെട്ടിടങ്ങളുടെയും റോഡുകളുടെയും പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

## തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

60 (3763) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന എത്ര പൊതുമരാമത്ത് പ്രവൃത്തികൾ ഉണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി മുഖേന നടത്തുന്ന പൊതുമരാമത്ത് പദ്ധതികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയപാതാ വിഭാഗം

1. കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വികസനം - ഒന്നാം ഘട്ടം രണ്ടാം റീച്ച് - പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെ 6.5 കി.മീ. റോഡിന്റെ വികസനം.
2. തീരദേശ ഹൈവേയുടെ പൂവാർ മുതൽ കാപ്പിൽ വരെയുള്ള നിർമ്മാണം
3. ശ്രീകാര്യം, ഉള്ളൂർ, പട്ടം ഫ്ളൈ ഓവറുകളുടെ നിർമ്മാണം

   നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

കിഫ്ബി മുഖേന രജിസ്ട്രേഷൻ വകുപ്പിനുവേണ്ടി മലയിൻകീഴ്, കന്യാകുളങ്ങര, നേമം രജിസ്ട്രേഷൻ കോംപ്ലക്സ്, വർക്കല, ചിറയിൻകീഴ്, തിരുവല്ലം, കാഞ്ഞിരംകുളം, ആറ്റിങ്ങൽ, നാവായിക്കുളം എന്നീ സ്ഥലങ്ങളിൽ ഓഫീസുകൾ നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ദേശീയപാതാ വിഭാഗത്തിൽ കരമന-കളിയിക്കാവിള ഒന്നാംഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് 18-11-2016-ലെ ഉത്തരവ് നമ്പർ 31/KIIFB/2016 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കെ.ആർ.എഫ്.ബി.-യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ പൂവാർ മുതൽ കാപ്പിൽ വരെ 77.9 കി.മീ തീരദേശ ഹൈവേ നിർമ്മിക്കുവാൻ പദ്ധതിയുണ്ട്. ഇതിന്റെ ആദ്യഘട്ടത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പൂവാർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുതൽ തിരുവല്ലം വരെയുള്ള 21.6 കി.മീ. ഭാഗത്തിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ ഫ്ളൈ ഓവറുകളുടെ നിർമ്മാണത്തിന് 272.84 കോടി രൂപയുടെ (സ്ഥലമെടുപ്പ്, നിർമ്മാണം ഉൾപ്പെടെ) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കെ.ആർ.ടി.എൽ. മുഖേനയാണ് നടപ്പിലാക്കുന്നത്.

നിരത്ത് വിഭാഗത്തിൽ കിഫ്ബി അംഗീകരിച്ച പ്രവൃത്തികളും പ്രവൃത്തി ആരംഭിച്ച ലിസ്റ്റും അനുബന്ധമായി ചേർത്തിരിക്കുന്നു*. കെട്ടിട വിഭാഗത്തിൽ രജിസ്ട്രേഷൻ ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികൾ എല്ലാംതന്നെ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

## കുറ്റാലം കൊട്ടാരത്തിന്റെ അവകാശത്തർക്കം

61(3764) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ അവകാശ തർക്കവുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കൊട്ടാരത്തിന്റെ അവകാശ തർക്കം ആരംഭിച്ചത് ഏത് കാലയളവിലാണ് എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്തുണ്ടായ വീഴ്ചയാണ് പ്രസ്തുത കൊട്ടാരത്തിന്റെ അവകാശ തർക്കത്തിലേക്ക് നയിച്ചതെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതും എന്നാൽ സംസ്ഥാനത്തിനു പുറത്ത് സ്ഥിതി ചെയ്യുന്നതുമായ മറ്റ് സ്ഥലങ്ങളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിശദവിവരം നൽകുമോ; ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസുകളിൽ അവകാശ തർക്കം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

### <u>ഉത്തരം</u>

(എ) WP(MD) No.13737/13 നമ്പർ കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ചിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ അവകാശത്തർക്കവുമായി ബന്ധപ്പെട്ട് കേസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തീർപ്പുകൽപ്പിക്കുന്നതിലേയ്ക്കായി കോടതി നിർദ്ദേശപ്രകാരം തിരുനെൽ വേലിയിലെ ജില്ല റവന്യൂ ഓഫീസർ 2017 ജനുവരി മാസം കുറ്റാലം കൊട്ടാരത്തിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. അദ്ദേഹം കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) കേസ് നമ്പർ WP(MD) No.13737/13 & WP(MD) No.18108/15 ആയി 2013-14 കാലയളവിലാണ് അവകാശത്തർക്കം ആരംഭിച്ചത്.

(സി) കുറ്റാലം കൊട്ടാരത്തിന്റെയും വസ്തുവകകളുടേയും ഉടമസ്ഥാവകാശം സംബന്ധിച്ച് മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ചിൽ WP(MD) No.13737/13 of 2013 നമ്പർ ആയി പത്മനാഭദാസൻ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ. വെങ്കിട്ടരാമൻ എന്നയാൾ ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടറെയും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെയും കക്ഷികളാക്കി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ് നടത്തിവരുന്നത് റവന്യൂ വകുപ്പാണ്. തിരുനെൽവേലി ജില്ലാ റവന്യൂ ഓഫീസർ മേൽ വസ്തുവിന്റെ പട്ടയം കേരള സർക്കാരിന്റെ പേരിലേയ്ക്ക് മാറ്റിയതാണ് ടി കേസിൽ പരാതിക്കാരൻ ചോദ്യം ചെയ്യുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ മറ്റ് സ്ഥാപനങ്ങളൊന്നും തന്നെയില്ല.

## ഹൈടെക് ബസ് ഷെഡ്ഡുകളുടെ നിർമ്മാണം

62 (T3765) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച ഹൈടെക് ബസ് ഷെഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഏത് ഏജൻസിയാണ് ഇതിന്റെ നിർമ്മാണം നടത്തുന്നത്;

(സി) എത്ര ബസ്സ് ഷെഡുകളുടെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചു; ഇനി എത്രയെണ്ണം കൂടി നിർമ്മിക്കുവാനുണ്ട്;

(ഡി) പൂർത്തിയാക്കാനുള്ളവ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഹരിപ്പാട് മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് പ്രകാരം ഒൻപത് ബസ് ഷെൽട്ടറുകൾക്കായി ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 46,38,800 രൂപ അനുവദിക്കുകയുണ്ടായി.

(ബി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കമ്പനിയും ഗ്രീൻ ട്രേഡേഴ്സ് എന്ന കമ്പനിയും ജോയിന്റ് വെഞ്ച്വർ ആയിട്ടാണ് ഇതിന്റെ പണികൾ ചെയ്യുന്നത്.

(സി) നാളിതുവരെ ഒരെണ്ണം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. എട്ടെണ്ണം കൂടി നിർമ്മിക്കാനുണ്ട്.

(ഡി) ദേശീയ പാതാ അതോറിറ്റിയുടെയും മറ്റും അനുവാദം ലഭിച്ചാലുടൻതന്നെ ബസ് ഷെൽട്ടറുകളുടെ ജോലികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്.

## വൈപ്പിൻ ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

63(3766) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽനിന്നും രണ്ട് കോടി രൂപ വിനിയോഗിച്ച് വൈപ്പിൻ ഗവൺമെന്റ് കോളേജിന് കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നുവോ; എങ്കിൽ ഏതുവർഷമാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്നും വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) സർക്കാരിൽ സമർപ്പിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചതിനുശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പദ്ധതി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 25-3-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 557/2017/ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സമർപ്പിച്ചിരുന്നു.

(സി & ഡി) ഡി.പി.ആർ. നൽകിയ പ്ലാൻ പ്രകാരം സ്ട്രക്ചറൽ ഡിസൈനും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റും തയ്യാറാക്കുകയുണ്ടായി. പ്ലാനും മറ്റും അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ച് ലഭ്യമാകുന്ന ബാക്കി സ്ഥലവും ഉൾപ്പെടുത്തി പുതിയ ബ്ലോക്കിന്റെ നിർമ്മാണം കിഫ്ബി മുഖാന്തരം ചെയ്യുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയെങ്കിലും ഇതിന്റെ ഡ്രോയിംഗ് കിറ്റ്കോ തയ്യാറാക്കിയത് പൊതുമരാമത്ത് വകുപ്പ് അറിഞ്ഞിരുന്നില്ല. ആയതിനാൽ പുറകിൽ ലഭ്യമായ സ്ഥലവും പഴയ കെട്ടിടത്തിന്റെ കുറച്ച് ഭാഗവും പൊളിച്ചുകൊണ്ട് കിറ്റ്കോയുടെ നിർമ്മാണത്തിന് തടസ്സം വരാത്ത രീതിയിൽ പ്ലാനിൽ മാറ്റം വരുത്തി അംഗീകാരത്തിനായി സ്പെഷ്യൽ ഓഫീസർ, ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പ്ലാനിന് അംഗീകാരം ലഭിച്ചതിനുശേഷം രണ്ട് മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ തുടങ്ങാൻ സാധിക്കും.

### ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം

64 (3767) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സർക്കാർ എന്നാണ് ഭരണാനുമതി നല്കിയത്; എത്ര തുകയുടെ ഭരണാനുമതിയാണ് നല്കിയത്;

(ബി) പ്രസ്തുത ഭരണാനുമതി പിന്നീട് പുതുക്കി നല്കുകയുണ്ടായോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) നിർദ്ദിഷ്ട ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം പണിയുന്നതിനായി ഏതു സ്ഥലമാണ് നീക്കിവച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം-1 വില്ലേജിലെ കണ്ണിയംപുറത്തുള്ള കെ.പി.ഐ.പി കോംപൗണ്ടിലെ 60/10, 60/2 എന്നീ സർവ്വെ നമ്പരുകളിലായി കിടക്കുന്ന 84 സെന്റ് സ്ഥലം, മൈനർ ഇറിഗേഷൻ (കെ.പി.ഐ.പി) വകുപ്പിൽനിന്നും സ്റ്റേഡിയം പണിയുന്നതിലേക്കായി വിട്ടുകിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 24-6-2011-ലെ ജി.ഒ.(ആർ.ടി) നമ്പർ 8534/2011/പി.ഡബ്ല്യു.ഡി. ഉത്തരവുപ്രകാരം ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഒറ്റപ്പാലം കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലമാണ് നിർദ്ദിഷ്ട ഇൻഡോർ സ്റ്റേഡിയം പണിയുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആയത് ഒറ്റപ്പാലം-1 വില്ലേജിലെ കെ.പി.ഐ.പി. കോമ്പൗണ്ടിലെ 60/10, 60/2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 84 സെന്റ് സ്ഥലമാണ്.

(ഡി) ഈ സ്ഥലം ലഭ്യമാകുന്നതിന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് 31-12-2016-ൽ കത്ത് നൽകിയിട്ടുണ്ട്. തുടർനടപടികൾ ഒന്നും തന്നെയുണ്ടായിട്ടില്ല.

**ധനുവച്ചപുരം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ ലാബ് കെട്ടിട നിർമ്മാണം**

65 (3768) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ധനുവച്ചപുരം ഗവൺമെന്റ് ഗേൾസ് എച്ച്.എസ്- ലെ ലാബ് കെട്ടിടത്തിന്റെ നിർമ്മാണം കരാറുകാരൻ ഉപേക്ഷിച്ചുപോയി എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്നത്തേയ്ക്ക് പുനരാരംഭിക്കാനാകുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരാറുകാരന് ടെണ്ടർ നടപടികൾപ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും കരാറുകാരനിൽനിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാലും കരാറിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പുനരാരംഭിക്കുന്നതിലേയ്ക്കായി പുനർദർഘാസ് നടപടികളിലൂടെ കരാറുകാരനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഉടൻ എഗ്രിമെന്റുവച്ച് പണി ആരംഭിക്കുന്നതാണ്.

## തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ കെട്ടിട നിർമ്മാണം

66 (3769) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരൻ നൽകിയ കേസ്സിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം സർക്കാരിന് നഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം പരിശോധന നടത്തിയിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;വിശദമാക്കുമോ?

ഉത്തരം

(എ&ബി) തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരൻ നൽകിയ കേസിന്റെ വിധിപ്പകർപ്പ് അന്നത്തെ ഗവൺമെന്റ് പ്ലീഡർ അയച്ചുതരാത്തതിനാൽ അപ്പീൽ ഫയൽ ചെയ്യാൻ കാലതാമസമുണ്ടായി. ആയതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി അപ്പീൽ അനുവദിക്കാതിരിക്കുകയും ആയതിനെതിരെ സുപ്രീം കോടതിയെ സമീപിക്കുകയും സുപ്രീം കോടതി ഗവൺമെന്റിന് അനുകൂലമായി വിധിക്കുകയും പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ അപ്പീലിന്മേലുള്ള തുടർ വാദം നടന്നുവരികയുമാണ്. കൂടാതെ കരാറുകാരൻ ഫയൽ ചെയ്ത EP N.50/2017 (OS No.85/2007) ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. കേസിന്റെ അന്തിമവിധി വന്നതിനുശേഷമേ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

(സി) പരിശോധന നടത്തിയിരുന്നു.

(ഡി) പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപണ മെമ്മോ നൽകുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകുകയും ആയത് പരിശോധിച്ചുവരികയുമാണ്.

## വെള്ളരിക്കുണ്ട് താലൂക്കിൽ സബ് ഡിവിഷൻ ഓഫീസ്

67 (3770) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ പൊതുമരാമത്ത് സബ് ഡിവിഷൻ ഓഫീസുകൾ നാളിതുവരെ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയോര ഹൈവേ ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രമായ വെള്ളരിക്കുണ്ടിൽ റോഡ്സ്, ബിൽഡിംഗ്സ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിൽ അധികം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. തസ്തികകൾ സൃഷ്ടിച്ചതിനുശേഷം വെള്ളരിക്കുണ്ട് താലൂക്കിൽ കെട്ടിട, റോഡ്സ് വിഭാഗം സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ ക്രമക്കേടുകളുടെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ

68 (3771) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഉദ്യോഗസ്ഥരെ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്; ഇവർക്ക് സസ്പെൻഷൻ നൽകുന്നതിനുമുൻപ് മെമ്മോ ഓഫ് ചാർജ് കൊടുത്തിരുന്നോ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് എന്നതടക്കമുള്ള ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് അടക്കം പൂർണ്ണമായ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പരപ്പനങ്ങാടി മുൻ എ.ഇ.ഇ.-യും ഇപ്പോൾ മഞ്ചേരി (മലപ്പുറം) റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഇ.ഇ.-യുമായ ഉദ്യോഗസ്ഥന്റെ പേരിൽ, ചെയ്യാത്ത ജോലിയുടെ ബിൽ മാറി നൽകിയതിന്റെയും മറ്റ് ഗുരുതര ക്രമക്കേടുകളുടെയും പേരിൽ അന്വേഷണ വിധേയമായി സസ്പെൻഷൻ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത വ്യക്തിയുടെ പേരിൽ വകുപ്പുതല അന്വേഷണമോ വിജിലൻസ് അന്വേഷണമോ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകൾ, മെമ്മോ ഓഫ് ചാർജസ്, മറ്റ് നടപടിക്രമങ്ങൾ ഇവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെയുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച മേൽനടപടികളുടെ പകർപ്പ് അടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഗുരുതരമായ കണ്ടെത്തലുകളുടെ പേരിൽ പ്രസ്തുത വ്യക്തിക്കെതിരെ എന്തുകൊണ്ടാണ് നടപടികൾ സ്വീകരിക്കാതിരുന്നത് എന്നുള്ള വിവരം അറിയിക്കുമോ;

(എഫ്) ഫയൽ നമ്പർ എഫ്3/170/2017/പി.ഡബ്ലിയു.ഡി.-യിലെ മെമ്മോ ഓഫ് ചാർജ് പ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പൊതുമരാമത്ത് വകുപ്പിൽ ഗുരുതര ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 28 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. സസ്പെൻഷൻ നൽകുന്നതിനുമുൻപ് മെമ്മോ ഓഫ് ചാർജ് നൽകിയിട്ടില്ല. പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അന്വേഷണ വിധേയമായിട്ടാണ് സസ്പെൻഡ് ചെയ്തത്.

(ബി) പരപ്പനങ്ങാടി മുൻഅസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഇപ്പോൾ മഞ്ചേരി നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ഉദ്യോഗസ്ഥന് സസ്പെൻഷൻ നൽകിയിട്ടില്ല.

(സി) പൊതുമരാമത്ത് വകുപ്പുതല അന്വേഷണം നടത്തിയിട്ടില്ല. ധനകാര്യ പരിശോധനാ വിഭാഗം 12-5-2014-ന് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും മെമ്മോ ഓഫ് ചാർജ് നൽകിയിട്ടുണ്ട്. മെമ്മോ ഓഫ് ചാർജിന്റെ പകർപ്പ് അനുബന്ധമായ ചേർക്കുന്നു*.

(ഡി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥന് മെമ്മോ ഓഫ് ചാർജ് നൽകി. നിലവിൽ ടി ഉദ്യോഗസ്ഥന്റെ പ്രതിവാദ പത്രിക 14-2-2018-ന് ചീഫ് എഞ്ചിനീയർ ഭരണ വിഭാഗത്തിൽ ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ടി ഉദ്യോഗസ്ഥനിൽനിന്നും ലഭിച്ച പ്രതിവാദ പത്രിക പരിശോധിച്ച് തുടർനടപടികൾ ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്.

(എഫ്) മെമ്മോ ഓഫ് ചാർജ് ടി ഉദ്യോഗസ്ഥന് നൽകുകയും ടിയാളുടെ പ്രതിവാദ പത്രിക ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾ പ്രകാരമാണ് വകുപ്പുതല നടപടികൾ സ്വീകരിക്കുന്നത്.

### പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിംഗുകളുടെ എണ്ണം

69 (3772) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം, മലപ്പുറം എന്നിവിടങ്ങളിലെ വിംഗുകളുടെ എണ്ണം എത്രയാണ്; വിശദവിവരം നൽകുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിൽ 13 ഓഫീസുകളും മലപ്പുറം ജില്ലയിൽ 3 ഓഫീസുകളുമുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

### ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ

70 (3773) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവൃത്തികളായ കാളംതിരുത്തി ബദൽ വിദ്യാലയം കെട്ടിട പ്രവൃത്തി,തൃക്കുളം സ്കൂൾ കെട്ടിട പ്രവൃത്തി, തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ കെട്ടിടങ്ങൾ എന്നിവയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് ; ഇത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) കാളംതിരുത്തി ബദൽ വിദ്യാലയത്തിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ വകുപ്പാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ വൈദ്യുതീകരണ പ്രവൃത്തിയുടെ ഭരണാനുമതി 27-2-2018 -ൽ മലപ്പുറം കളക്ടർ നൽകിയിട്ടുണ്ട്. മലപ്പുറം വൈദ്യുതി ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 3-3-2018-ൽ 13-3-2018 അവസാന തീയതിയായി ടെണ്ടർ വിളിച്ചെങ്കിലും ആരും ടെണ്ടർ നൽകിയിട്ടില്ല. ഈ പ്രവൃത്തി ഷോർട്ട് ടെണ്ടർ വിളിച്ച് ഒരു ആഴ്ചയ്ക്കകം നടപ്പിലാക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 2018 മാർച്ച് 31-ന് മുമ്പായി പൂർത്തീകരിക്കുന്നതാണ്. തൃക്കുളം സ്കൂൾ കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവൃത്തി 9-1-2018-ൽ കോഴിക്കോട് വൈദ്യുതി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കരാർ ഉടമ്പടി നടത്തുകയും 90 ശതമാനം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. 20-3-2018-നുമുമ്പായി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ മറ്റേർണിറ്റി വാർഡ് സ്ഥാപിക്കാനുള്ള ഭരണാനുമതി 5-10-2012-ൽ ആരോഗ്യ വകുപ്പ് നൽകുകയും എസ്റ്റിമേറ്റ് തുകയായ 322 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനും ലിഫ്റ്റ്, ഫയർ എന്നിവ സ്ഥാപിക്കുന്നതിനുമായി 62 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15-6-2018-ന് മുമ്പായി ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. ടി ആശുപത്രിയിലെ ഏർലി ഇന്റർവെൻഷൻ സെന്ററിൽ പുതിയ ബ്ലോക്കിന്റെ സിവിൽ പ്രവൃത്തികളോടൊപ്പം ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനായി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഹൈടെൻഷൻ സർവീസ് ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിന് 39 ലക്ഷം രൂപയുടെ ഭരണാനുമതി ആരോഗ്യ വകുപ്പ് ഡയറക്ടർ 2-2-2018-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകാനും ടെണ്ടർ ക്ഷണിക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 2018 ആഗസ്റ്റ് 31-ന് മുമ്പായി പൂർത്തീകരിക്കുന്നതാണ്.

**രജിസ്ട്രേഷൻ വകുപ്പിലെ പ്രവർത്തനങ്ങൾ**

71 (3774) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ ജനോപകാരപ്രദമാകുന്ന എന്തൊക്കെ കാര്യങ്ങൾ പുതിയതായി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിവരിക്കുമോ;

(ബി) ഇക്കാലയളവിൽ എത്ര തവണ സർക്കാർ ഭൂമിയുടെ മാർക്കറ്റ് വില വർദ്ധിപ്പിച്ചിട്ടുണ്ട്; എത്ര ശതമാനം വീതം; വിശദമാക്കുമോ; ഇതുവഴി എത്ര കോടി രൂപ അധിക വരുമാനം ഉണ്ടാകും;

(സി) ഇപ്പോൾ ഭൂമി രജിസ്ട്രേഷന് ജനങ്ങളിൽനിന്നും ഈടാക്കുന്ന വിവിധ ഫീസുകളുടെ വിശദാംങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഗിഫ്റ്റ് ആധാരം, ധനനിശ്ചയ ആധാരം, ഒഴികുറി ആധാരം എന്നിവകൾക്ക് നിലവിൽ രജിസ്ട്രേഷൻ വകുപ്പ് ഈടാക്കുന്ന ഫീസിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) വസ്തുസംബന്ധമായ ഏതൊക്കെ തരത്തിലുള്ള ആധാരങ്ങളാണ് രജിസ്ട്രേഷൻ വകുപ്പിൽ ജനങ്ങൾക്ക് ചെയ്തുകൊടുക്കുന്നത്; ഇതിന്റെ പൂർണ്ണ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി ഒരു ലക്ഷം രൂപയിൽ കൂടുതൽ മുദ്രവില അടയ്ക്കേണ്ട ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കി. രജിസ്ട്രേഷൻ കൂടുതൽ സുതാര്യവും സുഗമവും വേഗതയിലുമാക്കുന്നതിനായി രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കുന്നതിന് ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കി. അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ചാരിറ്റബിൾ സൊസൈറ്റികളുടെ കുടിശ്ശിക തീർത്ത് പുതുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കി. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നിലവിലുള്ള പഴയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും കാലപ്പഴക്കമുള്ളതുമായ 48 സബ് രജിസ്ട്രാർ ഓഫീസുകൾക്കും 3 രജിസ്ട്രേഷൻ കോംപ്ലക്സുകൾക്കും നിർമ്മാണത്തിനുള്ള 100 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഈടാക്കുന്ന വിവിധ ഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അഞ്ച് ഏക്കറിന് താഴെ വസ്തു കൈമാറ്റം ചെയ്യുന്ന ദാനം, ധനനിശ്ചയം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് ഒരു ശതമാനവും അഞ്ച് ഏക്കറിൽ കൂടുതൽ വസ്തു കൈമാറ്റം ചെയ്യുന്ന ടി ആധാരങ്ങൾക്ക് 2 ശതമാനവുമാണ് നിലവിലെ ഫീസ് നിരക്ക്.

(ഇ) വസ്തുവിന്റെ കൈമാറ്റം, പണയം, ഒഴിമുറി, മുക്ത്യാർ, ഭാഗപത്രം തുടങ്ങിയ വിഭാഗത്തിൽപ്പെട്ട ആധാരങ്ങളാണ് വകുപ്പിൽ സാധാരണയായി രജിസ്ട്രേഷന് ഹാജരാക്കുന്നത്. സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കുന്നതിനായി ഈ ആധാരങ്ങളെ കേരള മുദ്രപ്പത്ര നിയമം പട്ടികയിൽ പലതായി തരംതിരിച്ചിട്ടുണ്ട്. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഇതുസംബന്ധിച്ച പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## രജിസ്ട്രേഷൻ വകുപ്പ് മുഖേന ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ

72 (3775) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പ് മുഖേന ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവ കൂടുതൽ വേഗത്തിൽ ലഭ്യമാക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്നറിയിക്കാമോ;

(സി) ഈ സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകൾ ഓൺലൈൻ ആയി നൽകുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) രജിസ്ട്രേഷൻ വകുപ്പ് മുഖേന ലഭ്യമാകുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ടി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യവും ഫീസ് ഒടുക്കുന്നതിലേയ്ക്കായി ഇ-പേമെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് നേരിട്ട് സബ് രജിസ്ട്രാർ ഓഫീസിൽ വരാതെതന്നെ ഡിജിറ്റൽ സിഗ്നേച്ചറോടുകൂടിയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രജിസ്ട്രേഷൻ വകുപ്പിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യൽ

73(3776) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ നടന്നുവരുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങളുടെ ഡിജിറ്റൈസേഷനുവേണ്ടി അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സി-ഡിറ്റുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി രൂപരേഖ തയ്യാറാക്കി വരുന്നു. 2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

## രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

74(3777) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

ഉത്തരം

(എ) 2016-17-ലെ ബജറ്റ് പ്രകാരം, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ 52 ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം വകുപ്പിനുകീഴിലെ

30 ഓഫീസുകളുടെ സൈറ്റ് പ്രിപ്പറേഷൻ ജോലികൾ ആരംഭിക്കുകയും 8 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള റിക്കാർഡ് റൂമിന് ആവശ്യമായ കോംപ്ലക്സ് സ്ഥാപിക്കുകയുമുണ്ടായി. 157 സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്കായി 300 കമ്പ്യൂട്ടറുകളും 61 സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്കാനറുകളും 76 സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്ക് ഡിജിറ്റൽ ക്യാമറകളും അനുവദിച്ചിട്ടുണ്ട്.

(ബി) കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള ഇടപാടുകൾക്ക് നിലവിലുള്ള മുദ്രപ്പത്രം ഉപയോഗിച്ച് മുദ്രവില ഒടുക്കാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ളവയ്ക്ക് മുദ്രവില ഇ-സ്റ്റാമ്പിംഗിലൂടെ മാത്രമേ ഒടുക്കുവാൻ സാധിക്കുകയുള്ളൂ. കേരള ട്രഷറി വകുപ്പിന്റെയും കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

75 (3778) ശ്രീ. എം. ഉമ്മർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബ്ലോക്ക് ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ്‌വർക്ക് ഉപകരണങ്ങൾക്ക് വേണ്ടത്ര യു.പി.എസ്. ഇല്ലാത്തതും, സംസ്ഥാന ഡാറ്റാ സെന്ററുകളിൽ സ്ഥാപിച്ചിട്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ സെർവറിന്റെ പോരായ്മയും ആധുനികവത്കരണത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2017 സെപ്റ്റംബർ മാസത്തിൽ NIC തയ്യാറാക്കി നടപ്പിലാക്കുന്ന PEARL സംവിധാനത്തിൽ തകരാറുണ്ടാകുകയും വകുപ്പിലെ സേവനങ്ങൾ ഭാഗികമായി തടസ്സപ്പെടുകയും ചെയ്തിരുന്നു. അടിയന്തരമായി സർക്കാർ ഇടപെടുകയും NIC തകരാർ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായി സേവനങ്ങൾ തടസ്സപ്പെടുകയാണെങ്കിൽ മാന്വലായി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ബ്ലോക്ക് ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ്‌വർക്ക് ഉപകരണങ്ങൾക്ക് ആവശ്യമായ യു.പി.എസ്. സംവിധാനം തകരാറിലാകുന്ന വിരളമായ സാഹചര്യങ്ങളിൽ മാത്രമാണ് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നത്. കൂടാതെ ബ്ലോക്ക് ഓഫീസിലെ വൈദ്യുതി ബിൽ യഥാസമയം ഐ. ടി. മിഷനിൽനിന്ന് ഒടുക്കാത്ത സാഹചര്യങ്ങളിൽ വൈദ്യുതിബന്ധം തടസ്സപ്പെടാറുണ്ട്. പബ്ലിക് പേൾ സംവിധാനം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിലേയ്ക്കായി ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന രജിസ്ട്രേഷൻ സെർവറുകളുടെ ശേഷികൂട്ടുന്നതിന്റെ ഭാഗമായി പുതിയ സെർവറുകൾ സ്ഥാപിച്ചുകഴിഞ്ഞു. സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾക്കുമുള്ള ഡാറ്റ പ്രത്യേക സെർവറുകളിലേയ്ക്ക് മാറ്റുന്നതിലൂടെ പബ്ലിക് പേൾ സംവിധാനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

**ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം വിപുലപ്പെടുത്താൻ നടപടി**

76 (3779) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലബ്ബുകൾ, ലൈബ്രറികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും സൗകര്യം ഒരുക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത എത്ര ശതമാനം ഓഫീസുകളിൽ ഇത്തരത്തിൽ ഓൺലൈൻ സൗകര്യം ഒരുക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓൺലൈൻ സൗകര്യങ്ങൾ നിലവിൽ വരുന്നതിന് മുൻപ് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് വാർഷിക പുതുക്കലിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഭാഗം സംഘടനകൾക്ക് കൂടി ഓൺലൈൻ സൗകര്യം വ്യാപിപ്പിച്ച് വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ക്ലബ്ബുകൾ, ലൈബ്രറികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ രജിസ്ട്രേഷൻ നടത്തുന്നത് അതത് ജില്ലാ രജിസ്ട്രാർ ഓഫീസുകൾ മുഖേനയാണ്. രജിസ്ട്രേഷൻ നടത്തുന്നതിനുവേണ്ടി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം രജിസ്ട്രേഷൻ വകുപ്പിനുകീഴിലുള്ള 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഓൺലൈൻ സൗകര്യങ്ങൾ നിലവിൽവരുന്നതിനുമുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് വാർഷിക പുതുക്കലിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

**രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടം**

77 (3780) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഏതെല്ലാം രജിസ്ട്രാർ ഓഫീസുകളാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ആയതിലേക്ക് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല നിയോജക മണ്ഡലത്തിൽ വർക്കല, നാവായിക്കുളം എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് KIIFB-യിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വർക്കല സബ് രജിസ്ട്രാർ ഓഫീസിന്റെ എസ്റ്റിമേറ്റ് തുക 3 കോടി രൂപയും നാവായിക്കുളത്തിന്റേത് 1.45 കോടി രൂപയുമാണ്.

**രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം**

78 (3781) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രാർ ഓഫീസുകളെല്ലാം സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) സർക്കാർ കെട്ടിടങ്ങളിലല്ലാതെ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) എല്ലാ രജിസ്ട്രാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവയുടെ വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർ ഓഫീസുകളും സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ നിലവിൽ 106 സബ് രജിസ്ട്രാർ ഓഫീസുകൾ, 4 ജില്ലാ രജിസ്ട്രാർ ഓഫീസുകൾ, 2 ജില്ലാ രജിസ്ട്രാർ ഓഡിറ്റ് ഓഫീസുകൾ, 2 മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരുടെ ഓഫീസുകൾ ഉൾപ്പെടെ 114 രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. അതിൽ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ രജിസ്ട്രാർ ജനറൽ, ജില്ലാ രജിസ്ട്രാർ ഓഡിറ്റ്, മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസ്, അമാൽഗമേറ്റഡ് സബ് രജിസ്ട്രാറുടെ ഓഫീസ് തുടങ്ങിയ ഓഫീസുകൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

| | | |
|---|---|---|
| 1. തിരുവനന്തപുരം | - | 20 |
| 2. കൊല്ലം | - | 9 |
| 3. പത്തനംതിട്ട | - | 8 |
| 4. ആലപ്പുഴ | – | 7 |
| 5. കോട്ടയം | - | 14 |
| 6. ഇടുക്കി | - | 4 |
| 7. എറണാകുളം | - | 6 |
| 8. തൃശ്ശൂർ | - | 6 |
| 9. പാലക്കാട് | - | 7 |
| 10. മലപ്പുറം | - | 13 |
| 11. കോഴിക്കോട് | - | 12 |
| 12. വയനാട് | - | 4 |
| 13. കണ്ണൂർ | - | 3 |
| 14 കാസർഗോഡ് | - | 1 |
| | ആകെ - | 114 |

(സി&ഡി) ഉണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഭൂമി ലഭ്യമായവയും നിലവിൽ സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും കാലപ്പഴക്കംകൊണ്ട് ശോച്യാവസ്ഥയിലായതും സ്ഥലപരിമിതിയുള്ളതുമായ കെട്ടിടങ്ങൾക്കും പകരം പുതിയ കെട്ടിടങ്ങൾ

നിർമ്മിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 100 കോടി രൂപ ചെലവിൽ 52 ഓഫീസുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പത്ത് ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നവയാണ്.

## രജിസ്ട്രേഷൻ വകുപ്പിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

79 (3782) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന എത്ര പേർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി അടക്കമുള്ള വിവിധ ക്രമക്കേടുകളുടെ പേരിൽ വകുപ്പുതല അന്വേഷണവും വിജിലൻസ് അന്വേഷണവും നേരിടുന്നുണ്ട്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും ചെയ്ത ക്രമക്കേടുകളുടെ വിശദാംശങ്ങളും സഹിതം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രജിസ്ട്രേഷൻ ഓഫീസുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 63 ജീവനക്കാർ നിലവിൽ വകുപ്പുതല അന്വേഷണവും വിജിലൻസ് അന്വേഷണവും നേരിടുന്നുണ്ട്.

(ബി) പരാതികൾ സംബന്ധിച്ച വകുപ്പുതല അന്വേഷണം നേരിടുന്ന ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും അച്ചടക്ക നടപടികൾ സംബന്ധിച്ച അന്വേഷണം നേരിടുന്ന ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഒരു സബ് രജിസ്ട്രാർ ഓഫീസ് മലപ്പുറം ജില്ലയിൽ തുടങ്ങിയിട്ടുണ്ട്. എടവണ്ണ ആസ്ഥാനമായി 26-5-2017-ൽ പുതിയതായി രജിസ്ട്രേഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ടി ഓഫീസിന്റെ ഔദ്യോഗിക ഉദ്ഘാടന കർമ്മം 1-3-2016-ൽ നിർവ്വഹിച്ചിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രീ-പെയ്ഡ് ഓട്ടോ ടാക്സി കൗണ്ടർ

80 (3783) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരവധിപേർ യാത്രയ്ക്കായി എത്തിച്ചേരുന്ന കായംകുളം റെയിൽവേ സ്റ്റേഷനിൽ ഒരു പ്രീ-പെയ്ഡ് ഓട്ടോ ടാക്സി കൗണ്ടറും സി.സി.ടി.വി. സംവിധാനവും സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കായംകുളം റെയിൽവേ സ്റ്റേഷനിൽ പ്രീ-പെയ്ഡ് ഓട്ടോ/ടാക്സി കൗണ്ടർ/ബൂത്ത് നിർമ്മിക്കുന്നതിനുള്ള സന്നദ്ധത കായംകുളം ജൂനിയർ ചേമ്പർ ഇന്റർനാഷണൽ അറിയിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ പരിഗണനയിലാണ്. കൂടാതെ കായംകുളം റെയിൽവേ സ്റ്റേഷനിൽ നിർഭയ ഫണ്ടിൽ ഉൾപ്പെടുത്തി സി.സി.ടി.വി. ക്യാമറ സിസ്റ്റം സ്ഥാപിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

## റെയിൽവെ പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണം

81 (3784) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെന്നൈ ആസ്ഥാനമാക്കി റെയിൽവെ സോൺ ഓഫീസുകൾ പ്രവർത്തിക്കുന്നതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവെ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമുണ്ടോ എന്നറിയിക്കാമോ;

(ബി) റെയിൽവെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് റെയിൽവെയുടെ തിരുവനന്തപുരം, പാലക്കാട് എന്നീ ഡിവിഷനുകൾ ചേർത്ത് എറണാകുളം അസ്ഥാനമാക്കി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണ്;

(സി) 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ റെയിൽവെ വികസനത്തിന് ഉതകുന്ന പദ്ധതികളെന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും റെയിൽവേയിൽനിന്ന് ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിട്ടുണ്ട്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം അടിസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം ഉന്നയിച്ചിട്ടുണ്ടായിരുന്നു. ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോഴില്ലെന്ന തീരുമാനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്.

(സി) 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20 ശതമാനം കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് (50 ശതമാനത്തോളം). പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവേ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

**മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലം**

82 (3785) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ബുദ്ധ ജംഗ്ഷൻ- കല്ലുമല റോഡിൽ റെയിൽവേ ഗേറ്റ് ഒഴിവാക്കി മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ സർവ്വേ നടപടികളും എസ്റ്റിമേറ്റും അടിയന്തരമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത റയിൽവേ മേൽപ്പാല നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ പ്രസ്തുത പ്രവൃത്തിക്കനുവദിക്കുന്ന തുകയുടെ വിനിയോഗത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര കല്ലുമല റെയിൽവേ ഗേറ്റിന് (എൽ.സി. നമ്പർ 28) പകരമായി മേൽപ്പാല നിർമ്മാണം 2017-18-ലെ റെയിൽവേ ബജറ്റിൽ ഉൾപ്പെടുത്തുകയും 2-11-2017-ലെ G.O. (Rt)No. 458/2017/PWD പ്രകാരം

ആർ.ബി.ഡി.സി.കെ.-യെ implementing Agency ആയി നിയമിച്ചിട്ടുമുണ്ട്. കല്ലുമല ആർ.ഒ.ബി. അടക്കം 33 ആർ.ഒ.ബി.-കളുടെ implementing Agency ആയി ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ സർവ്വേ നടപടികളും ഇൻവെസ്റ്റിഗേഷനും ചെയ്ത് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചും പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് കിഫ്ബിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചുമുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ നിർമ്മാണച്ചെലവിന്റെ (ഭൂമി ഏറ്റെടുക്കൽ ഒഴികെ) പകുതി റെയിൽവേ വഹിക്കുന്നതാണ്.

## തിരുനെട്ടൂർ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം

83 (3786) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും 324 ലക്ഷം രൂപ അനുവദിച്ച തിരുനെട്ടൂർ റെയിൽവെ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാല താമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുനെട്ടൂർ റെയിൽവേ മേൽപ്പാല നിർമ്മാണം സ്റ്റീൽഡ് കൺസ്ട്രക്ഷൻ കമ്പനിക്ക് 6.47 കോടി രൂപയ്ക്ക് അവാർഡ് ചെയ്തിട്ടുള്ളതാണ്. മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗത്തിന്റെ നിർമ്മാണ ചെലവ് എം.പി. ഫണ്ടിൽനിന്നും ബാക്കി ഭാഗങ്ങളുടെ നിർമ്മാണ ചെലവ് മുൻ എം.എൽ.എ.-മാരായ ശ്രീ. ലൂഡി ലൂയിസ് (3.24 കോടി), ശ്രീ. കെ. ബാബു (2.53 കോടി) എന്നിവരുടെ ആസ്തി വികസന ഫണ്ടിൽനിന്നുമാണ് അനുവദിച്ചിരിക്കുന്നത്. നിലവിൽ റെയിൽവേ ഭാഗം പൂർത്തിയായിട്ടുള്ളതും ബാക്കി ഭാഗങ്ങളുടെ 70 ശതമാനം പണികൾ പൂർത്തിയായിട്ടുള്ളതുമാണ്. ഇതുവരെ 4.44 കോടി രൂപയുടെ ബില്ലുകൾ സമർപ്പിച്ചതിൽ 3.31 കോടി രൂപയുടെ ബില്ലുകൾ ലഭിച്ചിട്ടുണ്ട്.

(ബി) മേൽപ്പാല അലൈൻമെന്റിലൂടെ കടന്നുപോകുന്ന ഐ.ഒ.സി. പൈപ്പ് ലൈനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കേണ്ടി വന്നതും ബില്ലുകൾ ലഭ്യമാക്കുന്നതിലെ കാലതാമസവും പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. പണികൾ 2018 മേയ് അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കടുത്തുരുത്തി റെയിൽവേ മേൽപ്പാലം

84 (3787) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച കടുത്തുരുത്തി റെയിൽവെ മേൽപ്പാലത്തിന്റെ ഭരണാനുമതി സംബന്ധിച്ചുള്ള പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; ആയതിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ;

(സി) കടുത്തുരുത്തി റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും; പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിയുടെ ഫയൽ നടപടികൾ ഏത് വകുപ്പാണ് കൈകാര്യം ചെയ്യുന്നത്; ആയതിന്റെ ഫയൽ നമ്പർ അറിയിക്കാമോ?

### ഉത്തരം

(എ) കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി 10-07-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം കിഫ്ബിയിലുൾപ്പെടുത്തി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഡി.പി.ആർ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പഠനങ്ങൾ നടന്നുവരുന്നു. ഡി.പി.ആർ. സമർപ്പിച്ച് കിഫ്ബി അംഗീകാരം ലഭിച്ചതിനുശേഷം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) തത്വത്തിലുള്ള അനുമതി നൽകിയശേഷം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ തീരുമാനമെടുക്കേണ്ടി വരുന്ന സംഗതികളിൽ പൊതുമരാമത്ത് ഡി വകുപ്പാണ് ഫയൽ കൈകാര്യം ചെയ്യേണ്ടത്. ഇതുവരെ ഫയൽ ആരംഭിക്കേണ്ടി വന്നിട്ടില്ല.

## കായംകുളം റെയിൽവേ സ്റ്റേഷനിൽ പാർക്കിംഗ് ഷെഡ്

85 (3788) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ജംഗ്ഷൻ - റെയിൽവെ സ്റ്റേഷനിൽ യാത്രക്കാരുടെ ടൂ വീലർ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുവേണ്ടി ഒരു സ്ഥിരം സംവിധാനം ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രക്കാരുടെ വാഹനങ്ങൾ പാർക്കുചെയ്യുന്നതിനുവേണ്ടി മേൽക്കൂരയോടുകൂടിയ ഒരു പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം റെയിൽവേ സ്റ്റേഷനിൽ എല്ലാത്തരം വാഹനങ്ങളും പാർക്ക് ചെയ്യുന്നതിലേയ്ക്കായി 1200 sqm. സ്ഥലം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ നടത്തിപ്പ് അവകാശം 3 വർഷ കോൺട്രാക്ട് കാലാവധിയിൽ കുടുംബശ്രീയെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) മേൽക്കൂരയോടുകൂടിയ പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നുംതന്നെ നിലവിലില്ല. എങ്കിലും ഈ ആവശ്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ്

86 (3789) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ സതേൺ റെയിൽവെ എടുത്തിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) സ്വതന്ത്ര ട്രെയിനാക്കുന്നതിലൂടെ വരുത്തുന്ന മാറ്റങ്ങൾ, കോച്ചുകളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ;

(സി) മലബാറിലെ യാത്രക്കാർക്ക് ഏറെ ആശ്വാസമായി മാറിയ രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സ്വതന്ത്ര ട്രെയിനാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പാലക്കാട് ഡിവിഷൻ റെയിൽവേ ബോർഡിന് നൽകിയിട്ടുണ്ട്. ഈ പ്രൊപ്പോസൽ റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. എസി 2 ടയർ-1, എസി 3 ടയർ-2 സെക്കൻഡ് ക്ലാസ് സ്ലീപ്പർ കോച്ച്-7, ജനറൽ കമ്പാർട്ട്മെന്റ്-4, എസ്.എൽ.ആർ.-2 എന്നിങ്ങനെ ആകെ 16 കോച്ചുകൾ ഈ ട്രെയിനിന് ഉണ്ടായിരിക്കും.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

87 (3790) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കുള്ള മൂന്ന് കോടി രൂപയുടെ ധനസഹായത്തിന് നേമം നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത വാഴമുട്ടം ഹൈസ്കൂളിലെ പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റിൽ നേമം നിയോജക മണ്ഡലത്തിലെ വാഴമുട്ടം ഗവ. ഹൈസ്കൂളിനെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 2018-19 ബജറ്റ് പ്രസംഗത്തിൽ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽനിന്നും വിട്ടുപോയിട്ടുള്ള സ്കൂളുകൾക്ക് മുമ്പ് പ്രഖ്യാപിച്ച മൂന്നുകോടി രൂപയുടെ ധനസഹായം ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊളിച്ച കെട്ടിടങ്ങൾ**

88 (3791) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാളിതുവരെ ഉപയുക്തമായിട്ടുള്ള (fitness) എത്ര കെട്ടിടങ്ങൾ പൊളിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യജ്ഞത്തിന്റെ ഭാഗമായി ഉപയുക്തമായിട്ടുള്ള (fitness) കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന്റെ ആവശ്യകത എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സമീപനം ഇന്നത്തെ അവസ്ഥയിൽ സംസ്ഥാന ഖജനാവിന് താങ്ങാവുന്നതാണോ എന്ന് പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉപയുക്തമായിട്ടുള്ള ചില കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതായി വരുമെങ്കിലും നാളിതുവരെ ഒന്നുംതന്നെ പൊളിച്ചുമാറ്റിയിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് ഓരോ സ്കൂളിന്റെയും സാമൂഹികവും പ്രാദേശികവും സാംസ്കാരികവുമായ പ്രത്യേകതകൾകൂടി കണക്കിലെടുത്ത് തയ്യാറാക്കിയിട്ടുള്ള സർക്കാർ അംഗീകൃതമായിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലായതിനാൽ കൂടുതൽ സൗകര്യപ്രദമായിട്ടുള്ള സ്കൂൾ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഉപയുക്തമായിട്ടുള്ള ചില കെട്ടിടങ്ങൾ പൊളിച്ചുനീക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടാകുന്നു.

(സി) സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ഉപയുക്തമായിട്ടുള്ള ചില കെട്ടിടങ്ങൾ പൊളിച്ചുനീക്കേണ്ടതായി വരുന്നുണ്ട്. 9-3-2018-ലെ സ.ഉ. (കൈ) 32/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള അധികാരം ജില്ലാ തലത്തിൽ എൽ.എസ്.ജി. എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം അസി. എഞ്ചിനീയർ, വിദ്യാഭ്യാസ വകുപ്പിലെ എ.ഇ.ഒ./ഡി.ഇ.ഒ. എന്നിവരടങ്ങുന്ന കമ്മിറ്റിക്ക് നൽകിയും ആയവയുടെ നിലവിലെ മൂല്യം എഴുതിത്തള്ളുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന് അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെയും എം.പി./ എം.എൽ.എ, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് എന്നിവ മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ ഉൾപ്പെടുത്തിയുമാണ് നടപ്പിലാക്കുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ അധിക സാമ്പത്തികബാദ്ധ്യത വരുന്നില്ല.

## ഹൈടെക് ക്ലാസ്സ് മുറികൾ

89 (3792) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മുഴുവൻ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനങ്ങൾ ഏർപ്പെടുത്തിയ എത്ര സ്കൂളുകളുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2018 ജൂൺ 1-നുമുമ്പ് ഈ ക്ലാസ്സ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

(ബി) സംസ്ഥാനത്തെ 4775 സർക്കാർ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളാണ് ഇപ്പോൾ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി സ്കൂളുകളിൽ 1574 സ്കൂളുകളിലെ മുഴുവൻ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ഓരോ ക്ലാസ്സിലേയ്ക്കും ലാപ്ടോപ്പ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രോജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫംഗ്ഷൻ പ്രിന്റർ, ക്ലാസ്സ് മുറികളെ തമ്മിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നത്.

## ചേലക്കര മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾ

90 (3793) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ എത്ര എൽ.പി., യു.പി.,എച്ച്.എസ്,എച്ച്.എസ്.എസ്. സ്കൂളുകളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പേരുവിവരവും ഡിവിഷനുകളുടെ എണ്ണവും കുട്ടികളുടെ എണ്ണം, ആൺ പെൺ തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## സർക്കാർ സ്കൂളുകളുടെ പഠന നിലവാരം ഉയർത്തുവാൻ നടപടി

91 (3794) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ പഠനനിലവാരം ഉയർത്തുവാനും വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനും മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്ന പ്രവണത ഇല്ലാതാക്കാനുമായി വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മക്കളെ സർക്കാർ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനാവശ്യമുള്ള ബോധവത്കരണവും സർക്കാർ ശമ്പളം പറ്റുന്നവരുടെ മക്കൾ സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്നത് ഉറപ്പുവരുത്താനുമായി സമയബന്ധിതമായി എന്ത് നടപടി ഈ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

1. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി എല്ലാ സ്കൂളുകളും തനതായ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി സമൂഹത്തിന് മുമ്പിൽ അവതരിപ്പിച്ചു. അപ്രകാരം ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി പരിശോധിച്ച് അതിനനുസരിച്ച് അടുത്ത അക്കാദമിക വർഷം മുതൽ അതാത് സ്കൂളുകളിൽ അക്കാദമിക പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

2. സാമൂഹിക പങ്കാളിത്തത്തോടുകൂടി കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

3. ഈ വർഷം ഏപ്രിൽ മുതൽ സ്കൂളുകൾക്ക് അവയുടെ മികവുകൾ ഉയർത്തിക്കാണിക്കാൻ മികവ് ഉത്സവങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

4. ആധുനിക സാങ്കേതിക വിദ്യ/ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനം സ്വായത്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. അതിന്റെ ഭാഗമായി സമഗ്ര പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

5. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയവ മെച്ചപ്പെടുത്താനും വിദ്യാർത്ഥികളുടെ കായികക്ഷമത, സർഗ്ഗവാസനകൾ വികസിപ്പിക്കാനും പദ്ധതികൾ ആരംഭിച്ചു.

6. കൃഷിയെ സംസ്കൃതിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ, ഹരിത പ്രോട്ടോക്കോൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതികൾ എന്നിവയും സർക്കാർ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പരിശീലനവും ആസൂത്രണം ചെയ്തുകഴിഞ്ഞു.

(ബി) സമൂഹത്തിലെ എല്ലാ കുട്ടികളെയും പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്ന തരത്തിൽ സമൂഹ പിന്തുണയോടെയാണ് സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്.

## ചാലക്കുടിയിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ കെട്ടിടം

92 (3795) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, ഈസ്റ്റ് ചാലക്കുടി കോമ്പൗണ്ടിൽ ആർ.എം.എസ്.എ. ഫണ്ട് ഉപയോഗിച്ച്, പെൺകുട്ടികൾക്കായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നും എന്തെല്ലാം സൗകര്യങ്ങളാണ് ഈ നിർദ്ദിഷ്ട ഹോസ്റ്റലിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലായം ആർ.എം.എസ്.എ.യുടെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചാലക്കുടി ഗവ. ഗേൾസ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് (കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം 60:40 എന്ന അനുപാതത്തിൽ) 255.11 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. ഇതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും പ്രകാരം 367 ലക്ഷം രൂപയാണ് ആകെ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നത്. മേൽ ഹോസ്റ്റൽ സൗകര്യം ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക്കണമെന്ന നിബന്ധനയിൽ ഈ പദ്ധതിക്കായി 255.11 ലക്ഷം രൂപ ആർ.എം.എസ്.എ.യും ബാക്കി വരുന്ന 111.89 ലക്ഷം രൂപ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റും വഹിക്കേണ്ടതാണ് എന്നതുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിന്റെ വിഹിതമായി 111.89 ലക്ഷം രൂപ ആർ.എം.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി പദ്ധതി വിഹിതം ലഭ്യമായാൽ ഉടൻതന്നെ തുടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയും. 34 മൂന്ന് ബെഡ് കിടക്കമുറികളും ഒരു ബെഡ് സിക്ക് റൂമും ഭിന്നശേഷിക്കാർക്കായി രണ്ട് ബെഡ് റൂമും ഉൾപ്പെടെ 105 കിടക്കകളും ഉൾക്കൊള്ളിച്ചിട്ടുള്ള 1923.39 ച.മീറ്റർ വിസ്തീർണ്ണമുള്ള മൂന്ന് നില കെട്ടിടമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. 100 വിദ്യാർത്ഥിനികൾക്ക് ഇരുന്ന് പഠിക്കാനുള്ള പഠനമുറി, 100 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാൾ, ടി.വി. കാണുന്നതിന് വിശാലമായ ഹാൾ, വിസിറ്റേഴ്സ് റൂം, രണ്ട് നിലകളിൽ തുണി കഴുകുന്നതിനുള്ള മുറി, അടുക്കളയ്ക്കും പാൻട്രിക്കുംപുറമേ വിറക് അടുപ്പ് ഉപയോഗിക്കാനുള്ള സൗകര്യം എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്.

**ഫയൽ വിഷയത്തിന്മേൽ സ്വീകരിച്ച നടപടി**

93 (3796) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1289/2017/VIP/M(Edn) Gen. education dtd 24/3/17 എന്ന ഫയലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

അപേക്ഷയിന്മേൽ ഹയർ സെക്കണ്ടറി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**ട്രിനിറ്റി ലൈസിയം സ്കൂളിന്റെ എൻ.ഒ.സി.**

94 (3797) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ട്രിനിറ്റി ലൈസിയം സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനി ഗൗരി നേഘയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ സ്കൂളിന്റെ എൻ.ഒ.സി. റദ്ദാക്കാൻ ഡി.ഡി.ഇ. റിപ്പോർട്ട് നൽകിയിരുന്നോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) കൊല്ലം ട്രിനിറ്റി ലൈസിയം സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി ഗൗരി നേഘയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ, 2018-19 അദ്ധ്യയന വർഷം മുതൽ ടി സ്കൂളിന്റെ എൻ.ഒ.സി. റദ്ദ് ചെയ്യണമെന്ന് ശിപാർശ ചെയ്തുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**എം.പി., എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്കൂൾ വാഹനങ്ങൾ**

95 (3798) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എം.പി., എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിലേക്ക് വാങ്ങുന്ന വാഹനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനുവദിച്ച എത്ര വാഹനങ്ങൾ സാമ്പത്തിക പ്രയാസം കാരണം ഓടിക്കാൻ കഴിയാതെ നിർത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എം.പി., എം.എൽ.എ. ഫണ്ടുകൾ അനുവദിച്ച് വാങ്ങുന്ന സ്കൂൾ ബസ്സുകൾക്ക് റോഡ് ടാക്സ് ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) സ്കൂൾ ബസ്സ് ഡ്രൈവർമാർക്ക് ദിനബത്ത നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എം.പി./എം.എൽ.എ.-മാരുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നത്, ഡ്രൈവർമാരുടെ വേതനം, ആവർത്തന/പരിപാലന ചെലവുകൾ, ഇന്ധനച്ചെലവ് ഉൾപ്പെടെയുള്ളവ സർക്കാർ വഹിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായിട്ടാണ്. എന്നിരുന്നാലും ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ചുരുക്കം ചില സ്കൂളുകളിലെ വാഹനത്തിന്റെ ഇൻഷ്വറൻസ്, മെയിന്റനൻസ് തുടങ്ങിയവ സംബന്ധിച്ച് ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) മലപ്പുറം ജില്ലയിലെ പാങ്ങ് ഗവ. ഹൈസ്കൂളിൽ സ്കൂൾ ബസിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ എണ്ണം കുറവായതിനാൽ സ്കൂൾ ബസ് ഇപ്പോൾ ഓടിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം ഗതാഗത വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സ്കൂൾ ബസ് ഡ്രൈവർമാരുടെ വേതനം സർക്കാർ വഹിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായാണ് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുകൊണ്ട് സ്കൂൾ ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നത്. ആയതിനാൽ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## പ്രീ-പ്രൈമറി ടീച്ചേഴ്സിന് അധിക യോഗ്യതയ്ക്കനുസരിച്ച് പ്രൊമോഷൻ

96 (3799) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മുഖേന നിയമനം ലഭിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്ന ഗവൺമെന്റ് പ്രീ പ്രൈമറി ടീച്ചേഴ്സിന് അധിക

യോഗ്യതയ്ക്കനുസരിച്ച് ഉയർന്ന അദ്ധ്യാപക തസ്തികയിലേക്ക് അർഹമായ അളവിൽ പ്രൊമോഷൻ, തസ്തികമാറ്റം എന്നിവ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കേരള പി. എസ്. സി. മുഖേന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രീ പ്രൈമറി തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന അധ്യാപകർക്ക് സ്ഥലംമാറ്റം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പി.എസ്.സി. വഴിയുള്ള നിയമനമായതിനാൽ ജില്ലയ്ക്കുള്ളിൽ സ്ഥലമാറ്റം ഒഴിവുള്ളമുറയ്ക്ക് അനുവദിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

97 (3800) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' മിഷനിൽ നാളിതുവരെ എത്ര ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത്; നിയമനം സംബന്ധിച്ചും തസ്തികകൾ സംബന്ധിച്ചും നാളിതുവരെ പുറത്തിറക്കിയ ഉത്തരവുകളുടെയും മാർഗ്ഗ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷനിൽ തസ്തിക നിർണ്ണയിച്ച കമ്മിറ്റിയുടെ മിനിട്ട്സുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും എന്തെല്ലാമാണ്; ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, നിയമനത്തിന്റെ സ്വഭാവം എന്നിവ പട്ടികതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷനിൽ നാളിതുവരെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അനുബന്ധത്തിൽ* പറയുന്ന 10 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

പ്രസ്തുത ഉദ്യോഗസ്ഥരെ കൂടാതെ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ സുഗമമായി നടത്തിപ്പിലേയ്ക്കായി സൃഷ്ടിച്ചിട്ടുള്ള 31 തസ്തികകളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന രണ്ട് ഉദ്യോഗസ്ഥരെക്കൂടി ദിവസ വേതനാടിസ്ഥാനത്തിൽ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിയമിച്ചിട്ടുണ്ട്.

1. പി. ആർ. രമേശ്, ഓഫീസ് അറ്റൻഡന്റ്

2. അർച്ചന. വി.കെ., ടൈപ്പിസ്റ്റ്

ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 28-4-2017-ലെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മീറ്റിംഗിലെ മിനിട്സ് പ്രകാരമാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' മിഷനിൽ 31 തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) വിദ്യാഭ്യാസ മിഷനിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, നിയമനത്തിന്റെ സ്വഭാവം എന്നിവ പട്ടികതിരിച്ച് അനുബന്ധമായി* ചേർക്കുന്നു.

**പത്താം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് വിവരം**

98 (3801) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിലബസിൽ പത്താം ക്ലാസ് പരീക്ഷയെഴുതിയവർക്ക് മാർക്ക് വിവരം അറിയണമെങ്കിൽ രണ്ട് വർഷം കാത്തിരിക്കേണ്ട സാഹചര്യമുണ്ടോ;

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ സർട്ടിഫിക്കറ്റിൽ ഗ്രേഡിനോടൊപ്പം മാർക്കും രേഖപ്പെടുത്തി നൽകുന്നതായി സർക്കാരിന് അറിവുണ്ടോ;

(സി) വിവിധ എൻട്രൻസ് പരീക്ഷകൾക്ക് അപേക്ഷ അയക്കുന്ന കുട്ടികൾക്ക് ഓരോ അപേക്ഷ നൽകുമ്പോഴും മാർക്ക് വിവരത്തിനായി 200 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പരീക്ഷാഭവന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ;

(ഡി) ഈ തീരുമാനം കുട്ടികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നതിനാൽ ഇത് പുനഃപരിശോധിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 11-1-2012-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 180/2012/പൊവിവ പ്രകാരം പ്ലസ്ടുവിനുശേഷം ഉപരിപഠനത്തിന് ബന്ധപ്പെട്ട പരീക്ഷാർത്ഥികൾ ആവശ്യപ്പെട്ടാൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ലഭിച്ച മാർക്ക് വിവരം, 200 രൂപ ഫീസ് ഈടാക്കി അവർക്ക് നേരിട്ട് നൽകാവുന്നതാണ്. അതിനാൽ കേരള സിലബസിൽ 2015 മാർച്ച് വരെ പരീക്ഷ എഴുതിയവർക്ക് മാർക്ക് വിവരം പരീക്ഷാ ഭവനിൽനിന്നും നേരിട്ട് അറിയാവുന്നതാണ്. 2016, 2017 വർഷങ്ങളിൽ പരീക്ഷ എഴുതിയവർക്ക് ഉന്നതവിദ്യാഭ്യാസം, സ്കോളർഷിപ്പ്, ജോലി/ റിക്രൂട്ട്മെന്റ്/ഇന്റർവ്യൂ എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് മാർക്ക് ആവശ്യം വന്നാൽ നിർദ്ദിഷ്ട രേഖകൾ സഹിതം നൽകുന്ന അപേക്ഷ പരിശോധിച്ച് പരീക്ഷാ ഭവനിൽനിന്നും ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് രഹസ്യസ്വഭാവം നിലനിർത്തി മാർക്ക് വിവരം നേരിട്ട് അയച്ചുകൊടുക്കുന്നതാണ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായമാണ് നിലവിലുള്ളത്. അതിനാലാണ് മാർക്ക് വിവരം നൽകുന്നതിന് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ സർട്ടിഫിക്കറ്റിൽ ഗ്രേഡിനൊപ്പം മാർക്കും രേഖപ്പെടുത്തി നൽകുന്നില്ല.

(സി) 2015 മാർച്ച് വരെയുള്ള മാർക്ക് വിവരങ്ങൾക്ക് സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം എന്ന പേരിൽ അംഗീകൃത ബാങ്കുകളിൽനിന്നുമെടുത്ത 200 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. 2016 മാർച്ച്/2017 മാർച്ച് വർഷങ്ങളിലെ മാർക്ക് വിവരങ്ങൾക്ക് 100 രൂപ ഡിമാൻഡ് ഡ്രാഫ്റ്റ് മതിയാകും.

(ഡി) നിലവിൽ പരിഗണനയിലില്ല.

### അഞ്ചും പത്തും ക്ലാസുകളിൽ വിദ്യാർത്ഥികളുടെ കുറവ്

99 (3802) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെകീഴിലുള്ള വിദ്യാലയങ്ങളിലെ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ 2016 വർഷത്തെ അപേക്ഷിച്ച് 2017-ൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ എത്ര കുറവുണ്ടായിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെകീഴിലുള്ള വിദ്യാലയങ്ങളിലെ അഞ്ചാം ക്ലാസിലും, പത്താം ക്ലാസിലും എത്ര കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെകീഴിലുള്ള വിദ്യാലയങ്ങളിലെ ഒന്നുമുതൽ 10 വരെ ക്ലാസുകളിൽ 2016-17 വർഷത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മുൻവർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ 12198 കുട്ടികൾ ഒന്നാം ക്ലാസിൽ അധികമായി ചേർന്നു. രണ്ടുമുതൽ ഒമ്പത് വരെയുള്ള ക്ലാസ്സുകളിൽ കഴിഞ്ഞ വർഷത്തെ താഴ്ന്ന ക്ലാസ്സുകളിൽനിന്നും പ്രൊമോഷൻ കിട്ടി വന്ന കുട്ടികളെ കൂടാതെ പുതുതായി 145208 കുട്ടികൾകൂടി ചേർന്നിട്ടുണ്ട്.

(ബി) 2017-18 അദ്ധ്യയന വർഷത്തില പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ 5-ാം ക്ലാസ്സിൽ താഴ്ന്നക്ലാസിൽനിന്ന് പ്രൊമോഷൻ കിട്ടിവന്ന കുട്ടികളെ കൂടാതെ 40385 കുട്ടികൾ ചേർന്നിട്ടുണ്ട്. പത്താം ക്ലാസ്സിൽ 2016-17 വർഷത്തെ അപേക്ഷിച്ച് 2017-18 വർഷത്തിൽ 841 കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്.

## സ്കൂളുകളിലെ അനധികൃത പുസ്തക വിൽപ്പനയും വ്യാപനവും

100 (3803) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക സംവിധാനങ്ങൾ ദുരുപയോഗംചെയ്ത് സ്വകാര്യ പുസ്തകങ്ങളും ഗൈഡുകളും സ്കൂളുകളിൽ വില്പന നടത്തുന്നത് തടഞ്ഞ് സർക്കാർ പുസ്തകങ്ങൾ ഒഴികെയുള്ള ഇതര കച്ചവടങ്ങൾ നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ;

(ബി) വിവിധ സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏകീകരിച്ച് സുതാര്യമാക്കുന്നതിനും പ്രസാധകർ പിന്തള്ളിയ വിദേശ-ഇൻഡ്യൻ പുസ്തകങ്ങളും വ്യാജ നിർമ്മിതങ്ങളായ പുസ്തകങ്ങളും വാങ്ങിക്കൂട്ടുന്നതിലെ ക്രമക്കേടുകളും തട്ടിപ്പുകളും തടയാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രോത്സാഹനം

101 (3804) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനൗപചാരിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) അനൗപചാരിക വിദ്യാഭ്യാസത്തിനായി പുതിയ പാഠ്യപദ്ധതി രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) നൂതന വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി അനൗപചാരിക വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അനൗപചാരിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സാക്ഷരത മുതൽ ഹയർ സെക്കണ്ടറി വരെയുള്ള പഠന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആദിവാസി, ട്രാൻസ്ജെൻഡേഴ്സ്, തീരദേശവാസികൾ, ഇതര സംസ്ഥാന തൊഴിലാളികൾ എന്നിവർക്കായി നടത്തുന്ന വിവിധ കോഴ്സുകൾ കൂടാതെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി 'അക്ഷരലക്ഷം', 'പരിസ്ഥിതി സാക്ഷരതാ പരിപാടി' എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) പാഠ്യപദ്ധതി തയ്യാറാക്കി വരികയാണ്.

(സി) നടപടികൾ ആരംഭിച്ചിട്ടില്ല.

## അക്കാദമിക് പ്ലാൻ

102 (3805) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വിദ്യാർത്ഥിയുടെയും അറിവും കഴിവും നൈപുണ്യവും പ്രായത്തിന് അനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരത്തിലും വികസിപ്പിക്കുന്നതിന് ലക്ഷ്യംവയ്ക്കുന്ന അക്കാഡമിക് പ്ലാൻ നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) പ്രൈമറി തലം മുതൽ ഹയർ സെക്കന്ററിതലംവരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളിലും പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദീകരിക്കുമോ;

(സി) കേരളത്തിലെ അക്കാദമിക് നിലവാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് /എയ്ഡഡ് വിദ്യാലയങ്ങളും 2018 ഫെബ്രുവരി അവസാനത്തോടെ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി കഴിഞ്ഞു. അവ രക്ഷകർത്താക്കൾ അടങ്ങിയ പൊതു സമൂഹത്തിന് മുന്നിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- മലയാളത്തിളക്കം
- ഹലോ ഇംഗ്ലീഷ്
- ഗണിത വിജയം
- എല്ലാവരും സ്വതന്ത്ര വായനക്കാർ
- ക്ലാസ്സ് ലൈബ്രറി
- ക്ലാസ്സ് ഗണിതലാബ്
- ടാലന്റ് ലാബ്
- ജൈവ വൈവിധ്യ ഉദ്യാനം
- പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ
- അദ്ധ്യാപക പഠന കൂട്ടായ്മകൾ
- വിദ്യാലയ കൂട്ടുചേരൽ പരിപാടി

- സാമൂഹിക ഉൾച്ചേർക്കൽ പരിപാടി
- ശാസ്ത്രോത്സവം
- ഗണിതോത്സവം
- രക്ഷകർത്തൃ പരിശീലനം
- ശാസ്ത്ര പഠന യാത്രകൾ
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായുള്ള മെന്ററിംഗ്
- പഠന നേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തൽ
- എന്റെ മലയാളം
- സുരീലി ഹിന്ദി
- ലിറ്റിൽ ഗലീലിയോ.

കൂടാതെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. തുല്യത, ഗുണത എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനായി ഓരോ സ്കൂളിനും തനതായ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വിഷയങ്ങളിലും പഠനം ശക്തിപ്പെടുത്തുന്നതിനുള്ള 'സമഗ്ര' പോർട്ടലിലേയ്ക്ക് വേണ്ട ആസൂത്രണ രേഖകൾ സർക്കാർ വികസിപ്പിച്ചുകഴിഞ്ഞു. കൂടാതെ ഒന്നുമുതൽ 12 വരെ ക്ലാസ്സുകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് 'സമഗ്ര' പോർട്ടലിൽ ലോഗിൻ ചെയ്യാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. 2017-ൽ ദേശീയതലത്തിൽ എൻ.സി.ഇ.ആർ.ടി. നടത്തിയ നാഷണൽ അച്ചീവ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ അക്കാദമിക നിലവാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്.

## ഒറ്റപ്പാലം സർക്കാർ ബധിര മൂക വിദ്യാലയം

103 (3806) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം സർക്കാർ ബധിര മൂക വിദ്യാലയത്തിൽ 1-1-2018 പ്രാബല്യത്തിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിദ്യാലയത്തിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്നും ഓരോ ക്ലാസിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഈ സ്കൂളിൽ 3-5-2013 മുതൽ 31-5-2016 വരെ വൈദ്യുതി ചാർജിനത്തിൽ എത്ര രൂപയുടെ കുടിശ്ശിക ഉണ്ട്;

(ഡി) പ്രസ്തുത കുടിശ്ശിക അടച്ചുതീർക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ ആകെ 35 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ രണ്ട് കോഴ്സുകൾ നിലവിലുണ്ട്.

ഹ്യൂമാനിറ്റീസ് പ്ലസ് വണ്ണിൽ 4 കുട്ടികളും പ്ലസ് ടുവിൽ 5 കുട്ടികളും പഠിക്കുന്നു. കോമേഴ്സ് പ്ലസ് വണ്ണിൽ 5 കുട്ടികളും പ്ലസ് ടുവിൽ 4 കുട്ടികളും പഠിക്കുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ അഗ്രികൾച്ചർ, ക്ലോത്തിംഗ് ആൻഡ് എംബ്രോയിഡറി എന്നീ രണ്ട് കോഴ്സുകളാണുള്ളത്. അഗ്രികൾച്ചർ പ്ലസ് വണ്ണിൽ 3 കുട്ടികളും പ്ലസ് ടുവിൽ 7 കുട്ടികളും ക്ലോത്തിംഗ് ആൻഡ് എംബ്രോയിഡറി പ്ലസ് വണ്ണിൽ 5 കുട്ടികളും പ്ലസ് ടുവിൽ ഒരു കുട്ടിയും പഠിക്കുന്നുണ്ട്.

(സി) 12,74,458 രൂപയാണ് കുടിശ്ശികയുള്ളത്.

(ഡി) സ്കൂളിലെ ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക തീർക്കാത്തതിനാൽ 20-04-2017-ന് വൈദ്യുതി കണക്ഷൻ വിഛേദിക്കുകയും ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചതിനെത്തുടർന്ന് 6-5-2017-ന് അനുവദിച്ച് 1,00,000 രൂപയും മേയ് മാസം അനുവദിച്ച് 12,52,552 രൂപയും കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ അടച്ചതിന്റെ അടിസ്ഥാനത്തിൽ 31-5-2017-ൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ച് കിട്ടിയിട്ടുണ്ട്.

**കേരളത്തിലെ അദ്ധ്യാപകരുടെ നിലവാരം**

104 (3807) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സമഗ്ര അദ്ധ്യാപക പരിശീലനം സംഘടിപ്പിച്ചു. എല്ലാ അദ്ധ്യാപകർക്കും അവധിക്കാല പരിശീലനം നൽകുകയും പ്രൈമറിയിൽ എസ്.എസ്.എ.യുടെ നേതൃത്വത്തിലും സെക്കണ്ടറിയിൽ ആർ.എം.എസ്.എ.-യുടെ നേതൃത്വത്തിലും പരിശീലനം സംഘടിപ്പിക്കുകയും ചെയ്തു. അതിനുപുറമേ എല്ലാ വിഭാഗങ്ങൾക്കും ക്ലസ്റ്റർ പരിശീലനത്തിനുള്ള അവസരം നൽകിയിട്ടുണ്ട്. അദ്ധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ കണ്ടന്റ് നൽകാനും ആസൂത്രണ മാതൃകകൾ പങ്കുവയ്ക്കാനും ഉതകുംവിധം സമഗ്ര എഡ്യൂക്കേഷണൽ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

**സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിക്കുന്നതിന് നടപടി**

105 (3808) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധിച്ച് നിയമാനുസൃതമായ സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന മാനേജ്മെന്റുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ നടപടി സ്വീകരിക്കാറുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി &സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട എൻജിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച് എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുമ്പായി പരിശോധന നടത്തി നിയമാനുസൃതമായ സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിവരുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റുകൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും എതിരെ നടപടി സ്വീകരിക്കാറുണ്ട്.

## ആസ്ബെസ്റ്റോസ് ഷീറ്റ് മേഞ്ഞ പ്രീ-പ്രൈമറി സ്കൂളുകൾ

106 (3809) ശ്രീ. കെ. എൻ. എ ഖാദർ
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ പ്രീ-പ്രൈമറി സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഇപ്രകാരമുള്ള സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന നടത്താൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ കാരണങ്ങളാൽ ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ എത്രയും പെട്ടെന്ന് മറ്റ് കെട്ടിടങ്ങളിലേക്ക് മാറ്റാൻ നിർദ്ദേശം നൽകുമോ;

(സി) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നത് കർശനമാക്കുമോ?

ഉത്തരം

(എ) കുട്ടികൾക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ആസ്ബെസ്റ്റോസ്, അലുമിനിയം ഷീറ്റുകൾ മാറ്റുകയും കുട്ടികൾക്ക് ചൂട് ലഭിക്കാത്ത തരത്തിലുള്ള ക്ലാസ്സ് മുറികൾ ഒരുക്കി അവരുടെ ആരോഗ്യവും പഠനാന്തരീക്ഷവും സംരക്ഷിക്കുന്നതിന് സ്കൂൾ പ്രഥമാദ്ധ്യാപകർ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽ പ്രസ്തുത വിഷയം കൊണ്ടുവന്ന് ശാശ്വത പരിഹാരം കാണാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കർശനമാക്കിയിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് സുരക്ഷ സംബന്ധിച്ച് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ എഞ്ചിനീയർമാർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്താറുണ്ട്.

## പരീക്ഷാ ഭവനിലെ ഓൺലൈൻ സേവനങ്ങൾ

107(3810) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകളിൽനിന്നും പരീക്ഷാ ഭവനിലേക്ക് നൽകുന്ന അപേക്ഷകളുടെ പരിശോധന വേഗത്തിലാക്കുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ;

(ബി) പരീക്ഷാ ഭവനിൽ ഇപ്പോൾ ഏതെങ്കിലും സേവനങ്ങൾ ഓൺലൈനായി നൽകുന്നുണ്ടോ;

(സി) നിലവിൽ പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ നിരവധി പിശകുകൾ വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ അശ്രദ്ധ കൊണ്ട് സംഭവിക്കുന്ന തെറ്റുകൾ തിരുത്തുന്നതിനും കുട്ടികൾ ഫീസ് നൽകേണ്ടതായി വരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2009-10 അക്കാദമിക വർഷം മുതൽ നാളിതുവരെ എത്ര സർട്ടിഫിക്കറ്റുകളിൽ പിശകു സംഭവിച്ചിട്ടുണ്ട്; ഈയിനത്തിൽ എത്ര രൂപ ഫീസായി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കുട്ടികളിൽനിന്നും ഫീസ് ഈടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിലേയ്ക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നുവരുന്നു.

(ബി) വിവിധ പരീക്ഷകളുടെ രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ എന്നിവ ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്നു. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകൽ, തിരുത്തലുകൾ, ആധികാരികത പരിശോധന എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടില്ല. ഫയൽ ട്രാക്കിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാണ്.

(സി) പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ബയോഡാറ്റ അവരുടെ രക്ഷിതാക്കൾ എഴുതി നൽകുന്നത് സ്കൂളിലാണ്. സ്കൂളിൽനിന്നുമാണ് വിവരങ്ങൾ കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്യുന്നത്. കമ്പ്യൂട്ടറിൽ അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പുതന്നെ രക്ഷിതാക്കൾക്ക് വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിന് അവസരം നൽകുന്നുണ്ട്. എന്നിട്ടും സർട്ടിഫിക്കറ്റിൽ തെറ്റുകൾ വരികയാണെങ്കിൽ റിസൾട്ട് പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നത് മുതൽ നാലുമാസം വരെ ഫീസ് ഒന്നും നൽകാതെതന്നെ സർട്ടിഫിക്കറ്റിൽ തെറ്റു തിരുത്തി നൽകുന്നുണ്ട്. പ്രസ്തുത സമയപരിധി കഴിഞ്ഞു നൽകുന്ന അപേക്ഷകൾക്ക് മാത്രമേ നിശ്ചിത ഫീസ് ഈടാക്കുന്നുള്ളു.

(ഡി) റിസൾട്ട് പ്രസിദ്ധീകരിച്ച് നാലുമാസം വരെ സർട്ടിഫിക്കറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ സമയം അനുവദിച്ചിട്ടുള്ളതിനാൽ ഇത്തരം തിരുത്തലുകളുടെ വിവരങ്ങൾ സൂക്ഷിക്കാറില്ല.

(ഇ) നിലവിൽ പരിഗണനയിലില്ല.

## അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകൾ

108 (3811) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകൾ ഇതര ആവശ്യങ്ങൾക്കായി അനുവദിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ഇതര ആവശ്യങ്ങൾക്കായി അനുവദിച്ചു നൽകിയ സ്കൂളുകളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ അനുവദിച്ച് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ സ്ഥാപനങ്ങൾ അല്ലാതെ മറ്റ് ഏജൻസികൾക്ക് സ്കൂളുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) മറ്റ് എജൻസികൾക്ക് സർക്കാർ സ്ഥലം നൽകുമ്പോൾ മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും വ്യക്തമായ പരിശോധന പൂർത്തിയാക്കിയശേഷം സ്ഥലം വിട്ടുനൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകൾ ഇതര ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നത് സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളുടെ പ്രാധാന്യവും പൊതു സ്വഭാവവും സാമൂഹ്യ പ്രാധാന്യവും മറ്റും വിവിധ തലങ്ങളിൽ പരിശോധിച്ചതിനുശേഷം മാത്രമാണ് ടി സ്കൂളുകൾ വിട്ടുനൽകുന്നത് സംബന്ധിച്ച തീരുമാനം സർക്കാർ തലത്തിലെടുക്കുന്നത്.

(ബി-ഡി) നാളിതുവരെ ഇതര ആവശ്യങ്ങൾക്കായി അനുവദിച്ചുനൽകിയ ജില്ല തിരിച്ചുള്ള കണക്കുകളും അവ ഏത് സ്ഥാപനങ്ങൾക്ക് നൽകിയെന്നത് സംബന്ധിച്ച വിശദാംശവും അതിന്റെ പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതിയും ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു:

1. <u>തിരുവനന്തപുരം ജില്ല</u>

| | |
|---|---|
| 1.ഗവ.എൽ.പി.എസ്. നിലയ്ക്കാമുക്ക് | 1. കേരള യൂണിവേഴ്സിറ്റി യു.ഐ.ടി. സെന്റർ |
| 2. ഗവ.എൽ.പി.എസ്. കണ്ണമ്മൂല | 2. സ്റ്റിച്ചിംഗ് ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം കോർപ്പറേഷൻ |

2. <u>ആലപ്പുഴ ജില്ല</u>

| | |
|---|---|
| കാഞ്ഞിരംചിറ ഗവ.എൽ.പി.എസ് | ഓഡിയോ വിഷ്വൽ ആൻഡ് റിപ്രോഗ്രാഫിക് സെന്റർ, കാഞ്ഞിരംചിറ |

3. <u>കോട്ടയം ജില്ല</u>

| | |
|---|---|
| 1.ഗവ.എൽ.പി.എസ്. കാണിക്കാട് | 1.പാലാ ബി. ആർ.സി. |
| 2. ഗവ.യു.പി.ഗേൾസ് സ്കൂൾ, പാല | 2.മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം |

4. കോഴിക്കോട് ജില്ല

| | |
|---|---|
| 1.ഗവ.എൽ.പി.എസ്. എരഞ്ഞിപ്പാലം | 1.സ്പെഷ്യൽ കോർട്ട്, എരഞ്ഞിപ്പാലം |
| 2.ഗവ.എൽ.പി.എസ്. നെല്ലിക്കോട് | 2. സി-ആപ്റ്റ്, നെല്ലിക്കോട് |
| 3. നഗരം ജി.എൽ.പി.എസ് | 3. ശിൽപ്പ നഗരം പദ്ധതിയുടെ ഭാഗമായി ശിൽപ്പ നിർമ്മാണം |

5. <u>കണ്ണൂർ ജില്ല</u>

| | |
|---|---|
| കാനത്തൂർ ഗവ. യു.പി.എസ്, പയ്യാമ്പലം, കണ്ണൂർ | ഹയർ സെക്കണ്ടറി റീജിയണൽ ഡയറക്ടറേറ്റ് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിച്ചുവരികയും മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. സർക്കാർ സ്ഥാപനങ്ങൾക്കല്ലാതെ മറ്റ് ഏജൻസികൾക്ക് ടി സ്കൂളുകൾ വിട്ടുനൽകിയിട്ടില്ല.

(ഇ&എഫ്) മാനദണ്ഡങ്ങൾ പാലിക്കാറുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് മാത്രമേ ആയതിൽ ഉചിതമായ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

**വിദ്യാർത്ഥികളിലെ ആത്മഹത്യാ പ്രവണത**

109 (3812) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>

<u>ശ്രീ. അനിൽ അക്കര:</u>

<u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. റോജി എം. ജോൺ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദ്യാർത്ഥികളിലെ ആത്മഹത്യ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ ആത്മഹത്യാപ്രവണത തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) വിദ്യാർത്ഥികളിലെ ആത്മഹത്യാപ്രവണത തടയാൻ അദ്ധ്യാപകർക്കായി ട്രെയിനിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ വിദ്യാർത്ഥികൾക്കിടയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഠന സംബന്ധമായി, സ്കൂൾ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം കുറയ്ക്കാനായി പഠനപ്രക്രിയകൾ, പരീക്ഷാ രീതികൾ എന്നിവ വിദ്യാർത്ഥി കേന്ദ്രീകൃതമായി നവീകരിച്ചിട്ടുണ്ട്. ഇതിനായി മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൗൺസലിംഗ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കൗൺസലിംഗ് സെല്ലുകൾവഴി വിദഗ്ദ്ധർ വിദ്യാർത്ഥികൾക്ക് നിരന്തരം കൗൺസിലിംഗ് നൽകിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന സൗഹൃദ ക്ലബ്ബുകൾ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ക്ലാസ്സ് പി.റ്റി.എ.-കൾ സജീവമാക്കുകയും മാതാപിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. 2011 മുതൽ കൗമാരക്കാരായ കുട്ടികളുടെ ശാക്തീകരണത്തിന് പ്രവർത്തിക്കുന്ന സൗഹൃദ ക്ലബിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ഹയർ സെക്കണ്ടറി കുട്ടികളുടെ വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത എങ്ങനെ പ്രതിരോധിക്കാം എന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനും ബാംഗ്ലൂരിലെ NIMHANS എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കണ്ടറി വകുപ്പ്, തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പ് എന്നിവയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യാ പ്രവണത തടയുന്നതിനായി അദ്ധ്യാപകർക്ക് വിവിധ തരത്തിലുള്ള പരിശീലന പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## സ്കൂളുകൾ ഹൈടെക് ആക്കുന്ന പദ്ധതി

110 (3813) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതി പ്രകാരം എന്തൊക്കെ സൗകര്യങ്ങളാണ് നേമം നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഇതിനകം ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസിലേയ്ക്കും ലാപ്ടോപ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫംഗ്ഷൻ പ്രിന്റർ, ക്ലാസ്സ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിവരങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പരിശീലനം തുടങ്ങിയവയാണ് ലഭ്യമാക്കുന്നത്. നേമം നിയോജക മണ്ഡലത്തിലുള്ള 19 സ്കൂളുകളിൽ 9 സ്കൂളുകളിലെ സജ്ജമായ ക്ലാസ്സ് മുറികളിലേയ്ക്ക് ഒന്നാംഘട്ട ഉപകരണ വിതരണം നടത്തിയിട്ടുണ്ട്.

## അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന വിദ്യാലയങ്ങൾ

111 (3814) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി, കോതമംഗലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഇതിന് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തെരഞ്ഞെടുത്തിട്ടുള്ള എച്ച്.എസ്.എസ്., എച്ച്.എസ്., യു.പി., എൽ.പി. സ്കൂളുകളിൽ എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് സൂക്ഷ്മമായി വ്യക്തമാക്കാമോ;

(സി) ഓരോ സ്കൂളിലും നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കോതമംഗലം നിയോജക മണ്ഡലത്തിലെ ചെറുവട്ടൂർ മോഡൽ ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇളങ്ങവം ഗവ.എൽ.പി.എസ്.-നേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് എച്ച്.എസ്.എസ്. വിഭാഗത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ചെറുവട്ടൂർ ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂളിന് 5.39 കോടി രൂപയുടെ ഭരണാനുമതിയും അഞ്ചുകോടി രൂപയുടെ കിഫ്ബി ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 3.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- അടിസ്ഥാന സൗകര്യ വികസനത്തിനായി ഇളങ്ങവം ഗവ. എൽ.പി. സ്കൂളിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കോതമംഗലം നിയോജക മണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും അപ്രകാരം ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുള്ള ചെറുവട്ടൂർ ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനായുള്ള കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുക്കുകയും അപ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ള പല്ലാരിമംഗലം ഗവ. വൊക്കേഷണൽ

ഹയർ സെക്കണ്ടറി സ്കൂളിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ഇളങ്ങവം ഗവ. എൽ.പി. സ്കൂളിന് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം താമസംവിനാ ആരംഭിക്കുന്നതാണ്.

**പൊതുവിദ്യാലയങ്ങളിൽ ഹൈടെക് ക്ലാസ്സ് മുറികൾ**

112 (3815) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഹൈടെക് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഹൈടെക് ക്ലാസ് മുറികളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ഓരോ വിദ്യാലയത്തിലും എത്ര ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലാക്കുന്നുവെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ഓരോ ക്ലാസ്സിലേയും ലാപ്ടോപ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷൻ സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളും സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടി ഫംഗ്ഷൻ പ്രിന്റർ, ക്ലാസ്സ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന വിഭവങ്ങൾ ലഭ്യമാക്കുന്നതിന് 'സമഗ്ര' വിഭവ പോർട്ടൽ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി കൈറ്റ് മുഖേന ലഭ്യമാക്കുന്നത്.

(സി) പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾ സജ്ജമാക്കുന്ന എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## നെന്മാറ മണ്ഡലത്തിലെ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം

113 (3816) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) വാടകകെട്ടിടത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സർക്കാർ കൈകൊള്ളുമോ; നിലവിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന 6 സ്കൂളുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്:

1. ജി.എൽ.പി. എസ്. കരിപ്പോട്

2. ജി.എൽ.പി. എസ്. പുതുനഗരം ഈസ്റ്റ്

3. ജി.എൽ.പി. എസ്. സീതാർകുണ്ട്

4. ജി.റ്റി.ഡബ്ല്യൂ.എൽ.പി. എസ്. തുണക്കടവ്

5. ജി.എൽ.പി. എസ്. വടവന്നൂർ

6. ജി.എം.എൽ.പി. എസ്. വടവന്നൂർ

(ബി) അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഗവ. എൽ.പി. സ്കൂൾ പുതുനഗര (സെൻട്രൽ)ത്തിന് പുതിയ കെട്ടിടം അനുവദിക്കുകയും 3-7-2017-ൽ സ്കൂൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ടി മണ്ഡലത്തിലെ വടവന്നൂർ ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള നടപടികൾ നടന്നുവരുന്നു.

## സ്കൂളുകളുടെ സമഗ്ര വികസനം

114 (3817) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ സമഗ്ര വികസനത്തിനാണ് 2018-19 ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 വർഷത്തെ ബജറ്റിൽ തലശ്ശേരി മണ്ഡലത്തിലെ 5 സ്കൂളുകൾക്ക് ഒരു കോടി രൂപ വീതം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തലശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂളുകളെയും പരിഗണിക്കുന്നതാണ്. എന്നാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ സ്കൂളുകൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബാലുശ്ശേരി ഗവ. കോളേജിന് കിഫ്ബിയിലൂടെ ഫണ്ടുകൾ

115 (3818) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി പൂർത്തീകരിക്കാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവ. കോളേജുകളുടെ പണി പൂർത്തിയാക്കുന്നതിനായി കിഫ്ബിയിലൂടെ അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ രണ്ടാംഘട്ട പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഇതിന് ചെലവുവരുന്നത്; ഈ തുക മുഴുവനായും കിഫ്ബിയിലൂടെ ലഭ്യമാക്കുന്നതിൽ എന്താണ് തടസ്സമെന്നറിയിക്കാമോ?

ഉത്തരം

(എ) പണി പൂർത്തികരിക്കാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവ. കോളേജുകളുടെ പണി പൂർത്തിയാക്കുന്നതിനായി കിഫ്ബി നിയമാവലി പ്രകാരം ഫണ്ട് അനുവദിക്കാൻ വ്യവസ്ഥയില്ല.

(ബി) ബാലുശ്ശേരി ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ പുതിയ നിർമ്മാണ പ്രവർത്തനമായി കണക്കാക്കി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിശദമായ മാസ്റ്റർ പ്ലാൻ/ഡി.പി. ആർ തയ്യാറാക്കി Special Purpose Vehicle ആയ KITE മുഖാന്തരം കിഫ്ബിയിലേയ്ക്ക് അപ്ലോഡ് ചെയ്യുന്നതിന് കിറ്റ്കോ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

15.25 കോടി രൂപയുടെ എസ്റ്റിമേറ്റാണ് കിറ്റ്കോ തയ്യാറാക്കിയിരിക്കുന്നത്. ആയതിന്റെ മാസ്റ്റർപ്ലാൻ/ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ അപ്ലോഡ് ചെയ്തശേഷം പ്രസ്തുത പ്രൊപ്പോസലിന്റെ സൂക്ഷ്മപരിശോധന സർക്കാർതലത്തിലും കിഫ്ബി സ്പെഷ്യൽ ടീം തലത്തിലും നടത്തിയതിനുശേഷം മാത്രമേ ഇതിന് ഭരണാനുമതി നൽകുകയുള്ളൂ.

## അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ

116 (3819) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയിൽ മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ;

(സി) ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ എസ്.പി.വി. ഏതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത എസ്.പി.വി.യെ തെരഞ്ഞെടുക്കുന്നതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ഇ) ഓരോ സ്കൂളുകൾക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ;

(എഫ്) നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ട ചുമതലയും ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വിശദമാക്കുമോ;

(ജി) നിർമ്മാണ പ്രവർത്തനങ്ങൾ 2018 മാർച്ച് 31 നു മുൻപായി ആരംഭിയ്ക്കുവാൻ കഴിയുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര നിയോജക മണ്ഡലത്തിലെ ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിനെ അഞ്ചുകോടി രൂപയുടെ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും കിഫ്ബി ധനസഹായത്തിനുള്ള അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാവേലിക്കര നിയോജക മണ്ഡലത്തിലെ കെ.കെ.എം.ജി.വി.എച്ച്.എസ്.എസ്. ഇലിപ്പക്കുളം, വള്ളിക്കുന്നിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭൗതിക സാഹചര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള ചുനക്കര ഹയർ സെക്കണ്ടറി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി&ഡി) പ്രസ്തുത സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ 'കിറ്റ്കോ' എന്ന സർക്കാർ അംഗീകൃത ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലയിലുള്ള ടി ഏജൻസിയുടെ പ്രായോഗിക അറിവും പരിചയവും കണക്കിലെടുത്താണ് അവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഇ) മാവേലിക്കര ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 6.04 കോടി (ആറ് കോടി നാലുലക്ഷം) രൂപയുള്ള ഭരണാനുമതിയും അഞ്ചുകോടി രൂപയുള്ള കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. ഭൗതിക സാഹചര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള വള്ളിക്കുന്നം, എലിപ്പക്കുളം കെ. കെ. എം. ജി. വി.എച്ച്.എസ്.-ന്റെ 4,17,65,670 (നാലുകോടി പതിനേഴ് ലക്ഷത്തി അറുപത്തയ്യായിരത്തി അറുനൂറ്റി എഴുപത്) രൂപയുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(എഫ്) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി കൈറ്റിനേയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി WAPCOS എന്ന അംഗീകൃത ഏജൻസിയേയും തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

(ജി) ഇല്ല.

**സർവ്വശിക്ഷാ അഭിയാൻ ഫണ്ട് വെട്ടിക്കുറച്ച നടപടി**

117 (3820) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ 2016-17 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഫണ്ട് വിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത് മൂലം സംസ്ഥാനത്ത് പദ്ധതിനിർവ്വഹണം മുടങ്ങാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ 31-3-2017-ഫിനാൻഷ്യൽ പെർഫോമൻസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| | |
|---|---|
| 2016-17 കേന്ദ്ര ഫണ്ട് | -11316.74 (നൂറ്റിപതിമൂന്ന് കോടി പതിനാറ് ലക്ഷത്തി എഴുപത്തി നാലായിരം) |
| 2016-17 സംസ്ഥാന വിഹിതം | -14300.57 (നൂറ്റിനാൽപ്പത്തിമൂന്ന് കോടി അമ്പത്തിയേഴായിരം) |

(തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച വിഹിതവും ബജറ്റ് വിഹിതവും ഉൾപ്പെടെ)

(ബി) അനുവദിച്ചുകിട്ടിയ തുകയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും ചെലവുകൾ ചുരുക്കിയും പ്രോഗ്രാമുകൾക്ക് മുൻഗണന നിശ്ചയിച്ചും എസ്.എസ്.എ.യുടെ 2016-17-ലെ പ്രവർത്തനങ്ങൾ എല്ലാം ചിട്ടയോടെ നടപ്പിലാക്കിയിട്ടുണ്ട്.

**ഹൈടെക് ക്ലാസ്സ് മുറികൾ**

118 (3822) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം

ജില്ലകളിൽ എത്ര സ്കൂളുകളിൽ എത്ര ക്ലാസ്സ് മുറികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ,എത്ര ക്ലാസ്സ് റൂമുകൾ ആണ് ഹൈടെക്ക് ആക്കി മാറ്റുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആകെയുള്ള 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനവരി 22-ന് ആരംഭിച്ചു. 2018 ജൂൺ 1-നമുമ്പ് ഈ ക്ലാസ്സ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്കവിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. 21043 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഏറനാട് മണ്ഡലത്തിലെ 25 സ്കൂളുകളിലെ 372 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതാണ്. സ്കൂളുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. ഇതിൽ 18 സ്കൂളുകളിലെ 156 ക്ലാസ്സ് മുറികളിലേയ്ക്കുള്ള ഒന്നാം ഘട്ട ഉപകരണ വിതരണം ഇതിനകം പൂർത്തിയാക്കി.

## എയ്ഡഡ് സ്കൂളുകളുടെ വികസനത്തിനായി ചാലഞ്ച് ഫണ്ട്

119 (3823) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളുടെ വികസനത്തിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ചാലഞ്ച് ഫണ്ട് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(ബി) ചാലഞ്ച് ഫണ്ട് അനുവദിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലെ നാലാമത്തെ പദ്ധതിയായി ഉൾക്കൊള്ളിച്ചിരിക്കുന്നത് എയ്ഡഡ് സ്കൂളുകൾക്കടക്കം നൽകാവുന്ന ചാലഞ്ച് ഫണ്ടാണ്. സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി മുടക്കുന്ന തുകയ്ക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തുല്യമായ നിക്ഷേപം പരമാവധി ഒരു കോടി രൂപ വരെ പ്രസ്തുത പദ്ധതിയിലൂടെ നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

എയ്ഡഡ് സ്കൂളുകൾക്കായുള്ള ചാലഞ്ച് ഫണ്ട് പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 01-03-2018-ലെ 30/18/ധന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## ടാലന്റ് ലാബ് പദ്ധതി

120 (3824) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ടാലന്റ് ലാബ് പദ്ധതിയുടെ നടത്തിപ്പ് ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

### ഉത്തരം

കലാ, കായിക അക്കാദമിക മേഖലയിലുള്ള കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് 'ടാലന്റ് ലാബ്' പദ്ധതി വഴി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും 2017-18-ൽ 20 ശതമാനം വിദ്യാലയങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെയും വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള പൂർവ്വ വിദ്യാർത്ഥികളുടെയും കലാ കായിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള വിദഗ്ദ്ധരുടെയും സഹായത്തോടു കൂടിയാണ് വിദ്യാലയങ്ങളിൽ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കിയത്. അവധി ദിവസങ്ങളിലും വെക്കേഷൻ കാലത്തും ക്യാമ്പുകൾ നടത്തിയാണ് ഈ പരിപാടി നടപ്പിലാക്കിയത്.

## ചാലഞ്ച് ഫണ്ട് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

121 (3825) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് സ്കൂളിൽ ചാലഞ്ച് ഫണ്ട് നൽകുന്നതിന്റെ മാനദണ്ഡങ്ങളെന്തൊക്കെയാണ്;

(ബി) ചാലഞ്ച് ഫണ്ട് നൽകാൻ സന്നദ്ധമാവുന്ന സ്കൂൾ മാനേജ്മെന്റുകൾക്കെല്ലാം അത്രയും തുക നൽകുന്നതിന് സർക്കാർ തയ്യാറാകുമോ;

(സി) ചാലഞ്ച് ഫണ്ടിന് ആനുപാതികമായി സർക്കാർ പ്രഖ്യാപിച്ച തുകയിലേക്ക് എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും പണം അനുവദിക്കാനാവുമോ;

(ഡി) ചാലഞ്ച് ഫണ്ട് ലഭിക്കുന്നതിനുവേണ്ടി എയ്ഡഡ് സ്കൂൾ മാനേജ് മെന്റുകൾ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എയ്ഡഡ് സ്കൂളുകൾക്കായുള്ള ചാലഞ്ച് ഫണ്ട് പദ്ധതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 1-3-2018-ലെ സ.ഉ. 30/18/ധന നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി മുടക്കുന്ന തുകയ്ക്ക് തുല്യമായ നിക്ഷേപം പരമാവധി ഒരു കോടി രൂപ വരെ സർക്കാർ നൽകുന്നതാണ്.

(സി) നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ വരെ 50:50 അനുപാതത്തിൽ ചാലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്.

(ഡി) ചാലഞ്ച് ഫണ്ട് പദ്ധതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതുണ്ട്.

**സർവ്വശിക്ഷാ അഭിയാൻ പദ്ധതി**

122 (3826) <u>ശ്രീ. കെ. എൻ. എ ഖാദർ:</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>

<u>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനുള്ള കേന്ദ്രഫണ്ട് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന്റെ അറിയിപ്പ് ലഭ്യമായിട്ടുണ്ടോ;

(ബി) സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പദ്ധതിക്കായി ഈ അധ്യയന വർഷം എത്ര കോടിയുടെ പ്ലാനാണ് കേന്ദ്രം അംഗീകരിച്ചതെന്നും ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാനവിഹിതവും എത്ര വീതമാണെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 2017 -18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച തുകയിൽനിന്നും കുറഞ്ഞ തുക അനുവദിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

(ബി) 564.73 കോടി രൂപയുടെ പ്ലാനാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചത്. അംഗീകരിച്ച തുകയുടെ 60 ശതമാനമായ 338.83 കോടി രൂപ (മുന്നൂറ്റി മുപ്പത്തിയെട്ട് കോടി എൺപത്തിമൂന്നുലക്ഷം രൂപ) കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ടിയിരുന്നുവെങ്കിലും 136.79 കോടി രൂപ (നൂറ്റിമുപ്പത്തിയാറ് കോടി എഴുപത്തി ഒമ്പത് ലക്ഷം രൂപ) മാത്രമാണ് ലഭിച്ചത്. സംസ്ഥാന വിഹിതമായി 40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ലഭിച്ചുകൊണ്ടിരിക്കുകയാണ്. നാളിതുവരെയായി 126.35 കോടി രൂപ (നൂറ്റി ഇരുപത്തിയാറ് കോടി മുപ്പത്തി അഞ്ച് ലക്ഷം രൂപ ) ലഭിച്ചിട്ടുണ്ട്. കൂടാതെ 4.50 കോടി രൂപ (നാലുകോടി അമ്പത് ലക്ഷം രൂപ ) ബജറ്റ് വിഹിതമായും ലഭിച്ചു.

## സ്കൂൾ ലാബുകളുടെ നവീകരണം

123 (3827) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയുടെ ഭാഗമായി ലാബുകൾ നവീകരിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളുകളിൽ ലാബിന്റെ നവീകരണം സംബന്ധിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ലബോറട്ടറി നവീകരിക്കുന്നതിനായുള്ള സ്കൂൾ തെരഞ്ഞെടുപ്പിനുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

## സ്കൂൾ കുട്ടികൾക്ക് അപകട ഇൻഷ്വറൻസ്

124 (3828) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കുവേണ്ടി അപകട ഇൻഷ്വറൻസ് പദ്ധതി എന്നുമുതലാണ് നടപ്പാക്കിയതെന്നും ആയതിന്റെ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടെ വിശദാംശം എന്തെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ അപകടമുൾപ്പെടെ മരണത്തിനു വിധേയരായ എത്ര കുട്ടികൾക്ക് ഇൻഷ്വറൻസ് സഹായം ലഭ്യമാക്കി; ഇനിയും ലഭിക്കാനുള്ളത് എത്ര പേർക്ക്;

(സി) പ്രസ്തുത ഇൻഷ്വറൻസ് ലഭ്യമാക്കാനായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ അപകടത്തിൽപ്പെട്ട എത്ര കുട്ടികളുണ്ട്; എത്ര പേർക്ക് ഇൻഷ്വറൻസ് സഹായം ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനു തടസ്സമാകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പരിശോധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ചചെയ്ത് ആവശ്യമായ മാറ്റം വരുത്തുന്നത് സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി 1989-ലാണ് ആരംഭിച്ചത്. നിലവിൽ കുട്ടി മരണപ്പെട്ടാൽ രക്ഷകർത്താക്കൾക്ക് 50,000 രൂപയും അച്ഛനോ അമ്മയോ മരണപ്പെട്ടാൽ കുട്ടിയുടെ വിദ്യാഭ്യാസത്തിനായി 50,000 രൂപയും കൂടാതെ അപകടത്തിൽപ്പെട്ട കുട്ടികളുടെ ചികിത്സയ്ക്കായി പരമാവധി 10,000 രൂപയും ലഭിക്കും.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കുടിശ്ശികയുള്ള ക്ലെയിമുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) നിലവിൽ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് തടസ്സം നേരിടുന്നില്ല. പ്രസ്തുത സ്കീം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടത്തിവരുന്നത്. ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചല്ല സ്കീം നടപ്പാക്കുന്നത്. .

## സർവ്വശിക്ഷാ അഭിയാൻ

125 (3829) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവശിക്ഷാ അഭിയാൻ (എസ്.എസ്.എ.) മുഖേന വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻകാലങ്ങളിൽനിന്നും വ്യത്യസ്ഥമായി സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാനും അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുവാനും പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) 2 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ, സൗജന്യ യൂണിഫോം, ടീച്ചർ ഗ്രാന്റ്, സ്കൂൾ ഗ്രാന്റുകൾ, മെയിന്റനൻസ് ഗ്രാന്റ്, യു.പി. തലത്തിലെ കമ്പ്യൂട്ടറധിഷ്ഠിത പഠനത്തിനായി ഓരോ ജില്ലയ്ക്കും സാമ്പത്തിക സഹായം ശാസ്ത്ര-ഗണിത ശാസ്ത്ര-സാങ്കേതിക വിദ്യകൾ പരമാവധി പ്രയോഗിക്കുന്നതിന് രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ (ആർ.എ.എ.) പദ്ധതി മുഖേനയുള്ള സഹായം ജൈവ വൈവിദ്ധ്യ ഉദ്യാന നിർമ്മാണം, തെരഞ്ഞെടുത്ത സ്കൂളുകളിൽ ശാസ്ത്രോത്സവം, ഗണിതോത്സവം, ബാലോത്സവം, ജില്ലാതലത്തിൽ ശാസ്ത്ര പഠന യാത്രകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

ബി.ആർ.സി. തലത്തിൽ സാദ്ധ്യമായ ദിനങ്ങളിലൊഴികെയുള്ള ദിനങ്ങളിൽ അദ്ധ്യാക പഠന കൂട്ടായ്മകൾ, വിദ്യാലയ കൂട്ടുചേരൽ പരിപാടി, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ശാരീരിക പരിമിതികൾ മറികടക്കുന്നതിനും അനുയോജ്യമായ പഠനോപകരണങ്ങൾ, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, തെറാപ്പിസ്റ്റുകളുടെ തുടർച്ചയായ സേവനം എന്നിവ ലഭ്യമാക്കുന്നു. പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുമായ കുട്ടികൾ കൂടുതലുള്ള വിദ്യാലയങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ ആരംഭിച്ചു.

2017-18 വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളിലും ഒന്നാം ക്ലാസ്സിലെ എല്ലാ ഡിവിഷനിലും ക്ലാസ്സ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', 'ഗണിത വിജയം' തുടങ്ങിയ പഠന പോഷണ പരിപാടികൾ (എൽ.ഇ.പി.), പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായും എസ്.സി./ എസ്.ടി. വിദ്യാഭ്യാസ ഉന്നമനത്തിനായും ധനസഹായം, ഊരുവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എഡ്യൂക്കേഷണൽ വോളന്റിയർമാരുടെ നിയമനം എന്നിവ നടത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളിൽ മേജർ റിപ്പയറിംഗ് നടത്തുന്നതിനും ടോയ്‌ലെറ്റ്, അഡാപ്റ്റഡ് ടോയ്‌ലെറ്റ്, യൂറിനലുകൾ എന്നിവ നിർമ്മിക്കുന്നതിനുമായി സിവിൽ വർക്കിന് തുക നൽകിയിട്ടുണ്ട്.

## ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷിലെ നിയമനം

126 (3830) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിരമിച്ച അദ്ധ്യാപകരെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷിൽ നിയമിച്ചിട്ടുണ്ടോ യെന്നറിയിക്കാമോ;

(ബി) എങ്കിൽ എത്രപേർക്കാണ് നിയമനം നൽകിയത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിരമിച്ച അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## അവിടനല്ലൂർ ഹൈസ്കൂളിനെ'മികവിന്റെ കേന്ദ്രമാക്കൽ'പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

127 (3831) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ആയിരം കുട്ടികൾ പഠിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് മൂന്ന് കോടി രൂപ അനുവദിച്ചിരുന്ന പദ്ധതിയിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഗവൺമെന്റ് ഹൈസ്കൂൾ, അവിടനല്ലൂർ ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഗവൺമെന്റ് ഹൈസ്കൂൾ, അവിടനല്ലൂരിനെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കാമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽനിന്നും 2017-18 വർഷത്തിൽ വിട്ടുപോയിട്ടുള്ള സ്കൂളുകളെക്കൂടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സ്കൂൾ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

## അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതി

128 (3832) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ പഠിതാക്കളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് സാക്ഷരതാ മിഷൻ പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പാഠ്യപദ്ധതിയിൽ മുതിർന്ന പഠിതാക്കളുടെ ജീവിതാനുഭവങ്ങളും തൊഴിൽ പരിചയവും ഉൾക്കൊള്ളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) തൊഴിൽ നൈപുണ്യത്തിനുള്ള കോഴ്സുകൾ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഏതൊക്കെ പുതിയ മേഖലകളിലാണ് കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) തയ്യാറാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) പുതിയ പാഠ്യപദ്ധതിയോടൊപ്പം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഭാഷാ മേഖലയിലാണ് കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

## ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക് നൽകുവാൻ നടപടി

129 (3833) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിലബസിൽ പഠിക്കുന്ന അച്ചടി വെല്ലുവിളികൾ (കാഴ്ചാ പ്രതിബന്ധം, ഓട്ടിസം, സെറിബ്രൽ വെല്ലുവിളികൾ)നേരിടുന്ന കുട്ടികൾക്ക്

പാഠപുസ്തകങ്ങൾ നൽകുന്നത് ബ്രയ്‌ലി ലിപിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ബ്രയ്‌ലി ലിപിയിലുള്ള പാഠപുസ്തകങ്ങൾക്ക് പകരം ഇവർക്ക് ഐ.ടി. അറ്റ് സ്കൂൾ വഴി ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇല്ലെങ്കിൽ ഈ വിധം നൽകുന്നതിന് പ്രതിബന്ധമായ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സിലബസിൽ പഠിക്കുന്ന കാഴ്ച പരിമിതികളുള്ള കുട്ടികൾക്ക് ബ്രയ്‌ലി ലിപിയിലുള്ള പാഠപുസ്തകങ്ങളാണ് നൽകുന്നതെങ്കിലും ഓട്ടിസം, സെറിബ്രൽ പാൾസി ബാധിതരായിട്ടുള്ള കുട്ടികൾക്ക് ബ്രയ്‌ലി ലിപിയിലുള്ള പാഠപുസ്കകങ്ങളുടെ ആവശ്യമില്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ബാധകമല്ല

(ഡി) നിലവിൽ പി.ഡി.എഫ്. രൂപത്തിലാണ് പാഠപുസ്തകങ്ങൾ 'സമഗ്ര' പോർട്ടൽ മുഖേന ലഭ്യമാക്കുന്നത്. മലയാളം യൂണികോഡ് പുസ്തകങ്ങളുടെ അച്ചടിക്ക് ഉപയോഗിക്കാൻ കഴിയാത്തതുമൂലം എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖല

130(3834) <u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ വിദ്യാലയങ്ങളുടെ ചൂഷണം തടയുന്നതിന് സർക്കാർ തലത്തിൽ കൂടുതൽ പ്രീ - പ്രൈമറി സ്കൂളുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിലുള്ള പ്രീ -പ്രൈമറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രീ-പ്രൈമറി വിദ്യാലയങ്ങളിൽ കളിസ്ഥലം, ക്ലാസ്സ് റൂം എന്നിവ വിപുലീകരിക്കാനും ബെഡ്, ബെഡ്ഷീറ്റ്, ഫർണിച്ചർ, കളിപ്പാട്ടം എന്നിവ വാങ്ങുന്നതിനും പ്ലാൻ ഫണ്ടിൽനിന്നും ഫണ്ട് അനുവദിച്ചുവരുന്നു.

## എൽ.പി., യു.പി. സ്കൂളുകളിൽ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക യോഗ്യത

131 (3835) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം എൽ.പി., യു.പി. ക്ലാസുകളിൽ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക യോഗ്യതകൾ കേരളത്തിലെ എൽ.പി., യു.പി. അദ്ധ്യാപകർക്കുണ്ടോയെന്ന് പരിശോധിക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത യോഗ്യതകൾ കേരളത്തിലും നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഇനിയും കേരളത്തിൽ നടപ്പിലാക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം 2009-ൽ എൽ.പി., യു.പി. സ്കൂളുകളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതകൾ പരാമർശിച്ചിട്ടില്ല. എന്നാൽ നിയമത്തിലെ സെക്ഷൻ 23-ൽ പ്രസ്തുത യോഗ്യതകൾ നിശ്ചയിക്കാൻ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനെ (എൻ.സി.ടി.ഇ.) ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ യോഗ്യതകളെ സംബന്ധിച്ച കാര്യത്തിൽ കേരളത്തിൽ നിലവിലുള്ള വ്യവസ്ഥകൾ കുറ്റമറ്റതാണ്. എന്നാൽ അദ്ധ്യാപക യോഗ്യതകളെ സംബന്ധിച്ച നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ മാനദണ്ഡങ്ങൾ കേരളത്തിലും പ്രാവർത്തികമാക്കുന്ന കാര്യം സർക്കാർ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം 2009, കേരളത്തിൽ നടപ്പാക്കുന്നതിനായി 6-5-2011 പ്രാബല്യത്തിൽ 30-4-2011-ലെ ജി.ഒ. (പി)നമ്പർ 100/2011/പൊ.വി.വ പ്രകാരം

ചട്ടങ്ങൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഇതോടെ കേന്ദ്ര നിയമം കേരളത്തിൽ നടപ്പായിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണതയിലെത്തിയെന്ന് പറയാനാകില്ല. നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ.എം. എ. ഖാദർ (എസ്.സി.ഇ.ആർ.ടി മുൻഡയറക്ടർ), ശ്രീ. ജ്യോതിചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്), ഡോ. സി. രാമകൃഷ്ണൻ എന്നിവരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി രൂപവൽക്കരിച്ചിട്ടുണ്ട്. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രൈമറി ഡിവിഷൻ അദ്ധ്യാപകരുടെ അശാസ്ത്രീയ തസ്തിക മാറ്റം

132 (3836) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഡിവിഷൻ അദ്ധ്യാപകരായി 2006-ന് മുമ്പ് നിയമനം നേടിയവർ എൽ.പി.-യിൽ നിന്ന് യു.പി.-യിലേക്കും തിരിച്ചും സൗകര്യത്തിനനുസരിച്ച് സ്ഥലം മാറ്റവും/തസ്തികമാറ്റവും വാങ്ങുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കുറയുന്നതിന് ഇത്തരം അശാസ്ത്രീയ തസ്തിക മാറ്റം കാരണമായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) പ്രസ്തുത തസ്തികകൾ പരസ്പരം മാറ്റാൻ പാടില്ലെന്ന് ഹൈക്കോടതി വിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ വിധി മറികടന്ന് പ്രസ്തുത തസ്തികമാറ്റം എങ്ങനെയാണ് നടക്കുന്നതെന്നും പരിശോധിക്കുമോ;

(ഡി) എൽ.പി.-യിൽ അവധിക്കാല പരിശീലനം പൂർത്തിയാക്കി യു.പി.-യിൽ പഠിപ്പിക്കുന്നതുമൂലം പ്രൈമറി വിദ്യാഭ്യാസത്തിന്റെ നിലവാരം തകരുന്നത് ചെറുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

### ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എൽ.പി.എസ്.എ./ യു.പി.എസ്.എ. പ്രത്യേക റാങ്ക് ലിസ്റ്റിൽനിന്നും നിയമിതരായവർക്ക് പൊതുസ്ഥലംമാറ്റത്തിൽപ്പെടുത്തി എൽ.പി.എസ്.എ.-ക്ക് യു.പി.എസ്.എ. ആയോ

തിരിച്ചോ സ്ഥലംമാറ്റം നൽകാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്ന ജി.ഒ. (എം.എസ്)നമ്പർ 133/07/പൊ.വി.വ. നിലവിലുണ്ട്. 2005-ന് മുമ്പ് നിലവിലുണ്ടായിരുന്ന രീതിയായ കോമൺ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിയമിതരായവർക്ക് എൽ.പി.എസ്.എ.-യിൽനിന്ന് യു.പി.എസ്.എ.യിലേയ്ക്കും തിരിച്ചും ട്രാൻസ്ഫർ അനുവദിക്കുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

## പൂകയൂർ ഗവ.എൽ.പി.എസ്. കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

133 (3837) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വേങ്ങര സബ് ജില്ലയിൽ അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിലെ വലിയ പറമ്പിൽ പ്രവർത്തിക്കുന്ന ഗവ. എൽ.പി.എസ് പൂകയൂർ സ്കൂൾ കെട്ടിടം കാലപ്പഴക്കംകൊണ്ട് പ്രവർത്തനയോഗ്യമല്ലെന്ന പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കെട്ടിടം എന്നാണ് നിർമ്മിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ:

(ബി) ഈ സ്കൂൾ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ കെട്ടിടം 1973-ലാണ് സ്ഥാപിച്ചിട്ടുള്ളത്

(ബി) 2017-18-ൽ ഈ സ്കൂളിലെ എല്ലാ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. എങ്കിലും കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## കുഞ്ഞിമൊയ്തീൻകുട്ടി എം.കെ.യുടെ ഫയലിൽ സ്വീകരിച്ച നടപടി

134 (3838) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എ.എം.യു.പി സ്കൂളിലെ കുഞ്ഞിമൊയ്തീൻകുട്ടി എം.കെയുമായി ബന്ധപ്പെട്ട 76/ബി 2/2017 എന്ന ഫയലിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ഫയലിന്റെ മുഴുവൻ വിവരങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 76/ബി2/2017 എന്ന ഫയൽ ശ്രീ. കുഞ്ഞിമൊയ്തീൻകുട്ടിയുടെ വിഷയവുമായി ബന്ധപ്പെട്ടതല്ല. ശ്രീ. കുഞ്ഞിമൊയ്തീൻകുട്ടിയുടെ നിവേദനം ഇ 1/76/17/പൊ.വി. എന്ന ഫയലിലാണ് കൈകാര്യം ചെയ്തിരിക്കുന്നത്. പ്രസ്തുത നിവേദനം ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 19-1-2018-ലെ സർക്കാർ കത്ത് നമ്പർ ഇ 1/176/17/പൊ.വി. പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിരുന്നു. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിവേദനത്തിലെ ആവശ്യം സേവന പുസ്തകം ഉൾപ്പെടെ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 15-3-2018-ലെ കത്ത് നമ്പർ ആർ3/15102/2018 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**പരീക്ഷാ ഭവനിൽ ജീവനക്കാരുടെ കുറവ്**

135 (3839) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവനിൽ വേണ്ടത്ര ജീവനക്കാരില്ലാത്തത് എസ്.എസ്.എൽ.സി. പരീക്ഷ നടത്തിപ്പിനെ സാരമായി ബാധിക്കുമെന്ന് എ.ഡി.പി.ഐ. മുന്നറിയിപ്പ് നല്കിയിട്ടുണ്ടോ;

(ബി) പരീക്ഷാ ഭവനിൽ എത്ര ശതമാനം ജീവനക്കാരുടെ കുറവാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എ.ഡി.പി.ഐ. മുന്നറിയിപ്പ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 12 ശതമാനം ജീവനക്കാരുടെ കുറവാണ് നിലവിലുള്ളത്.

1-3-2018 മുതൽ 15 ക്ലാർക്ക് തസ്തികയിലുള്ള ഒഴിവും (പ്രസവാവധി ഉൾപ്പെടെ) 1 ഡ്രൈവറുടെ ഒഴിവും നിലവിലുണ്ട്. വിശദമായ അനുവദനീയ തസ്തികകളുടെയും ഒഴിവുകളുടെയും എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് തസ്തിക

136 (3840) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് തസ്തികയിൽ അദ്ധ്യപക ബാങ്കിൽ നിന്നും എത്ര സംരക്ഷിത അധ്യാപകർ ജോലി നോക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ അധ്യാപകരുടെ പേരും ഇപ്പോൾ ജോലി നോക്കുന്ന സ്ഥലം ഏത് സ്കൂളിലെ സംരക്ഷിത അധ്യാപകരാണെന്ന വിവരവും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 22 സംരക്ഷിത അദ്ധ്യാപകർ. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തിക

137 (3841) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മാർച്ച് മുതൽ 2019 മാർച്ച് വരെ എറണാകുളം ജില്ലയിൽ എച്ച് എസ് എ സോഷ്യൽ സയൻസ് തസ്തികയിൽ വിരമിക്കുന്ന അധ്യാപകരുടെ പേര് വിവരവും അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളും വ്യക്തമാക്കാമോ ;

(ബി) 2019 മാർച്ച് മുതൽ 2020 മാർച്ച് വരെ എറണാകുളം ജില്ലയിൽ എച്ച് എസ് എ സോഷ്യൽ സയൻസ് തസ്തികയിൽ വിരമിക്കുന്ന അധ്യാപകരുടെ പേര് വിവരവും അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളും വ്യക്തമാക്കാമോ ;

(സി) 2020 മാർച്ച് മുതൽ 2021 മാർച്ച് വരെ എറണാകുളം ജില്ലയിൽ എച്ച് എസ് എ സോഷ്യൽ സയൻസ് തസ്തികയിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര് വിവരവും അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

| ക്രമ നമ്പർ | പേര് | സ്കൂൾ |
|---|---|---|
| 1 | ടെസ്സി ഫിലിപ്പ് | G.G.H.S. എറണാകുളം |
| 2 | ഷാഹിറ വി. ബി. | G.H.S. സെൻട്രൽ കാൽവത്തി |
| 3 | ടി. ജെ. സൂസി | G.H.S. മുപ്പത്തടം |
| 4 | വി. സി. ഉഷാകുമാരി | G.H.S. പൂത്രിക്ക |
| 5 | പി. പി. മോഹൻലാൽ | G.H.S.(S) വാഴക്കുളം |
| 6 | പി. യു. ടോയ് | G.M.H.S പാലക്കുഴ |
| 7 | എ. പി. കുഞ്ഞ് | G.T.T.I. മൂവാറ്റുപുഴ |

(ബി)

| ക്രമ നമ്പർ | പേര് | സ്കൂൾ |
|---|---|---|
| 1 | കെ. എ. ജമീല | Govt.East. H.S മൂവാറ്റുപുഴ |
| 2 | കെ. ഗീതാലക്ഷ്മി | G.H.S കട്ടമശ്ശേരി |
| 3 | ടി. കെ. വനജകുമാരി | G.H.S മതിരപ്പള്ളി |
| 4 | റ്റി. എ. വിൻസി | G.H.S പനയപ്പള്ളി |
| 5 | റ്റി. എ. ബീരാ | G.G.H.S. പെരുമ്പാവൂർ |
| 6 | ലിസി ആന്റണി | G.H.S ഏലംകുന്നപ്പുഴ |
| 7 | കെ. എസ്. ഉഷ | G.V.H.S. മങ്കയിൽ മരട് |

(സി)

| ക്രമ നമ്പർ | പേര് | സ്കൂൾ |
|---|---|---|
| 1 | പി. വി. യമുന | G.H.S പുളിയാനം |
| 2 | എൻ. കെ. ശിവരാജ് | G.V.H.S. കൈതാരം |

**നിറമരുതൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ വിഷയ കോമ്പിനേഷൻ മാറ്റം**

138 (3842) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ നിറമരുതൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ വിഷയ കോമ്പിനേഷൻ മാറ്റം സംബന്ധിച്ച് 2017 നവംബറിൽ നൽകിയ

അപേക്ഷയിൽ (ഫയൽ നമ്പർ 2037511/U3/2017/G.Edn.) എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) മേൽസൂചിപ്പിച്ച വിഷയത്തിൽ എപ്പോൾ ഉത്തരവ് നൽകാനാവുമെന്ന് അറിയിക്കുമോ;

(സി) 2018-19 അദ്ധ്യയന വർഷത്തിൽ പുതിയ കോമ്പിനേഷൻ പ്രകാരം പ്രവേശനം നടത്തുന്നതിനായി ഉത്തരവ് നൽകുമോ?

ഉത്തരം

(എ - സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും**

139 (3843) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കൻഡറി സ്കൂളുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യയന വർഷം നിലവിലെ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് അധിക ബാച്ചുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ നിലവിലുള്ള സ്കൂളുകളിൽ അധിക ബാച്ചുകളോ അനുവദിക്കണമെന്ന വിഷയത്തിൽ ഇതുവരെയും സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റം**

140 (3844) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റം സമയബന്ധിതമായി നടക്കാത്തത് മൂലം അദ്ധ്യാപകർ പ്രയാസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റം നടക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) അടുത്തവർഷം സ്ഥലംമാറ്റം നടത്തുന്നതിനുവേണ്ടി പുതിയ വ്യവസ്ഥകൾ (നോംസ്) തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2017-18 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുകയും 28-9-2017-ൽ പ്രൊവിഷണൽ ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം മാറ്റത്തിനെതിരെ ഫയൽ ചെയ്യപ്പെട്ട വിവിധ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20-12-2017-ലെ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ലിസ്റ്റ് അസാധുവാക്കപ്പെടുകയുണ്ടായി.

(സി) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവനുസരിച്ച് നിലവിലെ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ട് 09-02-2018-ലെ സ.ഉ.(പി) നം. 01/2018/പൊവി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

**ഹയർ സെക്കണ്ടറി സ്കൂളിലെ ലൈബ്രേറിയൻ തസ്തിക**

141 (3845) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തിക അധിക തസ്തികയാണോ അതോ പ്രീഡിഗ്രി ബോർഡ് ഡീലിങ് ചെയ്തു പ്ലസ്ടു അനുവദിച്ചപ്പോൾ ഉള്ള തസ്തികയാണോ എന്നറിയിക്കുമോ;

(ബി) ബഹു. ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ. (എം.എസ്) 220/2015 തീയതി 17-8-2015 പ്രകാരം ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി എന്തായി എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(സി) ബഹു. ഹൈക്കോടതി WP (C) 39919 of 2017 തീയതി 20-12-2017 നൽകിയ ഉത്തരവ് പ്രകാരം പുതിയതായി അനുവദിച്ച സ്കൂളുകളിലും ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിന് ഉത്തരവായിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സർക്കാർ സൃഷ്ടിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽചെയ്ത WP(C) No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013-ലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015-ലെ ജി. ഒ. (എം.എസ്.)നമ്പർ 220/2015/പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടില്ല.

**ജി.എൽ.പി.എസ്. കുന്നക്കാവ് സ്കൂളിന്റെ കെട്ടിടനിർമ്മാണം**

142 (3846) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ജി.എൽ.പി.എസ്. കുന്നക്കാവ് സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടും മറ്റ് പദ്ധതികൾക്കുമായി എത്ര തുക, ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുണ്ട്; പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2018-19 -ലെ ബജറ്റിൽ പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനായി എത്ര തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്; ബജറ്റ് വിഹിതമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ കുന്നക്കാവ് ഗവ. എൽ.പി.സ്കൂളിന് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടില്ല. എന്നാൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന നാല് സ്കൂളുകൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

1. ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, പെരിന്തൽമണ്ണ - 5.98 കോടി രൂപ
2. ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പുലമന്തോൾ - 5.40 കോടി രൂപ
3. ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കുന്നക്കാവ് - 4.39 കോടി രൂപ
4. ഗവ. എൽ.പി. സ്കൂൾ, താഴേക്കാട്, മലപ്പുറം - ഒരു കോടി രൂപ

പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് ഇതുവരെ ലഭിച്ചിട്ടില്ല.

**വാമനപുരം നിയോജകമണ്ഡലത്തിലെ അൺ-എയ്ഡഡ് സ്കൂളുകൾ**

143 (3847) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിൽ അംഗീകാരമുള്ളതും അംഗീകാരമില്ലാത്തതുമായ അൺ-എയ്ഡഡ് സ്കൂളുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ നല്കാമോ;

(ബി) അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No. 4426/05/LAI/2015/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹരിഹരപുരം എൽ.പി. സ്കൂളിന് പുതിയ കെട്ടിടം

144 (3848) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഹരിഹരപുരം എൽ.പി. സ്കൂൾ കെട്ടിടം കാലപ്പഴക്കത്താൽ അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

## ഒറ്റപ്പാലം ബധിര മൂക വിദ്യാലയത്തിന് വൈദ്യുതി ചാർജ് ഇളവ്

145 (3849) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബധിരരായ കുട്ടികൾ താമസിച്ച് പഠിച്ചുവരുന്ന ഒറ്റപ്പാലം സർക്കാർ ബധിര മൂക വിദ്യാലയത്തിന് വൈദ്യുതി ചാർജ്ജ് ഇളവ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണം എന്ന അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടിയെന്ത്; എത്ര തുകയുടെ ഇളവ് ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം സർക്കാർ ബധിര മൂക സ്കൂളിലെ ഹെഡ്മിസ്ട്രസ്, വൈദ്യുതി ചാർജ് ഇളവ് അനുവദിക്കുന്നതിന്, ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ വഴി വൈദ്യുതി ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷ വൈദ്യുതി ബോർഡ് പരിശോധിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 07/2017-ൽ ലഭിച്ച ബില്ലിലെ തുകയായ 4,21,583 (നാല് ലക്ഷത്തി ഇരുപത്തിഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തിയെട്ട്) രൂപയിൽ 2,24,981 (രണ്ട് ലക്ഷത്തി ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന്) രൂപയായി കുറച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം 1,96,557 (ഒരു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റി അൻപത്തി ഏഴ്) രൂപയുടെ ഇളവ് ലഭിച്ചിട്ടുണ്ട്.

**തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തൽ**

146 (3850) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷം മുതൽ സ്കൂളുകളിൽ അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് കുട്ടികളുടെ എണ്ണത്തിൽ കുറവുവന്നാൽ പ്രസ്തുത തസ്തിക നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തസ്തിക നഷ്ടപ്പെടുന്ന അധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത അധ്യാപകരുടെ ജോലി സുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) 2012-13 വർഷമോ അതിനുശേഷമോ രാജി/മരണം/റിട്ടയർമെന്റ് എന്നീ ഒഴിവുകളിൽ നിയമിതരായ അധ്യാപകർക്ക് തസ്തിക ഒഴിവാക്കുന്നത് മൂലം ജോലി നഷ്ടമാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. 2011-12 വർഷം മുതൽ അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകരെ തസ്തിക നഷ്ടപ്പെടുമ്പോൾ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) 2012-13, 2014-15 വരെയുള്ള വർഷങ്ങളിൽ രാജി, മരണം, റിട്ടയർമെന്റ് ഒഴിവുകളിൽ നിയമിതരായവർക്ക് പിന്നീടുള്ള വർഷങ്ങളിൽ തസ്തിക നഷ്ടമായാൽ അവരെ സംരക്ഷിക്കും. 2015-16 വർഷം മുതൽ ഏത് ഒഴിവിൽ നിയമിക്കപ്പെട്ടവരായാലും അവർക്ക് സംരക്ഷണത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**ശ്രീമതി ജോസിലിൻ പി. ജോസഫിന്റെ നിയമനാംഗീകാരം**

147 (3851) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.പി./യു.പി. സ്കൂൾ ടീച്ചറായ ശ്രീമതി ജോസിലിൻ പി.ജോസഫിന്റെ നിയമനാംഗീകാരം സംബന്ധിച്ച് E3/76/2017 ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പ് E, J എന്നീ സീറ്റുകളിൽ എത്ര ദിവസമായി കൈവശം വച്ചിരിക്കുന്നു എന്നറിയിക്കാമോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ, മുഹമ്മ, മദർ തെരേസ ഹൈസ്കൂളിലെ എച്ച്.എസ്.എ. (മലയാളം) അദ്ധ്യാപികയായ ശ്രീമതി ജോസിലിൻ പി. ജോസഫിന്റെ നിയമനാംഗീകാരം സംബന്ധിച്ച വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ഇ-ഫയൽ നം. GEDN-E3/76/2017-G.EDN ആയി പരിശോധിക്കുകയും തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത വകുപ്പ് പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായത്തിനായി ഫയൽ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന് നൽകിയിരിക്കുകയാണ്.

(ബി) ശ്രീമതി ജോസിലിൻ പി. ജോസഫിന്റെ നിയമനാംഗീകാരം സംബന്ധിച്ച് 9-8-2016-ന് പൊതു വിദ്യാഭ്യാസ (ഇ) വകുപ്പിന് ലഭിച്ച കോർപ്പറേറ്റ് മാനേജറുടെ നിവേദനം 19-1-2018-ന് പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായത്തിനായി നൽകി. (1 വർഷവും 5 മാസവും 10 ദിവസവും) പ്രസ്തുത കാലയളവിൽ പൊതുവിദ്യാഭ്യാസ (ഇ) വകുപ്പിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

സി.എം.എസ്. സ്കൂൾസ് കോർപ്പറേറ്റ് മാനേജറുടെ 28-7-2016 തീയതി വച്ച നിവേദനം 09-08-2016-ന് പൊതുവിദ്യാഭ്യാസ (ഇ) വകുപ്പിൽ ലഭിച്ചു. പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് സഹിതം പുന:സമർപ്പിക്കുവാൻ അപേക്ഷയും അനുബന്ധ രേഖകളും 30-08-2016-ലെ പുറത്തെഴുത്ത് നം. ഇ 3/219/16/പൊ.വി. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നു. തുടർന്ന് 4-2-2017-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമായിയെങ്കിലും അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അസൽ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നില്ല. 14-2-2017-ലെ സർക്കാർ കത്ത് നം. 1190524/ഇ 3/17/പൊ.വി. പ്രകാരം ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അസൽ അപേക്ഷയും അനുബന്ധവും 24-3-2017-ന് സർക്കാരിൽ ലഭിച്ചു. തുടർന്ന് 9-5-2017-ലെ GEDN-E3/76/2017-G.EDN നമ്പർ ഫയൽ രൂപീകരിക്കുകയും വിഷയം പരിശോധിക്കുകയും സംരക്ഷിത അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആലപ്പുഴ വിദ്യാഭ്യാസ

ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരോട് 10-5-2017-ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 30-11-2017-ൽ സർക്കാരിൽ ലഭിക്കുകയും നിയമനാംഗീകാരം സംബന്ധിച്ച വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും ആയതിന്മേലുള്ള അഭിപ്രായത്തിനായി 19-12-2017-ന് ഫയൽ ധനകാര്യ വകുപ്പിന് അയയ്ക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വകുപ്പ് മേൽവിഷയത്തിൽ പൊതു വിദ്യാഭ്യാസം (ജെ) വകുപ്പിന്റെ അഭിപ്രായം സഹിതം പുനഃസമർപ്പിക്കുവാൻ 18-1-2018-ന് ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് 19-1-2018-ന് ഫയൽ അഭിപ്രായത്തിനായി പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന് നൽകി. 15-3-2018-ന് (ജെ) സെക്ഷനിൽ ഫയൽ എത്തിയിട്ട് 55 ദിവസമായി. സെക്ഷനിലെ അമിത ജോലിഭാരം നിമിത്തമാണ് പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടായത്. ഈ പ്രവണത ആവർത്തിക്കുവാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള മാറ്റം**

148 (3852) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ സ്കൂളുകളിലെയും ഓഫീസുകളിലെയും ക്ലർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗത്യകൾ നിർബന്ധമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ്/സ്പെഷ്യൽ റൂൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ/സ്പെഷ്യൽ റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനങ്ങൾക്ക് പി.എസ്.സി. നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത തന്നെയാണ് തസ്തിക മാറ്റം വഴിയുള്ള ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനങ്ങൾക്കും ബാധകമാക്കിയിരിക്കുന്നത്.

(ബി&സി) 20-1-2009-ലെ ജി.ഒ (എം.എസ്) നമ്പർ 8/2009/പൊ.വി.വ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ

149 (3853) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രൊമോഷൻ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ കമ്പയിൻഡ് ഗ്രഡേഷൻ ലിസ്റ്റിൽ സീനിയർ ആയ ഇൻസ്ട്രക്ടർക്ക് നിലവിൽ വൊക്കേഷണൽ ഇൻസ്ട്രക്ടറായി ജോലി നോക്കുന്ന വിഷയത്തിലല്ലാതെ മറ്റ് വിഷയങ്ങളുടെ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുന്നതിന് തടസ്സമുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ എത്രപേർക്ക് ഇത്തരത്തിൽ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും പ്രസ്തുത പ്രൊമോഷന്റെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വി.എച്ച്.എസ്.ഇ. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ (12-3-2004-ലെ സ. ഉ. (പി) നമ്പർ 80/2004/പൊ.വി.വ) പ്രകാരം വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽനിന്ന് വൊക്കേഷണൽ ടീച്ചർ തസ്തികയിലേയ്ക്ക് 2:1:7 എന്ന അനുപാതത്തിൽ ചുവടെ ചേർക്കുന്ന ക്രമത്തിലാണ് സ്ഥാനക്കയറ്റം നൽകുന്നത്:

1. സബോർഡിനേറ്റ് സർവീസിലുള്ള യോഗ്യരായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരിൽനിന്ന് ബൈ ട്രാൻസ്ഫർ നിയമനം.
2. സബോർഡിനേറ്റ് സർവ്വീസിലുള്ള യോഗ്യരായ മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്ന് ബൈ ട്രാൻസ്ഫർ നിയമനം.
3. നേരിട്ടുള്ള നിയമനം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരെ അദ്ധ്യാപനം നടത്തുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി

150 (3854) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ അമിത ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി ഇവരെ അദ്ധ്യാപനം നടത്തുന്നതിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കൗമാരക്കാരായ വിദ്യാർത്ഥികളെ നിയന്ത്രിക്കേണ്ടതും ക്ലാർക്കിന്റെയും പ്യൂണിന്റെയും പണിയെടുക്കേണ്ടതും പ്രിൻസിപ്പൽമാരായതിനാൽ ക്ലാസ്സുകൾ ഇവരിൽ നിന്നും ഒഴിവാക്കേണ്ട സാഹചര്യത്തെ സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തിയപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് തന്നെയാണ് ഹയർ സെക്കണ്ടറി വിഭാഗത്തിലും സേവനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഹയർ സെക്കണ്ടറിയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഈ ജോലികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെവന്ന സാഹചര്യത്തിലാണ് പ്രസ്തുത ജോലികൾ കൂടി പ്രിൻസിപ്പൽമാർ നിർവ്വഹിക്കേണ്ടി വന്നത്. ഹയർ സെക്കണ്ടറിയിൽ, നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. സർക്കാർ/എയ്ഡഡ് മേഖലകളിലായി 1450 സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക നിലവിലുണ്ട്. ടി തസ്തികകൾ അദ്ധ്യാപന തസ്തികകൾ അല്ലാതാകുമ്പോൾ അത്രയും എച്ച്.എസ്.എസ്.ടി. തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടിവരും. തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്നതിനാൽ പ്രിൻസിപ്പൽമാരെ അദ്ധ്യാപനത്തിൽ നിന്നും ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം**

151(3855) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം അദ്ധ്യയനവർഷത്തിന്റെ മധ്യകാലത്ത് നടത്തുന്നത് വിദ്യാഭ്യാസ നിലവാരം പിന്നോട്ട് പോകുന്നതിനുള്ള കാരണങ്ങളിലൊന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ധ്യാപക ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം വരും അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് പൊതു സ്ഥലംമാറ്റം നടത്തുന്നത്.

(ബി) ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം അദ്ധ്യയന വർഷാരംഭത്തിൽ തന്നെയാണ് ഇപ്പോഴും നടത്തി വരുന്നത്.

## സെന്റർ ഫോർ കൺഡിനായിംഗ് എഡ്യൂക്കേഷൻ കേരളയിലെ നിയമനം

152 (3856) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ കൺഡിന്യൂയിംഗ് എഡ്യൂക്കേഷൻ മേധാവി പ്രസ്തുത സ്ഥാപനത്തിലേക്ക് സെക്ഷൻ ഹെഡുമാരെ പൊതുഭരണവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) നിലവിൽ എത്ര സെക്ഷൻ ഓഫീസർമാരെ സെന്റർ ഫോർ കൺഡിന്യൂയിംഗ് എഡ്യൂക്കേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ചട്ടവിരുദ്ധമായി സെക്ഷൻ ഹെഡുമാരെ തരംതാഴ്ത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സെന്റർ ഫോർ കൺഡിന്യൂയിംഗ് എഡ്യൂക്കേഷനിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആവശ്യപ്പെട്ടിരുന്നു. മൂന്ന് സെക്ഷൻ ഓഫീസർമാരെ സെക്ഷൻ ഹെഡ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) മൂന്ന് സെക്ഷൻ ഹെഡുമാർ ബി, ഡി, ഇ, സെക്ഷനുകളിലെ ജോലിയാണ് നോക്കിവരുന്നത്. ഇവർക്ക് സൂപ്പർവൈസറി ചുമതല നൽകിയിട്ടില്ല.

(ഡി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പ്രീപ്രൈമറി സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപക നിയമനം

153 (3857) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രീപ്രൈമറി സ്കൂളുകളിൽ പി.റ്റി.എ.- യുടെ ശിപാർശ പ്രകാരം താല്ക്കാലികമായി അദ്ധ്യാപക നിയമനം നടത്താറുണ്ടോ;

(ബി) ഇങ്ങനെ നിയമിക്കപ്പെട്ടവരിൽ 2012 വരെയുള്ളവർക്ക് സ്ഥിര നിയമനം നൽകുന്നതിനും അദ്ധ്യാപകർക്ക് 9,200 രൂപയും ആയമാർക്ക് 6500 രൂപയും നൽകണമെന്നും ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2012-നുശേഷം താൽക്കാലിക നിയമനം നേടിയവർക്ക് സ്ഥിരനിയമനത്തിനു തുല്യമായ വേതനം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിന് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) നിലവിൽ താൽക്കാലിക നിയമനം നടത്താറില്ല.

(ബി) ഇത് സംബന്ധിച്ച് കോടതി ഉത്തരവ് നിലവിലില്ല.

(സി) 07-12-2012-നുശേഷം പുതിയ നിയമനങ്ങൾ നടത്താൻ പാടില്ല എന്ന സർക്കാർ ഉത്തരവാണ് നിലവിലുള്ളത്.

## വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ എൽ.ടി.എ. ജീവനക്കാർക്കുള്ള പ്രൊമോഷൻ

154 (3858) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഇൻസ്ട്രക്ടറിന്റെ യോഗ്യതയുള്ള എൽ.ടി.എ. ജീവനക്കാർക്ക് നൽകുന്നതുപോലെ പ്രൊമോഷൻ, എട്ട് വർഷത്തെ ഗ്രേഡ് സ്കെയിൽ എന്നിവ നൽകുന്ന ഉത്തരവ് എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എൽ.ടി.എ. ജീവനക്കാർക്കും ബാധകമാണെങ്കിലും ഭൂരിഭാഗം ജീവനക്കാർക്കും തസ്തിക ഒഴിവുവരാത്തതിനാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാത്രമാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.എസ്.ക്യൂ.എഫ്- ന്റെ ഭാഗമായി ജീവനക്കാരുടെ പുനർവിന്യാസം നടക്കുമ്പോൾ യോഗ്യതയുള്ള എൽ.ടി.എ. ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എട്ട് വർഷത്തെ ഗ്രേയ്ഡ് സ്കെയിൽ വാങ്ങുന്ന ഇൻസ്ട്രക്ടർ യോഗ്യതയുള്ള എത്ര എൽ.ടി.എ ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എൻ.എസ്.ക്യൂ.എഫ്. പദ്ധതി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 2018 ജൂൺ മുതൽ നടപ്പിൽവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അതിന്റെ പ്രാരംഭ ദശയിലാണ്. എൻ.എസ്.ക്യൂ.എഫ്.-ന്റെ ഭാഗമായി ജീവനക്കാരുടെ പുനർവിന്യാസം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ എട്ട് വർഷത്തെ ഗ്രേഡ് സ്കെയിൽ വാങ്ങുന്ന ഇൻസ്ട്രക്ടർ യോഗ്യതയുള്ള 40 എൽ.ടി.എ. ജീവനക്കാരുണ്ട്.

## ഹെഡ്മാസ്റ്റർ തസ്തികയില്ലാത്ത കുളിയാട് ഗവ. ഹൈസ്കൂൾ

155 (3859) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ്ചെയ്ത് മികച്ച നിലയിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലയിലെ കുളിയാട് ഗവ. ഹൈസ്കൂളിൽ ഹെഡ് മാസ്റ്റർ തസ്തിക അനുവദിക്കാത്തതുമൂലം നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാലയത്തിൽ ഹെഡ്മാസ്റ്റർ തസ്തിക എന്നേയ്ക്ക് സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കാത്തതും നിലവിൽ പൂർണ്ണ ഹൈസ്കൂളായി സംസ്ഥാന സർക്കാർ ഉയർത്തിയ ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 28 സ്കൂളുകളിൽ പ്രഥമ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ കുളിയാട് ഗവൺമെന്റ് ഹൈസ്കൂളും ഉൾപ്പെട്ടിട്ടുണ്ട്.

## വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ ഡയറക്ടറേറ്റുകളുടെ രൂപീകരണം

156 (3860) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ പ്രൈമറി, സെക്കണ്ടറി, ഡയറക്ടറേറ്റുകളുടെ രൂപീകരണം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ലെവലിൽ വിദ്യാഭ്യാസ ഓഫീസർമാരെ നിയമിക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ ഘടനാപരമായതും അക്കാദമികപരമായതുമായ മാറ്റങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോക്ടർ എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നിലപാടെടുക്കാൻ സാധിക്കുകയുള്ളൂ.

## പ്രൈമറി സ്കൂൾ അസിസ്റ്റന്റ് തസ്തികകളിലെ നിയമനത്തിന് കെ.റ്റി.ഇ.റ്റി. യോഗ്യത

157 (3861) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. പി.എസ്.എ. / യു.പി.എസ്.എ തസ്തികകളിലെ നിയമനത്തിന് കെ.റ്റി. ഇ. റ്റി. യോഗ്യത നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.റ്റി.ഇ.റ്റി. യോഗ്യത നേടുന്നതിൽനിന്നും ഏതൊക്കെ യോഗ്യതകളുള്ളവരെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത എക്സംപ്ഷൻ വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിക്കാൻ തയ്യാറാകുന്നില്ലെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) കെ.റ്റി.ഇ. റ്റി. എക്സംപ്ഷൻ ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-10-2011-ലെ ജി. ഒ. (പി)നമ്പർ 199/2011/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലെ എൽ.പി./യു.പി./ഹൈസ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി കെ-ടെറ്റ് നിഷ്കർഷിച്ചിട്ടുണ്ട്. ഹൈസ്കൂൾ അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് കാറ്റഗറി III-ഉം, യു.പി. സ്കൂൾ അസിസ്റ്റന്റ് നിയമനത്തിന് കെ-ടെറ്റ് കാറ്റഗറി II-ഉം, എൽ.പി.എസ്.എ. നിയമനത്തിന് കെ-ടെറ്റ് കാറ്റഗറി I-ഉം യു.പി. തലം വരെയുള്ള ഭാഷാദ്ധ്യാപക നിയമനത്തിനും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനത്തിനും കെ-ടെറ്റ് കാറ്റഗറി IV-ഉം വിജയിക്കേണ്ടതുണ്ട്.

(ബി) അതത് വിഷയങ്ങളിൽ CTET, NET, SET, M.Phil., Ph.D യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെയും M.Ed യോഗ്യതയുള്ളവരെയും കെ-ടെറ്റ് കാറ്റഗറി III വിജയിച്ചവരെ കാറ്റഗറി II നേടുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി&ഡി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും എങ്കിലും അത് നിലവിലുള്ള ഉത്തരവുകളിലെ അവ്യക്തതമൂലമാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കി 9-3-2018-ൽ 1866829/ജെ3/17/പൊ.വി.വ. എന്ന ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

## പത്തനംതിട്ട ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തിക

158 (3862) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ 2014 ജൂൺ 1 മുതൽ നാളിതുവരെ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എത്ര പേർ നിയമിതരായി; വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ യു.പി.എസ്.എ., എൽ.പി.എസ്.എ. മറ്റ് താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവരിൽ നിന്നും ഉദ്യോഗക്കയറ്റംവഴി എത്ര പേർക്ക് നിയമനം നൽകി; വിശദമാക്കുമോ;

(സി) 2014 ജൂൺ ഒന്ന് മുതൽ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ മുഖേന എത്ര പേരെ നിയമിച്ചു;

(ഡി) മേൽവിഭാഗങ്ങളിൽ ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണം എന്ന് ഉത്തരവ് നിലവിലുണ്ടോ; ഇതിൽപ്രകാരം എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്; വിശദമാക്കുമോ;

(ഇ) എച്ച്.എസ്.എ. മലയാളം തസ്തികയുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; എത്ര എണ്ണം ഇപ്പോൾ റിപ്പോർട്ടു ചെയ്തു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2014 ജൂൺ 1 മുതൽ പി.എസ്.സി. നേരിട്ടുള്ള നിയമനം മുഖാന്തരം അഞ്ച് നിയമനങ്ങൾ നടന്നു.

(ബി) ഒരു നിയമനം നടന്നു.

(സി) രണ്ട് നിയമനങ്ങൾ നടന്നു.

(ഡി) ഉണ്ട്. 26-5-2008-ലെ ജി. ഒ. (എം.എസ്) 95/2008/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി നീക്കിവച്ചിട്ടുള്ള നിശ്ചിത ശതമാനം ഒഴിവിൽ യോഗ്യരായിട്ടുള്ള അപേക്ഷകരില്ലെങ്കിൽ അത്തരം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2015-16-ലെ ഇന്റർ-ഡിസ്ട്രിക്റ്റ് ട്രാൻസ്ഫറിനായി നീക്കിവച്ച ഒഴിവും റേഷ്യോ പ്രൊമോഷൻ ഒഴിവും ചേർത്ത് 2 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) നിലവിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ ഒഴിവുകൾ ഇല്ല.

**അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ സ്കൂൾ**

159 (3863) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ സ്കൂളിന് എത്ര ഏക്കർ ഭൂമിയാണ് ഇപ്പോൾ വിട്ടുകിട്ടിയിട്ടുള്ളത്; ഇവിടെ ഇപ്പോൾ എത്ര ക്ലാസ്സ് വരെയാണ് ഉള്ളത്; എത്ര കുട്ടികളാണ് ഉള്ളത്; ഇവരെ പഠിപ്പിക്കുന്നതിനായും അദ്ധ്യാപകർക്കായും എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെയുള്ളത് ; വിശദമാക്കാമോ ;

(ബി) വിട്ടുകിട്ടിയ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടെയുള്ള ക്ലാസ് മുറികളും മറ്റും നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വിദ്യാഭ്യാസ വകുപ്പ് കെട്ടിട നിർമ്മാണത്തിന് പണം ലഭ്യമാക്കുന്നില്ലെങ്കിൽ ആദിവാസി കുട്ടികൾ പഠിക്കുന്ന ആദിവാസി മേഖലയിലെ സ്കൂൾ എന്ന നിലയിൽ പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാക്കാമോ?

ഉത്തരം

(എ) അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ സ്കൂളിനായി 0.50 ഹെക്ടർ വനഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്കൂളിൽ ഒന്നുമുതൽ നാലാം ക്ലാസ്സ് വരെയുള്ള പഠനമാണ് നിലവിലുള്ളത്. പ്രസ്തുത ക്ലാസ്സുകളിൽ ആകെ 59 കുട്ടികളും കൂടാതെ നാലാം ക്ലാസ്സിൽനിന്നും വിജയിച്ച് ടി.സി. വാങ്ങാതെ തുടരുന്ന 8 കുട്ടികളും ഇപ്പോഴുണ്ട്. കുട്ടികൾക്ക് ട്രൈബൽ വകുപ്പ് പ്രഭാത ഭക്ഷണവും വിദ്യാഭ്യാസ വകുപ്പിന്റെ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ഉച്ചഭക്ഷണവും നൽകിവരുന്നു. കൂടാതെ ട്രൈബൽ വകുപ്പ് കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിന് വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത സ്ഥലത്ത് ടി സ്കൂളിനായി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

**അൺ-എയ്ഡഡ് സ്കൂളുകളിലെ അക്കാദമിക നിലവാരം**

160 (3864) ശ്രീ. ഇ. പി.ജയരാജൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അൺ-എയ്ഡഡ് സ്കൂളുകളിലെ അക്കാദമിക നിലവാരം, അധ്യാപകരുടെ യോഗ്യത, ശമ്പളം എന്നിവ പരിശോധിക്കാനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അക്കാദമിക നിലവാരം പരിശോധിക്കാനും പോരായ്മകൾ പരിഹരിക്കാനുള്ള നിർദ്ദേശം നൽകാനും വിദ്യാഭ്യാസ ഓഫീസർമാർക്ക് അധികാരമുണ്ട്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ ഉൾപ്പെടുന്ന സ്കൂളുകളിലെല്ലാം ഭരണപരവും അക്കാദമികവുമായ പരിശോധന നടത്തണമെന്ന് കെ.ഇ.ആർ. അദ്ധ്യായം XV, ചട്ടം 9-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കെ.ഇ.ആർ. അദ്ധ്യായം XIV-AA, ചട്ടം 1(a) പ്രകാരം, സർക്കാർ സ്കൂളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ തന്നെയാണ് അംഗീകൃത അൺ-എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്കും ബാധകമാകുന്നത്.

അംഗീകൃത അൺ-എയ്ഡഡ് സ്കൂളിലെ ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിലെ മാനേജ്മെന്റിന്റെ അക്കൗണ്ടിൽ നിന്ന് ചെക്കായി നൽകണമെന്ന് കെ.ഇ.ആർ. അദ്ധ്യായം XIV-AA, ചട്ടം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള വേതനം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും വിദ്യാഭ്യാസ ഉപഡയറക്ടർമാരും ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ (കേരള) ചട്ടങ്ങളിലെ 17-ാം ചട്ടത്തിൽ അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം സർക്കാർ പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡുകളുടെ അംഗീകാരമില്ലാത്ത സ്കൂളുകൾ

161 (3865) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്. ഇ, ഐ. സി. എസ്. ഇ. ബോർഡുകളുടെ അംഗീകാരം ഇല്ലാത്ത (ക്ലാസ്സ് 1 മുതൽ 6 വരെ) എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നു എന്നതിന് കണക്ക് ഉണ്ടോ; ജില്ലതിരിച്ച് പേരുസഹിതം എണ്ണം വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള സ്കൂളുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ പ്രവർത്തിക്കാൻ പാടില്ല എന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത സ്കൂളുകൾ നിർത്തൽ ചെയ്യുന്നതിനുള്ള കാരണം എന്താണെന്ന് വിവരിക്കുമോ;

(സി) ഇപ്രകാരമുള്ള എത്ര സ്കൂളുകളിൽ ക്ലാസ്സ് 1 മുതൽ 6 വരെ എത്ര കുട്ടികൾ പഠിക്കുന്നു എന്നതിന്റെ കണക്ക് ഉണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) നിർത്തൽ ചെയ്യുന്ന സ്കൂളുകളിലെ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ ഉപജീവനത്തിന് എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോ; ഇപ്രകാരം ജോലി ഇല്ലാതാകുന്ന ജീവനക്കാർ എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മറ്റ് ജീവനക്കാർ, രക്ഷകർത്താക്കൾ എന്നിവർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഗണിച്ച് പ്രസ്തുത സ്കൂളുകളെ നിലനിർത്താൻ ആവശ്യമായ എൻ.ഒ.സി നേടിയെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത സ്കൂളുകളെ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ 1585 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ക്ലാസ്സ് 1 മുതൽ 6 വരെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ശേഖരിച്ചുനൽകുന്നതാണ്.

(ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എല്ലാ അൺ എയ്ഡഡ് സ്കൂളുകളും അടച്ചുപൂട്ടുവാൻ സർക്കാർ നിർദ്ദേശം നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുവാൻ നിർദ്ദേശം നൽകിയത്.

(സി&ഡി) അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെയും ജീവനക്കാരുടെയും എണ്ണം കണക്കാക്കിയിട്ടില്ല.

(ഇ & എഫ്) കേന്ദ്ര സർക്കാരിന്റെ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ല. അതോടൊപ്പം സർക്കാർ/എയ്ഡഡ് മേഖലയെ ശക്തിപ്പെടുത്തുകയും വേണം. ആയതിനാൽ അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അംഗീകാരം ഇല്ലാത്ത സ്കൂളുകൾ

162 (3867) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; പത്തനംതിട്ട ജില്ലയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പേരുകൾ ലഭ്യമാക്കാമോ;

(ബി) എൽ.പി., യു.പി. വിഭാഗങ്ങളിൽ ഏതെങ്കിലും ഒരു വിഭാഗത്തിനുമാത്രം അംഗീകാരം ലഭിച്ചിട്ടുള്ള സ്കൂളുകളിൽ അംഗീകാരം ലഭിക്കാത്ത വിഭാഗത്തിനുകൂടി അംഗീകാരം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വിദ്യാഭ്യാസ അധികാരികൾ ലഭ്യമാക്കിയ റിപ്പോർട്ടുപ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാത്ത 1585 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പൊതുവിദ്യാഭ്യാസ (സർക്കാർ/എയ്ഡഡ്) സംരക്ഷണമാണ് നിലവിലെ സർക്കാർ നയമെന്നതിനാൽ അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## കുട്ടികളിൽനിന്ന് ഈടാക്കുന്ന അമിത ഫീസ്

163 (3868) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകിയ എൻ.ഒ.സി.- യുടെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ കുട്ടികളിൽ നിന്ന് അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സർക്കാർ ഇടപെടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകൾ

164 (3869) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ-എയ്ഡഡ് സ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No.4426/05/ LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

## പ്രൊമോഷൻ ലഭിക്കാൻ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്

165 (3870) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേവര ജി.വി.എച്ച്.എസ്.എസ്.-ൽ ഇൻസ്ട്രക്ടറായി ജോലി ചെയ്യുന്ന ശ്രീ. ടി. കെ. ഷൈൻ-ന് പ്രൊമോഷൻ ലഭിക്കുന്നത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ ഉണ്ടാകണമെന്ന ശ്രീ.ഷൈൻ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇത് സംബന്ധിച്ചുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. 23-5-2017-ലെ ഒ.എ. നമ്പർ 563/2016 പ്രകാരം വൊക്കേഷണൽ ഇൻസ്ട്രക്ടർ (എം.ആർ.എ) ആയ ശ്രീ. ടി. കെ. ഷൈൻ കുമാറിന് വൊക്കേഷണൽ ടീച്ചർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകണമെന്നാണ് ഉത്തരവായിട്ടുള്ളത്.

(ബി) ശ്രീ. ടി. കെ. ഷൈൻ കുമാറിന് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ നിർവ്വഹിച്ചുവരുന്നു.

**അദ്ധ്യാപകരുടെ മക്കളുടെ പഠനം**

166 (3871) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ മക്കളെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽത്തന്നെ പഠിപ്പിക്കണമെന്ന നിബന്ധന കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മക്കളെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ തന്നെ പഠിപ്പിക്കണമെന്ന നിബന്ധന കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

**കെ-ടെറ്റ് പരീക്ഷയിലെ ചോദ്യങ്ങളിലെ തെറ്റുകൾ**

167 (3872) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഡിസംബറിൽ നടന്ന കെ. ടെറ്റ്. കാറ്റഗറി മൂന്നിലെ സൈക്കോളജി, നാച്ചുറൽ സയൻസ് വിഷയങ്ങളുടെ ഉത്തരസൂചികയിൽ ആറെണ്ണം തെറ്റായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പരീക്ഷാർത്ഥികൾക്ക് ദോഷകരമായ ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരീക്ഷ കഴിഞ്ഞ് ഉത്തരസൂചികകൾ പരീക്ഷാർത്ഥികൾക്ക് പരിശോധിച്ച് പരാതികൾ ഉണ്ടെങ്കിൽ അറിയിക്കുന്നതിലേയ്ക്കായി പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആയത് അനുസരിച്ച് ലഭിക്കുന്ന മുഴുവൻ പരാതികളും ചോദ്യപേപ്പർ തയ്യാറാക്കിയ പാനലിന്റെ ചെയർമാനെയും ചോദ്യകർത്താവിനെയുംകൊണ്ട് പരിശോധിപ്പിക്കുകയും ചെയ്യുന്നു. അതുപ്രകാരം കാറ്റഗറി-III-ലെ നാച്ചറൽ സയൻസ്, സൈക്കോളജി വിഷയങ്ങളിലെ പരാതിയായി ഉന്നയിച്ച ചോദ്യങ്ങൾ ചോദ്യകർത്താവിനെകൊണ്ട് പരിശോധിപ്പിക്കുകയും പരാതി അടിസ്ഥാനരഹിതവും കഴമ്പില്ലാത്തതുമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി-III-ലെ സൈക്കോളജി, നാച്ചറൽ സയൻസ് എന്നീ വിഷയങ്ങളുടെ ഉത്തരസൂചികയിൽ ഒരു മാറ്റവും വരുത്തുകയുണ്ടായില്ല.

(സി) ഉത്തരസൂചിക പ്രസിദ്ധീകരിച്ചതിനുശേഷം പരീക്ഷാർത്ഥികൾ എഴുതി അയയ്ക്കുന്ന എല്ലാ പരാതികളും ചോദ്യകർത്താവിനെ കൊണ്ട് പരിശോധിപ്പിച്ചശേഷം അവർ നിർദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തിയാണ് അന്തിമ ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്നത്. ഏതെങ്കിലും ചോദ്യങ്ങളിലോ, ഉത്തരങ്ങളിലോ തെറ്റ് സംഭവിച്ചുവെന്ന് പാനൽ ചെയർമാൻ, ചോദ്യകർത്താവ് എന്നിവർ രേഖാമൂലം എഴുതി തന്നാൽ അത്തരം ചോദ്യങ്ങൾ ഒഴിവാക്കുകയോ, ഉത്തരസൂചികയിൽ മാറ്റം വരുത്തുകയോ ചെയ്യാറുണ്ട്. ഈ പ്രക്രിയ പരീക്ഷാർത്ഥികളുടെ റിസൾട്ട് പ്രഖ്യാപനത്തിൽ കൂടുതൽ ശാസ്ത്രീയതയും സുതാര്യതയും ഉറപ്പുവരുത്തുന്നു.

**ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി**

168 (3873) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം ഉണ്ടാക്കുന്നതിനായി മണലൂർ എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾക്കായി ഓരോ സ്കൂളുകൾക്കും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ജൈവ വൈവിദ്ധ്യ ഉദ്യാനം ഉണ്ടാക്കുന്നതിനായി മണലൂർ നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ ചുവടെ ചേർക്കുന്നു.

1. ജി.യു.പി.എസ്., അരിമ്പൂർ
2. ജി.എം.യു.പി.എസ്., പാടൂർ
3. എ.യു.പി.എസ്., ഊരകം
4. സെന്റ് തെരേസാസ് യു.പി.സ്കൂൾ, മണലൂർ
5. എ.എം.എൽ.പി.എസ്., പാലുവായ്
6. സെന്റ് ലൂയിസ് എൽ.പി.എസ്., വെൺമനാട്
7. എക്സൽസിയർ യു.പി.സ്കൂൾ, കണ്ടാണശ്ശേരി
8. ജി.എൽ.പി.എസ്., കാക്കശ്ശേരി

(ബി) ഉണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത സ്കൂളുകൾക്ക് 10,000 രൂപവീതം അനുവദിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളും പണി പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്കൂളുകളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിലെ ദൂരദർശിനി

169 (3874) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2010 മുതൽ 2018 ജനുവരി മാസം വരെ എത്ര ദൂരദർശിനികൾ വാങ്ങിയെന്നും ഓരോന്നിന്റെയും വില, കമ്പനി എന്നിവ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സയൻസ് മ്യൂസിയത്തിൽ ദൂരദർശിനി വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങളും, ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും ദൂരദർശിനികൾ വാങ്ങുമ്പോൾ ടെണ്ടർ ക്ഷണിക്കാറുണ്ടോ; എങ്കിൽ ഓരോ ടെണ്ടറിലും പങ്കെടുത്ത കമ്പനികളുടെ വിശദാംശം നൽകുമോ;

(ഡി) ടെണ്ടർ ക്ഷണിക്കാതെ ദൂരദർശിനികൾ വാങ്ങിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ 2010 മുതൽ 2018 ജനുവരി മാസം വരെ 23 ദൂരദർശിനികൾ വാങ്ങിയിട്ടുണ്ട്. അവയുടെ വില, കമ്പനി തുടങ്ങിയവയുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സ്റ്റോഴ്സ് പർച്ചേഴ്സ് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് മ്യൂസിയത്തിൽ ദൂരദർശിനികൾ വാങ്ങിയിട്ടുള്ളത്. ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത കമ്പനികൾക്കാണ് ടെണ്ടർ അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ഓരോ ടെണ്ടറിലും പങ്കെടുത്ത കമ്പനികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ ടെണ്ടർ ക്ഷണിക്കാതെ ദൂരദർശിനികൾ വാങ്ങിയിട്ടില്ല.

**എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷ**

170 (3875) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷയിൽ കഴിഞ്ഞ വർഷം എത്ര കുട്ടികൾ പരീക്ഷ എഴുതിയിരുന്നു; എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു;

(ബി) ഇപ്പോൾ എത്ര രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) എൽ.എസ്.എസ്. വിഭാഗത്തിൽ പരീക്ഷയെഴുതിയ 65691 കുട്ടികളിൽ 7,469 കുട്ടികളും, യു.എസ്.എസ്. വിഭാഗത്തിൽ പരീക്ഷയെഴുതിയ 55845 കുട്ടികളിൽ 1126 കുട്ടികളും സ്കോളർഷിപ്പിന് അർഹരായി.

(ബി) ലോവർ സെക്കണ്ടറി സ്കോളർഷിപ്പ് (എൽ.എസ്.എസ്.) തുക 1,000 (ആയിരം രൂപ മാത്രം) രൂപയായും അപ്പർ സെക്കണ്ടറി സ്കോളർഷിപ്പ് (യു.എസ്.എസ്.) തുക 1,500 രൂപയായും (ആയിരത്തി അഞ്ഞൂറ് രൂപാ മാത്രം) 25-1-2018-ലെ ജി.ഒ. (എം.എസ്)നമ്പർ 10/2018/ജിഇഡിഎൻ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

**ദേശീയ ജാംബൂരിക്ക് വേണ്ടി അനുവദിച്ച ഫണ്ട്**

171 (3876) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരിയിൽ നടന്ന ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ദേശീയ ജാംബൂരിയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയതിന്റെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016 ഡിസംബർ 26 മുതൽ 2017 ജനുവരി 4 വരെ ഏഴ് ദിവസങ്ങളിലായി മൈസൂരിൽ നടന്ന ദേശീയ ജാബൂരിയിൽ കേരളത്തിലെ 799 കുട്ടികളും 124 അദ്ധ്യാപകരുമായി 923 പേരെ പങ്കെടുപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി 6,24,000 (ആറ് ലക്ഷത്തി ഇരുപത്തി നാലായിരം) രൂപയാണ് സ്കൗട്ട് ആൻഡ് ഗൈഡ് സംസ്ഥാന കാര്യാലയം മുൻകൂർ അനുവദിച്ചത്. കൂടാതെ കുട്ടികളുടെയും അഡൽട്ട് ലീഡർമാരുടെയും മറ്റും രജിസ്ട്രേഷൻ/ഡെവലപ്പ്മെന്റ് ഫീ ഇനത്തിൽ 4,95,390 രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി മൂന്നൂറ്റി തൊണ്ണൂറ് രൂപ) ദേശീയ കാര്യാലയത്തിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്ലാൻ ഫണ്ട് ഇനത്തിൽ സർക്കാരിൽ നിന്നും 2016-17 വർഷത്തിൽ ലഭിച്ച 40 ലക്ഷം രൂപയിൽ നിന്നാണ് ഈ തുക കൈമാറിയത്.

(ബി) കുട്ടികളുടെയും സ്റ്റാഫിന്റെയും ഭക്ഷണം, സ്റ്റാഫിന്റെ യാത്രാച്ചെലവ്, പ്രോഗ്രാമുകൾക്കുള്ള മെറ്റീരിയലുകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിനാണ് മേൽപ്പറഞ്ഞ 6,24,000 (ആറ് ലക്ഷത്തി ഇരുപത്തി നാലായിരം) രൂപ മുൻകൂർ അനുവദിച്ചത്. പ്രസ്തുത മുൻകൂർ (അഡ്വാൻസ്) ഇതുവരെ ക്രമീകരിച്ചിട്ടില്ല. കണക്ക് ഫിനാൻസ് കമ്മിറ്റിയുടെ പരിശോധനയിലാണ്. അത് പൂർത്തിയായാലേ വിനിയോഗം സംബന്ധിച്ച അന്തിമ കണക്ക് ലഭ്യമാകൂ.

## പത്താംതരം തുല്യതാ പരീക്ഷ എഴുതിയവരുടെ പേരുവിവരം

172 (3877) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താംതരം തുല്യതാ പരീക്ഷയ്ക്ക്, തുല്യതാ പരീക്ഷ ആരംഭിച്ചതു മുതൽ നാളിതുവരെ, എത്രപേർ രജിസ്റ്റർ ചെയ്തിരുന്നു എന്ന് അറിയിക്കാമോ ;

(ബി) എത്ര പേർ, തുല്യതാ പരീക്ഷ ആരംഭിച്ചതു മുതൽ നാളിതുവരെ, പരീക്ഷ എഴുതിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) പരീക്ഷയ്ക്ക് രജിസ്റ്റർചെയ്ത മുഴുവൻ പേരെയും പരീക്ഷ എഴുതിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ ;

(ഡി) പത്താംതരം തുല്യതാ പരീക്ഷയിൽ യോഗ്യത നേടി എത്തുന്നവരുടെ നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നാളിതുവരെ 304798 പേർ തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 162353 പേർ പരീക്ഷ എഴുതിയിട്ടുണ്ട്.

(സി) രജിസ്റ്റർചെയ്ത മുഴുവൻ പേരെയും പരീക്ഷ എഴുതുന്നതിന് സജ്ജരാക്കുന്നുണ്ട്. പരീക്ഷാപേടി ഒഴിവാക്കുന്നതിനുള്ള കൗൺസിലിംഗ്, പ്രോത്സാഹനവും പ്രചോദനവും നൽകുന്ന ക്ലാസ്സുകൾ എന്നിവ നൽകിവരുന്നു.

(ഡി) പത്താംതരം തുല്യതാ പരീക്ഷയിൽ യോഗ്യത നേടുന്നവർക്കായി ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് നടത്തിവരുന്നു.

## സിവിൽ സർവീസ് പഠന ഇൻസ്റ്റിറ്റ്യൂട്ടുകൾ

173 (3878) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ എത്ര സിവിൽ സർവ്വീസ് പഠന ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) സ്വകാര്യ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്ന ഫീസ്, നൽകുന്ന സൗകര്യങ്ങൾ എന്നിവ പരിശോധിക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ മെയിൻ സെന്റർ തിരുവനന്തപുരത്തും പാലക്കാട്, കോഴിക്കോട്, പൊന്നാനി, ആളൂർ, കല്യാശ്ശേരി, കാഞ്ഞങ്ങാട്, മൂവാറ്റുപുഴ, ചെങ്ങന്നൂർ, കോന്നി എന്നീ സ്ഥലങ്ങളിൽ സബ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ, പട്ടികജാതി വികസന വകുപ്പിനുകീഴിൽ "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി" എന്ന പേരിൽ ഒരു സ്ഥാപനവും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സിവിൽ സർവീസ് കോച്ചിംഗ് നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ ഫീസ്, സൗകര്യങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നേടിയ കുട്ടികൾ**

174 (3879) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 അദ്ധ്യായനവർഷത്തിൽ ചേലക്കര നിയോജക മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് എൽ.പി സ്കൂളുകളിലായി എത്രകുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നേടിയിട്ടുണ്ട്;

(ബി) ഒരോ സ്കൂളിന്റെ പേരും, അവിടെ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നേടിയ കുട്ടികളുടെ എണ്ണവും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയനവർഷത്തിൽ ചേലക്കര നിയോജക മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് എൽ.പി. സ്കൂളുകളിലായി 1711 കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നേടിയിട്ടുണ്ട്.

(ബി) ഓരോ സ്കൂളിന്റെ പേരും അവിടെ ഒന്നും ക്ലാസ്സിൽ അഡ്മിഷൻ നേടിയ കുട്ടികളുടെ എണ്ണവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ചേലക്കര മണ്ഡലത്തിലെ എയ്ഡഡ് സ്കൂളുകൾ**

175 (3880) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേലക്കര നിയോജക മണ്ഡലത്തിൽ എയ്ഡഡ് മേഖലയിൽ എത്ര എൽ.പി, യു.പി., എച്ച്.എസ്, എച്ച്.എസ്.എസ്. സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പേരുവിവരവും ഡിവിഷനുകളുടെ എണ്ണവും കുട്ടികളുടെ എണ്ണം ആൺ - പെൺ തിരിച്ച് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

വിവരം അനുബന്ധമായി* ചേർക്കുന്നു.

**സ്കൂൾ കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി**

176 (3881) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി സ്കൂൾ കോമ്പൗണ്ടുകളിൽ വർഷങ്ങൾക്കുമുമ്പ് നട്ട മഹാഗണി, അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയവയും മറ്റ് പാഴ് മരങ്ങളും സ്കൂൾ കെട്ടിടങ്ങൾക്കും കുട്ടികളുടെ ജീവനു തന്നെയും ഭീഷണിയായി വളർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ കോമ്പൗണ്ടിലെ ഇത്തരം മരങ്ങൾ മുറിച്ചുമാറ്റുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വനം വകുപ്പ് നട്ട ഈ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം ഇപ്പോൾ ആർക്കാണ്;വ്യക്തമാക്കുമോ;

(സി) അപകടകരങ്ങളായ ഇത്തരം മരങ്ങൾ മുറിച്ചുമാറ്റുന്നതിന് സ്കൂൾ എച്ച്. എം.-നും പി. ടി. എ.-ക്കും അധികാരമുണ്ടോ; ഇത്തരം മരങ്ങൾ ലേലം ചെയ്ത് കൊടുക്കാനുള്ള അധികാരം അതതു സ്കൂൾ എച്ച്. എം.-മാർക്കും ഇങ്ങനെ ലഭിക്കുന്ന തുക സ്കൂളിന്റെ പൊതു ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് മേഖലയിലെ സ്കൂൾ കോമ്പൗണ്ടുകളിൽ കുട്ടികളുടെ ജീവനും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷയ്ക്കും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ അദ്ധ്യാപക-രക്ഷകർത്തൃ സമിതി ആവശ്യപ്പെട്ടാൽ വനം വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും മുൻകൂർ അനുവാദമില്ലാതെതന്നെ മുറിച്ചുമാറ്റാൻ ആവശ്യമായ നടപടികൾ സ്കൂൾ പ്രഥമാദ്ധ്യാപകൻ/മാനേജർ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങളുടെ ഉടമസ്ഥാവകാശം ഇപ്പോൾ പൊതുവിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിൽ നിക്ഷിപ്തമാണ്. മേൽപ്രകാരം മുറിച്ചിട്ട മരങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് വിൽക്കേണ്ടതും വനം വകുപ്പിന്റെ അംഗീകാരം ആവശ്യമുള്ള സംരക്ഷിത മരങ്ങളുടെ കാര്യത്തിൽ ആയത് പ്രസ്തുത വകുപ്പിന്റെ അംഗീകാരത്തോടുകൂടി മാത്രം ലേലം ചെയ്ത് വിൽക്കേണ്ടതുമാണ്. ഇപ്രകാരം ലഭിക്കുന്ന തുക സ്കൂളിന്റെ പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

177 (3883) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ 100 കുട്ടികളിൽ കൂടുതൽ ഉള്ള 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ തുടർനടപടികൾ എന്തായിയെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് ഭേദഗതിയും സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തികബാദ്ധ്യതയും പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പുറത്തിറങ്ങുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എം.എസ്) നമ്പർ 38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01-01-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) സ്പെഷ്യൽ സ്കൂളുകൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ 40 കോടി 22 ലക്ഷം രൂപയോളം സാമ്പത്തിക ബാദ്ധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപംനൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്കൂളുകളിലെ നൈപുണ്യവികസനത്തിന് സമഗ്ര സംവിധാനം

178 (3885) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ നൈപുണ്യവികസനത്തിന് സമഗ്രസംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) അസാപ്പിന് (എ.എസ്.എ.പി) കീഴിലുള്ള സ്കിൽ പാർക്കുകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) അസാപ്പിന്റെ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലത്തിലും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടായ എൻ.എസ്.ക്യു.എഫ്. (NSQF) അധിഷ്ഠിതമായ കോഴ്സുകൾ 2018 ജൂൺ മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂളുകളിലും എൻ.എസ്.ക്യു.എഫ്. അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം 2018 ജൂൺ മുതൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 22-11-2017-ൽ കൂടിയ കൺസൾട്ടേറ്റീവ് മീറ്റിംഗിലെ നിർദ്ദേശങ്ങളിൽ VHSE ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അസാപ്പിനുകീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ 9 സ്കിൽ പാർക്കുകളാണ് ഈ വർഷം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സംസ്ഥാനത്തെ 110 നിയോജക മണ്ഡലങ്ങളിൽ അസാപ്പിന്റെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കാലഹരണപ്പെട്ട സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി

179 (3886) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട കെട്ടിടങ്ങൾ ഉള്ള എൽ.പി., യു.പി. സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള എത്ര സ്കൂളുകളിലാണ് കാലഹരണപ്പെട്ട കെട്ടിടങ്ങൾ ഉള്ളത് എന്നുള്ള വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

### ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ സർക്കാർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ സംസ്ഥാനത്തെ 140 സർക്കാർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതികൾ മുഖേന സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകിവരുന്നു.

(ബി) ഉണ്ട്. 3 സർക്കാർ സ്കൂളുകളിൽ കാലപ്പഴക്കമുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്. സ്കൂളിന്റെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ഗവ. എൽ.പി.ജി.എസ്., ഇരിച്ചല്ലൂർ
2. ഗവ. യു.പി.എസ്., പൊഴിയൂർ
3. ഗവ. എൽ.പി.എസ്., കുളത്തൂർ.

## സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് ഫണ്ട്

180 (3887) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾ നിലവിൽ ഉണ്ടോ; എങ്കിൽ ഹൈസ്കൂൾ, യു.പി, എൽ.പി എന്നീ വിഭാഗത്തിൽ എത്ര സ്കൂൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് മതിൽ കെട്ടുന്നതിന് വിദ്യാഭ്യാസ വകുപ്പിൽനിന്നും ഫണ്ട് നൽകാറുണ്ടോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് ഫണ്ട് നൽകിയിട്ടുണ്ടോ; എത്ര സ്കൂളുകൾക്ക് ഫണ്ട് നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് ചുറ്റുമതിൽ നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ 15 എൽ.പി. സ്കൂളുകളിലും 5 യു.പി. സ്കൂളുകളിലും ചുറ്റുമതിൽ ഇല്ല. ഹൈസ്കൂൾ വിഭാഗത്തിൽ ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾ ഇല്ല.

(ബി) ഫണ്ട് നൽകാറില്ല.

(സി) സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് ഫണ്ട് നൽകിയിട്ടില്ല.

(ഡി) ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് ചുറ്റുമതിൽ നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി**

181 (3888) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നൽകി സർക്കാർ സഹായത്തോടെ പ്രവർത്തിക്കുവാനുള്ള പദ്ധതി മുൻസർക്കാർ പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ആയത് പ്രകാരം 100-ൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ വിദ്യാലയങ്ങളും എയ്ഡഡ് സ്കൂളുകളാക്കി പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇതിലേക്ക് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; ഇതിന്റെ ആവശ്യത്തിലേക്ക് എന്തെങ്കിലും ഫണ്ട് അനുവദിച്ചിരുന്നോ;

(ഡി) ഇത് സംബന്ധിച്ച് സർക്കാരിന്റെ നയവും നിലപാടും എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾ 9-2-2016-ലെ സ.ഉ. (എം എസ്.) നമ്പർ 38/2016/പൊ.വി.വ നമ്പർ പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു.

(ബി & സി) 100 വിദ്യർത്ഥികളിൽ കൂടുതൽ പഠിക്കുന്ന 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം ഉൾപ്പെടെ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൂടി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. എന്നാൽ ഇതിന്റെ ആവശ്യത്തിലേയ്ക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നില്ല.

(ഡി) ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കുമായി ഒരു സമഗ്ര പാക്കേജ് രൂപപ്പെടുത്തി, പരമാവധി വിദ്യാർത്ഥി സൗഹൃദ സ്ഥാപനങ്ങളാക്കി അവയെ പ്രവർത്തിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണകരമായ മാറ്റങ്ങൾ**

182 (3889) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ എന്തെല്ലാം മാറ്റങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ രംഗത്ത് ഘടനാപരമായ മാറ്റങ്ങൾ വരുത്തി പുതിയൊരു അക്കാദമിക് സംസ്കാരം വാർത്തെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉന്നത-സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഗുണഫലങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി അദ്ധ്യാപന-പഠനപ്രക്രിയ, ഗവേഷണം, അടിസ്ഥാന സൗകര്യം, നൈപുണ്യ വികസനം, നവീകരണം എന്നിവയ്ക്കുപുറമേ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ സാമൂഹ്യ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയായി വികസിപ്പിക്കുന്നതിന് കേരള സംസ്ഥാന ആസൂത്രണ വകുപ്പ് മുന്നോട്ടുവച്ച താഴെപ്പറയുന്ന ശിപാർശകൾ വാർഷിക പദ്ധതിവഴി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:-

<u>ഉന്നത വിദ്യാഭ്യാസ മേഖല</u>

1. മാസ്സിവ് ഓപ്പൺ ഓൺലൈൻ പ്രോഗ്രാമുകൾ (MOOCS)
2. ദേശീയ വിജ്ഞാന ശൃംഖല (എൻ.കെ.എൻ.)
3. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC)
4. ശരിയായ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ഉറപ്പാക്കുക
5. വ്യവസായ-വിദ്യാർത്ഥി-സർവ്വകലാശാലാബന്ധം
6. വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണവും സംയോജനവും പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
7. അന്തർ സർവ്വകലാശാലാ സെന്ററുകൾ കൂടുതൽ വിഭവങ്ങൾ ഉപയോഗിച്ച് ശക്തിപ്പെടുത്തുക
8. നൈപുണ്യശേഷി വികസന സംരംഭങ്ങൾ ആരംഭിക്കുക
9. വിദ്യാർത്ഥികൾക്ക് വിവിധ ജോലികളിലുള്ള പരിശീലനവും അപ്രന്റീസ്ഷിപ്പും
10. വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതികൾ
11. ഫാക്കൽറ്റി സപ്പോർട്ട് പ്രോഗ്രാമുകൾ, എമേരിറ്റസ് പ്രൊഫസ്സർഷിപ്പ്
12. സ്കോളർഷിപ്പ്സ്, ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും വിദ്യാർത്ഥികൾക്ക് നൽകുക.

<u>സാങ്കേതിക വിദ്യാഭ്യാസ മേഖല</u>

1. എൻ.എസ്.ക്യൂ.എഫ്.-മായി ചേർന്ന് ഒരു ക്വാളിറ്റി അഷ്വറൻസ് ഫ്രെയിംവർക്ക് വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
2. പ്രൊഫഷണൽ/വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗിൽ (ടി.വി.ഇ.ടി.) മിനിസ്റ്റീരിയൽ, അക്കാദമിക് ഉദ്യോഗസ്ഥർ എന്നിവർക്കായി പ്രൊഫഷണൽ ആൻഡ് കരിയർ ഡെവലപ്മെന്റ് പോളിസി (പി.സി.ഡി.) വികസിപ്പിക്കുക.
3. ആർ. ആന്റ് ഡി. ഇൻസ്റ്റിറ്റ്യൂട്ടുകളും വൊക്കേഷണൽ വിദ്യാഭ്യാസ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് ഒരു സംഘടന രൂപീകരിക്കുക.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും വ്യവസായത്തിൽ തൊഴിൽ പരിശീലനം നേടിയ വ്യക്തികളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ദേശീയതലത്തിലോ, ആഗോളതലത്തിലോ അക്രഡിറ്റേഷൻ ലഭിച്ച വൊക്കേഷണൽ കേന്ദ്രീയ തൊഴിൽ പരിശീലന നിലവാര വ്യവസ്ഥ കൊണ്ടുവരിക.

5. പ്രാദേശിക അന്തർദേശീയ ജോലിസാദ്ധ്യതകൾ പരിഗണിച്ചുകൊണ്ടുള്ള പരിശീലന ആവശ്യകത വിശകലനം ചെയ്യുക.

കൂടാതെ എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയ യുവജന പ്രസ്ഥാനങ്ങൾ വഴി സംസ്ഥാനത്തെ സർവ്വകലാശാലകൾ സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളിൽ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള തുടർച്ചയായ സംവാദം, സമൂഹനന്മയുതകുന്ന ഗവേഷണ ഫലങ്ങൾ സാധാരണക്കാരുമായി പങ്കുവയ്ക്കുന്നതിന് ശാസ്ത്രയാൻ എന്ന പരിപാടി, സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായ യന്ത്രങ്ങളും ഉപകരണങ്ങളും പുനരുജ്ജീവിപ്പിക്കുന്നതിന് പുനർജ്ജനി ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രം, ഗ്രാമീണ സാങ്കേതിക വികസന കേന്ദ്രം, സെന്റർ ഫോർ ബാംബു ടെക്നോളജി എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക മികവ് ഉയർത്തുവാനായി താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു:

എറുഡൈറ്റ് പദ്ധതി (സ്കോളർ ഇൻ റസിഡൻസ് പദ്ധതി), ക്ലസ്റ്റർ കോളേജ് പദ്ധതി, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, ഔട്ട്കം ബേസ്ഡ് എഡ്യുക്കേഷൻ ആൻഡ് ഗ്രാഡുവേറ്റ് ആർട്രിബ്യൂട്ട്സ്, അദ്ധ്യാപകർക്കായി പരിശീലന പരിപാടികൾ, അക്കാദമിക് വോളന്റിയർ ബാങ്ക്, ഇന്റഗ്രേഷൻ ഓഫ് ബ്രെയിൻ ഗയിൻ കൺസെപ്റ്റ് ടു എറുഡൈറ്റ് സ്കീം, സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യുക്കേഷൻ), ലേണർ ഇക്കോ സിസ്റ്റം കാമ്പസുകൾ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), ഫോസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാദമിക് ഇന്നവേഷൻ ആൻഡ് റിസർച്ച് (FLAIR), വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (SCHOLAR SUPPORT PROGRAMME), പണ്ഡിതനൊപ്പം/പഠിതാവിനോടൊപ്പം (WALK WITH A SCHOLAR) എന്നീ തുടർപദ്ധതികൾകൂടി നടപ്പിലാക്കി വരുന്നുണ്ട്.

വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകളും തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് (Trivandrum Engineering Science and Technology Research Park (TREST)) പാർക്കും പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് കോളേജുകളിലും കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് (KSUM) പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) പദ്ധതി പ്രകാരം ഉന്നത സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതി, അദ്ധ്യാപക പരിശീലന പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ, വനിതാ, അംഗപരിമിത വിദ്യാർത്ഥികൾക്കായി സമത്വ സംരംഭ പദ്ധതി, പ്രവൃത്തിപരിചയ മേളകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

## പുതുതായി അനുവദിച്ച കോളേജുകളിലെ തസ്തികകൾ

183 (3890) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച കോളേജുകൾ കോഴ്സുകൾ എന്നിവയ്ക്കനുസരിച്ച് ഓരോ സ്ഥാപനങ്ങളിലും പുതിയ അധ്യാപക/ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വീതമെന്നും എവിടെയെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച പുതിയ ഇരുപത്തിമൂന്ന് ഗവൺമെന്റ് കോളജുകളിൽ എത്രവീതം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കാത്ത ഏതെങ്കിലും കോളേജുകൾ ഉണ്ടോയെന്നും എങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച കോളേജുകൾ, കോഴ്സുകൾ തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. പുതിയ കോളേജ് - ഗവ. ആർട്സ്ആന്റ് സയൻസ് കോളേജ്, വൈപ്പിൻ.

II. പുതിയതായി ആരംഭിച്ച കോഴ്സുകളും തസ്തികകളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഗവ. കോളേജ് കരുനാഗപ്പള്ളി, ഗവ. വനിതാ കോളേജ് മലപ്പുറം, SRV ഗവ. കോളേജ് ഓഫ് മ്യൂസിക് ആന്റ് പെർഫോർമിംഗ് ആർട്സ് തൃശ്ശൂർ, ഗവ. കോളേജ് വൈപ്പിൻ, ഗവ. കോളേജ് നിലമ്പൂർ എന്നിവിടങ്ങളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടില്ല. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ തുടർന്നുവരുന്നു.

## നെയ്യാറ്റിൻകര മണ്ഡലത്തിൽ വനിതാ കോളേജ് ആരംഭിക്കുന്നതിന് നടപടി

184 (3891) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വനിതാകോളേജ് ആരംഭിക്കുന്നതിന് എം. എൽ .എ നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിവേദനം കോളേജ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻമേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ഡയറക്ടർക്ക് കൈമാറിയ കത്തിന്റെ തീയതിയും നമ്പരും വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ സർക്കാർ നിയന്ത്രണത്തിലുള്ള എത്ര വനിതാ കോളേജുകൾ ഉണ്ടെന്നും അവ ഏതൊക്കെ ആണെന്നും ഏതുവർഷത്തിലാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോളേജുകളിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥിനികളാണ് അഡ്മിഷനു വേണ്ടി അപേക്ഷ നൽകുന്നതെന്നും ആയതിൽ എത്ര പേർക്കാണ് അഡ്മിഷൻ നൽകുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ വനിതാ കോളേജുകൾ ഉണ്ടെന്നും ആയവ അനുവദിച്ചതു ഏതൊക്കെ വർഷങ്ങളിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത കത്ത് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ ഗവ. വനിതാ കോളേജ് ഒരെണ്ണവും എയ്ഡഡ് മേഖലയിൽ രണ്ടെണ്ണവും നിലവിലുണ്ട്.

| ക്രമ നമ്പർ | കോളേജിന്റെ പേര് | ആരംഭിച്ച വർഷം |
|---|---|---|
| 1 | സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | 1864 |
| 2 | ആൾ സെയിന്റ്സ് കോളേജ്, തിരുവനന്തപുരം | 1964 |
| 3 | എൻ.എസ്.എസ്. വനിതാ കോളേജ്, നീറമൺകര | 1951 |

(ഡി) അപേക്ഷ സമർപ്പിക്കുന്നവരുടെ എണ്ണം ലഭ്യമല്ല.

| ക്രമ നമ്പർ | കോളേജിന്റെ പേര് | അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം | 2591 |
| 2 | ആൾ സെയിന്റ്സ് കോളേജ്, തിരുവനന്തപുരം | 1769 |
| 3 | എൻ.എസ്.എസ്. വനിതാ കോളേജ്, നീറമൺകര | 1789 |

(ഇ) സംസ്ഥാനത്ത് നിലവിൽ സർക്കാർ മേഖലയിൽ മൂന്ന് വനിതാ കോളേജുകൾ ഉണ്ട്.

| ക്രമ നമ്പർ | കോളേജിന്റെ പേര് | ആരംഭിച്ച വർഷം |
|---|---|---|
| 1 | ഗവ. വിമെൻസ് കോളേജ്, തിരുവനന്തപുരം | 1864 |
| 2 | ഗവ. വിമെൻസ് കോളേജ്, മലപ്പുറം | 2015 |
| 3 | കെ.എം.എം. വിമെൻസ് കോളേജ്, കണ്ണൂർ | 1975 |

**വിവിധ സർവ്വകലാശാലകൾക്കുള്ള പദ്ധതി വിഹിതം**

185 (3892) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം തീരാറായിട്ടും കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്കുള്ള പദ്ധതി വിഹിതം നാളിതുവരെ സർക്കാർ നൽകാത്തതുമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി വിഹിതം നൽകാത്തതിന്റെ കാരണമെന്താണെന്ന് വിവരിക്കുമോ;

(സി) കേരളത്തിലെ ഓരോ സർവ്വകലാശാലകൾക്കുമുള്ള പദ്ധതി വിഹിതം എത്രയെന്ന് പ്രത്യേകം പ്രത്യേകമായി വിവരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പദ്ധതി നിർവ്വഹണത്തിൽ സർവ്വകലാശാലകളിൽ ഉണ്ടായ കാലതാമസം ഫണ്ട് വിതരണം ചെയ്യുന്നതിൽ കാലതാമസത്തിന് കാരണമായി.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ ഓരോ സർവ്വകലാശാലയ്ക്കുമുള്ള പദ്ധതി വിഹിതം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർവ്വകലാശാല | പദ്ധതി വിഹിതം |
|---|---|---|
| 1 | കേരള സർവ്വകലാശാല | 26 കോടി |
| 2 | എം.ജി. സർവ്വകലാശാല | 24 കോടി |
| 3 | കാലിക്കറ്റ് സർവ്വകലാശാല | 24 കോടി |
| 4 | കണ്ണൂർ സർവ്വകലാശാല | 20.89 കോടി |
| 5 | മലയാള സർവ്വകലാശാല | 8 കോടി |
| 6 | സംസ്കൃത സർവ്വകലാശാല | 15.40 കോടി |
| 7 | കുസാറ്റ് | 23 കോടി |
| 8 | ന്യൂവാൽസ് | 6.8 കോടി |

**എഞ്ചിനീയറിംഗ് കോളേജുകളിൽ സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം പദ്ധതി**

186 (3893) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകളിൽ വെർച്വൽ ക്ലാസ്സ് മുറികൾ സ്ഥാപിക്കുന്ന സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോറം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ആരുടെ നേതൃത്വത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഈ പദ്ധതിയിൽ ചേർന്നുവെന്നറിയിക്കുമോ;

(ഡി) കോളേജുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടി ഏത് ഘട്ടത്തിലാണ്; എത്ര രൂപയ്ക്കുള്ള സാധനങ്ങളാണ് പ്രസ്തുത ടെൻഡറിലൂടെ വാങ്ങുന്നത്;

(ഇ) സർക്കാർ മേഖലയിലുള്ള കോളേജുകൾക്കുപുറമെ സ്വാശ്രയ മേഖലയിലുള്ള കോളേജുകളിലും പദ്ധതി പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഇ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം കേരള (എസ്.ഡി.പി.കെ) നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. ഈ പദ്ധതിയിൽ സാങ്കേതിക വൈദഗ്ദ്ധ്യത്തോടൊപ്പം തൊഴിൽപരമായ ഔചിത്യംകൂടി വികസിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഐ.സി.റ്റി. അക്കാദമി ഓഫ് കേരള ആണ് ഈ ശേഷി വികസന പരിശീലനത്തിന്റെ പാഠ്യപദ്ധതി തയ്യാറാക്കലും നടത്തിപ്പും ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും അർഹരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകിവരികയാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനമായി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഓരോ നോഡൽ ആഫീസർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. കോളേജുകളിൽ നടത്തിപ്പിനായി ഇന്ററാക്റ്റീവ് ക്ലാസ്സ് റൂം സ്ഥാപിക്കുന്ന ചുമതല കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്. നിലവിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

**കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കൽ**

187 (3894) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ കോളേജുകളിൽ ആവശ്യമായ ജോലി ഭാരമുണ്ടായിട്ടും അധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് കാസർഗോഡ്, എസ്.എൻ.ജി.എസ്. കോളേജ് പട്ടാമ്പി, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം, ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് തവനൂർ, തൃത്താല ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, നാദാപുരം ഗവ. കോളേജ് , പെരിന്തൽമണ്ണ പി.ടി.എം. ഗവ. കോളേജ് എന്നിവിടങ്ങളിൽ അറബിക് അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും ഈ കോളേജുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാത്തതിനാൽ, യോഗ്യരായ അദ്ധ്യാപകരുടെ അഭാവം മൂലം ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം കുറഞ്ഞിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുകൂലമല്ലാത്ത നിലവിലെ സാഹചര്യത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ എല്ലാതന്നെ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഏറ്റവും അത്യാവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അറബിക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അദ്ധ്യാപകരുടെ അഭാവം അനുഭവപ്പെടുന്ന വിഷയങ്ങളിൽ മതിയായ യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നടത്തുവാൻ പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് അത്യാവശ്യംവേണ്ട പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തസ്തിക അനുവദിക്കുന്നതിന് കോളീജിയേറ്റ് ഡയറക്ടർ അദ്ധ്യക്ഷനായ കമ്മിറ്റി

188 (3895) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ 60/2016/ഹയർ എഡ്യൂക്കേഷൻ തീയതി 29-2-2016 എന്ന ഉത്തരവ് അനുസരിച്ച് തസ്തിക അനുവദിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കോളീജിയേറ്റ് ഡയറക്ടർ അദ്ധ്യക്ഷയായ എന്തെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) മേൽസൂചന പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് പുതിയ തസ്തികകൾ അനുവദിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് അനുസരിച്ച് ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന്റെയോ ഡയറക്ടർ ഓഫ് കോളേജിയേറ്റ് വകുപ്പിന്റെയോ കൈവശം ഉണ്ടോയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 29-2-2016-ലെ സ.ഉ.(കൈ)60/16/ഉ.വി.വ ഉത്തരവിനെ ആധാരമാക്കിയാണ് എയ്ഡഡ് കോളേജുകളുടെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത്. ഈ ഉത്തരവുപ്രകാരം കോളേജുകളിൽ നിലനിൽക്കുന്ന എയ്ഡഡ് കോഴ്സുകളുടെയും വിദ്യാർത്ഥികളുടെ എണ്ണത്തിന്റെയും ലാബുകളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരിഷ്കരിച്ചുവരുന്നു.

(ബി) 29-2-2016-ലെ സ.ഉ.(കൈ)60/16/ഉ.വി.വ ഉത്തരവിലെ അനോമലികളിന്മേൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി 21-12-2017-ലെ സ.ഉ.(ആർ.ടി.) നമ്പർ. 2311/2017/ഉ.വി.വ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സംഘടനാ പ്രതിനിധിയായ ശ്രീ. സത്യാനന്ദൻ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) കോളേജ് അധികാരികൾ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് കോളേജുകളിലെ എയ്ഡഡ് കോഴ്സുകളുടെ എണ്ണം, വിദ്യാർത്ഥികളുടെ എണ്ണം, പ്രാക്ടിക്കൽ ലാബുകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുവരുന്നു. ഇത്തരത്തിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമ്പോൾ അധിക തസ്തികകൾ ആവശ്യമാണെന്ന് കാണുന്നപക്ഷം ആയത് കോളേജ് വിദ്യാഭ്യാസ ഡയറക്ടർതന്നെ അനുവദിച്ചുവരുന്നു.

(ഡി) 21-12-2017-ലെ സ.ഉ.(ആർ.ടി.) നമ്പർ. 2311/2017/ഉ.വി.വ പ്രകാരം രൂപീകരിച്ച അനോമലി കമ്മിറ്റി അനോമലിക്കാധാരമായ വിഷയങ്ങളിൽ പരിശോധന നടത്തിവരികയാണ്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## തഴവ ഗവ. കോളേജിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

189 (3896) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി തഴവ ഗവ. കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ അനദ്ധ്യാപക ജീവനക്കാരെ നിയമിക്കുന്നതിന് നാളിതുവരെ എന്തെല്ലാം തീരുമാനങ്ങളെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ നിലവിൽ അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ഏതെല്ലാം തസ്തികകളാണ് അനുവദിക്കേണ്ടതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുകൂലമായിരുന്നില്ല. എന്നിരുന്നാലും അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലാബ്, ലൈബ്രറി എന്നിവ ക്രമീകരിക്കുന്നമുറയ്ക്ക് ലാബ്/ലൈബ്രറി അറ്റൻഡർമാരേയും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിലേയ്ക്കും കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിൽ അനുവദിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ്, മലയാളം, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർ വീതവും ഫിസിക്കൽ എഡ്യുക്കേഷനിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും ആവശ്യമാണ്. പ്രസ്തുത കോളേജിൽ ആവശ്യമായ അനദ്ധ്യാപക തസ്തികകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | - | 1 |
| ഹെഡ് അക്കൗണ്ടന്റ് | - | 1 |
| ക്ലാർക്ക് | - | 2 |
| IV ഗ്രേഡ് ലൈബ്രേറിയൻ | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |
| നൈറ്റ് വാച്ച്മാൻ | - | 1 |

**തലശ്ശേരി ഗവ. കോളേജിന്റെ സമഗ്ര വികസനത്തിനുള്ള ബജറ്റ് തുക**

190 (3897) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി ഗവ. കോളേജ്(ചൊക്ലി)-ന്റെ സമഗ്ര വികസനത്തിന് 2018-19 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി ഗവ. കോളേജ് (ചൊക്ലി)-ന്റെ സമഗ്ര വികസനത്തിന് 2018-19 ബജറ്റിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത കോളേജിന്റെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

**കാസർഗോഡ് ഗവൺമെന്റ് കോളേജിലെ കമ്പ്യൂട്ടർ ലാബ്**

191 (3898) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിലെ കമ്പ്യൂട്ടർ ലാബിൽ എത്ര കംപ്യൂട്ടറുകൾ, യു.പി.എസ്, എൽ.സി.ഡി. പ്രൊജക്ടർ, ജനറേറ്റർ, പ്രിന്റർ, മൈക്രോ ഫോൺ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2017 ജൂൺ 5-ന് സംഭവിച്ച ഇടിമിന്നലിൽ ഈ കമ്പ്യൂട്ടർ ലാബിന് നാശനഷ്ടം സംഭവിച്ചിരുന്നോ എന്ന് വിശദമാക്കുമോ;

(സി) എത്ര രൂപയുടെ നാശനഷ്ടമാണുണ്ടായതെന്ന് എന്നറിയിക്കാമോ;

(ഡി) കത്തിനശിച്ച കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും പകരം പുതിയവ നൽകിയോ എന്ന് വ്യക്തമാക്കാമോ;

(ഇ) കത്തിനശിച്ച ലാബ് പുനഃസ്ഥാപിക്കാൻ സർക്കാരിനെ സമീപിച്ചിട്ടുണ്ടെങ്കിൽ ആര് മുഖേനയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിലെ കമ്പ്യൂട്ടർ ലാബിൽ നിലവിലുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കമ്പ്യൂട്ടർ | 15 |
| യു.പി.എസ് | 1 |
| എൽ.സി.ഡി. പ്രൊജക്ടർ | 1 |
| ജനറേറ്റർ | 0 |
| പ്രിന്റർ | 0 |
| മൈക്രോ ഫോൺ | 0 |

(ബി) കമ്പ്യൂട്ടർ ലാബിന് നാശനഷ്ടം ഉണ്ടായി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കമ്പ്യൂട്ടർ | 44 |
| പ്രൊജക്ടർ | 3 |
| യു.പി.എസ് | 3 |
| പ്രിന്റർ | 5 |

ലാബിലെ വയറിംഗ് സിസ്റ്റം, മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ജനലുകൾ, വാതിലിന്റെ ഗ്ലാസ്സുകൾ, സീലിംഗ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് കെൽട്രോൺ മുഖാന്തരം നടപ്പിലാക്കിവരുന്ന നെറ്റ്‌വർക്ക് സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ള ലാബിലെ സ്വിച്ച്, അനുബന്ധ വയറിംഗ് എന്നിവ പൂർണ്ണമായും കത്തിനശിച്ചു.

(സി) ഇലക്ട്രോണിക്സ് ഉപകരണങ്ങൾ- 22,86,943 രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി എൺപത്താറായിരത്തി തൊള്ളായിരത്തി നാൽപ്പത്തി മൂന്ന് രൂപ മാത്രം) ഇലക്ട്രിക്കൽ ഉപകരണങ്ങൾ -79,403 രൂപ (എഴുപത്തൊമ്പതിനായിരത്തി നാന്നൂറ്റി മൂന്ന് രൂപ മാത്രം)

(ഡി) 2017-18 വർഷത്തെ പ്ലാൻ ഫണ്ടിന്റെ ഭാഗമായി സ്റ്റാർട്ടിംഗ് ഓഫ് ന്യൂ കോഴ്സസ് എന്ന ഹെഡിൽ കോളേജിന് അനുവദിച്ച തുകയിൽനിന്ന് താഴെ പറയുന്നവ വാങ്ങിയിട്ടുണ്ട്:

| | |
|---|---|
| കമ്പ്യൂട്ടറുകൾ | 15 |
| യു.പി.എസ്. | 1 (10 KVA) |
| യു.പി.എസ്. ബാറ്ററി | 16 |

(ഇ) സമീപിച്ചിട്ടില്ല.

## എൽ.എൽ.ബി. ഈവനിംഗ് കോഴ്സുകൾ

192 (3899) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ലാ കോളേജുകളിൽ എൽ.എൽ.ബി. ഈവനിംഗ് കോഴ്സുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോഴ്സുകളിൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത് ഏതൊക്കെ കോളേജുകളിലാണെന്നും വ്യക്തമാക്കാമോ;

(സി) അംഗീകാരം ലഭിക്കാത്ത കോളേജുകൾ നടത്തുന്ന കോഴ്സുകൾ സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് യൂണിവേഴ്സിറ്റികൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) അംഗീകാരം നിലവിൽ ലഭിക്കാത്ത കോളേജുകളിൽ കോഴ്സ് പൂർത്തിയാക്കുന്നവർക്കും എൻറോൾ ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) നോൺ പ്രാക്ടീസിംഗ് കോഴ്സ് ആയി രജിസ്റ്റർചെയ്ത കോഴ്സ് പാസ്സായവർക്ക് എൻറോൾ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിലും കേരള ലാ അക്കാദമി ലാ കോളേജിലും സ്വാശ്രയാടിസ്ഥാനത്തിൽ ഈവനിംഗ് എൽ.എൽ.ബി. കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി) ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായിട്ടില്ല. തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിൽ സായാഹ്ന കോഴ്സിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ലാ അക്കാദമി ലാ കോളേജിലെ പ്രസ്തുത കോഴ്സ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടത്തി വരുന്നത്.

(സി) നിർദ്ദേശം നൽകിയിട്ടില്ല.

(ഡി&ഇ) അക്കാദമിക് കോഴ്സായിട്ട് രജിസ്റ്റർ ചെയ്ത് പാസ്സായവർക്ക് എൻറേൾ ചെയ്യുന്നതിന് പ്രസ്തുത കോഴ്സിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അപ്രൂവൽ ഓഫ് അഫിലിയേഷൻ ലഭിക്കണം. ആയതിലേയ്ക്ക് ബാർ കൗൺസിൽ ഇൻസ്പെക്ഷൻ നടത്താനായി 27-7-2015-ൽ മതിയായ ഫീസടച്ച് അപേക്ഷ നൽകിയിട്ടുണ്ട്. പക്ഷെ ഇതുവരെയും പരിശോധന നടന്നിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 'ബാർ കൗൺസിൽ ഓഫ് ഇന്ത്യ വി. എസ്. ഗോപാലകൃഷ്ണ ചത്രാത്തും മറ്റുവരും ' എന്ന കേസിന്റെ വിധിന്യായത്തിൽ ഈവനിംഗ് കോഴ്സ് വഴി എൽ.എൽ.ബി. പാസ്സായവർക്ക് എൻറോൾമെന്റ് ചെയ്യാനായി ബാർ കൗൺസിൽ ഓഫ് ഇന്ത്യയെ സമീപിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ചീമേനിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജ്

193 (3901) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യൂർ-ചീമേനി പഞ്ചായത്തിലെ ചീമേനിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ക്ലാസ് മുറികളും ഹോസ്റ്റൽ സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ചീമേനിക്ക് നിലവിലുള്ള പ്രധാന കെട്ടിടത്തിന്റെ ഒന്നാം നില 60 ലക്ഷം രൂപയ്ക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കോളേജിന് ക്ലാസ്സ് മുറികളും ഹോസ്റ്റൽ സൗകര്യങ്ങളും ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ ഫണ്ട്**

194 (3902) ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾക്കുകൂടി കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (ആർ. യു. എസ്. എ. )ഫണ്ട് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) എത്ര കോളേജുകളിൽനിന്ന് വിവരശേഖരണം നടത്തുകയുണ്ടായി;

(ഡി) നാക്ക്- ന്റെ (എൻ. എ. എ. സി.) എ ഗ്രേഡ് വാങ്ങിയ സ്ഥാപനങ്ങളെ ആദ്യ ഘട്ടത്തിൽ റൂസ ഫണ്ട് ലഭ്യമാക്കാൻ പരിഗണിക്കുമോ;

(ഇ) എങ്കിൽ ആ ഗണത്തിൽ എത്ര സ്ഥാപനങ്ങൾ ഇപ്പോൾ എയ്ഡഡ് മേഖലയിലുണ്ട്; വിശദാംശംങ്ങൾ നൽകുമോ?

ഉത്തരം

(എ - ഇ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ NAAC 'A' ഗ്രേഡ് അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള കോളേജുകൾക്ക് റൂസ വഴി ധനസഹായം ലഭ്യമാക്കാനാകുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു. വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളു.

**സിവിൽ സർവീസ് അക്കാദമി കുട്ടികൾക്ക് ഫീസ് ഇളവ്**

195 (3903) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവ. നേതൃത്വത്തിലുള്ള സിവിൽ സർവ്വീസ് അക്കാഡമി എവിടെയൊക്കെയാണ് പ്രവർത്തിച്ചുവരുന്നത്; ഈ സ്ഥാപനത്തിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസ് ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളിലാണ് ഫീസ് ഇളവ് അനുവദിക്കുന്നത് ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൂടി ഫീസിനത്തിൽ ഇളവ് അനുവദിക്കാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ മെയിൻ സെന്റർ തിരുവനന്തപുരത്തും പാലക്കാട്, കോഴിക്കോട്, പൊന്നാനി, ആളൂർ, കല്യാശ്ശേരി, കാഞ്ഞങ്ങാട്, മൂവാറ്റുപുഴ, ചെങ്ങന്നൂർ, കോന്നി എന്നീ സ്ഥലങ്ങളിൽ സബ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പിനുകീഴിൽ "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി" എന്ന പേരിൽ ഒരു സ്ഥാപനവും പ്രവർത്തിച്ചുവരുന്നുണ്ട്.

26-7-2010-ലെ സ.ഉ.(സാധാ.)നമ്പർ 1488/2010/ഉവിവ പ്രകാരം പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച് എന്ന സ്ഥാപനത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസിളവിന് അർഹതയുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മങ്കട ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണം**

196 (T3904) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ നൽകിയ പാർട്ട് ബിൽ പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ നൽകിയ പാർട്ട് ബിൽ നിലവിലെ സംസ്ഥാന സീനിയോറിറ്റി പ്രകാരം എപ്പോൾ നൽകുവാൻ സാധിക്കും എന്ന വിവരം അറിയിക്കുമോ;

(സി) കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിനാൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. മങ്കട ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ 20-7-2017-ലെ സ.ഉ.(സാധാ.)നമ്പർ 1381/2017/ധന പ്രകാരം 89,79,353 (എൺപത്തി ഒമ്പത് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി മുന്നൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) ലെറ്റർ ഓഫ് ക്രെഡിറ്റായി അനുവദിച്ചിട്ടുണ്ട്. 67,34,514 (അറുപത്തേഴ് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) രൂപയുടെയും 51,75,184 (അൻപത്തിയൊന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി നൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപയുടെയും പാർട്ട് ബില്ലുകൾ ആഗസ്റ്റ് 2017-ലെ സ്റ്റേറ്റ് സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബില്ലുകളുടെ പേയ്മെന്റ് മേയ് 2018-ഓടുകൂടി ലഭ്യമാകുന്നതാണ് എന്ന് കരുതുന്നു.

(സി) സ്വകാര്യ കെട്ടിടത്തിലാണെങ്കിലും ടി കോളേജ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## കോട്ടയം സയൻസ് സിറ്റി

197 (3905) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെകീഴിൽ കോട്ടയത്ത് ആരംഭിക്കുന്ന സയൻസ് സിറ്റിക്കുവേണ്ടി നാളിതുവരെയായി എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ കോട്ടയം സയൻസ് സിറ്റിക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സയൻസ് സിറ്റിയിൽ ഇതുവരെ ഏതൊക്കെ കെട്ടിടങ്ങളുടെ പണി പൂർത്തിയായിയെന്നും ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ എല്ലാ അനുമതികളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ കീഴിൽ കോട്ടയത്ത് ആരംഭിക്കുന്ന സയൻസ് സിറ്റിക്കുവേണ്ടി ആകെ 47.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | ചുറ്റുമതിൽ നിർമ്മാണം | 1.4 കോടി |
| 2 | സൈറ്റ് സർവ്വേ, മണ്ണ് പരിശോധന, വൈദ്യുതി ചാർജ്, സെക്യൂരിറ്റി ചാർജ്, വേതനം, യാത്രാബത്ത, അതിഥി മന്ദിര വാടക, ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് ചെലവ്, അനുബന്ധ ചെലവുകൾ | 2 കോടി |
| 3 | കെട്ടിട നിർമ്മാണം | 7.99 കോടി |
| 4 | എഡ്യൂടെയ്ൻമെന്റ് കംപോണൻസ് | 3.21 കോടി |
| 5 | സയൻസ് സെന്റർ (സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും 1:1 അനുപാതം) | 7.25 കോടി |
| 6 | കേന്ദ്ര സർക്കാർ വിഹിതം | 7.25 കോടി |
| | ആകെ | 29.1 കോടി |

(ബി) ഉണ്ട്. കോട്ടയം സയൻസ് സിറ്റിയിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും 1:1 അനുപാതത്തിൽ 7.25 കോടി രൂപ വീതം മുതൽമുടക്കി 14.5 കോടി രൂപയ്ക്ക് സയൻസ് സെന്റർ നിർമ്മിച്ചുവരുന്നു.

(സി) സയൻസ് സിറ്റിയിൽ എൻട്രൻസ് പ്ളാസയുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം 2019 ജനുവരി മാസത്തോടെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇല്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുമതി, അഗ്നിശമന സേനയുടെ സുരക്ഷാ അനുമതി എന്നിവ ലഭിക്കാനുണ്ട്. എല്ലാ അനുമതികളും ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

### സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ

198 (3906) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകൾക്ക് സർവ്വകലാശാലയുടെ അനുമതിയോ അംഗീകാരമോ ഇല്ലാതെ പുതിയ കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ UNIVERSITY LAWS (THIRD AMENDMENT) ACT 2014-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് സ്വയംഭരണ കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുന്നത്.

## ചാലക്കുടി ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് നവീകരണം

199 (T3907) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ നവീകരിക്കുന്നതിനും സിന്തറ്റിക് ട്രാക്ക്, വിവിധ കോർട്ടുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ നവീകരിക്കുന്നതും സിന്തറ്റിക് ട്രാക്ക്, വിവിധ കോർട്ടുകൾ എന്നിവ സ്ഥാപിക്കുന്നതും സംബന്ധിച്ച അപേക്ഷ കായിക യുവജനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

## നിയമവിരുദ്ധ വിദേശ ഡോക്ടറേറ്റ് നേടിക്കൊടുക്കുന്ന ഏജൻസികൾ

200 (3908) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായി വിദേശ ഡോക്ടറേറ്റ് നേടിക്കൊടുക്കുന്ന ഏജൻസികൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യാജ ഡോക്ടറേറ്റ് നേടിക്കൊടുക്കുന്ന ഏജൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സർവ്വകലാശാലയുടെ അനുമതിയില്ലാതെ പുതിയ കോഴ്സുകൾ**

201(3909) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകൾക്ക് സർവ്വകലാശാലയുടെ അനുമതിയോ അംഗീകാരമോ ഇല്ലാതെ പുതിയ കോഴ്സുകൾ തുടങ്ങാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നടപടിക്ക് പിന്നിലെ കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ UNIVERSITY LAWS (THIRD AMENDMENT) ACT 2014-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് സ്വയംഭരണ കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുന്നത്.

**ബി. ടെക്. സപ്ലിമെന്ററി പരീക്ഷകളുടെ ഫലം**

202 (3910) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.ടെക്. സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കുന്നതിൽ താമസം നേരിടുന്നത് ഗൗരവമായി കാണുമോ;

(സി) പ്രസ്തുത സാഹചര്യം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ - സി) എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അക്കാദമിക് കലണ്ടർ പ്രകാരം യഥാസമയം ഫലം പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കാറുണ്ട്. ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല.

## കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ ഹോസ്റ്റൽ

203 (3911) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ ഹോസ്റ്റൽ എവിടെയാണ് പ്രവർത്തിക്കുന്നത്; നാളിതുവരെയായി വാടകയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കോളേജ് കോമ്പൗണ്ടിന് വെളിയിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിലെ കുട്ടികൾക്ക് തുടർച്ചയായി സാമൂഹ്യ ദ്രോഹികളുടെ ആക്രമണത്തിന് വിധേയരാകേണ്ട സ്ഥിതി വന്നിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കോളേജിന് അത്യാവശ്യംവേണ്ട ഹോസ്റ്റൽ കെട്ടിടം പണിയാതെ ഭാരിച്ച തുക ഉപയോഗിച്ച് ഓഡിറ്റോറിയത്തിനുള്ള കെട്ടിടമാണ് പണിയാൻ പോകുന്നതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള പി.റ്റി.എ. കമ്മിറ്റി ഓഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) എങ്കിൽ ഭാരിച്ച തുക വാടകയിനത്തിൽ തുടർന്നും നൽകാതെ ഓഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കുന്നതിന് തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഓരോ ഹോസ്റ്റൽ ക്യാമ്പസിനകത്ത് പ്രവർത്തിക്കുന്നു. കൂടാതെ ചെങ്കള, പൊവ്വൽ, കോളേജ് ക്യാമ്പസിനോടുചേർന്നുള്ള സ്വകാര്യ സ്ഥലം എന്നീ മൂന്ന് സ്ഥലത്ത് കുട്ടികൾക്ക് താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. 2006 മുതൽ 4,55,94,574 രൂപ കുട്ടികളിൽ നിന്ന് സമാഹരിച്ച് വാടകയിനത്തിൽ നൽകിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) 2014-15-ൽ എൽ.ബി.എസ്. ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ 19-10-2015-ലെ G.O.(Rt). No. 2725/15/H.Edn. പ്രകാരം ആഡിറ്റോറിയം പണിയുന്നതിന് 830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള പി.ടി.എ. കമ്മിറ്റി, ആഡിറ്റോറിയത്തിനുപകരം ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ആഡിറ്റോറിയം പണിയുന്നതിനു വേണ്ടി ഗവൺമെന്റിൽ നിന്ന് ഭരണാനുമതി ലഭിക്കുകയും അന്നുമുതൽ എല്ലാ സാമ്പത്തിക വർഷവും ഈ പ്രവൃത്തിക്കുവേണ്ടി മറ്റു പ്രവൃത്തികളുടെ പണം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ അവസ്ഥയിൽ ആഡിറ്റോറിയത്തിനുള്ള തുക വകമാറ്റി മറ്റൊരു പ്രവൃത്തി ചെയ്യുന്നതിന് തടസ്സമുണ്ട്.

**സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്**

204 (3912) <u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിദ്യാർത്ഥികളിലെ സംരംഭക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ നിലവിൽ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിലാണ് ആരംഭിച്ചിട്ടുള്ളത്;

(സി) പുതുതായി ആരംഭിച്ച എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സർക്കാർ രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിലൂടെ സാമൂഹ്യബോധമുള്ള സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുവാനും അക്കാദമിക നിലവാരമുയർത്തി അതുവഴി സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാക്കാനും ലക്ഷ്യമിടുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനം, ഹോസ്റ്റൽ സൗകര്യങ്ങൾ, ലാബ്/വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിജിറ്റൈസേഷൻ ഉൾപ്പെടുത്തിയുള്ള ലൈബ്രറി ശാക്തീകരണം/കോ-എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ, സ്ഥലമെടുപ്പ് ആവശ്യമായ സ്ഥാപനങ്ങൾക്ക് അതിനുവേണ്ട നടപടിക്രമങ്ങളുടെ പൂർത്തീകരണം എന്നിവയിലൂടെ പഠന പ്രക്രിയ പൂർണ്ണതയിലെത്തിച്ച് സംസ്ഥാനത്തെ സങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരമുയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ജലം, മലിനജല സംസ്കരണം, ഊർജ്ജ സംരക്ഷണം, പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനവും വിനിയോഗവും, ഇവയ്ക്കുള്ള സാങ്കേതികവിദ്യകൾ, വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ ഇവയിൽ ശ്രദ്ധ നൽകുന്നതോടൊപ്പം സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും ലക്ഷ്യമിടുന്നു.

തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട് ഡിസൈൻ ആൻഡ് ഡവലപ്മെന്റ് സെന്റർ, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബു ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡവലപ്മെന്റ് സെന്റർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ പ്രധാന ഗവേഷണ സംരംഭങ്ങളാണ്.

വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തപ്പെടുന്നുണ്ട്. ദേശീയ/അന്തർദ്ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ട്-അപ്പ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ

എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ പുനർജ്ജനി പദ്ധതി നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവ വിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പഠന പ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യതകൾ നേടാനും ദേശീയ/അന്തർദ്ദേശീയ സെമിനാറുകളിലും വർക്ക്ഷോപ്പുകളിലും പങ്കെടുക്കാനുംവേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2018-19-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 'ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ' സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും തനതായ മേഖല തെരഞ്ഞെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിലൂടെ പഠന പ്രക്രിയയുടെ നിലവാരമുയർത്താനും സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ/അന്തർദ്ദേശീയ അംഗീകാരം നേടാനും ലക്ഷ്യമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് 'സ്റ്റുഡന്റ്സ് സാറ്റലൈറ്റ്' രൂപകൽപ്പന ചെയ്തത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിൽ അക്രെഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്. ഇതിന്റെ തുടർച്ചയായി എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഏകോപനത്തിനും പരിശീലനത്തിനുമായി അക്കാദമിക് സ്റ്റാഫ് കോളേജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഇവ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

(ബി) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ, തിരുവനന്തപുരം, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവിടങ്ങളിലും തൃശ്ശൂർ, ശ്രീകൃഷ്ണപുരം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) പുതുതായി ആരംഭിച്ച അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ മറ്റ് നാല് എഞ്ചിനീയറിംഗ് കോളേജുകളുടെ മാതൃകയിൽ, വികസന പ്രവർത്തനങ്ങൾ

നടത്തുവാൻ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ ബാംബൂ റിസർച്ച്, ട്രാൻസ്ലേഷണൽ ആൻഡ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്റർ, ട്രാലൻസ്ലേഷണൽ എഞ്ചിനീയറിംഗിൽ ദ്വിവത്സര എം.ടെക്, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആട്ടോമോട്ടീവ് മെക്കട്രോണിക്സ് തുടങ്ങിയ പ്രത്യേക പദ്ധതികൾ തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നടത്തിവരുന്നു. പൊതു വികസന പ്രവർത്തനങ്ങൾക്കായി റവന്യൂ ശീർഷകത്തിൽ 12 കോടി രൂപയും പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് മൂലധന ശീർശകത്തിൽ അഞ്ച് കോടി രൂപയും നടപ്പുസാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യത**

205 (3913) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്കുള്ള തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ വിവിധോന്മുഖങ്ങളായ പദ്ധതികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടത്തിവരുന്നു. ദേശീയ/അന്തർദ്ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (ടെക്വിപ്പ്), അധിക വിദഗ്ദ്ധ കഴിവ് പരിശീലനം (അസാപ്), കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ മുതലായ പദ്ധതികൾ വിദ്യാർത്ഥികളിലെ സ്വയംതൊഴിൽ സംരംഭകത്വവും തൊഴിൽ സാദ്ധ്യതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളവയാണ്.

വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്ന തരത്തിൽ curriculum രൂപീകരിക്കുകയും പഠനത്തിന്റെ ഭാഗമായി തൊഴിൽ മേഖലയുമായി പരിചയപ്പെടുന്നതിന് summer internship നടപ്പിലാക്കുകയും സംരംഭകത്വം വളർത്തുന്നതിനായി സ്റ്റാർട്ടപ്പ് നയം രൂപീകരിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സാങ്കേതിക സർവ്വകലാശാല മുഖാന്തരം നടപ്പാക്കിയിട്ടുണ്ട്.

## പോളിടെക്നിക്കിൽ ഉപയോഗിക്കാതെയിരിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ

206 (3914) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിൽ റിവിഷൻ മാറുമ്പോൾ ഉപയോഗിക്കാതെയിരിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ഗവ./എയ്ഡഡ് വി.എച്ച്.എസ്.എസ്. സ്കൂളുകളിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥികൾക്കായി പ്രസ്തുത സ്കൂളുകളുടെ അഭ്യർത്ഥന ലഭിക്കുന്ന മുറയ്ക്ക് അവ ലഭ്യമാക്കുന്നതിനുവേണ്ട ഉത്തരവ് ഉണ്ടാകുമോയെന്നറിയിക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമായതിനാൽ നിലവിൽ പോളിടെക്നിക് കോളേജുകളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ വി.എച്ച്.എസ്.എസ്. സ്കൂളുകൾക്ക് കൈമാറാനുള്ള തീരുമാനം ഉണ്ടായിട്ടില്ല.

## എഴുകോൺ ഗവൺമെന്റ് പോളിടെക്നിക്

207 (3915) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് വിദ്യാഭ്യാസ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിലെ എഴുകോൺ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പോളിടെക്നിക്ക് വിദ്യാഭ്യാസ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിലെ അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും അദ്ധ്യാപകർക്ക് അദ്ധ്യാപന/വ്യകതിത്വ വികസന മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുന്നുണ്ട്. കളമശ്ശേരിയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് റിസർച്ച് (സിറ്റർ) എന്ന സ്ഥാപനമാണ് ടി പരിപാടികൾ പ്രധാനമായും സംഘടിപ്പിക്കുന്നത്. ദേശീയ തലത്തിലെ പ്രശസ്തരായ അദ്ധ്യാപകരുടെയും വ്യാവസായിക രംഗത്തെ സാങ്കേതിക വിദഗ്ദ്ധരുടെയും സേവനം വിസിറ്റിംഗ് ഫാക്കൽറ്റി സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നുണ്ട്. മഹീന്ദ്രാ പ്രൈഡ് സ്കൂൾ

സി.എസ്.ആർ.-ന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഇരുപത് പോളിടെക്നിക് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിശീലനം സൗജന്യമായി നൽകിവരുന്നു.

പ്രായോഗിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അഞ്ച് പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകളും അഞ്ച് സ്ഥാപനങ്ങളിൽ റോബോട്ടിക്ക് ലാബുകളും സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. സ്വയംതൊഴിൽ സംരംഭകത്വത്തിന് പരിശീലനം നൽകുന്നതിനുവേണ്ടി പ്രൊഡക്ഷൻ സെന്ററുകളും ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് എല്ലാ സ്ഥാപനങ്ങളിലും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

(ബി) ഉണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ. അനുമതി ആവശ്യമാണ്. ആയതിനാൽ എ.ഐ.സി.ടി.ഇ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

## വ്യത്യസ്ഥ തുല്യതാ സർട്ടിഫിക്കറ്റുകൾമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

208 (3916) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകാരമുള്ള പല സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പും കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് തുടങ്ങിയ കോഴ്സുകൾക്ക് വ്യത്യസ്ഥ തുല്യത സർട്ടിഫിക്കറ്റ് നൽകുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് പ്രസ്തുത കോഴ്സുകൾക്ക് ഒരു അംഗീകൃത സർക്കാർ സ്ഥാപനത്തിന്റെ ഏകീകൃത സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുവാൻ പി.എസ്.സി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പി.എസ്.സി. ആവശ്യപ്പെട്ടിട്ടുള്ളപ്രകാരം ഏകീകൃത സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ എത്രയുംവേഗം നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആവശ്യപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ**

209 (3917) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബിരുദ/ഡിപ്ലോമ പാഠ്യ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും നൂതന സാങ്കേതികവിദ്യയിലുള്ള പരിശീലനം ആർജ്ജിക്കുന്നതിനും ആധുനിക വ്യാവസായിക സംരംഭത്തിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് വെല്ലുവിളികൾ നേരിടുന്നതിന് സജ്ജരാക്കുന്നതിനും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്കാവശ്യമായ മേഖലകളിൽ സാങ്കേതികവിദ്യയുടെ സഹായവും അനുയോജ്യമായ സാങ്കേതിക വിദ്യ തെരഞ്ഞെടുക്കുന്നതിനുള്ള ഉപദേശവും നൽകുക, വിദ്യാർത്ഥികൾക്കും പൂർവ വിദ്യാർത്ഥികൾക്കും സംരംഭകത്വം തുടങ്ങുന്നതിനുവേണ്ട സാങ്കേതിക സഹായങ്ങൾ നൽകുക എന്നിവയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(സി) മൈക്രോ/സ്മാൾ/മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ.), ഭാരത സർക്കാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ, മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് എന്റർപ്രെണർഷിപ്പ് (എം.എസ്.ഡി.ഇ.), ഭാരത സർക്കാർ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നാണ് ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾക്ക് സഹായം ലഭ്യമാകുന്നത്.

വിദ്യാർത്ഥികൾ, പൂർവവിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ, തൊഴിൽമേഖലയിൽ നിന്നുള്ളവർ, പൊതുജനങ്ങൾ എന്നിവർക്ക് പദ്ധതിയുമായി സഹകരിക്കാവുന്നതുമാണ്.

(ഡി) ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകളുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ എൺപത് ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹിൽ, തിരുവനന്തപുരം, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവിടങ്ങളിലും തൃശ്ശൂർ, ശ്രീകൃഷ്ണപുരം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും കടുത്തുരുത്തി, കളമശ്ശേരി തൃപ്രയാർ, നെടുപുഴ എന്നീ സർക്കാർ പോളിടെക്നിക് കോളേജുകളിലും കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ എന്നിവിടങ്ങളിലും നിലവിൽ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

## ചട്ടവിരുദ്ധമായി പ്രൊമോഷൻ നൽകിയതുവഴി സർക്കാരിനുണ്ടായ സാമ്പത്തിക ബാദ്ധ്യത

210 (3918) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെകാലത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഭരണ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ചട്ടവിരുദ്ധമായി പ്രൊമോഷൻ നൽകിയതുവഴി സർക്കാരിനുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈ തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നാളിതുവരെ എത്ര തുക ഈയിനത്തിൽ തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം ചട്ടവിരുദ്ധമായി പ്രൊമോഷൻ നൽകി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്തിയ ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ചട്ടവിരുദ്ധമായി പ്രൊമോഷൻ നൽകിയതുവഴി സർക്കാരിനുണ്ടായ സാമ്പത്തിക ബാദ്ധ്യത പത്ത് ലക്ഷത്തി മുപ്പത്തിയാറായിരത്തി എഴുന്നൂറ്റി അറുപത്തി അഞ്ച് രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മിനിസ്റ്റീരിയൽ ജീവനക്കാരുടെ പേര് വിവരം | തസ്തിക | അധികമായി കൈപ്പറ്റിയ തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പ്രസാദ്. കെ. എസ്. | സീനിയർ ക്ലാർക്ക് | 49,166 |
| 2 | പ്രസാദ്. എൻ. ടി. | സീനിയർ ക്ലാർക്ക് | 50,526 |
| 3 | അനുപമ ജോൺ | സീനിയർ ക്ലാർക്ക് | 40,105 |
| 4 | ബിജേഷ്. കെ | സീനിയർ ക്ലാർക്ക് | 34,731 |
| 5 | രാജേഷ്. എ | സീനിയർ ക്ലാർക്ക് | 30,486 |
| 6 | രതീഷ്. കെ | സീനിയർ ക്ലാർക്ക് | 47,568 |
| 7 | പ്രശാന്ത്. സി. പി. | സീനിയർ ക്ലാർക്ക് | 36,388 |
| 8 | സുരേഷൻ. എം. വി | സീനിയർ ക്ലാർക്ക് | 28,081 |
| 9 | ഷൈമി. പി. പി. | സീനിയർ ക്ലാർക്ക് | 41,932 |
| 10 | ദീപ. കെ.വി. | സീനിയർ ക്ലാർക്ക് | 66,067 |
| 11 | ശ്രീനിത്. കെ. പി. | സീനിയർ ക്ലാർക്ക് | 91,771 |
| 12 | ക്രിസ് ജോസ് | സീനിയർ ക്ലാർക്ക് | 18,914 |
| 13 | ജൂബി അഗസ്റ്റിൻ | സീനിയർ ക്ലാർക്ക് | 55,885 |
| 14 | അമ്പിൻസ് കരീം | സീനിയർ ക്ലാർക്ക് | 59,000 |
| 15 | ജിജി സാറാ ജോൺ | സീനിയർ ക്ലാർക്ക് | 78,642 |
| 16 | ജസ്റ്റിൻ. കെ. ജി. | സീനിയർ ക്ലാർക്ക് | 6,644 |
| 17 | രാജീവ്. എ. | സീനിയർ ക്ലാർക്ക് | 42,798 |
| 18 | ഷാജുമോൻ. എസ്. | സീനിയർ ക്ലാർക്ക് | 13,904 |
| 19 | ശുഭ. കെ. | സീനിയർ ക്ലാർക്ക് | 1,296 |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | ശ്രീനിവാസൻ. കെ. | സീനിയർ ക്ലാർക്ക് | 40,122 |
| 21 | ഗീന ലോപ്പസ് | സീനിയർ ക്ലാർക്ക് | 12,590 |
| 22 | പ്രഭാകരൻ. കെ. | സീനിയർ ക്ലാർക്ക് | 15,042 |
| 23 | ബേബി. സി | സീനിയർ ക്ലാർക്ക് | 14,117 |
| 24 | ജയിംസ്. പി. ജെ. | സീനിയർ ക്ലാർക്ക് | 32,381 |
| 25 | ലിസി പാറക്കൽ | സീനിയർ ക്ലാർക്ക് | 21,137 |
| 26 | രാജേഷ് | സീനിയർ ക്ലാർക്ക് | 26,466 |
| 27 | വാമനൻ നമ്പൂതിരി | സീനിയർ ക്ലാർക്ക് | 68,540 |
| 28 | റോയ് വർഗ്ഗീസ് | സീനിയർ ക്ലാർക്ക് | 7,724 |
| 29 | ലീന തോമസ് | സീനിയർ ക്ലാർക്ക് | 1,228 |
| 30 | ബൈജു വി. കെ. | സീനിയർ ക്ലാർക്ക് | 2,010 |
| 31 | ഷാജി പുത്തലത്ത് | സീനിയർ ക്ലാർക്ക് | 1,504 |
| | ആകെ | | 10,36,765 |

(സി) ചട്ടവരുദ്ധമായി ഉദ്യോഗക്കയറ്റം നൽകിയതുവഴി അധികതുക കൈപ്പറ്റിയ ജീവനക്കാരിൽനിന്നും തുക തിരിച്ചുപിടിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി ജീവനക്കാർ തുക തിരിച്ചു പിടിക്കൽ നടപടി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ.നം. 461/2017 പ്രകാരം ഹർജി ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിന്മേൽ ബഹുമാനപ്പെട്ട ട്രിബ്യൂണൽ തിരിച്ചു പിടിക്കൽ നടപടി ഇടക്കാല ഉത്തരവിലൂടെ മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നാളിതുവരെ ഈ ഇനത്തിൽ യാതൊരു തുകയും തിരിച്ചുപിടിച്ചിട്ടില്ല.

(ഇ) ചട്ടവിരുദ്ധമായി മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുവാൻ കാരണക്കാരായ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ബന്ധപ്പെട്ട സീനിയർ സൂപ്രണ്ടിനെയും സീനിയർ ക്ലർക്കിനെയും വേലവിലക്ക് ഏർപ്പെടുത്തി സർവീസിൽനിന്നും മാറ്റി നിർത്തിയിരുന്നു. എന്നാൽ ഇവർ കോടതിയെ സമീപിച്ച് അനുകൂല വിധി വാങ്ങി സേവനത്തിൽ പുന:പ്രവേശിക്കുകയുണ്ടായി. ഇവർക്കെതിരെ കുറ്റാരോപണ പത്രിക നൽകുകയും

ആയതിന്റെ മറുപടി ഇവർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അധിക തുക തിരിച്ചു പിടിക്കൽ നടപടികൾക്ക് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇടക്കാല ഉത്തരവിലൂടെ സ്റ്റേ നൽകിയിരിക്കുകയാൽ ചട്ടവിരുദ്ധമായി പ്രൊമോഷൻ നൽകിയതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടില്ല.

**കേരള സർവ്വകലാശാല എം.ബി.എ. പരീക്ഷാഫലം**

211 (3919) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ എം.ബി.എ.- യുടെ ഫലം അവസാനമായി പ്രഖ്യാപിച്ചത് ഏത് അക്കാദമിക വർഷത്തിൽ അദ്ധ്യയനം പൂർത്തിയാക്കി പരീക്ഷയെഴുതിയവരുടേതെന്ന് വ്യക്തമാക്കാമോ;

(ബി) പരീക്ഷാഫലം അനന്തമായി വൈകുന്നതിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ;

(സി) സമയബന്ധിതമായി ഫലം പ്രസിദ്ധീകരിക്കാത്തതുമൂലം കാമ്പസ് ഇന്റർവ്യൂകളിലും മറ്റും ജോലി ലഭിച്ചവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാതെ ജോലി നഷ്ടപ്പെടുന്ന ഗുരുതര സാഹചര്യം പരിഗണിച്ച് ആയത് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 അദ്ധ്യയന വർഷത്തെ രണ്ടാം സെമസ്റ്റർ പരീക്ഷാഫലം 21-10-2017-ൽ പ്രസിദ്ധീകരിച്ചു.

(ബി) എം.ബി.എ. പരീക്ഷാ മൂല്യനിർണ്ണയം രണ്ട് ഘട്ടങ്ങളിലായാണ് നടക്കുന്നത്. രണ്ടാംഘട്ട മൂല്യനിർണ്ണയം എക്സ്റ്റേണൽ അദ്ധ്യാപകരെക്കൊണ്ടാണ് നടത്തുന്നത്. രണ്ടു മൂല്യനിർണ്ണയങ്ങളിലെ മാർക്കുകളിലുംകൂടി 20 ശതമാനത്തിൽ കൂടുതൽ വ്യത്യാസമുണ്ടെങ്കിൽ ആ ഉത്തരക്കടലാസുകൾ മൂന്നാംഘട്ട മൂല്യനിർണ്ണയത്തിനും വിധേയമാക്കേണ്ടതാണ്. മതിയായ എണ്ണം അദ്ധ്യാപകരില്ലാത്തതിനാലാണ് മൂല്യനിർണ്ണയം നീണ്ടുപോകുന്നത്.

(സി) സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുവാൻ സർവ്വകലാശാല നടപടി സ്വീകരിച്ചുവരുന്നു.

## വിരമിച്ച അദ്ധ്യാപകർ ഗൈഡായ ഗവേഷകർ

212 (3920) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിരമിച്ച അദ്ധ്യാപകരുടെ ഗൈഡ്ഷിപ്പ് 2016-ലെ യു.ജി.സി.-യുടെ റഗുലേഷൻ പ്രകാരം റദ്ദ് ചെയ്തതിന്റെ പേരിൽ ഗവേഷണം തുടരാൻ ബുദ്ധിമുട്ട് അനുഭവിച്ച കേരള സർവകലാശാലയിലെ ഗവേഷകരുടെ വിശദാംശങ്ങൾ വകുപ്പുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

2009-ലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം വിരമിച്ച അദ്ധ്യാപകർക്ക് കീഴിൽ ഗവേഷണം തുടരാനാകില്ലെന്ന വ്യവസ്ഥ നിലവിൽവന്നതിനാൽ ഗവേഷകരുടെ പുനർവിന്യാസത്തിനുള്ള നടപടികൾ കേരള സർവ്വകലാശാല സ്വീകരിച്ചുവന്നിരുന്നു. 2016-ലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം ആർക്കും വിരമിച്ച അദ്ധ്യാപകർക്കുകീഴിൽ രജിസ്ട്രേഷൻ നൽകിയിട്ടില്ല.

## പി.എച്ച്.ഡി. ഗവേഷണ മേഖലയിലെ നിയമവിരുദ്ധ പ്രവൃത്തികൾ

213 (3921)ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച പി.എച്ച്.ഡി ഗവേഷണ പ്രബന്ധങ്ങളിൽ, യു.ജി.സി അംഗീകാരമുള്ള ' ഉർഖുണ്ട് ' സോഫ്റ്റ് വെയർ വഴിയും മറ്റും നടത്തിയ അന്വേഷണങ്ങളിലൂടെ കണ്ടെത്തിയ കോപ്പിയടി ഉൾപ്പെടെയുള്ള നിയമ വിരുദ്ധ പ്രവൃത്തികൾ എന്തെല്ലാം; പ്രസ്തുത വിവരങ്ങൾ യൂണിവേഴ്സിറ്റി തിരിച്ചും വിഷയങ്ങൾ തിരിച്ചും ലഭ്യമാക്കുമോ;

(ബി) ഗവേഷണ പ്രബന്ധങ്ങൾ അംഗീകരിക്കുവാനായി യു.ജി.സി. - യും സർവ്വകലാശാലകളും സ്വീകരിച്ചുവരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഗവേഷണ പ്രബന്ധങ്ങൾ ശോധ് ഗംഗ എന്ന ദേശീയ ശേഖരണ സംവിധാനത്തിലേയ്ക്ക് അയയ്ക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകൾ പാലിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രബന്ധമോഷണവും മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടതായി കണ്ടെത്തിയ പ്രബന്ധകർത്താക്കൾക്കെതിരെ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽഒന്നും എം.ജി. സർവ്വകലാശാലയിൽ നിന്ന് ഗവേഷണ ബിരുദം കരസ്ഥമാക്കിയ രണ്ടും വ്യക്തികളുടെ പി.എച്ച്.ഡി പ്രബന്ധങ്ങൾ വ്യാജമാണെന്ന പരാതികൾ സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. മറ്റ് സർവ്വകലാശാലകളിൽ പിഎച്ച്.ഡി. ഗവേഷണ പ്രബന്ധങ്ങളുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവൃത്തികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗവേഷണ പ്രബന്ധങ്ങൾ അംഗീകരിക്കുവാനായി യു.ജി.സി. റെഗുലേഷൻസിലെ മാർഗനിർദ്ദേശങ്ങളാണ് സ്വീകരിച്ചുവരുന്നത്.

(സി) മഹാത്മാഗാന്ധി, കുസാറ്റ്, കാലിക്കറ്റ്, കണ്ണൂർ, കേരളാ, ശ്രീശങ്കരാചാര്യ, നുവാൽസ്, മലയാളം സർവ്വകലാശാലകൾ യു.ജി.സി.-യുമായി 'ശോധ് ഗംഗ' പ്രോജക്ടിനായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ഡി) കാലിക്കറ്റ് സർവ്വകലാശാലയിൽ ഒന്നും മഹാത്മാഗാന്ധി സർവ്വകലാശാല ഗവേഷണ ബിരുദം നൽകിയ രണ്ടും വ്യക്തികളുടെ പിഎച്ച്.ഡി. പ്രബന്ധങ്ങൾ വ്യാജമാണെന്ന പരാതികൾ ബന്ധപ്പെട്ട സർവ്വകലാശാല സിൻഡിക്കേറ്റ് സബ് കമ്മിറ്റികളുടെ പരിഗണനയിലാണ്. സർവ്വകലാശാലകളിൽ പ്രബന്ധ മോഷണവും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്കിൽ അക്വിസിഷൻ പാർക്ക് തുടങ്ങുന്നതിന് നടപടി**

214 (3922) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അസാപ്-ന്റെ നേതൃത്വത്തിൽ എ.ഡി.ബി സഹായത്തോടെയുള്ള സ്കീൽ അക്വിസിഷൻ പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടിയിട്ടുള്ള അരൂർ എം.എൽ.എ.-യുടെ അപേക്ഷ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കമോ;

(ബി) സ്കീൽ അക്വിസിഷൻ പാർക്ക് അരൂർ മണ്ഡലത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

(എ&ബി) അരൂർ നിയോജക മണ്ഡലത്തിൽ അസാപിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം അസാപിൽ നിന്നുള്ള ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയുണ്ടായി. എന്നാൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നടപ്പിൽ വരുത്തുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഒരു ജില്ലയിൽ ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. അതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ചെറിയ കലവൂർ എന്ന സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിവരുന്ന തുക**

215 (T3923) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിവരുന്ന തുക വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നൈപുണി വികസന പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾ നല്ല നിലയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ആവശ്യമായ ഫണ്ട് നൽകാൻ തയ്യാറാകാത്ത കേന്ദ്ര നടപടി പുനഃപരിശോധിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പുവഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പോളിടെക്നിക്കുകൾക്കുള്ള കേന്ദ്ര പദ്ധതികളുടെ സഹായം നൂറ് ശതമാനമായിരുന്നത് അമ്പത് ശതമാനമായും സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പരിപാടി (ടെക്വിപ്), വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മിഷനിലുള്ള കണക്ടിവിറ്റി (എൻ.എം.ഇ.ഐ.സി.ടി.) എന്നിവയ്ക്ക് എഴുപത്തിയഞ്ചു ശതമാനം കേന്ദ്ര സഹായമായിരുന്നത് അമ്പത് ശതമാനമായും കുറച്ചിട്ടുണ്ട്. എൻ.എം.ഇ.ഐ.സി.ടി. എന്ന പദ്ധതിയിൽ ബി.എസ്.എൻ.എൽ.-ന് നേരിട്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിരുന്ന സഹായം 2017 ഡിസംബർ മുതൽ നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്രവിഹിതം നിർത്തലാക്കിയത് സംബന്ധിച്ച വിഷയം പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ ചർച്ച ചെയ്യുവാൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേരള ഭൂനികുതി നിയമപ്രകാരമുള്ള നികുതി

216(3924) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1961-ലെ കേരള ഭൂനികുതി നിയമത്തിന് വിരുദ്ധമല്ലാത്ത എല്ലാ കേസുകളിലും ഭൂനികുതി വാങ്ങണമെന്ന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പല വില്ലേജാഫീസർമാരും ഭൂനികുതി സ്വീകരിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ഭൂനികുതി സ്വീകരിക്കുന്നതിലെ പരാതികൾ എല്ലാ മാസവും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) അവലോകനയോഗം നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടിക്രമം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോടതി/സർക്കാർ/അപ്പലേറ്റ് സ്റ്റേ നിലനിൽക്കുന്ന കേസുകൾ ഒഴികെയുള്ള എല്ലാ കേസുകളിലും നികുതി പിരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

## കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം

217 (3925) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഈ സർക്കാർ മാറ്റംവരുത്തിയിട്ടുണ്ടോ; വരുത്തിയ ഭേദഗതികൾ വ്യക്തമാക്കുമോ;ഭേദഗതി വരുത്തിയതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ ഭേദഗതികൊണ്ട് ജനങ്ങൾക്ക് എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ വിജ്ഞാപനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2015-ലെ 12-ാം ആക്ട് പ്രകാരം ആക്ടിന്റെ പ്രാരംഭത്തിന് മുൻപുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവൽക്കരിക്കുന്നതിന് 1959-ലെ കേരള മുദ്രപ്പത്ര ആക്ടിന്റെ (1959-ലെ 17) 28 എ വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായ വിലയുടേയോ പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായ വിലയുടെയോ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കി അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 3 എ ഭേദഗതി നിലവിൽവന്നിരുന്നു.

(ബി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 എ ഭേദഗതി റദ്ദ് ചെയ്ത് ഭേദഗതി ആക്ട് പാസ്സാക്കിയിരുന്നു. അതിനുശേഷം 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 41-ാം നമ്പർ ഓർഡിനൻസ്) പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും BTR-ൽ നിലമെന്നു രേഖപ്പെടുത്തപ്പെട്ടതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ക്രമവൽക്കരിക്കുന്നതിന് അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ അമ്പത് ശതമാനം നിരക്കിൽ ഫീസടച്ച് ക്രമവൽക്കരണ ഉത്തരവിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസ്ഥ കൊണ്ടുവന്നു. അപ്രകാരം ക്രമവൽക്കരണം അനുവദിക്കുന്നതിന് കർശന വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 50 സെന്റിൽ കൂടുതൽ ക്രമവൽക്കരിക്കണമെങ്കിൽ അപ്രകാരം ക്രമവൽക്കരിക്കുന്ന ഭൂമിയുടെ 10% ജലസംഭരണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശംകൂടി കണക്കിലെടുത്താണ് ഇപ്രകാരം ഭേദഗതി കൊണ്ടുവന്നത്.

(സി) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിലാകുന്നതിന് മുമ്പ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ "നിലം" ആയി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച ഭേദഗതി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം (ഭേദഗതി) ഓർഡിനൻസ് 2017 പ്രകാരം വരുത്തിയിട്ടുണ്ട്. അതിൻപ്രകാരം പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ

സ്ഥിതി ചെയ്യുന്ന 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 40 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതുമാകുന്നു. എന്നാൽ ആയതിൽ കൂടുതലുള്ളവയ്ക്ക് ആർ.ഡി.ഒ.യുടെ അനുമതി ആവശ്യമുണ്ട്. ഓർഡിനൻസിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

## ജാതി സർട്ടിഫിക്കറ്റിനായി ഹാജരാക്കേണ്ട രേഖകൾ

218 (3926) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ വിവിധ വില്ലേജ് ഓഫീസുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ജാതി സർട്ടിഫിക്കറ്റ് (ഹിന്ദു) വാങ്ങുന്നതിന് പോകുമ്പോൾ ക്ഷേത്രങ്ങളിൽനിന്നും സ്ഥിരമായി ദർശനം നടത്തുന്നു എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) നിയമപരമായി പട്ടികജാതി ഹിന്ദു സർട്ടിഫിക്കറ്റ് വില്ലേജിൽനിന്നും വാങ്ങുമ്പോൾ ക്ഷേത്ര ദർശനം നടത്തുന്നതായി ക്ഷേത്രഭാരവാഹികളിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങണം എന്ന് സർക്കാർ ഉത്തരവ് വഴിയോ അല്ലാതെയോ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ജി.ഒ. നമ്പരും തീയതിയും വ്യക്തമാക്കാമോ;

(സി) പട്ടികജാതി ഹിന്ദു സർട്ടിഫിക്കറ്റിന് താലൂക്ക്/വില്ലേജുകളിൽ അപേക്ഷ നൽകുമ്പോൾ സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തൊക്കെ രേഖകൾ ആണ് ഹാജരാക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി ഹിന്ദു സർട്ടിഫിക്കറ്റ് നൽകുമ്പോൾ അപേക്ഷകൻ അയൽവാസികൾ ആയ ക്ഷേത്ര ദർശനം നടത്തുന്ന രണ്ട്ഹിന്ദുക്കളെ സാക്ഷി ആക്കി സമ്മതപത്രം നൽകേണ്ട ആവശ്യമുണ്ടോ; ഇതിനുവേണ്ടി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; അതിന്റെ തീയതിയും നമ്പരും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി)) ഇല്ല.

(സി) അപേക്ഷകന്റെ സ്കൂൾ സർട്ടിഫിക്കറ്റ്, പിതാവിന്റെ സ്കൂൾ റിക്കാർഡ്, റേഷൻ കാർഡ്, ഹിന്ദു ആയി മതം മാറിയവരാണെങ്കിൽ അത് സംബന്ധിച്ച ശുദ്ധി സർട്ടിഫിക്കറ്റ്, ഗസറ്റ് നോട്ടിഫിക്കേഷൻ, അപേക്ഷകൻ മറ്റൊരു വില്ലേജിൽ ജനിച്ച് വളർന്നയാളാണെങ്കിൽ അപേക്ഷകൻ ജനിച്ചു വളർന്ന വില്ലേജിൽ നിന്നുള്ള റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാത്തിലും പ്രാദേശിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുമാണ് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുവരുന്നത്.

(ഡി) ഇല്ല.

**വൻകിട ഭൂമി കയ്യേറ്റങ്ങൾക്കെതിരെ നടപടി**

219 (3927) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട കയ്യേറ്റക്കാർ ഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നതിനെതിരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമിയിൽ ഈ സർക്കാർ നിലവിൽവന്നതിനുശേഷം തിരിച്ചെടുത്ത ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആരാധനാലയങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, ശ്മശാനങ്ങൾ തുടങ്ങിയവ കാലങ്ങളായി കൈവശംവച്ചിട്ടുള്ള ഭൂമി അതേ ആവശ്യങ്ങൾക്ക് പതിച്ച് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വൻകിട കയ്യേറ്റക്കാർ ഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റ് ജില്ലകളിൽ കണ്ടെത്തിയ വൻകിട കയ്യേറ്റ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമം, 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, 2009-ലെ ഭേദഗതി നിയമം എന്നിവ പ്രകാരവും ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമ പ്രകാരവും വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ

അധികാരത്തിൽ വന്നശേഷം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വില്ലേജ്, താലൂക്ക് തലങ്ങളിൽ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും എല്ലാ താലൂക്കുകളിലും പ്രത്യേക സംഘം രൂപീകരിച്ച് പൊതു അവധി ദിവസങ്ങളിൽകൂടിയും ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ഏകോപിപ്പിച്ചും വരുന്നുണ്ട്. ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർഭൂമി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി അവലോകന യോഗവും നടത്തിവരുന്നുണ്ട്.

(ബി) കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീസർവ്വേ 398/2-ൽപ്പെട്ട 01.12.80 ഹെക്ടർ നിലം 21-8-2017-ൽ കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായി കണ്ടെത്തി സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്,

എറണാകുളം ജില്ലയിൽ കൊച്ചി താലൂക്ക്, ഫോർട്ട് കൊച്ചി വില്ലേജ് സർവ്വേ 8pt, 1173, 1171 എന്നിവയിൽപ്പെട്ടതും മെ. ആസ്പിൻവാൾ കമ്പനി കൈവശത്തിലിരുന്നതുമായ 1.29 ഏക്കർ പാട്ടഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ കോതമംഗലം താലൂക്കിൽ പല വ്യക്തികളിൽ നിന്നായി 6.33 ഏക്കർ പാട്ടഭൂമി പാട്ടം ഒഴിവാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്.

തൃശ്ശൂർ, ചാലക്കുടി താലൂക്ക് മുരിങ്ങൂർ തെക്കുംമുറി വില്ലേജിലെ M/s. വൈഗ ത്രെഡ്സ്, കൊരട്ടി എന്ന സ്ഥാപനത്തിന് നൽകിയ സർവ്വേ നമ്പർ 758-ൽ 30.57 ഏക്കർ ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(സി) തീരുമാനം എടുത്തിട്ടില്ല.

## വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം

220 (3928) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നിത്യേന എത്തിച്ചേരുന്ന വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി അടിയന്തര നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy), ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern), ഉറപ്പായും (Assured), ഉത്തരവാദിത്വത്തോടെയും (Responsible), സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകൾ ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജാഫീസ് കെട്ടിടങ്ങളിൽ ടോയ്‌ലെറ്റ്, കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടവ, അഡീഷണൽ റൂം, ചുറ്റുമതിൽ എന്നിവ നിർമ്മിക്കേണ്ട വില്ലേജുകളുടെ വിവരം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 70 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണിക്കും 673 വില്ലേജാഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനും 68 വില്ലേജാഫീസുകളിൽ ചുറ്റുമതിൽ, 67 വില്ലേജാഫീസുകളിൽ അഡീഷണൽ റൂം എന്നിവയുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകുകയും ആയതിന്റെ പണികൾ പുരോഗമിച്ചുംവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 1800 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടികൾ നടന്നുവരുന്നു.

### വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

221 (3929) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വില്ലേജുകളിലെ ജീവനക്കാരുടെ അംഗീകൃത അംഗബലം ഏറ്റവും ഒടുവിലായി നിശ്ചയിച്ചത് എന്നാണെന്ന് വിശദമാക്കുമോ;

<u>ഉത്തരം</u>

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ അംഗബലം 1972-ലാണ് നിലവിൽ വന്നിട്ടുള്ളത്. ആയത് ഇപ്പോഴും തുടർന്ന് പോരുന്നു.

**വില്ലേജ് ഓഫീസുകളിലെ നികുതി പിരിവ്**

222 (3930) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നികുതി സ്വീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം അറിയിക്കാമോ;

(ബി) പിരിച്ചെടുക്കുന്ന നികുതി അതത് ദിവസംതന്നെ ബാങ്കിൽ / ട്രഷറിയിൽ അടയ്ക്കണം എന്ന കാരണം പറഞ്ഞ് പല വില്ലേജ് ഓഫീസുകളിലും ഉച്ചയ്ക്ക് ഒരു മണിക്കുശേഷം ഭൂനികുതി സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഓൺലൈൻ നികുതി സമ്പ്രദായത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഓഫീസിന്റെ പ്രവൃത്തി സമയമായ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് നികുതി സ്വീകരിക്കുന്നതിനുള്ള സമയമായി നിശ്ചയിച്ചിരിക്കുന്നത്.

(ബി) പാലക്കാട് ജില്ല ഒഴികെ മറ്റൊരു ജില്ലയിലും ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിൽ ഇത്തരം പരാതി ആവർത്തിക്കാതിരിക്കുന്നതിനായി എല്ലാ താലൂക്ക് തഹസിൽദാർക്കും വില്ലേജ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1472 വില്ലേജുകളിൽ ഓൺലൈൻ വഴി കരം ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവും ഓൺലൈൻ നികുതിയും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം വയനാട്, കോട്ടയം, എറണാകുളം ജില്ലകളിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കിവരുന്നു. ഓൺലൈൻ ഭൂനികുതി സംവിധാനം മുഖേന നാളിതുവരെ 2,08,19,814 രൂപയും (രണ്ട് കോടി എട്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ്റി പതിനാല് രൂപ മാത്രം) റവന്യൂ ഇ-പെയ്മെന്റ് സംവിധാനം മുഖേന 7,23,85,714 രൂപയും (ഏഴ് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി പതിനാല് രൂപ മാത്രം) പിരിച്ചെടുത്തിട്ടുണ്ട്.

**ഓൺലൈനായി നികുതി ഒടുക്കുന്നതിനുള്ള സംവിധാനം**

223 (3931) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി നികുതി ഒടുക്കുന്നതിനുള്ള സംവിധാനവും ഹൈടെക് നികുതി രസീത് സംവിധാനവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) പോക്കുവരവും നികുതി അടവും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ആക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിലേക്കായി കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ആവശ്യമായ അളവിൽ വില്ലേജ് ഓഫീസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പരീക്ഷണാടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ ഈ സംവിധാനം വയനാട്, കോട്ടയം, എറണാകുളം ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(ബി) ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വേഗത്തിലും സുതാര്യമായും കുറ്റമറ്റരീതിയിലും നടപ്പിലാക്കുകയും

ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലെയും ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെവേഗം പുരോഗമിച്ചുവരുന്നു. റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഭൂരേഖാ സംവിധാനവുമായി സംയോജിപ്പിക്കുന്നു.

റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചു കൊണ്ടാണ് ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1472 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ഈ പദ്ധതിയുടെ ഭാഗമായി എല്ലാ വില്ലേജുകളിലും ഓരോ കമ്പ്യൂട്ടർ വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ ഫണ്ട് 2016-17, DILRMP ഫണ്ട് എന്നിവയിലുൾപ്പെടുത്തി 735 കമ്പ്യൂട്ടറുകൾ വില്ലേജുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 810 കമ്പ്യൂട്ടറുകളുടെ വിതരണം വില്ലേജ് ഓഫീസുകളിൽ നടന്നുവരുന്നു.

## നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം

224 (T3932) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണചട്ടങ്ങളിൽ ഭേദഗതി ഉത്തരവ് പ്രകാരം ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്താൻ ലഭിച്ച അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഡാറ്റാ ബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത് ആർക്കാണെന്ന് വ്യക്തമാക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) 2017 മേയ് 30-ാം തീയതിയിലെ സ.ഉ. (പി) നമ്പര്‍ 34/2017/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2017 മേയ് 30-ലെ 1117-ാം നമ്പര്‍ കേരള അസാധാരണ ഗസറ്റില്‍ എസ്.ആര്‍.ഒ. നമ്പര്‍ 301/2017 വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയതുമായ ചട്ടങ്ങള്‍ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2008-ലെ കേരള നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ ചട്ടങ്ങളിലെ 4-ാം ചട്ടത്തിന്റെ (6-ാം) ഉപചട്ട പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതി അംഗീകരിച്ച ഡാറ്റാ ബാങ്കില്‍ തെറ്റായി ഉള്‍പ്പെടുത്തിയിരിക്കുന്ന വിവരങ്ങള്‍ കാരണം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും 2017-ലെ കേരള നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ (ഭേദഗതി)ചട്ടങ്ങള്‍ നിലവില്‍വരുന്ന തീയതി മുതല്‍ 90 ദിവസത്തിനുള്ളില്‍ ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കണ്‍വീനര്‍ മുമ്പാകെ ഒരു പുന:പരിശോധന അപേക്ഷ ഫയല്‍ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത സമയപരിധി അപര്യാപ്തമായതിനാല്‍ സമയപരിധി ദീര്‍ഘിപ്പിച്ച് 180 ദിവസത്തിനുള്ളില്‍ പുനഃപരിശോധനാ അപേക്ഷ സമര്‍പ്പിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പ്രസ്തുത ചട്ടങ്ങള്‍ വീണ്ടും ഭേദഗതി ചെയ്ത് 2017 സെപ്റ്റംബര്‍ 23-ലെ സ.ഉ. (പി) 66/2017/റവ പ്രകാരം പുറപ്പെടുവിച്ചതും 2017 സെപ്റ്റംബര്‍ 28-ാം തീയതിയിലെ 2106-ാം നമ്പര്‍ കേരള അസാധാരണ ഗസറ്റില്‍ എസ്.ആര്‍.ഒ. നം. 598/17 വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളില്‍ തീര്‍പ്പു കല്‍പ്പിക്കാന്‍ സ്വീകരിക്കേണ്ട നടപടികള്‍ വിശദമാക്കി 31-10-2017-ല്‍ പുറപ്പെടുവിച്ച സ.ഉ. (സാധാ.) 4592/2017/റവ നമ്പര്‍ ഉത്തരവിന്റെ പകര്‍പ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) കൃഷി ഓഫീസര്‍ കണ്‍വീനറായ പ്രാദേശികതല നിരീക്ഷണ സമിതിക്കാണ് ഇതിനുള്ള ചുമതല നല്‍കിയിട്ടുള്ളത്.

**ഭൂപരിഷ്കരണ നിയമം**

225 (3933) ശ്രീ. കെ. മുരളീധരന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഭൂപരിഷ്കരണ നിയമം നിലവില്‍വന്നശേഷം എത്ര ഏക്കര്‍ ഭൂമിയാണ് സര്‍ക്കാര്‍ ഏറ്റെടുത്തത്;

(ബി) ഇതില്‍ എത്ര ഏക്കര്‍ ഭൂമി ഇതുവരെ ഭൂരഹിതര്‍ക്ക് വിതരണം ചെയ്തു; വ്യക്തമാക്കുമോ?

ഉത്തരം

(എ) നാളിതുവരെ 100166.1 ഏക്കര്‍ മിച്ചഭൂമി സര്‍ക്കാര്‍ ഏറ്റെടുത്തിട്ടുണ്ട്.

(ബി) 181054 പേര്‍ക്ക് 71050.48 ഏക്കര്‍ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്

## ഭൂമി കയ്യേറ്റം തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടി

226 (3935) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ ഭരണ കാലത്ത് എവിടെയെല്ലാം ഭൂമി കയ്യേറ്റം നടത്തിയിട്ടുണ്ട് എന്നതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം കയ്യേറിയ ഭൂമി ഒഴിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തുടനീളം നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | റിപ്പോർട്ട് ചെയ്യപ്പെട്ട കയ്യേറ്റ കേസുകളുടെ എണ്ണം | ഒഴിപ്പിച്ച കേസുകളുടെ എണ്ണം | ഒഴിപ്പിച്ച വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| തിരുവനന്തപുരം | 83 | 56 | 3.59.78 |
| കൊല്ലം | 101 | 51 | 0.47.25.H |
| പത്തനംതിട്ട | 33 | 5 | 1.29.03 H |
| ആലപ്പുഴ | 97 | 18 | 1.62.50 H |
| കോട്ടയം | 16 | 6 | 0.02.80 H |
| ഇടുക്കി | 115 | 61 | 179.69.52 |
| എറണാകുളം | 169 | 22 | 2.46.71 H |
| തൃശ്ശൂർ | 70 | 25 | 0.22.75 H |
| പാലക്കാട് | 511 | 259 | 1.42.36 |
| മലപ്പുറം | 43 | 27 | 3.31.37 (H) |
| കോഴിക്കോട് | 39 | 5 | 0.1709 |
| വയനാട് | 95 | 62 | 1.3882 |
| കണ്ണൂർ | 35 | 3 | 0.0735 (H) |
| കാസർഗോഡ് | 70 | 5 | 0.8744 |
| ആകെ | 1477 | 605 | 196.6477 |

(ബി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1958-ലെ ഭൂസംരക്ഷണ ചട്ടം, 2009-ലെ ഭേദഗതി നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കർശനമായി തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും വില്ലേജ്-താലൂക്കുതലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതു അവധി ദിവസങ്ങളിൽകൂടി പ്രവർത്തിക്കുന്നുണ്ട്. ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർഭൂമി കയ്യേറ്റങ്ങളിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിലേയ്ക്കായി ജില്ലാതലത്തിൽ അവലോകന യോഗവും നടത്തിവരുന്നുണ്ട്. മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സർക്കാർഭൂമി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് കർശന നിർദ്ദേശങ്ങളും ആവശ്യമായ സഹായ സഹകരണങ്ങളും നൽകിവരുന്നുണ്ട്.

## വ്യാജരേഖയിലൂടെ ഭൂമി കയ്യേറിയത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

227 (3936) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവട, കോട്ടക്കമ്പൂർ വില്ലേജുകളിൽ വ്യാജരേഖയിലൂടെ ഭൂമി കയ്യേറിയത് സംബന്ധിച്ച് റവന്യൂ വകുപ്പ് എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഉദ്യോഗസ്ഥരാണ് പ്രസ്തുത റിപ്പോർട്ടുകൾ സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) മുൻഅഡീഷണൽ ചീഫ് സെക്രട്ടറി നിവേദിതാ പി ഹരന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയായിരുന്നുവെന്നറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ഏതെങ്കിലും ശുപാർശകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിലെ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല ദേശീയോദ്യാനത്തിലെ സർക്കാർ ഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി നിവേദിതാ പി. ഹരന്റെ നേതൃത്വത്തിലുള്ള ടീമും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത്

സംബന്ധിച്ച് ഡോ. സജിത് ബാബു. ഐ.എ.എസും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) മുൻഅഡീഷണൽ ചീഫ് സെക്രട്ടറി നിവേദിതാ പി. ഹരന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, മറയൂർ, കീഴാന്തൂർ വില്ലേജുകളിലെ യൂക്കാലി പ്ലാന്റേഷനുകൾ സർക്കാർ ഏറ്റെടുക്കണം.

2. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ടി മേഖലയുടെ പാരിസ്ഥിതിക ദുർബലാവസ്ഥ പരിഗണിച്ച് അഞ്ചുനാട് മേഖലയിലെ സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും വനം വകുപ്പിന്റെയും കൈവശത്തിലുള്ള ഭൂമിയിൽ നിൽക്കുന്ന എല്ലാ യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങളുടെ വിളവെടുപ്പ് നിരോധിക്കണം kerala Promotion of Tree growth in Non-Forest Areas Act-2005-ന്റെ കീഴിൽ യൂക്കാലി മരങ്ങളുടെ വിളവെടുപ്പ് നിരോധിക്കുന്നതിനായുള്ള നിയമഭേദഗതികൾ സർക്കാർ പരിഗണനയിലിരിക്കുന്നതിനാൽ സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന യൂക്കാലി മരങ്ങളുടെ കൃഷി നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടിവിക്കണം.

3. മേഖലയിലെ ഓരോ തണ്ടപ്പേരും തണ്ടപ്പേർ കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് പരിശോധിക്കണം. നിശ്ചയിക്കുന്ന അധികാരകേന്ദ്രം മുമ്പാകെ ഓരോ കക്ഷിയും നേരിൽ ഹാജരാകണം; നിയമപരമായ ചുമതലപ്പെടുത്തലോ അപേക്ഷയോ സർവ്വമുക്ത്യാർ മുഖാന്തരമുള്ള ഹാജരാകലോ അനുവദനീയമല്ല. കൈവശത്തിലുള്ള രേഖകൾ സഹിതം അവകാശം തെളിയിക്കുന്നതിനായി തണ്ടപ്പേർ കക്ഷി നേരിൽ ഹാജരാകണം. ഇതിന്റെ ഭാഗമായി ആത്മാർപ്പണംചെയ്യു ഒരു ടീം ടി പരിശോധനയ്ക്കായി സജ്ജമാക്കണം.

4. ടി ജോലികൾ വന്യജീവി സംരക്ഷണ നിയമം പ്രകാരം ചുമതലപ്പെട്ട സെറ്റിൽമെന്റ് ഓഫീസർ 7 വർഷങ്ങൾക്കുമുമ്പ് നിർവ്വഹിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഈ ജോലികൾ നിർവ്വഹിക്കുന്നതിന് നിയമത്താൽ ചുമതലപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്. കമ്മീഷണർ ഈ ജോലികൾ 3 മാസത്തിനുള്ളിൽ നിർവഹിക്കേണ്ടതാണ്. ആയതിന് ഇതിന്റെ ഭാഗമായി ആത്മാർപ്പണം ചെയ്യു ടീമുകളെ ടി പരിശോധനയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം.

5. ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം പ്രഥമാ ദൃഷ്ട്യാ യോഗ്യമെന്ന് കാണുന്നവയുടെ സ്ഥലപരിശോധന നടത്തേണ്ടതാണ്. ഇതിന് ആത്മാർത്ഥതയുള്ള സർവ്വേ, റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന ടീമുകളെ ടി പരിശോധനയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം. GPS സംവിധാനം ഉപയോഗിച്ചായിരിക്കണം ടി പരിശോധന നടത്തേണ്ടത്. ദേവികുളം സബ് കളക്ടർ ഇത്തരത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന യഥാർത്ഥ പട്ടയത്തിൽപ്പെട്ട ഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തുകയും ടി വസ്തുവിന്റെ മാപ്പ് സഹിതം പട്ടയ കക്ഷിക്ക്/നിയമാനുസൃത അവകാശിക്ക് കൈമാറുകയും ചെയ്യണം. ഈ ജോലികൾ 4 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. ഈ അവസരത്തിൽ കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തിയും നിശ്ചയിക്കണം. ഇത്തരത്തിൽ നിർമ്മിക്കുന്ന രേഖകളുടെ ഒരു സെറ്റ് ഡിജിറ്റൽ ഫോർമാറ്റിൽ ലാൻഡ് റവന്യൂ കമ്മീണറേറ്റിൽ സൂക്ഷിക്കണം.

6. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി സർക്കാർ ഭൂമിയിൽനിന്ന് യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചുകടത്തിയ ഇനത്തിൽ സർക്കാരിന് കോടികളാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്നതിനാൽ ടി പരിശോധന പൂർത്തിയാകുന്നതുവരെ അഞ്ചുനാട് മേഖലയിലെ യൂക്കാലിപ്റ്റസ് മരങ്ങളുടെ മുറിക്കൽ നിരോധിക്കണം.

7. ഈ ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ടീമുകളിൽ വനം വകുപ്പ് ജീവനക്കാരെയും ഉൾപ്പെടുത്തേണ്ടതും വനം വകുപ്പ് ഉദ്യോഗസ്ഥർ ചോലവനത്തെ നശിപ്പിക്കുന്ന പ്രവൃത്തി ചെയ്യുന്ന അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശം ഉദ്യാനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അതിർത്തിവേലി സ്ഥാപിച്ച് സൂക്ഷിക്കേണ്ടതുമാണ്. വനം വകുപ്പ് ഒരു ഭൂതലാധിഷ്ഠിത മാപ്പ് കരുതേണ്ടതാണ്. അതുകഴിഞ്ഞ് മാത്രമേ കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം പൂർണതയിൽ എത്തുകയുള്ളൂ.

8. ഇതേ തരത്തിലുള്ള പരിശോധന അഞ്ചുനാട് മേഖലയിലെ മറ്റ് മൂന്ന് വില്ലേജുകളിൽക്കൂടി നടപ്പിലാക്കേണ്ടതും ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ മതിയായ പരിശോധന നടത്തേണ്ടതും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതുമാണ്. കൂടാതെ ഒരു ഭൂതലാധിഷ്ഠിത മാപ്പ് കൂടി നിർമ്മിക്കേണ്ടതാണ്.

9. മൂന്നാർ പ്രദേശം പരിസ്ഥിതി സൗഹാർദ്ദ ടൂറിസം മേഖലയായി വികസിപ്പിക്കേണ്ടതും പൊതുസ്ഥലം കയ്യേറിയിട്ടുള്ള ഭൂമാഫിയയെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശത്തിന്റെ ടൂറിസം പ്രത്യേകത സർക്കാർ മനസ്സിലാക്കി കൃത്യമായി പ്ലാൻ ചെയ്യേണ്ടതും അത്തരത്തിൽ പ്ലാൻ ചെയ്താൽ ടൂറിസം മേഖലയിലൂടെ സർക്കാരിന് വലിയ വരുമാനം നേടാവുന്നതുമാണ്.

10. ഉദ്യാന മേഖലയിലെങ്കിലും സർവ്വമുക്ത്യാർ മുഖേനയുള്ള ഭൂമികൈമാറ്റം പൂർണ്ണമായി നിരോധിക്കേണ്ടതാണ്.

11. റവന്യൂഭൂമി വനം വകുപ്പ് പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. പാട്ടത്തിന് കൊടുക്കുകയാണെങ്കിൽ പാട്ട ഉടമ്പടിൽ റവന്യൂ വകുപ്പിനെക്കൂടി കക്ഷി ചേർക്കേണ്ടതാണ്. പരമാവധി വേഗത്തിൽ അഞ്ചുനാട് മേഖലയിലെ യൂക്കാലി വളർത്തൽ അവസാനിപ്പിക്കേണ്ടതാണ്.

12. ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ളതും സ്ഥാപിത താൽപ്പര്യങ്ങളില്ലാത്തതും കഴിവുള്ളതും സീനിയറുമായ ഒരു ഉദ്യോഗസ്ഥനെ ശിപാർശ പ്രകാരമുള്ള ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറായി നിയമിക്കേണ്ടതാണ്.

13. നിയമവിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ജോലിയിൽ കൃത്യവിലോപം കാണിച്ചിട്ടുള്ളതും ഭൂമാഫിയയെ സഹായിച്ചിട്ടുള്ളതുമായ എല്ലാ ജീവനക്കാർക്കെതിരെയും ശക്തമായ അച്ചടക്ക നടപടിയും ശിപാർശ ചെയ്യുന്നു.

14. അഞ്ചുനാട് മേഖലയിൽ ഭൂമി കയ്യേറിയിട്ടുള്ള ആളുകളെ തിരിച്ചറിയുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന ഒരു ത്വരിതപരിശോധന നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

15. അഞ്ചുനാട് മേഖലയിൽ നിയമവിരുദ്ധമായി ജനപ്രതിനിധികളുടെയോ അവരുടെ ആശ്രിതരുടെയോ പേരിൽ ഭൂമി വാങ്ങിയിട്ടുള്ള ജനപ്രതിനിധികളെ അവരുടെ വസ്തു സംബന്ധിച്ച വാർഷിക റിട്ടേൺ, വിജിലൻ ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് എന്നിവയിലൂടെ തിരിച്ചറിയേണ്ടതും അത്തരം കേസുകൾ ലോകായുക്തയ്ക്ക് റഫർ ചെയ്യേണ്ടതുമാണ്.

(സി) പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് 16-2-2015-ലെ സർക്കാർ ഉത്തരവ് (കൈ.) 69/2015/ആർ.ഡി. പുറപ്പെടുവിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിന് നിയോഗിക്കപ്പെട്ട ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ ഓരോ തണ്ടപ്പേരിന്റെയും പരിശോധന നടന്നുവരുന്നതുമാണ്.

**ലെക്കിടി വില്ലേജിലെ മിച്ചഭൂമി കയ്യേറ്റം**

228 (3937) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിലെ ലെക്കിടി വില്ലേജിൽ, മിച്ചഭൂമിയായി ഭൂരഹിതർക്ക് വിതരണം ചെയ്യേണ്ടതായുള്ള 78.31 ഏക്കർ ഭൂമി ലെക്കിടി പോളിഗാർഡൻ എന്ന സ്ഥാപനം അനധികൃതമായി കൈവശം വച്ചിരിക്കുകയാണെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി സർക്കാരിലേക്ക് സറണ്ടർ ചെയ്യണം എന്ന് പോളിഗാർഡൻ സ്ഥാപന ഉടമകളോട് ഒറ്റപ്പാലം താലൂക്ക് ലാന്റ് ബോർഡ് ആവശ്യപ്പെട്ടിരുന്നതിന്മേൽ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(സി) സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട ടി ഭൂമി അനധികൃത കൈവശത്തിൽനിന്ന് എന്ന് ഒഴിപ്പിച്ചെടുക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)ഉണ്ട്.

(ബി&സി) ഒറ്റപ്പാലം താലൂക്ക് ലാൻഡ് ബോർഡിന്റെ 30-8-1976-ലെ സി.സി. 875/75 നമ്പർ ഉത്തരവ് പ്രകാരം ഡാൽക്കോ കാനിംഗ് ലിമിറ്റഡ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള 86.3065 ഏക്കർ സ്ഥലത്തുനിന്നും നിയമാനുസൃതം ഇളവും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിയും കഴിച്ച് ബാക്കിയുള്ള 69.4465 ഏക്കർ ഭൂമി 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പ്രകാരം സർക്കാരിലേയ്ക്ക് മിച്ചഭൂമിയായി ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. അതിനെതിരെ പോളിഗാർഡൻ എന്ന സ്ഥാപനം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ.പി. 2256/98 നമ്പർ കേസിന്റെ 14-11-2005-ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ അപേക്ഷ സർക്കാർ പരിശോധിക്കുകയും 23-9-2006-ലെ സ.ഉ. (ആർ.റ്റി) നം. 3968/06/ആർ.ഡി പ്രകാരം 69.44.650 ഏക്കർ സ്ഥലത്തിന് Exemption നൽകണമെന്ന പ്രസ്തുത സ്ഥാപനത്തിന്റെ അപേക്ഷ നിരസിക്കുകയുമുണ്ടായി.

പ്രസ്തുത ഉത്തരവിനെതിരെ സ്ഥാപനം ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C)27266/06v ആയി കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 6-11-2015-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പോളിഗാർഡൻ എന്ന സ്ഥാപനത്തിന്റെ പ്രതിനിധികളെ സർക്കാർ നേരിൽ കേൾക്കുകയും ജില്ലാ കളക്ടറും സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയും നൽകിയ റിപ്പോർട്ട് പരിശോധിച്ച് പോളിഗാർഡൻ എന്ന സ്ഥാപനം ഏറ്റെടുത്ത് നടത്തിവരുന്ന ചാരിറ്റബിൾ പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന ഭൂമി എത്രയെന്ന് പ്രസ്തുത സ്ഥലം സന്ദർശിച്ച് നിജപ്പെടുത്തി ശിപാർശ സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

ഒറ്റപ്പാലം താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്റെ 25-1-2018-ലെ സി.സി. 875/75 നമ്പർ ഉത്തരവ് പ്രകാരം പോളിഗാർഡൻ എന്ന സ്ഥാപനത്തിന്റെ കൈവശമിരിക്കുന്ന 78.31 ഏക്കർ ഭൂമിയിൽ ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കവേ (69.4465 ഏക്കർ മിച്ചഭൂമി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 7-2-2018-ലെ WP(C) 4284/2018 (ഐ) നമ്പർ ഉത്തരവ് പ്രകാരം ടി ഭൂമിയിലെ ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

ടി കേസിൽ അന്തിമ ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാറശ്ശാല നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ക്വാറികൾ

229 (3938) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന പാറക്വാറികളുടെ ഉടമകൾ പുറമ്പോക്ക് ഭൂമി കയ്യേറി ഖനനം നടത്തുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ക്വാറിഉടമകൾ എത്ര ഭൂമിയാണ് കയ്യേറി വച്ചിരിക്കുന്നത് എന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജക മണ്ഡലം പരിധിയിൽ പ്രവർത്തിക്കുന്ന പാറ ക്വാറി ഉടമകൾ സർക്കാർഭൂമി കയ്യേറി ഖനനം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

**മൂന്നാറിലെ കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി**

230 (3939) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;പ്രസ്തുത വിഷയം ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ച യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത തീരുമാനങ്ങൾ മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സഹായകമാണോ എന്ന് വ്യക്തമാക്കുമോ; ആയതിൻ പ്രകാരം എത്ര അനധികൃത കയ്യേറ്റങ്ങൾ തിരിച്ചു പിടിച്ചിട്ടുണ്ട്; തിരിച്ചു പിടിച്ച വസ്തുവിന്റെ വിശദാംശം ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) മൂന്നാറിൽ ചെറുകിട-വൻകിട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർ കയ്യേറിയ സർക്കാർഭൂമിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇവ തിരിച്ചു പിടിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) കോടതി വ്യവഹാരത്തിൽ കുടുങ്ങി ഒഴിപ്പിക്കാൻ കഴിയാത്ത കയ്യേറ്റങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി. ആക്ട്, കെ.ഡി.എച്ച്. ആക്ട് 1971 (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) പ്രകാരം നടപടി സ്വീകരിച്ചു വരുന്നതാണ്. മൂന്നാറിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1. നിയമവിരുദ്ധമായി ഭൂമി കയ്യേറിയ വൻകിട കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുക എന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. എന്നാൽ കയ്യേറ്റവും കുടിയേറ്റവും വ്യത്യസ്തമായി പരിശോധിക്കേണ്ടതും ഒഴിപ്പിക്കുന്നതിന് വ്യത്യസ്ത നിലാപാട്

സ്വീകരിക്കേണ്ടതുമാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടി ശക്തമായി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി മൂന്നാർ മേഖലയിലെ മുഴുവൻ സ്ഥലവും യുദ്ധകാലാടിസ്ഥാനത്തിൽ സർവ്വേ നടത്തി രേഖകൾ തയ്യാറാക്കേണ്ടതുണ്ട്. മൂന്നാറിൽ ആകെ ഭൂമി എത്ര, ആയതിൽ സർക്കാർ പുറമ്പോക്ക്, റിസർവ് വനം, CHR ഭൂമി, പാട്ടഭൂമി എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതും കയ്യേറ്റഭൂമി സംബന്ധിച്ച കണക്കുകൾ തയ്യാറാക്കേണ്ടതുമാണ്. കയ്യേറ്റമൊഴിപ്പിക്കൽ നടപടികൾക്കായി റവന്യൂ-പഞ്ചായത്ത്-പോലീസ് വിഭാഗത്തിന്റെ സഹകരണം ഉറപ്പാക്കേണ്ടതാണ്. കയ്യേറ്റമൊഴിപ്പിക്കുമ്പോൾ മുൻഗണന കൊടുക്കേണ്ടത് വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനായിരിക്കണം.

2. മൂന്നാർ മേഖലയിലെ വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമി അളന്നുതിരിച്ച് അതിരുകൾ നിർണ്ണയിച്ച് രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പ്/പൊതുമേഖല മേധാവിയെ ഏൽപ്പിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുമ്പോൾ അടുത്തയാളിന് പ്രസ്തുത രേഖകൾ കൈമാറ്റം ചെയ്യേണ്ടതുമാണ്.

3. 1977-നുശേഷം സ്ഥലം കയ്യേറി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തുന്നവരും ടി വ്യക്തികൾക്ക് പ്രസ്തുത വില്ലേജിലോ മറ്റ് ജില്ലകളിലോ സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ മറ്റ് ഭൂമി ഇല്ലാ എന്ന് കണ്ടെത്തുകയാണെങ്കിലും പ്രസ്തുത കയ്യേറ്റഭൂമി 10 സെന്റിൽ താഴെ മാത്രമേയുള്ളൂയെങ്കിലും പ്രസ്തുത വ്യക്തികളുടെ ഭൂമി പതിച്ച് കൊടുക്കുന്നതിനുള്ള നിയമപരമായ നടപടി പ്രത്യേകം പരിശോധിച്ച് സ്വീകരിക്കേണ്ടതാണ്.

4. കയ്യേറി കൈവശം വച്ചിരിക്കുന്ന ഭൂമി 10 സെന്റിൽ കൂടുതലുണ്ടെങ്കിൽ ടി വ്യക്തികൾക്ക് മറ്റ് ഭൂമി ഉള്ളതായി കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കേണ്ടതും ഭൂരഹിതർക്ക് നൽകുന്ന കാര്യം പരിശോധിക്കേണ്ടതുമാണ്.

5. കയ്യേറ്റഭൂമി ഒഴിപ്പിക്കലിന് പട്ടിക തയ്യാറാക്കേണ്ടതും ഒഴിപ്പിക്കൽ നടപടികൾക്ക് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ സേവനം തേടാവുന്നതുമാണ്.

(ബി) സഹായകരമാണ്. പ്രസ്തുത തീരുമാനങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മൂന്നാറിൽ ചെറുകിട, വൻകിട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർ 56 ഇടങ്ങളിലായി 81 ഏക്കർ സർക്കാർഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കെ.ഡി.എച്ച് വില്ലേജിൽ 1971-ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമ പ്രകാരവും മറ്റ് വില്ലേജുകളിൽ 1957-ലെ ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടിയും (ഭൂസംരക്ഷണ നിയമ ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാനടപടിയും സ്വീകരിച്ചുവരുന്നു. ഭൂമി കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുന്നതിലേയ്ക്ക് ഭൂസംരക്ഷണ സേനകളുടെ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ ഒഴിപ്പിക്കുവാൻ വില്ലേജ് ആഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ ഭൂമിയിന്മേലുള്ള കയ്യേറ്റവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും യഥാസമയം കണ്ടെത്തി സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനാവശ്യമായ നിയമ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച ഒരു സർക്കുലർ തയ്യാറാക്കി എല്ലാ ഉപകാര്യാലയങ്ങൾക്കും നൽകിയിട്ടുള്ളതും ഓരോ താലൂക്കിന്റെ പരിധിയിലുള്ള സർക്കാർഭൂമി കയ്യേറ്റങ്ങളിൽ ഭൂസംരക്ഷണ നിയമപ്രകാരം സ്വീകരിച്ച നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിലേയ്ക്കായി അവലോകന യോഗവും നടത്തിവരുന്നതാണ്. കൂടാതെ പൊതു അവധി ദിവസങ്ങളിൽ സർക്കാർ ഭൂമിയിലുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനായി സബ്ഡിവിഷൻ അധികാരികളുടെ മേൽനോട്ടത്തിൽ എല്ലാ താലൂക്കുകളിലും താലൂക്കുതലത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് ഭൂസംരക്ഷണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചും ഏകോപിപ്പിച്ചും വരുന്നതാണ്.

(ഡി) കോടതി വ്യവഹാരത്തിൽ കുടുങ്ങി ഒഴിപ്പിക്കാൻ കഴിയാത്ത 11 കയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

## കെ.ഡി.എച്ച്. നിയമപ്രകാരം ദേവികുളം താലൂക്കിലെ പട്ടയ വിതരണം

231 (3940) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡി.എച്ച്. നിയമപ്രകാരം ദേവികുളം താലൂക്കിൽ ഏറ്റെടുത്ത ഭൂമിയിൽ നാളിതുവരെ നൽകിയ പട്ടയങ്ങളുടേയും കുടുംബങ്ങളുടേയും ഭൂവിസ്തൃതിയും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) അവസാനം അനുവദിച്ച പട്ടയത്തിന്റെ പകർപ്പും ഇനി പട്ടയം നൽകുന്നതിന് അവശേഷിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണവും ലഭ്യമാക്കുമോ;

(സി) കെ.ഡി.എച്ച്. നിയമപ്രകാരം മാങ്കുളം വില്ലേജിൽ അളന്നുതിരിച്ച് 1999 ൽ നമ്പരിട്ട 1126,1127 എന്നീ പ്ലോട്ടുകളുടെ നാല് അതിരുകളും ലൊക്കേഷൻ മാപ്പും ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ WPC 767/04 നമ്പർ കേസിൽ ടി വില്ലേജാഫീസർ നേരിട്ട് ഹാജരായി നൽകിയ 50/04 നമ്പർ റിപ്പോർട്ടിലെ 1126, 1127 എന്നീ പ്ലോട്ടുകളുടെ കൈവശക്കാരന്റെ മേൽവിലാസവും റീസർവ്വേ നമ്പരും കൃഷിയുടെ വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ) 1980-1985 കാലയളവിൽ 568 പട്ടയങ്ങളും, 2018-ൽ 34 പട്ടയങ്ങളും അനുവദിച്ചിട്ടുണ്ട്. കുടുംബങ്ങളുടെയും ഭൂവിസ്തൃതിയെയും സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-ൽ അനുവദിച്ച പട്ടയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. ശേഷിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കുന്നതിനുള്ള സർവ്വേ നടപടി നടന്നുവരുന്നു.

(സി) മാങ്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീസർവ്വേ 213-ൽപ്പെട്ട പ്ലോട്ടുകളായ 1126, 1127 എന്നിവ റിസർവ് ഫോറസ്റ്റിൽ ഉൾപ്പെട്ടുതും സ്ഥല പരിശോധന നടത്തിയതിൽ ടി സ്ഥലത്ത് വനം വകുപ്പിന്റെ ഷെഡ് സ്ഥാപിച്ചിട്ടുള്ളതും ബാക്കി സ്ഥലം കാടുപിടിച്ചുകിടക്കുന്നതും നിലവിൽ കൃഷി ഒന്നും ഇല്ലാത്തതുമാണ്. ലൊക്കേഷൻ സ്കെച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**തിമിരി വില്ലേജിലെ മിച്ചഭൂമി അകാല കൈമാറ്റങ്ങൾ**

232 (3941) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽപ്പെട്ട തിമിരി വില്ലേജിൽ 59/1A-യിൽപ്പെട്ട മിച്ച ഭൂമി അകാല കൈമാറ്റങ്ങൾ സാധൂകരിച്ച് നികുതി സ്ഥിരീകരിക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശവാസികൾ നൽകിയ നിവേദനത്തെത്തുടർന്ന് അനുകൂല നടപടികൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽപ്പെട്ട തിമിരി വില്ലേജിൽ 59/1A-യിൽപ്പെട്ട മിച്ചഭൂമിയുടെ അകാല കൈമാറ്റങ്ങൾ സാധൂകരിക്കുന്നതിനായി 132 പേർ അപേക്ഷ സമർപ്പിച്ചിരുന്നു. ഇവരിൽ 80 പേർ ഹോസ്ദുർഗ് താലൂക്ക് ഓഫീസിൽ വച്ച് നടന്ന അദാലത്തിൽ ഹാജരായി രേഖകൾ സമർപ്പിച്ചിരുന്നു.

അവയിൽ 50 പേരുടെ അപേക്ഷയും അനുബന്ധ രേഖകളും സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കുകയും ന്യൂനതകൾ ഉള്ള 30 പേരുടെ കേസുകളിൽ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനായി തിരികെ ഹോസ്ദുർഗ് തഹസിൽദാർക്ക് മലപ്പുറം ജില്ലാ കളക്ടർ നൽകിയിട്ടുമുണ്ട്.

സ്റ്റേറ്റ് ലാൻഡ് ബോർഡ് ഓഫീസിൽ ലഭിച്ച 50 പ്രൊപ്പോസലുകളിൽ 7 കേസുകളുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ബാക്കി കേസുകളുടെ പരിശോധന ലാൻഡ് ബോർഡ് ഓഫീസിൽ നടന്നുവരുന്നു.

മുഴുവൻ പ്രൊപ്പോസലുകളും സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**വനാവകാശരേഖ**

233 (3942) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കുടുംബങ്ങൾക്ക് വനാവകാശരേഖ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പന്ത്യപ്ര ആദിവാസി കോളനിനിവാസികൾക്ക് വനാവകാശരേഖ കൈമാറുന്നതുമായി ബന്ധപ്പെട്ട് അവർക്ക് വീട് വയ്ക്കുന്നതിനും മറ്റുമായി എന്തെങ്കിലും പ്രത്യേക പാക്കേജ് സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർക്ക് 101 പട്ടയങ്ങളും വിവിധ വില്ലേജുകളിലായി എൽ.എ പട്ടയങ്ങൾ 58 എണ്ണവും വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) കോതമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട 79 കുടുംബങ്ങൾക്ക് 2 ഏക്കർ ഭൂമി വീതം നൽകുന്നതിന് വനാവകാശ കൈവശരേഖ നൽകിയിട്ടുണ്ട്.

(സി) പന്തപ്രയിൽ ഭൂമി അനുവദിച്ച 67 കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് അനുവദനീയമായ 3.5 ലക്ഷം രൂപ വീതം ആകെ 2,34,50,000 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൈവശരേഖ വിതരണം പൂർത്തിയായാലുടൻ ഭവന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതാണെന്ന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ലൈഫ് മിഷൻ പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് അനുവദനീയമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്.

പന്തപ്ര കോളനിയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് വഴി അനുവദിച്ചിട്ടുള്ള ഫണ്ട് അതാത് ഏജൻസികൾ കൈമാറിയിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു:

| പദ്ധതി | അനുവദിച്ച തുക |
|---|---|
| കുടിവെള്ള പദ്ധതി | 48,00,000 |
| വൈദ്യുതീകരണം | 42,68,500 |
| റോഡ് നിർമ്മാണം | 37,50,000 |
| സോളാർ ഫെൻസിംഗ് | 8,05,000 |

**ഇടുക്കി ജില്ലയിലെ കർഷക കുടുംബങ്ങൾക്ക് ഉപാധിരഹിത പട്ടയം**

234 (3943) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കർഷക കുടുംബങ്ങൾക്ക് ഉപാധിരഹിത പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ജില്ലയിൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ച എത്ര ഹെക്ടർ ഭൂമിക്കാണ് പട്ടയം നൽകിയിട്ടുള്ളത്;

(സി) ഭൂപതിവ് ചട്ടപ്രകാരം എത്രപേർക്ക് പട്ടയം നൽകി;

(ഡി) ഇനി എത്ര പേർക്കുകൂടി ഈ വർഷം പട്ടയം നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിലെ അർഹരായ എല്ലാ കർഷകർക്കും 31-12-2018-ന് മുൻപായി ഉപാധികളിൽ ഭേദഗതി വരുത്തിയ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്തുള്ളവർക്കും പത്ത് ചെയിൻ പ്രദേശത്തുള്ളവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച 25363.159 ഹെക്ടറിൽ 9867.1488 ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയും പ്രകാരം പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| 1964-ലെ ചട്ടങ്ങൾ പ്രകാരം | 7832 |
| 1993-ലെ ചട്ടങ്ങൾ പ്രകാരം | 6432 |
| ക്രയസർട്ടിഫിക്കറ്റ് (ലാൻഡ് ട്രൈബ്യൂണൽ പട്ടയം) | 12 |
| കെ.ഡി.എച്ച്. റൂൾ പ്രകാരം | 34 |
| ആകെ | 14310 |

(ഡി) പട്ടയം നൽകുന്നതിനായി 38000 അപേക്ഷകളിൽ നടപടി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

**ലാൻഡ് അസൈൻമെന്റ് ചട്ടപ്രകാരം നൽകിയ പട്ടയങ്ങൾ**

235 (3944) <u>ശ്രീ. അടൂർ പ്രകാശ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസ് 1964 പ്രകാരം എത്ര പേർക്ക് പട്ടയങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ലാൻഡ് ട്രിബ്യൂണൽ മുഖേന എത്ര പേർക്ക് പട്ടയങ്ങൾ അനുവദിച്ചുവെന്നും എത്ര ആദിവാസി പട്ടയങ്ങൾ അനുവദിച്ചുവെന്നും ഇനം തിരിച്ച് താലൂക്ക്, ജില്ല എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായ പട്ടിക ലഭ്യമാക്കുമോ;

(സി) ഇത് ഓരോ സ്ഥലത്തും വിതരണം ചെയ്ത തീയതി വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 10778 പേർക്ക്.

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു*. 1-4-2016 മുതൽ 2018 ജനുവരി മാസം വരെ കേരളത്തിൽ 55415 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. ഈ കേസുകൾ തീർപ്പാക്കിയിരിക്കുന്നത് ട്രിബ്യൂണലുകളിലായതുകൊണ്ട് ട്രിബ്യൂണൽ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന 60 ട്രിബ്യൂണലുകളിലും പ്രതിദിനം കേസ് സിറ്റിംഗുകൾ നടന്നുവരുന്നു. ഓരോദിവസവും കേസ് തീർപ്പാക്കി ക്രയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചുവരുന്നു. എറണാകുളം ജില്ലയിൽ 97 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 10 സെന്റ് ഭൂമി വീതം 1-2-2017-ന് നേര്യമംഗലം കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്ന പട്ടയമേളയിലും പാലക്കാട് ജില്ലയിൽ 517 ആദിവാസി പട്ടയങ്ങൾ 12-6-2017-ന് അട്ടപ്പാടിയിൽ നടന്ന പട്ടയമേളയിലും വിതരണം ചെയ്തിട്ടുള്ളതാകുന്നു.

## വർക്കല ചെമ്മരുതി വില്ലേജിലെ ഭൂമി പതിച്ചുനൽകൽ

236 (3945) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ചെമ്മരുതി വില്ലേജിലെ റീസർവ്വേ 1/85, 1/84 നമ്പർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകിയതും ഇനം മാറ്റി നൽകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പുറമ്പോക്കുഭൂമി സർക്കാർ ഭൂമിയാക്കി മാറ്റുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നടപടികൾ ത്വരിതപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇനംമാറ്റി നൽകിയ വർക്കല തഹസിൽദാർ (എൽ.ആർ)-യുടെ നടപടി ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുവാൻ ജില്ലാ സർവ്വേ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ സ്വകാര്യ വ്യക്തികൾക്ക് 1/85, 1/86 എന്നീ വസ്തുക്കൾ ഇനം മാറ്റി നൽകിയത് സംബന്ധിച്ച് ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്) അന്വേഷണം നടത്തിയശേഷം 16-2-2018-ന് റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പ്രകാരം ഭ്രസ്ഥിതി തോടായ ഭൂമി ഇനം മാറ്റം നടത്തി നൽകിയ നടപടി പുന:പരിശോധിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്ന് ശിപാർശയുണ്ടായിരുന്നു. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ ലഭിച്ച ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം ഇനംമാറ്റ നടപടികൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ജില്ലാ സർവ്വേ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വർക്കല -നാവായിക്കുളം നൈനാംകോണം കോളനിയിലെ പട്ടയ പ്രശ്നം**

237 (3946) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിലെ നൈനാംകോണം കോളനിയിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നൈനാംകോണം കോളനിയിലെ പട്ടയ പ്രശ്നം തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വർക്കല താലൂക്കിലെ നാവായിക്കുളം വില്ലേജിൽപ്പെട്ട നൈനാംകോണം കോളനിയിൽ മിച്ചഭൂമിയിൽ ഉൾപ്പെടാത്തതും യഥാർത്ഥ രേഖകൾ പ്രകാരം അവകാശം സിദ്ധിച്ചതുമായ വസ്തുക്കൾക്ക് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉടമസ്ഥാവകാശം ഉറപ്പാക്കി കരം സ്വീകരിക്കാൻ വർക്കല തഹസിൽദാർ (ഭൂരേഖ)ക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് നികുതി അടയ്ക്കാൻ കഴിയാതിരുന്ന 22 ഭൂഉടമകളിൽനിന്നും കരം സ്വീകരിച്ച് രസീത് നൽകിയിട്ടുണ്ടെന്നും ഇത്തരത്തിലുള്ള മറ്റ് കക്ഷികൾ നികുതി അടയ്ക്കുന്നതിനായി സമീപിക്കുന്ന മുറയ്ക്ക് ആയതിന്മേലുള്ള നടപടി വില്ലേജ് തലത്തിൽ സ്വീകരിക്കുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-10-2016-ന് കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് സർവ്വേ നടത്തി നിലവിലുള്ള കൈവശക്കാരെ തിട്ടപ്പെടുത്തിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ടി കോളനിയിലെ പട്ടയ പ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 7-10-2016-ലെ WP(C) 7364/11 നമ്പർ വിധിന്യായ പ്രകാരം കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം 7 E പ്രകാരമുള്ള അപേക്ഷയിന്മേൽ വിചാരണ നടത്തി ബന്ധപ്പെട്ട 14 കേസുകളും തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നൈനാംകോണം കോളനിയിലെ അന്യകൈവശത്തോടുകൂടി ഏറ്റെടുത്ത മിച്ചഭൂമി നിലവിലെ കൈവശക്കാർക്ക് പതിച്ച് നൽകുന്നതിന് 1970-ലെ കേരള ഭൂപരിഷ്കരണ പരിധി ചട്ടങ്ങളിലെ 27-ാം ചട്ടപ്രകാരം ഫോറം 16-ലുള്ള പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

## ഭൂരഹിതർക്ക് പട്ടയം നൽകലും നിബന്ധനകളും

238 (3947) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് പതിച്ച് നൽകുന്ന ഭൂമി, ഈട് നൽകി ബാങ്ക് വായ്പയെടുക്കുന്നതിനും 12 വർഷത്തിനുശേഷം കൈമാറ്റം ചെയ്യുന്നതിനും സാദ്ധ്യമാകുന്ന വിധത്തിൽ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) കുടിയേറ്റക്കാർക്കും ഭൂരഹിതർക്കും പട്ടയം നൽകുന്നതിനായി പ്രത്യേകം, പ്രത്യേകം ഫോറങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കുടിയേറ്റ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള വരുമാന നിബന്ധന എടുത്തുകളയുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവ. പ്രകാരം 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ചട്ടം 7, 8, 9 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഭവന നിർമ്മാണത്തിനോ കൃഷി ആവശ്യങ്ങൾക്കോ അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പതിച്ചു കിട്ടിയ ഭൂമി ഗവൺമെന്റിനോ ബാങ്കിനോ ധനകാര്യ സ്ഥാപനങ്ങൾക്കോ റബ്ബർ ബോർഡിനോ ടീ ബോർഡിനോ ജാമ്യമെന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്. കൂടാതെ കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടിയാൽ 25 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്തുവാൻ പാടില്ലായെന്നുള്ളത് 12 വർഷത്തേയ്ക്ക് എന്ന് പുനർനിർണ്ണയം നടത്തിയിട്ടുണ്ട്.

(ബി) 17-8-2017-ലെ സ.ഉ. (പി) നം. 60/2017/റവ. ഉത്തരവ് പ്രകാരം കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിലേയ്ക്കായി അപ്പൻഡിക്സ് II-ഉം കൈവശമില്ലാത്ത ഭൂമിക്ക് പട്ടയം നൽകുന്നതിലേയ്ക്കായി അപ്പൻഡിക്സ് II A-യും പട്ടയ ഫാറമായി ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) 17-8-2017-ലെ ജി. ഒ.(പി) നമ്പർ 60/17/ആർ.ഡി. ഉത്തരവ് പ്രകാരം കൈവശമുള്ള ഭൂമി പതിച്ചുനൽകുന്നതിന് മുൻഗണനയ്ക്കായി പരിഗണിച്ചിരുന്ന വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ട്.

**ചാലക്കുടിയിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

239 (T3948) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ പുത്തുപറമ്പ് ദേശത്ത് പുതുച്ചിറകുളം പുറമ്പോക്ക് ഭൂമിയിൽ (സർവ്വേ നമ്പർ 290, കിഴക്കേ ചാലക്കുടി വില്ലേജ്) കാലങ്ങളായി താമസിച്ചുവരുന്ന ശ്രീ. രാധാകൃഷ്ണൻ, പുത്തൻ പുരയ്ക്കൽ ഹൗസിന്റെയും കൊരട്ടി ഗ്രാമ പഞ്ചായത്തിലെ മുരിങ്ങൂർ തെക്കുംമുറി വില്ലേജിലെ ഒ. എൽ. ജോസ്, ഒലിയപുറം വീട്, (സർവ്വേ നമ്പർ 218/3) പഞ്ചായത്ത് അധീനതയിലുള്ള ഇടവഴി പുറമ്പോക്ക് ഭൂമിയുടേയും പട്ടയം ലഭ്യമാക്കുന്നതിനായുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ചാലക്കുടി നഗരസഭയിലെ കിഴക്കെ ചാലക്കുടി സർവ്വേ 290 ബി.ടി.ആർ. പ്രകാരം കുളം പുറമ്പോക്ക് ആയി പതിഞ്ഞിട്ടുള്ളതും നിലവിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തവുമാണ്. എന്നതിനാൽ ശ്രീ. രാധാകൃഷ്ണൻ, പുത്തൻപുരയ്ക്കൽ എന്നവരുടെ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി ടി ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തം ചെയ്ത് ലഭിക്കേണ്ടതുണ്ട്. ടി ഭൂമി പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് ചാലക്കുടി തഹസീൽദാർ 19-2-2016-ലെ സി3-18951/11 പ്രകാരം മുനിസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

ശ്രീ. ഒ.എൽ.ജോസ്, ഒലിയപുറം എന്നവർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള കൊരട്ടി ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുരിങ്ങൂർ തെക്കുംമുറി വില്ലേജ് സർവ്വേ നമ്പർ 218/3-ൽപ്പെട്ട ഭൂമി ബി.ടി.ആർ പ്രകാരം ഇടവഴി പുറമ്പോക്ക് ആയി പതിഞ്ഞിട്ടുള്ളതാണ്. ടി ഭൂമി നിലവിൽ കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്തു ലഭിക്കുന്നതിനായി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട 29045/എൽ3/14/റവ നമ്പർ ഫയൽ 17-6-2016-ൽ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കി ലഭിക്കുന്ന മുറയ്ക്ക് ടി അപേക്ഷകളിന്മേൽ പട്ടയ നടപടി സ്വീകരിക്കുന്നതാണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## 1993-ലെ ഭൂമി പതിവ് ചട്ട പ്രകാരം പട്ടയം നൽകുന്നതിനുള്ള ഭൂമി

240 (3949) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1993-ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിനായി ഇനിയും എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ ഭൂമി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ കേന്ദ്രാനുമതി ലഭിച്ച എത്ര ഏക്കർ സ്ഥലമാണ് ഇനിയും പതിച്ച് നൽകാനുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 1993-ലെ ഭൂമി പതിവ് ചട്ട പ്രകാരം ഇനിയും പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധന പൂർത്തിയാക്കിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ഇനിയും പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധന പൂർത്തിയാക്കിയ വിസ്തീർണ്ണം |
|---|---|
| തിരുവനന്തപുരം | 24.68.41 ഹെക്ടർ |
| കൊല്ലം | 436.81.16 ഹെക്ടർ |
| പത്തനംതിട്ട | 1970.04 ഹെക്ടർ |
| ആലപ്പുഴ | വനഭൂമി ഇല്ലാത്തതിനാൽ ബാധകമല്ല |
| കോട്ടയം | ഹിൽമെൻ സെറ്റിൽമെന്റ് പ്രദേശത്തെ 622.93.07 ഹെക്ടറും ആലപ്ര വനപ്രദേശത്ത് 103.61.90 ഹെക്ടറും |
| ഇടുക്കി | 10675 ഹെക്ടർ |
| എറണാകുളം | 359.57.75 ഹെക്ടർ |
| തൃശ്ശൂർ | 1540.03.95 ഹെക്ടർ |
| പാലക്കാട് | 263.18.85 ഹെക്ടർ |
| മലപ്പുറം | 230.37.16 ഹെക്ടർ |
| കോഴിക്കോട് | 15.96.256 ഹെക്ടർ |
| വയനാട് | 800.56.87 ഹെക്ടർ |
| കണ്ണൂർ | 9.323 ഹെക്ടർ |
| കാസർഗോഡ് | ബാധകമല്ല. |

(സി) ഇനിയും പതിച്ച് നൽകാൻ ശേഷിച്ച കേന്ദ്രാനുമതി ലഭിച്ച ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വിസ്തീർണ്ണം |
|---|---|
| ഇടുക്കി | 9867.1488 ഹെക്ടർ |
| എറണാകുളം | 350.05.98 ഹെക്ടർ |
| തൃശ്ശൂർ | 1540.0395 ഹെക്ടർ |
| കോഴിക്കോട് | 39.42 ഹെക്ടർ. |

## ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക

241 (3950) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് നൽകാമോ;

(ബി) ഇതിൽ കേന്ദ്ര സഹായമായി ഇതുവരെ ലഭിച്ചിട്ടുള്ള തുകയെത്ര;

(സി) ധനസഹായ വിതരണം പൂർത്തിയാക്കാനുണ്ടെങ്കിൽ അതിനാവശ്യമായ തുകയുടെ വിശദവിവരം നൽകാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രതികരണനിധിയിൽ നിന്നും 133 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 116 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുനിന്ന് കാണാതായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നവരിൽ ഓരാൾകൂടി സംസ്ഥാനത്ത് തിരിച്ച് എത്തിയിട്ടുണ്ട്. കാണാതായവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയങ്ങൾ പരിഗണിച്ച് ശിപാർശ സമർപ്പിക്കുന്നതിന് നിയോഗിച്ചിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്കാണ് തുക കണക്കാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച വരൾച്ചാ ദുരിതാശ്വാസ ഫണ്ട്

242 (3951) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മലപ്പുറം ജില്ലയ്ക്ക് വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അംഗീകാരം നൽകിയ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ കാലയളവിലെ സാമ്പത്തിക വർഷങ്ങളിൽ ജില്ലയ്ക്ക് അനുവദിച്ച തുക വിനിയോഗിക്കാതെ സർക്കാരിലേയ്ക്ക് തിരികെ നല്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചയുമായി ബന്ധപ്പെട്ട് 2016-17 കാലയളവിൽ "2245-01-102-99-കുടിവെള്ള വിതരണം" എന്ന ശീർഷകത്തിൽനിന്ന് 3,82,00,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 3,00,00,000 രൂപയും 2016-17 കാലയളവിൽ "2245-01-101-99-കൃഷി നാശം" എന്ന ശീർഷകത്തിൽനിന്ന് 2,17,50,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 13,18,734 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) വരൾച്ചയുമായി ബന്ധപ്പെട്ട് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 2,37,10,000 രൂപ തിരികെ നൽകിയിട്ടുണ്ട്.

## ദുരന്ത നിവാരണ ഏകോപന സമിതി

243 (3952) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന/ജില്ലാതലങ്ങളിൽ എൻ.ജി.ഒ. ഏകോപന സമിതികൾ രൂപീകരിക്കുന്നതിനോ, ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനോ കഴിഞ്ഞിട്ടില്ലായെന്ന് 2017-ലെ സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരന്ത നിവാരണ ഏകോപന സമിതികളുടെ രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-ൽ അംഗീകരിക്കപ്പെട്ട സംസ്ഥാനത്തെ ആദ്യദുരന്ത ലഘൂകരണ പദ്ധതിയിൽ Section 5(40) എൻ.ജി.ഒ.-കളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാമർശിക്കുന്നു. ഈ പദ്ധതിയിൽ കേരളത്തിൽ സംസ്ഥാന/ജില്ലാ അതോറിറ്റികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിവിധ NGO-കളെ പരാമർശിച്ചിട്ടുണ്ട്.

Disaster Management Act, 2005 പ്രകാരം NGO Co-ordination Committee രൂപീകരിക്കുവാൻ നിയമപരമായി നിർബന്ധിത ബാദ്ധ്യതയില്ലെങ്കിലും കേരളത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സർക്കാരേതര സ്ഥാപനങ്ങളുടെ (NGO) പട്ടിക തയ്യാറാക്കുന്നതിനുള്ള അപേക്ഷാഫാറം online ആയി SDMA-യുടെ വെബ്സൈറ്റിൽ നൽകുകയും 31-12-2017 വരെ അപേക്ഷിക്കുവാൻ അനുമതി നൽകുകയും 66 അപേക്ഷകൾ ലഭിച്ചതിൽ 65 NGO-കളെ വിവിധ മേഖലയിൽ പരിഗണിക്കാവുന്നതാണ്.

**ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി**

244(3953) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ജില്ലാ കളക്ടറേറ്റുകളിലെ കൺട്രോൾ റൂമുകൾ ആധുനിക വൽക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചു വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- ദുരന്ത നിവാരണ നിയമം 2005, സെഷൻ 23 പ്രകാരമുള്ള സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളും നടപ്പാക്കുന്നുണ്ട്.
- സംസ്ഥാനത്തെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്ക് ശക്തി നൽകിക്കൊണ്ട് 2016-ൽ ദേശീയ ദുരന്ത പ്രതികരണ സേനയുടെ (National Disaster Response Force) ഒരു പ്രാദേശിക പ്രതികരണ കേന്ദ്രം സ്ഥാപിക്കുവാൻ എറണാകുളം ജില്ലയിൽ സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സേനയുടെ ഒരു ടീം നിലവിൽ തൃശ്ശൂർ ജില്ലയിൽ Civil Defence Institute-ൽ നിലനിർത്തിയിട്ടുണ്ട്.
- 2017-ൽ സംസ്ഥാനത്തെ 17 അംഗീകൃത ബീച്ചുകളിൽ ഉള്ള ബീച്ച് ഗാർഡുകൾക്ക് Hand mike, Binoculars, Rescue Surf Boards, Life Jackets, Life Bouyers, Oxygen Snorkel, Shade umbrella and Goggles എന്നിവ വാങ്ങി വിതരണം ചെയ്തു. ഇവരുടെ സവിശേഷ പരിശീലനത്തിന് ആവശ്യമായ പണവും ജില്ലാ അതോറിറ്റികൾക്ക് നൽകി.
- 2016-17-ലെ വരൾച്ചാ പ്രതികരണ പ്രവർത്തനത്തിനായി 4451 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു. GPS ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി കുടിവെള്ള വിതരണം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തി.
- എല്ലാ ജില്ലകളിലും ഫെബ്രുവരി-മാർച്ച് മാസത്തിൽ വിവിധ ദുരന്തങ്ങൾ സംബന്ധിച്ച് മോക്ക് ഡ്രിൽ നടത്തി.
- വയനാട്, ഇടുക്കി, എറണാകുളം എന്നീ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും ദേശീയ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി സാറ്റലൈറ്റ് ഫോൺ വഴി ബന്ധിപ്പിച്ചു.
- ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാൻ ഓരോ ജില്ലയിലും ഒരു സാങ്കേതിക വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഹസാർഡ് അനലിസ്റ്റ് തസ്തികയിൽ 10 പേരെ പുതുതായി നിയമിച്ചു.
- കേന്ദ്ര ദുരന്ത നിവാരണ അതോറ്റിയുടെ സഹായത്തോടെയുള്ള 'ആപതാ മിത്ര' പദ്ധതി ഉപയോഗിച്ച് കോട്ടയം ജില്ലയിൽ 200 പേരുടെ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിച്ചു.

- ഭിന്നശേഷി സൗഹൃദ ദുരന്ത നിവാരണത്തിനായി ഇന്ത്യയിലെ ആദ്യ കൈപ്പുസ്തകം തയ്യാറാക്കി. ബ്രെയിൽ ലിപിയിൽ 5 തരം ദുരന്തങ്ങളെക്കുറിച്ച് ബ്രോഷർ തയ്യാറാക്കി. ശബ്ദ, ആംഗ്യ ഭാഷയിൽ 5 തരം ദുരന്തങ്ങളെക്കുറിച്ച് ബ്രോഷർ തയ്യാറാക്കി. ഏപ്രിൽ മാസം മുതൽ ജില്ലാതല പരിശിലനം ആരംഭിക്കും.

- രാജ്യത്തെ ആദ്യ ദുരന്ത ലഘൂകരണ Virtual Cadre രൂപീകരിച്ചു.

- കേരളത്തിലെ കാലാവസ്ഥാ വ്യതിയാന പ്രവചനം സംബന്ധിച്ച വിവരങ്ങൾ ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഒരു ഗവേഷണ പദ്ധതി Amrita Deemed University-യുമായി ചേർന്ന് നടത്തുന്നു.

- വിവിധ സർക്കാർ വകുപ്പുകളും എല്ലാ നഗരസഭകളും അവരുടേതായ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി.

- മൺറോ തുരുത്ത് (കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല) എന്നിവിടങ്ങളിൽ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കി. തിരുവനന്തപുരം നഗരത്തിലെ എല്ലാ വാർഡുകളിലും പ്രാദേശിക ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കി.

(ബി) ദുരന്ത നിവാരണ നിയമം അനുശാസിക്കുന്നവിധം കൺട്രോൾ റൂം എന്ന സംവിധാനം പരിഷ്കരിച്ച് District Emergency Operation Center (ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം) police, revenue, fire and rescue service എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രവർത്തിപ്പിക്കുവാൻ നിർദ്ദേശം നൽകി. ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ആവശ്യമായ സംവിധാനങ്ങൾ സംബന്ധിച്ച അടിയന്തിരഘട്ട കാര്യനിർവ്വഹണ രൂപരേഖയുടെ രണ്ടാംപതിപ്പ് [Handbook on Disaster Management-Volume 2 (Edition 2)-Emergency Operations Centers & Emergency Support Functions Plan, Kerala] പുറത്തിറക്കി. നിലവിൽ കോഴിക്കോട്, മലപ്പുറം, എറണാകുളം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ അടിയന്തിരഘട്ട കാര്യനിർവ്വഹണ രൂപരേഖയുടെ രണ്ടാം പതിപ്പ് പ്രകാരം ആവശ്യമായ സംവിധാനങ്ങൾ ഉൾപ്പെടുത്തി കൺട്രോൾ റൂം എന്ന സംവിധാനം പരിഷ്കരിച്ച് District Emergency Operations Center ആക്കി മാറ്റിയിട്ടുണ്ട്.

## മാവേലിക്കര താലൂക്കിലെ ധനസഹായത്തിനുള്ള അപേക്ഷ

245 (3954) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിന് നല്കിയ അപേക്ഷകളിൽ മാവേലിക്കര താലൂക്കിലെ എത്ര അപേക്ഷകളാണ് നിരസിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) നിരസിക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ;

(സി) അപേക്ഷകളുമായി ബന്ധപ്പെട്ട് അപേക്ഷകരിൽ നിന്നും നേരിട്ട് വിവരശേഖരണം നടത്തുന്നതിന് വില്ലേജ് ആഫീസർമാർക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 496.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം അർഹതയില്ലാത്ത അപേക്ഷകളാണ് നിരസിക്കുന്നത്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പരിശോധിക്കുന്നത്. അപേക്ഷ ലഭിക്കുമ്പോൾ ബന്ധപ്പെട്ട അപേക്ഷകരിൽനിന്നും വില്ലേജ് ഓഫീസ് തലത്തിൽ ആവശ്യമായ വിവര ശേഖരണം നടത്തിയാണ് അന്വേഷണ റിപ്പോർട്ട്/ശിപാർശ തഹസിൽദാർ വഴി വില്ലേജ് ഓഫീസർ സമർപ്പിക്കുന്നത്.

## ദുരന്ത നിവാരണ വകുപ്പ് ഭരണാനുമതി നൽകിയ പുനരുദ്ധാരണ പ്രവൃത്തികൾ

246 (3955) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലവർഷക്കെടുതികളുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്തനിവാരണ വകുപ്പ് മുഖേന നാളിതുവരെ എത്ര തുകയ്ക്കുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മന്ത്രിക്കും എം.എൽ.എ.-ക്കും സംസ്ഥാനത്തെ ഓരോ എം.പി.ക്കും ഇക്കാലയളവിൽ പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) മന്ത്രിമാർ, എം.പി.-മാർ, എം.എൽ.എ.-മാർ തുടങ്ങിയ ജനപ്രതിനിധികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് നിർവ്വഹണം നടത്തുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്കുവേണ്ടി ശിപാർശ ചെയ്യാമെങ്കിലും മന്ത്രിമാർക്കോ എം.പി.-മാർക്കോ എം.എൽ.എ.-മാർക്കോ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അപ്രകാരമുള്ള പ്രവൃത്തികൾ അനുവദിക്കുന്നതിന് ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം വ്യവസ്ഥയില്ല.

## റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

247 (3956) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി ഇനംതിരിച്ച് വ്യക്തമാക്കുമോ; പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ്;

(സി) പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

## സംയോജിത നീർത്തട പരിപാലന പരിപാടി

248 (3957) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ രൂക്ഷമായ വരൾച്ച നേരിടുന്നതിന് നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംയോജിത നീർത്തട പരിപാലന പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ വിശദമാക്കാമോ;

(സി) സംയോജിത നീർത്തട പരിപാലന പരിപാടി പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പി.എം.കെ.എസ്.വൈ.- യിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് മൂലമുള്ള നേട്ടങ്ങളും ഗുണങ്ങളും വ്യക്തമാക്കാമോ;

(ഇ) കേന്ദ്രത്തിൽനിന്ന് ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ ലഭിച്ച തുക വ്യക്തമാക്കാമോ;

(എഫ്) ഈ ഫണ്ടിൽ നിന്നുള്ള വിഹിതം ജില്ലകൾക്ക് നൽകാറുണ്ടെങ്കിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നദികളിലെയും തോടുകളിലെയും നീരൊഴുക്ക് പുനഃസ്ഥാപിക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, ഹരിത കേരളം, കാസർഗോഡ് പാക്കേജ് തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പ് നടപ്പാക്കിവരുന്നു. നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനും ഉതകുന്ന തരത്തിൽ കേരളത്തിലെ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ ഭാഗമായി നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, ഓപ്പൺവെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ

തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിക്കുക, ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുക, പമ്പ്ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുക, പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുക, വാൽവുകൾ നിയന്ത്രിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചും സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാനായുള്ള 'ബ്ലൂ ബ്രിഗേഡ്' സംവിധാനം, നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനം എന്നിവ ജല അതോറിറ്റി നടപ്പിലാക്കിവരുന്നു.

ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റിലും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥനപ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കി മുടക്കംകൂടാതെ ജലവിതരണം സാദ്ധ്യമാക്കുന്നതുമാണ്.

ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു. കൂടാതെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 22 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 432 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം e-LAMS വഴി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല

സംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധിവരെ സഹായകരമാണ്. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികൾക്കായി വിവിധ ജില്ലകൾക്കും 4 കുഴൽക്കിണർ റീചാർജ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ, ബോർവെൽ റീചാർജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

കൂടാതെ ഭൂജലവകുപ്പ് "ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും" പദ്ധതിയിൻകീഴിൽ ഭൂജലഉപഭോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ സെമിനാറുകളും ജില്ലകളിൽ സംഘടിപ്പിച്ചു വരുന്നു.

ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതുവഴി ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. യീൽഡ് ടെസ്റ്റ് മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽക്കിണറുകൾ) എന്നിവയുടെ സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് റെഗുലേഷനും കുറഞ്ഞ അളവിൽ (40 lpcd-70 lpcd) പരിമിതപ്പെടുത്താനായി നിർദ്ദേശങ്ങൾ നൽകിവരുന്നു. ആവശ്യമായ വെള്ളം ലഭ്യമല്ലാത്ത സ്രോതസ്സുകൾക്ക് പകരമായി പുതിയ സ്രോതസ്സുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water well recharge, ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവുചാൽ നിർമ്മാണം), Sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ) VCB (Vented Cross Bar) മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. ജലനിധി പദ്ധതികളിൽ ഭൂജല പരിപോഷണം ജലനിധി പഞ്ചായത്തുകളിൽ മാത്രമേ നടപ്പിലാക്കി വരുന്നുള്ളൂ.

(ബി) സംയോജിത നീർത്തട പരിപാലന പരിപാടി നിലവിൽ നിർവ്വഹിച്ചുവരുന്നത് മണ്ണ് പര്യവേക്ഷണ/മണ്ണ് സംരക്ഷണ വകുപ്പ്, റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് എന്നിവ മുഖേനയാണ്. എന്നാൽ ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണ/ജലസമൃദ്ധിയുടെ ഭാഗമായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സംയോജിത നീർത്തട പദ്ധതിയുടെ അടിസ്ഥാന ത്തിലായിരിക്കണം എന്ന് തീരുമാനിക്കുകയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നീർത്തട പദ്ധതികൾ തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന നീർത്തട പദ്ധതി പ്രകാരം ശിപാർശ ചെയ്യുന്ന പ്രവർത്തനങ്ങൾ അതത് വകുപ്പിന്റെ ധനലഭ്യതയനുസരിച്ചായിരിക്കും ഏറ്റെടുക്കുക.

(സി-എഫ്) സംയോജന നീർത്തട പരിപാലന പരിപാടി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നത് സംസ്ഥാന ഗ്രാമവികസന വകുപ്പ് മുഖാന്തരമാണ്. ആകയാൽ ഇതുമായി ബന്ധപ്പെട്ട ഫണ്ടിനെക്കുറിച്ചുള്ള വിവരങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

**ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ**

249 (3958) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 2008-ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതിന് മുൻകാല ഉത്തരവുകളിലുണ്ടായിരുന്ന അവ്യക്തത ഒഴിവാക്കിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ഉൾപ്പെടെ വിശദാംശം നൽകുമോ;

(സി) നിശ്ചിത തുക പിഴ ഈടാക്കിക്കൊണ്ട് അനധികൃതമായ നിലം നികത്തൽ ക്രമവൽക്കരിക്കാൻ പുതിയ എന്തെങ്കിലും ഓർഡിനൻസ്/ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് എത്ര കേസുകൾ പിഴ ഈടാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കേണ്ട ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 669 ഇടങ്ങളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 226 കൃഷിഭവൻ പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനായി അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഗവൺമെന്റ് പ്രസ്സുകളിൽ ഏൽപ്പിച്ചിട്ടുണ്ട്. 9 ജില്ലകളിലായി 22 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ/തണ്ണീർത്തടം ഇല്ല. ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഏൽപ്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനം നടത്താനായി അവ ഗവൺമെന്റ് പ്രസ്സിലേയ്ക്ക് കൈമാറാത്തതുമായ 136 എണ്ണവും ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിന് കെ.എസ്.ആർ.ഇ.സി.-യുടെ സഹകരണത്തോടെ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 88 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കെ.എസ്.ആർ.ഇ.സി. തയ്യാറാക്കിയിട്ടുണ്ട്.

ഡാറ്റാ ബാങ്ക് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡയറക്ടർ, കെ.എസ്.ആർ.ഇ.സി. ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി 18-1-2017-ലെ സ.ഉ. (ആർ.റ്റി)നമ്പർ 47/2017/കൃഷി (എൻ.സി.എ.) വകുപ്പ് പ്രകാരം രൂപം നൽകിയിട്ടുണ്ട്.

(ബി&സി) 2017-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ഡി) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ ക്രമവൽക്കരക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അധിക ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുവാൻ നടപടി

250 (3959) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികളും സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്ന അധികഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ താലൂക്ക് ലാന്റ് ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാവർക്കും വീട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഭൂമി സർക്കാരിന്റെ പക്കലില്ലാത്ത സാഹചര്യത്തിലാണോ ഭൂപരിഷ്കരണ നിയമം കർശനമാക്കുന്നതിന് ആലോചിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ഭൂപരിഷ്കരണ നിയമത്തിൽ ഇളവുനേടി കൂടുതൽ ഭൂമി കൈവശം വയ്ക്കുവാൻ അർഹത നേടിയവർ നിയമം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യക്തികളും സ്ഥാപനങ്ങളും ഭൂപരിധിയിൽ കവിഞ്ഞ് കൈവശം വച്ചുവരുന്ന മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ കർഷത്തൊഴിലാളികൾക്ക് വിതരണം ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ കേരള ഭൂപരിഷ്കരണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ടി നിയമത്തിലെ III-ാം അദ്ധ്യായത്തിലെ പ്രസക്ത വകുപ്പുകൾ പ്രകാരം ഭൂപരിധി കേസുകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അധികഭൂമി ഏറ്റെടുത്ത് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യുന്ന നടപടികൾ സംസ്ഥാനത്ത് നടന്നുവരുന്നു. പ്രസ്തുത നടപടി ത്വരിതപ്പെടുത്തുവാനും ഭൂപരിധിയിൽ കഴിഞ്ഞ എല്ലാ കൈവശങ്ങളും ഭൂപരിധി കേസിന്റെ പരിധിയിൽ കൊണ്ടുവന്ന് നടപടി സ്വീകരിക്കുവാനും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചുവരുന്നവർക്കെതിരെ സീലിംഗ് കേസ് എടുത്ത് മിച്ചഭൂമി കണ്ടെത്തുന്നതിന് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് കേരള ഭൂപരിഷ്കരണ നിയമപ്രകാരം അധികാരമുണ്ട്.

(സി) കേരള ഭൂപരിഷ്കരണ നിയമം നിലവിൽ കർശനമായി നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) ഭൂപരിഷ്കരണ നിയമത്തിൽ ഇളവുനേടി കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ അർഹത നേടിയവർ നിയമം ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരക്കാർക്കെതിരെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി

251 (3960) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ 2017 മാർച്ച് 31-ന്റെ വാർഷിക റിപ്പോർട്ടിൽ അവരുടെ കൈവശം തോട്ടമല്ലാത്ത 18322.46 ഏക്കർ ഭൂമി ഉള്ളതായി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) തോട്ടമല്ലാത്ത ഭൂമി 15 ഏക്കറിൽ കൂടുതൽ കൈവശം ഉള്ളവരിൽ നിന്നും അത് ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്ന് ഭൂപരിഷ്കരണ നിയമം നിഷ്കർഷിക്കുന്നുണ്ടോ;

(സി) മിച്ചഭൂമി കൈവശം ഉള്ള ഭൂഉടമകൾ ലാന്റ് ബോർഡിൽ സീലിംഗ് റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ടോ; എങ്കിൽ ഹാരിസൺ പ്ലാൻറ്റേഷൻ ലിമിറ്റഡ് അപ്രകാരം ചെയ്തിട്ടുണ്ടോ;

(ഡി) ഹാരിസൺ പ്ലാൻറ്റേഷൻ ലിമിറ്റഡിന്റെ വാർഷിക റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ നടപടി സ്വീകരിക്കുവാൻ സംസ്ഥാന ലാന്റ് ബോർഡിന് കഴിയുമോ; എങ്കിൽ ലാന്റ് ബോർഡ് ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

ഉത്തരം

(എ) ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡിന്റെ 2017 മാർച്ച് 31-ന്റെ വാർഷിക റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചതായി കാണുന്നില്ല.

(ബി) കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 82-ൽ നിഷ്കർഷിക്കുന്ന പരിധിയിൽ കൂടുതൽ ഭൂമി ആർജ്ജിക്കുന്നവർക്കെതിരെ സീലിംഗ് കേസ് നടപടികൾ സ്വീകരിച്ച് ടി കേസുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമി സെക്ഷൻ 96 പ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 1-1-1970-നുശേഷം പരിധിയിൽ കവിഞ്ഞ് ഭൂമി ആർജ്ജിക്കുന്നവർ താലൂക്ക് ലാൻഡ് ബോർഡ് മുമ്പാകെ മൂന്ന് മാസത്തിനകം റിട്ടേൺ ഫയൽ ചെയ്യുവാൻ 87 (IA) വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

M/s. ഹാരിസൺ പ്ലാന്റേഷൻ ലിമിറ്റഡ് അപ്രകാരം റിട്ടേൺ ഫയൽ ചെയ്തിട്ടില്ല. എന്നാൽ M/s മലയാളം പ്ലാന്റേഷൻ (India) ലിമിറ്റഡ് എന്ന കമ്പനി നിർദ്ദിഷ്ട ഫോറത്തിൽ അല്ലാതെ ഭൂമിയുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് 4-4-1972-ൽ ലാൻഡ് ബോർഡിൽ ഫയൽ ചെയ്തിട്ടുള്ളതായി കാണുന്നു.

(ഡി) ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശംവച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സർക്കാരിന്റെ 30-12-2015-ലെ G.O. (Ms.) 703/15/RD നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഭൂപ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസുകളിൽ നിലവിൽ അന്തിമവാദം നടന്നുകൊണ്ടിരിക്കുകയാണ്.

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

252 (3961) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയോട് ചേർന്ന് റവന്യൂ ഭൂമിയോ റവന്യൂ പുറമ്പോക്ക് ഭൂമിയോ ഉണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ എവിടെയൊക്കെയാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയോട് ചേർന്ന് റവന്യൂ ഭൂമിയായി, നിലമ്പൂർ വില്ലേജ് ഓഫീസ് കെട്ടിടം നിൽക്കുന്ന, സർവ്വേ നമ്പർ 243/6-ൽ (ബ്ലോക്ക് 92) 0.1000 ഹെക്ടർ സ്ഥലവും എടക്കര വില്ലേജ് ഓഫീസ് നിൽക്കുന്ന സർവ്വേ നമ്പർ 1065-ൽ 0.0202 ഹെക്ടർ സ്ഥലവുമുണ്ട്.

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ അമരമ്പലം വില്ലേജിൽ ബ്ലോക്ക് 122-ൽ റീസർവ്വേ 326/2-ൽ 1.0960 ഹെക്ടർ ഭൂമി റീസർവ്വേ റിക്കോർഡ് പ്രകാരം റിസർവ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയതാണെങ്കിലും പ്രസ്തുത സ്ഥലം റവന്യൂ പുറമ്പോക്ക് ഭൂമിയാണ്.

## പാട്ടത്തുക അടയ്ക്കാതെ പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൈവശം വച്ചിരിക്കുന്ന ഭൂമി

253 (3962) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2006-ൽ പാട്ടക്കാലാവധി അവസാനിച്ചിട്ടുള്ളതും പാട്ടതുക അടയ്ക്കാതെ പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബ്ബ് കൈവശംവച്ചിരിക്കുന്ന 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കാനായി ശിപാർശ സമർപ്പിക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്നും ശിപാർശ എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ലാൻഡ് ട്രിബ്യൂണലുകളിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി നടപടി

254 (3963) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാന്റ് ട്രൈബ്യൂണലുകളിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നത് ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം നിലവിൽ വന്നതെപ്പോഴാണ്;

(സി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പട്ടയത്തിന്മേലുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ നിലവിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) 1-4-1964 ന് മുമ്പുള്ള കൈവശം തെളിയിക്കണമെന്ന നിയമത്തിലെ നിബന്ധനയാണ് അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതെന്നും നിലവിലുള്ള പട്ടയ അപേക്ഷകരിൽ ഭൂരിപക്ഷവും അതിനുശേഷം ജനിച്ചവരാണെന്നതും കണക്കിലെടുത്ത് ഈ നിബന്ധനയിൽ ഇളവു വരുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ ലാന്റ് ട്രൈബ്യൂണലുകളിലെ പട്ടയ അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ച് നിലവിലുള്ള നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 72, 80 ബി, 7 ഇ വകുപ്പുകൾ പ്രകാരം ക്രയ സർട്ടിഫിക്കറ്റും റൈറ്റിൽ സർട്ടിഫിക്കറ്റും നൽകിവരുന്നു.

(ബി) 1-4-1964, 1-1-1970 തീയതികളിലാണ് നിലവിലെ നിയമം നിലവിൽ വന്നത്.

(സി) കുടിയായ്മ സംബന്ധിച്ച വ്യവസ്ഥകൾ നടപ്പിൽവന്നത് 1-4-1964-ലാണ്. ഈ തീയതിക്കുശേഷം പുതിയ കുടിയായ്മ സൃഷ്ടിക്കരുതെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. യഥാർത്ഥ കുടിയാനെ കണ്ടെത്തിയാൽ മാത്രമേ

കുടിയായ്മ സ്ഥിരത (Fixity of Tenure) നൽകുവാൻ കഴിയൂ. കുടികിടപ്പുകാർക്കും അവരിൽനിന്നും കൈമാറ്റം വാങ്ങിയവർക്കുമാണ് ക്രയ സർട്ടിഫിക്കറ്റ് നൽകുന്നത്. 1-4-1964-ൽ കുടിയായ്മ ഉണ്ടായിരുന്നോ എന്നും യഥാർത്ഥ കുടിയാനിൽ നിന്നും കൈമാറ്റം ലഭിച്ച കുടിയാൻ ആണോയെന്നും കണ്ടെത്തിയാണ് കുടിയായ്മ സ്ഥിരത നൽകുന്നതും ക്രയ സർട്ടിഫിക്കറ്റ് നൽകുന്നതും.

(ഡി) ക്രയ സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുന്നയാൾ എന്ന് ജനിച്ചതാണെന്നുള്ളത് കേസ് തീരുമാനിക്കുന്നതിൽ ഒരു ഘടകമല്ല. 1-4-1964-നോ അതിനുമുമ്പോ ജന്മി കുടിയാൻ ബന്ധത്തിൽ കൈവശം വച്ചിരുന്ന കുടിയായ്മ ഭൂമിക്കാണ് ക്രയ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രസ്തുത ഭൂമിയുടെ ഇപ്പോഴത്തെ കൈവശക്കാരന് ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നു.

(ഇ) കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രിബ്യൂണലിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള ഡസിഗ്നേറ്റഡ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഈ നടപടിയിലൂടെ സമയബന്ധിതമായി കേസുകൾ തീർപ്പാക്കിവരുന്നു.

## ലാൻഡ് ട്രിബ്യൂണലുകൾ

255 (3964) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ലാൻഡ് ട്രിബ്യൂണലുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ലാൻഡ് ട്രിബ്യൂണലുകളിലും പട്ടയത്തിനുവേണ്ടിയുള്ള എത്ര കേസ്സുകൾ വീതം തീർപ്പാക്കപ്പെടാതെയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന പട്ടയം അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന പട്ടയം സംബന്ധിച്ച അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 17 ലാന്‍ഡ് ട്രിബ്യൂണലുകളും 14 ദേവസ്വം ട്രിബ്യൂണലുകളും ഉള്‍പ്പെടെ 31 ലാന്‍ഡ് ട്രിബ്യൂണലുകളാണ് നലവിലുള്ളത്.

(ബി) തീര്‍പ്പാക്കാന്‍ ബാക്കിയുള്ള കേസുകളുടെ വിവരം അനുബന്ധമായി ചേര്‍ത്തിട്ടുണ്ട്*.

(സി) ഏറ്റവും കൂടുതല്‍ കേസുകള്‍ തീര്‍പ്പാക്കാനുള്ള തൃശ്ശൂര്‍, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂര്‍ ജില്ലകളില്‍ 29 സ്പെഷ്യല്‍ തഹസില്‍ദാര്‍മാര്‍ക്ക് ലാന്‍ഡ് ട്രിബ്യൂണലിന്റെ അധിക ചുമതല നല്‍കിയിട്ടുണ്ട്. ലാന്‍ഡ് ട്രിബ്യൂണലിലെ ജീവനക്കാരെ അടിക്കടി സ്ഥലംമാറ്റുന്നത് കേസ് തീര്‍പ്പാക്കുന്നതിനെ ബാധിക്കുമെന്ന് കണ്ടതിനാല്‍ അവരെ രണ്ട് വര്‍ഷത്തേയ്ക്ക് സ്ഥലം മാറ്ററുതെന്ന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. എല്ലാ മാസവും കേസ് തീര്‍പ്പാക്കല്‍ പുരോഗതി അവലോകനം ചെയ്യാന്‍ യോഗങ്ങളും നടത്തിവരുന്നു. ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം മേല്‍പ്പറഞ്ഞ നടപടികളിലൂടെ 61,000 കേസുകള്‍ 2018 ഫെബ്രുവരി 28 വരെ തീര്‍പ്പാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവന്‍ വില്ലേജ് ഓഫീസര്‍മാരെയും ലാന്‍ഡ് ട്രിബ്യൂണലിലേക്ക് റിപ്പോര്‍ട്ട് സമര്‍പ്പിക്കാന്‍ അധികാരമുള്ള ഉദ്യോഗസ്ഥരായി ഡെസിഗ്നേറ്റ്ചെയ്ത് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഫലമായി റിപ്പോര്‍ട്ടുകള്‍ ലഭിക്കുന്നതിനായുള്ള പെന്‍ഡിംഗ് കേസുകള്‍ അവസാനിപ്പിക്കാന്‍ കഴിയുന്നതാണ്.

(ഡി) ഇതുമായി ബന്ധപ്പെട്ട് നല്‍കിയ നിര്‍ദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും പകര്‍പ്പുകള്‍ അനുബന്ധമായി ചേര്‍ത്തിട്ടുണ്ട്*.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധി (ഫ്ലഡ്)

256 (3966) ശ്രീ. അടൂര്‍ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയുടെ (ഫ്ലഡ്)- വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളില്‍ അനുവദിച്ചതും വിതരണം നടത്തിയതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ശീര്‍ഷകത്തിലും വിതരണംചെയ്ത തുക എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഇതില്‍നിന്നും നാളിതുവരെ എന്തു തുക വിനിയോഗിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി ) അനുബന്ധമായി ചേര്‍ക്കുന്നു*.

---

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്

## നെടുമങ്ങാട് താലൂക്കിൽ അനുവദിച്ച ഫ്ലഡ് പ്രവൃത്തികൾ

257 (3967) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 മുതൽ 2017-18 വരെയുള്ള നാല് വർഷ കാലയളവിൽ നെടുമങ്ങാട് താലൂക്കിൽ അനുവദിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതൊക്കെയാണ്; അവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു;

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണ്; വിശദമാക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികൾക്ക് തുക നൽകാനുണ്ടോ; ഉണ്ടെങ്കിൽ തുക നൽകുന്നതിന് തടസ്സമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) അന്തിമബിൽ സമർപ്പിച്ച സീനിയോറിറ്റി പ്രകാരം തുക നൽകി വരുന്നു.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

258 (3968) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ മുഴുവൻ തുകയും അനുവദിക്കാത്തതു കാരണം ഇപ്പോൾ അനുവദിച്ച പ്രവൃത്തികൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇനി എത്ര തുക അനുവദിക്കാനുണ്ട് ; ഈ തുക എപ്പോൾ അനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 25.14 കോടി രൂപ അനുവദിക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നിലവിൽ തുക അവശേഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിലേയ്ക്ക് റീ-അപ്രോപ്രിയേഷൻവഴി തുക വകയിരുത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം മാവേലിക്കരയിലെ റോഡുനിർമ്മാണ പ്രവൃത്തികൾ

259 (3969) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി 2015-16, 2016-17 വർഷങ്ങളിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച റോഡുനിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(ബി) പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

(ബി) ബാധകമല്ല.

## വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

260 (3970) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ സേവനങ്ങൾ ഓൺലൈൻ വഴിയാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ളതാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏത് സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകൾ ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജാഫീസ് കെട്ടിടങ്ങളിൽ ടോയ്‌ലെറ്റ്, കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടവ, അഡീഷണൽ റൂം, ചുറ്റുമതിൽ നിർമ്മിക്കേണ്ടവ എന്നിവയുടെ വിവരം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 70 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണിക്കും 673 വില്ലേജാഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനും 68 വില്ലേജുകളിൽ ചുറ്റുമതിൽ, 67 വില്ലേജുകളിൽ അഡീഷണൽ റൂം എന്നിവയുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകുകയും ആയതിന്റെ പണികൾ പുരോഗമിച്ചും വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 1800 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**മാത്തൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ**

261 (3971) <u>ശ്രീ. ഷാഫി പറമ്പിൽ :</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് നിയോജകമണ്ഡലത്തിലുള്ള മാത്തൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വർഷം കെട്ടിടം പുതുക്കി പണിയുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്മാർട്ട് വില്ലേജ് മാതൃകയിൽ പുതുക്കിപ്പണിയേണ്ട വില്ലേജുകളുടെ പട്ടികയിൽ മാത്തൂർ 2 വില്ലേജ് മുൻഗണനാക്രമം അനുസരിച്ച് ക്രമ നമ്പർ 18 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്തെ വില്ലേജാഫീസ് കെട്ടിടങ്ങൾ ഘട്ടംഘട്ടമായി സ്മാർട്ട് വില്ലേജുകളാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**സംസ്ഥാനത്ത് റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ**

262 (3972) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എവിടെയൊക്കെയാണ് റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ രൂപീകരിച്ചതെന്നും അവയുടെ പ്രവർത്തനം തുടങ്ങിയോയെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി അനുവദിച്ചിട്ടുള്ള തസ്തികകൾ പര്യാപ്തമാണോ; വ്യക്തമാക്കുമോ; അല്ലെങ്കിൽ കൂടുതൽ തസ്തികകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് പുതുതായി റവന്യൂ ഡിവിഷനുകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ അനുവദിക്കുന്നതിന് നീക്കമുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പുതുതായി 5 റവന്യൂ ഡിവിഷനുകളും 2 താലൂക്കുകളും ഒരു വില്ലേജും രൂപീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ ഡിവിഷനുകൾ

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | നെടുമങ്ങാട് |
| 2. | തൃശ്ശൂർ | - | ഇരിങ്ങാലക്കുട |
| 3. | കോഴിക്കോട് | - | വടകര |
| 4. | കണ്ണൂർ | - | തളിപ്പറമ്പ് |
| 5. | കാസർഗോഡ് | - | കാസർഗോഡ് |

താലൂക്കുകൾ

1. തൃശ്ശൂർ - കുന്നംകുളം
2. കണ്ണൂർ - പയ്യന്നൂർ

പയ്യന്നൂർ താലൂക്കിന്റെ ഉദ്ഘാടനം 10-3-2018-ന് നടന്നു. കുന്നംകുളം താലൂക്കിന്റെയും 5 പുതിയ റവന്യൂ ഡിവിഷനുകളുടെയും പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്.

വില്ലേജ്

തിരുവനന്തപുരം - ഇളമ്പ.

(സി) ഒരു റവന്യൂ ഡിവിഷണൽ ഓഫീസിൽ 24 തസ്തികകൾവീതം 5 റവന്യൂ ഡിവിഷണൽ ഓഫീസുകൾക്ക് 120 തസ്തികകളും ഒരു താലൂക്ക് ഓഫീസിന് 55 തസ്തികകൾ വീതം രണ്ട് താലൂക്കുകൾക്ക് 110 തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതുതായി രൂപീകൃതമായ താലൂക്കുകളിലേയ്ക്ക് ഓരോ യു.ഡി. ടൈപ്പിസ്റ്റും എൽ.ഡി. ടൈപ്പിസ്റ്റും തസ്തികകൾ അതത് ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് 6 റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിൽ 5 എണ്ണം രൂപീകരിച്ചിട്ടുണ്ട്. കൊല്ലത്ത് ഒരെണ്ണം ഉടൻതന്നെ രൂപീകരിക്കാൻ കഴിയും.

വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളവും, കണ്ണൂർ ജില്ലയിലെ പയ്യന്നൂരും ആസ്ഥാനമാക്കി പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ശമ്പളസ്കെയിൽ

263 (3973) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, വില്ലേജ് അസിസ്റ്റന്റ് തസ്തികകളിലേക്ക് നിയമനം ലഭിക്കുന്നതിന് നിലവിലുള്ള യോഗ്യതകൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, വില്ലേജ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ജോലികൾ നിർവചിച്ചിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർ വിവിധ നോട്ടീസുകളുടെ നടത്തിപ്പിനായി വില്ലേജ് പരിധിക്കുള്ളിൽ സഞ്ചരിക്കേണ്ടതുണ്ടോ; ഇപ്രകാരം യാത്ര ചെയ്യുന്നതിന് യാത്രാബത്തയോ കൺവയൻസ് /സ്പെഷ്യൽ അലവൻസോ അനുവദിക്കാറുണ്ടോ; ഇല്ലായെങ്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ചെയ്യുന്ന ജോലി വില്ലേജ് അസിസ്റ്റന്റിന്റെ ജോലിക്ക് തുല്യമോ കൂടുതലോ ആയ സാഹചര്യത്തിൽ എന്തുകൊണ്ടാണ് ശമ്പള സ്കെയിൽ തുല്യമാക്കി നൽകാത്തത് എന്നു വിശദമാക്കാമോ; തുല്യ ജോലിക്ക് തുല്യ ശമ്പളം എന്ന നീതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ലാൻഡ് റവന്യൂ വകുപ്പിൽ വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി/തത്തുല്യം പാസ്സ് ആണ്. 14-10-2016-ലെ സ.ഉ.(കൈ.)538/2016/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി./തത്തുല്യം പാസ്സ് ആക്കി ഉയർത്തിയിട്ടുള്ളത്.

(ബി) വില്ലേജ് അസിസ്റ്റന്റുമാരുടെ ചുമതലകളെക്കുറിച്ച് വില്ലേജ് ഓഫീസ് മാന്വൽ 2-ാം അദ്ധ്യായം 8-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. വില്ലേജ് അസിസ്റ്റന്റുമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു:

1. നികുതി പിരിക്കുന്നതിന് വില്ലേജ് ഓഫീസറെ സഹായിക്കുക.
2. കുടിശ്ശികക്കാരന്റെ ജംഗമ വസ്തുക്കൾ ജപ്തി ചെയ്യുക. (വ്യക്തമായി അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രം).
3. ലാൻഡ് റവന്യൂ രജിസ്റ്ററുകളും അക്കൗണ്ടുകളും കൃത്യമായി തയ്യാറാക്കുക.
4. പ്രതിമാസ മുതൽ പിരിവ് ബാക്കി സ്റ്റേറ്റ്മെന്റും വാർഷിക റവന്യൂ അക്കൗണ്ടും യഥാസമയം തയ്യാറാക്കുക.
5. മേലുദ്യോഗസ്ഥർക്ക് അയയ്ക്കേണ്ട മറ്റ് റിപ്പോർട്ടുകളും ആനുകാലികങ്ങളും തയ്യാറാക്കുക.
6. വില്ലേജ് ഓഫീസിലെ റിക്കോർഡുകൾ ക്രമപ്പെടുത്തി സൂക്ഷിക്കുകയും നശിപ്പിക്കുവാൻ കാലമായ റിക്കോർഡുകളുടെ പട്ടിക തയ്യാറാക്കുകയും ചെയ്യുക.
7. പുറംപോക്ക് സർവ്വേ ചെയ്യുകയും അവയിൽ കാണുന്ന പ്രവേശനങ്ങൾക്ക് സ്കെച്ചും 'എ' ഫോറം സ്റ്റേറ്റ്മെന്റും തയ്യാറാക്കുകയും ചെയ്യുക.
8. പുറംപോക്ക് ഭൂമികളുടെ അതിർത്തിക്കല്ലുകൾ പരിശോധിക്കുകയും അവയിൽ ഏതെങ്കിലും പുതുക്കുകയോ അറ്റകുറ്റം തീർപ്പാക്കുകയോ ചെയ്യാനുണ്ടെങ്കിൽ നടപടി സ്വീകരിക്കുകയും ചെയ്യുക.
9. ഭൂമി പതിവ്, ഭൂസംരക്ഷണം, ജമമാറ്റം (പോക്കുവരവ്), റവന്യൂ റിക്കവറി, ഭൂമി പൊന്നുംവിലയ്ക്കെടുക്കൽ എന്നീ റവന്യൂ കേസുകളെ സംബന്ധിച്ച മഹസറും റിക്കോർഡുകളും തയ്യാറാക്കുക.
10. എഴുത്തുകുത്ത് ജോലിയിൽ വില്ലേജ് ഓഫീസറെ സഹായിക്കുക.
11. തഹസിൽദാരുടെ ഉത്തരവിൻപ്രകാരം ഭൂഉടമകൾക്ക് അവരവരുടെ വസ്തുക്കളുടെ ശരിയായ കിടപ്പും അതിർത്തിയും കണ്ടുപിടിക്കുന്നതിന് സഹായിക്കുക.
12. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ സർക്കാർ ജോലികളും നിർവ്വഹിക്കുക.

വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ചുമതലകളെക്കുറിച്ച് വില്ലേജ് മാന്വൽ 2-ാം അദ്ധ്യായം 9-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു:

1. വില്ലേജിൽ പിരിയുന്ന തുക ഖജനാവിൽ ഒടുക്കാൻ വില്ലേജ് ഓഫീസറെ സഹായിക്കുക.

2. കുടിശ്ശികക്കാരുടെ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റ് നോട്ടീസുകളും നടത്തുക.

3. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന മറ്റെല്ലാ ജോലികളും നിറവേറ്റുക.

പ്രസ്തുത ചുമതലകൾ കൂടാതെ 30-6-2015-ലെ സ.ഉ.(കൈ)288/2015 ആർ.ഡി.നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസുകളിലെ കരം സ്വീകരിച്ച് ഒപ്പുവച്ച് വിതരണം ചെയ്യുന്നതിനുള്ള അധികാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് പെർമനന്റ് കൺവയൻസ് അലവൻസ് അനുവദിക്കുന്നുണ്ട്.

(ഡി) വില്ലേജ് അസിസ്റ്റന്റിന്റെ ചുമതലകൾ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ചുമതലയേക്കാൾ അധികമാണ്. 14-10-2016-ലെ സ.ഉ.(കൈ.)നമ്പർ 538/2016 ആർ.ഡി. പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 10-ാം ക്ലാസ്സ് പാസ്സ് ആയി ഉയർത്തിയെങ്കിലും ടി തസ്തികയുടെ ജോലി സ്വഭാവത്തിൽ മാറ്റം വന്നിട്ടില്ലാത്തതാണെന്നും ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, അതത് തസ്തികകളുടെ അധികാര പരിധി എന്നിവയെല്ലാം അടിസ്ഥാനമാക്കിയാണെന്നും ആയതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റിന് സമാനമായതുകൊണ്ടുമാത്രം സമാന ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് 23-10-2017-ലെ T1/204/2017/Rev നമ്പർ കത്തിൽ സർക്കാർ തീരുമാനം അറിയിച്ചിട്ടുള്ളതാണ്.

## വില്ലേജ് ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം

264 (3974) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതോടൊപ്പം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെക്കൂടി നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഓരോ വില്ലേജ് ഓഫീസിലും ഓരോ ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന രീതിയിൽ തസ്തിക സൃഷ്ടിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) വില്ലേജ് ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## കർഷകൻ ആത്മഹത്യചെയ്ത സംഭവം

265 (3975) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി സ്വീകരിക്കാത്തതിനാൽ കോഴിക്കോട് ചെമ്പനോട് വില്ലേജാഫീസിൽ കർഷകൻ ആത്മഹത്യചെയ്ത സംഭവവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ വില്ലേജോഫീസർ സലീഷ് തോമസിനെതിരെയുള്ള അച്ചടക്കനടപടികൾ ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കാമോ ;

(ബി) സലീഷ് തോമസിനെ സർവ്വീസിൽ തിരികെയെടുത്തിട്ടുണ്ടോ;

(സി) ആത്മഹത്യചെയ്ത ജോയിയുടെ അവകാശിക്ക് നൽകാമെന്ന് പ്രഖ്യാപിച്ചിരുന്ന ജോലി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ചെമ്പനോട് വില്ലേജിലെ കർഷക ആത്മഹത്യയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. സലീഷ് തോമസിന് ലാൻഡ് റവന്യൂ കമ്മീഷണർ കുറ്റപത്രം നൽകിയിട്ടുണ്ട്. ടിയാന്റെ

പ്രതിവാദ പത്രിക ലഭിച്ചതിനെത്തുടർന്ന് കോഴിക്കോട് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ശ്രീ. സജീവ് ദാമോദറിനെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ഉണ്ട്.

(സി) ആത്മഹത്യ ചെയ്ത ജോയിയുടെ അവകാശിക്ക് ജോലി നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നില്ല.

## ലാൻഡ് ട്രിബ്യൂണലിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ

266 (3977) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലാൻഡ് ട്രിബ്യൂണലിൽ തീർപ്പാകാതെ കിടക്കുന്ന എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുന്നാട് വില്ലേജിൽ R.S.No.715/1A യിൽപ്പെട്ട സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് S.M. No. 147/05 ആയി 2008-ൽ നോട്ടീസ് നൽകിയ കേസ്സുകളിൽ ഇതുവരെ തീർപ്പുകൽപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) എസ്.ടി. വിഭാഗത്തിൽപ്പെട്ട ഇവർക്ക് പട്ടയം ലഭിക്കാത്തത് മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് നടപടികൾ പൂർത്തിയാക്കി പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ, ലാൻഡ് ട്രിബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ, കാസർഗോഡ് ഓഫീസിൽ 1464 കേസുകളും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) & ലാൻഡ് ട്രിബ്യൂണൽ (ദേവസ്വം), കളക്ടറേറ്റ് കാസർഗോഡ് ഓഫീസിൽ 211 കേസുകളും വിചാരണയുടെ വിവിധ ഘട്ടങ്ങളിലായി നിലവിലുണ്ട്.

(ബി) കാസർഗോഡ് ലാൻഡ് ട്രിബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ, കോടതിയിലെ എസ്.എം.147/2005 കേസ് കരിന്തളം വില്ലേജുമായി ബന്ധപ്പെട്ടതാണ്. ആയതിൽ ക്രയ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

(സി) ലാൻഡ് ട്രിബ്യൂണൽ കേസുകളിൽ കേരള ഭൂപരിഷ്കരണ നിയമം പ്രകാരം കുടിയാനും ജന്മി/ദേവസ്വത്തിനും നോട്ടീസയച്ച് ലഭ്യമായ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ വിചാരണ പൂർത്തിയാക്കി അർഹതയുള്ള കേസുകളിൽ എത്രയുംപെട്ടെന്ന് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകി അതിനായി തുടർനടപടികളും സ്വീകരിക്കുന്നുണ്ട്.

## തലശ്ശേരിയിൽ ജലസേചന വകുപ്പിന് ഓഫീസ് കെട്ടിടം

267 (3978) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ജലസേചന വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ നിന്ന് സർക്കാരിന്റെ തീരുമാനത്തിനായി റവന്യൂ (എൽ) വകുപ്പിന് അയച്ചിട്ടുണ്ടായിരുന്ന ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) തലശ്ശേരിയിൽ ജലസേചന വകുപ്പിന് ഓഫീസ് നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും ആയതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരിയിൽ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 65749/L2/14/റവ. നമ്പർ ഫയൽ അഭിപ്രായത്തിനായി ജലവിഭവ വകുപ്പിന് 19-1-2015-ൽ നൽകിയിരിക്കുകയാണ്. ആയത് തിരികെ ലഭ്യമായിട്ടില്ല.

## അങ്കണവാടിക്ക് സ്ഥലം അനുവദിക്കാൻ നടപടി

268 (3979) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ മണ്ഡലത്തിൽ ചെങ്ങാമനാട് പഞ്ചായത്തിലെ 93-ാം നമ്പർ അംഗൻവാടിക്ക് സ്ഥലം അനുവദിക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പിലെ 14820/16/A3/Rev നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

ആലുവ താലൂക്കിൽ ചെങ്ങമനാട് വില്ലേജിൽ ബ്ലോക്ക് 8-ൽ സർവ്വേ നമ്പർ 284/12/8-ൽപ്പെട്ട 01.21 ആർ ഭൂമി ചെങ്ങമനാട് പഞ്ചായത്തിലെ 13-ാം വാർഡിൽ അങ്കണവാടിക്ക് അനുവദിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം/റോഡ് വികസനത്തിനല്ലാതെ മറ്റ് പദ്ധതികൾക്ക് നൽകുന്നത് അഭികാമ്യമല്ലാത്തതിനാൽ ചെങ്ങമനാട് പഞ്ചായത്തിലെ അങ്കണവാടിക്ക് പൊതുമരാമത്ത് വകുപ്പ് വക സ്ഥലം നൽകുവാൻ നിർവ്വാഹമില്ലെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## എണ്ണ സംഭരണ ടാങ്കുകള്‍ കൃഷിഭൂമിയില്‍

269 (T3980) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പയ്യന്നൂര്‍ റെയില്‍വേ സ്റ്റേഷനും, പെരുമ്പ പുഴയ്ക്കും മദ്ധ്യേ നെല്‍വയലും തണ്ണീര്‍ത്തടവും ഉള്‍പ്പെട്ട 129.74 ഏക്കര്‍ കൃഷിഭൂമി എണ്ണക്കമ്പനികള്‍ക്ക് സംഭരണ ടാങ്കുകള്‍ നിര്‍മ്മിക്കുവാന്‍ വിട്ടുകൊടുക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പയ്യന്നൂരിന്റേയും പരിസരഗ്രാമപ്രദേശങ്ങളുടെയും ജലസംഭരണികളായ ഈ പ്രദേശത്തിന്റെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുക്കാതെ പ്രസ്തുത പ്രദേശം നികത്തുന്നത് നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാകില്ലേയെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) BPCL/HPCL കമ്പനിക്ക് ഓയില്‍ ഡിപ്പോ സ്ഥാപിക്കുന്നതിന് പയ്യന്നൂര്‍ അംശം കുണ്ടംകാളി ദേശത്ത് 85 ഏക്കര്‍ ഭൂമി RFCT LARR Act, 2013 പ്രകാരം ഏറ്റെടുക്കുവാന്‍ സര്‍ക്കാര്‍ ഉത്തരവായിട്ടുണ്ട്.

(ബി) BPCL/HPCL കമ്പനിക്ക് ഓയില്‍ ഡിപ്പോ സ്ഥാപിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയില്‍ RFCT LARR Act, 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം, ആയതിന്മേല്‍ എക്സ്പെര്‍ട്ട് കമ്മിറ്റിയുടെമേല്‍ പരിശോധന, കൂടാതെ 2008-ലെ നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമത്തിന്റെ പരിധിയില്‍ വരുന്ന ഭൂമിയില്‍ സര്‍ക്കാര്‍തലത്തില്‍ തീരുമാനം എന്നിവ പരിഗണിച്ച് മാത്രമേ ടി ഭൂമി ഏറ്റെടുക്കല്‍ നടപടികള്‍ തുടരുകയുള്ളൂ.

## പുതിയ താലൂക്കുകളുടെ രൂപീകരണം

270 (3981) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്ര പുതിയ താലൂക്കുകള്‍ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദവിവരം നല്‍കുമോ;

(ബി) നിലവില്‍ എത്ര താലൂക്ക് രൂപീകരണത്തിന്റെ പ്രൊപ്പോസലുകള്‍ സര്‍ക്കാരിന്റെ പക്കലുണ്ട്; വിശദവിവരം നല്‍കുമോ;

(സി) പാലക്കാട് ജില്ലയില്‍ ഏതെല്ലാം പുതിയ താലൂക്ക് രൂപീകരണത്തിന്റെ പ്രൊപ്പോസലുകള്‍ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) രണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | | പുതിയ താലൂക്ക് |
|---|---|---|
| തൃശ്ശൂർ | - | കുന്നംകുളം |
| കണ്ണൂർ | - | പയ്യന്നൂർ |

(ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

(സി) അട്ടപ്പാടി ട്രൈബൽ താലൂക്ക്, കൊല്ലങ്കോട് താലൂക്ക് എന്നിവയുടെ രൂപീകരണത്തിന്റെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

**ദുരന്ത പ്രതികരണ നിധി**

271 (3982) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും കാലവർഷക്കെടുതി, പ്രകൃതിക്ഷോഭം എന്നിവമൂലം തകർന്ന റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി റവന്യൂ (കെ) വകുപ്പ് പുറപ്പെടുവിച്ച 29-12-2016 ലെ ജി.ഒ. (ആർ.റ്റി) 5728/2016/ഡി.എം.ഡി. പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയ പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധം* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിലെ ക്രമനമ്പർ (1), (3), (4), (5) എന്നീ പ്രവൃത്തികൾ 27-6-2017-ലെ സ.ഉ.(സാധാ.)നമ്പർ 2836/2017 റവ. നമ്പർ ഉത്തരവുപ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു). ക്രമ നമ്പർ (2) പ്രകാരമുള്ള ചെറനെല്ലൂർ-ആയമുക്ക് റോഡിന്റെ പ്രവൃത്തി റീ-ടെണ്ടർ ചെയ്തെങ്കിലും ആരും ടെണ്ടർ എടുക്കാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നെഗോഷിയേഷൻ നടത്തി എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യാമെന്ന് നെഗോഷിയേറ്റ് ചെയ്ത വ്യക്തിയുടെ അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ക്രമ നമ്പർ (6) പ്രകാരമുള്ള ഊരകം മസ്ജിദ് റോഡിന്റെ റീടാറിംഗ് പ്രവൃത്തി നടന്നുവരുന്നു.

## റവന്യൂ ഓഫീസുകളിൽ കൈക്കൂലിയും അഴിമതിയും തടയുന്നതിന് നടപടികൾ

272 (3983) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റവന്യൂ ഓഫീസുകളിൽ കൈക്കൂലിയും അഴിമതിയും നടക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി കേസിൽ എത്ര റെവന്യൂ വകുപ്പ് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) റവന്യൂ വകുപ്പിൽ അഴിമതിയും കൈക്കൂലിയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 15 റവന്യൂ ജീവനക്കാർക്കെതിരെ കൈക്കൂലി കേസിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | നടപടി സ്വീകരിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1 |
| കോട്ടയം | 0 |
| ഇടുക്കി | 0 |
| എറണാകുളം | 4 |
| തൃശ്ശൂർ | 0 |
| പാലക്കാട് | 2 |
| മലപ്പുറം | 2 |
| വയനാട് | 1 |
| കോഴിക്കോട് | 2 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 2 |
| ആകെ | 15 |

(സി) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേയ്ക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ കളക്ടേറ്റിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് വിഭാഗവും താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചുവരുന്നു. അഴിമതി രഹിത ഭരണ നിർവ്വഹണത്തിനു വേണ്ടി കളക്ടറേറ്റ്/താലൂക്ക്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, മേൽ വിലാസം എന്നിവയും വിജിലൻസ് ആൻഡ് ആന്റ് കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമതി രഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യങ്ങളിൽ കൃത്യമായ മേൽനോട്ടച്ചുമതല നിർവ്വഹിക്കുന്നു. സബ് ഓഫീസുകളിലെ വാർഷിക പരിശോധന ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് ശക്തമാക്കിയിട്ടുണ്ട്. ജില്ലാതല അഴിമതി നിവാരണ സമിതി

എല്ലാ മാസവും ഒന്നാമത്തെ പ്രവൃത്തി ദിനങ്ങളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിൽ സർക്കാർ ജീവനക്കാരുടെ അഴിമതി സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി വിജിലൻസ് ഡിവൈ.എസ്.പി കൺവീനറും ജില്ലാ കളക്ടർ ചെയർമാനുമായി ജില്ലാ വിജിലൻസ് കമ്മിറ്റി പ്രവൃത്തിച്ചുവരുന്നു.

**കക്കാടംപൊയ്കയിൽ സ്ഥിതിചെയ്യുന്ന പി.വി.ആർ.പാർക്ക്**

273 (3984) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കാടംപൊയ്കയിൽ സ്ഥിതിചെയ്യുന്ന പി.വി.ആർ. പാർക്ക് മാനദണ്ഡങ്ങൾ ലംഘിച്ചാണ് പ്രവർത്തിക്കുന്നതെന്ന പരാതിയിന്മേൽ ആരുടെയൊക്കെ അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

(ബി) തടയണ പൊളിക്കണമെന്ന ജില്ലാ കളക്ടറുടെ ഉത്തരവിന്മേൽ കോടതിയുടെ സ്റ്റേ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനും നിയമവിരുദ്ധമായി നിർമ്മിച്ച തടയണ പൊളിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കക്കാടംപൊയ്കയിൽ സ്ഥിതിചെയ്യുന്ന പി.വി.ആർ. പാർക്ക് മാനദണ്ഡങ്ങൾ ലംഘിച്ചാണ് പ്രവർത്തിക്കുന്നതെന്ന പരാതിയിന്മേൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് താഴെപ്പറയുന്ന ഉദ്യോഗസ്ഥരിൽനിന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്:

a) കൂടരഞ്ഞി പഞ്ചായത്ത് സെക്രട്ടറി

b) കോഴിക്കോട് നഗരാസൂത്രകൻ

c) പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ, കോഴിക്കോട്

d) കോഴിക്കോട് ഫയർ &റസ്ക്യൂ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ

e) കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

f) ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ, കോഴിക്കോട്

g) കോഴിക്കോട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്

h) ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) കോഴിക്കോട്

i) കോഴിക്കോട് ജില്ലാ ഫോറസ്റ്റ് ഓഫീസർ

j) കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

(ബി&സി) തടയണ പൊളിക്കണമെന്ന മലപ്പുറം ജില്ലാ കളക്ടറുടെ ഉത്തരവിന്മേൽ ബഹു. ഹൈക്കോടതിയിലെ WP(C)-41156/2017 നമ്പർ കേസുമായി ബന്ധപ്പെട്ട് സ്റ്റേ ഓർഡർ നിലവിലുണ്ട്. സ്റ്റേ നീക്കംചെയ്യുന്നതിനായി ജില്ലാ കളക്ടർ 25-1-2018-ന് വസ്തുതാവിവരണ പത്രിക അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

## ഭൂനികുതി പിരിവ് വേഗത്തിലാക്കുന്നതിനുള്ള നടപടികൾ

274 (3985) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക സമയത്ത് പിരിച്ചെടുക്കുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഭൂനികുതിയിനത്തിൽ പിരിച്ചെടുക്കേണ്ടത് എത്ര തുകയാണ്; ഇതിൽ എത്ര തുകയ്ക്ക് സ്റ്റേ നിലനിൽക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ജാഗ്രതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളിൽ കരം അടയ്ക്കുവാൻ വരുന്നവർക്ക് പ്രത്യേക കൗണ്ടർ ഏർപ്പെടുത്തി കരം പിരിവ് വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) താലൂക്കുതല അവലോകന യോഗങ്ങൾ നടക്കാറുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ വിവിധ താലൂക്കുകളിൽ നിന്നും ലഭിച്ച ഭൂനികുതി സംബന്ധിച്ച വിവരങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂനികുതിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നുണ്ട്.

(ബി) 2018 ഫെബ്രുവരി മാസത്തെ ലാൻഡ് റവന്യൂ മുതൽ പിരിവ് കണക്ക് പ്രകാരം അടിസ്ഥാന ഭൂനികുതി ഇനത്തിൽ ആകെ പിരിച്ചെടുക്കേണ്ട തുക 62.17 കോടി രൂപയാണ്. ഇതിൽ 2.67 കോടി രൂപയ്ക്ക് സ്റ്റേ നിലനിൽക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഉണ്ട്. പ്രസ്തുത അവലോകനയോഗങ്ങളിലൂടെ പിരിവ് ഊർജ്ജിത മാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ജില്ലകളിൽനിന്നും ശേഖരിച്ച താലൂക്കടിസ്ഥാനത്തിലുള്ള 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ഭൂനികുതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പുതുതായി താലൂക്ക് പ്രഖ്യാപിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ

275 (3986) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി താലൂക്ക് പ്രഖ്യാപിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, പൊതുജനസൗകര്യം, പൊതു ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കി വരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാവുകളും കുളങ്ങളും സംരക്ഷിക്കാൻ പദ്ധതികൾ

276 (3987) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പ്രദേശത്തെയും ജലസമൃദ്ധി ഉറപ്പാക്കാൻ റവന്യൂ വകുപ്പ് മുഖാന്തരം കാവുകളും കുളങ്ങളും സംരക്ഷിക്കാൻ പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏതെല്ലാം കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് മുഖേന ധനസഹായം നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച നിബന്ധനകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

എറണാകുളം ജില്ലയിൽ കഴിഞ്ഞ വേനൽക്കാലത്ത് 'എന്റെ കുളം' പദ്ധതിയിൽപ്പെടുത്തി 151 കുളങ്ങൾ നവീകരിച്ച് ഉപയോഗയോഗ്യമാക്കിയിരുന്നു. 'ഓപ്പറേഷൻ അനന്ത ', 'അമൃത കലശം 'എന്നീ പദ്ധതികളിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 67 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജലസമൃദ്ധി ഉറപ്പാക്കാൻ ജില്ലയിലെ കാവുകളേയും പൊതുകുളങ്ങളേയും സംരക്ഷിക്കുന്നതിന് 'ഹരിത കേരളം' പദ്ധതിയിലുൾപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ പൊതുവും സ്വകാര്യവുമായ ജലസ്രോതസ്സുകൾ (പാറക്കുളങ്ങൾ) ബന്ധപ്പെട്ട തഹസിൽദാർമാർ മുഖേന ഏറ്റെടുത്തിട്ടുള്ളതും അവയിൽ നിന്നുള്ള ജലചൂഷണം തടയുന്നതിന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഡാറ്റാ ബാങ്കിലും ബി.റ്റി.ആർ. (ബേസിക് ടാക്സ് രജിസ്റ്റർ)-ലും നിലം/തണ്ണീർത്തടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള കുളം ഉൾപ്പെടെയുള്ള എല്ലാ ഭൂമിയിലും പരിവർത്തനപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

ചോറ്റാനിക്കര ക്ഷേത്രക്കുളം, എറണാകുളം മാരപ്പറമ്പ് ക്ഷേത്രക്കുളം, അഴകിയകാവ് ക്ഷേത്രക്കുളം, തിരുവില്വാമല പാറക്കേട്ടുവാവ് ക്ഷേത്രം, തൃശ്ശൂർ മണലൂർ സത്രം, തൃശ്ശൂർ തിരുവാനത്ത് ക്ഷേത്രം, തൃശ്ശൂർ മുടിക്കോട് ക്ഷേത്രം, തിരുവഞ്ചിക്കുളം മടിയാട് കുന്ന് ക്ഷേത്രം, തിരുവനന്തപുരം പത്മനാഭസ്വാമി മിത്രാനന്തപുരം ക്ഷേത്രക്കുളം എന്നിവ സംരക്ഷിക്കുന്നതിന് ദേവസ്വം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം

277 (3988) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ജോലിഭാരംമൂലം പ്രയാസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവർത്തന സൗകര്യത്തിനായി ഓരോ വില്ലേജ് ഓഫീസിലും ഓരോ വാഹനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വില്ലേജാഫീസുകളിൽ ഇരുചക്രവാഹനങ്ങൾ അനുവദിക്കുന്നതിനായി വിശദമായ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികനില അനുസരിച്ച് പ്രസ്തുത ശിപാർശ അംഗീകരിക്കുകയുണ്ടായില്ല.

## കൊയിലാണ്ടി സിവിൽ സ്റ്റേഷനിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി

278 (3989) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സിവിൽ സ്റ്റേഷനിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മേൽവിഷയവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ കളക്ടർക്ക് മുമ്പാകെ നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിന്റെ പ്രധാന്യം കണക്കിലെടുത്ത് ഡി.പി.ആർ. തയ്യാറാക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കുമോയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മേൽവിഷയവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) 39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്നതിന് പൊതു മരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന സർക്കാരിന് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 25-11-2017-ന് കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## അവകാശികൾ ഇല്ലാത്ത ഭൂമി കണ്ടുകെട്ടാൻ നടപടി

279 (3990) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വില്ലേജുകളിലായി അവകാശികൾ ഇല്ലാതെ കിടക്കുന്ന ഭൂമികൾ കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) മുൻകാലത്ത് ബിനാമി പേരിൽ വാങ്ങിയ ഭൂമി സ്വന്തമാക്കുന്നതിനോ നികുതി അടക്കുന്നതിനോ കഴിയാതെ വരുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിന് കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 1964-ലെ കേരള അന്യംനിന്നതും നഷ്ടപ്പെട്ടതുമായ വസ്തുക്കളെ സംബന്ധിച്ച നിയമം അനുസരിച്ച് വിവിധ വില്ലേജുകളിൽ അവകാശികൾ ഇല്ലാതെ കിടക്കുന്ന ഭൂമികൾ കണ്ടെത്തുന്നതിനും അവ ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1964-ലെ കേരള അന്യംനിന്നതും നഷ്ടപ്പെട്ടതുമായ വസ്തുക്കളെ സംബന്ധിച്ച നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടി

280 (3991) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ അനന്തമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വേ ജോലികൾ നടത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ അഭാവം നിലവിലുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സർവ്വേ നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങളിൽ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ മറ്റ് ഏജൻസികളെ ഇതിനായി ചുമതലപ്പെടുത്തുവാൻ സാധിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ സർവ്വേയർമാരുടെ അഭാവം നിലവിലുണ്ട്.

കേന്ദ്ര സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

## കാസർഗോഡ് ജില്ലയിൽ അടക്കത്തബയൽ വില്ലേജിൽപ്പെട്ട മൈതാനം

281 (3992) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അടക്കത്തബയൽ വില്ലേജിൽ റീസർവ്വേ നമ്പർ 63/482-ൽ പെട്ട മൈതാനം ഇപ്പോൾ ആരുടെ അധീനതയിലും ഉടമസ്ഥതയിലുമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മൈതാനം ആർക്കെങ്കിലും പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്നും, ലീസ് വാടക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഏത് വർഷമാണ് പാട്ടത്തിന് നൽകിയതെന്നും, പാട്ടത്തിനു നൽകിയ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പാട്ടത്തിന് സ്ഥലമെടുത്തവർ ആരെന്നും പ്രസ്തുത സ്ഥലത്തു നിന്ന് ഇതുവരെ ലഭിച്ചതും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതുമായ വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ലീസ് വാടക കുറയ്ക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ ആരുടെ അപേക്ഷയാണ് ലഭിച്ചതെന്നും ഈ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ അടുക്കത്തബയൽ വില്ലേജിൽ റീ.സ.നമ്പർ 63/4 ബി2-ൽപ്പെട്ട മൈതാനം റവന്യൂ വകുപ്പിന്റെ അധീനതയിലും ഉടമസ്ഥതയിലുമുള്ളതാണ്.

(ബി&സി) 25-7-2005-ലെ സ.ഉ.(എം.എസ്.)236/05/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് താലൂക്കിൽ, അടക്കത്തബയൽ വില്ലേജിൽ റീ.സ.നമ്പർ 63/4 ബി2-ൽപ്പെട്ട 02.875 ഏക്കർ സ്ഥലം കാസർഗോഡ് മുൻസിപ്പാലിറ്റിക്ക് 99 വർഷത്തേയ്ക്ക് 2,80,750 രൂപ വാർഷികപാട്ട നിരക്കിൽ അനുവദിച്ചിട്ടുള്ളതാണ്.

(ഡി) പ്രസ്തുത സ്ഥലം സെക്രട്ടറി, കാസർഗോഡ് മുനിസിപ്പാലിറ്റി എന്നവർക്കാണ് പാട്ടത്തിന് അനുവദിച്ചിട്ടുള്ളത്. പാട്ടവാടക ഇനത്തിൽ 2016-17 സാമ്പത്തിക വർഷം വരെ വാർഷിക പാട്ടനിരക്കായ 2,80,750 രൂപ മുൻസിപ്പാലിറ്റി ഒടുക്ക് വരുത്തിയിട്ടുണ്ട്.

(ഇ&എഫ്) ഉണ്ട്. നാമമാത്രമായ നിരക്കിൽ പാട്ടവാടക നിശ്ചയിച്ച നൽകണമെന്ന് കാസർഗോഡ് നഗരസഭാ ചെയർപേഴ്സൺ അപേക്ഷ സമർപ്പിച്ചിരുന്നതും ആയത് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് മൈതാനം ഏതെല്ലാം ആവശ്യങ്ങൾക്കാണ് നഗരസഭ ഉപയോഗിക്കുന്നതെന്നും അതിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ നഗരസഭയ്ക്ക് വരുമാനം ലഭിച്ചുവെന്നുമുള്ള വിവരങ്ങൾ അറിയിക്കുവാൻ (ജില്ലാ കളക്ടർ കാസർഗോഡ് തഹസിൽദാർ മുഖാന്തരം) കാസർഗോഡ് മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത വിവരം നാളിതുവരെ മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

**കരുനാഗപ്പള്ളി താലൂക്കിലെ തഴത്തോടുകൾ**

282 (3993) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലെ വിവിധ പാടശേഖരങ്ങളെ ബന്ധിപ്പിച്ച് കടന്നുപോകുന്ന തഴത്തോടുകളുടെ പാർശ്വഭാഗങ്ങൾ സമീപവാസികൾ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തഴത്തോടുകളുടെ റീസർവ്വേ സ്കെച്ച് ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) തഴത്തോടുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ വിസ്തൃതി അളന്നുതിട്ടപ്പെടുത്തി കയ്യേറ്റങ്ങളെ ഒഴിവാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ തഴത്തോടുകളിലെ കയ്യേറ്റങ്ങൾ പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, കുലശേഖരപുരം, ക്ലാപ്പന, ഓച്ചിറ എന്നീ പഞ്ചായത്തുകളിലും അയണി വേലിക്കുളങ്ങര, ആദിനാട്, കരുനാഗപ്പള്ളി, കുലശേഖരപുരം, ക്ലാപ്പന, ഓച്ചിറ എന്നീ വില്ലേജുകളിലും വ്യാപിച്ചുകിടക്കുന്ന തഴത്തോടുകളുടെ അതിർത്തി പൂർണ്ണമായും പുനർനിർണ്ണയംചെയ്ത് കയ്യേറ്റം കണ്ടുപിടിക്കുന്നതിന് ഒരു പ്രത്യേക സർവ്വേ ടീമിന്റെ സേവനം തന്നെ ലഭിക്കേണ്ടതായിട്ടുണ്ട്. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ അഭ്യർത്ഥനപ്രകാരം കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടുവരുന്ന രണ്ടാം തഴത്തോടിന്റെ മുനിസിപ്പാലിറ്റി ആവശ്യപ്പെട്ട ഭാഗത്തെ അതിർത്തി പുനർനിർണ്ണയംചെയ്ത് മുനിസിപ്പൽ അധികൃതരെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതും അതിർത്തി പുനർ നിർണ്ണയം ചെയ്ത ഭാഗത്ത് കയ്യേറ്റങ്ങളൊന്നും കണ്ടെത്തിയിട്ടില്ലാത്തതുമാണ്. റീസർവ്വേ സ്കെച്ചുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി)അതിർത്തി തിട്ടപ്പെടുത്തിയ ഭാഗങ്ങളിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടില്ലാത്തതാണ്.

(സി) പ്രത്യേക സർവ്വേ ടീമിന്റെ സേവനം മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കുകയും അതിർത്തി പുനർ നിർണ്ണയം ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ തഴത്തോടുകളുടെ അതിർത്തി പൂർണ്ണമായും പുനർ നിർണ്ണയം ചെയ്യാവുന്നതാണ്. തഴത്തോടുകളുടെ പുനരുജ്ജീവനം സംബന്ധിച്ച പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

**കോട്ടയം ജില്ലയിലെ റീസർവ്വേ നടപടികൾ**

283 (3994) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്;

(ബി) റീസർവ്വേ പൂർത്തിയാക്കാനുള്ള വില്ലേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) റീസർവ്വേ പൂർത്തിയാക്കുവാനുള്ള വില്ലേജുകളിൽ അവ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കോട്ടയം ജില്ലയിലെ മുഴുവൻ വില്ലേജുകളിലും എത്ര വർഷത്തിനകം റീസർവ്വെ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) നിലവിൽ കടുത്തുരുത്തി, മട്ടചിറ, മുളക്കുളം എന്നീ വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവ പൂർത്തിയാകുന്നമുറയ്ക്ക് ആക്ഷൻ പ്ലാൻ അനുസരിച്ച് മറ്റ് വില്ലേജുകളിലെ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്.

(ഡി) കോട്ടയം ജില്ലയിലെ 14 വില്ലേജുകളുടെ പ്രവർത്തനങ്ങളാണ് ശേഷിക്കുന്നത്. റീസർവ്വേ നടപടികൾ എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടില്ല.

**റീസർവ്വേ സംബന്ധിച്ച പരാതികൾ**

284 (3995) <u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) 26-8-2017-ൽ പുറത്തിറക്കിയ ഉത്തരവനുസരിച്ചുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) കേരള സർവ്വേ ആൻഡ് ബൗണ്ടറി റൂൾസിലെ ലാന്റ് റിക്കോർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ട് സർവ്വേ സൂപ്രണ്ടിന് ഉണ്ടായിരുന്ന അധികാരം ഹെഡ് സർവ്വേയർക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇത് റീസർവ്വേ സംബന്ധിച്ച പരാതികൾ എളുപ്പത്തിൽ തീർക്കുവാൻ എത്രമാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ;

(ഡി) റീ സർവ്വേ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) റീസർവ്വേ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുവേണ്ടി എൽ.ആർ. പ്രവർത്തനങ്ങളിലുണ്ടായിരുന്ന വിവിധ ഘട്ടങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്. തഹസീൽദാരുടെ (ഭൂരേഖ) നേതൃത്വത്തിൽ പരാതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു. റീസർവ്വേ പരാതികളുടെ തീർപ്പാക്കൽ പുരോഗതി ജില്ലാ കളക്ടർതലത്തിലും ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഫയലുകൾ ജില്ലാ സർവ്വേ സൂപ്രണ്ടിന് കൈമാറി അംഗീകരിച്ചു വരുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് ഫയലുകൾ വേഗത്തിൽ തീർപ്പാക്കുവാൻ സഹായിക്കുന്നു. റീസർവ്വേ പരാതികൾ സംബന്ധിച്ചുള്ള എല്ലാ നടപടികളും നിലവിൽ താലൂക്ക് ഓഫീസിൽത്തന്നെ സ്വീകരിച്ചുവരുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടായിരുന്ന ബുദ്ധിമുട്ടും വളരെയധികം കുറഞ്ഞിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**നെൽവയൽ തണ്ണീർത്തട നിയമം ഭേദഗതി**

285 (T3996) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വൻകിട പദ്ധതികൾക്കായി സ്ഥലമെടുപ്പ് സുഗമമാക്കുന്നതിന് നെൽവയൽ തണ്ണീർത്തട നിയമം ഭേദഗതി ചെയ്തിട്ടുണ്ടോ;

(ബി) നിലം നികത്തുന്നതിന് പ്രാദേശിക സമിതികളുടെ അനുമതി വേണമെന്ന 2008-ലെ നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാനുള്ള പ്രത്യേക സാഹചര്യമെന്തെന്ന് വിശദമാക്കാമോ;

(സി) സർക്കാർതലത്തിൽ തീരുമാനമെടുത്ത പദ്ധതികൾക്ക് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ വീണ്ടും അനുമതി നൽകണമെന്ന നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥ, വൻകിട പദ്ധതികൾക്കായി വയൽ നികത്തി തുടങ്ങുന്നതിന് വിഘാതം സൃഷ്ടിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്.

(ബി&സി) സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ പദ്ധതികൾക്കായി നെൽവയൽ നികത്തുന്നതിന് സർക്കാർ പ്രത്യേക അനുമതി നൽകുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ നിർബന്ധമാക്കേണ്ടതില്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ഭേദഗതി വരുത്തിയിട്ടുള്ളത്.

## കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008

286 (T3997) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ൽ നിലവിൽവന്ന നെൽവയൽ-തണ്ണീർത്തട നിയമം അനുശാസിക്കുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുംവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രസ്തുത നിയമത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.

(ബി) 2016-ലെ 19-ാം ആക്ട് പ്രകാരം കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 3 എ വകുപ്പ് ഒഴിവാക്കിക്കൊണ്ട് പ്രസ്തുത ആക്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ 2017-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി * വച്ചിട്ടുണ്ട്.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭവന നിർമ്മാണ വകുപ്പിലെ പദ്ധതികൾ

287 (3998) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ വകുപ്പിനുകീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി 2/3 സെന്റ് ഭൂമിയുള്ള ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ./കാരുണ്യ വാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ പരമാവധി 83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ഒരു വീടിന് 4,00,000 രൂപ നിർമ്മാണ ചെലവിൽ 1,00,000 രൂപ ഗുണഭോക്തൃ വിഹിതവും 1,00,000 രൂപ സന്നദ്ധ സംഘടനാ വിഹിതവുമാണ്.

2. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗക്കാർക്ക് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും സർക്കാർ/പഞ്ചായത്ത് ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫ്ലാറ്റൊന്നിന് 3.5 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 2 ലക്ഷം രൂപ സബ്സിഡിയും 1 ലക്ഷം രൂപ വായ്പയും 25,000 രൂപ വീതം ഗുണഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവുമാണ്.

3. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധന സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

5. പാരമ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് (വാണിജ്യ സമുച്ചയ പദ്ധതികൾ)

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽനിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ സർക്കാർ ക്വാർട്ടേഴ്സ്

288 (3999) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളവരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സീനിയോറിറ്റി പുതുക്കി ലഭിക്കുന്നതിന് ഏതൊക്കെ ഇടവേളകളിലാണ് അപേക്ഷിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് അവസാനമായി തയ്യാറാക്കിയത് 12-10-2015-ലാണ്. ആയത് trivandrum.gov.in/pdf/noticeboard/qtrs2015.pdf എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സീനിയോറിറ്റി പുതുക്കി ലഭിക്കുന്നതിന് മൂന്ന് വർഷം കൂടുമ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

289 (4000) ശ്രീ. കെ. ദാസൻ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ദൂരദേശങ്ങളിൽനിന്നും നഗര പ്രദേശങ്ങളിൽ വന്ന് താമസിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് വാടകയ്ക്ക് ഫ്ലാറ്റ് നൽകുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കുറഞ്ഞ വരുമാനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള 'ഗൃഹലക്ഷ്മി' ഭവന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് 'സാഫല്യം' ഭവന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽനിന്നും വളരെ ദൂരത്ത് താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന വളരെ പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനുള്ള ഇന്നൊവേറ്റീവ് ഭവന പദ്ധതി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തിരുവനന്തപുരത്ത് 88 ഫ്ലാറ്റുകളും എറണാകുളത്ത് 36 ഫ്ലാറ്റുകളും തൃശ്ശൂരിൽ 72 ഫ്ലാറ്റുകളും കോഴിക്കോട് 40 ഫ്ലാറ്റുകളും (ആകെ 236 ഫ്ലാറ്റുകൾ) നിർമ്മിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 'ഗൃഹലക്ഷ്മി' എന്ന പേരിൽ ഭവന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ സർക്കാർ സബ്സിഡിയോടെ 'ഗൃഹശ്രീ' എന്ന പേരിൽ ഭവനനിർമ്മാണ ബോർഡ് ഭവന പദ്ധതി

നടപ്പിലാക്കുന്നുണ്ട്. സ്വന്തമായി 2 സെന്റ് /3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ./ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തിക ഘടനയനുസരിച്ച് വീട് നിർമ്മാണ ചെലവായ 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ വീതം ഗുണഭോക്താവിന്റെയും സ്പോൺസറിന്റേയും വിഹിതവുമാണ്.

(ഡി) ഉണ്ട്. സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ച് സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെ ഫ്ലാറ്റുകൾ നിർമ്മിച്ച നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തിക ഘടന പ്രകാരം 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ വീതം ഗുണഭോക്താവിന്റെയും സന്നദ്ധ സംഘടനയുടെയും വിഹിതവുമാണ്. പദ്ധതി നടപ്പിലാക്കാൻ ഹഡ്കോ വായ്പ ലഭ്യമാകാതിരുന്നതിനാൽ ടി തുക പഞ്ചായത്തുകളിൽനിന്നും ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. യഥാസമയം പഞ്ചായത്തുകളുടെ പങ്കാളിത്തം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതുപോലെ 3.5 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി കെട്ടിട നിർമ്മാണം പൂർണ്ണമായി പൂർത്തീകരിക്കുവാനും സാധിക്കുന്നില്ല.

### ഹൗസിംഗ് ബോർഡിന്റെ ബാദ്ധ്യത

290 (4001) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ ഹൗസിംഗ് ബോർഡിന്റെ ബാദ്ധ്യത എത്ര കോടി രൂപയാണ്; ഏതെല്ലാം ഏജൻസികൾക്കാണ് ബാദ്ധ്യതയുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഹഡ്കോ വായ്പ തിരിച്ചടവിനായി സർക്കാർ ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച 1122.68 കോടി രൂപയും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ ബോർഡ് സർക്കാരിന് നൽകേണ്ട 89.95 കോടി രൂപയും ഉൾപ്പെടെ 1212.63 കോടി രൂപ ബാദ്ധ്യതയുണ്ട്. മറ്റ് ഏജൻസികളിൽനിന്നും ബോർഡിന് യാതൊരു ബാദ്ധ്യതയും ഇല്ല.

## ഹൗസിംഗ് ബോർഡ് മുഖേന ഏറ്റെടുത്ത ഭവന നിർമ്മാണ പദ്ധതികൾ

291 (4002) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ഭവന നിർമ്മാണ പദ്ധതികൾ ഹൗസിംഗ് ബോർഡ് മുഖേന ഏറ്റെടുത്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശാസ്ത്രീയവും പ്രകൃതി സൗഹൃദവുമായ ഭവനനിർമ്മാണ രീതികൾ

292 (4003) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയ നിർമ്മാണ രീതികൾമൂലം പാഴ്ച്ചെലവും പ്രകൃതിക്ക് നാശവും സംഭവിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയമായ നിർമ്മാണ രീതികൾ പിന്തുടർന്നുകൊണ്ട് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പും സംസ്ഥാന നിർമ്മിതി കേന്ദ്രവും നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ ഇതിനായി പഠനവിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(സി) കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങളും പ്രകൃതിവിഭവ ലഭ്യതയും പരിഗണിച്ച് പ്രകൃതി സൗഹൃദ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ എന്നിവ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) സർക്കാരിനുകീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിലും ബദൽ സാങ്കേതികവിദ്യകളുടെ ഗവേഷണത്തിലുമാണ് ഏർപ്പെട്ടിരിക്കുന്നത്. നിർമ്മിതി കേന്ദ്രത്തിന്റെ അക്കാദമി വിഭാഗമായ 'ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ബദൽ സാങ്കേതിക വിദ്യകളിൽ ഗവേഷണം നടത്തിവരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ചെലവു കുറഞ്ഞതുമായ പ്രീഫാബ് സാങ്കേതികവിദ്യ ജനകീയമാക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന്റെ പി.റ്റി.പി. നഗറിലുള്ള ക്യാമ്പസിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഒരു മാതൃകാ ഭവനം നിർമ്മിച്ചിട്ടുണ്ട്. നിർമ്മിതി കേന്ദ്രം മുഖേന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ബദൽ സാങ്കേതിക വിദ്യയിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും നിർമ്മിതി കേന്ദ്രത്തിലും മറ്റു സാങ്കേതിക സ്ഥാപനങ്ങളിലും വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ പൊതുജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നതിനും മനസ്സിലാക്കുന്നതിനും ലേഖനങ്ങൾ, പുസ്തകങ്ങൾ വഴി പ്രചരണം നൽകുകയും ചെയ്യുന്നു.

സംസ്ഥാന നിർമ്മിതി കേന്ദ്രത്തെപോലെ ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നില്ലെങ്കിലും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ശാസ്ത്രീയമായ നിർമ്മാണ രീതികൾ പിന്തുടർന്നുകൊണ്ടാണ് വീടുകൾ നിർമ്മിക്കുന്നത്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ എറണാകുളം ചോറ്റാനിക്കരയിലെ സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് പ്രീഫാബ് സാങ്കേതികവിദ്യ അവലംബിച്ചിരുന്നു. പ്രീഫാബ് നിർമ്മാണത്തിനുള്ള Components ഉൽപ്പാദിപ്പിക്കുന്ന പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2018-19 വർഷത്തെ ബജറ്റിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുകീഴിലുള്ള ലാബിഷാസിൽ പ്രകൃതി സൗഹൃദ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് ബദൽ സാങ്കേതികവിദ്യയിൽ ഗവേഷണം നടത്താൻ താൽപ്പര്യമുള്ളവർക്ക് സൗകര്യം നൽകുന്നതാണ്. ഇത്തരം ഗവേഷണ പ്രവർത്തനങ്ങൾക്ക് 2018-19 വർഷത്തെ ബജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 'ലാബിഷാസി'ന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിന് തിരുവല്ലത്ത് 6.90 ഏക്കർ സ്ഥലം നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്.

(ഡി) പൊതുനിർമ്മാണ പ്രവൃത്തികൾക്ക് ലാറി ബേക്കറുടെ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യക്ക് പ്രാമുഖ്യം നൽകുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രവും 14 റീജിയണൽ നിർമ്മിതി കേന്ദ്രങ്ങളും 14 ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. കൂടാതെ 14 റീജിയണൽ കേന്ദ്രങ്ങൾ വഴി ഹൗസിംഗ് ഗൈഡൻസുകളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും 750 ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതുമായ

ഗുണഭോക്താക്കൾക്ക് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് കീഴിലുള്ള കലവറയിൽ നിന്നും 15% വില കുറച്ച് സിമന്റ്, കമ്പി എന്നിവ നൽകിവരികയും സാധാരണക്കാരന് വീട് വയ്ക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

## ഭവനനിർമ്മാണ ബോർഡിന്റെ കടം

293 (4004) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കഴിഞ്ഞ സർക്കാർ എത്ര കോടി രൂപ ഭവനനിർമ്മാണ ബോർഡിനായി കടമെടുത്തിട്ടുണ്ട്; ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്ര ശതമാനം പലിശയ്ക്കാണ് കടമെടുത്തിട്ടുള്ളത്;

(ബി) എത്ര പ്രോജക്ടുകൾ ടി കാലയളവിൽ കഴിഞ്ഞ സർക്കാർ ഭവനനിർമ്മാണ മേഖലയിൽ തുടങ്ങിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2011-2016 കാലയളവിൽ കഴിഞ്ഞ സർക്കാർ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് വേണ്ടി കടമെടുത്തിട്ടില്ല. എന്നാൽ ഭവന നിർമ്മാണ ബോർഡ് ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ കുടിശ്ശിക തീർക്കുന്നതിനായി 760.818 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ചിട്ടുണ്ട്.

(ബി) 2011-16 കാലഘട്ടത്തിലെ ഭവന നിർമ്മാണ ബോർഡിന്റെ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ഭവനനിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം

294 (4005) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാല പദ്ധതികളിൽ ഭവനനിർമ്മാണത്തിനായി പണം അനുവദിച്ചതിൽ വീട് പൂർത്തിയാക്കാൻ കഴിയാത്തവരെ സഹായിക്കാൻ പ്രത്യേക കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏത് കാലയളവുവരെ ധനസഹായം ലഭിച്ചവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കാമോ;

(സി) ഗുണഭോക്താക്കളുടെ സമഗ്രമായ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയത് സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. 2016 മാർച്ച് 31-ന മുൻപ് കരാറിൽ ഏർപ്പെട്ടുകയോ ഒരു ഗഡു തുക കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ പൂർത്തീകരണം നടത്താൻ സാധിക്കാത്തതുമായ ഗുണഭോക്താക്കളുടെ പൂർത്തീകരണമാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. 2016 മാർച്ച് 31-ന മുൻപ് ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാനാകാത്ത 63017 ഗുണഭോക്താക്കളിൽ 12352 ഗുണഭോക്താക്കളുടെ ഭവനങ്ങൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. മുഴുവൻ ഭവനങ്ങളും 2018 മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടന്നുവരികയാണ്.

(ബി) 2016 മാർച്ച് 31-ന മുൻപ് കരാറിൽ ഏർപ്പെട്ടുകയോ ഒരു ഗഡു തുക കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ പൂർത്തീകരണം നടത്താൻ സാധിക്കാത്തതുമായ ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

(സി) ഭവനരഹിതർ എന്ന് തദ്ദേശഭരണ സ്ഥാപനവും അയൽക്കൂട്ടവും കണ്ടെത്തിയവരിൽ പട്ടികയിൽപ്പെട്ടവരുടെ ഭവനം സന്ദർശിച്ച് വിശദമായ സർവ്വേ നടത്തിയാണ് ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയത്. ആയതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്:

- ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.
- സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടികവർഗ്ഗ വിഭാഗത്തിന് ബാധകമല്ല).
- ഉപജീവന തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- അവകാശികൾക്ക് വസ്തു ഭാഗംചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

## ഭവനനിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

295 (4006) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ബി. സത്യൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വീട് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനും പരിസ്ഥിതി സൗഹൃദ വീട് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഇത്തരം സാങ്കേതികവിദ്യയും സാങ്കേതിക സഹായവും പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ്;

(ഡി) ഈ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, കുറഞ്ഞ ഗുണനിലവാരം, അനിയന്ത്രിതമായ വിലക്കയറ്റം, വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ് എന്നിവയാണ് സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

(ബി) ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ വികസിപ്പിക്കുക, പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഭവന നിർമ്മാണ വകുപ്പിന് കീഴിൽ ആരംഭിച്ച കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ആയതിനാവശ്യമായ തുക സർക്കാർ ബജറ്റിൽ വകയിരുത്തുകയും ചെയ്യുന്നുണ്ട്.

1. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കായി പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര നിർമ്മാണം എന്നീ വിഷയങ്ങളിൽ അവബോധം നൽകുക.

2. സുസ്ഥിര നിർമ്മാണ സാങ്കേതികവിദ്യ, നിർമ്മാണ സാമഗ്രികൾ എന്നിവയിൽ വിവിധ ഗവേഷണങ്ങൾ നടത്തുക.

3. നിർമ്മിതികൾ വികസിപ്പിക്കുക മറ്റ് ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ വികസിപ്പിച്ച ബദൽ സാങ്കേതികവിദ്യകൾ പബ്ലിഷ് ചെയ്ത് ജനങ്ങളിലേയ്ക്ക് എത്തിക്കുക.

4. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം നടത്തുക.

5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും 750 ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതുമായ ഗുണഭോക്താക്കൾക്ക് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്കുകീഴിലുള്ള കലവറയിൽ നിന്നും 15% വില കുറച്ച് സിമന്റ്, കമ്പി എന്നിവ നൽകിവരുന്നു.

(സി) സർക്കാരിനുകീഴിൽ സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. അതോടൊപ്പം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കോസ്റ്റ് ഫോർഡ് എന്നീ സർക്കാരിതര സ്ഥാപനങ്ങളും ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ഡി) സർക്കാർ പ്രവർത്തികൾ ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി നിർമ്മിതി കേന്ദ്രത്തിന് പുറമെ, ഹാബിറ്റാറ്റ്, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾക്കും അക്രെഡിറ്റേഷൻ നൽകിവരുന്നുണ്ട്.

## വീടു കത്തി നശിച്ചതിനുള്ള നഷ്ടപരിഹാരം

296 (4007) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടു കത്തി നശിച്ച കുടുംബത്തിന് അവ പുനർനിർമ്മിക്കാനുള്ള നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ തൃക്കരിപ്പൂർ നോർത്ത് വില്ലേജിൽ നിന്നുള്ള അപേക്ഷകയ്ക്ക് നഷ്ടപരിഹാരം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) തീപിടിത്തംമൂലമുണ്ടാകുന്ന നാശനഷ്ടത്തിന് ആശ്വാസ ധനസഹായം നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(ബി) തൃക്കരിപ്പൂർ നോർത്ത് വില്ലേജിലെ അപേക്ഷകയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുന്ന കാര്യം D 171210540 എന്ന ഡോക്കറ്റ് നമ്പറിൽ ഓൺലൈനായി പരിശോധിച്ചുവരികയാണ്.

## റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ തുക

297 (T 4008) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ തുക കരാറുകാർക്ക് ഇനിയും മാറിനൽകാനുണ്ടോ; നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ;

(ബി) എങ്കിൽ എന്നു മുതലുള്ള തുകയാണ് മാറിനൽകാനുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക മാറി നൽകി; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 25.14 കോടി രൂപ മാറി നൽകാനുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിവരുന്നത് എന്നതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് സൂക്ഷിച്ചുവരുന്നില്ല.

(ബി) 2014 ഡിസംബർ മാസം 15-ാം തീയതിക്കുശേഷം സമർപ്പിച്ച ബില്ലുകളുടെ തുകയാണ് മാറിനൽകാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ 10,06,00,000 രൂപയുടെ ബില്ലുകൾ മാറിനൽകി.

## ജനകീയ മത്സ്യകൃഷി

298 (4009) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷി പദ്ധതിയുടെ രണ്ടാംഘട്ടം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കടലിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന 'കൃത്രിമപാര് സ്ഥാപിക്കൽ' , 'കടലിലെ കൂട് കൃഷി' എന്നീ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; അവ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) നശിച്ചുപോയ ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയ്ക്കായി 2018-19 സാമ്പത്തിക വർഷം എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജനകീയ മത്സ്യകൃഷി പദ്ധതിയുടെ രണ്ടാംഘട്ടം ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) കടലിലെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന 'കൃത്രിമപ്പാര് സ്ഥാപിക്കൽ', 'കടലിലെ കൂട് കൃഷി' എന്നീ പദ്ധതികളുടെ വിശദാംശം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) നശിച്ചുപോയ ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യങ്ങൾ ഉൽപാദിപ്പിക്കുന്നതിനും അഷ്ടമുടി കായൽ, വേമ്പനാട് കായൽ, ബാക്ക് വാട്ടേഴ്സ് ഓഫ് കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ നിർമ്മിക്കുന്നതിനും കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്നതിനുമായി 2017-18 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷവും മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപ വകകൊള്ളിച്ചുകൊണ്ടുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

(ഡി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ട്. ഉൾനാടൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശുദ്ധജലാശയങ്ങളിലും ഓര് ജലാശയങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് കാർപ്പ്, ആറ്റുകൊഞ്ച് കൂടാതെ തനത് മത്സ്യങ്ങളായ കരിമീൻ, കണമ്പ്, പൂമീൻ എയർ ബ്രീത്തിംഗ് മത്സ്യങ്ങൾ, ചെമ്മീൻ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ഇ) ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം 34 കോടി രൂപ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായും 12.50 കോടി രൂപ വിള ഇൻഷ്വറൻസ്, അഡ്മിനിസ്ട്രേറ്റീവ് ചെലവ്, അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ വേതനം, ഉൾനാടൻ മത്സ്യഭവനുകൾ, മത്സ്യകർഷക അവാർഡ് ഫിഷ് സീഡിസ് സർബീലിയൻസ് ആൻഡ് മാനേജ്മെന്റ് ടീം, ടെക്നോളജി അഡോപ്ഷൻ, ജില്ലാ അക്വാകൾച്ചർ എക്സ്റ്റൻഷൻ സെന്റർ, സംസ്ഥാനതല സ്പെഷ്യൽ സെൽ, മൊബൈൽ അക്വാലാബ് തുടങ്ങിയവയ്ക്കായും പൊതു ജലാശയങ്ങളിൽ വിവിധ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായും 295 ലക്ഷം രൂപയും ഉൾപ്പെടുന്ന പദ്ധതി പരിശോധിച്ചുവരുന്നു.

## ലൈറ്റ് ഫിഷിംഗ് നിരോധിക്കാൻ നടപടി

299 (4010) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് ഫിഷിംഗ് സംസ്ഥാനത്തെ മത്സ്യലഭ്യതയെ സാരമായി ബാധിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ലൈറ്റ് ഫിഷിംഗ് നിരോധിക്കാൻ ആലോചനയുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യ സമ്പത്തിനെ സാരമായി ബാധിക്കുകയും അതുവഴി മത്സ്യലഭ്യത കുറയാൻ കാരണമാകുകയും ചെയ്യുന്നുണ്ട്. ഇതിനായി 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ

300 (4011) ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജീവനത്തിനായി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് തൊഴിലെടുക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാത്രികാലങ്ങളിൽ തീരക്കടൽ മത്സ്യബന്ധനത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിരോധിക്കപ്പെട്ട എൽ. ഇ. ഡി. ലൈറ്റുകൾ ഉപയോഗിച്ച് തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളികൾ കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഉപജീവനത്തിനായി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് തൊഴിലെടുക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സാമൂഹ്യമായും സാമ്പത്തികമായും നിരവധി വെല്ലുവിളികളെ നേരിടുന്നുണ്ട്. വർദ്ധിച്ചുവരുന്ന ഇന്ധന വിലയും പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ലഭിക്കാത്തതും പ്രധാന വെല്ലുവിളികളാണ്. യന്ത്രവൽകൃത യാനങ്ങളുടെ കടന്നുകയറ്റം, അമിതമായ മത്സ്യബന്ധനം എന്നിവ മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുണ്ട്. എഞ്ചിൻ പവർ കൂടുതലുള്ള യാനങ്ങളുടെ ആധിക്യം തീരത്തിനോടടുത്ത് മത്സ്യബന്ധനം നടത്തിക്കൊണ്ടിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യ ലഭ്യതയിൽ കുറവ് വരുന്നതിന് കാരണമാകുന്നുണ്ട്. ഉപജീവനത്തിനായി ചെറു വള്ളങ്ങളിലും കട്ടമരങ്ങളിലും മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾ മതിയായ ജീവൻ രക്ഷാ ഉപകരണങ്ങളൊന്നും കൂടാതെയാണ് മത്സ്യബന്ധനത്തിന് പോകുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളും കടൽക്ഷോഭങ്ങളും ഏറ്റവുമധികം ബാധിക്കുന്നതും ഇത്തരം പരമ്പരാഗത മത്സ്യത്തൊഴിലാളികളെയാണ്. ജലമലിനീകരണം, പ്ലാസ്റ്റിക് മലിനീകരണം, കാലാവസ്ഥാ വ്യതിയാനം എന്നിവ പരമ്പരാഗത

മത്സ്യത്തൊഴിലാളികളെ നേരിട്ട് ബാധിക്കുന്നു. ഇത്തരം വെല്ലുവിളികളെ അതിജീവിക്കാൻ മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായും സാമൂഹികമായും പ്രാപ്തരാക്കുകയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം.

(ബി) രാത്രികാലങ്ങളിൽ അന്യ പ്രദേശങ്ങളിൽ നിന്നുള്ള ബോട്ടുകളും വള്ളങ്ങളും എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകളും ചില തദ്ദേശീയ ബോട്ടുകളും ലൈറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്.

(സി) ഇത്തരം മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെ.എം.എഫ്.ആർ. ആക്റ്റിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. നിശ്ചിത ശേഷിക്കപ്പുറമുള്ള ലൈറ്റ് ഉപയോഗിച്ചുള്ള ഫിഷിംഗ് നിരോധിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും പട്രോളിംഗ് കർശനമാക്കുകയും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കുന്നതുമാണ്. കൂടാതെ, മത്സ്യഗ്രാമങ്ങൾ വഴി നടത്തുന്ന ബോധവൽക്കരണ പരിപാടികളിലൂടെ ഇത്തരം മത്സ്യബന്ധനത്തിനെതിരെ മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. നിരോധനം കേരളത്തിലെ യാനങ്ങൾക്കും അന്യസംസ്ഥാന യാനങ്ങൾക്കും ബാധകമാകുന്നതാണ്. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്തിനപ്പുറം ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്.

**ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ**

301 (4012) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധ്യതകൾ ഏറെയുണ്ടായിരുന്നിട്ടും സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപ്തി ചുരുങ്ങുന്നത് കണക്കിലെടുത്ത് ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(സി) പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് അക്വാകൾച്ചർ ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ നിലവിലുള്ള ജലസ്രോതസ്സുകളുടെ പൂർണ്ണമായ വിനിയോഗത്തിനും അതോടൊപ്പം മത്സ്യ ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും പുനഃസ്ഥാപനത്തിനും സംയോജിത കൃഷിരീതി വ്യാപിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. 2017-18 വർഷത്തിൽ 5.14 കോടി മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി നല്ലയിനം മത്സ്യ വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെയും ഹാച്ചറികളുടെയും പുനരുദ്ധാരണത്തിനും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരുജല മത്സ്യക്കുഞ്ഞുങ്ങളുടെ വിത്തുൽപ്പാദത്തിനായി വർക്കല ഓടയത്ത് ഒരു മത്സ്യ വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാദ്ധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/ റിയറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കടൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിനായി 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജലകൃഷിയിൽ നിന്നുള്ള ഉൽപ്പാദനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ നിലവിലുള്ള ജലസ്രോതസ്സുകളുടെ പൂർണ്ണമായ വിനിയോഗത്തിനും അതോടൊപ്പം മത്സ്യ ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും പുനഃസ്ഥാപനത്തിനുംവേണ്ടി 2017-18 സാമ്പത്തിക വർഷം 48.88 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും പുതിയ മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. ഇതിൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയുടെ ഭാഗമായി മാതൃകാ ശുദ്ധജല മത്സ്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൃഷി ഫാമുകൾ, ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യ കൃഷി, വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യ കൃഷി, ചെമ്മീൻ കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

കൂടാതെ മത്സ്യ ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും പുനഃസ്ഥാപനത്തിനും അഷ്ടമുടി കായൽ, വേമ്പനാട് കായൽ, ബാക്ക് വാട്ടേഴ്സ് ഓഫ് കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനു പുറമേ പൊതുജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതി (റാഞ്ചിംഗ്)ക്കായി 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചു വരുന്നു.

ഇതിനുപുറമെ 2017-18 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ സ്കീമിൽ ഉൾപ്പെടുത്തി കല്ലുമ്മേക്കായ കൃഷി, ഓരുജല കൂട് കൃഷി, പുനർ പര്യയന മത്സ്യകൃഷി, വെള്ളക്കെട്ട് പ്രദേശങ്ങളുടെ പുനരുദ്ധാരണവും മത്സ്യകൃഷിയും, ചെമ്മീൻ കൃഷി, കുളം നവീകരിച്ചുകൊണ്ടുള്ള അസ്സാം വാള കൃഷി, കുളം നവീകരിച്ചുകൊണ്ടുള്ള ഗിഫ്റ്റ് കൃഷി എന്നീ പദ്ധതികൾക്കായി 686.6 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ നിലവിലുള്ള ജലസ്രോതസ്സുകളുടെ പൂർണ്ണമായ വിനിയോഗത്തിനും മത്സ്യ ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും സംയോജിത കൃഷിരീതി വ്യാപിപ്പിക്കുന്നതിനുംവേണ്ടി 2018-19 സാമ്പത്തിക വർഷം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 76.40 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിവരുന്നു.

## മത്സ്യബന്ധന മേഖലയിലെ കേന്ദ്ര സർക്കാർ വിഹിതം

302 (4013) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 മുതൽ 2017-18 വരെ മത്സ്യ ബന്ധനമേഖലയിൽ കേന്ദ്ര സർക്കാർ എത്ര കോടി രൂപ നൽകിയിട്ടുണ്ട്; അതിൽ എത്ര രൂപ ചെലവഴിച്ചു; എത്ര ഗഡുക്കൾ ആയാണ് കേന്ദ്ര വിഹിതം ലഭിച്ചത്;

(ബി) മുഴുവൻ കേന്ദ്ര ഫണ്ടും ചെലവാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യബന്ധന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ ) |
|---|---|---|---|---|
| 1 | 2014-15 | സമ്പാദ്യ സമാശ്വാസ പദ്ധതി | 105.9 | 105.9 |
| | | ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി | 23.95 | 23.95 |
| | | സ്ട്രെംഗ്തനിംഗ് ഓഫ് ഡാറ്റാ ബേസ് & ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം | 34.36 | 34.36 |
| 2 | 2015-16 | ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി | 24.37 | 24.37 |
| | | ഉൾനാടൻ മത്സ്യബന്ധനം | 150 | 150 |
| | | സ്ട്രെംഗ്തനിംഗ് ഓഫ് ഡാറ്റാ ബേസ് & ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം | 35.36 | 35.36 |
| 3 | 2016-17 | നീല വിപ്ലവം പദ്ധതി | 1298.1 | 680.38 |
| 4 | 2017-18 | നീല വിപ്ലവം പദ്ധതി | 686.6 | 538.896 |
| | | ആകെ | 2358.64 | 1593.216 |

നാല് ഗഡുക്കളായാണ് കേന്ദ്രവിഹിതം ലഭിച്ചത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 1,500 രൂപ വീതം നൽകേണ്ട മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 2015-16, 2016-17, 2017-18 വർഷങ്ങളിൽ യാതൊരു കേന്ദ്ര സഹായവും ലഭ്യമായിട്ടില്ല. എങ്കിലും മുഴുവൻ തുകയും സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളിക്ക് നൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഭവന നിർമ്മാണത്തിന് യാതൊരുവിധ തുകയും അനുവദിച്ചിട്ടുമില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം ചെലവ് ക്രമീകരിക്കുന്ന പദ്ധതികൾക്കായി 2014-15 മുതൽ 2017-18 വരെ 58.92 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും മുഴുവൻ തുകകളും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ,

2017-18 വർഷം യാതൊരുവിധ കേന്ദ്ര സഹായവും ലഭിച്ചിട്ടില്ല. മാത്രവുമല്ല, നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വളരെ മുൻപ് അംഗീകാരം ലഭിച്ച്, നിർമ്മാണം നടന്നുവരുന്ന 10 മത്സ്യബന്ധന തുറമുഖങ്ങൾക്ക് ആകെ 119.5 കോടി രൂപയുടെ കേന്ദ്ര വിഹിതം ഇനിയും ലഭിക്കാനുണ്ട്. അതിൽ 84.64 കോടി രൂപ സംസ്ഥാന സർക്കാർ ഇപ്പോൾതന്നെ ചെലവഴിച്ചുകഴിഞ്ഞതാണ്. വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഫിഷറീസ് വകുപ്പിൽ ലഭിച്ച മുഴുവൻ കേന്ദ്ര വിഹിതവും ചെലവാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ലഭിച്ച 1298.10 ലക്ഷത്തിൽ 680.38 ലക്ഷം രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളൂ. 2016-17 സാമ്പത്തിക വർഷം നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെട്ട സീകേജ് പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഒഴുക്കും തിരമാലകളും കൂടുതലായുള്ള കേരളത്തിന്റെ തീരക്കടലിൽ 6 മീറ്റർ വ്യാസമുള്ള കേജുകൾ നിലനിർത്താൻ ബുദ്ധിമുട്ടാണെന്നും ആയതിനാൽ 10 മീറ്റർ വ്യാസമുള്ള കേജിന് അംഗീകാരം ലഭിച്ചെങ്കിലും ടെണ്ടർ ചെയ്തപ്പോൾ അനുവദിച്ച തുകയുടെ ഇരട്ടി തുകയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. അതുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ തുകയും അനുവാദവും നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ കേജുകൾ നിർമ്മിച്ചു നൽകുന്ന പ്രൊഫഷണൽ ടീമുകളുടെ അഭാവവും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രതിബന്ധങ്ങളായി ഇപ്പോഴും നിലനിൽക്കുന്നു. ആയതിനാൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മൊത്തം 3245.40 ലക്ഷം രൂപയുടെ പദ്ധതി (കേന്ദ്രവിഹിതം 758.40) കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിൽ 686.6 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയുണ്ടായി. അതിൽ 617.94 ലക്ഷം കേന്ദ്ര സർക്കാർ 28-12-2017-ന് അനുവദിക്കുകയും 538.896 ലക്ഷം ചെലവഴിക്കുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷം നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം 4 പ്രോജക്ടുകൾ (495.81 കോടി) അധികമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തുക അനുവദിച്ച് കിട്ടിയിട്ടില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭിച്ച മുഴുവൻ കേന്ദ്ര ഫണ്ടും ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ക്ലാഞ്ഞിൽ ഉപയോഗിച്ചുകൊണ്ടുള്ള പരമ്പരാഗത മത്സ്യബന്ധന രീതി

303 (4014) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ ക്ലാഞ്ഞിൽ ഉപയോഗിച്ചുകൊണ്ടുള്ള പരമ്പരാഗത മത്സ്യബന്ധന രീതി തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ: വിശദമാക്കാമോ;

(ബി) പ്രസ്തുത മത്സ്യബന്ധന രീതി നിരോധിക്കുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ട്രോളറുകളുടെ വലകൾക്ക് കേടുപാട് സംഭവിക്കുന്നതിനാൽ ട്രോളറുകൾ ക്ലാഞ്ഞിലിന് സമീപത്തേക്ക് വരാതിരിക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട രീതിയിൽ മത്സ്യബന്ധനം നടത്താൻ കഴിയുമെന്നതിനാൽ പ്രസ്തുത മത്സ്യബന്ധന രീതി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തെങ്ങിന്റെ ക്ലാഞ്ഞിൽ തുടങ്ങി ഫിഷ് അഗ്രിഗേറ്റിംഗ് ഡിവൈസസ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

(ബി) തെങ്ങിന്റെ ക്ലാഞ്ഞിൽ പോലുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഫിഷ് അഗ്രഗേറ്റിംഗ് ഡിവൈസസിൽ മുട്ടയിടാൻ സജ്ജമായ തള്ളമത്സ്യങ്ങൾ (ഉദാ: കണവ) ധാരാളമായി കേന്ദ്രീകരിക്കപ്പെടുന്നു. ഇത്തരം മത്സ്യങ്ങളെ കൂട്ടത്തോടെ പിടിച്ചെടുക്കുന്നത് മത്സ്യ വിഭവ ശോഷണത്തിന് ഹേതുവാകും. ഈ സാഹചര്യത്തിലാണ് നിരോധനം ഏർപ്പെടുത്തിയത്.

(സി) ട്രോളിംഗ്മൂലം വിവേചനരഹിതമായ മത്സ്യബന്ധനം നടത്തി മത്സ്യസമ്പത്തിനുണ്ടാകുന്ന നാശത്തിന് തുല്യമായ നാശമാണ് തള്ളമത്സ്യങ്ങളെ ധാരാളം പിടിക്കുന്ന ഫിഷ് അഗ്രിഗേറ്റിങ്ങ് ഡിവൈസ് മുഖാന്തിരമുള്ള മത്സ്യബന്ധനം. അതുകൊണ്ട്, മത്സ്യവിഭവ ശോഷണത്തിന് ഹേതുവാകുന്ന പ്രസ്തുത മത്സ്യബന്ധന രീതി പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടില്ല.

## മത്സ്യോൽപ്പാദനത്തിലെ കുറവ്

304 (4015) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയ മത്സ്യബന്ധനത്തെത്തുടർന്ന് മത്സ്യോൽപ്പാദനത്തിൽ വൻ കുറവുണ്ടാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിശ്ചിത വലിപ്പത്തിൽ താഴെയുള്ള മത്സ്യങ്ങളെ പിടിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിന് വിരുദ്ധമായി മത്സ്യബന്ധനം നടത്തുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 24-7-2015-ലെ സ.ഉ.(പി) നമ്പർ 40/15 മഉവ, 17-5-2017-ലെ സ.ഉ.(പി) നമ്പർ 11/2017/മഉവ എന്നീ ഉത്തരവുകൾ പ്രകാരം (അനുബന്ധം*) 58 മത്സ്യ ഇനങ്ങളുടെ കുഞ്ഞു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

(സി) ഇത്തരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പം, കുറഞ്ഞ കണ്ണിവലിപ്പം എന്നിവ നിഷ്കർഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്രോളിംഗ് ശക്തമാക്കി നിയമലംഘനം നടത്തിയ യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കനത്തപിഴ ഈടാക്കി വരുന്നു. അനധികൃത മത്സ്യബന്ധനം, നിയമലംഘനം, പിഴ എന്നിവ സംബന്ധിച്ച് പത്രമാധ്യമങ്ങളിലൂടെ വാർത്തകൾ നൽകുകയും മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനത്തിനായി മാസ്റ്റർപ്ലാൻ

305 (4016) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സമഗ്രവികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഈ പ്ലാൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയെല്ലാമാണെന്നും ഇത് നടപ്പാക്കുന്നതിന് എത്ര ചെലവുണ്ടാകുമെന്നും അറിയിക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാനാവുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) തയ്യാറാക്കിയിട്ടില്ല.

(ബി) തീരദേശത്തിന്റെ സമഗ്രവികസനത്തിനായി 2000 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കുമെന്ന് 2018-19-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർദ്ദിഷ്ട തീരദേശ വികസന പാക്കേജിന്റെ ഒരു സമീപനരേഖ തയ്യാറാക്കാൻ മുൻചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായ ഒരു സമിതിയെ നിയോഗിച്ചിരിക്കയാണ്.

(സി) ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് നടപ്പാക്കുന്നതാണ്.

## മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി

306 (4017) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം ആറുമാസം കുടിശ്ശിക വന്നാൽ അംഗത്വം നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറുമാസകാലാവധിക്കുള്ളിൽ അംഗത്വം നഷ്ടപ്പെടുന്ന സ്ഥിതി, ആക്ടിൽ ഭേദഗതി വരുത്തി ഒഴിവാക്കാനാകുമോ;വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള പരിശോധന നടത്തി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ആറ് മാസത്തിൽ കൂടുതൽ കാലം വിഹിതം അടയ്ക്കാതെ കുടിശ്ശിക വരുത്തുന്നവർക്ക് അവരുടെ അംഗത്വം നഷ്ടപ്പെടാതിരിക്കുവാനായി കുടിശ്ശിക വിഹിതം ഒന്നിച്ച് അടയ്ക്കുന്നതിന് ബോർഡ് തീരുമാനപ്രകാരം നിശ്ചിത സമയപരിധി അനുവദിക്കാറുണ്ട്. ആയതുപ്രകാരം 28-2-2018 വരെ സമയപരിധി നൽകിയിരുന്നു. അതുകൊണ്ട് ആക്ടിൽ ഭേദഗതി വരുത്തുന്നത് ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

**പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നടപടികൾ**

307 (4018) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികളായി സംസ്ഥാനത്താകെ എത്ര പേരുണ്ടെന്നുള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനംപോലും പീലിംഗ് തൊഴിലാളികൾക്ക് ലഭിക്കാത്തതിനെ തുടർന്ന് അരൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും മത്സ്യസംസ്കരണശാലകൾ തൊഴിലാളികളെ സുലഭമായി കിട്ടുന്ന തമിഴ്നാട്ടിലേക്കും ഗുജറാത്തിലേക്കും കൂട്ടത്തോടെ മാറ്റിസ്ഥാപിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നമ്മുടെ രാജ്യത്തിനും സംസ്ഥാനത്തിനും വമ്പിച്ച നികുതി വരുമാനമുണ്ടാക്കിത്തരുന്ന ഈ മത്സ്യ സംസ്കരണ ശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എം.പി.ഇ.ഡി.എ. പോലുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഒന്നും ചെയ്യാത്തത് പരിഗണിച്ച്, കയറ്റുമതി സ്ഥാപനങ്ങളിലെ സി.എസ്.ആർ. കൂടി ഉൾപ്പെടുത്തി മത്സ്യ അനുബന്ധ തൊഴിലാളി ക്ഷേമനിധി, തൊഴിലാളി ക്ഷേമകരമായ രീതിയിലേക്ക് മാറ്റി ഈ വ്യവസായത്തെ സംസ്ഥാനത്തു തന്നെ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ എം.പി.ഇ.ഡി.എ. ഉൾപ്പെടെയുള്ള കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സഹായവും തേടി ഒരു സമഗ്ര തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിന് മുൻകൈ എടുക്കുമോ;

(ഇ) മത്സ്യതൊഴിലാളികൾക്കെന്നപോലെ, ഭവനനിർമ്മാണ-വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ സംസ്കരണ ശാലകളിൽ പണിയെടുക്കുന്ന പീലിംഗ് തൊഴിലാളികൾക്ക് കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തിൽ 34726 പീലിംഗ് തൊഴിലാളികൾ മത്സ്യ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കടലിൽ നിന്നുള്ള ചെമ്മീൻ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ ചില പീലിംഗ് ഷെഡ്ഡുകളിൽ തൊഴിൽക്കുറവ് വന്നിട്ടുണ്ട്. സംസ്കരണശാലകൾ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പീലിംഗ് തൊഴിലാളികൾക്കും സംസ്ഥാന തൊഴിൽ വകുപ്പ് മിനിമം കൂലി നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു.

(സി) നിലവിൽ പീലിംഗ് തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ഡി) പരിഗണിക്കുന്നതാണ്.

(ഇ) മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ മുഴുവൻ അനുബന്ധ തൊഴിലാളികളായവർക്കും നൽകാനാവില്ല. മത്സ്യബോർഡ് മുഖേന പ്രത്യേകം ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കുള്ള റേഷൻ കാർഡുകൾ**

308 (4019) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളിൽ പലർക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്കായുള്ള റേഷൻ കാർഡുകളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന റിപ്പോർട്ടുകൾ ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബി.പി.എൽ. കാർഡ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എന്ത് നിർദ്ദേശമാണ് ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിന് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.പി.എൽ. നിർണ്ണയത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനും മത്സ്യബോർഡിൽ രജിസ്റ്റർചെയ്ത മത്സ്യത്തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ മത്സ്യ അദാലത്തുകളിൽ ലഭ്യമായ അപേക്ഷകൾ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ, മുഴുവൻ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തേണ്ട വരാണെന്ന കാര്യം സിവിൽ സപ്ലൈസ് വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുമുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി

309 (4020) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഭൂമിയുടെ ന്യായവിലയും മാർക്കറ്റ് വിലയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥർ നിശ്ചയിക്കുന്ന ന്യായവില കുറവായതിനാൽ ധനസഹായ തുകയായ ആറ് ലക്ഷത്തിന്റെ ഗുണഫലം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു ഗുണഭോക്താവിന് 2 മുതൽ 3 സെന്റ് വസ്തുവരെ ഭവന നിർമ്മാണത്തിനായി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ വസ്തുവില കൂടിയ നഗരങ്ങളിൽ പ്രാദേശിക പ്രത്യേകത അനുസരിച്ച് ചില സ്ഥലങ്ങളിൽ 1 സെന്റ് വസ്തുവിന് പരമാവധി 3

ലക്ഷം രൂപ പ്രകാരം 2 സെന്റ് വസ്തു മാത്രമേ 6 ലക്ഷം രൂപയ്ക്ക് വാങ്ങാൻ കഴിയുകയുള്ളൂ. വസ്തുവിന്റെ വില കുറഞ്ഞ പ്രദേശങ്ങളിൽ 3 സെന്റ് വസ്തു വാങ്ങുന്നതിന് അർഹമായ ധനസഹായം മാത്രമേ അനുവദിക്കാൻ കഴിയൂ. വസ്തുവിന്റെ വില നിശ്ചയിച്ച് നൽകുന്നത് 16-12-2017-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 29/2017/മ.ഇ.വ പ്രകാരമാണ്. ആയത് ഭൂമിയുടെ പ്രാദേശിക വിലയ്ക്ക് ഏകദേശം സമാനവുമാണ്. ധനസഹായം പ്രദേശത്തെ വസ്തുവിന്റെ വിലയുമായി ബന്ധപ്പെട്ടതാകയാൽ മേൽസർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെടുന്ന വിലയുടെ അടിസ്ഥാനത്തിൽ മാത്രമേ അർഹമായ തുക അനുവദിക്കുവാൻ കഴിയുകയുള്ളൂ.

(സി) സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ പരിഹരിച്ച് നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്:

1. ഭൂമിയുടെ വില നിശ്ചയിച്ച് നൽകുന്നതിനായി സമീപ പ്രദേശത്ത് 3 വർഷത്തിനുള്ളിൽ ആധാരം ചെയ്തിട്ടുള്ള മൂന്ന് വസ്തുക്കളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക് വാല്യുവിനെ നിശ്ചിത മൾട്ടിപ്ലിക്കേഷൻ ഫാക്ടർകൊണ്ട് ഗുണിച്ച് പരമാവധി 100% സൊളേഷൻകൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയെക്കാൾ 100% വരെ അധികവില നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കുന്ന തുക 6 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ലെന്നും ആയത് നിശ്ചയിച്ചു നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറും ബന്ധപ്പെട്ട തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ), ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായി കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

2. സ്റ്റാറ്റ്യൂട്ടറി വിലയേക്കാളും 100%-ത്തിൽ അധികരിച്ച തുക നിശ്ചയിച്ചു നൽകേണ്ട കേസുകളിൽ ഫിഷറീസ് സെക്രട്ടറി ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറും ഫിനാൻസ്, റവന്യൂ എന്നീ വകുപ്പുകളിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ

310 (4021) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തെ കടലാക്രമണത്തെ ചെറുത്ത് തീരദേശവാസികളെ സംരക്ഷിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്നതുമായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ " അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽ ഉൾപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. കടലാക്രമണ ഭീഷണി നേരിടുന്ന കടൽത്തീരത്ത് നിന്ന് 50 മീറ്റർ പരിധിയിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 150 കോടി രൂപ 2018-19 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കുമെന്ന് 2018-19-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതിരേഖ ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്രമായ പാക്കേജ് തയ്യാറാക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലംകൂടി പരിഗണിച്ച് അന്തർദ്ദേശീയ നിലവാരത്തിലുള്ള ഡി.പി.ആർ. തയ്യാറാക്കേണ്ടതുണ്ടെന്നും അതിന് വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച ആനുകൂല്യത്തോടുകൂടിയുള്ള ഇൻഷ്വറൻസിന്റെ പരിരക്ഷ 17-12-2017 മുതൽ 16-12-2018 വരെയുള്ളതാണ്. മത്സ്യബന്ധനത്തിനിടയിൽ കാണാതാകൽ, അപകട മരണം, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

കൂടാതെ മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപ ധനസഹായം, 24 മണിക്കൂറിൽ കൂടുതലുള്ള ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്ക് 25,000 രൂപ എന്നീ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. ഇതു കൂടാതെ കേന്ദ്ര പദ്ധതിയായ ആം ആദ്മി ബീമാ യോജന പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന എൽ.ഐ.സി-യുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്. അപകടമരണത്തിന് 75,000 രൂപയും സ്വാഭാവിക മരണത്തിന് 30,000 രൂപയുമാണ് നിലവിൽ നൽകി വരുന്നത്. മത്സ്യബോർഡ് ലേബർ വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ആം ആദ്മി ഭീമാ യോജന പദ്ധതി PMJJBY, PMSBY എന്നീ കേന്ദ്ര പദ്ധതികളുമായി യോജിപ്പിച്ച് സംയോജിത PMJJBY എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. മത്സ്യത്തൊഴിലാളികളിൽ നിന്നും 6 ഗഡുക്കളായി 250 രൂപ വീതം മൊത്തം 1,500 രൂപ ശേഖരിക്കുകയും തുല്യ അനുപാതത്തിലുള്ള സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ചേർത്ത് 4500 രൂപ പഞ്ഞ മാസങ്ങളിൽ (മേയ്, ജൂൺ, ജൂലൈ (മറൈൻ), ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ (ഇൻലാൻഡ്) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.ടി.) ആയി ക്രെഡിറ്റ് ചെയ്ത് കൊടുക്കുകയും ചെയ്യുന്നു. 2016-17 വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി മുഴുവൻ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ആനുകൂല്യം വിതരണംചെയ്ത് പദ്ധതി പൂർത്തീകരിച്ചു. ഇതിനായി സംസ്ഥാന സർക്കാർ 55,95,29,500 രൂപ അനുവദിച്ചു. ഇതിൽ 27,97,64,750 രൂപ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതാണ്.

എന്നാൽ കേന്ദ്ര വിഹിതം ലഭ്യമായില്ല. 2017-18 സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം ജില്ലകളിൽ ശേഖരിച്ചുവരുന്നു.

## വർക്കല നിയോജക മണ്ഡലത്തിൽ ഓഖി ദുരന്തബാധിതർക്കുള്ള സഹായങ്ങൾ

311 (4022) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഓഖി ദുരന്തംമൂലം എത്രപേർക്ക് കെടുതികൾ സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ ഓഖി ദുരന്തബാധിതർക്ക് സഹായങ്ങൾ എത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിരുന്നുവെന്നും ആയതിലേക്ക് വിനിയോഗിച്ച ഫണ്ട് തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ദുരന്തംമൂലം വർക്കല മണ്ഡലത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർ എത്രയെന്ന് വ്യക്തമാക്കാമോ; എത്ര രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഓഖി ദുരന്തത്തിൽ വർക്കല നിയോജക മണ്ഡലത്തിൽ 154 പേർക്ക് കെടുതികൾ സംഭവിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ നിരക്കിൽ ധനസഹായം നൽകിയത് പ്രകാരം ടി മേഖലയിൽ 10,36,000 രൂപ അനുവദിക്കുകയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുകയും ചെയ്തിരുന്നു. വീടിന് നാശനഷ്ടം സംഭവിച്ചതും വെള്ളം കയറി വീട്ടുപകരണങ്ങൾ നശിച്ചവർക്കുമായി നാളിതുവരെ 7,95,800 രൂപ റവന്യൂ വകുപ്പ് മുഖേന അനുവദിച്ചിട്ടുണ്ട്. വെട്ടൂർ വില്ലേജിൽ വീടുകളിൽ വെള്ളം കയറിയ 22 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിൽ മാറ്റിപാർപ്പിച്ചിട്ടുണ്ട്. ടി ഇനത്തിൽ 25,174 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇടവ, വർക്കല വില്ലേജുകളിൽ വീടിനുമുകളിലും റോഡിലും മരങ്ങൾ കടപുഴകി വീണത് നീക്കംചെയ്ത ഇനത്തിലും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമായി 33,250 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ ടി നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ചുള്ള പരാതികളൊന്നും റവന്യൂ/ഫിഷറീസ് വകുപ്പിൽ ലഭിച്ചിട്ടില്ല.

## മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിന് സ്ലിപ്പുകൾ

312 (4023) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പനയ്ക്കുള്ള മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം തിരിച്ചറിയുന്നതിന് സ്ലിപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) സ്ലിപ്പുകൾ പൊതുജനങ്ങൾക്ക് ആവശ്യാനുസരണം ലഭ്യമാകുംവിധം റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ എന്നിവ വഴിയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യലഭ്യത ഉറപ്പുവരുത്താൻ മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തയ്യാറാക്കിയ പേപ്പർ സ്ലിപ്പ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ സർക്കാർ ഏജൻസികൾ/സ്ഥാപനങ്ങളിലെ പരിശോധനയ്ക്ക് ആവശ്യമായ ടെസ്റ്റിംഗ് കിറ്റ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ ലഭ്യമാണ്.

(ബി) പേപ്പർ സ്ലിപ്പ് സാങ്കേതികവിദ്യ കൈമാറ്റം ചെയ്ത് വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാദ്ധ്യമാക്കാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ശ്രമം തുടങ്ങിക്കഴിഞ്ഞു. ഈ പ്രക്രിയ പൂർത്തിയായശേഷം വിപുലമായ വിതരണം സാദ്ധ്യമാക്കാൻ നടപടിയെടുക്കുന്നതാണ്.

## ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി

313 (4024) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യ ഉല്പാദനം ഒരോ വർഷവും ശരാശരി എത്ര ടൺവരും;

(ബി) ഉൾനാടൻ മത്സ്യകൃഷി സംസ്ഥാനത്ത് വർദ്ധിപ്പിച്ച് കൂടുതൽ ഉല്പാദനം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കഴിഞ്ഞ മൂന്ന് വർഷത്തെ ഉൾനാടൻ മത്സ്യ ഉൽപ്പാദനം സംബന്ധിച്ച വസ്തുനിഷ്ഠമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ഉൽപ്പാദനം (മെട്രിക് ടൺ) |
|---|---|
| 2014-15 | 201545 |
| 2015-16 | 210762 |
| 2016-17 | 188130 |

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**നായരമ്പലം ഗ്രാമപഞ്ചായത്തിലെ ചെമ്മീൻപാടം**

314 (4025) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നായരമ്പലം ഗ്രാമപഞ്ചായത്തിലെ അഞ്ഞൂറ് ഏക്കറോളം ചെമ്മീൻപാടം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട 500 ഏക്കറോളം വരുന്ന ചെമ്മീൻപാടങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായുള്ള പ്രാഥമിക സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് " ഒരു നെല്ലും ഒരു മീനും" പദ്ധതിയും " ഒരു നെല്ലും ഒരു ചെമ്മീനും" പദ്ധതിയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മാവേലിക്കര നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

315 (4026) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (തുക ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പ്രായിക്കര തറയിൽ-മുക്ക് കടത്തുകടവ് റോഡ് | 28.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | വള്ളികുന്നം പള്ളിക്കത്തറ-കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിവേകാനന്ദ ജംഗ്ഷൻ-മാവോലിമുക്ക് ടി.എ. കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | ആശാൻമുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | 10%പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 5 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104 | 5%പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 6 | കല്ലിൽക്കുന്നിൽ മുക്ക് കുമ്പിളുമല പള്ളി റോഡ് | 77.91 | പ്രവൃത്തി കരാർ വച്ച് പണി ആരംഭിച്ചിട്ടുണ്ട്. |
| 7 | വള്ളികുന്നം- | 46.00 | ദർഘാസ് |

| | | | |
|---|---|---|---|
| | കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | | ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 8 | താമരക്കുളം ജംഗ്ഷൻ-നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 9 | പാലമേലിൽ ആധുനിക മത്സ്യ മാർക്കറ്റ് | 174.61 | പാലമേലിൽ സ്ഥാപിക്കുന്ന മാർക്കറ്റ് കെട്ടിടത്തിന്റെ 95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാർക്കറ്റിന്റെ മുൻ വശത്തുള്ള യാർഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കൂടാതെ ഈ മാർക്കറ്റിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, ഇ.ടി.പി. സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. ആയവ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**ചാലക്കുടിയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കാൻ നടപടി**

316 (4027) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 261.17 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതികളിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനെ തുടർന്ന് പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം എന്നിവ മാത്രമായി ചുരുക്കി വിശദമായ പദ്ധതി തയ്യാറാക്കിവരുന്നു.

## വൈപ്പിൻ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനഃരുദ്ധാരണം

317(4028) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വൈപ്പിൻ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക ആകെ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനഃരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയ പ്രവൃത്തികളും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നം. | റോഡിന്റെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | വി.കെ കറുപ്പൻ റോഡ് വാർഡ്-5, കടമക്കുടി പഞ്ചായത്ത് | 60.95 |
| 2 | കരിപ്പായി കേളേശ്വരം റോഡ്, വാർഡ്-4 മുളവുകാട് | 45.05 |
| 3 | സോമൻതുരുത്ത് റോഡ് വാർഡ്-1, എളങ്കുന്നപ്പുഴ പഞ്ചായത്ത് | 20.14 |
| 4 | റൂറൽ വർക്കേഴ്സ് കോളനിക്ക് സമീപത്തെ റോഡ്, നായരമ്പലം പഞ്ചായത്ത്, വാർഡ്-16 | 25.50 |
| 5 | പഞ്ചായത്ത് ജെട്ടി റോഡ് കടമക്കുടി പഞ്ചായത്ത്, വാർഡ്-11 | 33.00 |
| 6 | എളങ്കുന്നപ്പുഴ ഫിഷ് ഫാം റോഡ്, വാർഡ്-2, എളങ്കുന്നപ്പുഴ പഞ്ചായത്ത് | 30.00 |
| | ആകെ | ** Expression is |

faulty **

## കടൽഭിത്തി നിർമ്മാണം

318 (4029) <u>ശ്രീ. എം. വിൻസെന്റ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നിർമിക്കാൻ സാധിച്ചിട്ടുണ്ട്; ഇത് ഏതൊക്കെ പ്രദേശങ്ങളിലെന്ന് വിശദമാക്കാമോ;

(ബി) കടൽഭിത്തി നിർമാണത്തിൽ ജിയോ ട്യൂബുകൾ ഉപയോഗപ്പെടുത്താൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കടൽഭിത്തി നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നില്ല. സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | പുതിയ നിർമ്മാണം | പുനരുദ്ധാരണം/ പുനർനിർമ്മാണം |
|---|---|---|---|
| 1 | കാസർഗോഡ് ചേരങ്കായി കടപ്പുറം | | 0.045 കി.മി. |
| 2 | തലശ്ശേരി ഇന്ദിര പാർക്കിനു സമീപം | | 0.085 കി.മി. |
| 3 | ധർമ്മടം പഞ്ചായത്തിൽ പരീക്കടവിൽ | | 0.067 കി.മി. |
| 4 | പള്ളിക്കുന്നു പഞ്ചായത്തിലെ പള്ളിയാമ്മൂലയിൽ | | 0.056 കി.മി. |
| 5 | കണ്ണൂർ മുനിസിപ്പാലിറ്റിയിൽ പയ്യാമ്പലത്ത് | | 0.057 കി.മി. |
| 6 | മാട്ടൂൽ പഞ്ചായത്തിൽ നീരൊഴുക്കും ചാലിൽ | | 0.103 കി.മി. |
| 7 | കോഴിക്കോട് പയ്യോളി പഞ്ചായത്തിലെ കൊളാവിപ്പാലം | 0.450 കി.മി. | ... |

| | | | |
|---|---|---|---|
| | കോട്ടക്കടപ്പുറം | | |
| 8 | കോഴിക്കോട് കോർപ്പറേഷൻ തോപ്പയിൽ | 0.085 കി.മി. | 0.230 കി.മി. |
| 9 | കോഴിക്കോട് കോർപ്പറേഷൻ ബംഗ്ലാദേശ് കോളനിയിൽ | | 0.050 കി.മി. |
| 10 | കോഴിക്കോട് കോർപ്പറേഷനിൽ കോതിനൈനാൽവളപ്പ് ബീച്ച് | | 0.225 കി.മി. |
| 11 | മലപ്പുറം പൊന്നാനി ലൈറ്റ് ഹൗസിനു സമീപം | | 0.120 കി.മി. |
| 12 | പരപ്പനങ്ങാടി ആലിങ്കൽ ബീച്ച് | 0.300 കി.മി. | ... |
| 13 | ആവിയിൽ ബീച്ച് | | 0.057 കി.മി. |
| 14 | സദ്ദാം ബീച്ച് | 0.080 കി.മി. | ... |
| 15 | സി.ഇ. എസ്.സി.പി.1694 | | 0.055 കി.മി. |
| | | 0.915 കി.മി. | 1.11 കി.മി. |

(ബി) സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിന്റെകീഴിൽ പരീക്ഷണ അടിസ്ഥാനത്തിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ കടൽഭിത്തി ജിയോ ട്യൂബ് ഉപയോഗിച്ച് നിർമ്മിക്കുകയും കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഈ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ അഭിപ്രായംകൂടി ജിയോട്യൂബുകൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ പരിഗണിക്കുന്നതാണ്.

**പുതിയങ്ങാടിയിൽ ആധുനികരീതിയിലുള്ള ഐസ് പ്ലാന്റ്**

319 (4030) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ നിലവിലുള്ള ഉപയോഗശൂന്യമായ ഐസ് പ്ലാന്റിന് പകരം ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ഭരണാനുമതി ലഭ്യമായിട്ടില്ല. എന്നാൽ കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിലുള്ള ഉപയോഗശൂന്യമായ ഐസ് പ്ലാന്റിന് പകരം 25 ടൺ ശേഷിയുള്ള പുതിയൊരു ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിവരുന്നുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് അത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതാണ്.

**കശുവണ്ടി വ്യവസായത്തിന്റെ നിലവിലെ അവസ്ഥ**

320 (4032) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴായിരം കോടി രൂപയിലധികം വിദേശനാണ്യം നേടിത്തന്നിരുന്ന കശുവണ്ടി വ്യവസായത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) തോട്ടണ്ടിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ 9.36% ഇറക്കുമതി തീരുവ ഈ വ്യവസായത്തെ ദോഷകരമായി ബാധിച്ചുവോയെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി സംസ്കരിച്ച് കയറ്റുമതി ചെയ്യുമ്പോൾ ഇറക്കുമതി തീരുവയിൽ 5% തിരികെ ലഭിക്കുമെന്നത് പ്രായോഗികമായി നടപ്പിലാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) നിലവാരം കുറഞ്ഞ തോട്ടണ്ടി, കാലീത്തീറ്റ എന്ന പേരിൽ ഇറക്കുമതി ചെയ്ത് സംസ്കരിച്ച് പരിപ്പാക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ മേഖലയിലെ യന്ത്രവല്ക്കരണം പരമ്പരാഗത തൊഴിലാളികളെ ബാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഈ മേഖലയുടെ പുനരുദ്ധാരണത്തിന് കാഷ്യൂബോർഡ് ഏതൊക്കെ തരത്തിൽ സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

(ജി) കാഷ്യുബോർഡിന് അനുവദിച്ച ബജറ്റ് വിഹിതത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ തോട്ടണ്ടി സംസ്കരണ യൂണിറ്റുകൾക്ക് പ്രതിവർഷം 8 ലക്ഷം ടൺ തോട്ടണ്ടിയുടെ ആവശ്യകതയുണ്ട്. എന്നാൽ കേരളത്തിലെ തോട്ടണ്ടി ഉൽപ്പാദനം പ്രതിവർഷം 83000 ടൺ മാത്രമാണ് നിലവിലുള്ളത്. അതിനാൽ സംസ്കരണ യൂണിറ്റുകൾക്ക് ആവശ്യമായ തോട്ടണ്ടി ലഭിക്കാത്ത അവസ്ഥയാണ്.

(ബി) ഇറക്കുമതി ചുങ്കം വന്നതോടുകൂടി സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാവുകയും തോട്ടണ്ടിയുടെ ഇറക്കുമതി കുറയുകയും വില കൂടുകയും ചെയ്തു. ഇതിന്റെ ഫലമായി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെ അടച്ചിടേണ്ട സ്ഥിതി വരികയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ട്.

(സി) തോട്ടണ്ടി ഇറക്കുമതി തീരുവ തിരികെ ലഭിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രായോഗികമാക്കാൻ പ്രയാസമാണ്. ഉദാഹരണമായി ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ 25% പരിപ്പ് കയറ്റുമതി ചെയ്യണമെന്ന വ്യവസ്ഥ. പലപ്പോഴും കയറ്റുമതി നിലവാരമുള്ള 25% പരിപ്പ് പ്രോസ്സസിംഗ് വഴി ലഭിക്കില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ ഇടപെടലിലൂടെ മാത്രമേ ഇത് പൂർണ്ണമായും തടയുവാൻ കഴിയുകയുള്ളൂ.

(ഇ) ഉണ്ട്. കേരളത്തിലെ കശുവണ്ടി ഫാക്ടറികളിൽ 3 ലക്ഷത്തോളം തൊഴിലാളികൾ ഉണ്ട്. അതിൽ 90% സ്ത്രീകളാണ്. യന്ത്രവൽക്കരണം ഇവരുടെ ജോലിസാദ്ധ്യത കുറയ്ക്കും.

(എഫ്) തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂ ബോർഡിന് രൂപംനൽകിയിട്ടുണ്ട്. വിദേശ തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനാണ് കാഷ്യൂ ബോർഡ് ഉദ്ദേശിക്കുന്നത്. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും

നേരിട്ട് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടി കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു.

(ജി) ഷെയർ ക്യാപിറ്റൽ ഇനത്തിൽ 24.5 കോടി രൂപയാണ് നൽകേണ്ടത്. ഇതിൽ 5 കോടി രൂപ ലഭ്യമാക്കി. ഇതിനുപുറമെ ഈ വർഷം തന്നെ 10 കോടി രൂപ കൂടി അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

321 (4033) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ കശുവണ്ടി ഫാക്ടറികളുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് നൽകുന്നതാരാണെന്നും ഇതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ ഏതെല്ലാം വകുപ്പുകളാണ് നടത്തുന്നതെന്നും വ്യക്തമാക്കുമോ;

(സി) സ്വകാര്യ ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ അസംസ്കൃത തോട്ടണ്ടി എവിടെനിന്ന് ലഭ്യമാക്കുന്നുവെന്നും ഏതെങ്കിലും സർക്കാർ ഏജൻസികൾ തോട്ടണ്ടി വിതരണം ചെയ്യുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ഫാക്ടറികൾക്കാവശ്യമായിട്ടുള്ള തോട്ടണ്ടി സർക്കാർ ഏജൻസികൾ വിതരണം ചെയ്ത് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 750 രജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളുള്ളതിൽ 410 കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്.

(ബി) ഡയറക്ടർ ഫാക്ടറീസ് & ബോയിലേഴ്സ് ആണ് കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ ലൈസൻസ് നൽകുന്നത്. ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI), തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇൻസ്പെക്ഷൻ വിംഗ്,

മലിനീകരണ നിയന്ത്രണ ബോർഡ്, ലീഗൽ മെട്രോളജി മുതലായ വകുപ്പുകളാണ് ഫാക്ടറികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ നടത്തുന്നത്. കാഷ്യൂ സ്പെഷ്യൽ ഓഫീസർ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്.

(സി&ഡി) ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും സ്വകാര്യ മുതലാളിമാർ നേരിട്ടാണ് ഇറക്കുമതി ചെയ്യുന്നത്. എന്നാൽ അടുത്ത കാലത്തായി ഇറക്കുമതി ചെയ്ത തോട്ടണ്ടി സംസ്കരണം നടത്താതെ ട്രേഡിംഗിൽ മാത്രം ഏർപ്പെട്ടത് ഈ മേഖലയിൽ ചൂഷണം വർദ്ധിക്കാൻ കാരണമായി. ഇക്കാരണത്തിലാണ് ചെറിയ അളവിലെങ്കിലും ഇടപെടാൻ കഴിയുമോ എന്നതിന് സംസ്ഥാന സർക്കാർ പുതിയതായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ശ്രമിക്കുന്നത്.

## കശുവണ്ടി ശേഖരണം സർക്കാർ ഏജൻസിക്ക് നൽകുവാൻ നടപടി

322 (T4034) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുവണ്ടി ശേഖരിക്കുന്നതിന് കഴിഞ്ഞ വർഷം ആർക്കാണ് അനുമതി നൽകിയിരുന്നത്;

(ബി) സർക്കാർ ഏജൻസി കശുവണ്ടി ശേഖരണം നടത്തുകവഴി ജില്ലയിലെ മറ്റു ചെറുകിട കർഷകർക്ക് കശുവണ്ടിക്ക് ഉയർന്ന വില കഴിഞ്ഞ വർഷം ലഭ്യമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വർഷവും കശുവണ്ടി ശേഖരണം സർക്കാർ ഏജൻസിക്കുതന്നെ നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ്, രാജപുരം, ചീമേനി, ആദൂരി, മുളിയാരി, പെർല, പെരിയ, പൈനിക്കര, പാണത്തൂർ, കമ്മാടി, നാട്ടുകാണി എന്നീ ഡിവിഷനുകളിൽനിന്ന് കശുവണ്ടി ശേഖരിക്കുന്നതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും കഴിഞ്ഞ വർഷം അനുമതി നൽകിയിരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഈ വർഷവും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ പോലെയുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും ലഭിക്കില്ല. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം, കൃഷി, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനുമായി നൽകുന്നതിന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ നേരിട്ട് നടത്തിയ ടെണ്ടർ എടുത്തവരിൽ നിന്ന് തോട്ടണ്ടി കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നും ടെണ്ടർ ചെയ്യാൻ ബാക്കിയുള്ള തോട്ടങ്ങളിലെ തോട്ടണ്ടി ശേഖരിച്ച് കോർപ്പറേഷനും കാപ്പെക്സിനും നൽകുന്ന രീതിയിൽ ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നും സംയുക്ത മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3821, 3866, 3882, 3884, 3900, 3934, 3965, 3976, 4031 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II. അടിയന്തരപ്രമേയം

### ബാറുകൾ തുറക്കാൻ അനുമതി

മി. സ്പീക്കർ: റൂൾ 50 പ്രകാരം സർവ്വശ്രീ കെ. സി. ജോസഫ്, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഈ നോട്ടീസിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഒരു കാര്യം അറിയിച്ചിട്ടുണ്ട്. ചട്ടം 52(5)-ന് വിരുദ്ധമായ ചില പരാമർശങ്ങൾ വിശദീകരണക്കുറിപ്പിലുണ്ട് എന്നാണ് അദ്ദേഹം എഴുതി നൽകിയിട്ടുള്ളത്. ചെയർ പരിശോധിച്ചപ്പോൾ അതിലൊരു ശരിയുമുണ്ട്. ഞാൻ അതിന്റെ മെരിറ്റിലേയ്ക്ക് കടക്കുന്നില്ല. പൊതുസമൂഹം ശ്രദ്ധിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന വിഷയമായതിനാലും പ്രതിപക്ഷത്തിന്റെ അവകാശമായതിനാലും ഇത് അനുവദിക്കുകയാണ്. ഊഹാപോഹങ്ങളും ആരോപണങ്ങളും നിറയുന്ന നിലയിൽ അടിയന്തരപ്രമേയം പാടില്ലെന്ന ചട്ടം ഓർമ്മപ്പെടുത്തിക്കൊണ്ട് ഇത് പരിഗണനയ്ക്കെടുക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് അംഗീകരിച്ചുകൊണ്ട് പറയുകയാണ്, ഇതിലുള്ള ഒരു പരാമർശം സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അപമാനമുണ്ടാക്കുന്നതാണ്. ചട്ടം 52(5)-ൽ പറയുന്നത് ഒരു തരത്തിലും സർക്കാരിനെതിരായി ഒരു അഴിമതിയാരോപണം അടിയന്തരപ്രമേയത്തിന്റെ ഭാഗമായി കൊണ്ടുവരാൻ പാടില്ലെന്നാണ്. അതിന് വേറെ മാർഗ്ഗമുണ്ട്. ഇതിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ബാറുടമകൾ ഇടതുമുന്നണിയെ ആളും അർത്ഥവും നൽകി സഹായിച്ചതിന്റെ പ്രത്യുപകാരമാണ് ഇപ്പോഴത്തെ തീരുമാനമെന്ന് പറഞ്ഞിരിക്കുന്നത് സ്പെസിഫിക്കായ ഒരു ആരോപണമാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതിയ ബാറുകൾ തുറക്കുന്നതിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തീരുമാനിച്ചിട്ടില്ല; ഒരു പുതിയ ബാറും തുറക്കാനും പോകുന്നില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഇത് സ്പെസിഫിക്കായി പറഞ്ഞ സാഹചര്യത്തിൽ അഴിമതി ആരോപണമാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫ്, അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയുമായി ബന്ധപ്പെട്ടുകൊണ്ട് സൂചിപ്പിച്ചിട്ടുള്ളത്. അത് ബഹുമാനപ്പെട്ട സ്പീക്കർ വളരെ ഗൗരവത്തിൽ കാണണം. ഇക്കാര്യം വിശദീകരണക്കുറിപ്പിൽ നിന്നുതന്നെ ഒഴിവാക്കണമെന്നതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അങ്ങ് എഴുതി നൽകിയതുമായി ബന്ധപ്പെട്ട റൂളിംഗ് തന്നെയാണ് ഞാൻ നൽകിയത്. അത് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഇത് പരിഗണനയ്ക്കെടുക്കണമെന്നുള്ള നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഏതായാലും അങ്ങ് പറഞ്ഞത് ശരിയാണ്.

കോടതിവിധിയുടെ മറവിൽ പതിനായിരത്തിനുമേൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ ബാറുകൾ തുറക്കാൻ അനുമതി നൽകാനും ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ബാറുകൾക്കുള്ള ദൂരപരിധി കുറയ്ക്കാനും സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, അടിയന്തരപ്രമേയത്തിന് അടിസ്ഥാനമായി ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ എഴുതി സമർപ്പിച്ചിട്ടുള്ളത് യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കി പ്രതികരിക്കാൻ കഴിയാതെ വന്നതുകൊണ്ടുള്ള ചില പ്രശ്നങ്ങളാണ്. സുപ്രീം കോടതിവിധി ഓരോ ഘട്ടത്തിലും നടപ്പിലാക്കിക്കൊണ്ടുള്ള സമീപനമാണ് കേരളത്തിലെ സർക്കാർ മദ്യ വ്യവസായത്തിൽ തുടർച്ചയായി സ്വീകരിച്ചുവരുന്നത്. ഇപ്പോഴുള്ള പുതിയ വിധിയിൽ പഞ്ചായത്തുകളുടെ മാനദണ്ഡം നിർണ്ണയിക്കുന്നതിന് അടിസ്ഥാനമായിട്ടാണ് പതിനായിരത്തിന് മുകളിൽ ജനസംഖ്യ എന്ന് നിർണ്ണയിച്ചത്. അത് കൂടുതൽ ഷാപ്പുകൾക്ക് അംഗീകാരം നൽകുന്നതിനോ പുതിയ ഏതെങ്കിലും ഷാപ്പുകൾ പ്രവർത്തനമാരംഭിക്കുന്നതിനോ സഹായകരമായ നടപടിയല്ല. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തും തുടർന്ന് അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണകാലത്തും പ്രവർത്തിച്ചുവന്ന ഷാപ്പുകൾ വ്യത്യസ്ത ഘട്ടങ്ങളിലുള്ള കോടതിവിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടേണ്ടിവന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിതന്നെയാണ് അത്തരം വിധികളിൽ പിന്നീട് കൂടുതൽ വ്യക്തത വരുത്തിയത്. അങ്ങനെ വ്യക്തത വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പൂട്ടിയിട്ട ഷാപ്പുകൾക്ക് അംഗീകാരം നൽകുന്നതിന് അവർക്ക് സ്വന്തമായി അപേക്ഷിക്കാം. ആ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്. ഇപ്പോഴും എത്ര ഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കണമെന്നുള്ളത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ഓരോ സ്ഥാപനത്തിന്റെയും വ്യക്തിഗതമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമേ പരിശോധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ വെന്നതാണ് യാഥാർത്ഥ്യം. ഈ നോട്ടീസിൽ ആരാധനാലയങ്ങൾ, വിദ്യാഭ്യാസ

സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള ദൂരപരിധി ഒഴിവാക്കുന്നുവെന്നുള്ള സൂചന നൽകുന്നുണ്ട്. കേരളത്തിൽ കള്ളുഷാപ്പുകളും മദ്യ ഷാപ്പുകളും പ്രവർത്തിക്കുന്നതിന് ഒബ്ജക്ഷണബിൾ സൈറ്റ് തീരുമാനിച്ചിട്ടുണ്ട്. അതിൽ ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളനികൾ, ശ്മശാനങ്ങൾ എന്നിവ പ്രത്യേകമായി മാർക്ക് ചെയ്തിട്ടുണ്ട്. ഒബ്ജക്ഷണബിൾ സൈറ്റിൽനിന്ന് കള്ളുഷാപ്പുകൾക്കുള്ള ദൂരപരിധി 400 മീറ്ററും ഔട്ട്‌ലെറ്റുകൾക്കുള്ള ദൂരപരിധി 200 മീറ്ററും ത്രീസ്റ്റാർ വരെയുള്ള ബാറുകൾക്ക് 200 മീറ്ററുമാണ്. അതിലൊരു മാറ്റവും വരുത്താൻ തീരുമാനിച്ചിട്ടില്ല. 2012 വരെ ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്കെല്ലാം 50 മീറ്റർ ദൂരപരിധിയാണ് ഉണ്ടായിരുന്നത്. അത് പിന്നീട് 200 മീറ്ററായി യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മാറ്റി. ഫോർ സ്റ്റാർ മുതൽ മുകളിലേയ്ക്കുള്ള ഹോട്ടലുകൾക്ക് 50 മീറ്റർ എന്നുള്ളത് സർക്കാർ വളരെമുമ്പുതന്നെ ഉത്തരവ് പുറപ്പെടുവിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്. അതിന്റെ ആനുകൂല്യങ്ങൾ വളരെ ചുരുക്കം ചില ഷാപ്പുകൾക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. മറ്റ് ഷാപ്പുകളെല്ലാം നേരത്തെതന്നെ പ്രവർത്തിച്ചിരുന്നതാണ്. അതുകൊണ്ട് ഒരു പുതിയ സാഹചര്യം ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്നില്ല. ഈ നോട്ടീസിന് അനുബന്ധമായി പറഞ്ഞിട്ടുള്ള ചില വിഷയങ്ങളിൽ സംസ്ഥാന സർക്കാരുകൾ സുപ്രീം കോടതിയെ സമീപിച്ചുവെന്ന് പറയുന്നുണ്ട്. ഇവിടെ പറഞ്ഞത് കേരളം ഉൾപ്പെടെ മൂന്ന് സംസ്ഥാനങ്ങൾ കോടതിയെ സമീപിച്ചുവെന്നാണ്. യഥാർത്ഥത്തിൽ സുപ്രീം കോടതി വിധിയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് കേരളം സുപ്രീം കോടതിയെ സമീപിച്ചിട്ടില്ല. ആസ്സാം, മേഘാലയ, പശ്ചിമ ബംഗാൾ എന്നീ മൂന്ന് സംസ്ഥാനങ്ങൾ കോടതിയെ സമീപിച്ച സന്ദർഭത്തിൽ ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. സുപ്രീം കോടതിയുടെ ഈ നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം സുപ്രീം കോടതിയിൽ പറഞ്ഞിട്ടുണ്ട്. അതല്ലാതെ, കോടതി വിധി മറികടക്കുന്നതിനോ മറ്റേതെങ്കിലും വിധി സമ്പാദിക്കുന്നതിനോ ഉള്ള ഒരു നടപടിയും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാക്കുകയാണ്. നോട്ടീസിൽ പറഞ്ഞിട്ടുള്ള സി.പി.ഐ.(എം.)-ഉം ആയി ബന്ധപ്പെട്ടുള്ള മറ്റാരോപണങ്ങൾ എല്ലാം അടിസ്ഥാനരഹിതമാണ് എന്നുള്ളത് ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എക്സൈസ് കമ്മീഷണർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കും യാതൊരു സംശയത്തിന്റെയും അടിസ്ഥാനമില്ല എന്നതാണ് വസ്തുത. ഈ സാഹചര്യങ്ങളെല്ലാം പരിഗണിച്ച് ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഒരു പ്രത്യേക അവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉടലെടുത്തിട്ടില്ല. അത്തരം ഒരു സാഹചര്യത്തിൽ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, എനിക്ക് ആദ്യമായി അപേക്ഷിക്കാനുള്ളത് ഈ പ്രമേയം ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണമെന്നതാണ്. അങ്ങയിലൂടെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് ഇതുസംബന്ധിച്ച് ഡോ. ടി. എം. തോമസ് ഐസക് രണ്ടും ശ്രീ. സി. ദിവാകരൻ ഒന്നും ശ്രീ. എം. ചന്ദ്രൻ ഒന്നും എന്നിങ്ങനെ നാല് അടിയന്തരപ്രമേയങ്ങൾ സഭയിൽ ചർച്ച ചെയ്യുകയുണ്ടായി. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് ഇന്നുവരെ സഭയിൽ അതിന് അവസരമുണ്ടായിട്ടില്ല. ഇതൊരു ലോംഗ് സെഷനാണ്, ഈ സെഷനിൽ ചട്ടം 130 പ്രകാരമുള്ള ചർച്ച അനുവദിച്ചിട്ടില്ല; മറ്റൊരു പൊതുചർച്ചയും ഇല്ല. ഈ പ്രമേയമെങ്കിലും ചർച്ച ചെയ്യണം. കേരളത്തെ സംബന്ധിച്ചിടത്തോളം അതീവ ഗൗരവതരമായ വിഷയം ചർച്ച ചെയ്യാൻ ഇവിടെ അവസരമുണ്ടായില്ലെങ്കിൽ ഞങ്ങളെവിടെ പോകണം. പ്രസംഗം ചുരുക്കണമെന്നുള്ള അങ്ങയുടെ കുറിപ്പ് എനിക്ക് കിട്ടി. റൂൾ 50 അവതരിപ്പിക്കുക എന്നത് ഞങ്ങളുടെ അവകാശമല്ലേ; അതുപോലും ചുരുക്കാൻ പോയാൽ എങ്ങനെയാണ്? ശ്രീ. എ. കെ. ബാലന്റെ അങ്കലാപ്പ് ഈ സഭയിൽ കണ്ടു. മടിയിൽ പൊതിയുള്ളവൻ വഴിയിൽ പേടിച്ചാൽ മതിയല്ലോ. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോയിൽ എന്താണ് പറയുന്നത്? 'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹിക വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുവാൻ സഹായകമായ നയമായിരിക്കും ഇടതുപക്ഷ മുന്നണി സർക്കാർ സ്വീകരിക്കുന്നത് എന്നാണ് മാനിഫെസ്റ്റോ പറയുന്നത്. എന്നിട്ടിവിടെ പടിപടിയായി മദ്യവിമുക്തമാക്കുകയല്ല, മദ്യത്തിന്റെ ലഭ്യത കുറയ്ക്കുകയല്ല, കേരളത്തിന്റെ മുക്കിലും മൂലയിലും മദ്യം ലഭ്യമാക്കി, കേരളത്തെ മദ്യത്തിൽ മുക്കികൊല്ലാനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയുടെ പ്രസംഗത്തിൽ പറഞ്ഞത് പുതിയ ബാറുകൾ തുറക്കില്ലെന്നും മദ്യ ഉപയോഗം കുറയ്ക്കുകയാണ് എൽ.ഡി.എഫ്-ന്റെ നയമെന്നുമാണ്. അതാണോ ഇന്ന് നിങ്ങളുടെ നയം? എൽ.ഡി.എഫ്. അധികാരത്തിൽ വന്നശേഷം മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നു. ഇത് വളരെ ദൂരവ്യാപകമായ പ്രയാസങ്ങളുണ്ടാക്കും. ഒരു തലമുറയെ നിങ്ങൾ നശിപ്പിക്കാൻ പോകുകയാണ്. കേരളത്തിൽ ആദ്യമായി മദ്യനിരോധനം നടപ്പാക്കിയത് ശ്രീ. എ. കെ. ആന്റണിയാണ്. ഗണ്യമായ വരുമാനച്ചോർച്ചയുണ്ടാകുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ ആ നടപടി സ്വീകരിച്ചത് ഒരു സാമൂഹ്യ പ്രതിബദ്ധതയെ മുൻനിർത്തിയായിരുന്നു. ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്നപ്പോൾ മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻവേണ്ടി പടിപടിയായി നടപടികൾ സ്വീകരിച്ചു.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അടിസ്ഥാന സൗകര്യമില്ലാത്ത 418 ബാറുകൾ ആദ്യം പൂട്ടി. പിന്നീട് ബാർ ലൈസൻസ് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. ബാറുകൾ സ്ഥാപിക്കാൻ ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ എന്നിവയുടെ ദൂരപരിധി വർദ്ധിപ്പിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ബാർ വേണമോയെന്ന് തീരുമാനിക്കാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി എന്നുള്ളതാണ്. അധികാര വികേന്ദ്രീകരണത്തിന്റെ വക്താക്കളായ നിങ്ങൾ ആ നയം എടുത്തുകളഞ്ഞു; പഞ്ചായത്തുകളെ നിർവ്വീര്യമാക്കി, ആ അധികാരം സർക്കാർ ഏറ്റെടുത്തു. യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനത്തിൽ കേരളത്തിലെ ബാർ ഉടമകൾ അസ്വസ്ഥരായിരുന്നു. അവർക്ക് വലിയ പ്രയാസമുണ്ടായി. ബാർ ഉടമകളുടെ ഭാഗത്തുനിന്നും വലിയ എതിർപ്പുകളുണ്ടായി. ആ എതിർപ്പുകളുടെ ഉൽപ്പന്നമാണ് നിങ്ങളുടെ സർക്കാർ. ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണിക്കെതിരായി, എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബുവിനെതിരായി എന്തെല്ലാം ആരോപണങ്ങളുന്നയിച്ചു. എന്നിട്ട് ഇപ്പോൾ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് നിങ്ങളുടെ ഗവൺമെന്റ് തന്നെ അന്വേഷിച്ച് കണ്ടെത്തിയിരിക്കുന്നു. കടിച്ച പാമ്പ് തന്നെ വിഷമെടുക്കേണ്ടി വന്നില്ലേ? കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചു. നിങ്ങൾക്ക് എന്തും ചെയ്യാനുള്ള അധികാരമുണ്ട്. നിങ്ങൾ പടിപടിയായി മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഫൈവ് സ്റ്റാർ പദവിയുണ്ടെങ്കിൽ മാത്രമേ ബാർ ലൈസൻസ് കൊടുക്കുകയുള്ളൂവെന്ന് ഞങ്ങൾ പറഞ്ഞു. നിങ്ങൾ ആ വ്യവസ്ഥ എടുത്തുമാറ്റി ത്രീ സ്റ്റാർ ആയി ചുരുക്കി. വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും ദൂരപരിധി നിങ്ങൾ കുറച്ചു. ബാർ ലൈസൻസിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുവാദം വാങ്ങണമെന്ന വ്യവസ്ഥ നിങ്ങൾ എടുത്തുകളഞ്ഞു. .......(ബഹളം).......അവർ പറയട്ടെ.

മി. സ്പീക്കർ: നിങ്ങളെന്തിനാണ് ഇങ്ങനെ കമന്റ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. അങ്ങ് സംസാരിക്കു.

ശ്രീ. കെ. സി. ജോസഫ്: സർ, ബാർ ഉടമകൾ കോടതിയെ സമീപിച്ചപ്പോൾ അവരെ സഹായിക്കാൻ സുപ്രീം കോടതിയിൽ അഫിഡവിറ്റ് കൊടുത്തു. എന്താണ് കാരണം? കാരണം നമുക്കറിയാം. ഞാൻ ആവർത്തിക്കുന്നു, ബാർ ഉടമകളും നിങ്ങളുമായുണ്ടായ രഹസ്യ ബന്ധങ്ങൾ. ദേശീയ-സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിൽ മദ്യശാലകൾ പാടില്ലെന്ന് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചു. തുടർന്ന് മാർച്ച് 31-ന് ദൂരപരിധിയിൽനിന്ന് നഗരപ്രദേശങ്ങളെ ഒഴിവാക്കി. വീണ്ടും ജൂലൈ 31-ന് മുനിസിപ്പൽ മേഖലകളെ ഒഴിവാക്കി.

ആ വിധിയെത്തുടർന്ന് അഫിഡവിറ്റുമായി കേരളമടക്കം നാല് സംസ്ഥാനങ്ങൾ മാത്രം സുപ്രീം കോടതിയിൽ പോയി. ഏത് സാഹചര്യത്തിലാണ് അഫിഡവിറ്റുമായി സർക്കാർ മുമ്പോട്ട് പോയത്? സുപ്രീം കോടതി വിധിയിൽ പറയുന്നത് നഗരങ്ങൾ എന്നതുപോലെ മുനിസിപ്പാലിറ്റികൾക്കും ദൂരപരിധി ബാധകമാണെന്നാണ്. എന്താണ് നഗരപ്രദേശം, എന്താണ് മുനിസിപ്പാലിറ്റിയെന്ന് പഞ്ചായത്തീരാജ് ആക്ടിൽ വ്യവസ്ഥയുണ്ട്. പകരം നിങ്ങൾ പഞ്ചായത്തുകളിലും ബാർ വേണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ പോയി. നിങ്ങൾ വിധി ചോദിച്ച് വാങ്ങുകയായിരുന്നു. ബാർ ഉടമകളാണ് സ്റ്റേക് ഹോൾഡേഴ്സ്. അവർ കോടതിയിൽ പോയാൽ നമുക്ക് മനസ്സിലാകും. കാരണം, അവരുടെ കഞ്ഞികുടി മുട്ടിയിരിക്കുകയായിരുന്നു. നിങ്ങൾ എന്തിനാണ് കോടതിയിൽ പോയത്; ആർക്കുവേണ്ടി? എന്തുകൊണ്ട് സർക്കാർ അഫിഡവിറ്റുമായി മുന്നോട്ടുപോയി? അഫിഡവിറ്റ് നൽകാനുള്ള നീക്കം ബാറുകാരെ സഹായിക്കാനായിരുന്നു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും മദ്യഷാപ്പുകൾ അനുവദിക്കാൻ നിങ്ങൾ തീരുമാനിച്ചു. ഇവിടെ ശ്രീ. എ. കെ. ബാലൻ ചില കാര്യങ്ങൾ പറഞ്ഞല്ലോ. എന്റെ കയ്യിലിരിക്കുന്ന മലയാള മനോരമ പത്രത്തിലൊരു വാർത്തയുണ്ട്, ഞാൻ ഉദ്ധരിക്കാം. "സി.പി.ഐ.(എം)നെതിരെ വെളിപ്പെടുത്തലുമായി ശ്രീ. ബിജു രമേശ് - മാണിക്കെതിരെ കേസ് നടത്തിയാൽ പൂട്ടിയ ബാറുകൾ തുറക്കാമെന്ന് ഉറപ്പുനൽകി." ശ്രീ. കെ. എം. മാണിക്കെതിരെ കേസ് നടത്തിയാൽ അധികാരത്തിലെത്തുമ്പോൾ പൂട്ടിയ ബാറുകൾ തുറന്നുകൊടുക്കാമെന്ന് സി.പി.ഐ.(എം.) നേതൃത്വം ഉറപ്പുനൽകിയതായി ശ്രീ. ബിജു രമേശ് പറഞ്ഞു. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നേരിട്ടാണ് ഉറപ്പുനൽകിയത്. ശ്രീ. പിണറായി വിജയൻ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. വൈക്കം വിശ്വൻ എന്നിവരെ നേരിട്ട് കണ്ടു. രാവിലെ 10 മണിക്ക് പ്രസ്താവന വന്നാൽ 9 മണിക്ക് നിഷേധിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇതുവരെ ഒരക്ഷരം മിണ്ടിയില്ല. ഇത് ശരിയാണോ; ശ്രീ. കോടിയേരി ബാലകൃഷ്ണനെ ബിജു രമേശ് കണ്ടിരുന്നോ; അധികാരത്തിൽ വന്നാൽ മദ്യ ഷാപ്പുകൾക്ക് അനുകൂലമായി നടപടി ഉണ്ടാകുമെന്ന് ഉറപ്പുകൊടുത്തിരുന്നോ? ഇപ്പോൾ ശ്രീ. എ. കെ. ബാലൻ ചോദിച്ചല്ലോ. ഇതാണ് അവിശുദ്ധ ബന്ധം. അതിന്റെ പ്രോഡക്ടാണ് നിങ്ങളുടെ സർക്കാർ. കേരളത്തിലെ ബാർ ഉടമകളുടെ മുന്നിൽ ഈ സർക്കാർ പഞ്ചപുച്ഛമടക്കി നിൽക്കുകയാണ്. നിങ്ങൾ അവരെ ഭയപ്പെടുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നിങ്ങൾ അവരെക്കൊണ്ട് ആരോപണം ഉന്നയിപ്പിച്ചു. ശ്രീ. കെ. എം. മാണിക്കെതിരെ ആക്ഷേപങ്ങളുണ്ടായി, അന്വേഷണം നടത്തി. നിങ്ങളും അന്വേഷിച്ചു. എന്നിട്ടെന്തായിഫലം? ആരോപണങ്ങളിൽ യാതൊരു കഴമ്പുമില്ല,

അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയില്ലേ? നിങ്ങൾ ഇപ്പോൾ എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബുവിനെ കുടുക്കാൻ ശ്രമിക്കുന്നു. അതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുന്നു. നിങ്ങളൊരു കാര്യം മനസ്സിലാക്കണം; സത്യം മൂടിവയ്ക്കാൻ ആർക്കും സാധിക്കില്ല. കാർമേഘ പടലങ്ങൾ സത്യത്തെ തൽക്കാലം മൂടിയാലും കുറച്ചു കഴിഞ്ഞാൽ അത് മാറും, സത്യം പുറത്തുവരും. Civil Appellate Jurisdiction സംബന്ധിച്ച സുപ്രീം കോടതി വിധിയിൽ പറയുന്നത്, " .... having regard to this object it was noted that the order does not prohibit licenced establishments within municipal area." എന്നാണ്. മുനിസിപ്പൽ ഏരിയയിൽ ആകാം. തുടർന്ന്, " This court clarified that it will govern other municipal areas as well. In subsequent order of this court dated 13th December 2017, liberty has been granted to the licence holders to submit a representation to the State Government that the same principle should apply to the licenced establishments of the petitioners, as they apply to the municipal areas." എന്നുപറയുന്നു. ഒരു പരാതിയുണ്ടെങ്കിൽ പരാതിക്കാരനായ ലൈസൻസ് ഹോൾഡർ സർക്കാരിനെ സമീപിക്കണം. അദ്ദേഹം പരാതി നൽകുകയും സർക്കാർ തീരുമാനമെടുക്കുകയും ചെയ്യണം. നിങ്ങൾ എന്തുചെയ്തു? ഇത് ടാക്സസ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 16-3-2018-ലെ ഉത്തരവാണ് (ഉത്തരവ് ഉയർത്തിക്കാണിക്കുന്നു). മേൽപ്പറഞ്ഞ ഉത്തരവനുസരിച്ചുള്ള ആനുകൂല്യം തങ്ങളുടെ സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യം പരിഗണിച്ച് ഗ്രാമപ്രദേശങ്ങളിൽക്കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആസ്സാം, മേഘാലയ, പശ്ചിമ ബംഗാൾ തുടങ്ങി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അഫിഡവിറ്റ് കൊടുത്തു. എന്താണ് നിങ്ങളുടെ അപേക്ഷ? നഗരങ്ങൾക്ക് നൽകിയ ആനുകൂല്യം പഞ്ചായത്തിനും ബാധകമാക്കണം എന്നതാണ്. കേരളത്തെ മദ്യവിമുക്തമാക്കുമെന്ന് പറഞ്ഞ നിങ്ങളാണോ ഇത് ആവശ്യപ്പെടുന്നത്? ബാർ ഉടമകൾ പറഞ്ഞാൽ അത് മനസ്സിലാക്കാം. പക്ഷേ ഇവിടെ നഗരത്തിന് നൽകിയ എക്സംപ്ഷൻ പഞ്ചായത്തിനും നൽകണമെന്ന് സർക്കാർ ആവശ്യപ്പെടുന്നു. പാരഗ്രാഫ് 4-ൽ "ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ ഉത്തരവനുസരിച്ച് നഗരസ്വഭാവമുള്ള പഞ്ചായത്തുപ്രദേശങ്ങളിൽ മദ്യശാലകൾ അനുവദിക്കുന്നത് പരിഗണിക്കണം" എന്ന് എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. ഇന്ന് രാവിലെ ബഹുമാന്യനായ മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ സഭയിൽ പറഞ്ഞത് പുതിയ മദ്യശാലകൾ തുറക്കില്ലായെന്നാണ്. അങ്ങ് അറിഞ്ഞുകൊണ്ടാണോ എക്സൈസ് കമ്മീഷണർ ഈ ഓർഡർ ഇറക്കിയിട്ടുള്ളത്? അദ്ദേഹം പറയുന്നത്, സുപ്രീം കോടതി വിധി അനുസരിച്ച് നഗരസ്വഭാവമുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ മദ്യശാലകൾ അനുവദിക്കുന്നത് പരിഗണിക്കണമെന്നാണ്. നിലവിലുള്ള ബാറിന്

എക്സംപ്ഷനില്ല. പുതിയ മദ്യഷാപ്പ് പരിഗണിക്കാൻവേണ്ടി എക്സൈസ് കമ്മീഷണർ നൽകിയ ഉത്തരവാണിത്. ഈ ഉത്തരവ് നിലനിൽക്കേ അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കാമോ? അങ്ങ് അറിയാതെയാണോ കാര്യങ്ങൾ നടക്കുന്നത്? ഇവിടെ പഞ്ചായത്തുകളുടെ കാര്യം പറഞ്ഞു. കോടതിവിധിയിൽ പറയുന്ന ഡെഫിനിഷൻ എന്താണ്? " In deciding as to whether the principle which has been set down in the order dated 11th July 2017 should be extended to a local self-governing body the state governments would take recourse to all relevant circumstances including the nature and extent of development in the area and the object underlying the direction prohibiting the sale of liquor...." എന്നാണ് കോടതിവിധിയിൽ പറയുന്നത്. എന്താണ് അടിസ്ഥാന ഘടകം? നഗര പ്രദേശങ്ങളുടെ ആനുകൂല്യം പഞ്ചായത്തിന് നൽകണമെങ്കിൽ " Nature and extend of development in the area..." എന്നാണ് പറയുന്നത്. നിങ്ങൾ എന്ത് മാനദണ്ഡമെടുത്തു? പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള എല്ലാ പഞ്ചായത്തിനും നൽകുന്നുവെന്ന് നിങ്ങൾ പറഞ്ഞു. കേരളത്തിൽ 941 പഞ്ചായത്തുകളുണ്ട്. പതിനായിരത്തിനുതാഴെ ജനസംഖ്യയുള്ള പത്ത് പഞ്ചായത്തുകളുണ്ടോ? ഇടമലക്കുടി, വാത്തിക്കുടി തുടങ്ങിയവയടക്കം പത്ത് പഞ്ചായത്തുകൾ പോലുമില്ല പതിനായിരം ജനസംഖ്യക്ക് താഴെയുള്ളവ. നിങ്ങൾ എല്ലാ പഞ്ചായത്തിനും ഇത് ബാധകമാക്കി. ഈ തീരുമാനങ്ങൾ ചില സംശയങ്ങളുണ്ടാക്കുന്നു. മദ്യമുതലാളിമാരും ഭരണകൂടവുമായുള്ള 'unholy alliance' - അവിശുദ്ധമായ കൂട്ടുകെട്ട്. ഇത് മദ്യമുതലാളിമാരോട് വിധേയത്വമുള്ള, അവരെ ഭയപ്പെടുന്ന, സംശയങ്ങളുണ്ടാക്കുന്ന സർക്കാരാണ്. ഇതിൽ അഴിമതി നടക്കുന്നു. ഷേക്സ്പിയറിന്റെ 'ഹാംലെറ്റിൽ' പറയുന്നതുപോലെ "Something is rotten in the State of Denmark"- ഡെന്മാർക്കിലെന്തോ ചീഞ്ഞുനാറുന്നു. അതുകൊണ്ട് കേരളത്തെ ബാധിക്കുന്ന, ഒരു തലമുറയുടെ ഭാവിയെ ബാധിക്കുന്ന ഗൗരവമായ വിഷയം ദയവായി സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ശ്രീ. കെ. സി. ജോസഫ് ഇവിടെ വിഷയം അവതരിപ്പിക്കുമ്പോൾ തന്നെ ഈ പ്രശ്നങ്ങൾ പരിഗണിക്കുന്നതിലുള്ള വസ്തുതാപരമായ അവ്യക്തത വളരെ പ്രകടമാണ്. സർക്കാരിന്റെ കൈ ശുദ്ധമായതുകൊണ്ടുതന്നെ ഏതെങ്കിലും തരത്തിലുള്ള വേവലാതിയോ ഉൽക്കണ്ഠയോ ഈ പ്രശ്നത്തിൽ നേരിടേണ്ടി വരുന്നില്ല. ഡെന്മാർക്കിൽ എന്തോ ചീഞ്ഞുനാറുന്നുവെന്ന് പറഞ്ഞല്ലോ, അതൊക്കെ പഴയ ഏതൊക്കെയോ ചില സംഭവങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ

തോന്നിപ്പോകുന്നതാണ്. ഒരിക്കലും അതുവച്ച് ഇന്നത്തെ സംസ്ഥാന സർക്കാരിനെ അങ്ങ് സമീപിക്കരുത്. പ്രതിപക്ഷം പൊതുവേയും സമീപിക്കരുത്. ഏത് വിഷയമുണ്ടെങ്കിലും തുറന്ന് സംസാരിക്കുന്നതിനും പരസ്പരം ആലോചിക്കുന്നതിനും സർക്കാർ സന്നദ്ധമാണ്. അങ്ങ് സുപ്രീംകോടതി വിധിയിലെ പരാമർശങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചല്ലോ, 23-02-2018-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിലെ ഒരു ഭാഗം ഞാൻ പരാമർശിക്കാം. "സംസ്ഥാന സർക്കാരുകൾക്ക് പ്രാദേശിക സ്വയംഭരണ സംവിധാനങ്ങൾക്ക് കീഴിലുള്ള ഒരു പ്രദേശം, ആയതിന്റെ നഗരപ്രദേശവുമായുള്ള സാമീപ്യം കൊണ്ടോ നഗരപ്രദേശമായി കണക്കാക്കുന്നതിനാവശ്യമായ വികസനമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് അനുവദിക്കാൻ ഞങ്ങൾക്ക് വഴങ്ങേണ്ടതായിട്ടുണ്ട്". ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പ്രതികരണമാണ്. ഇങ്ങനെ വിധിയുടെ ഓരോ ഭാഗവും പരിശോധിച്ചാൽ ഈ കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്താൻ സാധിക്കുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ശ്രീ. കെ. സി. ജോസഫ് സംസാരിച്ചപ്പോൾ സംസ്ഥാന സർക്കാർ നൽകിയ അഫിഡവിറ്റിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ അഫിഡവിറ്റ് നൽകാനിടവന്ന സാഹചര്യത്തെക്കുറിച്ച് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാന സർക്കാരുകൾ കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്ത സന്ദർഭത്തിലൊന്നും കേരള സർക്കാർ കേസ് ഫയൽ ചെയ്തിട്ടില്ല. സുപ്രീംകോടതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, കേസിനെക്കുറിച്ച് അഭിപ്രായങ്ങൾ ചോദിച്ചപ്പോൾ കേരള സർക്കാർ ഒരു മറുപടി പറഞ്ഞു. ആ മറുപടി ഞാൻ ഇവിടെ വ്യക്തമാക്കാം "ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിൽ പാതയോര മദ്യശാലകൾക്ക് നിശ്ചയിച്ചിരുന്ന 50 മീറ്റർ ദൂരപരിധിയിൽ നിന്ന് മേഘാലയ, സിക്കിം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾക്ക് നൽകിയ പൂർണ്ണമായ ഇളവ് കേരളത്തിനും നൽകുക. ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് കേസിന്റെ സാഹചര്യങ്ങളും വസ്തുതകളും പരിഗണിച്ച് യുക്തമായ ഉത്തരവുകൾ നൽകാവുന്നതാണ്". മേഘാലയ, സിക്കിം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ സുപ്രീംകോടതിയിൽ നടത്തിയിട്ടുള്ള കേസിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിരുന്നു. ആ വിധിയുടെകൂടി പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ ഈ കാര്യം സൂചിപ്പിച്ചതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഇതിൽ സർക്കാരിന്റെ ആത്മാർത്ഥതയും പരിശുദ്ധിയുമാണ് പരിഗണിക്കേണ്ടത്. ഏതെങ്കിലും തരത്തിൽ സുപ്രീംകോടതി വിധിയെ മറികടക്കുന്നതിനുള്ള ഒരു ശ്രമവും കേരള സർക്കാർ നടത്തിയിട്ടില്ലെന്ന് ദയവുചെയ്ത് മനസ്സിലാക്കണം. വളരെ ഉത്തരവാദിത്വത്തോടുകൂടിത്തന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഇവിടെ ദേശീയ/സംസ്ഥാന പാതകളുടെ 500 മീറ്റർ

ദൂരപരിധിയിൽ നിന്ന് മദ്യഷാപ്പുകളെ ഒഴിവാക്കുന്നതിന് കർണ്ണാടക, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങൾ നടപടി സ്വീകരിച്ചു. കോൺഗ്രസ്സ് നേതൃത്വം നൽകിയ കർണ്ണാടകയിലെയും പഞ്ചാബിലെയും സർക്കാരുകളാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ മറികടന്നുകൊണ്ട് ഷാപ്പുകൾക്ക് അനുവാദം വാങ്ങുന്നതിന് നടപടി സ്വീകരിച്ചത്. ഒരിക്കലും കേരളം അത്തരമൊരു നടപടി സ്വീകരിച്ചിട്ടില്ല. പാതയോരത്ത് മദ്യവിൽപ്പന ശാലകൾ പാടില്ലെന്ന സുപ്രീംകോടതി വിധിയെ മറികടക്കുന്നതിനുവേണ്ടി കർണ്ണാടക സർക്കാർ 1476 കിലോമീറ്റർ സംസ്ഥാന റോഡുകളെ നഗര റോഡുകളാക്കി മാറ്റുകയുണ്ടായി. പഞ്ചാബ് സർക്കാർ അബ്കാരി നിയമം തന്നെ മാറ്റി. ഹോട്ടൽ, ക്ലബ്ബ് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ മദ്യം വിൽപ്പന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതൊന്നും ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളല്ല. ഈ സർക്കാരുകൾ പൊതുവായ രാജ്യത്തിന്റെ സ്ഥിതി, വ്യവസായത്തിന്റെ നില, ജനങ്ങളുടെ നില എന്നിവയെല്ലാം പരിശോധിച്ചുകൊണ്ട് സ്വീകരിച്ച സമീപനമാണ്. ഒരു കാര്യംകൂടി ഇവിടെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബാറുടമകൾ സുപ്രീം കോടതിയിൽ കേസിനു പോയപ്പോൾ അവർക്കെതിരായ വാദഗതികൾ ശ്രീ. കാളീശ്വരം രാജ് സുപ്രീം കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ബാറുടമകളുടെ വാദഗതികളെ എതിർത്തുകൊണ്ട് ശ്രീ. കാളീശ്വരം രാജ് ആർക്കുവേണ്ടി സുപ്രീം കോടതിയിൽ ഇടപെട്ടുവെന്നതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അദ്ദേഹം ശക്തമായി വാദിച്ചു. ബാറുടമകൾക്കുവേണ്ടി അവസാനംവരെ വാദിച്ചത് എ.ഐ.സി.സി.യുടെ ഏറ്റവും മുതിർന്ന വക്താവായിരുന്ന ശ്രീ. അഭിഷേക് സിങ്‌വിയാണ്....( ബഹളം)... ഞാൻ നടന്ന സംഭവം പറയുകയാണ്. ഇത്തരം കാര്യങ്ങളിലൊന്നും സംസ്ഥാന സർക്കാർ ഇടപെട്ടിട്ടില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ടാക്സസ് സെക്രട്ടറിയുടെ 16-3-2018-ലെ ഉത്തരവിൽ പറയുന്നത് "മേൽപ്പറഞ്ഞ ഉത്തരവ് അനുസരിച്ചുള്ള ആനുകൂല്യം തങ്ങളുടെ സംസ്ഥാനങ്ങളിലെ സവിശേഷ സാഹചര്യം പരിഗണിച്ചുകൊണ്ട് ഗ്രാമ പ്രദേശങ്ങൾക്കുകൂടി അനുവദിക്കണം" എന്നാണ്. നമ്മൾ ചോദിച്ചു വാങ്ങിയ വിധിയാണിത്.

10.00 AM]

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ വസ്തുത പറയുമ്പോൾ ഇങ്ങനെ വ്യാഖ്യാനിക്കേണ്ട കാര്യമില്ല. സർക്കാരിന്റെ സമീപനമാണ് ഇക്കാര്യങ്ങളിൽ ഞാൻ പറഞ്ഞിട്ടുള്ളത്. ഏതെങ്കിലും തരത്തിലുള്ള അവ്യക്തത അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. ഒരു സംശയത്തിന്റെയും വീക്ഷണത്തിൽ അതിനെ

സമീപിക്കേണ്ടതില്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മദ്യ നയത്തെ സംബന്ധിച്ച ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വ്യത്യസ്ത വീക്ഷണമുണ്ട്. മദ്യനിരോധനത്തെ ലക്ഷ്യമാക്കിയാണ് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ചില നടപടികൾ ആരംഭിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ലക്ഷ്യം മദ്യവർജ്ജനം മാത്രമല്ല, ലഹരി വർജ്ജനമാണ്. ഇതിനെ എങ്ങനെ സമീപിക്കണമെന്ന കാര്യത്തിൽ അഭിപ്രായ ഭിന്നതയുണ്ട്. ഏത് ശരിയെന്നുള്ളത് കാലം തെളിയിക്കട്ടെ, നമുക്ക് നോക്കാം. എല്ലാ ലഹരി പദാർത്ഥങ്ങളും കേരളത്തിൽ നിന്നും ഇല്ലാതാകണം. നിയമം കൊണ്ടോ മദ്യത്തിന്റെ ലഭ്യത കുറച്ചതുകൊണ്ടോ അത് സാധിക്കില്ല. ഞങ്ങൾ ലഭ്യത വർദ്ധിപ്പിച്ചുവെന്ന് നിങ്ങൾ അവകാശപ്പെടുന്നുണ്ടല്ലോ? ഇതൊരു അവസാന നിഗമനമായി പറയാൻ കഴിയില്ലെങ്കിൽപോലും ഞാൻ രണ്ടുവർഷത്തെ താരതമ്യമെടുക്കുകയാണ്. 2012-13-ൽ കേരളത്തിൽ 244.33 ലക്ഷം കെയ്സ് ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വറിന്റെ വിൽപ്പനയാണ് നടന്നിട്ടുള്ളത്. 2016-17-ൽ കേരളത്തിൽ 205.41 ലക്ഷം കെയ്സ് ഫോറിൻ ലിക്വറിന്റെ വിൽപ്പന നടന്നിട്ടുള്ളതായാണ് കണക്ക്. ഇതിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടത്? എണ്ണം വർദ്ധിച്ചുവെന്ന് നിങ്ങൾ വാദത്തിനുവേണ്ടി പറയുമെങ്കിലും ഒരു വസ്തുതകൂടി ഞാൻ പറയുന്നു. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരമേൽക്കുമ്പോൾ കള്ളുഷാപ്പ് ഉൾപ്പെടെ 5462 ഷാപ്പുകളാണ് പ്രവർത്തിച്ചിരുന്നത്. മദ്യത്തിന്റെ പട്ടികയിൽപ്പെടുത്തുന്ന കാര്യത്തിൽ വ്യത്യസ്തമായ വീക്ഷണവും അഭിപ്രായങ്ങളുമൊക്കെയുണ്ട്. എന്നാൽ ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നത് 4870 ഷാപ്പുകളാണ്. ഷാപ്പുകളുടെ എണ്ണം എങ്ങനെയെങ്കിലും വർദ്ധിപ്പിക്കുകയെന്ന നിലയൊന്നും എടുത്തിട്ടില്ല. ഒരു കാര്യം ശരിയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നയത്തിന്റെ ഭാഗമായി ത്രീസ്റ്റാർ ഹോട്ടലുകളിൽ വിദേശമദ്യം അനുവദിക്കുകയെന്നുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തുനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. ചില സമയത്ത് വീക്ഷണത്തിലുള്ള വ്യത്യസ്തതയായിരിക്കാം. എങ്കിൽപ്പോലും ഇതിനകത്ത് പ്രായോഗികമായ നിലപാടെന്ത് എന്നുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം കാര്യങ്ങൾ വ്യക്തമാക്കുന്ന തെന്നുള്ളതുകൂടി നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ, അങ്ങ് ഇവിടെ വ്യക്തമാക്കിയ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ ലഹരിയിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമവും കേരള സർക്കാർ നടത്തുകയാണ്. മദ്യനയം സംബന്ധിച്ച് പ്രകടനപത്രിക തയ്യാറാക്കുന്ന ഘട്ടത്തിലോ, ഇടതുപക്ഷ

ജനാധിപത്യ മുന്നണി സർക്കാർ അധികാരമേറ്റ ശേഷമോ ഈ നയം നടപ്പിലാക്കുന്ന ഘട്ടത്തിലോ, ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളോ തർക്കങ്ങളോ ഒന്നുംതന്നെ ഉടലെടുത്തിട്ടില്ല. എല്ലാവിഭാഗം ആളുകളുടെയും അഭിപ്രായം പരിഗണിച്ച് കൂട്ടായ ആലോചനകളിലൂടെയാണ് മദ്യനയം സംബന്ധിച്ച നടപടി സ്വീകരിച്ചിട്ടുള്ളത്.

യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലയളവിൽ 2014-15 വർഷത്തെ മദ്യനയം പ്രഖ്യാപിക്കുന്ന ഘട്ടത്തിലെ അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും വിലപേശലുകളും നമുക്ക് മറക്കാൻ കഴിയുന്ന കാര്യമല്ല. എല്ലാവരും അതിന്റെ അനുഭവസ്ഥരാണ്. 22-08-2014-ലെ ഉത്തരവിൽ പ്രഖ്യാപിച്ച മദ്യനയത്തിന് 20-12-2014-ലെ തിരുത്തൽ ഉത്തരവിലൂടെ കാതലായ മാറ്റങ്ങൾ വരുത്തിയില്ലേ? ഈ മാറ്റം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ആദ്യഘട്ടത്തിൽ ഞായറാഴ്ച 'ഡ്രൈ ഡേ' ആയി പ്രഖ്യാപിക്കുകയുണ്ടായി. 'ഡ്രൈ ഡേ' ആയി പ്രഖ്യാപിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. 'ഡ്രൈ ഡേ' ആയി ആദ്യത്തെ ഉത്തരവിൽ പ്രഖ്യാപിച്ചെങ്കിലും പിന്നീടുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ ഞായറാഴ്ച 'ഡ്രൈ ഡേ' എന്നുള്ളത് ഒഴിവാക്കാൻ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തുതന്നെ തീരുമാനിച്ചു. പ്രശ്നങ്ങൾ പരിശോധിച്ച് പ്രായോഗികമായ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി നമുക്ക് അതിനെ കാണാൻ സാധിക്കും. ബാറുകൾ നിർത്തലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ 'പുനർജ്ജനി' എന്നൊരു പദ്ധതി പ്രഖ്യാപിച്ചല്ലോ. ഈ പ്രഖ്യാപനങ്ങൾ ഏതെങ്കിലും തരത്തിൽ നടപ്പിലാക്കുന്നതിനുള്ള നിലപാട് കേരളത്തിലുണ്ടായില്ല. ഇതുപോലുള്ള പ്രശ്നങ്ങളുണ്ട് എന്നത് വസ്തുതയാണ്. അത് യു.ഡി.എഫ്.ഉം നമ്മളെല്ലാവരും തന്നെ അംഗീകരിക്കുന്നുണ്ട്. അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുന്നത്. ഇവിടെ നിരവധി തൊഴിലാളികൾക്ക് ജോലിയില്ല. പഞ്ചായത്തുകളിൽ കള്ള് ഷാപ്പുകൾ തുറക്കാൻ കഴിയാത്തതിന്റെ ഭാഗമായി പതിനാലായിരത്തോളം വരുന്ന തൊഴിലാളികൾക്ക് ജോലിയില്ലാതായി. ബാറുകളിൽ ജോലി ചെയ്യുന്ന എണ്ണായിരത്തോളം തൊഴിലാളികൾക്കും ജോലിയില്ലാതായി. ഈ തൊഴിലാളികളും നാട്ടും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണ്ടേ? ഇത്തരം കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് ഈ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുകയാണ്. ഒരു കാര്യത്തിൽ നമുക്ക് അഭിപ്രായവ്യത്യാസമില്ല. ലഹരിയുടെ ഉപയോഗത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കണമെന്ന കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും യു.ഡി.എഫ്.ഉം തമ്മിൽ

അഭിപ്രായവ്യത്യാസമില്ല. നമുക്ക് യോജിച്ചുനിന്ന് പ്രവർത്തിച്ച് ഈ ലക്ഷ്യം നേടാൻ സാധിക്കണം. ആ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടിയാണ് 'വിമുക്തി' എന്നൊരു പ്രസ്ഥാനത്തിന് രൂപം നൽകിയത്. ഈ പ്രസ്ഥാനത്തിലൂടെ ആശയവിനിമയം നടത്തുകയും കൂടുതൽ നടപടികളിലേയ്ക്ക് പോകുകയുമാണ് ചെയ്യുന്നത്. ഇത് വിപുലമാക്കുന്നതിനും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. അടിയന്തരപ്രമേയത്തിന്റെ ഭാഗമായി പരിഗണിക്കേണ്ട വിഷയങ്ങളല്ലെങ്കിൽ പോലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നൽകിയ ഉറപ്പാണ് മദ്യമുതലാളിമാർക്ക് നൽകിയതെന്ന് ഇവിടെ പരാമർശിക്കുകയാണ്ടായി. തികച്ചും ഖേദകരമായ ഒരു പരാമർശമാണത്. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനെയും ഇതിന്റെ ഭാഗമായി പരാമർശിക്കുകയുണ്ടായി. ഇത്തരം പരാമർശങ്ങളിൽ ഞങ്ങൾ യാതൊരു തരത്തിലും ഉൽക്കണ്ഠപ്പെടുന്നില്ല. ഞങ്ങൾക്ക് ഒരു വേവലാതിയും അക്കാര്യത്തിലില്ല. ഈ ആരോപണം എൽ.ഡി.എഫ്. നിഷേധിച്ചില്ല എന്നാണല്ലോ ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പറ്റി പരാമർശിച്ചത്. ഈ വസ്തുതകളെ സംബന്ധിച്ച് എന്താണ് പറയാനുള്ളത്? ഒരു കാര്യം നമ്മളെല്ലാം ശ്രദ്ധിക്കേണ്ടത്, പുറത്തുവരുന്ന വാർത്തകൾ, ചാനൽ ചർച്ചകൾ, മറ്റുചില പ്രതികരണങ്ങൾ എന്നിവയെ ആശ്രയിച്ചുമാത്രം പ്രശ്നങ്ങളെ വിലയിരുത്തരുത്. വസ്തുതകൾ എന്താണെന്ന് പരിശോധിക്കണം. അതുകൊണ്ട് ഈ പ്രശ്നങ്ങൾക്കൊന്നും യാതൊരു തരത്തിലുള്ള ഉൽക്കണ്ഠയും ഞങ്ങൾക്കില്ല. അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. അതുകൂടി മനസ്സിലാക്കണം. മുൻകാലത്തെ അനുഭവങ്ങളാണ് നിങ്ങൾക്ക് തികട്ടിത്തികട്ടി വരുന്നത്. അത് ചിലപ്പോൾ നിങ്ങൾക്ക് അസ്വസ്ഥതയുണ്ടാക്കുന്നുണ്ടാകും. അതുവച്ച് ഒരു കാരണവശാലും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുന്ന നടപടികളെ സമീപിക്കാൻ പാടില്ല. പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ ഷാപ്പിന്റെയും ഉടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അത് പരിശോധിച്ച മാത്രമാണ് തീരുമാനമെടുക്കുക. ആ പരിശോധനയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചു കഴിഞ്ഞാലും പുതിയ ഷാപ്പുകൾ അനുവദിക്കുന്നതിനുള്ള ഒരു നടപടിയുമുണ്ടാകില്ല എന്നുള്ളതാണ് ഈ ഉത്തരവിന്റെ നിജസ്ഥിതിയെ സംബന്ധിച്ച് എനിക്ക് വ്യക്തമാക്കാനുള്ളത്. തെറ്റിദ്ധാരണയിൽ നിന്നും ജനങ്ങൾ മാറിച്ചിന്തിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആർക്കും തെറ്റിദ്ധാരണയുണ്ടാകാൻ പാടില്ല. എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ സർക്കാരുമായി ചർച്ച നടത്തി വ്യക്തത വരുത്താനും സാധിക്കുമെന്നുകൂടി പറഞ്ഞുകൊണ്ട് ഇത്തരമൊരു സാഹചര്യത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന് വ്യക്തമാക്കുകയാണ്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നാസി ജർമ്മനിയുടെ പ്രചരണതന്ത്രം മേധാവിയായിരുന്ന ജോസഫ് ഗീബൽസ്. 1897 മുതൽ 1945 വരെ, മനോഹരമായി കള്ളം പറയുന്നതിനെ ഒരു കലയായി വികസിപ്പിച്ചെടുത്ത, ഇന്നും ചരിത്രം ഓർമ്മിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. ഏത് കള്ളവും ആവർത്തിച്ച് പറഞ്ഞാൽ അത് സത്യമാക്കാൻ കഴിയുന്ന ഗീബൽസിയൻ സിദ്ധാന്തം എല്ലാവർക്കും അറിയുന്നതാണ്. പെരുംനുണ തന്നെ പറയണമെന്നാണ് അദ്ദേഹത്തിന്റെ രീതി. ജർമ്മനിയെ അടക്കി വാണിരുന്ന ലോകത്തെ മുഴുവൻ വിറപ്പിച്ച അഡോൾഫ് ഹിറ്റ്ലറുടെ പ്രധാന സഹായികളിലൊരാളായിരുന്ന ജോസഫ് ഗീബൽസ്. കേരളത്തിലെ ഇടതുമുന്നണിയെയും ഈ സർക്കാരിനെ യുമൊക്കെ തട്ടിച്ചുനോൽക്കുമ്പോൾ ജോസഫ് ഗീബൽസ് എത്ര നിസ്സാരനാണ്. ഇത്രയും കൗശലത്തോടെയും തന്മയത്വത്തോടെയും പെരുംനുണ പറയാൻ ഈ സർക്കാരിന് മാത്രമേ കഴിയുകയുള്ളൂ. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി പുറത്തിറക്കിയ ഒരു വീഡിയോ ഉണ്ടായിരുന്നു. കെ.പി.എ.സി. ലളിതയാണ് അതിൽ പ്രത്യക്ഷപ്പെടുന്നത്. കേരളത്തെ മദ്യവിമുക്തമാക്കാൻ ഇടതുമുന്നണി പ്രതിജ്ഞാബദ്ധമാണെന്നാണ് കെ.പി.എ.സി. ലളിതയെക്കൊണ്ട് പറയിക്കുന്നത്. അതിനാൽ വോട്ട് ഇടതുമുന്നണിക്ക് നൽകണമെന്നാണ് ആ വീഡിയോയിലൂടെ അവരെക്കൊണ്ട് പറയിപ്പിക്കുന്നത്. ഇങ്ങനെ പറയുമ്പോൾ യഥാർത്ഥത്തിൽ ഇടതുമുന്നണി കേരളത്തിൽ അധികാരത്തിലെത്തിയത് എങ്ങനെയാണ്? കഴിഞ്ഞ മാസം 13-ാം തീയതി ശ്രീ. ബിജു രമേശ് തന്നെ അക്കാര്യം തുറന്നുപറഞ്ഞിട്ടുണ്ട്. ഇത് മാതൃഭൂമി ദിനപ്പത്രത്തിൽ വന്ന വാർത്തയാണ്. — ശ്രീ. കെ. എം. മാണിക്കെതിരെ കേസ് നടത്തിയാൽ ബാർ തുറക്കാമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉറപ്പു നൽകി. തങ്ങൾ അധികാരത്തിലേറുമ്പോൾ പൂട്ടിക്കിടക്കുന്ന എല്ലാ ബാറുകളും തുറന്നുകൊടുക്കാമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉറപ്പുനൽകിയില്ലെങ്കിൽ അദ്ദേഹം എന്തുകൊണ്ട് അത് നിഷേധിക്കാൻ തയ്യാറായില്ല? ഇതുവരെ സി.പി.എം. സംസ്ഥാന സെക്രട്ടറി ഈ വാർത്ത നിഷേധിച്ചിട്ടില്ല. ഇത് മാധ്യമങ്ങളിലും ചാനൽ ചർച്ചയിലും മാത്രം വന്ന വാർത്തയല്ല. ശ്രീ. കെ. എം. മാണിക്കെതിരെ കേസ് കൊടുത്ത ബിജു രമേശ് എന്ന വ്യക്തി, പരസ്യമായി പറഞ്ഞ കാര്യത്തിൽ എന്തുകൊണ്ട് സി.പി.എം. ഇതുവരെ നിഷേധക്കുറിപ്പ്

കൊടുത്തില്ലെന്നാണ് ഞാൻ ചോദിക്കുന്നത്? അന്നുതന്നെ ആരോപണം ഉണ്ടായിരുന്നു. തിരുവനന്തപുരത്ത് ഒരു സിറ്റിംഗ് എം.എൽ.എ.യുടെ വീട്ടിൽ മദ്യമുതലാളിമാരുമായി സി.പി.എം. സംസ്ഥാന സെക്രട്ടറി ചർച്ച നടത്തിയെന്നും മാണിസാറിനെതിരെയുള്ള ഈ കേസ് ശക്തമാക്കി മുന്നോട്ടുപോകണമെന്നും അങ്ങനെ കൊണ്ടുപോയാൽ തങ്ങൾ അധികാരത്തിൽ വന്നാൽ ബാറുകൾ മുഴുവൻ തുറന്നുകൊടുക്കാമെന്നുള്ള വാഗ്ദാനം നൽകിയ വാർത്ത അന്നും ഈ നിയമസഭയിൽ ഉയർന്നുവന്നതാണ്. സി.പി.എമ്മോ അതിന്റെ സംസ്ഥാന സെക്രട്ടറിയോ ഇതുവരെ ഈ കാര്യം തെറ്റാണെന്ന് ഒരിടത്തും നിഷേധിച്ചിട്ടില്ല. ജോസഫ് ഗീബൽസിനുപോലും ഇത്രയും കഴിഞ്ഞിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കെ.പി.എ.സി. ലളിതയെക്കൊണ്ട് പരസ്യ വീഡിയോ തയ്യാറാക്കി പ്രചരണം നടത്തിയെന്നുമാത്രമല്ല, പ്രകടനപത്രികയിലും അത് എഴുതി വച്ചു. ഇവിടെ ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇങ്ങനെയാണോ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നത്; യു.ഡി.എഫ്. സർക്കാർ പൂട്ടിച്ച ബാറുകളെല്ലാം തുറന്നുകൊണ്ടാണോ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നത്? മദ്യത്തിന്റെ ലഭ്യത പടിപടിയായി കുറയ്ക്കുകയല്ല, പടിപടിയായി കൂട്ടുകയാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത്; ജനങ്ങളെ വിഡ്ഢികളാക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞ കാര്യം നമ്മളാരും മറക്കേണ്ട. അതിനെ പിന്തുണച്ചുകൊണ്ട് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞതാണ് പാർട്ടിയുടെ മദ്യനയമെന്ന് അന്നത്തെ പ്രതിപക്ഷനേതാവ് പറഞ്ഞു. വൻ അഴിമതിയും ഗൂഢാലോചനയുമാണ് ഇതിന്റെ പിന്നിൽ നടന്നത്. യു.ഡി.എഫ്. സർക്കാരിനെ അട്ടിമറിക്കാൻ ഇടതുമുന്നണി ബാറുടമകളുമായുണ്ടാക്കിയ നെറികെട്ട കരാറാണ് ഇന്നിപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഇതിന് എത്ര കോടി രൂപ മറിഞ്ഞുവെന്ന് ഇനിയെങ്കിലും ബാർ ഉടമകളോ സി.പി.ഐ.(എം.)-ഓ വ്യക്തമാക്കേണ്ടതാണ്. ശ്രീ. കെ. എം. മാണിക്കെതിരായി ബാർ കോഴ ആരോപണം കെട്ടിച്ചമച്ചതായിരുന്നുവെന്ന് ഞങ്ങൾ അന്നും ഇന്നും വിശ്വസിക്കുന്നു. ഇത് ഞങ്ങൾ അന്നും ഇന്നും പറഞ്ഞിട്ടുള്ള കാര്യമാണ്. ആ നിലപാടിൽ നിന്ന് ഞങ്ങൾ മാറിയിട്ടില്ല. നിങ്ങൾ മാറിയിട്ടുണ്ടോ? അന്നും അനാവശ്യമായി ഈ വിവാദങ്ങൾ കുത്തിപ്പൊക്കിക്കൊണ്ട് യു.ഡി.എഫ്. സർക്കാരിനെ അട്ടിമറിക്കാനും കരിതേച്ച് കാണിക്കുവാനുമായി ബാറുടമകളുമായി നിങ്ങൾ നടത്തിയ നാടകമായിരുന്നു വെന്നുള്ളത് ഇന്ന് വ്യക്തമായിരിക്കുകയാണ്. ശ്രീ. കെ. എം. മാണി ഇപ്പോൾ കുറ്റവിമുക്തനായതോടെ അത് പൂർണ്ണമായി തെളിഞ്ഞിരിക്കുകയാണ്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട് പ്രവർത്തിച്ച സർക്കാരിനെ അട്ടിമറിക്കാൻ ഇടതുമുന്നണി നടത്തിയ ഗൂഢാലോചന കേരള ചരിത്രത്തിലെ ഒരു

കറുത്ത അദ്ധ്യായമാണ്. ബജറ്റ് അവതരണ വേളയിൽ നടന്ന കാര്യങ്ങളൊന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. അതും നമ്മൾ കണ്ട കാര്യമാണ്. ബാർ ഉടമകളുമായുണ്ടാക്കിയ കരാർ പാലിക്കുന്നതിനും ഉപകാര സ്മരണ ചെയ്യുന്നതിനുമാണ് ബാറുകളെല്ലാം പടിപടിയായി തുറന്നുകൊടുത്തത്. ശ്രീ. ഇ. പി. ജയരാജന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ഞാൻ ഇവിടെ വായിക്കാം; ഒന്ന്, 'സംസ്ഥാനത്ത് പുതിയ മദ്യനയം നടപ്പാക്കിയതിനെത്തുടർന്ന് എത്ര വിദേശമദ്യ ബാറുകൾക്ക് ലൈസൻസ് നൽകിയെന്ന് വ്യക്തമാക്കാമോ? 'ശ്രീ. ടി. പി. രാമകൃഷ്ണൻ: '94 വിദേശ മദ്യശാലകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.' രണ്ട്, 'മദ്യനയം നടപ്പാക്കിയതിനെത്തുടർന്ന് ബാർ ലൈസൻസ് ലഭിച്ച വിദേശ മദ്യശാലകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ?' ഞാൻ അത് വായിക്കുന്നില്ല. പത്തനംതിട്ട ജില്ലയൊഴിച്ച് എല്ലാ ജില്ലകളിലും തുറന്നിട്ടുണ്ട്. അതിനേക്കാൾ രസകരമാണ് അടുത്ത ചോദ്യം. 'മുമ്പ് ബാർ ലൈസൻസ് ഇല്ലാതിരുന്ന എത്ര സ്ഥാപനങ്ങൾക്ക് പുതിയതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?' മറുപടി - 'മുമ്പ് ബാർ ലൈസൻസില്ലാതിരുന്ന 5 സ്ഥാപനങ്ങൾക്ക് പുതിയതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.' ഒന്നുപോലും നൽകിയിരുന്നില്ലെന്നായന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്. 'എമറാൾഡ് റീജൻസി, വാകത്താനം, കോട്ടയം; കാസിൽ റെസിഡൻസി, ഉഴവൂർ, കോട്ടയം; വി.കെ.ജെ. ഇന്റർനാഷണൽ കൂട്ടമ്പുഴ, കോതമംഗലം, എറണാകുളം; പറവൂർ ഗ്യാലക്സി ഹോട്ടൽ പ്രൈവറ്റ് ലിമിറ്റഡ്, നോർത്ത് പറവൂർ, എറണാകുളം; ജെ.കെ. റസിഡൻസി, കേളകം, കണ്ണൂർ.' മുൻപ് ലൈസൻസില്ലാതിരുന്ന പുതിയ 5 വൻകിട ബാർ ഉടമകൾക്ക് ലൈസൻസ് നൽകിയത് മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ തന്നെയാണെന്നുള്ളത് ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

സുപ്രീം കോടതി വിധിയുടെ കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വളരെ രസകരമായ ഒരു കാര്യം പറഞ്ഞു. കേരളം കോടതിയിൽ പോയില്ല. എല്ലാ മാധ്യമങ്ങളും പറഞ്ഞത് കേരളം കോടതിയിൽ പോയിയെന്നാണ്. നിങ്ങളുടെ അഭിപ്രായം എന്താണെന്ന് കേരളത്തോട് സുപ്രീം കോടതി ചോദിച്ചു. നിങ്ങൾ എന്ത് അഭിപ്രായമാണ് പറഞ്ഞത്? ഈ വിധി വാങ്ങിയെടുക്കാൻ അനുയോജ്യമായ അഭിപ്രായമാണ് നിങ്ങൾ പറഞ്ഞത്. ബഹുമാന്യനായ കെ. സി. ജോസഫ് ഇവിടെ പറഞ്ഞത് ശരിയാണ്. കേരളം ഇന്ന് കിട്ടിയ വിധിക്ക് അനുകൂലമായിട്ടുള്ള അഭിപ്രായമാണ് പറഞ്ഞത്. കേരളത്തിൽ കൂടുതൽ മദ്യശാലകൾ തുറക്കാൻവേണ്ടിയുള്ള വാതിലുകൾ നിങ്ങൾ തുറന്നിടുകയാണ് ചെയ്യുന്നത്. സംസ്ഥാനത്ത് പഞ്ചായത്തുകൾതോറും പുതിയ ബാറുകൾ

അനുവദിക്കാനുള്ള നീക്കത്തിന് അനുകൂലമായ മറുപടിയാണ് നിങ്ങൾ ഇവിടെ സൂചിപ്പിച്ചത്. അങ്ങ് ഇവിടെ കർണ്ണാടകത്തിന്റെ കാര്യമൊക്കെ പറഞ്ഞു. കേരളത്തിലേതുപോലെയുള്ള ഒരു മദ്യനയമല്ല കർണ്ണാടക സർക്കാർ സ്വീകരിച്ചിരുന്നത്. കേരളത്തിലെ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചതുപോലെ ഒരു നയം കർണ്ണാടക സർക്കാരിലില്ലായിരുന്നു. പാതയോരത്തെ മദ്യ നിരോധനത്തിൽ നിന്ന് പഞ്ചായത്തുകളെ ഒഴിവാക്കണമെന്ന് ഏറ്റവും ഒടുവിൽ സുപ്രീം കോടതിയിൽ ഹർജി നൽകിയത് കേരളമാണ്. അങ്ങ് ഇത് അറിഞ്ഞോ എന്നെനിക്കറിയില്ല; സുപ്രീം കോടതിയുടെ വിധിയനുസരിച്ച് ബാറുകൾ തുറക്കരുതെന്നാണ് അന്ന് സർക്കാർ പറഞ്ഞത്. സുപ്രീം കോടതിയിൽ പോയതാരാണ്? ഞങ്ങൾ പോയിട്ടില്ലെന്ന് മന്ത്രി പറഞ്ഞു. പക്ഷെ, ഇവിടെ നിങ്ങൾ കൊടുത്ത അഫിഡവിറ്റ് ഈ വിധി വരാൻ സഹായകമായിയെന്നാണ് ഞാൻ പറഞ്ഞത്. പാതയോര മദ്യ വിൽപ്പന നിരോധിച്ച സുപ്രീം കോടതി വിധിക്കെതിരായ നിയമപോരാട്ടത്തിലും പാതയോര മദ്യനിരോധനത്തിൽ നിന്ന് പഞ്ചായത്തുകളെ ഒഴിവാക്കണമെന്ന ഹർജിയിലും കേരളം അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. മാത്രമല്ല, 23-ന് സുപ്രീം കോടതി വിധി വന്നു; 28-ന് എക്സൈസ് കമ്മീഷണറുടെ ശിപാർശ വന്നു; എത്ര സ്പീഡിലാണ് കാര്യങ്ങൾ പോകുന്നത്. നഗരസ്വഭാവമുള്ള ഗ്രാമങ്ങളിൽ മദ്യശാലകൾ അനുവദിക്കാം. പതിനായിരത്തിൽ കൂടുതൽ ജനസാന്ദ്രതയുള്ള പഞ്ചായത്തുകളെ നഗരസമാനമായി കാണാമെന്നാണ് ഈ മാസം 16-ലെ ഉത്തരവ്. വിധിയുടെ പകർപ്പുപോലും ലഭിക്കുന്നതിനുമുമ്പ് അന്നുതന്നെ ലൈസൻസ് അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണർ ഉത്തരവിട്ടു. എത്ര സ്പീഡിലാണ് കാര്യങ്ങൾ നടക്കുന്നത്. പഞ്ചായത്തുകളിൽ മദ്യഷോപ്പ് തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല; അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി കൗശലപൂർവ്വം ഇവിടെ പറഞ്ഞു. അതിന്റെ അർത്ഥം കേരളത്തിലെ പഞ്ചായത്തുകളിൽ മദ്യഷോപ്പുകൾ ആരംഭിക്കാൻ ആരെങ്കിലും അപേക്ഷ കൊടുത്താൽ സർക്കാർ അത് കൊടുക്കുമെന്നുതന്നെയല്ലേ.

<u>ശ്രീ. റ്റി. പി രാമകൃഷ്ണൻ:</u> സർ, വിധി നടപ്പിലാക്കുന്നതിന്റെ ധൃതിയെ സംബന്ധിച്ച് അങ്ങ് പറഞ്ഞു, 2018 ഫെബ്രുവരി 23-നാണ് സുപ്രീം കോടതിയുടെ അവസാനത്തെ വിധി. ഈ മാർച്ച് മാസത്തിലാണ് ഇതിന്റെ മറ്റ് ഉത്തരവുകളെല്ലാം എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇറക്കിയത്. വിധി വരുന്നതിനുമുമ്പ് ഉത്തരവിറക്കിയെന്ന് പറയുന്നത് ശരിയല്ല. വിധി വന്ന് ദിവസങ്ങൾക്കുശേഷമാണ് എക്സൈസ് കമ്മീഷണറുടെ ഉത്തരവിറങ്ങിയതെന്നത് അങ്ങയുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, കേരളത്തിൽ വേനൽക്കാലത്ത് ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്നതിൽ ഇത്ര ജാഗ്രതയും സ്പീഡും സർക്കാർ കാണിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എത്ര സ്പീഡിലാണ് ഈ ഉത്തരവുകൾ ഇറങ്ങുന്നത്. കേരളത്തിലെ ജനങ്ങളെ മന്ത്രി തെറ്റിദ്ധരിപ്പിക്കുകയാണ്. അദ്ദേഹം പറഞ്ഞതെന്താണ്? പതിനായിരത്തിൽ കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ ടൗണുകളായി പ്രഖ്യാപിച്ചുകൊണ്ട് അവിടെ മദ്യഷോപ്പുകൾ തുടങ്ങാനുള്ള സുപ്രീം കോടതി വിധി വന്നിരിക്കുന്നു; ആ വിധിയുടെ അടിസ്ഥാനത്തിൽ ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ അത് സർക്കാർ പരിഗണിക്കും എന്നാണ്. ഏത് പൊട്ടക്കണ്ണനും മനസ്സിലാകുന്ന കാര്യമല്ലേ അത്? ജനങ്ങളെ മദ്യം കുടിപ്പിക്കാൻവേണ്ടി ഗ്രാമങ്ങളിൽ വീണ്ടും മദ്യശാലകൾ തുടങ്ങാൻ പോകുന്നു. ഈ സർക്കാർ തുടക്കംമുതൽ സ്വീകരിച്ച സമീപനം എന്താണ്? ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ 10 ശതമാനം പൂട്ടാനാണ് യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചത്. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ അത് എടുത്തുകളഞ്ഞു. ഔട്ട്ലെറ്റുകളിൽ കൂടുതൽ കൗണ്ടറുകൾ ആരംഭിച്ചു; അതോടൊപ്പം സൂപ്പർ സ്റ്റോറുകൾ തുടങ്ങി. രണ്ട്, ബാറുകൾ തുടങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുവാദം വേണമായിരുന്നു. നഗരപാലിക ബില്ലിലെ 232, 437 എന്നീ വകുപ്പുകൾ നിങ്ങൾ റദ്ദ് ചെയ്തു. മൂന്ന്, വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും 200 മീറ്റർ അകലത്തിൽ മദ്യഷോപ്പുകൾ പാടില്ലെന്നുള്ള നിയമം നിങ്ങൾ 50 മീറ്ററായി ചുരുക്കി. നാല്, പിന്നീട് കോടികൾ ചെലവഴിച്ച് സുപ്രീംകോടതിയിൽ കേസ് നടത്തി മദ്യനയത്തെ നിങ്ങൾ അട്ടിമറിച്ചു. അഞ്ച്, ബാറുകൾ തുറക്കുന്നതിനും യുഡി.എഫ്.-ന്റെ മദ്യനയം പരാജയമാണെന്ന് സ്ഥാപിക്കുന്നതിനുംവേണ്ടി എന്തെല്ലാം കള്ളപ്രചരണങ്ങളാണ് നിങ്ങൾ സംസ്ഥാനത്തുടനീളം നടത്തിയത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിലെ യു.ഡി.എഫ്.-ന്റെ മദ്യനയം വൻവിജയമായിരുന്നു. മദ്യാസക്തി കുറച്ചുകൊണ്ടുവരാനും മദ്യത്തിന്റെ വ്യാപനം തടയാനും ഏറ്റവും ഇഫക്ടീവായ രീതിയിൽ യു.ഡി.എഫ്.-ന്റെ മദ്യനയം പ്രയോജനപ്പെട്ടു. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിലും വർദ്ധനവുണ്ടായി. ടൂറിസം ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് അതാണ്. നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളെ മദ്യം കുടിപ്പിക്കാനുള്ള നയം മാറ്റമാണ് ഇടതുമുന്നണി സർക്കാർ സ്വീകരിച്ചത്. 'കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമ വിരുദ്ധ ലഹരിവസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോൽസാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം

ഉറപ്പാക്കി സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹം വാർത്തെടുക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു' എന്നതാണ് ഇടതുമുന്നണിയുടെ മദ്യനയം. സമ്പൂർണ്ണ മദ്യനിരോധനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കാനാണോ പഞ്ചായത്തുകളിൽകൂടി ബാറുകൾ അനുവദിക്കാൻ പോകുന്നത്; സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു സർക്കാരും ചെയ്യാത്ത തരത്തിൽ നിങ്ങൾ മദ്യത്തിൽ ജനങ്ങളെ മുക്കിക്കൊല്ലാൻ ശ്രമിക്കുകയാണ്. മദ്യവും മയക്കുമരുന്നും പിശാചിന്റെ രണ്ട് കരങ്ങളാണെന്ന് മഹാത്മാ ഗാന്ധി 'യംഗ് ഇന്ത്യ'യിൽ എഴുതിയത് ഞാൻ ഓർക്കുന്നു. ഈ സംസ്ഥാനത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനും മദ്യ മുതലാളിമാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അവർക്കുവേണ്ടി പ്രവർത്തിക്കാനുമുള്ളൊരു സർക്കാരാണിത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രണ്ട് വർഷത്തെ ഭരണനേട്ടം ഏതാണെന്ന് ചോദിച്ചാൽ 'കേരളത്തിൽ കൂടുതൽ ബാറുകൾ അനുവദിച്ചു, മദ്യശാലകൾ അനുവദിക്കുന്നു, എല്ലാ നിയന്ത്രണങ്ങളും മാറ്റുന്നു' എന്നതാണെന്ന് ഞാൻ പറയും. കേരളം മദ്യം ഒഴുകുന്ന ഒരു സംസ്ഥാനമായി മാറിയിരിക്കുന്നുവെന്ന ഏകനേട്ടമാണ് പിണറായി സർക്കാരിന് അവകാശപ്പെടാൻ കഴിയുന്നത്. ഇപ്പോൾ കൂടുതൽ ബാറുകളും മദ്യഷാപ്പുകളും അനുവദിക്കാൻ നിങ്ങൾ മുന്നോട്ടുവരുന്നു. ഇത് വരുംതലമുറകളോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണ്. ഇത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ഇടതുപക്ഷ സർക്കാർ അടുത്ത പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. വീട്ട് മുറ്റത്തൊരു ബാർ. പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകൾ നഗരമായി പരിഗണിച്ചുകൊണ്ട് അവിടെയെല്ലാം ബാർ അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഇവിടെയിനി പുതിയത് നൽകാൻ തീരുമാനിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. പക്ഷെ ഈ ഉത്തരവ് വായിച്ചുകഴിഞ്ഞാൽ വളരെ കൃത്യമാണ്. ഇനി ഇൻഡിവിഡ്യുവലായി ആരെങ്കിലും അപേക്ഷ സമർപ്പിച്ചാൽ ചുവടെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നുവെന്നാണ് അഞ്ചാമത്തെ ഖണ്ഡികയിൽ വളരെ കൃത്യമായി പറയുന്നത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ട് കാര്യങ്ങൾ കൃത്യമായിട്ടുണ്ടെങ്കിൽ ആര് അപേക്ഷിച്ചാലും അവിടെയൊക്കെ ബാർ അനുവദിക്കാം. ഒന്ന്, നിലവിലുള്ള സെൻസസ് പ്രകാരം പഞ്ചായത്ത് വകുപ്പ്

രേഖകൾക്കനുസൃതമായി പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗര സ്വഭാവമുള്ളതായി കണക്കാക്കുന്നതാണ്. നികുതി വകുപ്പോ വിനോദസഞ്ചാര വകുപ്പോ വിനോദസഞ്ചാര മേഖലയായി നിർണ്ണയിച്ച് പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ജനസംഖ്യ പതിനായിരത്തിന് താഴെയാണെങ്കിലും ബാറുകൾ അനുവദിക്കാമെന്നാണ് ഉത്തരവിൽ പറയുന്നത്. അവിടെ പതിനായിരത്തിന് മുകളിൽ എന്നുള്ള മാനദണ്ഡമൊക്കെ പോയിരിക്കുന്നു. 'ഇത് വിനോദ സഞ്ചാരത്തിന് അനുയോജ്യമായ സ്ഥലമാണെന്ന് വിനോദസഞ്ചാര വകുപ്പും നികുതി വകുപ്പും നിശ്ചയിച്ചുകഴിഞ്ഞാൽ അവിടെ ജനസംഖ്യ പ്രശ്നമല്ല, ബാർ അനുവദിക്കാം. മദ്യവർജ്ജനത്തെ പ്രോൽസാഹിപ്പിക്കുന്നതിന് ഇന്നുള്ളതിനെക്കാൾ ശക്തമായ നിലപാടുകൾ സ്വീകരിക്കും; മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക' എന്നതാണ് നിങ്ങളുടെ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ ലഭ്യത കുറയ്ക്കുകയാണോ കൂട്ടുകയാണോ ചെയ്യുന്നത്; ശ്രീ. ഇന്നസെന്റ്, എം.പി. സിനിമയിൽ അഭിനയിക്കാറുണ്ട്. പക്ഷെ അദ്ദേഹത്തെ ജീവിതത്തിലും അഭിനയിപ്പിച്ച ഒരു മുന്നണിയാണ് നിങ്ങളുടേത്. ലഭ്യത കുറച്ച് മദ്യവർജ്ജനത്തിലേയ്ക്ക് കൊണ്ടുപോകുകയാണെന്ന് അദ്ദേഹം പറയുന്നുണ്ട്. ലഭ്യത കുറയ്ക്കുകയെന്നത് കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ തീരുമാനങ്ങൾ വന്നിരിക്കുന്നത്. നിങ്ങൾ സുപ്രീം കോടതിയുടെ പേരാണ് പറയുന്നത്. പക്ഷെ ഇതൊക്കെ നടപ്പിലാക്കിയില്ലെങ്കിൽ നിങ്ങളൊക്കെ നരകത്തിൽ പോകുമെന്ന് സുപ്രീം കോടതി പറഞ്ഞിട്ടില്ലല്ലോ; സുപ്രീം കോടതി അങ്ങനെയൊരു വിധി പറഞ്ഞതിന്റെ പേരിൽ നമ്മൾ ശക്തമായി ഇത് നടപ്പിലാക്കുകയാണ്; ഇനി വേറൊരു കാര്യത്തെക്കുറിച്ച് ആലോചിക്കാനില്ല. ഒരു മാസംകൊണ്ടുതന്നെ തീരുമാനമെടുത്ത് നമുക്ക് നടപ്പിലാക്കാമെന്ന ഈ ശുഷ്കാന്തി മറ്റു സുപ്രീംകോടതി വിധികളിൽ നിങ്ങൾ നടപ്പിലാക്കിയിരുന്നെങ്കിൽ കേരളം എന്നേ രക്ഷപ്പെട്ടു പോയേനെ! ഇവിടെ കിംവദന്തികളുടെയും പത്രവാർത്തകളുടെയും ചാനൽ ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഒരു ആരോപണവും ഉന്നയിക്കരുതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ ചർച്ചകളിലൊക്കെ പങ്കെടുത്ത ബിജു രമേശാണ് മുൻകാലത്തെ ചാനലിലും പത്രത്തിലുമൊക്കെ ഇതേ കാര്യങ്ങൾ ഉന്നയിച്ച് ശ്രീ. കെ. എം. മാണിക്കെതിരെ ചില പരാമർശങ്ങൾ നടത്തിയത്. അപ്പോൾ അത്തരം ചാനൽ ചർച്ചകളുടെയും പത്രവാർത്തകളുടെയും അടിസ്ഥാനത്തിൽ ഇതുപോലുള്ള കാര്യങ്ങൾ ഉന്നയിക്കരുതെന്ന് പറഞ്ഞാൽ അങ്ങ് ആദ്യം ശ്രീ. കെ. എം. മാണിയോട് മാപ്പ്

പറയാൻ ഈ സന്ദർഭം വിനിയോഗിക്കണമെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് നിങ്ങൾക്ക് ഒരു ന്യായവും ഞങ്ങൾക്ക് ഒരു ന്യായവും എന്നുള്ളത് അംഗീകരിക്കാനാകില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളം മുഴുവൻ മദ്യഷാപ്പാക്കി മാറ്റുന്നതിനുവേണ്ടി ഇപ്പോൾ ഫോർ സ്റ്റാർ ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററാക്കി ചുരുക്കി; അതായത് സ്കൂളിന് തൊട്ടടുത്ത്. സ്കൂളുകളിൽ അസ്സംബ്ലിയിൽ നിൽക്കുന്ന വരിയും ബാറിനുമുന്നിൽ നിൽക്കുന്ന വരിയും ഏതാണെന്ന് നമുക്ക് തിരിച്ചറിയാനാകില്ല. പതുക്കെപ്പതുക്കെ ഈ രണ്ട് വരിയും ഒന്നാകുമോയെന്ന അവസ്ഥയിലേയ്ക്ക് മാറുമോയെന്ന് ഭയപ്പെടുകയാണ്. കുട്ടികളെ സംരക്ഷിക്കുമെന്നും അവർക്ക് ബോധവൽക്കരണം നടത്തുമെന്നും നിങ്ങളുടെ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും ഈ നയത്തിൽ നിന്നും എത്രയും പെട്ടെന്ന് പിന്നോട്ടുപോകണം. 'സർക്കാരിന് ചർച്ച ചെയ്യുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല, ഇത് തുറന്ന മനസ്സോടുകൂടി ചർച്ച ചെയ്യാം' എന്ന് അങ്ങ് തുടക്കത്തിൽത്തന്നെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ പിന്നെ എന്തുകൊണ്ട് ചർച്ച ചെയ്യുന്നില്ല. ഈ ചർച്ച നിഷേധിച്ച സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, എത്രയോ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുമെന്ന് പറഞ്ഞ് പുതിയ മദ്യശാലകൾ ആരംഭിക്കുമ്പോൾ തൊഴിൽ കൂട്ടുകയല്ലേ ചെയ്യുന്നതെന്ന സൂചനയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത്. ഇതിനെയൊരു തൊഴിൽദാന പരിപാടിയായി സർക്കാർ വീക്ഷിക്കുന്നുണ്ടെങ്കിൽ വളരെ മോശമായിപ്പോയി. ബഹുമാനപ്പെട്ട മന്ത്രി അതിനെ അങ്ങനെ ചിത്രീകരിച്ചത് ശരിയല്ല. മദ്യശാലകൾ തുറന്ന് ആളുകൾക്ക് ജോലി കൊടുക്കുകയെന്നതല്ല തൊഴിൽദാന പരിപാടി. മദ്യശാലകൾക്കുവേണ്ടി ഒരു കോൺഗ്രസ്സ് അഭിഭാഷകൻ സുപ്രീം കോടതിയിൽ കേസ് വാദിച്ചില്ലേയെന്ന് മറുചോദ്യം വന്നു. രാഷ്ട്രീയക്കാരായ വക്കീലന്മാരുണ്ട്. സർക്കാരിന്റെ നയം വച്ചാണോ അവർ വക്കാലത്ത് സ്വീകരിക്കുന്നത്; അല്ല. ഇതൊരു ദുർബലമായ വാദമാണ്. സർക്കാരിന്റെ നടപടി വളരെ മോശമാണ്. മദ്യശാലകളും മദ്യത്തിന്റെ ലഭ്യതയും കുറയ്ക്കുമെന്നാണ് നിങ്ങളുടെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ നയത്തിൽ പറഞ്ഞിരിക്കുന്നത്. അതിന് വിരുദ്ധമായി ഇപ്പോൾ വഴി നീളെ മദ്യശാലകൾ തുറക്കുന്നതിന് സുപ്രീം കോടതി വിധിയുണ്ടായിരിക്കുകയാണ്. സുപ്രീംകോടതി വിധിയുണ്ടായാൽപ്പോലും ജനാധിപത്യ സർക്കാർ എന്താണ് ചെയ്യുന്നത്? കോടതിവിധിയുണ്ടെങ്കിൽ അതിനെ തിരുത്താൻവേണ്ടി

നിയമനിർമ്മാണം നടത്താൻ അധികാരമുള്ള നിയമസഭയിൽ നിന്നുകൊണ്ടാണ് കോടതി വിധിയുണ്ടെന്ന് പറയുന്നത്. നമുക്ക് നമ്മുടേതായ ശക്തമായ നയങ്ങൾ വേണം. ആ നയത്തിന്റെ അടിസ്ഥാനത്തിൽ പുതിയതായി മദ്യശാലകൾ അനുവദിക്കാൻ പാടില്ല. അതിനെ നിരുത്സാഹപ്പെടുത്തുകയാണ് വേണ്ടത്. ഇത്തരം നടപടിയുമായി മുന്നോട്ടുപോയാൽ നിങ്ങൾ കേരളത്തെ ഒരു മദ്യശാലയാക്കി മാറ്റും. നിങ്ങൾക്ക് അതിന് ഉദ്ദേശ്യം കാണില്ല; പക്ഷെ ഈ നടപടിയുടെ ഫലമായി കേരളം ഒരു മദ്യശാലയായി മാറും. അതിന് ഇടയാക്കരുതെന്ന് മാത്രം പറഞ്ഞുകൊണ്ടും ഇടയാക്കുന്നൊരു സാഹചര്യമുള്ളതുകൊണ്ടും അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്ന സന്ദർഭം മുതൽ കേരളത്തിന്റെ മദ്യനയം മാറ്റുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എക്സൈസ് കമ്മീഷണർ, ബഹുമാനപ്പെട്ട മുൻഎക്സൈസ് വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മുൻടൂറിസം വകുപ്പുമന്ത്രി എന്നിവരുടെയൊക്കെ 2016-ലെ ഇന്റർവ്യൂവുകൾ ശ്രദ്ധിച്ചാൽ മദ്യത്തിന്റെ ലഭ്യത കുറഞ്ഞപ്പോൾ മയക്കുമരുന്ന് കൂടുതൽ വ്യാപൃതമായെന്ന് മനസ്സിലാക്കാം. ടൂറിസം സെക്ടറിന് വലിയ ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുന്നു. മയക്കുമരുന്ന് വ്യാപൃതമായിട്ടുണ്ടെങ്കിൽ ഇവിടെ എന്തിനാണ് പോലീസ് വകുപ്പും എക്സൈസ് വകുപ്പും ഉള്ളത്? അവരുടെ ചുമതലകൾ ഒരു ഭാഗത്ത് നിൽക്കുകയാണ്. മദ്യനയം തിരിച്ചുകൊണ്ടുവരാനും ബാറുകൾ തുറക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങളുടെ ഭാഗമായി വരുന്ന പ്രസ്താവനകളും കാണേണ്ടതുണ്ട്. ടൂറിസം രംഗത്ത് ഇടിവ് വന്നുവെന്ന് അന്നത്തെ ടൂറിസം വകുപ്പുമന്ത്രി പരസ്യമായി പ്രസ്താവന നടത്തുകയുണ്ടായി. 2014-ൽ 923366 വിദേശ ടൂറിസ്റ്റുകൾ വന്നപ്പോൾ 2015-ൽ 977479-ഉം 2016-ൽ 1000000-മായും വർദ്ധിച്ചു. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണവും ഫോറിൻ മണിയുടെ വരവും വർദ്ധിച്ചു. ഇതിനൊരു പശ്ചാത്തലമൊരുക്കുന്നതിനാണ് ഈ സർക്കാർ ലക്ഷ്യം വച്ചത്. ഏറ്റവും അവസാനം നിങ്ങൾ സുപ്രീം കോടതിയിൽ നൽകിയ അഫിഡവിറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ, അതിനുവേണ്ടിയുള്ള സന്ദർഭങ്ങൾ ബോധപൂർവ്വം ഒരുക്കിയതിനെയാണ് ഞങ്ങൾ ആക്ഷേപിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ബാറുകൾക്ക് പുതിയതായി അനുമതി നൽകിയെന്ന കാര്യം പരാമർശിക്കുകയുണ്ടായി. നിങ്ങളുടെ ഇലക്ഷൻ

മാനിഫെസ്റ്റോയ്ക്ക് കടലാസിന്റെ വിലയെങ്കിലും നൽകണമെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത് ഏറ്റവും ഗുരുതരമായൊരു വിഷയമായിരുന്നു. വേനലിൽ വെള്ളമില്ലാതെ ജനം നെട്ടോട്ടമോടുകയാണ്. വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിലെ ഫ്യൂസ് ഇലക്ട്രിസിറ്റി ബോർഡ് ഊരുകയാണ്. ജനങ്ങൾ വേനലിൽ വെള്ളമില്ലാതെ നെട്ടോട്ടമോടുമ്പോൾ ഇഷ്ടംപോലെ ബാറുകൾ അനുവദിച്ചുകൊണ്ട് മദ്യം യഥേഷ്ടം ഒഴുക്കാനുള്ള ഈ സമീപനത്തിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, പ്രതിപക്ഷാംഗങ്ങൾ ഭരണപക്ഷത്തെ എതിർക്കുന്നത് സാധാരണമാണ്. പക്ഷേ ഇവിടെ അതുമാത്രമല്ല പ്രശ്നം, ഈ സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളും മഹാത്മാഗാന്ധിയുടെ ആശയം സ്വീകരിക്കുന്നവരും അല്ലാത്തവരും ക്രിസ്ത്യൻ മതമേലദ്ധ്യക്ഷന്മാരും ഹിന്ദുമത നേതാക്കന്മാരും സന്യാസിമാരും ശ്രീനാരാണയ ഗുരുദേവനെ വിശ്വസിക്കുന്നവരും സുന്നി, മുജാഹിദ് സമുദായത്തിൽപ്പെട്ട മുസ്ലിം സുഹൃത്തുക്കളും ഉൾപ്പെടെ എല്ലാവരും ഏകസ്വരത്തിൽ ആക്ഷേപിക്കുന്നതായ ഒരു നടപടി, ഈ സമൂഹത്തിലെ സാമൂഹ്യമായ സന്തുലിതാവസ്ഥയ്ക്ക് കോട്ടംതട്ടുന്നൊരു സാഹചര്യം നിലനിൽക്കുന്ന സമയത്ത് സർക്കാർ അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാകാതെ കേരളത്തിൽ മദ്യം ഒഴുക്കാൻ കാണിക്കുന്ന വ്യഗ്രത അവർക്ക് സർവ്വ നാശത്തിന് വഴിവയ്ക്കുമെന്ന് ചൂണ്ടിക്കാണിക്കാൻ മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ നിലപാടിൽ ശക്തമായി പ്രതിക്ഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

മി. സ്പീക്കർ: സമയനിഷ്ഠയെക്കുറിച്ചും സഭ വൈകുന്നേരം നാല്-നാലരവരെ നീണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനെക്കുറിച്ചും കഴിഞ്ഞദിവസം ചെയർ ഓർമ്മപ്പെടുത്തിയിരുന്നു. ശ്രദ്ധ ക്ഷണിക്കലിനും സബ്മിഷനുമൊക്കെ സമയം നേരത്തെ നിശ്ചയിച്ചിരുന്നു. മൂന്നും മൂന്നും ആറ് മിനിട്ടാണ് ഒരു ശ്രദ്ധക്ഷണിക്കലിന് പൊതുവെ കണ്ടെത്തിയ സമയം. ആ സമയത്തിൽ ഒതുങ്ങിനിന്നുകൊണ്ട് സഹകരിക്കണം. സബ്മിഷൻ ചുരുങ്ങിയ സമയത്തിൽ അവതരിപ്പിക്കണം. മന്ത്രിമാരുടെ മറുപടി വളരെ ദീർഘമാണെങ്കിൽ അത് മേശപ്പുറത്തുവയ്ക്കുകയും ഏറ്റവും അനിവാര്യമായ കാര്യങ്ങൾ മാത്രം സഭയിൽ പറയുകയും ചെയ്താൽ മതിയാകും.

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

ശ്രീ. ഡി. കെ. മുരളി: സർ, കേന്ദ്ര ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരളത്തിലെ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ പ്രവർത്തിക്കുന്ന അതിപ്രശസ്തമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്, പഴയ ഹിന്ദുസ്ഥാൻ ലാറ്റക്സ്, സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തെ സംബന്ധിച്ച് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ് എന്റെ ഉദ്ദേശ്യം. ഈ സ്ഥാപനം 1966-ൽ സ്ഥാപിച്ചതാണ്. അവിടെ ജപ്പാൻ സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി ഗർഭനിരോധന ഉറയുടെ ഉൽപ്പാദനം 1969 ഏപ്രിൽ 5-ന് ആരംഭിച്ചു. കേരള സർക്കാർ ഇതിനകം ഏകദേശം 19 ഏക്കറോളം ഭൂമിയാണ് ഈ പൊതുമേഖലാ സ്ഥാപനത്തിനുവേണ്ടി സൗജന്യമായി നൽകിയിട്ടുള്ളത്. തുടക്കത്തിൽ ഗർഭനിരോധന ഉറ മാത്രമാണ് അവിടെ നിർമ്മിച്ചിരുന്നത്. ഇപ്പോൾ കേന്ദ്ര പൊതുമേഖലയിലെ മിനിരത്ന, ഷെഡ്യൂൾ-ബി പദവികളുമായി രാജ്യത്തുതന്നെ അഭിമാനകരമായി ഈ സ്ഥാപനം നിൽക്കുന്നുണ്ട്. ഇതിന്റെ മുഖ്യകാരണം ജീവനക്കാരുടെ അർപ്പണമനോഭാവവും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പിന്തുണയുമാണ്. കമ്പനിക്ക് ഇപ്പോൾ രാജ്യത്ത് പല ഭാഗങ്ങളിലായി ഏഴ് ഫാക്ടറികളുണ്ട്. കേരളത്തിൽ പേരൂർക്കട, ആക്കുളം, കാക്കനാട്, ഐരാപുരം എന്നിവിടങ്ങളിലും കർണ്ണാടകയിലെ ബെൽഗാം, മദ്ധ്യ പ്രദേശിലെ ഇൻഡോർ, ഹരിയാനയിലെ മനേശ്വർ തുടങ്ങിയ സ്ഥലങ്ങളിലും ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അയ്യായിരത്തോളം തൊഴിലാളികളാണ് നേരിട്ട് ഇവിടെ ജോലി ചെയ്യുന്നത്. ഇതിന്റെ ഭാഗമായി മറ്റ് കുറേ തൊഴിലും പരോക്ഷമായിട്ടുണ്ട്. വിവിധ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരായും വിതരണക്കാരായും ഈ കമ്പനി മാറിയിട്ടുണ്ട്. ഗർഭനിരോധന ഉറ, ബ്ലഡ് ബാഗ്, ഗുളികകൾ, വാക്സിൻ, ആശുപത്രി ഉപകരണങ്ങൾ, ആശുപത്രികളുടെ നിർമ്മാണം, സ്കാനിംഗ്, രക്തപരിശോധന തുടങ്ങി ആരോഗ്യരംഗത്തെ പല കാര്യങ്ങളും രാജ്യത്തെ പല ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. ന്യായവില നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്ന മെഡിക്കൽ സ്റ്റോറുകൾ രാജ്യത്തിന്റെ പല ഭാഗത്തും നടന്നുവരുന്നുണ്ട്. കഴിഞ്ഞ 50 വർഷമായി കേന്ദ്ര സർക്കാരിന് ലാഭവിഹിതം നൽകിക്കൊണ്ടിരിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനം കൂടിയാണിത്. കേന്ദ്ര സർക്കാരിന് ആവശ്യമായതിൽ 75 ശതമാനം ഗർഭനിരോധന ഉറകളും ഈ സ്ഥാപനമാണ് നൽകിവരുന്നത്. രാജ്യത്തെ ജനനനിയന്ത്രണത്തിലും എയ്ഡ്സ് പോലുള്ള മാരകരോഗങ്ങളുടെ നിയന്ത്രണത്തിലും ഈ സ്ഥാപനം നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. ഇത്തരത്തിൽ വളരെ പ്രശസ്തമായ നിലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനമാണ് സ്വകാര്യവൽക്കരിക്കാൻ ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നത്. വലിയ തോതിൽ നഷ്ടമുണ്ടാക്കുന്ന,

തൊഴിലാളികളുടെ ജീവിതത്തെത്തന്നെ ഹനിക്കുന്ന, അവരെ വഴിയാധാരമാക്കുന്ന തീരുമാനത്തിലേയ്ക്കാണ് കേന്ദ്ര സർക്കാർ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നുള്ളത് പത്രത്തിൽ വന്നതാണ്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റും നിയമസഭയും കൂടുതൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാണോ? 2017 ഡിസംബർ മുതൽ ഈ മേഖലയിലെ മുഴുവൻ തൊഴിലാളികളും അനിശ്ചിതമായി സമരരംഗത്ത് നിൽക്കുകയാണ്. ഇതെല്ലാം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകണമെന്ന വിഷയമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിനകത്തും പുറത്തും ഉൽപ്പാദന കേന്ദ്രങ്ങളുമായും ആരോഗ്യമേഖലയിലെ ഉൽപ്പന്നങ്ങൾ, ഹെൽത്ത് സർവീസ് കൺസൾട്ടൻസി എന്നിവയുമായും ബന്ധപ്പെട്ട് പ്രവർത്തനം നടത്തിവരികയും ഇന്ത്യയിലെ മികച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ചുവരികയും ചെയ്യുന്ന സ്ഥാപനമാണ് ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ്. അയ്യായിരത്തോളം തൊഴിലാളികളാണ് മിനിരത്ന കമ്പനി വിഭാഗത്തിൽപ്പെടുന്ന ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നത്. കേരളം ആസ്ഥാനമായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന പേരിൽ 1966-ൽ ആരംഭിക്കുകയും പിന്നീട് ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്യുതുമായ ഈ സ്ഥാപനത്തിന് 19 ഏക്കറോളം സ്ഥലമാണ് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സൗജന്യമായി അനുവദിച്ചിട്ടുള്ളത്. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 16-6-2017-ൽ കത്തയച്ചിരുന്നു. എന്നാൽ കമ്പനിയുടെ മുഴുവൻ ഓഹരികളും വിറ്റഴിക്കാനുള്ള നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുകയാണ്. ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിന്റെയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെയും ഓഹരികൾ വിറ്റഴിക്കാൻ തത്വത്തിൽ തീരുമാനിച്ച നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഏറ്റവും ഒടുവിൽ, 20-2-2018-ന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. സർക്കാർ ഭൂമി ലഭ്യമാക്കിയും നികുതിയിനത്തിൽ പരമാവധി ഇളവ് നൽകിയും പ്രവർത്തന മൂലധനത്തിന് ബാങ്കുകളിൽ സർക്കാർ ഗ്യാരന്റി നൽകാനും മറ്റ് സൗകര്യങ്ങൾ ഒരുക്കാനും തയ്യാറാണെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടും ഇക്കാര്യത്തിൽ അനുകൂലമായ പ്രതികരണമുണ്ടായിട്ടില്ല. കേരളത്തിലെ മറ്റ് ചില കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഇത്തരത്തിൽ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടക്കുന്നുണ്ട്. ഇവയെല്ലാം പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ശക്തമായ ഇടപെടൽ സംസ്ഥാന സർക്കാർ നടത്തിവരുന്നുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കുന്നതിന് മുൻകൈ എടുക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യങ്ങൾ നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, അത്തരത്തിലുള്ള നിലപാട് സ്വീകരിക്കണം. സംസ്ഥാന സർക്കാരിന്റെ പത്തൊമ്പതേക്കറോളം ഭൂമി ഈ കമ്പനിയുടെ പേരിലുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കാമെന്ന് പറഞ്ഞു.

## (2) അടിസ്ഥാനസൗകര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത

ശ്രീ. പി. ഉബൈദുള്ള: സർ, ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഏറെ പ്രകീർത്തിക്കപ്പെടുമ്പോഴും നമ്മുടെ സർക്കാർ ആശുപത്രികളും മെഡിക്കൽ കോളേജുകളും അടിസ്ഥാന സൗകര്യം പോലുമില്ലാതെ പ്രയാസം അനുഭവിക്കുകയാണ്. കേരളത്തിലെ ആരോഗ്യമേഖല സബ്സെന്ററുകളിൽ തുടങ്ങി മെഡിക്കൽ കോളേജുകളിൽ അവസാനിക്കുന്ന ആറ് ശൃംഖലയായാണ് സംവിധാനം ചെയ്തിരിക്കുന്നത്. പാവപ്പെട്ടവർക്ക് അർഹിക്കുന്ന ചികിത്സാ സൗകര്യം ഉറപ്പുവരുത്താൻ സാധിക്കാതെ അസൗകര്യങ്ങളുടെയും പരാധീനതകളുടെയും നേർസാക്ഷിയായി നമ്മുടെ സർക്കാർ ആശുപത്രികൾ മാറിയിരിക്കുകയാണ്. അത്യാധുനികമായ സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലും ജനറൽ/ജില്ലാ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സജ്ജമാക്കേണ്ടതുണ്ട്. അടിയന്തര സാഹചര്യങ്ങളെ തരണം ചെയ്യുന്നതിന് ട്രോമാ കെയർ യൂണിറ്റുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽപ്പോലും ഇപ്പോഴും നിലവിലില്ലാത്ത അവസ്ഥയാണ്. എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം ഇതുവരെയും നടപ്പാക്കിയിട്ടില്ല. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. എന്നാൽ എന്റെ നിയോജകമണ്ഡലമായ മലപ്പുറത്തെ ജില്ലാ ആസ്ഥാനത്തുള്ള മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇതുവരെയും ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടില്ല. ആരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിന് പ്രധാനകാരണം ഇപ്പോഴും പൊതുജനാരോഗ്യനിയമം നിലവിലില്ല എന്നതാണ്. കേരളത്തിലെ തെക്കൻ ജില്ലകളിൽ 1955-ൽ നടപ്പാക്കിയ തിരുവിതാംകൂർ-കൊച്ചി പൊതുജനാരോഗ്യ നിയമവും വടക്കൻ ജില്ലകളിൽ 1939-ൽ നടപ്പിലാക്കിയ മദ്രാസ് പൊതുജനാരോഗ്യ നിയമവുമാണ് നിലവിലുള്ളത്. ഇത് കാലാനുസൃതമായി പരിഷ്കരിച്ച് നമ്മുടെ സംസ്ഥാനത്തിന് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം

കൊണ്ടുവരണം. ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പ്രശ്നം വിദഗ്ദ്ധ മേഖലയിലെ ജീവനക്കാരുടെ അപര്യാപ്തതയാണ്. ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലെ പല സ്ഥലങ്ങളിലും ആവശ്യാനുസരണം ആരോഗ്യ കേന്ദ്രങ്ങളും തസ്തികകളും ജോലിക്കാരുമില്ല. ഈ അടിസ്ഥാന പ്രശ്നം പരിഹരിക്കാതെ ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

സംസ്ഥാനത്തെ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിവിധ വിഭാഗങ്ങളിൽ ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ആവശ്യത്തിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യ ആരോഗ്യ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികൾ, ജനറലാശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലും ഇപ്പോഴും 1971-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. രോഗി-ഡോക്ടർ അനുപാതം അനുസരിച്ച് ആശുപത്രികളും ജീവനക്കാരും വേണം. ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടി ഇതുവരെയും എവിടെയും എത്തിയിട്ടില്ല. അതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം വിവിധ വിഭാഗങ്ങളിൽ ജനസംഖ്യാ ആനുപാതികമായി ജീവനക്കാരെ നിയമിക്കാനും സംവിധാനമുണ്ടാകണം. ജീവനക്കാർ മാത്രമല്ല, നമ്മുടെ മെഡിക്കൽ കോഴ്സുകളും ആ ഗണത്തിൽപ്പെടുന്നവയാണ്. പുതിയ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും ആരംഭിക്കണം. ആരോഗ്യ സർവ്വകലാശാലയുടെ വൈസ് ചാൻസലർ ശ്രീ. എം. കെ. സി. നായർ അടുത്തയിടെ ഒരു സെമിനാറിൽ പറഞ്ഞത് 'മെഡിക്കൽ കോഴ്സുകളുടെ പല ഡിവിഷനുകളും കേരളത്തിലുണ്ടെങ്കിലും അവയെല്ലാം ചില നഗരങ്ങളിലും ജില്ലകളിലും മാത്രമായി ഒതുങ്ങിയിരിക്കുന്നുവെന്നാണ്.' മലയോര മേഖല പാടെ അവഗണിക്കപ്പെടുകയാണെന്നും അദ്ദേഹംതന്നെ സൂചിപ്പിക്കുകയുണ്ടായി. മെഡിക്കൽ കോളേജിലെങ്കിലും സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തണം. മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും വയോജനങ്ങൾക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും ആശുപത്രികളിൽ വെവ്വേറെ ക്ലിനിക്കുകൾ ആരംഭിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. പി. ഉബൈദുള്ള......പ്ലീസ് കണ്ടക്ലൂഡ്.....മൂന്ന് മിനിട്ടായി.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അവസാനിപ്പിക്കാം. ഇപ്പോൾ ജീവിതശൈലീ രോഗങ്ങൾ, സാംക്രമിക രോഗങ്ങൾ, വിവിധ പനികൾ തുടങ്ങി മാനസിക രോഗങ്ങൾ, മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം, ആത്മഹത്യ എന്നിവ

വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നമ്മുടെ സർക്കാർ ആശുപത്രികളിൽ പ്രത്യേകിച്ച്, മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കായി പ്രത്യേക സംവിധാനമുണ്ടാകണം. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യരംഗത്ത് ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണത്തിൽ മുമ്പിൽ നിൽക്കുന്ന മലപ്പുറം ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഇപ്പോൾ നിലവിലില്ല. സർക്കാർ ആശുപത്രികളെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നവരാണ് മലപ്പുറം ജില്ലയിലെ രോഗികൾ. ഇവിടെ ഒരു ജനറൽ ആശുപത്രി നേരത്തെയുണ്ടായിരുന്നു. ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കി മാറ്റിയതുകൊണ്ട് ജനറലാശുപത്രിയും മലപ്പുറം ജില്ലയിലില്ല. മലപ്പുറം ജില്ലയിൽ വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്ത് ഒരു ജനറലാശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവ വേണം. മാത്രമല്ല, ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ഒട്ടേറെ പോരായ്മകൾ നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ മേഖലയിലുണ്ടായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്ഭുതാവഹമായിട്ടുള്ള മാറ്റങ്ങളാണ് ഈ രംഗത്ത് ഉണ്ടായിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. ആർദ്രം മിഷൻ പ്രഖ്യാപിച്ചുകൊണ്ട് ഇവിടെ പറഞ്ഞ തസ്തികകളിലുള്ള കുറവ് പരിഹരിക്കാൻവേണ്ടി വലിയ തോതിലാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. കഴിഞ്ഞ തവണ ഡിമാൻഡ് ഡിസ്കഷന്റെ ഭാഗമായി വിശദമായി പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ഹെൽത്ത് സർവീസിൽ 2426, മെഡിക്കൽ എഡ്യൂക്കേഷനിൽ 1739, ആയുഷ് മേഖലയിൽ 106 എന്നിങ്ങനെ ആരോഗ്യ മേഖലയിൽ 4271 പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടു. ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയും തസ്തികകൾ സൃഷ്ടിക്കപ്പെടുന്നുവെന്നത് സർവ്വകാല റെക്കോർഡാണ്. ആർദ്രം മിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുന്ന നടപടികളാണ് സ്വീകരിച്ചത്. നമ്മുടെ ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനും ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനുമുള്ള നടപടികളാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചത്. പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയിട്ടില്ല എന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ

പറഞ്ഞു. മലപ്പുറം ജില്ലയിൽത്തന്നെ 16-ൽ 9 എണ്ണം ഇപ്പോൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലേത് പൂർത്തിയായിട്ടില്ല. അത് അടുത്തുതന്നെ ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്നാണ് പറയാനുള്ളത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി ആർദ്രം മിഷന്റെ ഭാഗമായി 66 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ഈ മാർച്ച് മാസം അവസാനിക്കുന്നതോടുകൂടി 103 എണ്ണം പൂർണ്ണമായും ഉദ്ഘാടനം ചെയ്യാൻ സാധിക്കും. ഏപ്രിൽ മാസത്തോടുകൂടി 150 എണ്ണമാകും. ബാക്കിയുള്ളവ കുറച്ച് വൈകും. 170 എണ്ണമാണ് ആദ്യത്തെ ബാച്ചിൽ പ്രഖ്യാപിച്ചിരുന്നത്. അത് പൂർത്തിയായി വരുന്നതോടെ വലിയ മാറ്റം കാണാൻ സാധിക്കും. 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുകയും അതിൽ 22 എണ്ണം പൂർത്തിയായി ഉദ്ഘാടനം ചെയ്യുകയും ബാക്കിയെല്ലാംതന്നെ പൂർത്തിയായിക്കൊണ്ടിരിക്കുകയുമാണ്. 75 ആശുപത്രികൾക്ക് പുതിയതായി ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങുകയാണ്. ഒന്നര വർഷക്കാലത്തിനിടയിൽ 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് സ്ഥാപിച്ചുവരുന്നു. 10 കാത്ത് ലാബുകൾ ആരംഭിച്ചു. 8 ജില്ലാ ആശുപത്രികളിൽ കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ രണ്ട് മെഡിക്കൽ കോളേജുകളിലും കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ആശുപത്രികൾക്കെല്ലാം മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുവേണ്ടി അടിസ്ഥാന, അക്കാദമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിരവധി നടപടികളാണ് ആരംഭിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് അറിയില്ല, കഴിഞ്ഞ വർഷം 72 പുതിയ പി.ജി. സീറ്റുകളും ഈ വർഷം 75 പുതിയ സീറ്റുകളും നമുക്ക് ലഭ്യമായി. അങ്ങനെ 147 പുതിയ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് അടക്കം നടത്തുന്നതിനുള്ള സീറ്റുകൾ കേന്ദ്ര സർക്കാരിൽ നിരന്തരമായി ഇടപെട്ട് ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ 5 മെഡിക്കൽ കോളേജുകളിൽ ആർ.സി.സി. മോഡലിലുള്ള ചികിത്സ നൽകുന്നതിന് മിനി കാൻസർ കെയർ സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, മറുപടി കൂടുതലുണ്ടെങ്കിൽ മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് മുഴുവൻ മേശപ്പുറത്തുവയ്ക്കാം.

മഞ്ചേരി മെഡിക്കൽ കോളേജിന്റെ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. മഞ്ചേരിയിൽ 23 ഏക്കർ സ്ഥലത്താണ് മെഡിക്കൽ കോളേജ് ആരംഭിച്ചത്. അവിടെ പ്രാഥമികമായ സൗകര്യങ്ങൾപോലും വേണ്ടത്ര ഉണ്ടായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി മെഡിക്കൽ കോളേജിൽ 50 കോടി രൂപയിലേറെ ചെലവഴിച്ച് പുതിയ കെട്ടിടനിർമ്മാണവും മറ്റ് കാര്യങ്ങളുമെല്ലാം ചെയ്തിട്ടുണ്ട്. പുതിയ 10 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ, മലപ്പുറം ജില്ലയിലെ W&C ഹോസ്പിറ്റലിനുവേണ്ടി 85 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 236 തസ്തികകൾ മലപ്പുറം ജില്ലയ്ക്ക് മാത്രമായി അനുവദിച്ചിട്ടുണ്ട്. അതിൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുൾപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലമായ മലപ്പുറത്തുതന്നെ 18 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. മൊറയൂർ പി.എച്ച്.സി.യാണ് ആർദ്രം മിഷനിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയത്. അവിടെ 4 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ നടപടിക്രമങ്ങളെല്ലാം നടക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങളും മാതൃമരണനിരക്ക്, ശിശുമരണ നിരക്ക്, കുഷ്ഠരോഗ നിർമ്മാർജ്ജനം തുടങ്ങിയ വിശദാംശങ്ങളും ഈ കുറിപ്പിലുണ്ട്. ഇതെല്ലാം ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. ഇത്രയേറെ തസ്തികകൾ അവിടെ അനുവദിക്കുകയും എല്ലാ പ്രവർത്തനങ്ങളും നടക്കുകയും ചെയ്യുന്നുണ്ട്. ഇത് വളരെ വലിയൊരു രേഖയാണ്. ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കുകയാണ്*.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചുവെന്ന് അങ്ങ് പറയുകയുണ്ടായി. മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇതുവരെയും ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടില്ല. അക്കാര്യംകൂടി ശ്രദ്ധിക്കണം. അതുപോലെ മലപ്പുറം ജില്ലയ്ക്ക് ഒരു പബ്ലിക് ഹെൽത്ത് ലാബ് അനുവദിച്ചിട്ടുണ്ട്. അതിനാവശ്യമായ ഭൗതിക സൗകര്യങ്ങളൊക്കെ ഒരുങ്ങിയിട്ടുണ്ട്. പക്ഷെ ഇപ്പോഴും അതിന്റെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇപ്പോഴും പരിശോധനയ്ക്കായി കോഴിക്കോട് പോകേണ്ട സ്ഥിതിയാണ് മലപ്പുറത്തെ ജനങ്ങൾക്കുള്ളത്. അടിയന്തരമായി പബ്ലിക് ഹെൽത്ത് ലാബ് തുറന്ന് പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പബ്ലിക് ഹെൽത്ത് ലാബ് അങ്ങയുടെ നിയോജകമണ്ഡലത്തിലാണ്. അതിന് 10 പുതിയ തസ്തികകളാണ് ഈ സർക്കാർ അനുവദിച്ചിട്ടുള്ളത്. അത് മുടങ്ങിക്കിടക്കുകയായിരുന്നു. അതിനെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടിയാണ് 10 തസ്തികകൾ അനുവദിച്ചത്. ആ ലാബിന്റെ പ്രവർത്തനം അത്യുത്തമമാക്കി മാറ്റാനുള്ള എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുവരികയാണ്.

---

* അനുബന്ധം ആയി ചേർത്തിട്ടുണ്ട്

# IV. സബ്മിഷൻ

## (1) കുടിയൊഴിപ്പിക്കൽ പ്രശ്നം

ശ്രീ. എസ്. ശർമ്മ: സർ, നമ്മുടെ രാജ്യത്തിന്റെ വികസനത്തിൽ ഏറ്റവും സവിശേഷമായ പങ്കുവഹിച്ചിട്ടുള്ള ഒന്നാണ് വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ. അതിനുവേണ്ടി സ്ഥലവും വീടും നൽകി എല്ലാം നഷ്ടപ്പെട്ട പാവപ്പെട്ടവർക്ക് ആശ്വാസ നടപടികൾ സ്വീകരിച്ചുകൊണ്ട് 10 വർഷത്തിനുമുമ്പ് ഈ ദിവസമാണ്, 2008 മാർച്ച് 19-നാണ്, അന്നത്തെ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. ആ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 2008 നവംബറിൽ കുറെ കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടിക്ക് തുടക്കംകുറിക്കുകയും കുറെ കാര്യങ്ങൾ ചെയ്യുകയും ചെയ്തു. തുടർന്നുവന്ന സർക്കാരും കുറെ കാര്യങ്ങൾ ചെയ്തു. ഇതുപോലെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി ജീവിതത്തിന്റെ സർവ്വസ്വവും ഉപേക്ഷിച്ച്, പ്രയാസമനുഭവിക്കുന്ന പാവപ്പെട്ട ആളുകളുടെ പ്രശ്നത്തിൽ തികച്ചും അനുകൂലമായ നിലപാട് സ്വീകരിക്കുന്ന ഒരു സർക്കാരാണ് ഇപ്പോഴുള്ളത്. അവർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിശോധിച്ച് ശേഷിക്കുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കണം. പട്ടയം, കുടിവെള്ളം, മറ്റ് ഇൻഫ്രാസ്ട്രക്ച്ചർ, തൊഴിലവസരങ്ങൾ വരുമ്പോൾ പരിഗണിക്കേണ്ടത്, കുറ്റിവല പറിച്ചുമാറ്റേണ്ടി വന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകൽ എന്നിവ സംബന്ധിച്ചുള്ള പ്രശ്നങ്ങളുണ്ട്. ഇതിൽ പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യേണ്ടത് കൊച്ചിൻ പോർട്ട് ട്രസ്റ്റാണ്. പോർട്ട് ട്രസ്റ്റ് ഇക്കാര്യത്തിൽ കുറ്റകരമായ നിലപാട് സ്വീകരിക്കുന്നുവെന്ന തോന്നൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ശക്തമായി വളർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ടുകൊണ്ടും ശേഷിക്കുന്ന കാര്യങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനും ഒരു കട്ട് ഓഫ് ഡേറ്റ് കണക്കാക്കി കർശനമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു ദശാബ്ദമായി നിലനിൽക്കുന്ന പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. പുനരധിവാസ പാക്കേജിന്റെ പുരോഗതി സംബന്ധിച്ച് നിരീക്ഷിക്കുന്നതിനും മുടങ്ങിക്കിടന്നിരുന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗം എല്ലാ മാസവും നടത്തുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കി പ്രശ്നങ്ങൾ സമയബന്ധിതമായി പരിശോധിക്കുന്നതിനും തീരുമാനിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

---

* അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

## (2) ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ പ്രധാന ഗതാഗത മാർഗ്ഗമായിരുന്ന ഇടപ്പള്ളി തോട്. പെരിയാറിൽ മുട്ടാർ എന്ന സ്ഥലത്തുനിന്ന് ആരംഭിച്ച് ചമ്പക്കര കനാലിൽ ചിത്രപ്പുഴയ്ക്ക് അടുത്തുവരെയുള്ള 12 കിലോമീറ്റർ ദൂരമുള്ള ഇടപ്പള്ളി തോട് രാജഭരണ കാലത്ത് നിർമ്മിച്ചതാണ്. ചരക്കു വള്ളങ്ങളും യാത്രാ വഞ്ചികളും സർവീസ് നടത്തിയിരുന്ന ഇടപ്പള്ളി തോട് കൊച്ചി രാജാവ് പണികഴിപ്പിച്ചതാണ്. തൃപ്പൂണിത്തുറ, തൃക്കാക്കര, കാക്കനാട്, ഇടപ്പള്ളി, മുട്ടാർ എന്നീ മേഖലകളുമായി ബന്ധിപ്പിക്കുന്ന പ്രധാന ജലഗതാഗത മാർഗ്ഗമാണിത്. തുകലൻ എന്ന സാങ്കേതിക വിദഗ്ദ്ധൻ നിർമ്മാണത്തിന് നേതൃത്വം നൽകിയതുകൊണ്ട് ഈ തോടിനെ 'തുകലൻ കുത്തിയ തോട്' എന്ന പേരിലും അറിയപ്പെടുന്നുണ്ട്. കാലാകാലമുള്ള കയ്യേറ്റങ്ങൾമൂലം ഇടപ്പള്ളി തോടിലൂടെയുള്ള ജലഗതാഗതം അസാദ്ധ്യമായിരിക്കുകയാണ്. ഇടപ്പള്ളി തോട് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കണം. കയ്യേറ്റം തടയാൻ കർശന നടപടി സ്വീകരിക്കുകയും ഇടപ്പള്ളി തോടിന്റെ ഇരുകരകളും കെട്ടി സംരക്ഷിച്ച് ടൂറിസം സാദ്ധ്യതകൂടി പരിഗണിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നത്. തൃപ്പൂണിത്തുറ, തൃക്കാക്കര, കളമശ്ശേരി, ഏലൂർ നഗരസഭകളിലൂടെ കടന്നുപോകുന്ന ഇടപ്പള്ളി തോട് സംരക്ഷിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. മെട്രോ നിർമ്മാണംമൂലവും ചെളി അടിഞ്ഞുകൂടിയും ചില സ്ഥലത്ത് ബ്ലോക്കുണ്ടായിട്ടുണ്ട്. അത് മാറ്റിയെടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണത്തിന് 6 കോടി രൂപയുടെ നബാർഡ് ധനസഹായം ലഭ്യമായിട്ടുണ്ട്. ഇതിൽ 5.03 കോടി രൂപയുടെ പണി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഇടപ്പള്ളി തോട്ടിൽ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഒട്ടേറെ പാലങ്ങൾ നിലവിലുള്ളതുകൊണ്ട് ഗതാഗതത്തിന് തടസ്സംസൃഷ്ടിക്കുന്ന അവസ്ഥയുമുണ്ട്. ഇവയെല്ലാം പുനർനിർമ്മിക്കുന്നതിനും ഫീഡർ കനാലുകൾ നവീകരിച്ച് ജലഗതാഗതം സാദ്ധ്യമാക്കുന്ന പദ്ധതിക്കും ജലഗതാഗത വകുപ്പ് രൂപം നൽകിവരികയാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു*.

## (3) ജാതി സർട്ടിഫിക്കറ്റ്

ശ്രീ. കെ. ബാബു: സർ, എന്റെ നിയോജകമണ്ഡലത്തിലെ എറവാളൻ സമുദായംഗങ്ങൾക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. പശ്ചിമഘട്ട മലനിരയുടെ താഴ്വാരങ്ങളിൽ വനവിഭവങ്ങൾ ശേഖരിച്ചും മറ്റ് തൊഴിലെടുത്തും ജീവിച്ചുവരുന്ന 175-ലധികം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഭരണഘടനാപരമായും സർക്കാർ അംഗീകരിക്കപ്പെട്ട എസ്.ടി. വിഭാഗത്തിലും എറവാളൻ സമുദായാംഗങ്ങളുണ്ട്.

---

* അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്

എറവാളൻ സമുദായത്തിന് എസ്.ടി. വിഭാഗമെന്ന നിലയിൽ വിദ്യാഭ്യാസ ആനുകൂല്യവും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചിരുന്നതാണ്. എന്നാൽ ചിറ്റൂർ ഗവൺമെന്റ് കോളേജിൽനിന്നും ബി.എസ്‌സി. പഠനം പൂർത്തീകരിച്ച് പി.എസ്.സി. പരീക്ഷ എഴുതി 4 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ ഭാഗമായി ശ്രീജയെന്ന പെൺകുട്ടിക്ക് നിയമനം നിഷേധിച്ചിരിക്കുകയാണ്. ഇത് ഒരു പെൺകുട്ടിയുടെ മാത്രം വിഷയമല്ല. കൊല്ലങ്കോട് I, II, എലവഞ്ചേരി വില്ലേജുകളിൽ വിവിധ കോളനികളിലായി താമസിക്കുന്ന 150-ലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും 175-ലധികം വരുന്ന കുടുംബാംഗങ്ങൾക്ക് മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. തൊട്ടടുത്ത മുതലമട പഞ്ചായത്തിലും ചിറ്റൂർ താലൂക്കിലെ വിവിധ പഞ്ചായത്തുകളിലും താമസിക്കുന്ന ഇവരുടെ ബന്ധുക്കൾക്ക് എസ്.ടി. വിഭാഗത്തിനുള്ള ആനുകൂല്യങ്ങൾ ഇപ്പോഴും ലഭിക്കുന്നുണ്ട്. ഈ പാവപ്പെട്ട വിഭാഗത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്ന് മാസത്തോളമായി കൊല്ലങ്കോട് II-ാം വില്ലേജ് ഓഫീസിന്റെ മുന്നിൽ കുടിൽ കെട്ടി സമരം നടത്തുകയാണ്. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അർഹതപ്പെട്ട മുഴുവൻ കുടുംബാംഗങ്ങൾക്കും എറവാളൻ പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന കൊല്ലങ്കോട് II, എലവഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ, പ്രത്യേകിച്ച് ചാത്തൻപാറ, മാത്തൂർകളം, കല്ലേരിപ്പറ്റ, കൊട്ടക്കുറിശ്ശി, പുത്തൻപാടം, പറത്തോട്, വേങ്ങപ്പാറ, നെന്മേനി, മരുതി, കൊടുവാൾപ്പാറ, കാരോട്ടുപാറ, ചേപ്പിലോട്, ആണ്ടൂർ, പയലൂർ ലക്ഷംവീട് തുടങ്ങിയ ഊരുകളിൽ അധിവസിക്കുന്ന എറവാളൻ സമുദായക്കാർ എന്ന് അവകാശപ്പെടുന്ന വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന പരാതിയിൽ കിർത്താഡ്സ് വിശദമായ നരവംശശാസ്ത്ര പഠനം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എറവാളൻ സമുദായ നിർണ്ണയ പഠനത്തിന്റെ ഭാഗമായി കിർത്താഡ്സ് മൂന്ന് തവണ കൊല്ലങ്കോട് പഞ്ചായത്തിലെ 16 ഊരുകൾ സന്ദർശിച്ച് 111 ഊരുനിവാസികളുടെ കുടുംബങ്ങളെ നേരിൽ കേൾക്കുകയും ഇവരുടെ വംശ വൃക്ഷാവലി തയ്യാറാക്കി ഓരോ കുടുംബങ്ങളുടേതുമായി ഒത്തുനോക്കി അന്തിമ പഠന റിപ്പോർട്ട് മൂന്ന് മാസത്തിനകം സമർപ്പിക്കുന്നതിന് കിർത്താഡ്സിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാൽ സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളും. ജാതി സർട്ടിഫിക്കറ്റ് എക്സിക്യൂട്ടീവ് ഓർഡർ വച്ച് സർക്കാർ നൽകുന്നതല്ല. ഈ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. അതിനുള്ള ശക്തമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്.

## (4) സംവരണാനുകൂല്യം

ശ്രീ. സണ്ണി ജോസഫ്: സർ, ദളിത് ക്രൈസ്തവരുടെ സംവരണാനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് അവരുടെ സംഘടനകൾ ഇന്ന് സെക്രട്ടേറിയറ്റിനുമുമ്പിൽ രാപ്പകൽ സമരം ആരംഭിച്ചിരിക്കുകയാണ്. അവർക്ക് ഒരു ശതമാനം മാത്രമാണ് സംവരണാനുകൂല്യമുള്ളത്. 48-ാമത്തെ ഒഴിവിലാണ് അത് ലഭിക്കുന്നത്. പലപ്പോഴും പല തസ്തികകളിലും പ്രത്യേകിച്ച് ഉയർന്ന തസ്തികകളിൽ 48 ഒഴിവുകൾ വരാറില്ല. അതുകൊണ്ട് ഈ ആനുകൂല്യത്തിന്റെ ബെനിഫിറ്റ് അവർക്ക് കിട്ടുന്നില്ല. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ട്. ഉയർന്ന തസ്തികകളിൽ ദളിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അത് വർദ്ധിപ്പിച്ച് 4 ശതമാനം ആക്കണമെന്നതാണ് അവരുടെ ആവശ്യം. ജനസംഖ്യാ ആനുപാതികമായിത്തന്നെ അത് പരിഗണിക്കപ്പെടേണ്ട വിഷയമാണ്. അതുപോലെ ഒ.ഇ.സി. എന്ന നിലയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇപ്പോൾ തടയപ്പെട്ടിരിക്കുകയാണ്. അത്തരം അവകാശങ്ങൾ നിഷേധിക്കുന്നത് തീർത്തും തെറ്റാണ്, അനീതിയാണ്. അതുകൊണ്ട് ദളിത് ക്രൈസ്തവരുടെ സംവരണാനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി ന്യായയുക്തമായി വർദ്ധിപ്പിച്ച് 48-ാമത്തേത് എന്നതിനുപകരം അർഹമായ രൂപത്തിൽ മുൻഗണന നൽകി അവർക്ക് ആനുകൂല്യങ്ങൾ നൽകണം. അതുസംബന്ധിച്ച് സർക്കാരിൽനിന്നും അനുകൂല തീരുമാനം ഉണ്ടാകണമെന്ന് ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി വിഭാഗത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച പരിവർത്തിത ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്ക് അനുവദനീയമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നുണ്ട്. ഒ.ഇ.സി. വിഭാഗത്തിലാണിത് വരുന്നത്. ഏതെങ്കിലും ഭാഗത്ത് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നില്ലെങ്കിൽ അത് സൂചിപ്പിച്ചാൽ ഇപ്പോൾത്തന്നെ ഇടപെട്ട് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എന്നാൽ ഈ വിഭാഗത്തെ പിന്നോക്ക വിഭാഗ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർവീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 2 ശതമാനവും മറ്റ് തസ്തികകളിൽ ഒരു ശതമാനവുമാണ് നിലവിലുള്ള സംവരണം. ഇതിനുപുറമെ പ്രൊഫഷണൽ വിദ്യാഭ്യാസം, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രവേശനം എന്നിവയ്ക്ക് മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ എന്ന ഗ്രൂപ്പിലുൾപ്പെടുത്തി ഒരു ശതമാനം വിദ്യാഭ്യാസ സംവരണവും നിലവിൽ അനുവദിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ജനസംഖ്യാനുപാതികമായ സംവരണം ഇല്ലെന്ന് പറയുന്നത് അത്ര ശരിയാണെന്ന് തോന്നുന്നില്ല. ഈ വിഭാഗക്കാരുടെ പ്രത്യേക പിന്നോക്കാവസ്ഥ പരിഗണിച്ച് അവർക്ക് മാത്രമായി

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. അതിന്റെ പ്രവർത്തനം ഇപ്പോൾ വളരെ സജീവമായി മുന്നോട്ടുപോകുന്നുണ്ട്. ഈ വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ലളിതമായ തിരിച്ചടവ് വ്യവസ്ഥയിൽ വായ്പയും അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോർപ്പറേഷൻ 3691 പേർക്ക് 15.83 കോടി രൂപ വായ്പയും അനുവദിച്ചിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻവഴി 2729 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലയിലെ പ്രോത്സാഹന സമ്മാനമായി 49.88 ലക്ഷം രൂപ വിതരണവും ചെയ്തു. 2018-19 വർഷത്തിൽ ബിരുദം കഴിയുന്ന 10 സമർത്ഥരായ കുട്ടികൾക്ക് സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയിൽ സിവിൽ സർവീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കുകയാണ്. കോഴ്സ് ഫീസിന്റെ 90 ശതമാനവും ഹോസ്റ്റൽ ഫീസായി 4,000 രൂപ വീതവും ആവശ്യാനുസരണം അവർക്ക് നൽകുകയും ചെയ്യുന്നു. ഇവരുടെ സംവരണ തോത് ഉയർത്തണമെന്ന ആവശ്യം ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കിയശേഷം മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. സമുദായം തിരിച്ചുള്ള സെൻസസ് പ്രകാരമുള്ള കണക്കുകൾ, സാമൂഹിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എന്നിവയും പരിഗണിച്ചുവേണം ഇതിൽ തീരുമാനം കൈക്കൊള്ളേണ്ടത്. ആ രൂപത്തിലേ നമുക്ക് ചെയ്യാൻ കഴിയൂ. 2011-ലെ സെൻസസിന്റെ ഭാഗമായി എടുത്ത സാമൂഹിക സാമ്പത്തിക സെൻസസിന്റെ സമുദായംതിരിച്ചുള്ള റിപ്പോർട്ടുകൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടില്ല. പുതിയ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഏതെങ്കിലും രൂപത്തിൽ ഇവരുടെ സംവരണം കുറഞ്ഞിട്ടുണ്ടെങ്കിൽ അതുകൂടി പരിഗണിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതായിരിക്കും.

11.00 AM]

## (5) കുടിവെള്ള പദ്ധതി

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിലെ കുന്നുംപുറം പ്രദേശം കേന്ദ്രമാക്കി കുന്നുംപുറം കുടിവെള്ള പദ്ധതിക്ക് 2013-ൽ അനുമതി ലഭിച്ചിരുന്നു. അതിന് ഏകദേശം 22 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരമാണ് അത് അനുവദിച്ചത്. അതിനെ തുടർന്ന് വാട്ടർ അതോറിറ്റി ഈ പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരൻ ഏറ്റെടുക്കുകയും ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി കുന്നുംപുറം പ്രൈമറി ഹെൽത്ത് സെന്ററിന്റെ മുറ്റത്ത് സ്ഥലം അനുവദിക്കുകയും ചെയ്തിരുന്നതാണ്. അവിടെ കരാറുകാരൻ ജോലി ആരംഭിക്കുന്ന സമയത്ത് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഒരു ഒബ്ജക്ഷൻ റെയ്സ് ചെയ്യുകയും ജോലി നിർത്തി വയ്ക്കാൻ വാട്ടർ അതോറിറ്റി കൽപ്പിക്കുകയും

ചെയ്തതുകൊണ്ട് പാതിവഴിയിൽ അത് മുടങ്ങിപ്പോയിരിക്കുകയാണ്. അടുത്ത ദിവസങ്ങളിലായി ആരോഗ്യ വകുപ്പ് വളരെ അനുകൂലമായ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇപ്പോൾ തർക്കങ്ങൾ അവസാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ തുടർന്ന് നടത്താൻ ആവശ്യമായ അനുമതി സർക്കാർ നൽകണം. ആയിരക്കണക്കിന് കുടുംബങ്ങളെ സഹായിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു പദ്ധതിയാണ്. അതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വേങ്ങര നിയോജക മണ്ഡലത്തിലെ അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിലെ കുന്നുംപുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ശുദ്ധജല വിതരണ പദ്ധതിക്ക് ഇവിടെ സൂചിപ്പിച്ചതുപോലെ 2013-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ ഭാഗമായുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള കുന്നുംപുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറാൻ 2013-ൽ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തു. ഇവിടെ സൂചിപ്പിച്ചതുപോലെ അതിന്റെ ഭാഗമായി മറ്റ് പ്രവൃത്തികൾ മുന്നോട്ടുപോകുകയും ചെയ്തു. എന്നാൽ 13-10-2015-ൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാതിയെത്തുടർന്ന് അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ തീരുമാനം എടുത്തതിനുശേഷം മാത്രമേ പ്രവൃത്തി തുടരാനാകൂ എന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ധാരാളം ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് നടന്നിട്ടുള്ളതാണ്. 23-12-2015-ൽ അന്നത്തെ ബഹുമാനപ്പെട്ട വ്യവസായ ഐ.ടി. വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാന്യരായ പഞ്ചായത്ത് വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, പഞ്ചായത്ത് ഡയറക്ടർ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ ഒരു തീരുമാനമെടുത്ത് പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ 2016-ൽ വീണ്ടും ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി. എന്നാൽ മെഡിക്കൽ ഓഫീസർ പഴയ തീരുമാനത്തിൽത്തന്നെ ഉറച്ചുനിൽക്കുകയും പഞ്ചായത്തിന്റെ തീരുമാനത്തിന് സാധുതയില്ലെന്ന് പറയുകയും ചെയ്തു. അതുകൊണ്ടുതന്നെ ഇതിന്റെ നിർത്തിവച്ച പ്രവർത്തനങ്ങൾ സ്ഥലലഭ്യതയിൽ തീരുമാനമാകാത്തതിനാൽ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിവരങ്ങൾ മലപ്പുറം ജില്ലാ കളക്ടർ, ബഹുമാനപ്പെട്ട വേങ്ങര എം.എൽ.എ., ജില്ലാ മെഡിക്കൽ ഓഫീസർ, അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവരെ അറിയിച്ചിരുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകുകയുണ്ടായി. ഒടുവിൽ 23-8-2017-ൽ ചേർന്ന വേങ്ങര പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനത്തിനനുസരിച്ച് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽത്തന്നെ നിലനിർത്തി അബ്ദുറഹിമാൻ നഗർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ 1.92 ഏക്കർ സ്ഥലത്ത് 44.15 സെന്റ് സ്ഥലം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് അറിയിച്ചുകൊണ്ടുള്ള കത്ത് നൽകിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഔദ്യോഗിക അറിയിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് കേന്ദ്രത്തിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പദ്ധതി വിഹിതം ഗണ്യമായി കുറഞ്ഞിരിക്കുന്നു എന്ന സവിശേഷ സാഹചര്യംകൂടി ഇപ്പോൾ നിലവിലുണ്ട്. ഭൂമി ലഭ്യമാകാതിരുന്നതാണ് ഇതുവരെയുണ്ടായ പ്രശ്നം. ആ പ്രശ്നത്തിന് പരിഹാരമാകുമ്പോൾ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി ആരായുന്നതാണ്.

## (6) അഖിലേന്ത്യാ ഏകോപിത ഗവേഷണ പ്രോജക്ടുകൾ

ശ്രീ. കെ. രാജൻ: സർ, കേരള കാർഷിക സർവ്വകലാശാലയിൽ ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഖിലേന്ത്യ ഏകോപിത ഗവേഷണ പ്രോജക്ടുകളെല്ലാം വലിയ പ്രതിസന്ധിയെ നേരിടുകയാണ്. 1960-ൽ ആരംഭിച്ച ഈ പദ്ധതികൾ ഇപ്പോൾ ഓരോ വിളകളുമായി കൂട്ടിച്ചേർത്ത് പരീക്ഷണങ്ങൾ നടത്തി 39 എ.ഐ.സി.ആർ.പി.കൾ പല കേന്ദ്രങ്ങളിലായി പ്രവർത്തിച്ചു വരികയാണ്. ഈ പദ്ധതികളുടെ ഭാഗമായി വിവിധ വിളകൾക്കുവേണ്ട സാങ്കേതിക വിദ്യകൾ, ഗുണമേന്മയുള്ള അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങൾ, പരിപാലന മുറകൾ എന്നിവ വികസിപ്പിച്ചെടുക്കുകയും രാജ്യത്താകമാനം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എ.ഐ.സി.ആർ.പി.-കളുടെ സഹായത്തോടെ അവയുടെ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ദേശീയ തലത്തിൽത്തന്നെ ഇതിനായുള്ള പരീക്ഷണങ്ങൾ സംഘടിപ്പിച്ച് അതാത് പ്രദേശത്തിന് അനുയോജ്യമായ തരത്തിലുള്ള പദ്ധതികൾ ഓരോ സ്ഥലങ്ങളിൽ നടപ്പിലാക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. All India Co-ordinated Research Project-കളുടെ 75 ശതമാനം സാമ്പത്തിക സഹായം ഐ.സി.എ.ആർ.-കളും ബാക്കി 25 ശതമാനം സാമ്പത്തിക സ്രോതസ്സ് സംസ്ഥാന സർക്കാരുകളുമാണ് ഇപ്പോൾ ചെലവഴിക്കുന്നത്. ഈ പദ്ധതികളൊക്കെ നടപ്പിലാക്കുന്നത് പരസ്പര ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ കേന്ദ്ര സർക്കാർ ഈയിടെയായി യാതൊരു ആലോചനകളും നടപ്പിലാക്കാതെ, യാതൊരു ചർച്ചകളുമില്ലാതെ ഏകപക്ഷീയമായി ഇവ നിർത്തലാക്കാനുള്ള ശ്രമം

ആരംഭിച്ചിരിക്കുകയാണ്. വിവിധ സംസ്ഥാനങ്ങളിലെ കാർഷിക സർവ്വകലാശാലകളുടെ അഭിപ്രായമൊന്നും ചോദിക്കാതെയാണ് സർക്കാർ ഈ നീക്കം നടത്തുന്നത്. ഗവേഷണ മേഖലയാകെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായിട്ടാണ് ഈ നടപടികൾ സ്വീകരിക്കുന്നത്. 16 ശാസ്ത്രജ്ഞൻമാർ, 6 ഫാം ഓഫീസർമാർ, 4 അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്, 2 ഡ്രൈവർമാർ, 6 ക്ലാസ് ഫോർ ജീവനക്കാർ എന്നിവരുടെ തസ്തിക ഇതുമൂലം പൂർണ്ണമായി റദ്ദാക്കപ്പെട്ടുവെന്നാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. അവശേഷിക്കുന്ന എ.ഐ.സി.ആർ.പി. കേന്ദ്രങ്ങൾക്കുടി റദ്ദാക്കലിന്റെ ഭീഷണി നേരിടുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട വിളകളിൽ നടക്കുന്ന സുപ്രധാനമായ ഗവേഷണ കേന്ദ്രങ്ങളാണ് ഇവയെല്ലാം. ജൈവ കീടനാശിനികൾ, ജലസംരക്ഷണം, കീടനാശിനി അവശിഷ്ട പരിശോധന, സുഗന്ധദ്രവ്യങ്ങൾ, അഗ്രോ ഫോറസ്ട്രി, ജൈവ കീട നിയന്ത്രണം, കാർഷിക യന്ത്രവൽക്കരണം, തേനീച്ച വളർത്തൽ, വരണ്ട പ്രദേശങ്ങളിലെ കൃഷി എന്നിങ്ങനെ പ്രധാനപ്പെട്ട കാർഷിക പ്രശ്നങ്ങളിൽ നടത്തുന്ന ഗവേഷണ പദ്ധതികളുടെ ധനസഹായമാണ് ഒറ്റയടിക്ക് വെട്ടിക്കുറച്ചിരിക്കുന്നത്. സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന All India Co-ordinated Research Project-കൾ നിർത്തലാക്കുന്നതുമൂലം കേരളത്തിന്റെ ഗവേഷണ മേഖലയാകെത്തന്നെ വലിയ പ്രതിസന്ധിയാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നം ഐ.സി.എ.ആർ.-ന്റെയും കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും റദ്ദാക്കപ്പെട്ട എ.ഐ.സി.ആർ.പി. പദ്ധതികൾ പുനഃസ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള അഖിലേന്ത്യാ ഗവേഷണ പദ്ധതികളുടെ ഏകോപന സാദ്ധ്യതകൾ ശക്തമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രീ. കെ. രാജൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തോടെ കാർഷിക സർവ്വകലാശാലയിൽ നിലവിൽ 36 അഖിലേന്ത്യ ഏകോപിത ഗവേഷണ പ്രോജക്ടുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പക്ഷേ ഈയിടെയായി കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന നയത്തിന്റെ ഭാഗമായി ആ ഗവേഷണങ്ങൾക്കുവേണ്ടി നൽകിവരുന്ന ഫണ്ട് ഗണ്യമായി വെട്ടിക്കുറയ്ക്കുകയാണ്. ഏകോപിത ഗവേഷണ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ അതിൽ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട്

42 തസ്തികകൾ ഇപ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വെട്ടിക്കുറയ്ക്കപ്പെട്ടിട്ടുണ്ട്. അതിൽ 16 എണ്ണം അദ്ധ്യാപക തസ്തികകളും 26 എണ്ണം അനദ്ധ്യാപക തസ്തികകളുമാണ്. ജൈവ കീടനാശിനി, ജലസംരക്ഷണം, കീടനാശിനി അവശിഷ്ട പരിശോധന, സുഗന്ധവിളകൾ, അഗ്രോ ഫോറസ്ട്രി, ജൈവ കീട നിയന്ത്രണം, ജീവാണു വളങ്ങൾ, കാർഷിക യന്ത്രവൽക്കരണം, തേനീച്ച വളർത്തൽ, വരണ്ട പ്രദേശങ്ങളിലെ കൃഷി, കാലാവസ്ഥാ പഠനം എന്നിങ്ങനെയുള്ള വിഷയങ്ങളിലാണ് അഖിലേന്ത്യാ ഏകോപിത ഗവേഷണ പ്രോജക്ടുകൾ നടപ്പാക്കി വരുന്നത്. ജൈവ കൃഷിക്ക് ഊന്നൽ നൽകുന്ന നിലവിലുള്ള സാഹചര്യത്തിൽ ജൈവ കീടനാശിനികൾ, ജീവാണു വളങ്ങൾ, പഴങ്ങളിലും പച്ചക്കറികളിലും കീടനാശിനി അവശിഷ്ട നിർണ്ണയം എന്നിവ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനം, കാലം തെറ്റിയും കുറഞ്ഞ അളവിലും ലഭിക്കുന്ന മഴ, അന്തരീക്ഷ ഊഷ്മാവിലുണ്ടാകുന്ന വർദ്ധനവ് എന്നീ പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ ഈ ഗവേഷണ പദ്ധതിയിൽ തുടരേണ്ടത് അത്യാവശ്യമാണ്. അഖിലേന്ത്യ ഏകോപിത ഗവേഷണ പ്രോജക്ട് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നപക്ഷം ഇതിന്റെ ഭാഗമായി മേൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികളുടെ ശമ്പളം അടക്കമുള്ള ചെലവുകൾ സർവ്വകലാശാലയ്ക്ക് അനുവദിക്കുന്ന പദ്ധതിയേതര വിഹിതത്തിൽനിന്ന് കണ്ടെത്തേണ്ടിവരും. നിലവിൽ കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം ശമ്പളവും പെൻഷനുമടക്കം നിത്യനിദാന ചെലവുകൾക്കുപോലും തികയുന്നില്ലെന്ന് കാർഷിക സർവ്വകലാശാല സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. ഇതിൽ വർദ്ധനവ് വരുത്തണമെന്നും നിരന്തരമായി സർവ്വകലാശാല ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 75 ശതമാനത്തോളം കേന്ദ്ര സഹായത്തോടെ പ്രവർത്തിച്ചുവരുന്ന അഖിലേന്ത്യ ഏകോപിത ഗവേഷണ പ്രോജക്ടുകൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കുക എന്നുപറയുന്നത് പ്രായോഗികമായി വളരെയേറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിൽപ്പോലും ഈ പ്രോജക്ടുകളുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കാർഷിക സർവ്വകലാശാലയുടെയും അതുപോലെ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെയും ഡയറക്ടർ ജനറലുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ; സ്ഥാപനങ്ങളും തസ്തികകളും പുന:സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഐ.സി.എ.ആർ. നിർദ്ദേശിച്ച പ്രകാരം, സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ ഒഴിഞ്ഞുകിടക്കുന്ന പല തസ്തികകളും പൂർണ്ണമായി നികത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും സർവ്വകലാശാല ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്.

## (7) റബ്ബർ ഇറക്കുമതി

ശ്രീ. പി. ജെ. ജോസഫ്: സർ, സ്വാഭാവിക റബ്ബറിന്റെ വില ഇടിഞ്ഞു കൊണ്ടിരിക്കുന്ന ഈ സമയത്ത് വീണ്ടും വിലയിടിക്കാനുള്ള നീക്കം നടത്തുന്നു. ചണ്ടി അഥവാ കപ്പ് ലമ്പ്, ചിരട്ടയിൽ വീഴുന്ന പാല് ഷീറ്റാക്കാതിരുന്നാൽ പിറ്റേദിവസം ഉറയും, അതിന് വളരെ കുറഞ്ഞ വിലയേയുള്ളൂ. അത് ഇതുവരെ ഇറക്കുമതി ചെയ്യാൻ കഴിഞ്ഞിരുന്നില്ല, അതിനൊരു സ്റ്റാൻഡേർഡ് നിശ്ചയിച്ചിരുന്നില്ല. Central Government has constituted a committee to recommend quality standards for this cup lump. ഇത് വെറും 30 രൂപയ്ക്ക് ഇറക്കുമതി ചെയ്യാം, 10 രൂപകൂടി മുടക്കിയാൽ ക്രമ്പ് റബ്ബറാക്കി മാറ്റാം. കേന്ദ്ര വാണിജ്യമന്ത്രാലയം ഇതിനെതിരായ നിലപാടായിരുന്നു സ്വീകരിച്ചിരുന്നത്. പ്രധാനമന്ത്രിയുടെ ഓഫീസിൽ ടയർ വ്യവസായികളുടെ സംഘടന നീക്കം നടത്തിയിട്ടാണ് ഇപ്പോൾ ഇതിന് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഈ കമ്മിറ്റിയുടെ യോഗം അടുത്തുതന്നെ കൊച്ചിയിലെ സ്പെഷ്യൽ ഇക്കണോമിക് സോണിൽ വിളിച്ചുകൂട്ടാനും തീരുമാനിച്ചിട്ടുണ്ട്. അങ്ങനെയൊരു സ്റ്റാൻഡേർഡ് നിശ്ചയിച്ച് നൽകിയാൽ വൻതോതിൽ ചണ്ടി റബ്ബർ 30 രൂപയ്ക്ക് ഇറക്കുമതിചെയ്ത് കുത്തനെ റബ്ബറിന്റെ വിലയിടിക്കാനുള്ള നീക്കമാണ്, ഇതിനെതിരെ അതിശക്തമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. പി. ജെ. ജോസഫ് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചിരിക്കുന്നത്. റബ്ബർ കർഷകരെ സംബന്ധിച്ച് വളരെ വലിയ പ്രത്യാഘാതമുണ്ടാക്കുന്ന വിഷയമാണ്. കപ്പ് ലമ്പ് റബ്ബർ എന്നറിയപ്പെടുന്ന ചിരട്ടപ്പാലിന് നാളിതുവരെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS)-ന്റെ ഗുണനിലവാരം നിശ്ചയിച്ചിരുന്നില്ല. റബ്ബർ ചിരട്ട പാൽ ഇറക്കുമതി അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേന്ദ്ര സർക്കാരിനെതിരെ ചില സംഘടനകളുടെ ഹർജി നിലവിലുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഇന്ത്യയിൽ നിന്നല്ല, രാജ്യാന്തരതലങ്ങളിൽ ഒരിടത്തും ചിരട്ടപാലിന് ഗുണനിലവാരം നിശ്ചയിച്ചതായി അറിയില്ല. ചിരട്ട പാൽ ഇറക്കുമതിക്ക് ശ്രമം നടക്കുന്നുവെന്ന പത്രവാർത്ത അറിഞ്ഞയുടൻതന്നെ അതിന്റെ ഇറക്കുമതിക്ക് അനുവാദം നൽകരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി ശ്രീ. സുരേഷ് പ്രഭുവിന് സംസ്ഥാന സർക്കാർ 9-3-2018-ന് നിവേദനം നൽകുകയുണ്ടായി. വിദേശ രാജ്യങ്ങളിൽ വൃത്തിഹീനമായി നിർമ്മിക്കപ്പെടുന്ന ചിരട്ട പാലിൽ മാലിന്യങ്ങൾ ധാരാളമടങ്ങിയിട്ടുണ്ടാകും. അതുമാത്രമല്ല, അണുബാധവരെ ഉണ്ടാകാനുള്ള സാദ്ധ്യതയുമുണ്ട്. പ്രസ്തുത ചിരട്ടപാൽ ഇറക്കുമതി

ചെയ്യുകയാണെങ്കിൽ അത് റബ്ബർ കർഷകരെ ബാധിക്കുമെന്നു മാത്രമല്ല, മറ്റു രോഗങ്ങൾ വരുത്തിവയ്ക്കാനുള്ള സാഹചര്യങ്ങൾ കൂടിയുണ്ടാകും. ഇത് രാജ്യത്തിന്റെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയെപ്പോലും ബാധിക്കുമെന്നുള്ള കാര്യം വളരെ പ്രധാനപ്പെട്ടതാണ്. രാജ്യത്തിന്റേതായ ഗുണമേന്മയുള്ള സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ മേക്ക് ഇൻ ഇന്ത്യ പദ്ധതിപ്രകാരം ശ്രമം നടത്തുന്ന ഈ വേളയിൽ ഇത് വൻ തിരിച്ചടിയാകുമെന്ന് കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ അറിയിച്ചു കഴിഞ്ഞു. സംസ്ഥാന കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിയെ 22-2-2018-ൽ നേരിട്ടുകണ്ട് നൽകിയ നിവേദനത്തിന്റെയും ചർച്ചയുടെയും ഫലമായി റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹ അദ്ധ്യക്ഷനായും കേന്ദ്ര പ്ലാന്റേഷൻ ജോയിന്റ് സെക്രട്ടറി അംഗങ്ങളുമായിട്ടുള്ള സമിതിയിൽ കേന്ദ്ര/ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ആദ്യയോഗം തിരുവനന്തപുരത്ത് വച്ച് 23-3-2018-ന് കൂടാൻ തീരുമാനിച്ചിരിക്കുകയാണ്. റബ്ബർ ചിരട്ട പാൽ ഇറക്കുമതി ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പ്രസ്തുത കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതും രണ്ടു മാസത്തിനകം ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണെന്നാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. ആ വിഷയത്തിൽ ഈ ചിരട്ടപാൽ ഇറക്കുമതിയടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് സംസ്ഥാന സർക്കാരിന്റെ ശക്തമായ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതായിരിക്കും. അങ്ങ് സൂചിപ്പിച്ചതുപോലെ കൊച്ചി സ്പെഷ്യൽ ഇക്കണോമിക് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസിൽ വച്ച് റബ്ബർ ബോർഡ് ഉദ്യോഗസ്ഥരുടെയും ടയർ വ്യവസായികളുടെയും യോഗം 23-3-2018-ന് വിളിച്ചു ചേർത്തിരിക്കുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങയുടെ ഈ സബ്മിഷന്റെ അടിസ്ഥാനത്തിൽ അത് അടിയന്തരമായി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## (8) വെണ്ടുരുത്തി പാലം

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 80 വർഷം പഴക്കമുള്ളതാണ് കൊച്ചിയുടെ കവാടമായ വെണ്ടുരുത്തി പാലം. അത് പൈതൃക സ്മാരകമായി നിലനിർത്തണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ദിവസത്ത ശ്രീ. ഹൈബി ഈഡന്റെയും, ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.-യുടെയും ചോദ്യത്തിന് 'അത് പരിഗണിക്കാമെന്ന് അങ്ങ് മറുപടി പറയുകയുണ്ടായി. ആ പാലത്തിന് വലിയ തകരാറൊന്നുമില്ല, രണ്ടുതവണ ഡ്രഡ്ജിംഗ് കപ്പൽ അതിന്റെ തൂണിലിടിച്ചതിനെ തുടർന്നാണ് അതിന് പകരം പുതിയ പാലം പണിഞ്ഞത്. എന്നാൽ ഇപ്പോഴും

വലിയ തകർച്ചയൊന്നും ആ പാലത്തിന് സംഭവിച്ചിട്ടില്ല. അതിന് സമീപത്തുള്ള റെയിൽവേ പാലം ഇപ്പോൾ ഉപയോഗിക്കുന്നില്ല; ആ റെയിൽവേപാലം പൊളിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന 100 ടണ്ണിലേറെ ഭാരം വരുന്ന ക്രയിനുകൾ വെണ്ടുരുത്തി പാലത്തിൽ കൊണ്ടുവച്ചിരിക്കുകയാണ്. അത് ഉപയോഗിച്ചാണ് റെയിൽവേപാലം പൊളിച്ചു മാറ്റുന്നത്. ഇത് ഈ പാലത്തിന്റെ തകർച്ചക്ക് ആക്കം കൂട്ടും. അതുകൊണ്ടുതന്നെ പാലം സംരക്ഷിക്കുകയും ആ പാലത്തിലൂടെ ഇരുചക്ര വാഹനങ്ങൾക്കും കാറുകൾക്കും പോകുന്നതിന് ഇന്നുള്ള തടസ്സം ഒഴിവാക്കി യാത്രയ്ക്കുള്ള സൗകര്യമേർപ്പെടുത്താൻകൂടി തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. ജോൺ ഫെർണാണ്ടസ് ഇവിടെ ഉന്നയിച്ചതുപോലെ വെണ്ടുരുത്തി പാലത്തിന് 82 വർഷത്തോളം പഴക്കമുണ്ട്, കാലപ്പഴക്കംമൂലമുള്ള ബലക്ഷയത്തിനുപുറമെ 2004-ലും 2007-ലും ബാർജ് വന്നിടിച്ചതിന്റെ ആഘാതത്തിലും തൂണുകൾക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. ഇൻലാൻഡ് നാവിഗേഷന്റെ പാതയും വാട്ടർ ബേയുമായതിനാലും കൊച്ചി പോർട്ട് ട്രസ്റ്റിലേയ്ക്കും ഷിപ്പ് യാർഡിലേയ്ക്കും എഫ്.എ.സി.ടി.-യിലേയ്ക്കും സ്ഥിരമായി ചരക്ക് ഗതാഗതം ഉള്ളതിനാലും ബാർജ് ഇടിച്ച് കേടായ ഈ പാലത്തിന്റെ ഭാഗങ്ങൾ അടർന്നു പോയിട്ടുണ്ട്. ഇപ്പോൾ വാഹന ഗതാഗതം നിരോധിച്ചിരിക്കുകയാണ്. പുതിയ പാലം നിർമ്മിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. 500-ൽപ്പരം മീറ്റർ നീളമുള്ള പാലമാണ്. സ്ട്രക്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച വിദഗ്ദ്ധ പഠനവും തീരുമാനവുമില്ലാതെ അതിൽക്കൂടി ഗതാഗതം അനുവദിക്കുന്നത് ശരിയായിരിക്കുകയില്ല. സാധാരണ അറ്റകുറ്റപ്പണികൊണ്ട് ഇത് ശരിയാകുകയുമില്ല. യാത്ര ചെയ്യുന്നവരുടെ സുരക്ഷിതത്വം പൂർണ്ണമായും കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. അതിന് വിദഗ്ദ്ധമായ പരിശോധനയും തീരുമാനവും ആവശ്യമാണ്. നേരത്തെ ശ്രീ. ജോൺ ഫെർണാണ്ടസ് സഭയിൽ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. ചോദ്യങ്ങൾ വഴി ശ്രീ. ഹൈബി ഈഡനും ശ്രീ. കെ. ജെ. മാക്സിയും ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം ടെലിഫോൺ മുഖാന്തരം ശ്രീ. ഹൈബി ഈഡൻ ഈ പ്രശ്നം എന്നെ അറിയിച്ചിരുന്നു. ഉടൻതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിളിച്ച് അവിടെ എത്താനും അനുവാദമില്ലാതെ കയറ്റിവച്ചിരിക്കുന്ന 100 ടണ്ണിലേറെ ഭാരമുള്ള ക്രെയിനുകൾ അവിടെ നിന്നും നീക്കം ചെയ്യാനും റെയിൽവേയ്ക്ക് നോട്ടീസ് നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. പൈതൃക സ്വത്തായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## (9) വേമ്പനാട് കായലിലെ എക്കൽ

ശ്രീ. എം. സ്വരാജ്: സർ, അതീവ ഗൗരവതരമായ ഒരു പാരിസ്ഥിതിക പ്രശ്നത്തെ മുൻനിർത്തിയുള്ള സബ്മിഷനാണ്. എന്റെ നിയോജക മണ്ഡലത്തിന്റെ ഒരു അതിർത്തി പങ്കിടുന്നത് വേമ്പനാട് കായലാണ്. അക്ഷരാർത്ഥത്തിൽ വേമ്പനാട് കായൽ ഇപ്പോൾ മരിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് ഗുരുതരമായ ആഘാതമേൽപ്പിക്കുന്നതുപോലെ ദുർബല വിഭാഗമായ മത്സ്യത്തൊഴിലാളികളുടെ ജീവിത സമ്പാദനത്തിനും വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന സ്ഥിതിയിലേയ്ക്കാണ് വേമ്പനാട്ടുകായലിന്റെ ദുരവസ്ഥ ഇന്ന് എത്തിനിൽക്കുന്നത്. ഇടക്കൊച്ചി, കുമ്പളം, പെരുമ്പടപ്പ് തുടങ്ങിയ പ്രദേശങ്ങളിൽ ചെന്നാൽ നമുക്കിത് നേരിട്ട് കാണാൻ കഴിയും. തീരത്തുനിന്നും ഏറെ ഉള്ളിലേയ്ക്ക് എക്കൽ അടിഞ്ഞതുകാരണം മത്സ്യത്തൊഴിലാളികൾക്ക് വള്ളമിറക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നു. നോക്കി നിൽക്കുമ്പോൾത്തന്നെ ഒരു കായൽ മാഞ്ഞുപോകുന്ന അനുഭവമാണുണ്ടാകുന്നത്. ഈ നിലയിൽ മുന്നോട്ട് പോയാൽ കുറച്ച് വർഷങ്ങൾ കഴിയുമ്പോൾ വേമ്പനാട്ടുകായൽ ഇല്ലാതെയാകും. ദേശീയ ജലപാത നവീകരിക്കുന്നതിന്റെ ഭാഗമായി ഡ്രഡ്ജുചെയ്ത് നീക്കിയ മണ്ണ് ഈ തീരത്ത് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. അതുപോലെ നിരവധി പാലങ്ങളും ബണ്ടുകളും നിർമ്മിക്കുമ്പോഴും ഈ പ്രക്രിയ ആവർത്തിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വൻതോതിൽ എക്കലായി രൂപപ്പെടുകയും മലിനീകരണത്തിന്റെ ഭാഗമായി എക്കൽ നിക്ഷേപം വർദ്ധിച്ച് ഉള്ളിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയുമാണ്. സമീപകാലത്ത് കുമ്പളം ഫെറിക്ക് സമീപം ഉത്സവത്തിന് വന്ന ഒരു ആനയ്ക്ക് എക്കലിൽ പുതഞ്ഞ് ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിയുമുണ്ടായി. മത്സ്യത്തൊഴിലാളികൾ മരിച്ച അനുഭവവും ഉണ്ട്, അത്ര രൂക്ഷമായ പ്രശ്നമാണിത്. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്ന പ്രശ്നമാണ്. ശാസ്ത്രീയമായി ഗവേഷണങ്ങളും നിരീക്ഷണങ്ങളും പുരോഗമിച്ച ഈ കാലത്ത്, ഈ എക്കൽ ശാസ്ത്രീയമായി നീക്കം ചെയ്യാനും അത് വളമായിട്ടോ അല്ലെങ്കിൽ തീരദേശ പാതയുൾപ്പെടെയുള്ള റോഡുകളുടെ നിർമ്മാണത്തിന് ഫില്ലിംഗ് കമ്പോണന്റായിട്ടോ ഉപയോഗിക്കാൻ സാധിക്കുമോ? ഇത് എങ്ങനെയാണ് നീക്കം ചെയ്യാനാകുക; ഇതിന് ആൾട്ടർനേറ്റീവ് എന്താണ്; ഇവ സംബന്ധിച്ച് ഗൗരവതരമായ പരിശോധന നടത്തേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിതം സുരക്ഷിതമാക്കാൻ കഴിയണം, വേമ്പനാട്ടുകായൽ സംരക്ഷിക്കാനാകണം. ഇതിന് മുൻപും സഭയിൽ മറ്റ് സാമാജികർ ഉയർത്തിയിട്ടുള്ള പ്രശ്നമാണിത്. ഇനിയും ഇത് ഗൗരവതരമായി കണ്ട് പരിഹരിക്കാൻ അമാന്തിച്ചുകൂടാ എന്നതുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത് ഗൗരവമായി കണ്ട് ഒരു പരിഹാരമുണ്ടാക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട് കായലിനെ ആശ്രയിച്ച് 14000-ൽപ്പരം മത്സ്യത്തൊഴിലാളികൾ ഉപജീവനം നടത്തുന്നുണ്ട്. 150-ൽപ്പരം മത്സ്യയിനങ്ങളുടെയും കക്കയുടെയും കലവറയാണ് വേമ്പനാട് കായൽ. ഇതിന്റെ വിസ്തൃതി ഏറെ ശോഷിച്ചിട്ടുണ്ട്. കായലിന്റെ ആഴം പഴയതിൽനിന്നും 65 ശതമാനത്തോളം കുറഞ്ഞിട്ടുണ്ട്. ഗാർഹിക-ഖര-ദ്രവ്യ മാലിന്യങ്ങളും സ്വീവേജ് മാലിന്യങ്ങളും കൃഷി മാലിന്യങ്ങളും കായലിലെത്തിച്ചേരുന്നതിനാൽ ജലാശയത്തിലെ പ്രാണവായുവിന്റെ അളവ് കുറഞ്ഞ് മത്സ്യങ്ങളും മറ്റ് ജലജീവികളും നശിക്കുന്നതിന് കാരണമായിത്തീർന്നിട്ടുണ്ട്. ആഫ്രിക്കൻ പായൽ, കുളവാഴ തുടങ്ങിയവയും അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികളും എക്കൽ നിക്ഷേപവും അശാസ്ത്രീയമായ നികത്തലും ഡ്രഡ്ജിംഗും വേമ്പനാട് കായലിന്റെ മത്സ്യസമ്പത്തിന് വൻ ഭീഷണിയുയർത്തുന്നുണ്ട്. പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് വേമ്പനാട് കായലിനെ അന്തർദ്ദേശീയ പ്രാധാന്യമർഹിക്കുന്ന റാംസർ (Ramsar) സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മാലിന്യത്തിന് യാതൊരു പരിഹാരവുമില്ല. എറണാകുളത്തെ ദ്രുതഗതിയിലുള്ള നഗരവൽക്കരണവും വ്യാവസായികവൽക്കരണവും കായലിന്റെ അവസ്ഥ കൂടുതൽ പരിതാപകര മാക്കുന്നുണ്ട്. എക്കൽ അടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞുവരുന്ന കുമ്പളം ഇടക്കൊച്ചി ഭാഗങ്ങളിലെ കായൽ പ്രദേശത്തുള്ള മത്സ്യ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ ശാസ്ത്രീയമായി ഡ്രഡ്ജിംഗ് നടത്തി എക്കൽ നീക്കംചെയ്യേണ്ടി വരും. എന്നാൽ ഫിഷറീസ് വകുപ്പിന് ഉൾനാടൻ ജലാശയത്തിൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള പദ്ധതികളോ ഫണ്ടോ നിലവിലില്ല. ജലസേചന വകുപ്പ്, ജലഗതാഗത വകുപ്പ്, ഉൾനാടൻ ജലഗതാഗത അതോറിറ്റി, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പ്, ഇതുമായി ബന്ധപ്പെട്ട വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവർ കൂട്ടായിച്ചേർന്ന് ഡ്രഡ്ജിംഗിനായുള്ള തുക സ്വരൂപിക്കുക മാത്രമാണ് പോംവഴി. കൂടാതെ റാംസർ സൈറ്റിൽ ഉൾപ്പെട്ട ഒരു ജലാശയമെന്ന നിലയിൽ ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ നിന്നും ഈ ആവശ്യത്തിലേയ്ക്ക് ഫണ്ട് ലഭ്യമാകുമോയെന്നും ആരായേണ്ടതുണ്ട്. ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴിയോ അതുപോലുള്ള സർക്കാർ സ്ഥാപനങ്ങൾ വഴിയോ ഡ്രഡ്ജിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു സാദ്ധ്യതാപഠനം നടത്തിയശേഷം ഇതിന് പരിഹാരം കാണുന്നതിനുള്ള ഇടപെടൽ നടത്താനും അതുവഴി മത്സ്യത്തൊഴിലാളികളെയും മത്സ്യസമ്പത്തിനെയും സംരക്ഷിക്കാനും ഫിഷറീസ് വകുപ്പ് മുൻകയ്യെടുക്കുന്നതാണ്.

## (10) മാങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2016-ൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത നാല് സ്കൂളുകളിലൊന്നാണ് കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ മാങ്ങാട്ടുമുറി എൽ.പി. സ്കൂൾ. ഇങ്ങനെ ഏറ്റെടുത്ത മറ്റ് മൂന്ന് സ്കൂളുകളും മാതൃവിദ്യാലയത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അപ്പീൽ പോയശേഷം തിരിച്ചുവന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടും മാങ്ങാട്ടുമുറി സ്കൂൾ മാത്രം ഇപ്പോഴും മാറാതെ നിൽക്കുകയാണ്. ഈ സ്കൂൾ താൽക്കാലികമായി ഒരു മദ്രസ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആദ്യത്തെ ഒരു വർഷം ഫ്രീ ഓഫ് റെന്റിന് മദ്രസ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കാൻ അനുമതി നൽകിയെങ്കിലും ഇപ്പോൾ അത് നിലച്ചിരിക്കുകയാണ്; പെട്ടെന്നുതന്നെ ഒഴിഞ്ഞു കൊടുക്കണമെന്നാണ് പറയുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാക്കി റവന്യൂ വകുപ്പ് നിശ്ചയിച്ച വില കൊടുത്തുകൊണ്ട് എത്രയും പെട്ടെന്ന് ഇതിനുള്ള ഭരണാനുമതി നൽകണം. മാതൃ വിദ്യാലയത്തിലേയ്ക്ക് മടങ്ങണമെങ്കിൽ തീർച്ചയായും സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. പഞ്ചായത്തിന്റെ കയ്യിൽ മെയിന്റനൻസ് ഫണ്ടില്ല എന്നറിയിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായുള്ള ഫണ്ടുകൂടി അനുവദിച്ചുകൊണ്ട് എത്രയുംപെട്ടെന്ന് മാതൃവിദ്യാലയത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മലപ്പുറം ജില്ലയിലെ മാങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ 27-7-2017 മുതൽ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. സ്കൂൾ സർക്കാർ ഏറ്റെടുത്തെങ്കിലും മാതൃസ്ഥാപനത്തിൽ അദ്ധ്യയനം ആരംഭിച്ചില്ല. സ്കൂൾ ഇപ്പോൾ നടന്നുവരുന്നത് പുതിയേടത്ത് മദ്രസയിലാണ്. സ്കൂൾ സർക്കാർ ഏറ്റെടുത്ത നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവച്ച സാഹചര്യത്തിൽ തിരികെ മാതൃസ്ഥാപനത്തിൽ പ്രവർത്തനം തുടരാൻ ശ്രമിച്ചുവെങ്കിലും സ്കൂൾ ഒരു വർഷത്തോളം അടഞ്ഞുകിടന്നിരുന്നതിനാൽ 2017-2018-ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായില്ല. മാതൃസ്ഥാപനത്തിൽ അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതിന് പുളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 16-2-2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം (2018 -19) മുതൽ കുട്ടികളെ മാതൃ സ്ഥാപനത്തിൽ തിരികെയെത്തിച്ച് അദ്ധ്യയനം സുഗമമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ, ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ, മലപ്പുറം ജില്ലാ കളക്ടർ എന്നിവർക്ക് 9-3-2018-ൽ തന്നെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

i. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 57/2018 | ജി.ഒ.(ആർറ്റി.) നമ്പർ 203/ 2018/ ഹോം. | 19-1-2018 | അല്ല |
| 2 | 64/2018 | ജി.ഒ.(ആർറ്റി.) നമ്പർ 166/ 2018/ഹോം. | 16-1-2018 | അല്ല |
| 3 | 74/2018 | ജി.ഒ.(ആർറ്റി.) നമ്പർ 3374 /2017/ഹോം. | 17-12-2017 | അല്ല |
| 4 | 104/2018 | ജി.ഒ.(പി.) നമ്പർ 6/ 2018/ഹോം. | 22-1-2018 | അല്ല |
| 5 | 116/2018 | ജി.ഒ.(ആർറ്റി.) നമ്പർ 462/ 2018/ഹോം. | 12-2-2018 | അല്ല |
| 6 | 117/2018 | ജി.ഒ.(ആർറ്റി.) നമ്പർ 477/ 2018/ഹോം. | 14-2-2018 | അല്ല |
| 7 | 118/2018 | ജി.ഒ.(ആർറ്റി.) നമ്പർ 497/ 2018/ഹോം. | 16-2-2018 | അല്ല |
| 8 | 119/2018 | ജി.ഒ.(ആർറ്റി.) നമ്പർ 524/ 2018/ഹോം. | 20-2-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | സ്വഭാവം | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ | 2010-11<br>2011-12<br>2012-13 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ കേരള | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |

(ii) പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| കൊല്ലം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2013-14 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

(iii) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 63/2018 | ജി.ഒ.(പി) നമ്പർ 6/2018/ആർഡി. | 17-1-2018 | അല്ല |
| 2 | 73/2018 | ജി.ഒ.(എംഎസ്.) നമ്പർ 28/ 2018/ ആർഡി. | 26-1-2018 | അല്ല |
| 3 | 86/2018 | ജി.ഒ.(പി) നമ്പർ 8/2018/ആർഡി. | 08-2-2018 | അല്ല |

(iv) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 7/2018 | ജി.ഒ.(പി) നമ്പർ 2/2018/ട്രാൻ. | 12-2-2018 | അല്ല |
| 2 | 109/2018 | ജി.ഒ.(പി) നമ്പർ 4/2018/ട്രാൻ. | 26-2-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 111/2018 | ജി.ഒ.(പി) നമ്പർ 5/2018/ട്രാൻ. | 28-2-2018 | അല്ല |
| 4 | 112/2018 | ജി.ഒ.(പി) നമ്പർ 6/2018/ട്രാൻ. | 28-2-2018 | അല്ല |
| 5 | 113/2018 | ജി.ഒ.(പി) നമ്പർ 7/2018/ട്രാൻ. | 28-2-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 2012-13<br>2013-14 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |

(v) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 61/2018 | ജി.ഒ.(പി) നമ്പർ 12/2018/ഫിൻ. | 27-1-2018 | അല്ല |
| 2 | 83/2018 | ജി.ഒ.(പി) നമ്പർ 14/ 2018/ടാക്സസ്. | 14-2-2018 | അല്ല |
| 3 | 139/2018 | ജി.ഒ.(പി) നമ്പർ 18/2018/ഫിൻ. | 8-2-2018 | അല്ല |

(vi) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 60/2018 | ജി.ഒ.(പി) നമ്പർ 2/2018/ എസ്.ജെ.ഡി | 26-1-2018 | അല്ല |
| 2 | 85/2018 | ജി.ഒ. (പി.) നമ്പർ 18/2018/ എച്ച്&എഫ്.ഡബ്ല്യൂഡി. | 06-02-2018 | അല്ല |

(vii) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 47/2018 | ജി.ഒ.(പി) നമ്പർ 4/2018/നിവ. | 22-01-2018 | അല്ല |
| 2 | 93/2018 | ജി.ഒ.(പി) നമ്പർ 15/2018/റ്റി.ഡി. | 14-02-2018 | അല്ല |
| 3 | 110/2018 | പി.ഡബ്ല്യൂ.ഡി-എച്ച്1/413/ 2017/പിഡബ്ല്യൂഡി | 20-02-2018 | അല്ല |

(viii) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 54/2018 | സ.ഉ.(അച്ചടി) നമ്പർ 11/2018/ തൊഴിൽ. | 20-1-2018 | അല്ല |
| 2 | 56/2018 | ജി.ഒ.(പി) നമ്പർ 9/2018/റ്റി.ഡി. | 29-1-2018 | അല്ല |
| 3 | 75/2018 | ജി.ഒ.(പി) നമ്പർ 12/2018/ എൽ.ബി.ആർ. | 28-1-2018 | അല്ല |
| 4 | 89/2018 | ജി.ഒ.(പി) നമ്പർ 16/2018/ എൽ.ബി.ആർ. | 8-2-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 90/2018 | സ.ഉ.(അച്ചടി) നമ്പർ 17/2018/ തൊഴിൽ. | 8-2-2018 | അല്ല |
| 6 | 91/2018 | ജി.ഒ. (പി.) നം.18/2018/ എൽ.ബി.ആർ. | 8-2-2018 | അല്ല |
| 7 | 94/2018 | ജി.ഒ. (പി.) നം.21/2018/ എൽ.ബി.ആർ. | 13-2-2018 | അല്ല |
| 8 | 97/2018 | ജി.ഒ.(പി) നമ്പർ 19/2018/റ്റി.ഡി. | 20-2-2018 | അല്ല |
| 9 | 98/2018 | ജി.ഒ.(പി) നമ്പർ 20/2018/റ്റി.ഡി. | 20-2-2018 | അല്ല |
| 10 | 100/2018 | ജി.ഒ.(പി) നമ്പർ 18/2018/റ്റി.ഡി. | 20-2-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | സ്വഭാവം | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയൽ ഫണ്ട് ബോർഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരളകള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2013-14 | ആഡിറ്റ് റിപ്പോർട്ട് | അതെ |

(ix) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 134/2017 | ജി.ഒ.(പി) നമ്പർ 16/2017/ കോ-ഓപ്. | 16-3-2017 | അതെ |
| 2 | 568/2017 | ജി.ഒ.(പി) നമ്പർ 51/2017/ കോ-ഓപ്. | 19-9-2017 | അതെ |
| 3 | 76/2018 | ജി.ഒ.(പി) നമ്പർ 66/2017/ കോ-ഓപ്. | 8-11-2017 | അല്ല |
| 4 | 80/2018 | ജി.ഒ.(പി) നമ്പർ 7/2018/ കോ-ഓപ്. | 27-1-2018 | അല്ല |
| 5 | 81/2018 | ജി.ഒ.(പി) നമ്പർ 8/2018/ കോ-ഓപ്. | 3-2-2018 | അല്ല |
| 6 | 82/2018 | ജി.ഒ.(പി) നമ്പർ 10/2018/ കോ-ഓപ്. | 6-2-2018 | അല്ല |
| 7 | 101/2018 | ജി.ഒ.(പി) നമ്പർ 11/2018/ കോ-ഓപ്. | 7-2-2018 | അല്ല |

(x) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സെറാമിക്സ് ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സും | അതെ |
| 3 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും | അതെ |

(xi) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 570/2017 | സ.ഉ.(അച്ചടി) നമ്പർ 61/2017/ തസ്വഭവ. | 15-9-2017 | അതെ |
| 2 | 48/2018 | സ.ഉ.(അച്ചടി) നമ്പർ 1/2018/ തസ്വഭവ. | 17-1-2018 | അല്ല |
| 3 | 106/2018 | ജി.ഒ. (പി.) നമ്പർ 8/2018/ എൽ.എസ്.ജി.ഡി. | 25-1-2018 | അല്ല |
| 4 | 107/2018 | ജി.ഒ. (പി.) നമ്പർ 10/2018/ എൽ.എസ്.ജി.ഡി. | 3-2-2018 | അല്ല |

(xii) നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| വർഷം | നമ്പർ | ആക്ടിന്റെ പേര് |
|---|---|---|
| 2018 | 2 | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട്, |

## VI. റിപ്പോർട്ട് സമർപ്പണം

### (1) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർമാനായ ഞാൻ 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VII. ധനകാര്യം

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XXVII | സഹകകരണം | 441,94,18,000 | 131,39,10,000 | 573,33,28,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 153,69,95,000 | 41,18,00,000 | 194,87,95,000 |
| XLII | വിനോദസഞ്ചാരം | 224,07,17,000 | 243,66,01,000 | 467,73,18,000 |

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം ധനാഭ്യർത്ഥനയെയും വിനോദസഞ്ചാരം XLII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXVII സഹകരണം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വർണ്ണ പണയ വായ്പാ തട്ടിപ്പ് നടത്തുന്ന സഹകരണ ബാങ്കുകളിൽ രാഷ്ട്രീയ അടിസ്ഥാനത്തിൽ ഭരണ സമിതിയെ സംരക്ഷിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സഹകരണ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയംവച്ച് തട്ടിപ്പു നടത്തിയ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജ പ്രമാണങ്ങൾ ഹാജരാക്കി ചില സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരളത്തിലെ സഹകരണ ബാങ്കുകളിലെ എൻ.പി.എ. അഞ്ച് ശതമാനമായി നിജപ്പെടുത്തിയത് കാരണം ഒരു ഗഡു മുടക്കം വരുത്തിയവർക്ക് പോലും ജപ്തി നോട്ടീസ് അയയ്ക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകളുടെ കിട്ടാക്കടം തിരിച്ചുപിടിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ കാർഷിക വായ്പ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സഹകരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 573,33,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജില്ലാ സഹകരണ ബാങ്കുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX വൈദ്യുതപദ്ധതികൾ നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൈദ്യുതി രംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെറുകിട ജലവൈദ്യുതപദ്ധതികൾ നടപ്പിലാക്കി വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പാരമ്പര്യേതര ഊർജ്ജോൽപ്പാദന മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിജയകരമാകുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി പ്രസരണ ശൃംഖലയുടെ ശാക്തീകരണത്തിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ബോർഡിനെ കമ്പനിവൽക്കരിച്ചപ്പോൾ ബോർഡിന് കീഴിലുണ്ടായിരുന്ന ആസ്തികൾ നഷ്ടപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൈദ്യുതി ബോർഡിലെ മീറ്റർ റീഡർമാരെ ഒഴിവാക്കാനുള്ള നീക്കം പുനഃപരിശോധിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് വരുത്തിയ നഷ്ടത്തിന്റെ 37 ശതമാനവും കെ.എസ്.ഇ.ബി.യുടെതാണെന്നും 2016-17-ൽ മാത്രം കെ.എസ്.ഇ.ബി. 1652.45 കോടി രൂപ നഷ്ടം വരുത്തിയെന്നും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുതാഘാതമേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് യഥാസമയം നഷ്ടപരിഹാരം നൽകാത്തതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇടുക്കി ജില്ലയിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ, വകുപ്പുമന്ത്രി വ്യക്തിപരമായ പരാമർശം നടത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. അനൂപ് ജേക്കബ് : സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,87,95,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII വിനോദസഞ്ചാരംനയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. സണ്ണി ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിനോദസഞ്ചാരികളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് പ്രഥമ പ്രാധാന്യം നൽകി അടിയന്തര സഹായകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന പ്രശ്നം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിനോദസഞ്ചാരികളെ ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷൻ, ആശുപത്രികൾ, ഹോട്ടലുകൾ മുതലായവയുമായി ബന്ധപ്പെടുത്തുന്ന "സേഫ് കേരള ആപ്പ്" നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബേക്കൽ ടൂറിസം പദ്ധതിയുടെ നടത്തിപ്പും വികസനവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപകരെയും നവസംരംഭകരെയും ആകർഷിക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് വിനോദസഞ്ചാര മേഖലയിൽ തൊഴിൽ വൈദഗ്ധ്യം സൃഷ്ടിക്കുന്നതിനായി പദ്ധതി തയ്യാറാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി തീരദേശ ടൂറിസം ബീച്ചുകൾ വികസിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ടൂറിസം മേഖലയിൽ പ്രകൃതിസൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൂറിസം മേഖലയിലെ 'ടേക്ക് എ ബ്രേക്ക് ' പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആഭ്യന്തര ടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. കെ.സി. ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 467,73,18,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, സഹകരണം, വൈദ്യുത പദ്ധതികൾ വിനോദസഞ്ചാരം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. മഹാനായ ഇ.എം.എസ്. വിടവാങ്ങിയിട്ട് ഇരുപത് വർഷങ്ങൾ പിന്നിടുകയാണ്. ഇന്ന് ഇ.എം.എസ്. ചരമദിനമാണ്. ആധുനിക കേരളത്തിന്റെ ശിൽപ്പിയായ ഇ.എം.എസ്.-നോടുള്ള ആദരവ് എന്നത് നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെ ശക്തിപ്പെടുത്തുകയും എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുക എന്നതാണ്. ലോകം മുഴുവൻ വികസിച്ചുവരുന്ന പുതിയ വികസന മേഖലയാണ് ടൂറിസം. പക്ഷേ, അത് വിവിധ തരത്തിലുണ്ട് എന്ന കാര്യം പലരും അറിയുന്നില്ല. ഒരു രാജ്യത്തിന്റെ പ്രകൃതിഭംഗി കാണാൻ മറ്റൊരു പ്രദേശത്തുനിന്ന് ജനങ്ങൾ എത്തിച്ചേരുന്നു എന്നതാണ് അടിസ്ഥാന ടൂറിസം. അതോടൊപ്പം പ്രകൃതി

ഭംഗിക്കനുസരിച്ചുള്ള ആ പ്രദേശത്തിന്റെ സംസ്കാരം ആസ്വദിക്കുക എന്നതും ലക്ഷ്യമാണ്. ഇതിലൂടെ പ്രകൃതി സൗന്ദര്യത്തിനോ സംസ്കാരത്തിനോ കോട്ടം സംഭവിക്കുന്നില്ല. മാത്രമല്ല സംസ്കാരത്തിന്റെ നല്ല വശങ്ങൾ മറ്റ് രാജ്യങ്ങളിൽ പകർത്തപ്പെടുകയും ചെയ്യുന്നു. ഈ നിഷ്കളങ്കമായ പരസ്പര ഇടപെടലിലൂടെ ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വികസിക്കുകയും ചെയ്യും. മേൽപ്പറഞ്ഞതാണ് ടൂറിസത്തിന്റെ അടിസ്ഥാന ആശയം. പക്ഷേ, മൂലധനം ഈ ആശയത്തെ വികലമാക്കി. പ്രകൃതി സൗന്ദര്യവും സംസ്കാരവും കേന്ദ്രബിന്ദുവാക്കുന്നതിനു പകരം കമ്പോളത്തെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് ടൂറിസത്തെ പുനഃസംഘടിപ്പിക്കുവാൻ മൂലധനം ശ്രമിച്ചു; ശ്രമം കൂടുതൽ ഊർജ്ജിതമാക്കി. അതോടെ ടൂറിസത്തിന്റെ മൗലിക സങ്കൽപ്പങ്ങൾ മാറിപ്പോയി. പ്രകൃതിസൗന്ദര്യംപോലും പണമുണ്ടാക്കാനുള്ള ചരക്കായി മാറിയപ്പോൾ പ്രകൃതിസൗന്ദര്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുകയും പ്രാദേശിക സംസ്കാരം വികലമാക്കപ്പെടുകയും ചെയ്തു. പാരിസ്ഥിതിക സന്തുലനം അട്ടിമറിക്കപ്പെടുന്ന അവസ്ഥയുണ്ടായി എന്നതാണ് ഏറ്റവും അപകടം. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ ടൂറിസം മേഖലകളുടെ തനിമയെക്കുറിച്ച് മനസ്സിലാക്കേണ്ടത്. പരിസ്ഥിതി സന്തുലനവും പ്രാദേശിക സംസ്കാരത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങളും നിലനിർത്തിക്കൊണ്ട്, പ്രകൃതി സൗന്ദര്യത്തെ വികലമാക്കാതെ ടൂറിസം വികസിപ്പിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. കഴിഞ്ഞ 20 മാസങ്ങൾകൊണ്ട് ഈ നയത്തിലൂടെ കേരള ടൂറിസം മേഖലയ്ക്ക് പ്രത്യേക ശ്രദ്ധ ലഭിക്കുന്നുണ്ട്. പ്രകൃതിസൗന്ദര്യം നിലനിർത്തിക്കൊണ്ട് ചരിത്ര പശ്ചാത്തലം പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതിലൂടെ ചരിത്രാന്വേഷണ ടൂറിസത്തിന്റെ സാദ്ധ്യതപോലും വളർന്നുവരുന്നു.

സഹകരണ മേഖല ചെറുത്തുനിൽപ്പിന്റെ ഉപകരണമായി മാറിയിരിക്കുകയാണ്. നവലിബറൽ നയങ്ങളും കേന്ദ്ര സർക്കാരും സഹകരണ മേഖലയെ തകർക്കാനാണ് ശ്രമിക്കുന്നത്. സ്വകാര്യ ബാങ്കുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ബി.ജെ.പി. സർക്കാർ തുടരുന്നത്. ഇതിന് ബദലാണ് സഹകരണ മേഖലയുടെ വളർച്ച. ഈ രീതിയിൽ കേരള ബാങ്ക് രൂപീകരിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ജനകീയവൽക്കരണത്തിലൂടെ സഹകരണ ശാക്തീകരണത്തിന് ശ്രമിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിനന്ദനങ്ങൾ നേരുകയാണ്. കടുത്ത വരൾച്ചാ പ്രതിസന്ധിക്കിടയിലും പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കുകയും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുകയും ചെയ്ത വൈദ്യുതി വകുപ്പുമന്ത്രിക്കും എന്റെ അഭിനന്ദനങ്ങൾ. നോട്ട് പിൻവലിച്ചതിലൂടെ നമ്മുടെ സഹകരണ മേഖലയെ തകർക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിച്ചത്. അന്ന് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ അവസരോചിതമായി ഉണർന്ന് പ്രവർത്തിച്ചത് കൊണ്ടാണ് കേരളത്തിലെ സഹകരണ മേഖലയെ രക്ഷിക്കാൻ കഴിഞ്ഞത്.

അതിനുവേണ്ടി പ്രത്യേക നിയമസഭാ സമ്മേളനം ചേർന്നു. തങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കി സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച നാണയത്തുട്ടുകൾ നഷ്ടമാകുമോയെന്ന പരിഭ്രാന്തി നിക്ഷേപകരിൽ ഉണ്ടായപ്പോൾ നിയമസഭാ സമ്മേളനത്തിൽവച്ച് സഹകരണ സംഘത്തിലെ നിക്ഷേപമായ ഒരോ പൈസയ്ക്കും സർക്കാർ ഗ്യാരന്റിയായിരിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതാണ് നിക്ഷേപകരിൽ ആത്മവിശ്വാസമുണ്ടാക്കിയത്. സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻവേണ്ടി അന്ന് നിയമസഭ സമ്മേളിക്കുകയും ഈ സഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. സഹകരണ പ്രസ്ഥാനത്തെ സ്നേഹിക്കുന്ന കേരളത്തിലെ മുഴുവൻ ജനങ്ങളും സഹകരണ മേഖലയെ നിലനിർത്താൻവേണ്ടി നടത്തുന്ന പ്രക്ഷോഭങ്ങളും പോരാട്ടങ്ങളും ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. ജനങ്ങൾക്കും സംസ്ഥാനത്തിനും ഏറെ പ്രയോജനകരമായ കേരള ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ടാസ്ക്ഫോഴ്സ് ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കുകയും ആറ് ഘട്ടങ്ങളിലായി 4640.16 കോടി രൂപ വിതരണം ചെയ്യുകയുമുണ്ടായി. എല്ലാ പെൻഷനും വർദ്ധിപ്പിച്ച് 1,000 രൂപയാക്കുമെന്ന് തെരഞ്ഞെടുപ്പുകാലത്ത് എൽ.ഡി.എഫ്. സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനമാണ് സഹകരണ ബാങ്കുകൾ വഴി തുക വീടുകളിലെത്തിച്ചുകൊണ്ട് നടപ്പാക്കിയത്. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകി. ഹരിത സഹകരണം എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളും സ്ഥാപനങ്ങളും മുഖേന അഞ്ച് ലക്ഷം വൃക്ഷത്തൈ നടുന്ന പദ്ധതി 2017 ജൂൺ മാസം നടപ്പാക്കി. 'നവകേരളീയം കുടിശ്ശിക നിവാരണം' ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. ഓഹരി മൂലധനം, വായ്പാ സബ്സിഡി സഹായങ്ങൾ എന്നിവ നൽകി പ്രാഥമിക സഹകരണസംഘങ്ങൾ, കൺസ്യൂമർഫെഡ്, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനിത, എസ്.സി./എസ്.ടി. സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു]

സംസ്ഥാനത്തെ അരിക്ഷാമം പരിഹരിക്കുന്നതിനായി പൊതു വിപണിയിലിടപെട്ട് വില പിടിച്ചുനിർത്തിയതും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ വിൽപ്പന നടത്തിയതും

മാതൃകാപരമാണ്. കേപ്-ന്റെ (Co-operative Academy of Professional Education) കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിക്കായി 23.6 കോടി രൂപ ലഭ്യമാക്കി. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചു. കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് നടപടി സ്വീകരിച്ചു. കുറഞ്ഞ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുന്നതിന് മലബാർ സിമന്റ്സ് ലിമിറ്റഡുമായി സഹകരിച്ച് വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണം, പച്ചത്തൊണ്ട് സംഭരണം എന്നീ രംഗങ്ങളിൽ സഹകരണമേഖല നല്ല ഇടപെടലുകളാണ് നടത്തിയത്. കൺസ്യൂമർഫെഡ് യു.ഡി.എഫ്. ഭരണകാലത്ത് അഴിമതിയിൽ മുങ്ങിക്കുളിച്ചതാണ്. അന്ന് ആരംഭിച്ച നന്മ സ്റ്റോറുകൾ തിന്മയുടെ കേന്ദ്രങ്ങളായിരുന്നു എന്ന കാര്യം നമുക്കറിയാം. ഈ സർക്കാർ കൺസ്യൂമർഫെഡിൽ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിനുമായി ഇ-ടെണ്ടർ നടപ്പാക്കി. യു.ഡി.എഫ്. അഴിമതി നടത്തിയ കാര്യം മറക്കാൻ കഴിയില്ല; നന്മ സ്റ്റോറുകൾ നിർത്തലാക്കിയതിലൂടെ യു.ഡി.എഫ്. ഭരണകാലത്തെ സഞ്ചിത നഷ്ടം 418.11 കോടി രൂപയായിരുന്നു. എന്നാൽ 2017 ഡിസംബറിലെ കണക്കുപ്രകാരം ഫെഡറേഷന് 51 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കാൻ കഴിഞ്ഞുവെന്നതും പ്രത്യേകം ശ്രദ്ധേയമാണ്. ഓണം-റംസാൻ-ക്രിസ്തുമസ്-പുതുവത്സര ചന്തകൾ നടത്താൻ 2016-17-ൽ 45 കോടി രൂപ ഈയിനത്തിൽ സഹകരണമേഖലയ്ക്ക് അനുവദിക്കുകയുണ്ടായി. സഹകരണ വായ്പാ മേഖലയിലെ കിട്ടാക്കടം തീർത്തും നിവാരണം ചെയ്ത് അവയുടെ നഷ്ടം നികത്തി സംഘങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിന് ചരിത്രത്തിലൊരിക്കലും നൽകാത്ത ഇളവുകളും ആനുകൂല്യങ്ങളും നൽകി 'നവകേരളീയം കുടിശ്ശിക നിവാരണം-2018' പ്രഖ്യാപിച്ചു. 'സഹകരണ കോൺഗ്രസ്-2018' നടത്തി കരട് സഹകരണ നയം അവതരിപ്പിക്കുകയുണ്ടായി. സഹകരണ കോൺഗ്രസ്സിന്റെ കാലാവധി 5 വർഷത്തിൽനിന്നും 3 വർഷമായി പുനർനിശ്ചയിച്ചു. ട്രാൻസ്ജെൻഡറുകൾക്കായി പ്രത്യേക സഹകരണസംഘം രൂപീകരിക്കാൻ തീരുമാനിച്ചു. പെൻഷൻ ലഭിക്കാതെ കെ.എസ്.ആർ.ടി.സി. പെൻഷൻകാർ നട്ടംതിരിഞ്ഞ സാഹചര്യത്തിൽ അത് വിതരണം ചെയ്യാൻ സഹായഹസ്തവുമായി സഹകരണ മേഖല മുന്നോട്ടുവന്നു. ഇതിനുവേണ്ടി കൺസോർഷ്യം രൂപീകരിച്ചു. അതുപോലെതന്നെ അന്താരാഷ്ട്ര പുസ്തകോത്സവം, സാഹിത്യോത്സവം എന്നിവ നടത്തുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പുതിയ ടൂറിസം നയം സർക്കാർ പ്രഖ്യാപിച്ചു. മുമ്പ് സ്പർശിക്കാതിരുന്ന പല മേഖലകളും ഉൾപ്പെടുത്തിയാണ് സർക്കാർ ടൂറിസം നയം പ്രഖ്യാപിച്ചത്. കേരളത്തിന്റെ ടൂറിസം മേഖലയുടെ സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ ടൂറിസം കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത് ഈ പോളിസിയുടെ പ്രധാന തീരുമാനമാണ്. ടൂറിസം പോളിസിയിലൂടെ 2000-ലധികം ടൂറിസം പദ്ധതികൾക്കായി 300 കോടി രൂപയുടെ ഭരണാനുമതി നൽകി. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നം ഒഴിവാക്കി ഹരിതാഭമാക്കാൻവേണ്ടി ഗ്രീൻ കാർപ്പറ്റ് പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. മലബാറിന്റെ ടൂറിസം വികസനം ലക്ഷ്യമാക്കി നിരവധി നടപടികൾ സ്വീകരിച്ചു. പൈതൃക സംരക്ഷണ പദ്ധതികൾക്ക് പ്രാധാന്യം നൽകി. കൊടുങ്ങല്ലൂർ-മുസിരിസ്, തലശ്ശേരി-ആലപ്പുഴ പൈതൃക സംരക്ഷണ പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ട് നല്ലൊരു ഇടപെടലാണ് ടൂറിസം മേഖല നടത്തിയത്. ഭിന്നശേഷി സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ ആരംഭിച്ചതോടെ ഭിന്നശേഷിക്കാർക്ക് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. എം.എൽ.എ. ചെയർമാനായ ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് കമ്മിറ്റികൾ വന്നതോടുകൂടി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നല്ല ഇടപെടലാണ് ഉണ്ടായിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ അതിരപ്പിള്ളി-വാഴച്ചാൽ-തുമ്പൂർമൂഴി ഡി.എം.സി. (Destination Management Company) വന്നതിനുശേഷം അവിടത്തെ വികസന പ്രവർത്തനങ്ങളിൽ ഇടപെടാനും പദ്ധതികൾ വരുമ്പോൾ അത് നടത്താനാവശ്യമായ ഇടപെടലുകൾ നടത്താനും കഴിഞ്ഞതിന്റെ ഭാഗമായി അവിടെ നല്ല രീതിയിൽ ടൂറിസം പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുണ്ട്. തുമ്പൂർമൂഴിയിൽ ടൂറിസ്റ്റുകളെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കെത്തിക്കാൻവേണ്ടി ഡി.എം.സി.-യുടെ നേതൃത്വത്തിൽ ആദ്യം ഒരു വാഹനം വാങ്ങി. ആ വാഹനം ഒരു വർഷം ഓടിയപ്പോൾ ലഭിച്ച ലാഭത്തിൽനിന്ന് രണ്ടാമതൊരു വാഹനം വാങ്ങുകയുണ്ടായി. രണ്ട് വാഹനങ്ങളും ഒരു വർഷം ഓടിയപ്പോൾ ലഭിച്ച ലാഭത്തിൽനിന്ന് മറ്റൊരു വലിയ വാഹനംകൂടി വാങ്ങി. ടൂറിസ്റ്റുകളെ കേന്ദ്രങ്ങളിലെത്തിക്കുകയും അവർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത് വളരെ ലാഭകരമായി തുമ്പൂർമൂഴി ഡി.എം.സി.-യുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപീകരിച്ചതോടെ കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതികൾ, പുതിയ കേന്ദ്ര പദ്ധതികൾ, ഗസ്റ്റ് ഹൗസുകൾക്ക് പുതിയ ബ്ലോക്കുകൾ, കെ.ടി.ഡി.സി.-ക്ക് പുതിയ പദ്ധതികൾ തുടങ്ങിയവ നടപ്പാക്കി കൊണ്ടിരിക്കുകയാണ്. എനിക്ക് ഈ വകുപ്പുകളുമായി ബന്ധപ്പെട്ട് പറയാനുള്ള

ചില കാര്യങ്ങളിൽ ഒന്ന്, ചാലക്കുടി താലൂക്ക് രൂപീകരിച്ചെങ്കിലും അവിടെ എ.ആർ. (Assistant Registrar) ഓഫീസ് അനുവദിച്ചിട്ടില്ല. എ.ആർ. ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊന്ന്, ഏകോപനമില്ലായ്മ ടൂറിസം പദ്ധതികൾക്ക് തടസ്സമായി നിൽക്കുന്നുണ്ട്. വനം, ഇറിഗേഷൻ, ടൂറിസം, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകൾ സഹകരിച്ച് പ്രവർത്തിച്ചാൽ ടൂറിസം പദ്ധതികൾ സുഗമമായി നടപ്പാക്കാൻ കഴിയും. അതിനൊരു ഏകോപനമുണ്ടാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട് പെരിങ്ങൽകുത്തിൽ ഹൈഡൽ ടൂറിസം പദ്ധതിയുണ്ടായിരുന്നു. നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്ന, ആയിരക്കണക്കിന് ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്ന പദ്ധതിയായിരുന്നു. പക്ഷേ വനം വകുപ്പിന്റെ ഇടപെടലിനെത്തുടർന്ന് അത് നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ക്വാർട്ടേഴ്സുകൾ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് വാടകയ്ക്ക് നൽകിയാൽ ടൂറിസവും ശക്തിപ്പെടുത്താൻ കഴിയും. കൊരട്ടി സബ്സ്റ്റേഷൻ 110 കെ.വി. ലൈനാക്കുന്നതിന് രണ്ട് ഹെക്ടർ സ്ഥലം വേണം. അവിടെ കമ്പനിയുടെ സ്ഥലം സർക്കാർ ഏറ്റെടുക്കാൻ പോകുകയാണ്. അതിൽ നിന്ന് രണ്ട് ഹെക്ടർ സ്ഥലം വാങ്ങാനുള്ള നടപടി സ്വീകരിക്കണം. ചാലക്കുടി സബ്സ്റ്റേഷൻ 220 കെ.വി. ലൈനാക്കുന്നതിന് നടപടി സ്വീകരിക്കണം. തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന സ്ഥലമെന്ന നിലയ്ക്ക് തമിഴ്നാട് സർക്കാരുമായി സംസാരിച്ച് മലക്കപ്പാറയിലേയ്ക്ക് 2 കിലോമീറ്റർ ദൂരം ലൈൻ വലിച്ചാൽ നല്ല രീതിയിൽ വൈദ്യുതി വിതരണം ചെയ്യാൻ കഴിയും. അതിനാവശ്യമായ സഹകരണംകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, സഹകരണം, ടൂറിസം, വൈദ്യുത പദ്ധതികൾ എന്നീ വകുപ്പുകളെ സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കേരളം ദൈവത്തിന്റെ സ്വന്തം നാടായതിനുപിന്നിൽ രണ്ട് പ്രധാന കാരണങ്ങളാണുള്ളത്. ഒന്ന്, കേരളത്തിന്റെ അഭൗമമായ പ്രകൃതിസൗന്ദര്യം. കടലും കായലും മലനിരകളും തണ്ണീർത്തടങ്ങളും വയലേലകളുമൊക്കെ ചേരുന്ന പ്രകൃതിയുടെ സൗന്ദര്യം സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നുണ്ട്. മറ്റൊന്ന്, മറ്റുള്ളവരെ സ്വീകരിക്കാനുള്ള കേരളത്തിന്റെ മനസ്സാണ്. മതേതരത്വ ജനാധിപത്യ സംസ്കാരം നിലനിന്നിരുന്ന മനുഷ്യരുടെ മനസ്സാണ് കേരളത്തിന്റേത്. കേരളീയർ ഇവിടെ വരുന്നവരെയെല്ലാം സ്വീകരിക്കുകയും അതിനുതക്ക പ്രകൃതിയും ആ പ്രകൃതിയുടെ അതേ ഭാവത്തിലുള്ള മനുഷ്യരുടെ മനസ്സുമാണ് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കിയതിന്റെ പ്രധാനപ്പെട്ട കാരണം. ഇവിടെ ടൂറിസം

ഒരു കാഴ്ച മാത്രമല്ല, തീർത്ഥാടനത്തിന്റെ അനുഭവമാണ് ടൂറിസ്റ്റുകൾക്ക് നൽകുന്നത്. ലോകത്തിലെ തന്നെ ഏറ്റവും നല്ല പ്രകൃതിരമണീയതയും കാലാവസ്ഥയുമൊക്കെ കൊണ്ട് ടൂറിസത്തിന്റെ കാഴ്ചകൾക്കപ്പുറം ഒരനുഭവമാക്കി തീർക്കുന്നതിനുള്ള സാഹചര്യങ്ങൾ കേരളത്തിലുണ്ട് എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണമാണ്. ഇവയെല്ലാം നിലനിർത്താനും വളർത്താനുമുള്ള പദ്ധതികളാണ് നമുക്കാവശ്യം. ഇത് നിലനിർത്തുന്നതിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരിസ്ഥിതി സൗഹാർദ്ദപരമായ ഒട്ടേറെ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. നമ്മുടെ പ്രദേശങ്ങളിലെ ടൂറിസം പദ്ധതികളെപ്പറ്റി പരിശോധിച്ചാൽ ഇക്കാലമത്രയും ടൂറിസം കോർപ്പറേറ്റുകളുടെ കൈകളിൽ മാത്രം ഒതുങ്ങിനിന്നിരുന്നതാണെന്ന് കാണാം. കുറച്ച് പേരിലേയ്ക്ക് ഒതുങ്ങിനിന്നിരുന്ന ടൂറിസം പദ്ധതികളാണ് ലോകത്താകമാനം നടപ്പാക്കി വന്നിരുന്നത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി ടൂറിസത്തിലേയ്ക്ക് സാധാരണ ജനങ്ങളെക്കൂടി ഉൾപ്പെടുത്തുകയും അതിന്റെ നേട്ടം അവർക്കുകൂടി ലഭ്യമാക്കുന്ന തരത്തിലുള്ള ടൂറിസം പദ്ധതികളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിവരുന്നത്. അതിനുവേണ്ടി ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപികരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കിവരികയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഉത്തരവാദിത്വ ടൂറിസം മിഷന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പെപ്പർ ടൂറിസം പദ്ധതി വൈക്കത്താണ് ആദ്യമായി നടപ്പിലാക്കുന്നത്. പ്രകൃതിരമണീയതകൊണ്ടും ചരിത്രപ്രാധാന്യംകൊണ്ടും ലോകത്തിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് വൈക്കം എന്നതുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെയുള്ള പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വൈക്കത്തെ തെരഞ്ഞെടുത്തതിനുള്ള വൈക്കംകാരുടെ നന്ദിയും സ്നേഹവും ഈ അവസരത്തിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുകയാണ്. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വൻകിട കെട്ടിടങ്ങളോ റിസോർട്ടുകളോ നിർമ്മിച്ചുകൊണ്ടുള്ള ഒരു ടൂറിസം പദ്ധതിയല്ല പെപ്പർ ടൂറിസം പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ലോകത്തിലാദ്യമായി ടൂറിസത്തിനുവേണ്ടി ഗ്രാമസഭകൾ ചേരുകയാണ്. ലോകത്തിലെ ആദ്യത്തെ ടൂറിസം ഗ്രാമസഭ ചേർന്നത് വൈക്കത്തെ ഉദയനാപുരം ഗ്രാമപഞ്ചായത്തിലാണ്. അങ്ങനെ ഗ്രാമപഞ്ചായത്തുകൾതോറും ഗ്രാമസഭകൾ ചേർന്ന്, അതാതു പ്രദേശത്ത് എന്ത് പദ്ധതിയാണ് നടപ്പിലാക്കേണ്ടതെന്ന ആശയം ഗ്രാമസഭയിൽ ആവിഷ്കരിച്ച് പദ്ധതികളാക്കി അതിനനുസരിച്ചാണ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. ഒരു പ്രദേശത്തിന്റെ പ്രകൃതിരമണീയത, തനത് ഭക്ഷണരുചികൾ, പ്രധാനപ്പെട്ട വിനോദങ്ങൾ, വ്യത്യസ്തങ്ങളായ ആരാധനാലയങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ

എന്നിവയൊക്കെ ടൂറിസം പദ്ധതിയിലേയ്ക്ക് കടന്നുവരുന്നുണ്ട്. കേരളത്തിൽ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന കുടുംബങ്ങൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സന്ദർഭമാണിതെന്ന് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ടൂറിസം പദ്ധതിയിലേയ്ക്ക് കേരളത്തിലെ പരമ്പരാഗതമായ തൊഴിലുകളെക്കൂടി ഉൾപ്പെടുത്തി ആ മേഖലയിൽ വലിയ മാറ്റമുണ്ടാക്കുന്നതിന് ശ്രമിക്കുകയാണ്. ഉദാഹരണത്തിന്, കയർ മേഖലയെ ടൂറിസം മേഖലയിൽ ഉൾപ്പെടുത്തുകയും വരുന്ന സഞ്ചാരികളെ എക്സ്പിരിമെന്റൽ ടൂറിസത്തിന്റെ ഭാഗമായി എക്സ്പീരിയൻസ് ചെയ്യിക്കുകകൂടി ചെയ്യുമ്പോൾ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് കാരണമാകുകയും അതിലൂടെ ആ മേഖലയെത്തന്നെ പുത്തൻ ഉണർവിലേയ്ക്ക് കൈപിടിച്ച് കൊണ്ടുപോകുകയും ചെയ്യുന്നതിന് ഈ പദ്ധതിയിലൂടെ സാദ്ധ്യമാകുന്നുണ്ടെന്നുള്ളത് വലിയ കാര്യമാണ്. വൈക്കത്ത് ഈ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുമ്പോൾ സ്റ്റോറി ടെല്ലർമാർ, ഗൈഡ്, ഹോം സ്റ്റേ, ഫാം സ്റ്റേ തുടങ്ങിയ വിവിധ മേഖലകളിലായി ഏകദേശം 2000 പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് പെപ്പർ ടൂറിസം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ ടൂറിസം മേഖലയിൽ അത്രയേറെ പ്രധാനപ്പെട്ട ഒന്നായി പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുകൊണ്ടാണ് ഞാൻ അക്കാര്യത്തെക്കുറിച്ച് വിശദമായി പറഞ്ഞുപോയത്.

വൈക്കം ഒരു പിന്നോക്ക പ്രദേശമാണ്. പെപ്പർ ടൂറിസം പദ്ധതിയിലൂടെ വൈക്കത്ത് സമഗ്രമായ ഒരു വികസന പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നതിനോടൊപ്പം ഇത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് നടപ്പിലാക്കുകയും കേരള ടൂറിസത്തിലെ അനന്തമായ സാദ്ധ്യതകൾ ഇതിലേയ്ക്ക് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ കേരളത്തിന്റെ സമഗ്രമായ വികസനം സാദ്ധ്യമാകും. പെപ്പർ പദ്ധതിയിൽ മാത്രം ഒതുങ്ങി നിന്നുകൊണ്ടല്ല ഞാൻ സംസാരിക്കുന്നത്, പെപ്പർ ആ തരത്തിലുള്ള പദ്ധതി ആയതുകൊണ്ടാണ് ഞാൻ അക്കാര്യങ്ങൾ വിശദീകരിച്ചത്. ടൂറിസത്തിന്റെ ഒരുപുറം പ്രകൃതിയെ ചൂഷണം ചെയ്യാത്തതാണെങ്കിൽ മറുപുറത്തിന്റെ സാഹചര്യം നിലവിൽ വളരെ മോശമാണ്. മാലിന്യത്തിന്റെ വലിയ പ്രശ്നങ്ങളാണ് ഇന്നുള്ളത്. വേമ്പനാട് കായൽ ഇന്ന് ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമ്പോൾ ടൂറിസം അതിനൊരു പ്രധാന കാരണമായി വരുന്നുണ്ട്. കഴിഞ്ഞ കാലത്ത് വൈക്കത്ത് തന്നെ രണ്ടോ മൂന്നോ പ്രോജക്ടുകളുണ്ടാക്കുകയും ലോഡ് കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേമ്പനാട് കായലിൽ നിന്നും ശേഖരിക്കാനുള്ള സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഡീസൽ ഉപയോഗിച്ചുള്ള യന്ത്രവൽകൃത ബോട്ടുകൾ കായലിലൂടെ സഞ്ചരിക്കുമ്പോൾ കായൽ

മലിനീകരിക്കപ്പെടുകയും മത്സ്യസമ്പത്ത് കുറയുകയും ചെയ്യുന്ന നിരവധി പ്രശ്നങ്ങൾ ടൂറിസത്തിന്റെ ഭാഗമായി ഉണ്ടാകുന്നു. ലോകത്തെ ആദ്യത്തെ സോളാർ ബോട്ട് വൈക്കത്താണ് ഓടുന്നത്. ഒരുവർഷം പിന്നിടുമ്പോൾ അതിലൂടെ ഏതാണ്ട് 22 ലക്ഷം രൂപ ലാഭമുണ്ടായി എന്നുമാത്രമല്ല, ഒരു ശതമാനംപോലും ജലമലിനീകരണവും പരിസ്ഥിതി മലിനീകരണവും ഉണ്ടാകുന്നില്ല എന്നതും ശ്രദ്ധേയമാണ്. ആ വസ്തുത കണക്കിലെടുത്ത് ടൂറിസം രംഗത്ത്, യന്ത്രവൽകൃതമായി ഓടുന്ന ബോട്ടുകളെല്ലാം സോളാർ സംവിധാനത്തിലേയ്ക്ക് മാറ്റി മലിനീകരണം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ഏത് മേഖലയിലെ പദ്ധതിക്കും ഒരു നയം അത്യാവശ്യമാണ്. ടൂറിസത്തിനുവേണ്ടി ഒരു നയം രൂപീകരിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 2012-ൽ ആവിഷ്കരിച്ച ടൂറിസം നയത്തിൽ സർക്കാർ ഇപ്പോൾ ചില ഭേദഗതികൾ വരുത്തി പുതിയ ചില നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ തലത്തിൽ കേരളത്തിന്റെ വിപണി വിഹിതം വർദ്ധിപ്പിക്കുന്നതിലൂടെ ലോകസഞ്ചാര ഭൂപടത്തിൽ ആഗോള ബ്രാൻഡായി കേരള ടൂറിസത്തെ വികസിപ്പിക്കുകയാണ് പുതിയ നയത്തിന്റെ കാതൽ. ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമവും തൊഴിൽ സാദ്ധ്യതകളും ഇതിലൂടെ കണക്കാക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പരിസ്ഥിതി സൗഹാർദ്ദപരമായ ടൂറിസം വികസനമാണ് ഉണ്ടാകേണ്ടത്. ആധുനിക മാർഗ്ഗങ്ങളുപയോഗിച്ചുള്ള വിപണനം വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ എത്തുന്ന വിദേശീയർക്ക് ആവശ്യമായ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള വിപണന മാർഗ്ഗംകൂടി ടൂറിസം നയത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അത് വലിയ കാര്യമാണ്. പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുക്കലും പ്രധാനപ്പെട്ടതാണ്. അങ്ങനെ നിരവധിയായ കാര്യങ്ങൾ ടൂറിസം മേഖലയിൽ നടക്കുന്നുണ്ടെന്നുള്ളത് വളരെയേറെ സന്തോഷം നൽകുന്ന കാര്യമാണ്.

സഹകരണ മേഖലയെക്കുറിച്ച് സംസാരിക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ട്. സഹകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വളരെ അടിയന്തിരമായി ഉന്നയിക്കാനുള്ള ഒരു പ്രശ്നം സമയത്തിന്റെ പരിമിതിമൂലം ആദ്യംതന്നെ പറയുകയാണ്. 2014-ൽ പാസ്സാക്കിയ സഹകരണ നിയമം നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട്

വലിയ പ്രയാസങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. 4:1 എന്ന അനുപാതമാണ് ഇപ്പോൾ അവരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് നിലവിലുള്ളത്. അത് പുനഃപരിശോധിച്ച് 1:1 എന്ന അനുപാതത്തിൽ പുനഃക്രമീകരിക്കുകയാണെങ്കിൽ ധാരാളം പേർക്ക് പ്രൊമോഷനുള്ള സാദ്ധ്യതയുണ്ടാകുകയും ആ മേഖലയെ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സാഹചര്യമുണ്ടാകുകയും ചെയ്യുമെന്ന് ഈ അവസരത്തിൽ വിനയപൂർവ്വം അറിയിക്കുകയാണ്. വൈദ്യുതി മേഖലയെക്കുറിച്ച് ഒരു കാര്യം സൂചിപ്പിച്ച് അവസാനിപ്പിക്കാം. വൈദ്യുതി മേഖലയിൽ വിവര സാങ്കേതികവിദ്യ ഫലപ്രദമായി നടപ്പിലാക്കിയത് രാജ്യത്തിന് മാതൃകയാണ്. ടൂറിസം, സഹകരണം, വൈദ്യുതി എന്നീ മേഖലകളിൽ വലിയ മുന്നേറ്റമാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്താൻ കഴിഞ്ഞത്. അതിന് മുന്നിട്ട് നിൽക്കുന്ന രണ്ട് മന്ത്രിമാരെയും അവരുടെ വകുപ്പുകളെയും അഭിനന്ദിക്കുന്നതിനും ആശംസകൾ അർപ്പിക്കുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സഹകരണവുമായി ബന്ധപ്പെട്ട് പറയുമ്പോൾ കേരള ബാങ്കിനെക്കുറിച്ച് പരാമർശിക്കാതിരിക്കാൻ കഴിയില്ല. ഇതിനോടുള്ള എതിർപ്പും വിയോജിപ്പും ഒന്നും ഇനി പറഞ്ഞിട്ട് കാര്യമില്ല. ഈ ബാങ്കുമായി മുന്നോട്ടുപോകാൻ സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. ശ്രീറാം കമ്മിറ്റി റിപ്പോർട്ടും ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സഹകരണരംഗത്തെ ത്രീടയർ സംവിധാനത്തെ ടൂടയർ സംവിധാനമാക്കുകയാണ്. ഇതിൽ ഇപ്പോഴും വ്യക്തതയില്ലാത്ത കുറച്ച് കാര്യങ്ങളുണ്ട്. സംസ്ഥാനവും ലക്ഷക്കണക്കിന് നിക്ഷേപകരും ജീവനക്കാരുമൊക്കെയായി ബന്ധപ്പെട്ട കാര്യമാണ്. 54 ലക്ഷം വ്യക്തിഗത ഇടപാടുകളും 803-ൽപ്പരം ബ്രാഞ്ചുകളും ഒരു ലക്ഷം കോടി നിക്ഷേപവുമുള്ള ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ചാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്. ഇങ്ങനെ ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ചിട്ട് വരുന്ന കേരള ബാങ്ക് വ്യക്തിഗത ബാങ്കിംഗ് ഇടപാടുകളിൽനിന്ന് പിന്നോട്ട് പോകുകയാണ്. റീട്ടെയിൽ ബാങ്കിംഗ് പ്രാഥമിക സഹകരണ സംഘങ്ങളെ ഏൽപ്പിക്കുകയാണ്. റീട്ടെയിൽ ബാങ്കിംഗ് പിന്നീട് സർവീസ് സഹകരണ ബാങ്കുകൾക്കാണ്. അങ്ങനെ ചെയ്യണമെന്നാണ് ടാസ്ക് ഫോഴ്സിന്റെ പ്രധാനപ്പെട്ട ശിപാർശ. അതോടെ അപ്രസക്തമാകുന്ന ജില്ലാ ബാങ്ക് ബ്രാഞ്ചുകൾ അടച്ചുപൂട്ടും. 800-ൽപ്പരം ജില്ലാ ബാങ്ക് ബ്രാഞ്ചുകളിൽ 100-ഓളം ബ്രാഞ്ചുകൾ ഉപയോഗപ്പെടുത്തിയാൽപ്പോലും ബാക്കി ബ്രാഞ്ചുകൾ അടച്ചുപൂട്ടേണ്ടിവരും. പകരം നിയമാനുസൃതമുള്ള ബാങ്കിംഗ് പ്രവർത്തനത്തിന് അനുമതിയില്ലാത്ത പ്രാഥമിക

സംഘങ്ങൾക്ക് ആ ചുമതല നൽകുകയാണ്; അതെങ്ങനെ കഴിയും? പ്രാഥമിക സഹകരണ സംഘങ്ങൾക്ക് റിസർവ് ബാങ്കിന്റെ ലൈസൻസില്ല. അവർക്ക് ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. പലപ്പോഴും റിസർവ് ബാങ്കിന്റെ ഇടപെടൽമൂലം പല ഘട്ടങ്ങളിലും ബാങ്ക് എന്ന പേരുപോലും പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മാറ്റേണ്ടിവന്നിട്ടുണ്ട്. ബാങ്കിംഗ് പ്രവർത്തനം നടത്താൻ അനുമതിയില്ലാത്ത പ്രൈമറി ക്രെഡിറ്റ് സൊസൈറ്റികളോട് നേരിട്ട് ബാങ്കിംഗ് പ്രവർത്തനം നടത്താൻ പറയുകയും ജില്ലാ ബാങ്കുകളുടെ നിക്ഷേപങ്ങളും അക്കൗണ്ടും സംസ്ഥാന ബാങ്കിൽ ലയിപ്പിച്ച് ബാങ്കിംഗ് പ്രവർത്തനത്തിൽ നിന്ന് പുറകോട്ട് പോകുകയും ചെയ്താൽ അത് ഇന്ന് സഹകരണ രംഗത്തുള്ള ലക്ഷക്കണക്കിന് നിക്ഷേപകരെ മറ്റ് ബാങ്കുകളിലേയ്ക്ക് പറഞ്ഞയയ്ക്കുകയായിരിക്കും ചെയ്യുക. സർക്കാരിന്റെ യുക്തിരഹിതമായ പ്രവർത്തനം കാരണം ജില്ലാ ബാങ്കിന്റെ നിലവിലുള്ള ഇടപാടുകാർ മറ്റ് വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറാൻ ഇടയാക്കും. ഇങ്ങനെയൊരു പ്രതിസന്ധിവരുമ്പോൾ അതിൽ കൃത്യമായ പരിഹാരമോ കാഴ്ചപ്പാടോ സർക്കാരിനില്ല. ത്രീ ടയർ സംവിധാനം ടു ടയർ ആക്കിക്കൊണ്ട് കേരള ബാങ്ക് രൂപീകരിക്കുകയാണ്. ജില്ലാ ബാങ്കുകളെ മുഴുവനും സംസ്ഥാന ബാങ്കിൽ ലയിപ്പിക്കുകയാണ്. ഇതൊക്കെ ശരിയാണെങ്കിലും ഇവിടെയൊരു കാഴ്ചപ്പാടിന്റെ കുറവുണ്ട്. ഇതിൽ വ്യക്തമായ പരിഹാരം കണ്ടില്ലെങ്കിൽ നമ്മളും നിങ്ങളും ഈ രാജ്യത്തെ സഹകാരികളുമൊക്കെ കഷ്ടപ്പെട്ടുണ്ടാക്കിയെടുത്ത ഇന്ത്യയിലെതന്നെ സഹകരണ മേഖലയിലെ നമ്പർ വൺ ആണ് നമ്മുടെ സംസ്ഥാനം എന്നുള്ള വലിയ ഒരു നേട്ടം, ഒരു കാഴ്ചപ്പാടിന്റെ അഭാവംകൊണ്ട് നമുക്ക് നഷ്ടപ്പെടാൻ ഇടയുണ്ട് എന്നുള്ള വിവരം ഈ ചർച്ചയിൽ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ, കേരളാ ബാങ്ക് വരുമ്പോൾ മറ്റ് ചില പ്രതിസന്ധികളൊക്കെയുണ്ടാകും. ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുണ്ട്. ജീവനക്കാർ പരിരക്ഷിക്കപ്പെടുമെന്നും അവരുടെ മറ്റ് വ്യവസ്ഥകളും പ്രൊമോഷനുമൊക്കെ സംരക്ഷിക്കപ്പെടുമെന്നും നമുക്ക് കരുതാം. അത് ജീവനക്കാർ സർക്കാരുമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. പക്ഷെ ത്രീടയർ സംവിധനം ടൂടയർ ആകുകയും ശ്രീറാം കമ്മിറ്റിയും ടാസ്ക് ഫോഴ്സും മുന്നോട്ടുവച്ചിട്ടുള്ള ചില നിർദ്ദേശങ്ങളിലെ അപ്രായോഗികതയുംകൊണ്ട് സഹകരണരംഗം തകരുന്ന ഒരു സ്ഥിതിയുണ്ടാകരുത്.

വൈദ്യുതിയുമായി ബന്ധപ്പെട്ട് 1987-വരെ നമ്മൾ മിച്ച സംസ്ഥാനമായിരുന്നു. ഇന്ന് 20 മുതൽ 40 ദശലക്ഷം യൂണിറ്റ് വൈദ്യുതിവരെ പ്രതിദിനം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വാങ്ങേണ്ട ദുരവസ്ഥയാണ് നമുക്കുള്ളത്. നമ്മൾ വാങ്ങുന്ന വൈദ്യുതിക്കായി കോടിക്കണക്കിന് രൂപ ഓരോ വർഷവും അന്യ

സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുകയാണ്. ഇവിടെ മുടങ്ങിക്കിടക്കുന്ന ധാരാളം വൈദ്യുത പദ്ധതികളുണ്ട്. ഈ രണ്ടുവർഷംകൊണ്ട് മുടങ്ങിക്കിടക്കുന്നതാണെന്ന് പറയുന്നില്ല, പക്ഷെ വൈദ്യുതി വകുപ്പിന്റെ ഒരു ചർച്ച എന്നുള്ള നിലയ്ക്ക് ഒരു അക്കാദമിക് ഇന്ററസ്റ്റോടുകൂടി നമ്മളത് കാണണം, അത് പൂർത്തീകരിക്കാനുള്ള ഇടപെടലുണ്ടാകണം. പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ടിന് ഇതുവരെ നമ്മുടെ സംസ്ഥാന ഖജനാവിൽനിന്ന് ചെലവാക്കിയത് 2000 കോടി രൂപയാണ്. അത് എന്ന് പൂർത്തിയാകുമെന്ന് യാതൊരു ധാരണയുമില്ല. റാമെറ്റീരിയലുകൾ തുരുമ്പ് പിടിക്കുകയാണ്. നാലുവർഷംകൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നുവർഷംകൂടി എക്സ്റ്റൻഷൻ നൽകിയിട്ടുണ്ട്. കഴിഞ്ഞ 20 വർഷമായി ഒരു ജലവൈദ്യുത പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. തൊട്ടിയാർ, വഞ്ചിയം, ഭൂതത്താൻകെട്ട്, ചെങ്കുളം ഓഗ്മെന്റേഷൻ, ചാത്താൻകോട്ടുനട തുടങ്ങിയ പദ്ധതികളെല്ലാം പൂർത്തിയാകേണ്ട സമയം കഴിഞ്ഞു. ഇപ്പോഴും എന്ന് പൂർത്തിയാകുമെന്ന് നമുക്ക് പറയാൻ കഴിയുന്നില്ല. 20 ശതമാനം പണി പൂർത്തിയായത്, 40 ശതമാനം പൂർത്തിയായത് എന്നിങ്ങനെയുള്ള ചാർട്ട് തന്നെയുണ്ട്. ഇതൊക്കെ പെട്ടെന്ന് പൂർത്തീകരിക്കാനുള്ള ഒരു ഇടപെടലുണ്ടാകണം. ഇങ്ങനെ പൂർത്തിയാകാത്ത പദ്ധതികൾക്കുവേണ്ടി 10,000 കോടി രൂപയാണ് നമ്മുടെ ഖജനാവിൽനിന്ന് ചോർന്നത്. വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നല്ല ഉദ്ദേശ്യത്തോടുകൂടി തുടങ്ങിയ പകുതിയും മുക്കാൽ ഭാഗവും 25 ശതമാനവും പണി പൂർത്തിയായ, ബാക്കി റാമെറ്റീരിയലുകൾ തുരുമ്പ് പിടിച്ചുകൊണ്ടിരിക്കുന്ന ഈ ജല വൈദ്യുത പദ്ധതികൾക്കുവേണ്ടി നമ്മുടെ ഖജനാവിൽനിന്ന് ഒരു റിട്ടേൺസുമില്ലാതെ മുടക്കിയിട്ടുള്ളത് 10,000 കോടി രൂപയാണ് എന്നുള്ള കാര്യം വളരെ ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. ഇവിടെ ഊർജ്ജ പ്രതിസന്ധി വർദ്ധിക്കുമ്പോൾ സർക്കാർ ഉണരണം. വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. എം. എം. മണിയുടെ പ്രസംഗമൊക്കെ നമുക്ക് വലിയ ഇഷ്ടമാണ്; ഒരു കഥകളി കാണുന്ന താൽപ്പര്യത്തോടുകൂടിയാണ് ഞാനത് കാണാറുള്ളത്. നല്ല ഭാവപ്പകർച്ചയുള്ള, നിറഞ്ഞാടുന്ന പ്രസംഗമാണ് അദ്ദേഹത്തിന്റേത്. ആ പ്രസംഗത്തിന്റെ ഒരു പ്രതിഫലനം വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളിലും കാണണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതൊരു പോസിറ്റീവായ വിമർശനമാണ്. നല്ല രീതിയിലുള്ള പ്രവർത്തനം ഈ രംഗത്തുണ്ടാകണം. അനുമതി ലഭിച്ച ജലവൈദ്യുത പദ്ധതികൾ ഉടൻ പൂർത്തീകരിക്കണം. മറ്റ് വഴികളിലൂടെയുള്ള വൈദ്യുത പദ്ധതികൾ നമുക്ക് പെട്ടെന്ന് സജീവമാക്കേണ്ടതുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത് സോളാർ വൈദ്യുതിയാണ്. സോളാർ വൈദ്യുതി വ്യാപകമാക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകണം. എന്റെ

നിയോജക മണ്ഡലത്തിലെ അട്ടപ്പാടിയിൽ ധാരാളം കാറ്റാടി യന്ത്രങ്ങളുണ്ട്. ആദിവാസികളുടെ ഭൂമിയിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് അവർക്ക് ലാഭവിഹിതം നൽകുന്ന ഒരു പുതിയ പദ്ധതിക്ക് ഇപ്പോൾ തുടക്കം കുറിച്ചിട്ടുണ്ട്. പക്ഷെ അതിന് വേണ്ടത്ര സ്പീഡ് പോരാ. ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളല്ലാതെ മറ്റ് മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന തിനെക്കുറിച്ച് ആലോചിക്കുമ്പോൾ കാറ്റാടി യന്ത്രങ്ങളെ വിസ്മരിക്കാൻ കഴിയില്ല. അട്ടപ്പാടിയിൽ വ്യാപകമായി ആദിവാസികൾക്കുകൂടി ഗുണംചെയ്യുന്ന തരത്തിലുള്ള പദ്ധതികളുണ്ടാകേണ്ടതുണ്ട്. അതുപോലെ വൈദ്യുതി എത്താത്ത മലയോര മേഖലയിലെ ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടിയുണ്ടാകണം. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 65 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്ന് നൽകിയെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് പല ഊരുകളിലേയ്ക്കും ഇപ്പോഴും വൈദ്യുതി എത്തുന്നില്ല. കെ.എസ്.ഇ.ബി., വനം വകുപ്പുകളുടെ ഉന്നതതല യോഗം ചേർന്ന് ഇങ്ങനെ എവിടെയൊക്കെയാണ് തടസ്സമുള്ളതെന്ന് കണ്ടെത്തി അത് പരിഹരിക്കണം.

ടൂറിസവുമായി ബന്ധപ്പെട്ട് ഇക്കോ ടൂറിസവും ഫാം ടൂറിസവും വികസിപ്പിക്കണം. നമ്മുടെ കാടുകളും അതിനോട് ചേർന്ന പ്രകൃതിഭംഗിയും മലയും കുന്നും പുഴയും നെൽപ്പാടങ്ങളും എല്ലാം ചേർന്നുള്ള പ്രകൃതിഭംഗി ആസ്വദിക്കാനും അനുഭവിക്കാനുമൊക്കെ ആളുകൾക്ക് താൽപ്പര്യമുണ്ട്. പക്ഷെ, അതിന് ഇന്ന് പദ്ധതികളില്ല. മണ്ണാർക്കാട്, സൈലന്റ് വാലി, ശിരുവാണി, കാഞ്ഞിരപ്പുഴ, പാത്രക്കടവ് എല്ലാം കൂടിച്ചേർന്ന് ഒരു ഇക്കോ ടൂറിസം സർക്യൂട്ട് സ്ഥാപിക്കണമെന്നുള്ള എന്റെ ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. അത് ഇക്കോ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തണം. മദ്യനയത്തെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. മദ്യനയവുമായി ബന്ധപ്പെട്ട് വലിയ ദ്രോഹമാണ് ഈ സർക്കാർ ചെയ്തത്. ഇതിലും ഭേദം മദ്യ വിൽപ്പന കുടിൽ വ്യവസായമായി പ്രഖ്യാപിക്കാമായിരുന്നു. വ്യാപകമായി കുടിൽ വ്യവസായമായി മദ്യം കൊടുത്തോട്ടെ. മദ്യ ലോബിക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന പ്രത്യുപകാരമാണിത്. മുൻ സർക്കാരിനെതിരെ പ്രചരണം നടത്തിയതിന്, നിങ്ങളെ തെരഞ്ഞെടുപ്പുകളിൽ സാമ്പത്തികമായി സഹായിച്ചതിനൊക്കെയുള്ള പ്രത്യുപകാരം. ഞങ്ങൾ പൂട്ടിയ ബാറുകളെല്ലാം നിങ്ങൾ തുറന്നു; ദൂരപരിധി കുറച്ചു; പഞ്ചായത്തിന്റെ അധികാരം നിങ്ങൾ തിരിച്ചെടുത്തു. എല്ലാ പഞ്ചായത്തുകളെയും നഗരസ്വഭാവമുള്ളതാക്കി കണക്കാക്കി കേരളം മുഴുവനും മദ്യം ഒഴുക്കുന്ന ഈ നിലപാട് കേരള ജനതയോടും പുതുതലമുറയോടും ചെയ്യുന്ന പാതകമാണ്. ഇത് തിരുത്തിയില്ലെങ്കിൽ കേരളം മുഴുവനും നിങ്ങൾക്കെതിരെ ഉണരും എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

12.00 PM]

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രതിസന്ധിയുണ്ടെങ്കിലും ലോഡ് ഷെഡ്ഡിംഗ് ഇല്ലാതെ വൈദ്യുതി വിതരണം നടത്തുന്ന വൈദ്യുതി വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. മറ്റ് രണ്ട് വകുപ്പുകളും നല്ല രീതിയിൽത്തന്നെ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പ്രസംഗിച്ചപ്പോൾ തെറ്റായ ഒരു പരാമർശം നടത്തി. അതാണ് ഞാൻ ആദ്യം ചൂണ്ടി കാണിക്കാനുദ്ദേശിക്കുന്നത്. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിക്ക് 255 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 2000 കോടി രൂപ ചെലവഴിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. 2009-ലാണ് അതിന്റെ പണി ആരംഭിച്ചത്. 2011 വരെ ഒരു കുഴപ്പവുമില്ലാതെ നടന്നുപോയ പദ്ധതി ഇപ്പോൾ പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് അതിന്റെ പണി ആരംഭിച്ചതെന്ന കാര്യംകൂടി ഇദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇതിൽ ഏറ്റവും വലിയ പ്രശ്നം, നമ്മുടെ ഒരു ദിവസത്തെ വൈദ്യുതിയുടെ ഉപയോഗം 67.76 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വെറും 11.57 ലക്ഷം യൂണിറ്റും പുറത്തുനിന്നും വാങ്ങുന്നത് 56.22 ദശലക്ഷം യൂണിറ്റുമാണ്. നമ്മുടെ ഭാവി എങ്ങോട്ടാണ്? ഭരണകക്ഷിയും പ്രതിപക്ഷവും ആലോചിക്കേണ്ടതാണ്. നമ്മുടെ ഭാവി തലമുറയെ ഇതെങ്ങനെ ബാധിക്കും; ഇങ്ങനെ പോയാൽ മതിയോ എന്നുള്ളത് വളരെ ഗൗരവമായി ആലോചിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ അതിവേഗമാണ് ഓരോ പദ്ധതിയും പൂർത്തീകരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളുടെ പേരിൽ നമ്മുടെ പല പദ്ധതികളും ഇല്ലാതെയായി. ഏറ്റവും ചീപ്പായി വൈദ്യുതി ലഭിക്കുന്നത് ഹൈഡൽ പ്രോജക്ടിൽ നിന്നാണ്. പരിസ്ഥിതിയുടെ പേരിൽ നമ്മുടെ എല്ലാ പദ്ധതികളും മുടങ്ങുമ്പോൾ മറ്റ് സംസ്ഥാനങ്ങൾ എങ്ങനെ പദ്ധതികൾ നേടിയെടുക്കുന്നു എന്ന് മനസ്സിലാക്കണം. ഇപ്പോഴത്തെ പുതിയ പാരിസ്ഥിതിക നയത്തിന്റെ പേരിൽ ശ്രമിച്ചാൽ കുറേയൊക്കെ നേടിയെടുക്കാൻ സാധിക്കും. ഇതിൽ പ്രധാനപ്പെട്ടത് ഞാൻ പറയാം. അരുണാചൽ പ്രദേശ് നാലു കൊല്ലത്തിനുള്ളിൽ 14 പദ്ധതികൾ നേടിയെടുത്തിട്ടുണ്ട്. ഹിമാചൽ പ്രദേശ് 15 എണ്ണവും ജമ്മു കാശ്മീർ 6 എണ്ണവും സിക്കിം 12 എണ്ണവും ഉൾപ്പെടെ 69 പദ്ധതികൾ നേടിയെടുത്തു. പരിസ്ഥിതിക്ക് വളരെയധികം ദോഷം വരുന്ന പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയുണ്ടായി.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ദീർഘകാലം അരുണാചൽ പ്രദേശിന്റെ ചാർജ്ജുണ്ടായിരുന്ന എ.ഐ.സി.സി. ഭാരവാഹിയായിരുന്നു. അരുണാചൽ പ്രദേശിൽ വൻകിട ജലവൈദ്യുത

പദ്ധതികളില്ല. ചൈനയിൽ നിന്ന് ഒഴുകിവരുന്ന സിയാൻ നദിയിൽ ഒരു അണക്കെട്ട് നിർമ്മിച്ചാൽ ഇന്ത്യക്ക് ആവശ്യമായ മുഴുവൻ വൈദ്യുതിയും ലഭിക്കും. പക്ഷെ നോർത്ത് ഈസ്റ്റ് മുഴുവൻ വെള്ളത്തിനടിയിലാകും. അവർ വിഭാവനം ചെയ്യുന്നത് ചെറിയ ജലവൈദ്യുത പദ്ധതികളാണ്. അതുകൊണ്ടാണ് സിയാൻ, ബ്രഹ്മപുത്ര, യമുന എന്നീ നദികളിലൊന്നും വലിയ അണക്കെട്ടുകൾ നിർമ്മിക്കാത്തത്. നമുക്ക് ആവശ്യം വൻകിട ജലവൈദ്യുത പദ്ധതികളല്ല, ചെറുകിട ജലവൈദ്യുത പദ്ധതികളാണെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങ് പറയുന്നത് കുറേ ശരിയാണെങ്കിലും ചൈന ബ്രഹ്മപുത്രയിൽനിന്ന് ഡൈവർട്ട് ചെയ്ത് വലിയ രീതിയിലുള്ള സ്കീമാണ് ഇപ്പോൾ തയ്യാറാക്കുന്നത്. ബ്രഹ്മപുത്ര നദിയിൽനിന്ന് ഒഴുകി വരുന്ന വെള്ളത്തിൽ കലർപ്പുണ്ടെന്നുള്ള റിപ്പോർട്ട് പത്രവാർത്തകളിൽ വന്നതാണ്. ഏറ്റവും വലിയ പദ്ധതിയാണ് ചൈന അവിടെ ചെയ്യുന്നത്. അതുകൂടി നാം മനസ്സിലാക്കണം. നമ്മുടെ തൊട്ടടുത്ത ആന്ധ്രാ പ്രദേശിൽ പോലാവാരം പദ്ധതി നിലവിലുണ്ട്. എൻ.ഡി.എ. സർക്കാരുമായി ശ്രീ. ചന്ദ്രബാബു നായിഡു ഇപ്പോൾ തെറ്റാനുണ്ടായ കാരണങ്ങളിലൊന്ന് ഇതാണ്. 5350 കോടി രൂപ ചെലവഴിച്ച് അദ്ദേഹത്തിന്റെ ഭരണകാലത്ത് തുടങ്ങിയ പദ്ധതി അദ്ദേഹത്തിന്റെ കാലത്തുതന്നെ അവസാനിപ്പിക്കാൻ പോകുകയാണ്. അത്രയും താൽപ്പര്യത്തോടുകൂടി, ആ പദ്ധതി പൂർത്തിയാക്കാൻവേണ്ടി 32 തവണയാണ് അദ്ദേഹം എം.പി. മാരുടെയും മറ്റും മീറ്റിംഗ് വിളിച്ചത്. മറ്റുള്ള സംസ്ഥാനങ്ങൾ അങ്ങനെയാണ് കാര്യങ്ങൾ ചെയ്യുന്നത്. നമ്മൾ ഇവിടെ പരസ്പരം ചെളിവാരി എറിഞ്ഞതുകൊണ്ട് കാര്യമില്ല. നമ്മൾ നമ്മുടെ തലമുറകൾക്കെങ്കിലും പ്രയോജനം ലഭിക്കാവുന്ന പ്രോജക്ട് തയ്യാറാക്കിയെടുത്തില്ലെങ്കിൽ വലിയ പ്രയാസമുണ്ടാകുമെന്നാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്. കേരളത്തിൽ ഇപ്പോൾ നമുക്ക് ചെയ്യാൻ കഴിയുന്ന പൂയംകുട്ടി, പെരിഞ്ഞാൻകുറ്റി, ആനമലയാർ, മണലിയാർ, കുരിയാർകുറ്റി എന്നീ അഞ്ച് പദ്ധതികളുണ്ട്. 1997-ൽ ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിൽ ഈ പദ്ധതികളൊക്കെ ചെയ്യാൻ ശിപാർശ ചെയ്തതാണ്. അതിൽ വേറെ പത്ത് പദ്ധതികൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രമിച്ചാൽ നമുക്ക് ചെയ്യാൻ യാതൊരു തടസ്സവുമില്ലാത്തതാണ്. നേരത്തെ ഇത് കോടതിയുടെ അധികാര പരിധിയിലായിരുന്നു. അത് മാറ്റി ഇപ്പോൾ പരിസ്ഥിതി വകുപ്പിന്റെ കീഴിലാക്കിയതോടുകൂടി കുറേക്കൂടി സാദ്ധ്യതയുണ്ട്. വൈദ്യുത വകുപ്പുമന്ത്രി നന്നായി ഒരു ശ്രമം നടത്തിയാൽ നമുക്കിത് നടപ്പിലാക്കാൻ സാധിക്കും. രണ്ടുദിവസം മുമ്പ് കേന്ദ്ര സർക്കാർ പാർലമെന്റിൽ സോളാർ വൈദ്യുതിയെ സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി. 42,000 കോടി രൂപയാണ് ആ പദ്ധതിക്കുവേണ്ടി നീക്കിവയ്ക്കാൻ പോകുന്നത്. മറ്റൊരു പുതിയ പദ്ധതിയും —അവിടെ അനൗൺസ് ചെയ്തിട്ടുണ്ട്. കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉധാൻ മഹാ അഭിയാൻ (കുസുമ-

Kisan Urja Suraksha evam Utthaan Maha abhiyan) എന്ന വളരെ പ്രയോജനമുള്ള പദ്ധതിയാണത്. നമുക്കത് ഉപയോഗിക്കണം. ഗുജറാത്തിൽ ആറ് കൃഷിക്കാർ ചേർന്ന് ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചാണ് ഇത് തുടങ്ങിയത്. ഇപ്പോഴത് കേന്ദ്ര സർക്കാരും കർണ്ണാടക സർക്കാരും ഏറ്റെടുത്തു. വളരെയധികം പ്രയോജനമുള്ള ഒരു പദ്ധതിയാണത്. ആത്മഹത്യ ചെയ്യുന്ന കൃഷിക്കാർക്ക് വരുമാനമുണ്ടാക്കുന്ന നല്ല രീതിയിലുള്ള പദ്ധതിയാണ്. ഗുജറാത്തിൽ ഇലക്ട്രിസിറ്റി ചാർജായി ഏഴ് രൂപയാണ് ഇലക്ട്രിസിറ്റി ബോർഡ് നൽകാൻ തീരുമാനിച്ചത്. ആറ് രൂപ ലോണായി നൽകും. സർക്കാരിന് ഒരു പൈസയും ചെലവായില്ല. ഒരു രൂപ കർഷകന് ലാഭവും നൽകും. ആ പദ്ധതി വളരെ വിജയമായിരുന്നു. കൊളംബോയിലെ ഒരു ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ടാണ് പദ്ധതി ഏറ്റെടുത്ത് ചെയ്തുകൊടുത്തത്. അത് ഭംഗിയായി പ്രവർത്തിച്ചു. ഇപ്പോൾ ഗുജറാത്തിലുള്ള മുഴുവൻ കൃഷിക്കാരും ആ രീതിയിൽ പോകുകയാണ്. ഞാൻ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയോടും ഊർജ്ജവകുപ്പ് സെക്രട്ടറിയോടും ഇക്കാര്യം നേരിട്ട് സംസാരിച്ചിരുന്നു. എന്റെ നിയോജക മണ്ഡലത്തിൽ ഏഴായിരം കണക്ഷനുണ്ട്. ഏഴായിരം കണക്ഷന് ഇലക്ട്രിസിറ്റി ഇനത്തിൽ അഗ്രികൾച്ചറൽ സബ്സിഡിയായി ഒരുവർഷം സർക്കാർ നൽകുന്നത് ഒമ്പത് കോടി രൂപയാണ്. ആ ഒമ്പത് കോടിരൂപ മാറ്റിയെടുത്താൽ കൃഷിക്കാർക്കും ഇലക്ട്രിസിറ്റി ബോർഡിനും സർക്കാരിനും ലാഭമുണ്ടാകും. അത്തരത്തിലൊരു പ്രോജക്ട് വന്നാൽ അത് അങ്ങ് പരിഗണിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഞാൻ അതിന്റെ പ്രാഥമിക പഠനം നടത്തിയതുകൊണ്ടാണ് പറയുന്നത്. കൃഷിക്കാർക്ക് അതുകൊണ്ട് വലിയ പ്രയോജനം ലഭിക്കും. അതുപോലെതന്നെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നല്ല പദ്ധതിയുണ്ട്. ആ പദ്ധതികൾ വാങ്ങിയെടുക്കാനുള്ള ഗൗരവമായ ശ്രമം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സഹകരണത്തെക്കുറിച്ച് രണ്ട് വാക്ക് പറയണ മെന്നുണ്ടായിരുന്നു. സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ഇപ്പോൾ വാണിജ്യ ബാങ്കുകളൊക്കെ വിശ്വാസമില്ലാതെ പോകുമ്പോൾ സഹകരണ ബാങ്കുകൾക്ക് നല്ല അവസരമാണുണ്ടാകുന്നത്. പക്ഷെ നമ്മുടെ സാങ്കേതിക വിദ്യയിൽ ഘടനാപരമായ മാറ്റം വരുത്താനുള്ള ശ്രമം നടത്തണം. സഹകരണ സംഘത്തോട് താൽപ്പര്യമുള്ളവരുടെ ഒരു യോഗമെങ്കിലും അങ്ങയുടെ നേതൃത്വത്തിൽ കൂടേണ്ടതുണ്ട്. ധാരാളം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വയ്ക്കാനുണ്ട്. അതിനുള്ള അവസരമൊരുക്കി സഹകരണ രംഗത്ത് വലിയൊരു മാറ്റമുണ്ടാക്കിയെടുക്കാൻ സാധിക്കുന്ന രീതിയിൽ പ്രവർത്തിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. വി. ജോയി: സർ, സഹകരണം, വിനോദസഞ്ചാരം, വൈദ്യുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രസംഗകലയുടെ ആശാനായ ശ്രീ.

എം. എം. മണി വൈദ്യുതി വകുപ്പ് വളരെ ഭംഗിയായി കൈകാര്യം ചെയ്യുന്നുണ്ട്. രാജ്യത്ത് സമ്പൂർണ്ണ വൈദ്യുതിയെക്കുറിച്ച് ആലോചന തുടങ്ങിയ ഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സംസ്ഥാനമായി കേരളം മാറി. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നത് മറ്റൊരു കാര്യത്തിനുകൂടിയാണ്. പാവപ്പെട്ട ആളുകൾക്ക് പാവപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ ധാരാളം നൂലാമാലകളുണ്ടായിരുന്നു. അതൊക്കെ മാറ്റി നൂറ് ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശംതന്നെ വേണ്ടെന്നുള്ള ശക്തമായ നിലപാടെടുത്ത അങ്ങയെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. വിനോദ സഞ്ചാര മേഖലയും സഹകരണവും ദേവസ്വവും അതിന്റെ പാരമ്യത്തിലെത്തിച്ച് പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. വിനോദ സഞ്ചാരം ഇന്ന് ഏറ്റവും പ്രധാനപ്പെട്ടൊരു മേഖലയായി മാറിയിട്ടുണ്ട്. Responsible tourism നമ്മുടെ നയത്തിന്റെ ഭാഗമായിത്തന്നെ രാജ്യത്ത് നടപ്പിലാക്കിവരികയാണ്. അതുമായി ബന്ധപ്പെട്ട ടൂറിസം നയം നാം പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. ടൂറിസവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ അവസരം വിനിയോഗിക്കുന്നത്. ഒന്ന്, ശ്രീനാരായണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കുറെ സെന്ററുകൾ ചേർത്തുകൊണ്ട് ശ്രീനാരായണ സർക്യൂട്ട് നാം രൂപകൽപന ചെയ്തു. അതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിനുള്ള കാര്യങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നതാണ് ഒരു പ്രധാനപ്പെട്ട കാര്യം. രണ്ട്, ടൂറിസവുമായി ബന്ധപ്പെട്ട് ഓരോ സ്ഥലത്തും ധാരാളം ഭൂമിയുണ്ടെങ്കിലും അതൊന്നും ഉപയോഗപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് വേളിയിൽ ടൂറിസം വകുപ്പിന്റെ ധാരാളം ഭൂമിയുണ്ട്. ഇതെല്ലാം നന്നായി ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. ടൂറിസ്റ്റ് സെന്ററുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് പ്രത്യേകമായ ശ്രദ്ധയുണ്ടാകണം. ടൂറിസം മേഖലയിൽ മാലിന്യം പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ലോകത്ത് സഹകരണ പ്രസ്ഥാനം ആരംഭിച്ചിട്ട് 104 വർഷമായി. സഹകരണ പ്രസ്ഥാന രംഗത്ത് ഏറ്റവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇവിടെ സഹകരണ നയം നടപ്പിലാക്കാൻ മുൻകയ്യെടുത്ത ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയെ എത്രതന്നെ പ്രശംസിച്ചാലും മതിയാകുകയില്ല.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ]

മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന തരത്തിലാണ് അദ്ദേഹം സഹകരണ നയം രൂപപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങളുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനവും, പട്ടിണി ഇല്ലാതാക്കലും നയത്തിന്റെ ഭാഗമാണ്. 1973-1974 വർഷങ്ങളിൽ 59.74 ശതമാനമായിരുന്ന ദാരിദ്ര്യാവസ്ഥ

11.30 ശതമാനമായി കുറഞ്ഞു. വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിടാൻ സഹകരണ പ്രസ്ഥാനം നടത്തിയ പ്രവർത്തനമാണ് ഈ നിലയിലെത്തിച്ചതെന്ന് കാണാൻ സാധിക്കും. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഈ നയത്തിന്റെ ഭാഗമായി സ്വീകരിച്ച സമീപനവും കൃഷിക്കാരെ സഹായിക്കുന്ന സമീപനവും അതുപോലെ ലിംഗ സമത്വവുമായി ബന്ധപ്പെട്ട് ഡയറക്ടർ ബോർഡുകളിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. അമ്പതിനായിരം വനിതകളാണ് വിവിധ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളായിട്ടുള്ളത്. നയത്തിൽ ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യം കാർഷിക അടിസ്ഥാന സൗകര്യ വായ്പയെ സംബന്ധിച്ചാണ്. ഇന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാർഷിക വായ്പകൾ പത്ത് ശതമാനത്തിന് താഴെയാണ് നൽകുന്നതെന്നുള്ളതാണ്. പ്രകാശ് ബക്ഷി റിപ്പോർട്ടുതന്നെ അതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ഏറ്റവും കൂടുതൽ ദോഷമായി ബാധിക്കുന്ന ഇത്തരമൊരു സമീപനം നമ്മുടെ സഹകരണ സംഘങ്ങളിലൂടെ കൈകാര്യം ചെയ്യുകയാണ്. അത് ഈ നയത്തിന്റെ ഭാഗമായി 50 ശതമാനം കാർഷിക വായ്പയിലേക്കാണ് എത്തിക്കുന്നത്. കാർഷിക രംഗത്തെ സഹായിക്കുന്നതിനാണ് സഹകരണ പ്രസ്ഥാനം വന്നിട്ടുള്ളത്. അപ്പക്സ് ഫെഡറേഷനെക്കുറിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചും ഇതിൽ സൂചിപ്പിക്കുന്നുണ്ട്. കേരളീയ സമൂഹം എത്രയോ കാലമായി മുറവിളികൂട്ടുന്നതാണ് സഹകരണ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നുള്ള പ്രവർത്തനം. നിക്ഷേപം സ്വീകരിക്കുന്ന കാര്യത്തിൽ സഹകരണാത്മകമായ സമീപനം തദ്ദേശഭരണ സ്ഥാപനങ്ങളുമായി എത്ര ചർച്ച ചെയ്താലും വരുന്നില്ല. എത്രയോ വർഷമായി നമ്മൾ ആഗ്രഹിക്കുന്ന കാര്യം നയത്തിന്റെ ഭാഗമായി അങ്ങ് കൊണ്ടുവന്നു. കേരളാ ബാങ്ക് വരുമ്പോൾ നാഷണലൈസ്ഡ് ബാങ്കുകളോ ഷെഡ്യൂൾഡ് ബാങ്കുകളോ നടപ്പിലാക്കുന്നതുപോലെ നമ്മുടെ നിക്ഷേപം സ്വീകരിക്കാനും പുതിയ സംവിധാനങ്ങളിലൂടെ ഉപയോഗപ്പെടുത്താനും കഴിയുന്ന തരത്തിലേയ്ക്ക് വരുമോയെന്നാണ് ഇതുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നത്. എത്രയും വേഗം കേരളാ ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. എസ്.ബി.ഐ.-പോലുള്ള ബാങ്കുകളുടെ കൊള്ളരുതായ്മ ഇന്ന് നമ്മുടെ നാട്ടിൽ കുടിവരികയാണ്. അതിനെ ചെറുത്തുതോൽപ്പിക്കാൻ, ശ്രീ. കെ. കൃഷ്ണൻകുട്ടി പറഞ്ഞതുപോലെ, വളരെ വേഗം അത് നടപ്പിലാക്കേണ്ടതുണ്ട്. സഹകരണ പ്രസ്ഥാനം സർവ്വവ്യാപിയാണ്. ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള സകല കാര്യങ്ങൾക്കും സഹകരണ പ്രസ്ഥാനം ആവശ്യമാണ്. നാട്ടിൽ ഒരു

വിഷയമുണ്ടാകുമ്പോൾ സഹകരണ പ്രസ്ഥാനം സഹായഹസ്തവുമായി എത്താറുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ, ഹരിതം സഹകരണം എന്ന ഹരിത കേരളം പദ്ധതിക്കുള്ള പിന്തുണ, അരിക്ഷാമം വന്നപ്പോൾ കൺസ്യൂമർഫെഡിന്റെയും സഹകരണ സ്ഥാപനങ്ങളുടെയും കൺസോർഷ്യം രൂപീകരിച്ച് ചെയ്ത കാര്യങ്ങൾ തുടങ്ങി നൂറുനൂറ് കാര്യങ്ങൾ സഹകരണമേഖല ഇടപെട്ട് ചെയ്തു കൊണ്ടിരിക്കുകയാണ്. ഏറ്റവും അവസാനം കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കണ്ണീരൊപ്പാനും സഹകരണ പ്രസ്ഥാനമുണ്ടായി. ഇവിടെ പ്രതിപക്ഷത്തുള്ള പലരും ഇത് നടപ്പിലാകുമോയെന്ന സംശയം ഉന്നയിച്ചു. കൃത്യതയോടുകൂടി പറഞ്ഞ തീയതിയിൽത്തന്നെ പെൻഷൻ നൽകാൻ സാധിച്ചു. അടുത്ത മാസത്തെ പെൻഷനടക്കം സഹകരണ ബാങ്കുകളിൽ എത്തിയിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, ഇൻകം ടാക്സുമായി ബന്ധപ്പെട്ടതാണ്. വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട കാര്യമാണത്. നമുക്ക് ഇൻകം ടാക്സ് സെക്ഷൻ 80P-യുടെ ആനുകൂല്യമുണ്ടായിരുന്നത് എടുത്തുകളഞ്ഞു. അതിനാൽ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ യഥേഷ്ടം സഹകരണ സ്ഥാപനങ്ങളിൽ കയറി പരിശോധന നടത്തുകയും പെനാലിറ്റി ഈടാക്കുകയും ചെയ്യുന്നു. അത്തരം നിരവധി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമുണ്ട്. നാം ഇടപെടേണ്ട വിഷയമാണിത്. സർവീസ് ടാക്സുകാരും ഇതുതന്നെയാണ് ചെയ്യുന്നത്. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് രൂപ പെനാലിറ്റി ഈടാക്കുന്നതിൽ അടിയന്തര ശ്രദ്ധയുണ്ടാകണം. സഹകരണ മേഖലയ്ക്ക് ദോഷം വരുത്തുന്ന ചില ഭരണസമിതികളും ജീവനക്കാരും വകുപ്പുദ്യോഗസ്ഥരും പ്രവർത്തിക്കുന്നുണ്ട്. അങ്ങ് അത് മനസ്സിലാക്കുന്നുണ്ടോ? അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങളിൽ ഗൗരവമായി നടപടിയെടുത്തതുപോലെയുള്ള ഒരു കാലഘട്ടം വേറെയുണ്ടായിട്ടില്ല. കുളത്തൂർ മാധവ വിലാസമാണെങ്കിലും അയിരൂപ്പാറയാണെങ്കിലും മാവേലിക്കരയാണെങ്കിലും കർശനമായ നിലപാട് സ്വീകരിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞു. അതിന് അങ്ങയെ ശ്ലാഘിക്കുകയാണ്. അഡാട്ടുമായി ബന്ധപ്പെട്ട് വന്ന വാർത്തയും സെക്രട്ടേറിയറ്റിലെ ഹൗസിംഗ് സഹകരണ സംഘവുമായി ബന്ധപ്പെട്ട് വന്ന വാർത്തയും അങ്ങ് ശ്രദ്ധിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

കമ്മ്യൂണിസ്റ്റ് പാർട്ടിയെയും നേതാക്കന്മാരെയും കുറിച്ച് മോശമായി സംസാരിച്ചാൽ അൽപ്പസമയത്തേയ്ക്ക് ചിലർക്ക് ന്യൂസ് വാല്യു ലഭിക്കാറുണ്ട്. നിയന്ത്രണമില്ലാതെ സംസാരിച്ച് സ്വയം അപമാനിതരാകുന്ന സ്ഥിതി ചില യുവ പ്രതിപക്ഷ എം.എൽ.എ.മാർ സ്ഥിരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രദ്ധിക്കേണ്ട കാര്യം, കഴിഞ്ഞ പ്രാവശ്യം ഒരു

യുവ എം.എൽ.എ. അഞ്ചു പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേര് എടുത്തു പറഞ്ഞു. മടിയിലിരുത്തി പേരിടുന്നതുപോലെയാണ് ഉച്ചരിക്കുന്നത്. ഒരു അംഗം ചോദ്യം ചോദിച്ചാലോ സബ്മിഷൻ ഉന്നയിച്ചാലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട ഇന്ന എം.എൽ.എ. എന്നാണ് സൂചിപ്പിക്കുന്നത്. അപ്പുറത്ത് 30 പേരും ഇപ്പുറത്ത് 90 പേരുമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പേര് ഏറ്റവും ജൂനിയറായ, ആദ്യമായി സഭയിൽ വരുന്നയാൾ അദ്ദേഹമിരിക്കുമ്പോൾത്തന്നെ ആവർത്തിച്ച് പറയുന്നത്, അദ്ദേഹത്തിന് ചിലപ്പോൾ വിഷമം തോന്നില്ലായിരിക്കും, എന്നാലും ഉള്ളിന്റെയുള്ളിൽ അതൊരു ശരിയായ രീതിയാണോ എന്ന് പരിശോധിക്കേണ്ട കാര്യമാണെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുന്നു. നാവിൽ നിന്നും ഉതിർന്നുവീണ ആലോചനാശൂന്യമായ വാക്കുകളുടെ തിക്തഫലം ഉണ്ടാകുമ്പോഴാണ് നാം പലതും പഠിക്കുന്നത്. ഒരു മനുഷ്യന്റെ സംസ്കാരം വിളിച്ചറിയിക്കുന്നത് അവന്റെ സംസാരത്തിന്റെ ഭാഗമായിട്ടാണെന്നത് നാം മനസ്സിലാക്കേണ്ടതാണ്. ത്രിപുരയിൽ സഖാവ് ലെനിന്റെ പ്രതിമ തകർത്തു. ആഹ്ലാദം കൊള്ളാം, സന്തോഷിക്കാം, ആരവം മുഴക്കാം, കയ്യടിക്കാം, ലെനിനെ സ്വേച്ഛാധിപതിയായി പറയാം എല്ലാം ചെയ്യാം. ലെനിനെ സ്വേച്ഛാധിപതിയായി പറഞ്ഞതിന് ശ്രീ. ഡി. കെ. മുരളി അടക്കമുള്ളവർ കഴിഞ്ഞ ദിവസം നല്ല മറുപടി പറഞ്ഞു. സഖാവ് ലെനിനെ സ്വേച്ഛാധിപതിയായി പറഞ്ഞ യുവ എം.എൽ.എ.യോട് എനിക്ക് പറയാനുള്ളത് അദ്ദേഹം ഒന്നുരണ്ട് കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ്. ഒന്ന്, നിങ്ങൾ സ്വേച്ഛാധിപതിയെന്ന് പറഞ്ഞ സഖാവ് ലെനിന്റെ നൂറാം പിറന്നാളിന്, ഇന്ദിരാ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുവേണ്ടി ഇന്ത്യയിൽ സ്റ്റാമ്പ് റിലീസ് ചെയ്തിട്ടുണ്ട്. On 22nd April, 1970 India Post released a stamp on the birth century of the former head of the Communist State Union of Soviet Socialist Republic. സഖാവ് ലെനിൻ സ്വേച്ഛാധിപതിയാണെങ്കിൽ ഇന്ദിരാ ഗന്ധിയെ സ്വേച്ഛാധിപതിയായി ഈ നേതാവ് കാണുമോ? ഇത് നടന്നത് 1970 ലാണ്. ആ യുവനേതാവ് ജനിച്ചത് 1978-ലാണ്. തന്റെതന്നെ പാർട്ടിയുടെ ഉന്നതയായ നേതാവ് ലെനിൻ ഇന്ത്യയ്ക്കുവേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് നൂറാം ജന്മദിനത്തിൽ സ്റ്റാമ്പ് റിലീസ് ചെയ്തു. അദ്ദേഹത്തെയാണ് സ്വേച്ഛാധിപതിയായി കാണുന്നത്. ജാലിയൻവാലാ ബാഗ് കൂട്ടക്കൊല നടന്നപ്പോൾ 1919-ൽ ആകെ ഒരു ലോകനേതാവാണ് അതിനെ അപലപിച്ചത്. അത് സഖാവ് ലെനിനായിരുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. വികസനത്തിനായി ദാഹിച്ച കേരളത്തിന്റെ രാഷ്ട്രീയ ആകാശത്ത് വിരിഞ്ഞ സപ്തവർണ്ണ മഴവില്ലാണ് പിണറായി സർക്കാരെന്ന് പറഞ്ഞാണ് മുൻ സഹകരണ വകുപ്പുമന്ത്രി സംസാരം

അവസാനിപ്പിച്ചത്. സഹകരണത്തിന്റെ കൊടിയടയാളം മഴവിൽ നിറമാണ്. മാനത്ത് ഏഴ് നിറങ്ങൾ തെളിമയോടെ വില്ലുപോലെ നിലകൊള്ളുന്നത് എതിർഭാഗത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടുമ്പോഴാണ്. പ്രതിസന്ധികളിൽ സഹായഹസ്തം നീട്ടി സുന്ദരമായ ആ മഴവില്ല്, എപ്പോഴെല്ലാം നാടിന് ആവശ്യം വരുമോ ആ സമയത്ത് സഹകരണ പ്രസ്ഥാനം കൈ നീട്ടി വരുമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളിൽ ഒന്ന് ഊർജ്ജ വകുപ്പിന്റേതാണ്. നമ്മുടെ അനുദിന ജീവിതവുമായി ഇഴചേർന്നു നിൽക്കുന്ന പ്രധാനപ്പെട്ട വകുപ്പാണ് വൈദ്യുതി വകുപ്പ്. ആധുനിക കാലഘട്ടത്തിൽ ഊർജ്ജ സംരക്ഷണരംഗം ഒഴിവാക്കാനാകാത്ത ഒന്നായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഇത് വളരെ ഗൗരവമായി കാണേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യത്തിന് പ്രധാനമായും ആശ്രയിക്കുന്നത് ജലവൈദ്യുതിയെയാണ്. പക്ഷെ ഇന്നത്തെ സാഹചര്യത്തിനനുസരിച്ചുള്ള വർദ്ധിച്ച ഊർജ്ജ പ്രതിസന്ധി ജലവൈദ്യുത പദ്ധതികളെ ആശ്രയിച്ചുമാത്രം മറികടക്കാൻ സാധിക്കുകയില്ല. നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ പ്രതിദിന ശരാശരി ഊർജ്ജ ഉപഭോഗമെന്നു പറയുന്നത് 74.13 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകതയുടെ 30 ശതമാനം മാത്രമാണ് ജലവൈദ്യുത നിലയങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നത്. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് ചെറുകിട ജലസേചന പദ്ധതികൾക്കാവശ്യമായിട്ടുള്ള മാർഗ്ഗങ്ങൾ നമ്മൾ സ്വീകരിക്കണം. നിർത്തിവച്ച പല പദ്ധതികളും പുനരാരംഭിക്കാനും ചില പദ്ധതികൾക്ക് ആരംഭം കുറിക്കാനും സാധിച്ചു. എന്നാൽ ഈ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് വന്നിട്ടുള്ള തടസ്സങ്ങൾ പരിഹരിച്ച് എത്രയും പെട്ടെന്ന് കൂടുതൽ ജലസ്രോതസ്സുകളിൽ ചെറുകിട വൈദ്യുതപദ്ധതികൾ കണ്ടെത്തുവാനായുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഇക്കഴിഞ്ഞ ദിവസം നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിയെ സംബന്ധിച്ച് പറയുകയുണ്ടായി. ടെണ്ടർ നടപടി പൂർത്തീകരിച്ചു. എട്ട് വീട്ടുകാരിൽ നിന്നുമുള്ള സ്ഥലം ഇനിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പവർ ഹൗസ് വരുന്ന സ്ഥലമാണ്. അത് ഏറ്റെടുക്കുന്നതിന് ബോർഡ് നഷ്ടപരിഹാരം നൽകിവരുന്ന രീതിയാണ് ഉണ്ടായിരുന്നതെങ്കിൽ, തോടും പുഴയും പുറമ്പോക്കും പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് നിലവിൽ റവന്യൂ വകുപ്പ് പഞ്ചായത്ത് വകുപ്പിൽനിന്നും

സ്ഥലമേറ്റെടുത്ത് കെ.എസ്.ഇ.ബി.-ക്ക് നൽകണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനുവരുന്ന കാലതാമസം ചെറുതല്ല. ഇത്തരത്തിലുള്ള നൂലാമാലകളുള്ളതുകൊണ്ടാണ് പല പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത്. ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി ആ പദ്ധതി വളരെ പെട്ടെന്ന് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയാണ് വേണ്ടത്. 2018 മാർച്ച് 8-ാം തീയതിയിലെ കണക്ക് പ്രകാരം ശരാശരി ഉൽപ്പാദനം 22.91 ദശലക്ഷം യൂണിറ്റ് മാത്രമാണ്. നിലവിലുള്ള ആഭ്യന്തര ഉൽപ്പാദന നിലയങ്ങളുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്തിയാൽപ്പോലും ഊർജ്ജാവശ്യത്തിന്റെ 30 ശതമാനത്തിലേയ്ക്ക് മാത്രമേ എത്താൻ സാധിക്കുന്നുള്ളൂ. നമ്മുടെ ഊർജ്ജാവശ്യം അനുസരിച്ച് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന പ്രവണതയാണ് നിലവിലുള്ളത്. സൗരോർജ്ജോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. സൗരോർജ്ജത്തിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ നിലവിലെ പ്രഖ്യാപിത ലക്ഷ്യം 2022-ൽ 1870 മെഗാവാട്ട് ശേഷി കൈവരിക്കുകയെന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് നമ്മൾ എത്രത്തോളം ജാഗ്രത പുലർത്തുന്നുണ്ടെന്നതും ഏറെ ചിന്തിക്കേണ്ട ഒന്നാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രഖ്യാപിത ലക്ഷ്യമായ 1870 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കണമെങ്കിൽ നമ്മൾ ഏതെല്ലാം തരത്തിലുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു? സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ വ്യാപകമാക്കുക, ജലാശയങ്ങളുടെ അല്ലെങ്കിൽ കനാലുകളുടെ സമീപത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, ഉപയോഗശൂന്യമായ സ്ഥലങ്ങളെ പ്രയോജനപ്പെടുത്തി വൻകിട സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുക ഇതൊക്കെ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളാണ്. ഇതെല്ലാം കണക്കുകൂട്ടിയാണ് 1870 മെഗാവാട്ട് ശേഷി എന്ന് നാം ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേയ്ക്ക് എത്തുന്നതിനുവേണ്ടിയുള്ള നടപടികളാണ് ചിന്തിക്കേണ്ടത്.

ബഹുമാനപ്പെട്ട മന്ത്രി ഇടുക്കിയിൽ നിന്നുള്ള ജനപ്രതിനിധി കൂടിയാണ്. അവിടത്തെ ചെറുതും വലുതുമായ വിഷയങ്ങളിൽ സാമാന്യ ജനവിഭാഗത്തോടൊപ്പം നിന്നിട്ടുള്ള അദ്ദേഹത്തിന് അവിടത്തെ ബുദ്ധിമുട്ടുകളും നന്നായി അറിയാമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. ~~ഒന്ന്,~~ പത്ത് ചെയിൻ പ്രദേശത്തെ ജനങ്ങൾക്ക് പട്ടയം ലഭിക്കേണ്ട വിഷയം,

തീർച്ചയായും ഇടുക്കിയിലെ ജനങ്ങൾക്ക് ഒരു പ്രതീക്ഷയുണ്ട്. വൈദ്യുതി വകുപ്പിന്റെ ചുമതല ശ്രീ. എം. എം. മണി വഹിക്കുന്നുവെന്ന നിലയിൽ, അത്തരം കാര്യങ്ങളിൽ നേരിട്ട് ബോദ്ധ്യമുള്ള ഒരു മന്ത്രി എന്ന നിലയിൽ ജനങ്ങൾ പ്രതീക്ഷയോട്ടുകൂടിയാണ് അതിനെ വീക്ഷിക്കുന്നത്. ഇന്ന് ഇടുക്കിയെ സംബന്ധിച്ചിടത്തോളം, പത്തു ചെയിൻ മേഖല പ്രത്യേകിച്ച് കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ പഞ്ചായത്തുകളും കൊന്നത്തടി, വെള്ളത്തൂവൽ, രാജാക്കാട് പഞ്ചായത്തിന്റെ പ്രദേശങ്ങളുമൊക്കെ ഇതിന്റെ പരിധിയിൽ വരുന്നതാണ്. ജനവാസ കേന്ദ്രവും കൃഷിഭൂമിയും ഉൾപ്പെടുന്ന ധാരാളം മേഖലകൾ ഈ പ്രദേശവുമായി ബന്ധപ്പെട്ടാണ് നിലവിലുള്ളത്. ഏഴ് ചെയിനിൽ പട്ടയം നൽകാൻ സർക്കാർ നിലപാട് സ്വീകരിച്ചു. അത് സ്വാഗതാർഹം തന്നെയാണ്. എന്നാൽ മൂന്ന് ചെയിൻ വിട്ടുപോകുന്നതോടുകൂടിത്തന്നെ കൈവശമിരുന്ന കൃഷിഭൂമിക്കുള്ള പട്ടയത്തിന് ധാരാളം ആളുകൾ അർഹരല്ലാത്തവരായി മാറും. അതുകൊണ്ട് ആ തീരുമാനം പുനഃപരിശോധിക്കണം. അവിടെ വൈദ്യുതി വകുപ്പിനാവശ്യമുള്ള സ്ഥലം ജണ്ടയിട്ട് വേർതിരിച്ചിട്ടുണ്ട്. അതുകൊണ്ട് അവിടത്തെ ജനജീവിതം, താമസം, കാലപ്പഴക്കം തുടങ്ങിയ സാഹചര്യങ്ങളൊക്കെ മനസ്സിലാക്കി മുഴുവൻ മേഖലയിലും, പത്ത് ചെയിനിലും പട്ടയം നൽകുന്നതിനാവശ്യമായ നടപടി തീർച്ചയായും കൈക്കൊള്ളേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഏറെ താൽപ്പര്യം കാണിക്കുന്നു. അത് നടപ്പിലാക്കിയെടുക്കാൻ കഴിയുമെന്നുള്ള ശുഭപ്രതീക്ഷയിലാണ് ഇടുക്കിയിലെ ജനങ്ങൾ. അതോടൊപ്പം കല്ലാർകുട്ടി ഡാമിന്റെയും പൊന്മുടി ഡാമിന്റെയും അതിർത്തിയിലുള്ള മേഖലകൾ, നിലവിലുള്ള കല്ലാർകുട്ടിയിലെ വിമലാസിറ്റി പ്രദേശവും പൊന്മുടി ഡാമിന്റെ മേഖലയിലെ മരക്കാനം, കൊമ്പൊടിഞ്ഞാൽ, മുനിയറ, കരിമട പ്രദേശവും ഇതിന്റെ ഭാഗമായി വരും. ഈ പ്രദേശത്തെ ജനങ്ങൾ പ്രതീക്ഷയിലാണ്; തീർച്ചയായും ഈ വിഷയം വളരെ ഗൗരവത്തോടുകൂടി കാണുമെന്ന് പ്രതീക്ഷിക്കുന്നു. ഇടുക്കിയിലെ ടൂറിസം സാദ്ധ്യതകളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ ഹൈഡൽ ടൂറിസത്തിന്റെ പ്രധാന്യം ചെറുതല്ല. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ സൗകര്യങ്ങളുള്ള പ്രദേശമാണ് ഇടുക്കി. ഇടുക്കി, ചെറുതോണി ഡാമുകളിൽ സന്ദർശനാനുമതി ലഭിക്കുന്നതുകൊണ്ടുതന്നെ എത്രയോ ആൾക്കാരാണ് കാണാൻ എത്തുന്നത്. അത് സ്ഥിരമായി തുറന്നുകൊടുക്കാനുള്ള സംവിധാനമുണ്ടാകണമെന്ന ആവശ്യമുയർന്നിട്ട് ഏറെക്കാലമായി. എങ്കിലും ശനിയും ഞായറും അവധി ദിവസങ്ങളും അവിടെ സന്ദർശകർക്ക് വരാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ഇടുക്കി ആർച്ച് ഡാമിൽ ഒരു ലേസർ ഷോ നടപ്പിലാക്കാനുള്ള പദ്ധതിയുണ്ടെന്ന് അറിയുന്നു. അത് വളരെ നല്ല രീതിയിൽ എത്രയും പെട്ടെന്ന് നടപ്പിലാക്കാനായി ശ്രദ്ധിക്കണം. അനുബന്ധമായി

അവിടെയൊരു ഉദ്യാനമുണ്ടാകേണ്ടതായിട്ടുണ്ട്. ബോട്ടിംഗിന് വനം വകുപ്പിന്റെ തടസ്സമാണ് നേരിടുന്നത്. വനം വകുപ്പിന്റെ ബോട്ടിംഗിന് യാതൊരു തടസ്സവുമില്ല. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട ഹൈഡൽ ടൂറിസത്തിന്റെ ബോട്ടിറങ്ങിയപ്പോൾ അവർ കേസെടുക്കുന്നു, ബോട്ടിംഗ് നിർത്തിവയ്ക്കുന്നു. അങ്ങനെ ഇടുക്കിയിലെ ടൂറിസം സാദ്ധ്യതകൾക്ക് മങ്ങലേൽക്കുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ട വിഷയം, അഞ്ചുകിളി, കുളമാവ് ടൂറിസം സാദ്ധ്യതകളുമായി ബന്ധപ്പെട്ടുള്ള ബോട്ട് സർവീസാണ്. അതിന് വനം വകുപ്പിന്റെ അനുമതി വേണ്ടിവരും. തീർച്ചയായും വനം വകുപ്പ് ഇത്തരം കാര്യങ്ങളിൽ തടസ്സം നിൽക്കുന്നത് ശരിയല്ല. അത്തരം കാര്യങ്ങൾ ഏറെ ശ്രദ്ധയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട ഹൈഡൽ ടൂറിസത്തിന്റെ കാലിക പ്രസക്തി വർദ്ധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. മൂന്നാർ, മാട്ടുപ്പെട്ടി, കുണ്ടള, ആനയിറങ്ങൽ ഡാമുകളിൽ 12 ലക്ഷത്തോളം ആൾക്കാരാണ് ഒരു വർഷം വന്നുപോകുന്നത്. ആ നിലയിൽ ഹൈഡൽ ടൂറിസത്തിന്റെ ഏറ്റവും പ്രസക്തമായ ഒരു മേഖലയാണ് കുളമാവ്-അഞ്ചുരുളി. വനം വകുപ്പുമായുള്ള തർക്കം തീർത്ത് അവരുമായി ചർച്ച ചെയ്ത് ആ പ്രദേശത്ത് ബോട്ട് സർവീസ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയെന്ന നിലയിൽ റിമോട്ട് ടൂറിസത്തിന് വലിയ പ്രാധാന്യമുണ്ട്. ഇടുക്കിയിലെ പാൽക്കുളമേട്, കല്യാണത്തണ്ട്, മീനുളിയാൻ, അഞ്ചുരുളി എന്നീ സ്ഥലങ്ങളുമായി ബന്ധപ്പെട്ട് റിമോട്ട് ടൂറിസവും നാച്ചുറൽ ടൂറിസവും വളർത്തിക്കൊണ്ടുവന്ന് വളരെയേറെ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള നടപടി സ്വീകരിക്കണം. പത്ത് ചെയിൻ പ്രദേശത്തിന്റെ പട്ടയത്തിന്റെ വിഷയവും ഹൈഡൽ ടൂറിസം രംഗത്തുള്ള മാറ്റങ്ങളും ഇടുക്കി ജില്ല പ്രതീക്ഷയോടുകൂടി വീക്ഷിക്കുന്ന ഈ സന്ദർഭത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി വൈദ്യുതി വകുപ്പിന്റെ ചുമതലകൂടി വഹിക്കുന്നുവെന്നുള്ളതിൽ ഏറെ സന്തുഷ്ടി പ്രകടിപ്പിക്കുന്നു. ഈ വിഷയങ്ങൾക്കെല്ലാം പരിഹാരമുണ്ടാകുമെന്ന ശുഭപ്രതീക്ഷയിലാണ് ഇടുക്കിയിലെ ജനങ്ങൾ.

ശ്രീ. ആന്റണി ജോൺ: സർ, സഹകരണം, വൈദ്യുതപദ്ധതികൾ, വിനോദസഞ്ചാരം എന്നീ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പരിപൂർണ്ണമായും പിന്തുണയ്ക്കുന്നു. നമ്മുടെ സഹകരണ മേഖല രാജ്യത്തിനുതന്നെ മാതൃകയായി പ്രവർത്തിക്കുന്നു. നിക്ഷേപംകൊണ്ടും ആ മേഖലയുടെ കാര്യക്ഷമതകൊണ്ടും ജനങ്ങളുടെ വിശ്വാസ്യത നേടിയെടുക്കാൻ കഴിഞ്ഞത് കേരളത്തിലെ സഹകരണ മേഖലയ്ക്കാണ്. സഹകരണ മേഖലയുടെ എടുത്ത് പറയേണ്ട സവിശേഷതയും ആ വിശ്വാസ്യത തന്നെയാണ്. കറൻസി പിൻവലിക്കലിന്റെ മറവിൽ സഹകരണമേഖലയെ തകർക്കാനുള്ള ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. ആ

ഘട്ടത്തിൽ കേരളത്തിലെ സർക്കാർ വളരെ ഇച്ഛാശക്തിയോടുകൂടി വിഷയത്തിൽ ഇടപെടുകയും പ്രത്യേക നിയമസഭാ സമ്മേളനമടക്കം ചേരുകയും ചെയ്തതാണ്. കേരളത്തിന്റെ സഹകരണ മേഖലയെ എന്ത് വിലകൊടുത്തും സംരക്ഷിക്കുമെന്നുള്ള ഒരു ഉറച്ച പ്രഖ്യാപനമായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഘട്ടത്തിൽ നടത്തിയത്. ഇന്ന് സഹകരണമേഖല കൈവയ്ക്കാത്ത ഒരു മേഖലയും കേരളത്തിലില്ലെന്ന് നമുക്കറിയാം. ചെറുപ്രായം മുതൽ ഏത് പ്രായത്തിലുള്ളവരെ നോക്കിയാലും അവരുടെ ജീവിതാവസ്ഥയുടെ ഏതെങ്കിലുമൊരു ഘട്ടത്തിൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ടുപോകാത്ത ഒരാളും കേരളത്തിലുണ്ടാകില്ലെന്ന് നമുക്കറിയാം. പരസ്പര സഹകരണത്തിന്റെ ധാരാളം വിജയമന്ത്രങ്ങൾ രാജ്യത്തിന് സംഭാവന ചെയ്തിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. പേരെടുത്തു പറയാൻ കഴിയുന്ന നിരവധി സഹകരണ സ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ ഇന്നുണ്ട്. കേവലമൊരു സാമ്പത്തിക സ്ഥാപനമെന്നതിനപ്പുറത്ത് ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിലെല്ലാം സഹകരണ മേഖല നന്നായി ഇടപെടുന്നുണ്ട്. ആരോഗ്യ മേഖലയിൽ, വിദ്യാഭ്യാസ മേഖലയിൽ, അതോടൊപ്പംതന്നെ പ്രത്യേകിച്ച് കേരളത്തിന്റെ ഒരു സാഹചര്യത്തിൽ, ഉത്സവ സീസണുകളിലൂൾപ്പെടെ കുറഞ്ഞ ചെലവിൽ ഉന്നത നിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് നൽകുന്ന കാര്യത്തിലൊക്കെ നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് ആർക്കും വിസ്മരിക്കാൻ കഴിയില്ല. രണ്ട് വർഷം മുമ്പ് ഇതിന്റെ സ്ഥിതി എന്തായിരുന്നുവെന്നുള്ളത് നമുക്കറിയാം. കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങൾ അഴിമതിയുടെ കൂത്തരങ്ങുകളായിരുന്നു. അങ്ങനെ അഴിമതി കൊടികുത്തി വാണിരുന്ന സ്ഥാപനങ്ങളെയെല്ലാം മോചിപ്പിച്ചുകൊണ്ട് 21 മാസക്കാലമായി ഈ വകുപ്പിന്റെ പ്രവർത്തനം മുന്നോട്ടുപോകുമ്പോൾ വളരെ സമയബന്ധിതമായിത്തന്നെ ആ വകുപ്പിനെ നേരായ വഴിയിലേയ്ക്ക് നയിക്കാൻ സർക്കാരിനും വകുപ്പുമന്ത്രിക്കും കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നമ്മൾ കേരള ബാങ്കിന്റെ രൂപീകരണത്തിലേയ്ക്ക് കൂടി കടക്കുകയാണ്. നാഷണലൈസ്ഡ് ബാങ്കുകളുൾപ്പെടെ ജനങ്ങളെ ചൂഷണം ചെയ്യുന്ന തരത്തിലേയ്ക്ക് അവരുടെ നിലപാടുമായി മുന്നോട്ടു പോകുമ്പോൾ അതിനെയെല്ലാം വെല്ലുവിളിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനങ്ങളുമായിട്ടാണ് കേരള ബാങ്ക് രൂപീകരിക്കാൻ പോകുന്നത്. സഹകരണ വകുപ്പിനെ കൂടുതൽ ജനകീയമാക്കി മുന്നോട്ടുകൊണ്ടുപോകുന്ന മന്ത്രിയെയും സർക്കാരിനെയും ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

കേരളത്തെ സംബന്ധിച്ച് ഏറ്റവും വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണ് ടൂറിസം. കേരളത്തിന്റെ സ്വാഭാവികമായ പ്രകൃതിസൗന്ദര്യം

കൊണ്ടുതന്നെ ആ മേഖലയിലേയ്ക്ക് ആകർഷണീയരായ വിദേശീയരും സ്വദേശീയരുമായിട്ടുള്ള ആയിരക്കണക്കിന് ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് നിത്യേന കടന്നുവരികയാണ്. വൻതോതിലുള്ള തൊഴിലവസരമാണ് ആ മേഖലയിലൂടെ നമുക്കുണ്ടാകാൻ പോകുന്നത്. അത് തിരിച്ചറിഞ്ഞാണ് ടൂറിസം വകുപ്പ് ആ മേഖലയിൽ വളരെ ഉത്തരവാദിത്വത്തോടുകൂടി ഇടപെടാൻ തീരുമാനിച്ചിട്ടുള്ളത്. ഒരു ടൂറിസം നയംതന്നെ രൂപീകരിച്ചുകൊണ്ട് ഉത്തരവാദിത്വ ടൂറിസം ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകി തദ്ദേശീയരായ ആളുകൾക്കുകൂടി അതിന്റെ ഗുണം ലഭിക്കത്തക്ക തരത്തിലുള്ള ഒരു നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വാഭാവികമായ പ്രകൃതി സൗന്ദര്യവും നമ്മുടെ കലയും സംസ്കാരവും ഭക്ഷണ രീതികളുമൊക്കെ ഇവിടെയെത്തുന്ന വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്ന തരത്തിലേയ്ക്ക് ആ മേഖലയെ വിപുലീകരിച്ചുകൊണ്ടാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതി ഈ സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നത്. കൊച്ചിയിലെ മുസിരിസ് ബിനാലെ നമ്മുടെ രാജ്യത്തിന് അല്ലെങ്കിൽ ലോകത്തിനുതന്നെ കാണിച്ചുകൊടുക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് വളരെ ജനകീയമായി ഈ സർക്കാർ മുന്നോട്ടുകൊണ്ടുപോകുകയാണ്. ഞാൻ വരുന്നത് കോതമംഗലം നിയോജക മണ്ഡലത്തിൽ നിന്നുമാണ്. ടൂറിസം വികസന സാദ്ധ്യതയുള്ള ധാരാളം പ്രദേശങ്ങൾ ആ മേഖലയിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ പ്രദേശങ്ങളിൽ കുറെയേറെ പദ്ധതികൾ നമുക്ക് പ്രാവർത്തികമാക്കാനും കഴിഞ്ഞിട്ടുണ്ട്. ടൂറിസം സാദ്ധ്യതയുള്ള ആ മേഖലയിൽ പ്രകൃതി തന്നെ ഒരുക്കിയ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുവേണ്ടി പലപ്പോഴും വിഘാതമായി നിൽക്കുന്നത് വനം വകുപ്പാണ്. ഞാൻ കഴിഞ്ഞ സമ്മേളനത്തിലും ഈ വിഷയം ചൂണ്ടിക്കാണിച്ചതാണ്. പ്രത്യേകിച്ച് കോതമംഗലത്ത് കുട്ടമ്പുഴ പഞ്ചായത്തുമായി ബന്ധപ്പെട്ട് നിരവധി വെള്ളച്ചാട്ടങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളുണ്ട്. നിർഭാഗ്യവശാൽ ആ മേഖലകളിലേയ്ക്കൊക്കെ കടന്നുചെല്ലാൻ വനംവകുപ്പ് വിഘാതമായി നിൽക്കുന്ന ഒരു സമീപനം സ്വീകരിക്കുന്നുണ്ട്. അത് കോതമംഗലത്ത് മാത്രമുള്ള സ്ഥിതിയാണെന്ന് ഞാൻ കരുതുന്നില്ല. കേരളത്തിൽ പൊതുവായി അത്തരം പ്രവണതകൾ ചില മേഖലകളിൽ കണ്ടുവരുന്നുണ്ട്. അതെല്ലാം അവസാനിപ്പിച്ച് ജനങ്ങൾക്ക് നല്ല സുരക്ഷ ഒരുക്കിക്കൊണ്ടുതന്നെ ആ മേഖലയിലേയ്ക്ക് കടക്കുന്നതിനും പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്നതിനുമുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതുണ്ട്. നമുക്ക് സ്വാഭാവികമായി ലഭിച്ചിട്ടുള്ള പ്രകൃതിസൗന്ദര്യത്തെ ഉപയോഗപ്പെടുത്തി ഇന്നത്തെ ടൂറിസം മേഖലയെ കുറേക്കൂടി മുന്നോട്ടുകൊണ്ടുപോകാൻ കഴിയേണ്ടതുണ്ട്. തീർച്ചയായും ആ നിലയിൽ വളരെ ഭാവനാപൂർണ്ണമായിട്ടുള്ള പദ്ധതികളാണ് ഈ വകുപ്പ് സമീപ നാളുകളിൽ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നത്.

മറ്റൊന്ന്, ഇവിടെ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ചർച്ച ചെയ്യുന്നുണ്ട്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ചവർ സൂചിപ്പിച്ചു. ശ്രീ. എം. എം.

മണി ആ വകുപ്പിന്റെ ചുമതല ഏറ്റെടുത്തത് മുതൽ മാത്രമല്ല അദ്ദേഹത്തെ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തും രാഷ്ട്രീയമായി ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചവരുണ്ട്. അങ്ങനെ രാഷ്ട്രീയമായി ഇല്ലായ്മ ചെയ്യാൻ നോക്കിയവർ മന്ത്രിയായ ഘട്ടത്തിൽപോലും അദ്ദേഹത്തെ വ്യക്തിപരമായി ആക്രമിക്കുന്ന നിലയിലുള്ള സമീപനം സ്വീകരിക്കുന്നത് നമ്മൾ കണ്ടിട്ടുള്ളതാണ്. അങ്ങനെയുള്ള സഖാവ് ആ വകുപ്പിന്റെ ചുമതല ഏറ്റെടുത്ത് മുന്നോട്ടുവന്നപ്പോൾ, രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ സംസ്ഥാനമായി ഈ കൊച്ചു കേരളം മാറുകയാണെന്ന് നമുക്കറിയാം. പതിറ്റാണ്ടുകളുടെ പൊതുപ്രവർത്തന പാരമ്പര്യമുള്ള ശ്രീ. എം. എം. മണി അക്ഷരാർത്ഥത്തിൽ ഇടുക്കിയിലെ മലയോര കർഷകരുടെ 'മിശിഹ'യാണ്. അദ്ദേഹത്തോട് പല തരത്തിലുള്ള നിലപാട് സ്വീകരിച്ചത് ഞാൻ ഈ സഭയിലും കേട്ടിട്ടുണ്ട്. പല മുതിർന്ന അംഗങ്ങളും ഈ സഭയിൽ പറയുന്നത് കേട്ടിട്ടുള്ളതുകൊണ്ടാണ് ഈ വിഷയം ഞാൻ ഇപ്പോൾ സൂചിപ്പിച്ചത്. അപ്പോൾ അവർക്കൊക്കെയുള്ള മറുപടി എന്ന നിലയിലാണ് ഞാൻ സൂചിപ്പിച്ച സമ്പൂർണ്ണ വൈദ്യുതീകരണം. യു.പി.എ. ഗവൺമെന്റും എൻ.ഡി.എ. ഗവൺമെന്റുമുൾപ്പെടെ സ്വകാര്യവൽക്കരണത്തിലേയ്ക്ക് വൈദ്യുതി ബോർഡിനെ നീക്കുമ്പോൾ ആ പ്രതിസന്ധിഘട്ടത്തിലും വളരെ ക്രിയാത്മകമായി, ഭാവനാപൂർണ്ണമായി വൈദ്യുതിമേഖലയിൽ ഇടപെടാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഈ രാജ്യത്ത് ആയിരക്കണക്കിന് ഗ്രാമങ്ങളും കോടിക്കണക്കിന് കുടുംബങ്ങളും ഇന്ന് വൈദ്യുതിയില്ലാതെ മുന്നോട്ടുപോകുന്ന ഒരു ഘട്ടത്തിലാണ് കേരളം അതിൽ നിന്ന് വ്യത്യസ്തമായി നിൽക്കുന്നത്. ഈ വകുപ്പ് പുതിയ ഊർജ്ജസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കേരളത്തിന്റെ വൈദ്യുതമേഖലയെ ജനകീയമാക്കി മുന്നോട്ടുകൊണ്ടുപോകുകയാണ്.

വകുപ്പുകളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ, ഈ സമ്മേളനം തുടങ്ങിയതു മുതൽ ഇവിടെ നിത്യേന കണ്ടുവരുന്ന ചില പ്രവണതകളുണ്ട്, ഓരോ ദിവസവും അടിയന്തരപ്രമേയം ഉൾപ്പെടെയുള്ള വിഷയങ്ങൾ വരുമ്പോൾ വിഷയ ദാരിദ്ര്യമനുഭവിക്കുന്ന ഒരു പ്രതിപക്ഷത്തെയാണ് നമുക്ക് ഈ സഭയിൽ കാണാൻ കഴിയുന്നത്. എന്താണ് ഈ സഭയിൽ അവർ പ്രധാനമായി ഉന്നയിക്കുന്നത്? അവർ പ്രധാനമായി ഉന്നയിക്കുന്ന വിഷയം കേരളത്തിൽ സി.പി.ഐ.(എം)-ന്റെ അക്രമത്തെ സംബന്ധിച്ചും ഇപ്പോൾ ഏറ്റവും ഒടുവിലായി ഉണ്ടായിട്ടുള്ള ഷുഹൈബ് വധമുൾപ്പെടെയുള്ള പ്രശ്നങ്ങളുമാണ്. മറ്റൊരു വശത്ത് അവർ സ്വീകരിക്കുന്ന സമീപനമെന്താണ്? ആർ.എസ്.എസ്.-നെ വെള്ളപൂശുന്ന സമീപനമല്ലേ ഈ സഭയിലെ മുതിർന്ന അംഗങ്ങളുൾപ്പെടെ സ്വീകരിക്കുന്നത്? കഴിഞ്ഞ ദിവസങ്ങളിൽ നമ്മൾ കേട്ടിട്ടുള്ളതാണല്ലോ; വർഗ്ഗീയ കലാപത്തിന് നേതൃത്വം നൽകിയ

ആർ.എസ്.എസ്.നെതിരെ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ സഖാവ് യു. കെ. കുഞ്ഞിരാമനെ കൊന്നുതള്ളിയ ആർ.എസ്.എസ്.കാരെ വെള്ളപൂശുന്ന സമീപനമാണ് ബഹുമാനപ്പെട്ട തൃക്കാക്കര അംഗം അന്ന് ഈ സഭയിൽ സ്വീകരിച്ചത്. ആ കലാപം അന്വേഷിച്ച ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ ആ കലാപത്തിൽ ആർ.എസ്.എസ്.ന്റെ പങ്കിനെ സംബന്ധിച്ച് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ആ കമ്മീഷൻ നിലപാടിനെ തിരുത്തിക്കൊണ്ടാണ് ഇവിടെ ബഹുമാനപ്പെട്ട തൃക്കാക്കര അംഗം ആർ.എസ്.എസ്.നെ വെള്ളപൂശുന്ന സമീപനം ഈ സഭയിൽ സ്വീകരിച്ചത്. നിങ്ങൾ ഇനിയെങ്കിലും ആ നിലപാട് തിരുത്താൻ തയ്യാറാകണം.

ഇവിടെ ഞങ്ങൾ ഒരു ചെറിയ പാർട്ടിയാണെങ്കിലും ഇന്ന് ആർ.എസ്.എസ്. ഭയക്കുന്നത് ഈ രാജ്യത്തെ സി.പി.ഐ.(എം)നെയാണ്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, ഒരു രാഷ്ട്രീയ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി ഓഫീസ് ആർ.എസ്.എസ്. ആക്രമിക്കാൻ ഒരുങ്ങിയിട്ടുണ്ടെങ്കിൽ അത് സി.പി.ഐ.(എം)-ന്റേതാണ്. ഈ രാജ്യത്ത് ഒരു പാർട്ടിയുടെ ജനറൽ സെക്രട്ടറിയെ ആർ.എസ്.എസ് ആക്രമിക്കാനൊരുങ്ങിയിട്ടുണ്ടെങ്കിൽ അത് സി.പി.ഐ (എം)-ന്റെ ജനറൽ സെക്രട്ടറിയെയാണ്. ഈ രാജ്യത്ത് ഒരു മുഖ്യമന്ത്രിയുടെ തലയ്ക്ക് ആർ.എസ്.എസ്. വില പറഞ്ഞിട്ടുണ്ടെങ്കിൽ അത് കേരളത്തിന്റെ—മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ തലയ്ക്കാണ്. അപ്പോൾ ഞങ്ങൾ സ്വീകരിക്കുന്നത് ശരിയായ നിലപാട് തന്നെയാണ്. ആ നിലപാടിനെ വെള്ള പൂശുന്ന ഒരു സമീപനം നിങ്ങൾ ഈ സഭയിൽ സ്വീകരിക്കുകയാണ്. തലശ്ശേരി കലാപത്തിൽ മാത്രമല്ല ഏതൊരു വിഷയത്തിനകത്തും കേരളത്തിൽ ആർ.എസ്.എസ്.-ന് ഒത്താശ ചെയ്യുന്ന സമീപനമാണ് ഇവിടെ പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ത്രിപുര തെരഞ്ഞെടുപ്പിനുശേഷം അവിടെ ബി.ജെ.പി.-യുടെ സംഘടനാ ചുമതല നിർവ്വഹിച്ച റാം മാധവ് ഇന്ത്യൻ എക്സ്പ്രസ്സിന്റെ ഇന്റർവ്യൂവിൽ ഇന്ത്യയിൽ കമ്മ്യൂണിസത്തെ ഉന്മൂലനം ചെയ്യുമെന്ന് പറയുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആന്റണി ജോൺ:</u> സർ, അത് ആർ.എസ്.എസ്.ന്റെ ഒരു പ്രഖ്യാപിത നയമാണ്. ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും കമ്മ്യൂണിസ്റ്റുകാരെയുമൊക്കെ ഉന്മൂലനം ചെയ്യുക എന്നുള്ളതുതന്നെയാണ് അവരുടെ നയം. അത് അവർ രാജ്യത്ത് പ്രാവർത്തികമാക്കാൻ നന്നായി നോക്കുന്നുമുണ്ട്. ആ നിലയിൽ ആർ.എസ്.എസ്.-നെ വെള്ളപൂശുന്ന ഒരു സമീപനം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തിരുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം സി.പി.ഐ(എം)-ന്റെ അക്രമങ്ങളെ സംബന്ധിച്ച് ഇവിടെ

സൂചിപ്പിച്ചു. ഈ രാജ്യത്ത് ഇത്രയധികം അക്രമങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം മറ്റേതാണുള്ളത്? 577 രക്തസാക്ഷികൾക്കാണ് ഈ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചതിന്റെ പേരിൽ ജീവൻ ബലി കൊടുക്കേണ്ടി വന്നിട്ടുള്ളത്. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് 22-ാം പാർട്ടി കോൺഗ്രസ്സിന് മുന്നോടിയായി, തൃശ്ശൂരിൽ നടന്ന പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിൽ നിന്നും 577 രക്തസാക്ഷികളുടെ സ്മരണകൾ പേറിക്കൊണ്ടാണ് നമ്മുടെ ഗ്രാമങ്ങളിലൂടെ ദീപശിഖാ പ്രയാണം കടന്നുപോയിട്ടുള്ളത്. അങ്ങനെയുള്ള ഈ പ്രസ്ഥാനത്തെ നോക്കിയാണ് നിങ്ങൾ ആ നിലപാട് സ്വീകരിക്കുന്നത്.

ഇവിടെ ഷുഹൈബ് വധത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. ഷുഹൈബ് വധം ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണെന്നാണ് ഈ സർക്കാരിന്റെയും പാർട്ടിയുടെയും നിലപാട്. അതിനുവേണ്ടി ഗൗരവത്തോടുകൂടിയുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യാൻ സർക്കാർ തയ്യാറായിട്ടുണ്ട്. ചാവക്കാട് ഖനീഫ എന്നുപറയുന്ന പ്രവർത്തകന് കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ശ്രീ. ഉമ്മൻ ചാണ്ടിയിൽനിന്നും ലഭിക്കാത്ത നീതിയാണ് എൽ.ഡി.എഫ്. ഭരണകാലത്ത് ഷുഹൈബിന് പിണറായി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കി വേണം സംസാരിക്കേണ്ടത് എന്നാണ് എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് പറയാനുള്ളത്. ആ നിലയിലുള്ള സമീപനം സ്വീകരിച്ചാണ് മുന്നോട്ടുപോകുന്നത്. ഇവിടെ ഒട്ടനവധി വിഷയങ്ങൾ സൂചിപ്പിച്ചു. സഭയിലെ മുൻ അംഗമായിരുന്ന സഖാവ് സൈമൺ ബ്രിട്ടോ റോഡ്രിഗ്സിനെ, എറണാകുളം ജില്ലയിലെ ഉശിരനായ വിദ്യാർത്ഥി നേതാവായിരുന്നപ്പോൾ 1983 ഒക്ടോബർ 14-ാം തീയതി ജനറൽ ആശുപത്രിയിൽ വച്ച് കുത്തിവീഴ്ത്തി. സൈമൺ ബ്രിട്ടോ റോഡ്രിഗ്സിനെ കുത്തിവീഴ്ത്തിയപ്പോൾ അന്ന് കെ.എസ്.യു.വിന്റെ ചുമതലക്കാരനായിരുന്ന ബഹുമാനപ്പെട്ട തൃക്കാക്കര അംഗം എന്നുള്ളതുകൂടി സഭ ഓർക്കേണ്ടതുണ്ട്. പത്രമാധ്യമങ്ങളുടെ റിപ്പോർട്ട് (വാർത്ത പ്രസിദ്ധീകരിച്ച പത്രത്തിന്റെ കോപ്പി ഉയർത്തികാട്ടി) സഹിതമാണ് ഞാൻ ഈ വിഷയം ഉന്നയിക്കുന്നത്. ആ നിലയിൽ കേരളത്തിനകത്ത് സമീപനം സ്വീകരിച്ചവരാണ് ഇപ്പോൾ അക്രമം എന്നുപറഞ്ഞുകൊണ്ട് നിലപാട് സ്വീകരിക്കുന്നത്. വീൽ ചെയറിൽ സഖാവ് സൈമൺ ബ്രിട്ടോ ഇവിടെയെത്തുന്നത് കണ്ടിട്ടുള്ള മുൻ അംഗങ്ങൾ ഈ സഭയിലുണ്ടല്ലോ; അങ്ങനെ വിദ്യാർത്ഥി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയിട്ടുള്ള ആളുകളാണ് ഇപ്പോൾ ഇവിടെ വന്ന് ഈ സമീപനം സ്വീകരിക്കുന്നത്. ഇന്നലെ ഇടുക്കിയിലെ സഖാവ് അനീഷ് രാജന്റെ 6-ാമത് രക്തസാക്ഷി ദിനമായിരുന്നു. 2012 മാർച്ച് 18-നാണ്

സഖാവിനെ കുത്തിവീഴ്ത്തിയത്. ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിരുന്ന വെന്നുള്ളതിന്റെ പേരിൽ മാത്രമാണ് സഖാവ് അനീഷ് രാജന് ജീവൻ ബലി നൽകേണ്ടിവന്നത്. അനീഷ് രാജന്റേതുൾപ്പെടെയുള്ള കൊലപാതകങ്ങൾക്ക് ഒത്താശ ചെയ്തവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാനാണ് ആർജ്ജവമുണ്ടെങ്കിൽ കോൺഗ്രസ്സ് സമീപനം സ്വീകരിക്കേണ്ടത്. മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല; നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. ആന്റണി ജോണിന് ഇത്രയും ശബ്ദമുണ്ടെന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന് മറുപടി പറയേണ്ടത് എന്റെ ജോലിയല്ല. അത് വേണമെങ്കിൽ ശ്രീ. അനിൽ അക്കരയ്ക്ക് ഏറ്റെടുക്കാം. ഏതായാലും ഞങ്ങളുടെ പ്രിയങ്കരനായ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ മാർപ്പാപ്പയെ കൈമുത്തി വന്നുവെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. അങ്ങനെയെങ്കിലും ബോധമുണ്ടാകട്ടെ! കൈമുത്തി കഴിഞ്ഞപ്പോൾ മാർപ്പാപ്പയ്ക്ക് ഒരു ആനക്കുഞ്ഞിനെ കൊടുക്കുന്ന പടം പത്രത്തിൽ കണ്ടു. അങ്ങേയ്ക്ക് എന്തെങ്കിലും കിട്ടിയോ; ഒന്നും മിണ്ടിയില്ലല്ലോ; അനുഗ്രഹം മാത്രമാണോ കിട്ടിയത്? അനുഗ്രഹം കിട്ടിയിട്ടുണ്ടെങ്കിൽ അങ്ങയുടെ കൈ മുത്തണം. കാരണം കൈമുത്തി ആ പുണ്യം സ്വൽപ്പം നമുക്കുകൂടി ഇരുന്നോട്ടെയെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ സഹകരണ വകുപ്പിലെ ഭരണത്തെപ്പറ്റി എനിക്ക് വലിയ പരാതിയൊന്നുമില്ല. കാരണം സഹകാരികൾ അക്കാര്യങ്ങളൊക്കെ നോക്കുന്നുണ്ട്.

വിനോദസഞ്ചാരത്തെപ്പറ്റി ഒരു വാക്ക് പറയാനുണ്ട്. വാഗമൺ കേന്ദ്രീകരിച്ചുള്ള ടൂറിസത്തിൽ അഡ്വഞ്ചർ ടൂറിസവും പിൽഗ്രിം ടൂറിസവുമുണ്ട്. ഈ രണ്ടു കാര്യങ്ങളിലും ശ്രദ്ധചെലുത്താനുണ്ട്. പ്രോജക്ട് തയ്യാറാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സഹകരണം ഇക്കാര്യത്തിലുണ്ട്. സംസ്ഥാന സർക്കാരും ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാർഷിക കടങ്ങളെപ്പറ്റി ഒരു വാക്ക് പറയാതെ പോകാൻ കഴിയില്ല. ജില്ലാ ബാങ്കുകളെല്ലാം പൂട്ടിക്കെട്ടി നിൽക്കുകയല്ലേ; ജില്ലാ ബാങ്കെല്ലാം പിരിച്ചുവിട്ടല്ലോ? ആ നിലയ്ക്ക് നമ്മുടെ കാർഷിക കടങ്ങൾക്ക് എന്തെങ്കിലുമൊരു നടപടിയെപ്പറ്റി ആലോചിക്കുന്നത് നല്ലതാണ്. കടങ്ങൾ എഴുതിത്തള്ളാൻ കഴിയുമെങ്കിൽ നല്ലത്. പൂർണ്ണമായും എഴുതിത്തള്ളണമെന്നൊന്നും ഞാൻ പറയുന്നില്ല. അവർക്ക് കഴിയുന്ന രീതിയിലുള്ള സഹായം ചെയ്യുന്നതിനെപ്പറ്റി ആലോചിക്കണം. എന്റെ ഇടത്തും വലത്തും ഇരിക്കുന്ന ശ്രീ. കോവൂർ കുഞ്ഞുമോനും ശ്രീ. റോഷി അഗസ്റ്റിനും ശ്രീ. എം. എം. മണിയുടെ ആരാധകരാണ്. ശ്രീമതി ഇ. എസ്. ബിജിമോളും ശ്രീ. എം. എം. മണിയുടെ ആരാധികയാണ്. ഇങ്ങനെ ശ്രീ. എം. എം. മണിയുടെ

ആരാധകരല്ലാതെ ഈ സഭയിൽ ആരുമില്ല. ഞാനും ആദ്യം മുതലേ അദ്ദേഹത്തിന്റെ ആരാധകനാണ്. ആദ്യംതന്നെ അദ്ദേഹത്തെ മന്ത്രിയാക്കാത്തത് തെറ്റെന്ന് പരസ്യമായി പത്രസമ്മേളനത്തിൽ പറഞ്ഞയാളാണ് ഞാൻ. എനിക്ക് ഒരു മടിയുമില്ല. മറ്റൊന്നുമല്ല, ഐ.എ.എസ്.ഉം ഡോക്ടറേറ്റും വേണ്ട. ഒരു പൊതു പ്രവർത്തകൻ നാട്ടിലെ ജനങ്ങളോടൊപ്പം നിന്ന് പ്രവർത്തിച്ചാൽ, ഒരു മന്ത്രിയായാൽ എങ്ങനെയിരിക്കും എന്നതിന് മാതൃകയാണ് ശ്രീ. എം. എം. മണി. അത് ഈ രാജ്യത്തെ ജനങ്ങൾ അറിയണമെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് അദ്ദേഹം ആ നിലയിൽ വരണമെന്ന് പറഞ്ഞത്. എന്നുവിചാരിച്ച് അദ്ദേഹത്തിന്റെ ഡിമാന്റിനെയൊന്നും ഞാൻ അനുകൂലിക്കുന്നില്ല. 11 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച എരുമേലിയിലെ 110 കെ. വി. സബ് സ്റ്റേഷന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്; മുണ്ടക്കയത്തും 110 കെ. വി. സബ് സ്റ്റേഷന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്; നന്നായി. അതുകൊണ്ട് മറ്റു വിശദീകരണങ്ങളിലേയ്ക്കൊന്നും കടക്കാതെ ഞാൻ നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള സഹകരണം, വൈദ്യുത പദ്ധതികൾ, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഞാൻ ഈ സർക്കാരിനെ അനുമോദിക്കുന്നു. സഭയ്ക്കകത്തിരിക്കുന്ന എല്ലാ അംഗങ്ങൾക്കും ഈ സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങളും ഏതെങ്കിലും വിധത്തിൽ ലഭിച്ചിട്ടുണ്ടെന്നുതന്നെയാണ് എന്റെ ധാരണ. പ്രതിപക്ഷമെന്ന നിലയ്ക്ക് പരാമർശങ്ങൾ പറയുന്നുവെന്നല്ലാതെ ഈ സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റാത്ത ഒരാളെയും ഇവിടെ കാണാൻ സാദ്ധ്യതയില്ല. എന്റെ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വൈദ്യുതി വകുപ്പ് ചുരുങ്ങിയത് 500 കോടി രൂപയെങ്കിലും നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. തൊട്ടിയാർ, പള്ളിവാസൽ ഉൾപ്പെടെയുള്ള പദ്ധതികളുടെ പ്രവർത്തനം നിർത്തലാക്കുകയും ആ പദ്ധതി മുന്നോട്ട് കൊണ്ടുപോകാതിരിക്കാൻ എന്തെല്ലാം ആലോചിക്കണമോ അത്തരത്തിലുള്ള ഗൂഢാലോചനകൾ നടത്തിയുമാണ് പദ്ധതികൾ നടപ്പിലാക്കാതിരുന്നത്. അങ്ങനെ കുറെയേറെ പദ്ധതികളുണ്ട്. ശ്രീ. എ. കെ ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ ആരംഭിച്ച പദ്ധതികൾ ശ്രീ. എം. എം. മണി മന്ത്രിയായി വന്നതിനുശേഷം വളരെ ദീർഘമായ ചർച്ചകളും ഇടപെടലുകളും നടത്തിയാണ് അവയ്ക്ക് വീണ്ടും തുടക്കം കുറിച്ചത്. അതുപോലുള്ള പദ്ധതികൾ നമ്മുടെ സംസ്ഥാനത്തുടനീളം നടപ്പിലാക്കാൻ സാദ്ധ്യതയുള്ള മേഖലകളിൽ നടപ്പിലാക്കണം. അങ്ങനെ പദ്ധതികൾ നടപ്പിലാക്കാതിരിക്കാനും മറ്റു സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങാനുമുള്ള ആഗ്രഹത്തിലും

നടത്തിപ്പിലും എന്തുകൊണ്ട് യു.ഡി.എഫ്. സർക്കാർ താൽപ്പര്യം കാണിച്ചുവെന്നുള്ളതും പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യമാണ്. നമുക്കുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താതിരിക്കുകയും ഒരു വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ പുറത്തുനിന്നും വൈദ്യുതി വാങ്ങിക്കുകയും ചെയ്ത് ഈ സർക്കാരിന്റെ സമ്പത്ത് നഷ്ടപ്പെടുത്താൻ കഴിഞ്ഞ സർക്കാർ പ്രത്യേകം താൽപ്പര്യം കാണിച്ചിരുന്നുവെന്നുമാണ് അനുഭവംകൊണ്ട് മനസ്സിലാക്കുവാൻ സാധിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുകയും സോളാർ വൈദ്യുത മേഖലയിലേയ്ക്ക് കടന്ന് കുറെയേറെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും പദ്ധതികൾ കുറെയേറെ മുന്നോട്ട് പോകുകയും ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സാധാരണ വീട്ടിൽ താമസിക്കുന്നവർക്ക് വളരെ ലളിതമായി ലഭ്യമാകുന്ന രേഖകൾ കൊണ്ട് വൈദ്യുതി കണക്ഷൻ നൽകണമെന്ന ഉത്തരവ് നൽകുകയും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുകയും ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളമെന്ന് പ്രഖ്യാപനം നടത്തുന്ന നിലയിലേയ്ക്ക് ഉയർത്തികൊണ്ടുവരാനും സാധിച്ചത് വളരെയേറെ അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. തീർച്ചയായും വകുപ്പിനെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും ജീവനക്കാരെയും ഒരിക്കൽക്കൂടി ഈ അവസരത്തിൽ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവിടെ പട്ടയത്തിന്റെ കാര്യം പറഞ്ഞു, ഇടുക്കി ജില്ലയിൽ പട്ടയം നൽകാൻ ഇടപെടൽ നടത്തിയതിൽ വളരെ പ്രധാന പങ്ക് വഹിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ട് കിടക്കുന്ന പത്ത് ചെയിൻ, മൂന്ന് ചെയിൻ പ്രദേശങ്ങൾ കാണേണ്ട ഒരു കാര്യവുമില്ലെന്നാണ് എന്റെ അഭിപ്രായം. പദ്ധതി പ്രദേശം അല്ലാത്ത, സ്റ്റോറേജ് ഡാമിന്റെ പരിസരത്ത് കാലങ്ങളായി താമസിക്കുന്നവരെ കല്ലാർകുട്ടി, വെള്ളത്തൂവൽ, ആനച്ചാൽ ഉൾപ്പെടെയുള്ള മേഖലകളിലും ഇടുക്കിയിലെ മറ്റ് പ്രദേശങ്ങളിലും സംസ്ഥാനത്തിന്റെ പല മേഖലകളിലും കാണാം. രണ്ടായിരത്തോളം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമാണ് മൂന്നാർ, അവിടെ റവന്യൂ പുറമ്പോക്കിൽ താമസിക്കുന്നവർ സർവ്വേ നമ്പർ 843 ഉൾപ്പെടെ, 1996-ലെ അഖിലേഷ് കുമാർ, ഐ.എ.എസ്. സബ്കളക്ടർ ആയിരുന്ന സമയത്തുതന്നെ, താലൂക്ക് സഭയിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ വളരെ വ്യക്തതയോടെ അതിര് തിരിച്ചിട്ടുള്ള മേഖലകളാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിന് അങ്ങ് മുൻകൈ എടുക്കണം. ടി പട്ടയങ്ങൾ എത്രയും വേഗം നൽകുന്നതിന് അങ്ങ് ഇടപെടുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അത് വേഗതയിൽ

ലഭ്യമാകുന്നതിന് സഹായകമായ സമീപനം സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. പദ്ധതിപ്രദേശത്തും മറ്റ് മേഖലയിലും താമസിക്കുന്നവർക്ക് അടിസ്ഥാനപരമായ പല സൗകര്യങ്ങളും സാദ്ധ്യമാക്കുന്നതിന് ഹൈഡൽ ടൂറിസം വളരെയേറെ ഗുണകരമാകുകയും ഇത് അവർക്ക് ജീവിതമാർഗ്ഗമായി മാറുകയും ചെയ്തിട്ടുണ്ട്. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ക്യാച്മെന്റ് ഏരിയയിലും ഡാമിന്റെ സേഫ്റ്റി ഏരിയയിലും പലർക്കും ദീർഘകാല കരാറിൽ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ളവ നൽകിയിട്ടുണ്ട്. ആ കരാറിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സർക്കാരിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുന്ന സാഹചര്യമില്ലെങ്കിലും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, അവിടെ വെറുതെ കിടക്കുന്ന ക്വാർട്ടേഴ്സുകൾ ഹൈഡൽ ടൂറിസം മേഖലയിൽ വാടകയ്ക്ക് ഏറ്റെടുക്കാനുള്ള സാഹചര്യമുണ്ടാകണം. അവിടുത്തെ ജീവനക്കാരുടെ വിഷയത്തിൽ ഈ സർക്കാർ ഫലപ്രദമായി ഇടപെട്ട് അവരുടെ ശമ്പളം വർദ്ധിപ്പിച്ചു. അവർ കൊണ്ടുവരുന്ന പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന വരുമാനത്തിൽ നിന്നും അവർക്ക് ശമ്പളം നൽകുന്നതിനാൽ പ്രത്യേകമായ ഒരു ബാദ്ധ്യതയും ബോർഡിനുണ്ടാകുന്നില്ല. ഹൈഡൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാരെ ആ നിലയിൽ കണ്ടുകൊണ്ട്, കുറേക്കൂടി സഹായിക്കുവാനുള്ള സന്മനസ് അങ്ങേയ്ക്കുണ്ടെന്ന് ഞങ്ങൾക്കറിയാം, അത് ഫലപ്രദമാക്കുന്നതോടൊപ്പം പദ്ധതി പ്രദേശത്തിന് പുറത്തുള്ള മറ്റ് മേഖലയിൽ പൊതു താൽപ്പര്യം കണക്കാക്കി കൺവെൻഷൻ സെന്റർ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കണമെന്ന അഭിപ്രായമാണ് ഇക്കാര്യത്തിലുള്ളത്. അതുപോലെ മാങ്കുളം ഉൾപ്പെടെയുള്ള ഓഗ്മെന്റേഷൻ പദ്ധതി പ്രദേശത്ത് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേകം യോഗം ചേരുന്നതിന് അങ്ങ് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അത് നീട്ടിക്കൊണ്ടുപോകാതെ എത്രയും വേഗം തീർപ്പ് കൽപ്പിക്കാനുള്ള സമീപനം സ്വീകരിക്കണമെന്ന അഭിപ്രായമാണ് ഇക്കാര്യത്തിലുള്ളത്.

1.00 PM]

വനം വകുപ്പുമായി ബന്ധപ്പെട്ട് ആദിവാസി മേഖലയിലെ കൃഷിഭൂമിയിലും അവർ താമസിക്കുന്ന സ്ഥലത്തും കിഴക്കൻ മേഖലകളിലും തമിഴ്നാട് അതിർത്തിയുമായി ബന്ധപ്പെട്ട മേഖലകളിലും നമ്മുടെ സംസ്ഥാനത്തേക്കാൾ വ്യത്യസ്തമായ കാലാവസ്ഥയാണുള്ളത്. ആ പ്രദേശത്ത് സോളാർ വൈദ്യുതിക്ക് വളരെയേറെ സാദ്ധ്യതകളുള്ളതാണ്. അതുകൂടി ഉപയോഗപ്പെടുത്തിയാൽ ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. വന്യജീവികളുടെ പ്രശ്നങ്ങളുള്ളതുകൊണ്ട് കാർഷികമേഖലയിലേയ്ക്ക് കടക്കാൻ

അവർക്ക് സാധിക്കുന്നില്ല. അതുകൊണ്ട് പുതിയ സംവിധാനങ്ങൾ , ഏർപ്പെടുത്തിയാൽ അത്തരത്തിലുള്ള വരുമാനം ലഭ്യമാക്കുവാൻ അവർക്ക് സാധിക്കും. അതുകൊണ്ട് വനം വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള സഹായംകൂടി ലഭ്യമാക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇടമലക്കുടിയിലേയ്ക്ക് അങ്ങ് വന്നത് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. പ്രായത്തെ വകവയ്ക്കാതെ വളരെയേറെ പ്രയാസകരമായ വഴിയിലൂടെ യാത്ര ചെയ്ത് അവിടുത്തെ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ സന്ദർഭമായിരുന്നു അത്. ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും അന്നത്തെ ചെയർമാൻ ഉൾപ്പെടെയുള്ളവർ അവിടെയെത്തുകയും ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ സ്വയമായി കുറേ കോളനികൾ ഏറ്റെടുത്ത്, അവിടുത്തെ വീടുകളിലേയ്ക്ക് വൈദ്യുതീകരണത്തിനു വേണ്ട വയറിംഗ് ജോലികൾ സൗജന്യമായി ചെയ്തുകൊടുക്കുകയും ചെയ്തത് വലിയ ഒരു സംഭാവന തന്നെയാണ്. വൈദ്യുതി വകുപ്പിന്റെ പ്രവർത്തനം വളരെയേറെ മെച്ചപ്പെടുകയും ആളുകളെ സഹായിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്നുള്ളതും ഓർക്കുകയാണ്.

സഹകരണമേഖലയിൽ ദീർഘകാലമായി സഹകാരികൾ അനുഭവിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. 1980-ൽ 1000 രൂപ വായ്പ എടുത്ത ഒരാൾക്ക് ഇപ്പോഴും 60,000 രൂപ ബാക്കി നിൽക്കുന്ന സാഹചര്യമാണ് കാണുന്നത്. എല്ലാ ആണ്ടിലും പുതുക്കിപ്പുതുക്കി വരികയാണ്. പുതുക്കുന്നതുകൊണ്ട് പ്രയാസമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ പലിശ, പിഴപ്പലിശ അതിൽ കൂടുതൽ വരുന്ന തുക തുടങ്ങിയവയെല്ലാം ഓരോ വർഷവും പുതിയ വായ്പകളായി മാറുകയാണ്. ഇക്കാര്യത്തിൽ ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തയ്യാറാകണം. പ്രിൻസിപ്പൽ എമൗണ്ടും ഇന്ററസ്റ്റും പീനൽ ഇന്ററസ്റ്റുമെല്ലാം കൂട്ടി പ്രിൻസിപ്പൽ എമൗണ്ടിലേയ്ക്ക് വരാതെ എത്ര രൂപയാണോ അവരുടെ പ്രിൻസിപ്പൽ തുകയിൽ വകയിരുത്താൻ സാധിക്കുന്നത്, ആ നിലയിലേയ്ക്ക് പുതുക്കുന്ന ലോണായി മാറ്റി അവരെ സഹായിക്കാൻ ഈ സർക്കാരിന് സാധിക്കണം. ധാരാളം സഹായം സഹകരണ വകുപ്പ് ചെയ്യുന്നുണ്ട്. കൺസ്യൂമർഫെഡിനെ സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പത്രമാധ്യമങ്ങളിലെല്ലാം വലിയ വാർത്തയും ചർച്ചയുമായിരുന്നു. കൺസ്യൂമർ ഫെഡിന്റെ അഞ്ഞൂറ് കോടി രൂപയ്ക്കുമേലുള്ള തുക കാണാനില്ലായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡ് ലാഭത്തിലാണെന്നുള്ളത് പ്രത്യേകമായി ചൂണ്ടിക്കാണിക്കേണ്ട കാര്യമാണ്. അതുപോലെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെട്ട സാഹചര്യത്തിൽ ആയിരം രൂപ വായ്പയെടുത്ത സാധാരണക്കാരായ സഹകാരികളുടെ ഇത്തരത്തിലുള്ള സങ്കീർണ്ണ

പ്രശ്നങ്ങൾക്ക് ഈ സർക്കാർ പരിഹാരം കാണണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ടൂറിസം മേഖല ഇത്രയേറെ മുന്നോട്ടുപോയ ഒരു കാലഘട്ടവും ഞാൻ കണ്ടിട്ടില്ല. ഈ മേഖല ധാരാളം ആളുകൾക്ക് തൊഴിലവസരം നൽകുകയാണ്. വിനോദസഞ്ചാരികളായി എത്തുന്നവരോടെല്ലാം വളരെ വിനയത്തോടെ ഇടപെടാനും അവർക്കൊപ്പം യാത്ര ചെയ്യുവാനും മറ്റ് എല്ലാ നിലയിലും അവരോട് സഹകരിക്കുന്ന ജീവനക്കാർ നമ്മുടെ പതിനാല് ജില്ലകളിലുമുണ്ട്. D.T.P.C. (District Tourism Promotion Councils)-യിലൂടെ വരുന്ന വരുമാനത്തിൽ നിന്നാണ് അവർക്ക് ശമ്പളം കൊടുക്കുന്നതെന്നതിനാൽ ഈ ജീവനക്കാർ സർക്കാരിന് ഒരു ബാദ്ധ്യതയായി വരുന്നില്ല. ഈ മേഖലയിൽ അറുപത് വയസ് കഴിഞ്ഞവർ വരെയുണ്ട്. പിരിഞ്ഞുപോയാൽ അഞ്ച് പൈസ പോലും അവർക്ക് ലഭിക്കുകയില്ല. ഇവരുടെ ഭാവിജീവിതം മുന്നിൽക്കണ്ട് തസ്തിക സൃഷ്ടിക്കുകയും ശമ്പളമെന്ന നിലയിൽ ഒരു തുക നിശ്ചയിച്ച് അവരുടെ ജീവിതം ഒരു ബാദ്ധ്യതയായി മാറാതെ അവരെ സംരക്ഷിക്കുവാനുമുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ഒരു മെമ്മോറാണ്ടം അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. ഇത് പരിഗണിക്കാമെന്ന് അങ്ങ് ഉറപ്പ് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ പരിശോധിക്കുകയും ദീർഘകാലമായി ഡി.ടി.പി.സി.യുമായി ബന്ധപ്പെട്ട് പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്ന, സർക്കാരിന് യാതൊരു ബാദ്ധ്യതയുമില്ലാത്ത ഈ ജീവനക്കാരുടെ ജീവിതം ശോഭനമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. മൂന്നാറിൽ നീലക്കുറിഞ്ഞി പൂക്കുന്ന കാലം വരികയാണ്. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ഉൾപ്പെടെ പ്രത്യേകമായ യോഗങ്ങൾ ചേരുകയും പ്രാഥമികമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ ചർച്ചകൾ നടക്കുകയുമാണ്. നിയമസഭാ സമ്മേളനം നടക്കുന്ന സന്ദർഭങ്ങളിലെല്ലാം അവിടെ ഇതുപോലുള്ള യോഗങ്ങൾ നടക്കുകയാണ്. പക്ഷേ മൂന്നാറുമായി ബന്ധപ്പെട്ട വിഷയങ്ങൾ അറിയുന്നവരാരും ആ യോഗത്തിൽ പങ്കെടുക്കാൻ ഒരു സാദ്ധ്യതയുമില്ല. ഇത്തരത്തിലുള്ള യോഗങ്ങൾ ഫലപ്രദമായി നടത്തി അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നീലക്കുറിഞ്ഞി കാണാൻ വരുന്നവർക്ക് വേണ്ട സൗകര്യങ്ങൾ അവിടെത്തന്നെ ഒരുക്കുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനം സ്വീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് ഒരിക്കൽ കൂടി ആലോചന നടത്തണമെന്ന്- ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. രാവിലെ മുതൽ കുറെ കാര്യങ്ങൾ പ്രതിപക്ഷത്തുനിന്ന് പറയുകയുണ്ടായി. ശ്രീ. രാഹുൽ

ഗാന്ധി ദേശീയതലത്തിൽ ആവേശം പ്രകടിപ്പിക്കുന്ന അവസരത്തിലും ഗുജറാത്തിലേയ്ക്ക് പോയപ്പോൾ കല്ലെറിഞ്ഞ സന്ദർഭത്തിലും ഇന്ത്യയിൽ എവിടെയും കോൺഗ്രസ്സിന്റെ ഒരു പ്രതികരണമുണ്ടായതായി ഒരു പത്രത്തിലും കാണാൻ സാധിച്ചില്ല. അവർക്ക് ലഭിച്ച ആവേശം കോൺഗ്രസ്സിന്റെ തനതായ സംഘടനാ ശേഷികൊണ്ടാണെന്ന് ഞാൻ കണക്കാക്കുന്നില്ല, മറിച്ച്, മഹാരാഷ്ട്രയിലെ ലോംഗ് മാർച്ചിന്റെ ഭാഗമായുണ്ടായ ആവേശമാണ് കോൺഗ്രസ്സ് ഇപ്പോൾ പ്രകടിപ്പിക്കുന്നതെന്ന് മാത്രം ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ XXVII, XXXIX, XLII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇടുക്കിയുടെ മണ്ണിൽ നിന്ന്, ഡാമുകളുടെ മണ്ണിൽ നിന്ന്, മന്ത്രിയായി വന്ന ആളാണ് നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട കവലകളിലും, സ്ഥലങ്ങളിലും രാഷ്ട്രീയ പ്രസംഗങ്ങൾ നടത്തി, സ്വതസിദ്ധമായ ശൈലികൊണ്ട് ഇടതുപക്ഷ അനുയായികൾക്കും അദ്ദേഹത്തിന്റെ രാഷ്ട്രീയം ഇഷ്ടപ്പെടുന്നവർക്കും ഒരു പോസ്റ്റർ ബോയ് ആയി നിൽക്കുന്നയാളാണ് ബഹുമാന്യനായ എം. എം. മണി. പക്ഷേ, അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ വെളിയിൽ നടത്തുന്ന പ്രസംഗങ്ങളിലെ സ്വതസിദ്ധമായ ശൈലി മാറ്റി നിയമസഭയിൽ വളരെ മൗനിയായി ഇരിക്കുമ്പോൾ എനിക്ക് വളരെ വിഷമമുണ്ട്. പലപ്പോഴും അദ്ദേഹത്തിനെ നിയമസഭയിൽ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ടീച്ചർമാർ കുട്ടികളെ വഴക്ക് പറഞ്ഞ് detention-ആക്കി ഇരുത്തുന്നതാണ്. ഒന്നും പറയാതെ കൈകൾ മടക്കി ഇരിക്കുകയാണ്. അദ്ദേഹം എന്തുകൊണ്ടാണ് ഇങ്ങനെ ഇരിക്കുന്നതെന്ന കാര്യം അന്വേഷിച്ചപ്പോഴാണ്, നിയമസഭയിൽ അദ്ദേഹത്തിന് വൈദ്യുതി വകുപ്പിനെക്കുറിച്ച് സംസാരിക്കണമെങ്കിൽ, പറയേണ്ടതൊക്കെ യു.ഡി.എഫ്. സർക്കാരിന്റെ സമയത്തെ കാര്യങ്ങൾ മാത്രമാണെന്നറിഞ്ഞത്. കഴിഞ്ഞ നിയമസഭ സമ്മേളനത്തിനിടയിൽ കേരളത്തിൽ ഈ വർഷം ലോഡ്ഷെഡിംഗും പവർകട്ടും ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട എം. എം. മണി വളരെ അഭിമാനത്തോടുകൂടി പറഞ്ഞു. അതിന്റെ കാര്യമന്വേഷിച്ചപ്പോഴാണ് അറിഞ്ഞത് മുൻ യു.ഡി.എഫ് സർക്കാരിന്റെ സമയത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് കേരളത്തിന്റെ വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്നപ്പോൾ, കേരളത്തിന് പുറത്തുനിന്ന് 800 മെഗാവാട്ട് വൈദ്യുതി ലോംഗ് ടേം എഗ്രിമെന്റുകളിലൂടെ വളരെ തുച്ഛമായ റേറ്റിൽ വാങ്ങാൻ തീരുമാനമെടുത്തിരുന്നത് കൊണ്ടാണ് ഇന്ന് ലോഡ്ഷെഡിംഗ് ഇല്ലാത്തതെന്നറിഞ്ഞത്. അന്ന് രണ്ട് രൂപ മുപ്പത് പൈസ, മൂന്ന് രൂപ പത്ത് പൈസ എന്നീ നിരക്കുകളിലാണ് താപനിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങിയിരുന്നത്. അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന ഇപ്പോഴത്തെ ഭരണപക്ഷം പറഞ്ഞത്, "അത് വളരെ കൂടിയ റേറ്റാണ്; ഇടതുപക്ഷം ഭരണത്തിൽ

വരുകയാണെങ്കിൽ ഒരു രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി കൊണ്ടുവരും" എന്നാണ്. കഴിഞ്ഞ രണ്ടര വർഷമായി, ഭരണത്തിൽ വന്നതിനുശേഷം ഒരു രൂപയ്ക്ക് വൈദ്യുതി യൂണിറ്റ് കൊണ്ടുവന്നിട്ടില്ല എന്നുമാത്രമല്ല യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന സഹായങ്ങൾ കൊണ്ടുമാത്രമാണ് ഇന്ന് കേരളത്തിൽ ലോഡ് ഷെഡ്ഡിംഗ് ഇല്ലാതിരിക്കുന്നത്. കേരളത്തിൽ ഇപ്പോൾ എന്താണ് നടക്കുന്നത്? പൂർത്തിയാകാത്ത വൈദ്യുതി പദ്ധതികൾ കാരണം ഇന്ന് ഖജനാവ് ചോരുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ പള്ളിവാസൽ പദ്ധതിയുടെ എക്സ്റ്റൻഷൻ അടക്കമുള്ള 26 പദ്ധതികൾ ഇന്ന് മുടങ്ങിയിരിക്കുകയാണ്. ഒരു യൂണിറ്റ് വൈദ്യുതി പോലും നിർമ്മിക്കാൻ കഴിയാതെ പതിനായിരം കോടി രൂപയുടെ നഷ്ടമാണ് ഇന്ന് കേരളത്തിലുണ്ടായിരിക്കുന്നത്. അത് ഈ സർക്കാരിന്റെയും കെ.എസ്.ഇ.ബി.-യുടെയും പരാജയം തന്നെയാണ്. ഇങ്ങനെ പുതിയ പ്രോജക്ടുകൾ കൊണ്ടുവരാൻ കഴിയാതെ നിലവിലുള്ള പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്ന ഒരവസ്ഥയാണ് കേരളത്തിലുള്ളത്. നമുക്കെല്ലാമറിയാം, കേരളത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി കുറവുള്ള ജില്ലകളാണ് കണ്ണൂരും കാസർഗോഡും. കണ്ണൂരും കാസർഗോഡുമുള്ള വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് കാസർഗോഡ് സോളാർ വൈദ്യുത നിലയം സ്ഥാപിക്കാൻ തീരുമാനിച്ചത്. കേന്ദ്ര നിയമമനുസരിച്ച് സോളാർ വൈദ്യുത പദ്ധതി വരണമെങ്കിൽ 500 മെഗാവാട്ട് എങ്കിലും ഉൽപ്പാദിപ്പിക്കണം. എന്നാൽ പ്രത്യേക നിർദ്ദേശാനുസരണം 500 മെഗാവാട്ടിന് പകരം കേന്ദ്ര സർക്കാർ 200 മെഗാവാട്ടിനുള്ള ഒരു പാർക്ക് കാസർഗോഡ് തുടങ്ങാനുള്ള അനുമതി യു.ഡി.എഫ്. സർക്കാരിന്റെ ഭരണസമയത്തു തന്നു. സ്ഥലമേറ്റെടുത്തുകൊണ്ട് 80 കോടി രൂപ ചെലവാക്കി അവിടെ സബ്സ്റ്റേഷനും നിർമ്മിച്ചു. കണ്ണൂരും കാസർഗോഡുമുള്ള എല്ലാ വീടുകളിലും 24 മണിക്കൂറും തുച്ഛമായ റേറ്റിൽ വൈദ്യുതി എത്തിക്കാമെന്നുള്ളതാണ് ഈ പദ്ധതി. 80 കോടി രൂപയുടെ സബ്സ്റ്റേഷൻ നിർമ്മിച്ചതിനുശേഷം ഇടതുപക്ഷം അധികാരത്തിൽ വന്നപ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർ അവിടെപ്പോയി കൊടികുത്തിയതുകൊണ്ട്, പഞ്ചായത്തുകൾ സമ്മതിക്കാത്തതുകൊണ്ട് ആയിരം ഏക്കർ ഭൂമിയിലുള്ള 200 മെഗാവാട്ട് വൈദ്യുതി ലഭിക്കേണ്ട ഈ പദ്ധതി നഷ്ടമായി. പ്രത്യേക ക്യാബിനറ്റ് തീരുമാനമെടുത്തതുകൊണ്ട് കണ്ണൂർ, കാസർഗോഡ് മേഖലയിൽ സോളാർ പാർക്ക് ഒരിക്കലും വരാത്ത രീതിയിലുള്ള ഒരവസ്ഥയിൽ കൊണ്ടുവന്നതും ഈ സർക്കാർ തന്നെയാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന പദ്ധതിയെ ഈ സർക്കാർ തകർത്തു. അതിനുപകരം ഏറ്റവുമധികം പഴി കേൾക്കുന്നത് സാധാരണക്കാരായ നാട്ടുകാരാണ്. 5-02-2018-ൽ ശ്രീ. പി. കെ. ശശി നിയമസഭയിൽ ചോദിച്ച 'നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ എത്ര രൂപയുടെ കുടിശ്ശികയാണ് പിരിഞ്ഞുകിട്ടാനുള്ളത് എന്ന ചോദ്യത്തിന് മറുപടി പറഞ്ഞിരിക്കുന്നത് 'കെ.എസ്.ഇ.ബി.യിൽ ഡിസംബർ 31-ലെ കണക്കുപ്രകാരം 2441 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ഇതിൽ വാട്ടർ അതോറിറ്റിയിൽ

നിന്ന് 1290 കോടി രൂപ ലഭിക്കാനുണ്ട്. സ്വകാര്യ വൻകിട-ചെറുകിട സ്ഥാപനങ്ങൾ, കെട്ടിടസമുച്ചയങ്ങൾ എന്നിവയിൽ നിന്ന് 550 കോടി രൂപ ലഭിക്കാനുണ്ട് എന്നാണ്. വൻകിട മുതലാളിമാരുടെയും ചെറുകിട മുതലാളിമാരുടെയും 500 കോടി രൂപ പിരിച്ചെടുക്കാത്തതെന്താണ്? കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലുമുള്ള പമ്പ് ഹൗസുകളിൽ വൈദ്യുത കണക്ഷൻ വിച്ഛേദിക്കുകയാണ്. ഇതുകാരണം വലിയ പ്രശ്നമാണ്. പലയിടത്തും ആളുകൾക്ക് ശുദ്ധജലം കിട്ടാതിരിക്കുന്നതിന് കാരണം 1200 കോടി രൂപ ലഭിക്കാത്തതുകൊണ്ടാണ്. ഈ 1200 കോടി രൂപ പിരിച്ചെടുക്കുവാൻ സർക്കാർ ആർജ്ജവം കാണിക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ വകുപ്പുമായി ബന്ധപ്പെട്ട ഒരു കാര്യമേ പറയാനുള്ളു. കെ.എസ്.ഇ.ബി.ക്ക് കെ.എസ്.ആർ.ടി.സി.യുടെ അവസ്ഥ വരരുത്. ഇന്ന് 1200 കോടി രൂപയുടെ നഷ്ടം വരികയാണ്. ഇവിടെ പി.എഫ്.ഉം ഗ്രാറ്റുവിറ്റിയും നൽകാനുള്ള പണം നമുക്കില്ല. പുതിയ പദ്ധതികൾ കൊണ്ടുവരാനുള്ള പണം നമ്മുടെ കയ്യിലില്ല. അങ്ങ് ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് കൂടുതൽ സൂക്ഷ്മമായി വൈദ്യുതി വകുപ്പ് ഭരിക്കണമെന്നുള്ള ഒരഭ്യർത്ഥന വയ്ക്കുകയാണ്. എക്സിക്യൂട്ടീവ് കൺട്രോൾ ഇല്ലാതെ ഉദ്യോഗസ്ഥർ മാത്രം മുന്നോട്ടുകൊണ്ടുപോകുന്ന രീതിയിൽ കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുകൊണ്ടു പോകുകയാണെങ്കിൽ ഭാവിയിൽ കെ.എസ്.ആർ.ടി.സി. പോലെ ഒരു വെള്ളാനയായി കെ.എസ്.ഇ.ബി.എൽ. മാറുമെന്നുള്ള ഭയം മാത്രമാണ് ഞാൻ ഈയവസരത്തിൽ പങ്കുവയ്ക്കുന്നത്.

വൈദ്യുതി വകുപ്പുപോലെ പ്രശ്നങ്ങളുള്ള, ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്ന് പിന്നോട്ട് പോകുന്ന മറ്റൊരു വകുപ്പാണ് സഹകരണ വകുപ്പ്. ഞാൻ കൂടുതലൊന്നും പറയുന്നില്ല; മലയാള മനോരമയിൽ വന്ന വാർത്തയാണിത്, 'സംസ്ഥാന സഹകരണ ബാങ്കുകളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും കിട്ടാക്കടം 700 കോടി രൂപയാണ്. സ്ഥാപനങ്ങളുടെ തിരിച്ചടവ് ശേഷി, സെക്യൂരിറ്റി എന്നിവ അനുസരിച്ചുമാത്രമേ വായ്പ എടുക്കാവൂ എന്നുള്ള നിയമം നബാർഡ് പറയുന്നുണ്ട്. എന്നിട്ടും റബ്കോ- 313 കോടി രൂപ, റബ്മാർക്ക് -90 കോടി രൂപ, അഗ്രികോ-35 കോടി രൂപ എന്നിവ ചേർന്ന് ഏകദേശം 700 കോടി രൂപ സഹകരണ മേഖലയിൽ നിന്ന് ഈ സ്ഥാപനങ്ങൾക്ക് നൽകിയത് കിട്ടാക്കടമായിരിക്കുകയാണ്. കേരള ബാങ്കിന്റെ കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തുമാത്രം ആത്മാർത്ഥതയുണ്ടെന്നുള്ളത് ഈ സഭയോട് പറയേണ്ടതുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും ലയിപ്പിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ ഒരു പ്രമേയം കൊണ്ടുവന്നപ്പോൾ അതിനെ അനുകൂലിച്ച് സംസാരിച്ചയാളാണ് ഞാൻ. അന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഇല്ലാതാകുകയാണെങ്കിൽ കേരളത്തിനുണ്ടാകുന്ന നഷ്ടങ്ങൾ, ഭീതികൾ എന്നിവയെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. കേരള ബാങ്കിന്റെ വിഷയത്തിലും ഞാൻ സഭയിൽ പറയുകയാണ്, പുതിയ കേരള ബാങ്ക് വരികയാണെങ്കിൽ ഇന്ന് പല ബാങ്കുകളുടെയും ബ്രാഞ്ചുകളുടെയും പെർമിറ്റ്

ഇല്ലാതാകും. ജില്ലാ ബാങ്കുകൾ കുറയുന്നതോടെ പലയാളുകൾക്കും തൊഴിൽ നഷ്ടമുണ്ടാകും. പതിനാല് ജില്ലകളിലും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോടുകൂടി ബാങ്കുകൾ ഭരിക്കാമെന്നുള്ള ഒരു വ്യാമോഹം സർക്കാരിനുണ്ടോ എന്നത് പറയണം. കേരള ബാങ്കിന്റെ ഉദ്ഘാടനം കേരളപ്പിറവി ദിനത്തിൽ ഉണ്ടാകുമോ എന്നുള്ള കാര്യം ഇന്ന് മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറയേണ്ടതാണ്. സമയക്കുറവുള്ളതുകൊണ്ട് ടൂറിസത്തിലേക്ക് വരുന്നില്ല. ഒരു കാര്യം മാത്രമേ പറയാനുള്ളൂ, കഴിഞ്ഞ കാലങ്ങളിൽ ടൂറിസം വളരാത്തതിന് പ്രധാന കാരണം മദ്യനയമാണെന്ന് അദ്ദേഹം പറഞ്ഞു. നിയമസഭയിൽ ശ്രീ. ചിറ്റയം ഗോപകുമാർ ചോദിച്ച ചോദ്യത്തിന് 'ഇതിനു കാരണം നിലവിലെ മദ്യനയമാണെന്നാണ് മന്ത്രി മറുപടി പറഞ്ഞത്. പുതിയ മദ്യ നയം കൊണ്ടുവന്നു. ചെറുതായി ഫൈവ് സ്റ്റാറും ഫോർ സ്റ്റാറും തുറന്നു. പക്ഷേ കഴിഞ്ഞ ഒരു വർഷത്തിൽ വന്നിട്ടുള്ള വിദേശ ടൂറിസ്റ്റുകളുടെ കണക്ക് നോക്കുകയാണെങ്കിൽ നാല് ശതമാനം വളർച്ച മാത്രമാണുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ മദ്യ നിരോധനമുള്ള സമയത്ത് ഉള്ളതിനെക്കാൾ കുറഞ്ഞ വളർച്ചയാണ് മദ്യം കൊണ്ടു വന്നപ്പോഴുണ്ടായത്. ടൂറിസം വെറും മദ്യവിൽപ്പനയ്ക്കുള്ള ഒരു രംഗമായി മാത്രം ഇന്ന് സർക്കാർ കാണുകയാണ്. മദ്യനയത്തിന്റെ കാര്യം പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ കഴിയില്ല. ഇന്ന് സർക്കാർ പല മിഷനുകളും പറഞ്ഞു. ലൈഫ് മിഷനിൽ ആർക്കും വീട് ലഭിക്കുന്നില്ല. ആർദ്രം പദ്ധതിയിലുള്ള കാര്യങ്ങൾ താറുമാറായിരിക്കുകയാണ്. ഹരിത കേരളം പദ്ധതി നടക്കുന്നില്ല. ആകെ ഒരു പൊതുമദ്യ സംരക്ഷണ യജ്ഞം മാത്രമാണ് സർക്കാർ നടത്തുന്നത്. രണ്ടുവർഷം കൊണ്ട് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും എല്ലാ വീടുകളിലും മദ്യം എത്തിയിരിക്കുകയാണ്. അടുത്ത മൂന്ന് വർഷം കഴിയുമ്പോഴേയ്ക്കും തട്ടുകടയിൽ പോയി ദോശയും ഓംലെറ്റും വടയും ചമ്മന്തിയും കഴിക്കുന്ന കൂട്ടത്തിൽ ഓരോ കുപ്പി മദ്യം കിട്ടുമോ എന്നുള്ള പേടി മാത്രമാണ് എനിക്കുള്ളത്. വാതിൽപ്പടി വിതരണം നടക്കുന്നില്ല. ഷാപ്പിൽ മാത്രം വിതരണം നടക്കുന്നുവെന്നാണ് വിശ്വാസം. എന്റെ സുഹൃത്ത് ശ്രീ. ആന്റണി ജോൺ വളരെ ശക്തമായി പല കാര്യങ്ങളും പറഞ്ഞു. ഇന്ന് ആർ.എസ്.എസ്.ഉം ബി.ജെ.പി.യും ഏറ്റവും കൂടുതൽ പേടിക്കുന്നത് സി.പി.ഐ.(എം.)നെയാണെന്നുപറഞ്ഞു. എ.ഐ.സി.സി.യുടെ പ്രൗഢഗംഭീരമായ 84-ാമത് പ്ലീനറി സമ്മേളനത്തിൽ സംബന്ധിച്ച ശേഷമാണ് ഞാനും ഇവിടെ ഇരിക്കുന്ന എല്ലാ കോൺഗ്രസ്സ് എം.എൽ.എ.മാരും തിരികെ വന്നിരിക്കുന്നത്. ഞാൻ അഭിമാനത്തോടെ പറയുകയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് ശ്രീ. രാഹുൽഗാന്ധി, യു.പി.എ. ചെയർപേഴ്സൺ ശ്രീമതി സോണിയാ ഗാന്ധി, മുൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ്, കേരളത്തിൽ നിന്നും പോയിട്ടുള്ള ഡെലിഗേറ്റുകൾ അടക്കമുള്ള എല്ലാവരും കഴിഞ്ഞ രണ്ട് ദിവസം ഏറ്റവും കൂടുതൽ ആർജ്ജവത്തോടെ സംസാരിച്ചത് ബി.ജെ.പി.-ക്കെതിരായാണ്. ബി.ജെ.പി.യുടെ തെറ്റായ കാർഷിക

നയങ്ങൾക്കെതിരായാണ് സംസാരിച്ചത്. പ്ലീനറിയിലുള്ള ഓരോ കാര്യങ്ങളും വായിക്കുകയാണെങ്കിൽ, പ്ലീനറിയിലെ വ്യക്തമായ നിലപാടുകൾ കാണുകയാണെങ്കിൽ കാര്യങ്ങൾ വളരെ സ്പഷ്ടമാണ്. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടത്താനുള്ള ഭരണഘടനാപരമായ ഉത്തരവാദിത്വം തെരഞ്ഞെടുപ്പ് കമ്മീഷനുണ്ട് എന്ന് പ്ലീനറിയിലെ പ്രമേയത്തിലൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഓരോ ഭാരതീയനോടും പറഞ്ഞു. 2019-ൽ അധികാരത്തിൽ വന്നാൽ ചെറുകിട-ഇടത്തര കർഷകരുടെ കടമെല്ലാം എഴുതിത്തള്ളുമെന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 84-ാമത് പ്ലീനറിയിൽ പറഞ്ഞിരിക്കുകയാണ്. നികുതി ഭീകരത, ധനപരമായ അടിച്ചമർത്തലുകൾ എന്നിവയില്ലാതെ തുല്യ സാമ്പത്തിക അവസ്ഥയിൽ എല്ലാവരും എത്തുമെന്നുള്ളത് നമ്മൾ പ്ലീനറിയിൽ ഉറപ്പുകൊടുത്തിരിക്കുകയാണ്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നീ മേഖലകളിൽ സർക്കാർ വൻതോതിലുള്ള നിക്ഷേപം നടത്തുമെന്നുള്ള ഉറപ്പ് പ്ലീനറിയിൽ പ്രമേയത്തിലൂടെ പറഞ്ഞിരിക്കുകയാണ്. ഒരു കാര്യം മാത്രമേ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പറയുന്നുള്ളൂ. ഇതൊക്കെ തിരുത്തിക്കൊണ്ടിരിക്കുന്ന ബി.ജെ.പി. സർക്കാരിനെ അധികാരത്തിൽ നിന്ന് പുറത്താക്കണമെങ്കിൽ ഒരു കോമൺ മിനിമം പ്രോഗ്രാമുള്ള, വിശാലമായ പ്രതിപക്ഷ സഖ്യം വേണമെന്ന കാര്യമാണ് എ.ഐ.സി.സി. പ്ലീനറിയിൽ പറയുന്നത്. ഇവിടെ സി.പി.ഐ.(എം.)നോട് ഒരു കാര്യമേ പറയാനുള്ളൂ. വിശാല കോമൺ മിനിമം പ്രോഗ്രാമിന്റെ ഭാഗമായി മറ്റ് പല പാർട്ടികളും വരുമ്പോൾ വരണമെന്നോ വരേണ്ടയെന്നോ ഉള്ള തീരുമാനമെടുക്കേണ്ടത് നിങ്ങളാണ്. ഇഷ്ടമുള്ള തീരുമാനം സ്വതന്ത്രമായി നിങ്ങളുടെ പാർട്ടിക്ക് എടുക്കാം. പക്ഷേ ഒരു കാര്യം, നിങ്ങൾ ആ തീരുമാനത്തിന്റെ കൂടെ വന്നില്ലെങ്കിൽ, ഇന്ത്യയിൽ നിങ്ങൾ അടക്കമുള്ള പാർട്ടികൾ ഒരു പക്ഷേ ഭാവിയിൽ ഇല്ലാതെയായി പോകുമെന്ന കാര്യം ഓർത്തുകൊണ്ട് നിങ്ങൾ മുന്നോട്ടുപോകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്ലീനറിയിൽ എടുത്ത തീരുമാനങ്ങളുമായി ബന്ധപ്പെട്ട ഒട്ടനവധി അനൗൺസ്മെന്റോടുകൂടിയാണ് ബഹുമാനപ്പെട്ട കെ. എസ്. ശബരീനാഥൻ ഇവിടെ പ്രസംഗം അവസാനിപ്പിച്ചത്. 'തെറ്റ് തിരുത്തുന്നു' എന്ന് ശ്രീ. രാഹുൽഗാന്ധി പറഞ്ഞത് നന്നായി. 'തെറ്റുപറ്റി' എന്ന് അദ്ദേഹം ഓപ്പണായി സമാപന സമ്മേളനത്തിൽ പറയുകയുണ്ടായി. തെറ്റുപറ്റിയെന്നും പറ്റിയ തെറ്റുകൾ തിരുത്തിയെന്നുമുള്ള കോൺഗ്രസ്സ് അദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധിയുടെ ഏറ്റുപറച്ചിലിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ശ്രീ. എം. എം. മണി ആരാണെന്ന് ഒരുപക്ഷേ ശ്രീ. കെ. എസ്. ശബരീനാഥന് നന്നായി അറിയാത്തതുകൊണ്ടാവും ശ്രീ. എം. എം. മണിയുമായി ബന്ധപ്പെട്ട് ചില

തെറ്റിദ്ധാരണകൾ അദ്ദേഹത്തിന്റെ ഉള്ളിലുള്ളത്. മന്ത്രി എന്നുള്ള നിലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ വൈദ്യുതി വകുപ്പുമന്ത്രിക്ക് കഴിയുന്നുണ്ടെന്ന് അദ്ദേഹം സമ്മതിച്ചു. കോൺഗ്രസ്സിന്റെ ഭാഗമാണ് എന്നുള്ളതുകൊണ്ട് ഈ ഡിമാന്റിനെ പിന്തുണയ്ക്കാൻ കഴിയില്ല എന്നുള്ളതാണ് അദ്ദേഹം പറഞ്ഞുവച്ചതിന്റെ ചുരുക്കം.

[അദ്ധ്യക്ഷവേദിയിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് വൈദ്യുതി വകുപ്പ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. ഗുണമേന്മയുള്ള വൈദ്യുതി നൽകിയാൽ മാത്രം പോര, വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുകയും വേണം. വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തണമെങ്കിൽ ഇടയ്ക്കിടക്ക് ഹരിതരാകുകയും പിന്നെ അതിൽനിന്നും മാറുകയും ചെയ്താൽ വൈദ്യുതി ഉറപ്പുവരുത്താൻ സാധിക്കില്ല. വൈദ്യുതി ഉറപ്പുവരുത്തുന്നതിന് ദീർഘമായ പ്ലാനിംഗ് ആവശ്യമാണ്. സമസ്ത മേഖലയിലും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട് അത്തരമൊരു പ്ലാനിംഗ് വൈദ്യുതി വകുപ്പിന്റെ കീഴിൽ നടക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ പ്രാവശ്യം ലോഡ്ഷെഡ്ഡിംഗും മറ്റും ഒഴിവാക്കി എല്ലാവർക്കും മെച്ചപ്പെട്ട വൈദ്യുതി എത്തിക്കാൻ കഴിയുന്നത്. വകുപ്പിന്റെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഇടപെടൽ തന്നെയാണ് അതിന് കാരണം. വൈദ്യുതി വകുപ്പിനെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിനുള്ള ഇടപെടലുകളാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. കമ്പനി ആക്കുന്നതുമായി ബന്ധപ്പെട്ട ആലോചനകളും യഥാർത്ഥത്തിൽ വൈദ്യുതി വകുപ്പിനെ നിഷ്ക്രിയമാക്കി സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള ശ്രമങ്ങളാണ്. കേരളമാണ് ഈ കാര്യത്തിൽ ഒരു ചെറുത്തു നിൽപ്പ് നടത്തുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ലക്ഷ്യപ്രാപ്തിയിൽ പൂർണ്ണമായി എത്തണമെന്നുണ്ടെങ്കിൽ ഓരോ ദിവസവും പുതിയ വീടുകൾ നിർമ്മിക്കുന്നതിനനുസരിച്ച്, പുതിയ ഡിമാന്റുകൾ വരുന്നതിനനുസരിച്ച് അപ്ഡേറ്റ് ചെയ്താൽ മാത്രമേ ആ പ്രശ്നങ്ങളെ പൂർണ്ണമായും അഡ്രസ്സ് ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ കാര്യങ്ങളിലൊക്കെ ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. എം. എം. മണിക്കും അദ്ദേഹത്തോടൊപ്പം നിൽക്കുന്ന ഉദ്യോഗസ്ഥ സുഹൃത്തുക്കൾക്കും കഴിയുന്നുണ്ടെന്നുള്ളത് ഈ ഡിമാന്റുമായി സംസാരിക്കുമ്പോൾ വളരെ സന്തോഷത്തോടുകൂടിയാണ് പറയുന്നത്. ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞതുപോലെയല്ല യഥാർത്ഥ പ്രശ്നം; പള്ളിവാസൽ, തോട്ടിയാർ പദ്ധതികളടക്കം നിരവധി പദ്ധതികൾ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചതാണ്. ശ്രീ. എ. കെ. ബാലൻ ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിൽ ആരംഭിച്ച വിവിധ പദ്ധതികൾ യു.ഡി.എഫ്. സർക്കാർ

അധികാരത്തിൽ വന്നപ്പോൾ ഫോളോ അപ് ഇല്ലാതെ മുടങ്ങിപ്പോയി. എന്നിട്ട് ഈ പദ്ധതികളൊക്കെ മുടങ്ങിയതിന്റെ ഉത്തവാദിത്വം ശ്രീ. എം. എം മണി ഏറ്റെടുക്കണമെന്ന് പറയുന്നത് ശരിയല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് തുടങ്ങിവച്ച പദ്ധതികൾ യു.ഡി.എഫ്.-ന്റെ പിടിപ്പുകേടുമൂലം, വേണ്ട സമയങ്ങളിൽ ഇടപെടാത്തതുമൂലം മുടങ്ങിപ്പോയതിന് ശേഷം അടുത്ത ആളുകളുടെ തലയിൽ കൊണ്ടുപോയി വയ്ക്കാൻ നോക്കുന്നത് ഉചിതമായ നടപടിയല്ല. ഭംഗിക്കുവേണ്ടി പ്രസംഗിക്കാം. കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ മുടങ്ങിക്കിടപ്പുണ്ടെങ്കിൽ അതിന് ഉത്തരവാദികൾ വേറാരുമല്ല, അത് യു.ഡി.എഫ്. തന്നെയാണെന്ന ഒരു ബോദ്ധ്യം ഇത് പറയുന്നവർക്ക് ഉണ്ടാകണം. സബ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. സബ് സ്റ്റേഷനുകളുടെ നിർമ്മാണത്തിന് പലപ്പോഴും തടസ്സമായി വരുന്നത് സാധനങ്ങളുടെ ലഭ്യതക്കുറവാണ്. കമ്പി അടക്കമുള്ള സാധനങ്ങൾ സമയബന്ധിതമായി പലപ്പോഴും ലഭ്യമാകാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ആ കാര്യത്തിലും ശ്രീ. എം. എം. മണി മന്ത്രിയെന്നുള്ള നിലയിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വകുപ്പ് നടത്തിയിട്ടുള്ള ഇടപെടലിലൂടെ മുടങ്ങിക്കിടന്ന പല സബ്സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നിർമ്മാണ സാമഗ്രികൾ ലഭ്യമായതിനെ തുടർന്ന് വളരെ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസരണ മേഖലയുമായി ബന്ധപ്പെട്ട് മറ്റ് ഇതര മാർഗ്ഗങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മികച്ച ഇടപെടലുകൾ, ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, അനെർട്ട് അടക്കമുള്ള ഡിപ്പാർട്ട്മെന്റിനെ സജീവമാക്കിക്കൊണ്ട് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവയെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് ധാരാളം അപകടങ്ങൾ, ഈ സർക്കാരിന്റെ ഭരണകാലത്തല്ല, കഴിഞ്ഞ 10 വർഷത്തെ കണക്കെടുത്ത് നോക്കിയാൽ വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് ഒട്ടനവധി ഗൗരവതരമായ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ആ വിഷയത്തെ കുറച്ചുകൂടി ഗൗരവമായി കൈകാര്യം ചെയ്യുന്നതിന് വകുപ്പിന്റെയും വകുപ്പുമന്ത്രിയുടെയും ശ്രദ്ധയുണ്ടാകണം. ദിവസ വേതനത്തിൽ പണിക്ക് വരുന്നവരുണ്ട്. അവരൊക്കെ അപകടത്തിൽപ്പെട്ടുകഴിഞ്ഞാൽ വേണ്ടത്ര നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള യാതൊരു ക്രമീകരണങ്ങളും ഡിപ്പാർട്ടുമെന്റിലില്ല. ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും ഏതാനും ചില രൂപത്തിൽ കൊടുക്കുന്ന ചില്ലറ സഹായങ്ങളുമൊഴിച്ചാൽ പലപ്പോഴും കുടുംബനാഥൻ നഷ്ടപ്പെട്ടാൽ അവർക്ക് വേണ്ടത്ര സഹായം കിട്ടാത്ത പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് വൈദ്യുതി സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അപകടത്തിൽപ്പെടുന്നവർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള, ജോലിയുടെ ഭാഗമായി എത്തുന്ന കരാറുകാർക്കും ജീവനക്കാർക്കും സഹായിക്കാനെത്തുന്നവർക്കും അപകടങ്ങളുണ്ടായാൽ അവർക്ക്

മാന്യമായ കോമ്പൻസേഷൻ നൽകുന്നതിനുള്ള ഇടപെടലുണ്ടാകണം. മഴക്കാലത്ത് ഡൈവേർഷന്റെ വാതിൽക്കൽ ചപ്പുചവറുകൾ അടിഞ്ഞുകൂടി പീരുമേട്ടിലെ ഒരു പാലവും റോഡുമടക്കം ഒഴുകിപ്പോയിട്ടും ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. അതുമായി ബന്ധപ്പെട്ട് നൽകിയ ഒരു നിവേദനത്തിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. ഡൈവേർഷനിലേയ്ക്ക് ചപ്പുചവറുകൾ വന്ന് അടിഞ്ഞുകഴിഞ്ഞാൽ അത് സമയത്ത് നീക്കം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനുണ്ട്. അവർ കാര്യങ്ങൾ ചെയ്യാതിരുന്നതിന്റെ ഭാഗമായാണ് വെള്ളം കുത്തിയൊഴുകി റോഡും പാലവുമൊക്കെ നശിക്കുന്നതിന് കാരണമായിട്ടുള്ളത്. അതുകൊണ്ട് ആ റോഡും പാലവും പുനർനിർമ്മിക്കുന്നതടക്കമുള്ള വിഷയത്തിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഈ അവസരത്തിൽ ക്ഷണിക്കുന്നതോടൊപ്പം മികച്ച രൂപത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ കൊണ്ടുപോകുന്നതിന് അദ്ദേഹത്തെ അഭിനന്ദിക്കുകയുമാണ്.

പത്തുചെയിനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിച്ചു. അത് ഞാൻ തന്നെ ഈ നിയമസഭയിൽ ഒരു സബ്മിഷനായി കൊണ്ടുവന്നതാണ്. അതൊക്കെ അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റൊരു പ്രശ്നംകൂടി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്, കൃഷിക്ക് നൽകുന്ന സൗജന്യ വൈദ്യുതിയുമായി ബന്ധപ്പെട്ടതാണ്. കൃഷിക്ക് നൽകുന്ന സൗജന്യ വൈദ്യുതിയുടെ ബിൽ അടയ്ക്കുന്നത് ബജറ്റ് വിഹിതത്തിൽ നിന്ന് ഡിപ്പാർട്ടുമെന്റാണ്. പണം ലഭ്യമാകുന്ന മുറയ്ക്കാണ് അതിന്റെ പേമെന്റ് ഉണ്ടാകുക. ഞങ്ങൾ വേറൊരു ഡിപ്പാർട്ടുമെന്റാണ്; കമ്പനിയാണ്; ഞങ്ങൾക്ക് സർക്കാരുമായി ബന്ധമില്ല എന്ന നിലപാടിലേയ്ക്ക് വൈദ്യുതി ബോർഡിന് ഒരിക്കലും പോകാൻ കഴിയില്ല. പലപ്പോഴും കൃഷി ഓഫീസർമാർക്ക് നോട്ടീസ് അയച്ച് അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതും കൃഷിക്കാരുടെ വൈദ്യുതി കട്ട് ചെയ്യുന്നതുമടക്കമുള്ള നിരവധി ജനസൗഹൃദമല്ലാത്ത നടപടികളിലേയ്ക്ക് ഡിപ്പാർട്ടുമെന്റ് പോകുന്നത് ഒഴിവാക്കി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കൃഷി വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചാൽ തീരാവുന്ന പ്രശ്നങ്ങൾ മാത്രമാണ് ഇവിടെയുള്ളത്. ഗൗരവതരമായ ഇന്ററാക്ഷൻ വകുപ്പുകൾ തമ്മിൽ ഉണ്ടാകണമെന്നുള്ളത് പ്രത്യേകമായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്. മറ്റൊന്ന് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നമാണ്. സഹകരണ വകുപ്പ് ഈ ഒരു കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള നിരവധി പദ്ധതികളുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ടും കെ.എസ്.ആർ.ടി.സി.ക്ക് പെൻഷൻ നൽകുന്നതിന് നടത്തിയിട്ടുള്ള ഇടപെടലും ഹരിതം സഹകരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള

ഇടപെടലുകളും കൺസോർഷ്യം രൂപീകരിച്ച് അരി വിതരണത്തിലേയ്ക്ക് പോയ നടപടിയും തുടങ്ങി എടുത്തുപറയാൻ ഒട്ടനവധി മാതൃകാപരമായ പ്രവർത്തനങ്ങൾ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. എസ്.സി./എസ്.ടി. മേഖലകളുമായി ബന്ധപ്പെട്ട് ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് പേറ്റന്റ് നൽകിയതും വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ഇടപെട്ടതുമടക്കം ഒട്ടനവധി കാര്യങ്ങൾ എടുത്തുപറയാൻ കഴിയും. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ഇടപെടലുകൾ, CAPE (Co-operative Academy of Professional Education)-ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിലടക്കം എടുത്ത് പറയത്തക്ക ഒട്ടനവധി മാതൃകാപരമായ പ്രവർത്തനങ്ങളുണ്ട്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണ് നവകേരളീയം കുടിശ്ശിക നിവരാണം - 2018. അതിനെ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പംതന്നെ സഹകരണ വകുപ്പിന്റെ ബഹുമുഖമായ പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ മാതൃകാപരമായ ഒട്ടനവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതിന് അദ്ദേഹത്തെ അഭിനന്ദിക്കുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്. ശ്രീ. എ. സി. മൊയ്തീനിൽ നിന്നാണ് ടൂറിസം വകുപ്പ് ബഹുമാനപ്പെട്ട മന്ത്രി ഏറ്റെടുത്ത് പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. തുടക്കമെന്നുള്ള നിലയിൽ അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തോട് പറയാനുള്ളത്, തോട്ടം വ്യവസായം മാത്രമല്ല, നമ്മുടെ എല്ലാ പാരമ്പര്യ വ്യവസായങ്ങളും വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കയറായാലും കശുവണ്ടിയായാലും തോട്ടമായാലും പ്ലാന്റേഷന്റെ ഏത് മേഖലയെടുത്ത് പരിശോധിക്കുമ്പോഴും വ്യവസായം വലിയൊരു പ്രതിസന്ധി നേരിടുന്നുണ്ട്. റാമെറ്റീരിയൽസിന്റെ ലഭ്യതയടക്കമുള്ള പ്രശ്നങ്ങൾ ഇതിൽ വലിയൊരു ഘടകമാണ്. ആസിയാൻ കരാറുമായി ബന്ധപ്പെട്ട വിഷയങ്ങൾ, തോട്ടം വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയവ പ്രതിസന്ധിയിലാകുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതൊക്കെ വിവിധ ഘട്ടങ്ങളിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. തോട്ടം മേഖലയിൽ ടൂറിസത്തിന് അനുമതി നൽകണം. അതിന്റെ സ്വഭാവ മാറ്റമല്ല പറയുന്നത്; ഫാം ടൂറിസം, ഫാം വിസിറ്റ് എന്നിവപോലെ തോട്ടം മേഖലയിൽ സന്ദർശനം അനുവദിക്കണമെങ്കിൽ, അതിന്റെ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ടൂറിസം വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അങ്ങും തൊഴിൽ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും സംയുക്തമായി കൂടിയാലോചിച്ചുകൊണ്ട് മാത്രമേ അതിനുള്ള അനുമതി നൽകാൻ കഴിയൂ. ടൂറിസം റെഗുലേറ്ററി അതോറിറ്റി, ടൂറിസം

സംരഭകത്വ ഫണ്ട്, മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട് നടത്തുന്ന ഇടപെടലുകൾ, ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ്, ടൂറിസം പദ്ധതിയുടെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾ, പൈതൃകസംരക്ഷണ പദ്ധതികളുടെ മികച്ച പ്രാധാന്യം, ഭിന്നശേഷി സൗഹാർദ്ദ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് അടക്കം മാതൃകാപരമായ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് അങ്ങയുടെ നേതൃത്വത്തിന് കഴിയുന്നുണ്ട്.

ഒരു വിഷയംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട് ലാൻഡ് ഇഷ്യൂസ് ധാരാളമുണ്ട്. പലപ്പോഴും പദ്ധതികൾ അനുവദിച്ചു കഴിഞ്ഞാൽ അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായി വരും. അങ്ങനെ മുടങ്ങിക്കിടക്കുന്ന ധാരാളം പദ്ധതികളുണ്ട്. ചിലപ്പോൾ അത് ജലവിഭവ വകുപ്പിന്റേതായിരിക്കും അല്ലെങ്കിൽ വൈദ്യുതി വകുപ്പിന്റേതായിരിക്കും അതല്ലെങ്കിൽ മറ്റേതെങ്കിലും ഒരു വകുപ്പുമായി ബന്ധപ്പെട്ടതായിരിക്കും. ആ വകുപ്പിന്റെ ഇടപെടൽകൂടി വേണ്ടിവരുന്നുവെന്ന കാരണത്താൽ, എം.എൽ.എ.-മാരുടെ മോണിറ്ററിംഗിൽ മാത്രമായി ആ പദ്ധതികളുമായി മുന്നോട്ടുപോകാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ചിലപ്പോൾ വനം, വൈദ്യുതി, ജലവിഭവം, ടൂറിസം വകുപ്പുകളുടെ സംയുക്തമായ മീറ്റിംഗ് ആവശ്യമായി വരുന്ന സന്ദർഭങ്ങളുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ജോയിന്റ് മീറ്റിംഗ് എളുപ്പത്തിൽ വിളിച്ചുകൂട്ടി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം. ഡെപ്പോസിറ്റ് വാങ്ങി കയ്യിൽ സൂക്ഷിക്കുകയും ഇന്ററസ്റ്റ് വാങ്ങി ചെലവ് കഴിയുകയും ശമ്പളം നൽകുകയും ചെയ്യുന്ന പല ഏജൻസികളും നമ്മുടെ മുന്നിലുണ്ട്. ആ പണം തിരിച്ചുവാങ്ങി മാതൃകാപരമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഇടപെടലിലേയ്ക്ക് അങ്ങ് പോകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഒട്ടനവധി മാതൃകാപരമായ പ്രവർത്തനങ്ങൾ ടൂറിസം രംഗത്ത് നടപ്പിലാക്കുന്ന അങ്ങയെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട്, ഈ ഡിമാന്റുകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണം, വൈദ്യുത പദ്ധതികൾ, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വിദേശ ടൂറിസ്റ്റുകൾ ധാരാളം വന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അവർ ഒരിക്കൽ വന്നാൽ വീണ്ടുംവീണ്ടും വരികയും മറ്റുള്ളവരെ കേരളത്തിലേയ്ക്ക് വരാൻ പ്രേരിപ്പിക്കുകയും ചെയ്യും. എന്നാൽ ഇപ്പോൾ വരുന്ന ടൂറിസ്റ്റുകളൊക്കെ അവർ ഉദ്ദേശിച്ച സമയത്തിന് മുൻപുതന്നെ സ്ഥലം വിടുകയാണ്. 'എന്തിനാണ് കേരളത്തിലേയ്ക്ക് പോകുന്നത്; അവിടെ ലഭിക്കുന്നതിനെക്കാൾ നല്ല മദ്യം നമ്മുടെ നാട്ടിൽ കിട്ടില്ലേ എന്നാണ് അവർ ചോദിക്കുന്നത്. ഇപ്പോൾ ടൂറിസ്റ്റുകളെ

ആകർഷിക്കുന്നതിനാണ് ഇവിടെ മദ്യം വ്യാപകമാക്കാൻ തീരുമാനിച്ചത്. 10,000 ജനസംഖ്യയുള്ള പഞ്ചായത്തുകളെയൊക്കെ നഗരങ്ങളുടെ കണക്കിൽപ്പെടുത്തി അവിടെയൊക്കെ പെട്ടിക്കട തുടങ്ങുന്നതുപോലെ മദ്യശാല തുറക്കാമെന്നാണ് ഈ സർക്കാരിന്റെ തീരുമാനം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയുവാനുള്ളത്, Kerala-Gods own country എന്ന് അഭിമാനത്തോടുകൂടി നമ്മൾ പറയുകയാണ്. ദയവുചെയ്ത് Kerala - drunkards own country ആക്കി നിങ്ങൾ മാറ്റരുത് എന്നൊരു അപേക്ഷയാണ് എനിക്ക് അങ്ങേയ്ക്ക് മുമ്പാകെ വയ്ക്കുവാനുള്ളത്.

അങ്ങ് സഹകരണ വകുപ്പുമന്ത്രിയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് അങ്ങേയ്ക്ക് നന്നായറിയാം. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും കക്ഷി രാഷ്ട്രീയത്തിനതീതമായി യോജിച്ച് നിന്ന് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇന്ത്യക്ക് മാതൃകയായി കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ വളർന്നുവന്നത്. ഇവിടെ ഐക്യ നാണയ സംഘങ്ങൾ ആരംഭിച്ചു. ആ ഐക്യ നാണയ സംഘങ്ങൾ പിന്നീട് പ്രാഥമിക ബാങ്കുകളായി. ഇന്ന് പ്രാഥമിക ബാങ്കുകളടക്കം എല്ലാവിധ ആധുനിക സംവിധാനങ്ങളും ഇടപാടുകാർക്ക് പ്രദാനം ചെയ്തുകൊണ്ടിരിക്കുകയാണ്. സഹകരണ മേഖല കൈവയ്ക്കാത്ത ഒരു മേഖലയുമില്ല. എല്ലാ മേഖലയിലും ഈ പ്രസ്ഥാനം വളർന്നു പന്തലിച്ചു. നന്നായി പ്രവർത്തിക്കുന്ന ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഏറ്റവും നല്ല കോൺട്രാക്ട് ജോലി ചെയ്യുന്ന കോ-ഓപ്പറേറ്റീവ് ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിങ്ങനെ ജനഹിതവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലേയ്ക്കും പടർന്ന് പന്തലിച്ച ഈ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുള്ള ശ്രമമാണ് ഈ സർക്കാർ ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. ഇവിടെ കെ.എസ്.ഇ.ബി., ജില്ലാ ബാങ്കുകൾ, അർബൻ ബാങ്കുകൾ, 1600-ൽപ്പരം വരുന്ന പ്രാഥമിക ബാങ്കുകൾ എന്നിവയെല്ലാം ചേർന്ന് ഒരു ലക്ഷത്തി എഴുപതിനായിരത്തിൽപ്പരം കോടി രൂപയുടെ നിക്ഷേപം സഹകരണ മേഖലയിലുണ്ട്. പലപ്പോഴും സർക്കാരിന് സാമ്പത്തിക നഷ്ടവും പ്രയാസവും വരുമ്പോൾ കൈത്താങ്ങായി നിന്നത് സഹകരണ മേഖലയാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുവേണ്ടി സഹകരണ ബാങ്കുകൾക്കിടയിൽ കൺസോർഷ്യം രൂപീകരിച്ച് അവരെക്കൊണ്ട് പണം നൽകിക്കണമെന്ന് പറയുകയാണ്. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി.യെ മോചിപ്പിക്കാൻ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ പണം നൽകിയാൽ ആ പണം എങ്ങനെ തിരിച്ചുകിട്ടുമെന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ധാരണ ഈ സർക്കാരിനുണ്ടോ എന്ന് അറിയേണ്ടതുണ്ട്. മുമ്പ് റബ്കോയ്ക്ക് നൽകിയ പണം ഇപ്പോഴും NPA (nonperforming asset) ആയി കിടക്കുകയാണ്. 40 ശതമാനം

പ്രാഥമിക ബാങ്കുകൾ നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും നഷ്ടത്തിലാണ്. സഹകരണ ഫെഡറേഷനുകൾ മുഴുവൻ നഷ്ടത്തിലാണ്. ഈ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക ബാങ്കുകളെയും ഫെഡറേഷനുകളെയുമൊന്നും പുനരുജ്ജീവിപ്പിക്കാനോ അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനോ ആവശ്യമായ യാതൊരു നീക്കവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. അതിനാവശ്യമായ തുക ഈ ബജറ്റിൽ നീക്കി വച്ചതായി കാണുന്നില്ല.

തിരുവനന്തപുരം ഒഴികെ കേരളത്തിലെ 13 ജില്ലാ ബാങ്കുകളും വൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ജില്ലാ ബാങ്കുകളെയും തകർക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ സർക്കാർ ആരംഭിച്ചിട്ടുള്ളത്. സാധാരണക്കാരായ ലക്ഷക്കണക്കിന് ഇടപാടുകാർ തങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങൾക്കുവേണ്ടി ആശ്രയിച്ച വരുന്നത് കേരളത്തിലെ ജില്ലാ ബാങ്കുകളെയും അവയുടെ 802 ബ്രാഞ്ചുകളെയുമാണ്. ആ ജില്ലാ ബാങ്കുകൾ ഇല്ലാതാക്കി കേരള ബാങ്ക് രൂപീകരിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. ഇതാരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയാണെന്ന് മനസ്സിലാകുന്നില്ല. സർക്കാരിന്റെ വൻകിട പദ്ധതികൾക്കും കോർപ്പറേറ്റുകൾക്കും വായ്പ നൽകുന്നതിനുവേണ്ടിയാണ് 14 ജില്ലാ ബാങ്കുകളെ ഇല്ലാതാക്കി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുമെന്ന് പറയുന്നത്. ഇത് ജില്ലാ ബാങ്കുകളിൽ വിശ്വാസമർപ്പിച്ച് അവിടെ പണം നിക്ഷേപിച്ചിട്ടുള്ള ലക്ഷക്കണക്കായ ഇടപാടുകാരെ നിരാശപ്പെടുത്തുന്ന നടപടിയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇപ്പോൾ ജില്ലാ ബാങ്കുകൾ അംഗ സംഘങ്ങൾക്ക് 18 ശതമാനം വരെ ലാഭവിഹിതം നൽകുന്നുണ്ട്. എന്നാൽ 28-12-2017-ൽ സംസ്ഥാന സഹകരണ ബാങ്ക് എം.ഡി. നബാർഡിന് സമർപ്പിച്ച ഈ ലയനത്തിനുള്ള പ്രൊപ്പോസലിനോടൊപ്പം ചേർത്തത് 14 ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഒന്നിച്ച് ചേർന്ന consolidated balance sheet-പ്രകാരം 218 കോടി രൂപ നഷ്ടമാണെന്നാണ്. പ്രാഥമിക സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ലാഭവിഹിതംപോലും നഷ്ടപ്പെടാൻ പോകുന്നൊരു സൂചനയാണ് ഈ പ്രൊപ്പോസലിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. എ.ടി.എം., ഇലക്ട്രോണിക് ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ നൽകുന്ന National Payment Corporation-ൽ നേരിട്ട് അംഗത്വം നേടുകവഴി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്ന ജില്ലാ ബാങ്കുകൾ ഇല്ലാതാക്കി NPCI (National Payments Corporation of India)-യിൽ നേരിട്ട് അംഗത്വമില്ലാതെ മറ്റ് കൊമേഴ്സ്യൽ ബാങ്കുകളുടെ സഹായത്തോടെ മാത്രം അത് നിർവ്വഹിച്ചുപോരുന്ന സംസ്ഥാന ബാങ്കിൽ ജില്ലാ ബാങ്കുകൾ ലയിപ്പിക്കുന്നതോടെ നിലവിലുള്ള ആധുനിക സൗകര്യങ്ങൾ ജില്ലാ ബാങ്കിലെ ഇടപാടുകാർക്ക് നിഷേധിക്കപ്പെടുന്ന സാഹചര്യമാണുണ്ടാകാൻ പോകുന്നത്. സംസ്ഥാന

ബാങ്കുകളുടെ ദേശീയ ഫെഡറേഷനായ NAFSCOB-ന്റെ (National Federation of State Cooperative Banks Ltd.) എം.ഡി.യും രാജ്യത്തെ സഹകരണ ബാങ്കിംഗ് മേഖലയിലെ ആധികാരിക ശബ്ദവുമായ ശ്രീ. ബി. സുബ്രഹ്മണ്യം കേരളത്തിൽ ജില്ലാ ബാങ്കുകൾ ലയിപ്പിക്കുന്നത് unnecessary-യാണെന്ന് കണ്ണൂരിൽ ചേർന്ന സഹകരണ കോൺഗ്രസ്സിലെ സെമിനാറിൽ പരസ്യമായി പ്രസംഗിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയുവാനുള്ളത്? കേരള ബാങ്കിനെതിരെ ഉയർന്നുവരുന്ന എതിർപ്പുകളെയൊക്കെ രാഷ്ട്രീയമായി കാണുന്ന ബഹുമാനപ്പെട്ട മന്ത്രി NAFSCOB-ന്റെ തലവന്റെ അഭിപ്രായത്തെക്കുറിച്ച് എന്താണ് പറയുന്നതെന്ന് അറിയാൻകൂടി ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ നിലവിലുള്ള ബ്രാഞ്ചുകളിലെ ജീവനക്കാരുടെ എണ്ണം കുറയാൻ പോകുകയാണ്. ഇവിടെ നിയമന നിരോധനമില്ല, ജീവനക്കാരെ പ്രതികൂലമായി ബാധിക്കില്ല എന്നൊക്കെ പറയാം. എന്നാൽ എം.ഡി. നൽകിയ റിപ്പോർട്ട് അനുസരിച്ച് ജീവനക്കാരുടെ എണ്ണത്തിൽ കാര്യമായ കുറവ് വരും. നിലവിലുള്ള ജില്ലാ ബാങ്കിന്റെ ബ്രാഞ്ചുകളിൽ 15 ശതമാനം മുതൽ 20 ശതമാനം വരെ അടച്ചുപൂട്ടുമെന്ന് ഈ പ്രൊപ്പോസലിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് നിലവിലുള്ള ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്നുമാത്രമല്ല പുതിയ തൊഴിലവസരങ്ങൾ നമ്മുടെ സഹകരണ മേഖലയിൽ ഇല്ലാതാക്കുന്ന നടപടിയുമാണ് ഇവിടെ സംജാതമാകാൻ പോകുന്നത്.

കേരള ബാങ്ക് ഇന്റർനാഷണൽ ബാങ്കിംഗ് ആണ് ലക്ഷ്യമിടുന്നതെന്നാണ് expert committee-യുടെ റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്ക്, മഹാരാഷ്ട്ര സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കാണ്. തമിഴ്നാട് സ്റ്റേറ്റ് കോ-ഓപ്പറേറ്റിവ് ബാങ്ക് കേരളത്തിലെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയും മുകളിലാണ്. അവർക്കുപോലും Foreign exchange സൗകര്യം ഇപ്പോഴില്ല. പിന്നെ എങ്ങനെയാണ് നമുക്ക് ഇന്റർനാഷണൽ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്ന് ഈ expert committee നിർദ്ദേശിച്ചത് എന്നത് എത്ര ആലോചിച്ചിട്ടും മനസ്സിലാകാത്ത കാര്യമാണ്.

പ്രാഥമിക സഹകരണ ബാങ്കുകൾക്ക് മാത്രമായി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. 2,000 കോടി രൂപ ചെലവിലാണ് പ്രാഥമിക ബാങ്കുകൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി 10 ലക്ഷം രൂപ വീതം ഓരോ സഹകരണ ബാങ്കും നൽകണമെന്ന നിർദ്ദേശവും മുന്നോട്ട് വച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എ.ടി.എം. സൗകര്യം ഉൾപ്പെടെയുള്ള എല്ലാ ആധുനിക സൗകര്യങ്ങളും ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്തെ പ്രാഥമിക ബാങ്കുകളിൽ മഹാഭൂരിപക്ഷത്തിനുമുണ്ട്. അങ്ങനെ കാര്യക്ഷമമായ സോഫ്റ്റ്‌വെയർ

ഉള്ളതുകൊണ്ടാണ് ഈ രീതിയിൽ മുന്നോട്ട് പോകാൻ അവർക്ക് കഴിയുന്നത്. അങ്ങനെയിരിക്കെ ഇത്ര ഭീമമായൊരു തുക മുടക്കി IFTAS എന്ന കമ്പനിയുമായി ചേർന്ന് ഏകീകൃത സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിന്റെ പിന്നിലെ താൽപ്പര്യം എന്താണെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതും നിലവിലുള്ള ബാങ്കിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. സംസ്ഥാന സഹകരണ ബാങ്കുകൾക്ക് വേണ്ടത് കോമൺ സോഫ്റ്റ്‌വെയർ അല്ല, സർക്കാരിന്റെ ഐ.ടി. മിഷൻ പോലെ, സംസ്ഥാനത്തെ എല്ലാ ബാങ്കുകൾക്കും ചേർന്ന് ഒരു നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കേണ്ടത്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, നമ്മുടെ സഹകരണ ബാങ്കുകളുടെ വ്യത്യസ്തമായ പ്രവർത്തന സമയക്രമമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതും ഈ സ്ഥാപനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമാണ്. ജില്ലാ ബാങ്കുകൾക്കും അർബൻ ബാങ്കുകൾക്കും മറ്റ് പൊതുമേഖലാ ബാങ്കുകൾക്കും രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും പൂർണ്ണമായും അവധിയാണ്. കേരളത്തിലെ പ്രാഥമിക ബാങ്കുകളുടെ 4,500-ഓളം വരുന്ന ബ്രാഞ്ചുകളിൽ ഈ ദിവസങ്ങളിൽ ഇടപാടുകാർ വരുന്നില്ല. അപ്പോൾ അവരുടെ ധാരണ, എല്ലാ സഹകരണ ബാങ്കുകൾക്കും അവധിയായിരിക്കുമെന്നാണ്. ഒന്ന്, മൂന്ന് ശനിയാഴ്ചകളിലാണെങ്കിൽ കൊമേഴ്സ്യൽ ബാങ്കുകളും അതുപോലെ ജില്ലാ ബാങ്കും അർബൻ ബാങ്കുമൊക്കെ ഫുൾ ടൈം വർക്ക് ചെയ്യുകയാണ്. അപ്പോൾ പ്രാഥമിക ബാങ്കുകൾ പതിവുപോലെ ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിയോടുകൂടി ക്ലോസ് ചെയ്യുകയാണ്. 2 മണിക്കുശേഷം ബാങ്കിൽ വരുന്ന ഇടപാടുകാർ തിരിച്ചുപോകുകയാണ്. ഇതൊക്കെ നമ്മുടെ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സഹകരണ ബാങ്കുകളുടെ പ്രവർത്തന സമയത്തിൽ ഒരു ഏകീകരണമുണ്ടാക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എം. എം. മണിയുടെ വകുപ്പിനെ സംബന്ധിച്ച് ഒരു കാര്യം ഞാൻ പറയാം. ശ്രീ. എം. എം. മണി ഇടുക്കിയിൽനിന്ന് വരുന്ന ആളായതുകൊണ്ട് സാധാരണക്കാരുടെ പ്രയാസം നന്നായി അറിയും. ഇടുക്കിയെയും വയനാടിനെയും പോലെ ഒരു പിന്നോക്ക ജില്ലയാണ് മലപ്പുറം. ഇവിടെ മുൻപ് പറഞ്ഞത് സർക്കാർ ഖജനാവ് മുഴുവൻ മലപ്പുറത്തേയ്ക്ക് ഒഴുകുകയാണെന്നാണ്. ശ്രീ. കെ. എം. മാണി ബജറ്റ് അവതരിപ്പിച്ചപ്പോൾ ഇത് കോട്ടയം ബജറ്റാണ്, മലപ്പുറം ബജറ്റാണ് എന്ന് പറഞ്ഞവരാണ് ഇപ്പോൾ ഞങ്ങളോട് ചോദിക്കുന്നത്. നിങ്ങൾ ആ പറഞ്ഞതൊക്കെ അസത്യമായിരുന്നുവെന്ന് തെളിയിക്കുന്നതാണ് മലപ്പുറത്തെ

യാഥാർത്ഥ്യം. അർഹമായ നേട്ടങ്ങൾ നേടിയെടുക്കുമ്പോഴും ജനസംഖ്യ ആനുപാതികമായി മലപ്പുറം ഇനിയും ഒട്ടേറെ മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. വൈദ്യുതി മേഖലയിൽ മലപ്പുറം ജില്ലയിൽ കൂടുതൽ സബ്സ്റ്റേഷനുകൾ ആരംഭിക്കുകയും ഡിവിഷനുകൾ വിഭജിക്കുകയും ചെയ്യണം. സെക്ഷൻ ഓഫീസുകൾ കൂടുതലായി ആരംഭിക്കേണ്ടതുണ്ട്. ഇപ്പോൾ ഒരു പഞ്ചായത്തിൽത്തന്നെ ഉപഭോക്താക്കൾ രണ്ടും മൂന്നും സെക്ഷൻ ഓഫീസുകളെ ആശ്രയിക്കേണ്ടി വരികയാണ്. ഒരു പഞ്ചായത്തിൽ ചുരുങ്ങിയത് ഒരു സെക്ഷൻ ഓഫീസെന്ന രീതിയിൽ മലപ്പുറം ജില്ലയിലും നമ്മുടെ സംസ്ഥാനത്തും ആരംഭിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ആധുനിക കേരളത്തിന്റെ ശിൽപി മഹാനായ ഇ.എം.എസ്.-ന്റെ 20-ാം ചരമ വാർഷിക ദിനമാണിന്ന്. ഈ ദിനത്തിൽ ഇ.എം.എസ്.-ന്റെ ഓർമ്മകൾക്കു മുമ്പിൽ ഒരുപിടി രക്ത പുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട്, സഹകരണം, വൈദ്യുത പദ്ധതികൾ, വിനോദ സഞ്ചാരം എന്നീ മൂന്ന് ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. സഹകരണമേഖല ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിട്ട കാലമായിരുന്നു പോയ 22 മാസക്കാലം. സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള സംഘടിതമായ ശ്രമം കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായപ്പോൾ, രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി സഹകരണ പ്രസ്ഥാനത്തെ രക്ഷപ്പെടുത്താൻ നമുക്ക് സാധിച്ചു. അതിൽ എടുത്ത് പറയേണ്ടത്, സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതി സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്തതാണ്. അതിന്റെ ഭാഗമായി നിരവധി പാവങ്ങൾക്ക് ആശ്വാസമേകാൻ ഈ സർക്കാരിനായി. ഇപ്പോൾ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്നത് കെ.എസ്.ആർ.ടി.സി.-യാണ്. ആ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനും സഹകരണപ്രസ്ഥാനം മുന്നോട്ട് വന്നു. എന്തായിരിക്കണം സഹകരണ പ്രസ്ഥാനം; സഹകരണ പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്വം എന്താണ്; അത് സമൂഹത്തോട് ചെയ്യേണ്ട കടമ എന്താണ്? ആ കടമ തിരിച്ചറിയുന്ന പിണറായി സർക്കാരിൽ അതിന് നേതൃത്വം നൽകാൻ സഖാവ് കടകംപള്ളി സുരേന്ദ്രന് കഴിഞ്ഞുവെന്ന അഭിപ്രായമാണ് ഞങ്ങൾക്ക് അതുമായി ബന്ധപ്പെട്ടുള്ളത്. CAPE കോളേജുകളിൽ നാക് അക്രഡിറ്റേഷൻ ഏർപ്പെടുത്താൻ നമുക്ക് സാധിച്ചു. അതുമാത്രമല്ല, യു.ഡി.എഫ്. കുട്ടിച്ചോറാക്കിയ കൺസ്യൂമർഫെഡിനെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാനും ഈ കാലയളവിൽ സാധിച്ചുവെന്നത് അഭിമാനകരമായ നേട്ടമാണ്. കേരള ബാങ്ക് യാഥാർത്ഥ്യമാകുകയാണ്. 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന

സഹകരണ ബാങ്കും കൂടിച്ചേർന്ന കേരള ബാങ്ക് ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നമ്മുടെ സർക്കാരിന് സഹകരണ മേഖലയിൽ ഏതാണ്ട് ഇരുപതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി, നോട്ട് നിരോധനം വന്നപ്പോൾ സാധാരണക്കാർക്ക് ആശ്വാസം പകരാനും സഹകരണ പ്രസ്ഥാനത്തിനായി. ഈ പ്രസ്ഥാനത്തെ രാഷ്ട്രീയ ലക്ഷ്യംവച്ച് തകർക്കാൻ ആർ.എസ്.എസ്.-ന്റെ ഭാഗത്ത് ശ്രമങ്ങളുണ്ടായതിനെ ഫലപ്രദമായി പ്രതിരോധിക്കാനും നമ്മുടെ സഹകരണ പ്രസ്ഥാനത്തിനായി എന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതിൽ എടുത്ത് പറയേണ്ടത്, സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 1 മുതൽ 11 വരെ അന്താരാഷ്ട്ര ലിറ്ററി ഫെസ്റ്റിവൽ നടത്തി എന്നതാണ്. വലിയ മതിപ്പുളവാക്കിയ ഫെസ്റ്റിവലായിരുന്നു 'കൃതി'. 'കൃതി' എന്ന ഇന്റർനാഷണൽ ലിറ്ററി ഫെസ്റ്റ് കേരളത്തിൽ ഇദംപ്രഥമമായി, ചരിത്രത്തിൽ ആദ്യത്തെ തുടക്കമാണ്. അതിന് നേതൃത്വം നൽകാനും സഹകരണ വകുപ്പിനായി എന്നുള്ളത് ഞാൻ ഈ വകുപ്പിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് എടുത്ത് കാണിക്കുകയാണ്. അതുപോലെ അരിയുടെ വില വർദ്ധിച്ചപ്പോൾ, അരി വില പിടിച്ചു നിർത്താൻ 2000-ത്തോളം നീതി സ്റ്റോറുകൾ തുടങ്ങാൻ ഞങ്ങൾക്ക് സാധിച്ചു. മെഡിക്കൽ മേഖലയിൽ കഴുത്തറപ്പനായി മരുന്നുകളുടെ വില കൂടുമ്പോൾ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാനും ഈ കാലയളവിലായി എന്നുള്ളത് ഇടതുപക്ഷ സർക്കാരിന്റെ നേട്ടമായി ഞങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. വിനോദസഞ്ചാരത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ലോകത്ത് വികസിച്ചുകൊണ്ടിരിക്കുന്ന നാലു മേഖലകൾ '4-ടി' ആണ്. ഐ.ടി., ബി.ടി., എൻ.ടി. ആൻഡ് ടി. - ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, നാനോ ടെക്നോളജി ആൻഡ് ടൂറിസം. ഇതിൽ കേരളത്തിന്റെ സാദ്ധ്യത ഐ.ടി.-യിലും ടി-യിലുമാണ്. ടൂറിസം സാദ്ധ്യതയെക്കുറിച്ച് പറയുമ്പോൾ കേരളം '3-എസ്'-നാൽ സമ്പന്നമാണ് - സൺ, സാൻഡ് ആൻഡ് സീ. നമുക്ക് സൂര്യപ്രകാശം ഇഷ്ടംപോലെ ലഭിക്കും, നമുക്ക് ആവശ്യമായ കടലുണ്ട്, ആവശ്യമായ മണൽപ്പരപ്പുണ്ട്. വിദേശികൾ ഇങ്ങോട്ടേയ്ക്ക് വരാൻ ഏറ്റവും ആകർഷകമായ ഈ 3-എസ്-കൾ കൊണ്ട് സമ്പന്നമാണ് കേരളം. ഇന്നത്തെ ഒരു മുഖ്യധാരാ പത്രം പറയുന്നത് 'Thirty bloggers on a 14-day road trip' എന്നാണ്. ഇന്ന് അത് ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ ഫ്ലാഗ് ഓഫ് ചെയ്തിരിക്കുന്നു. കേരളത്തിന്റെ ടൂറിസം സാദ്ധ്യതകളെക്കുറിച്ച് വിദേശികളെ അറിയിക്കുന്ന ബ്ലോഗേഴ്സ് കേരളത്തിൽ വന്നിരിക്കുന്നു. ഏപ്രിൽ മാസം 1 മുതൽ മറ്റ് 24 രാഷ്ട്രങ്ങളിൽ നിന്നും ഇവിടേയ്ക്ക് ആളുകൾ വരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലയിൽ വലിയ രീതിയിൽ ഇടപെടാനായി. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി

രൂപീകരിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചു. ടൂറിസത്തെക്കുറിച്ച് പറയുമ്പോൾ എടുത്തു പറയേണ്ട കാര്യം, " Experience, Travel - These are Education in Themselves" എന്ന് വിശ്വവിഖ്യാതനായ ഗ്രീക്ക് ഫിലോസഫർ Euripides പറഞ്ഞിട്ടുണ്ട്, അനുഭവവും യാത്രയുമാണ് വിദ്യാഭ്യാസം. അതിൽ യാത്രകളെ, ടൂറിസത്തിനെ പ്രോൽസാഹിപ്പിക്കുന്ന നിരവധി പദ്ധതികൾ ഏറ്റെടുക്കാൻ നമുക്കായി. ഇവിടെ ടൂറിസത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ കേരളത്തിൽ നമുക്കിനി പ്രൊമോട്ട് ചെയ്യേണ്ടത് ലിറ്ററി ടൂറിസമാണ്. ലിറ്ററി ടൂറിസമെന്ന് പറയുന്നത്, ലണ്ടനിൽ ഡിക്കൻസ് മാർട്ടുണ്ട്, ഷേക്സ്പിയർ മാർട്ടുണ്ട്; ഇവരിലൂടെ യാഥാർത്ഥ്യമായ ചില പ്രദേശങ്ങളുണ്ട്. ആ പ്രദേശങ്ങളിലേയ്ക്ക് സഞ്ചാരികളെ കൊണ്ടുപോകുന്ന ലിറ്ററി ടൂറിസത്തെ നമുക്ക് പ്രൊമോട്ട് ചെയ്യാൻ സാധിക്കണം. നമുക്കിവിടെ എം. മുകുന്ദനുണ്ട്, എം. ടി.-യുണ്ട്, കമലാദാസുണ്ട്, തകഴിയുണ്ട്. ഇവരിലൂടെ അറിയപ്പെട്ട ചില പ്രദേശങ്ങൾ, ആ പ്രദേശങ്ങൾ ലോകത്തെ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നത്ര രീതിയിൽ ലിറ്ററി ടൂറിസത്തെക്കൂടി നമുക്ക് പ്രൊമോട്ട് ചെയ്യാൻ സാധിക്കണം. അതുപോലെ ടെയിലർ മെയ്ഡ് പോളിസികൾ ഈ ടൂറിസത്തിന്റെ സാദ്ധ്യതയിൽ ഉൾപ്പെടണം. ടൂറിസം മേഖലയിൽ ആർക്ക് എന്താണിഷ്ടം, ആ മേഖലയ്ക്കകത്ത് അത്തരം ആളുകളെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതികളെക്കൂടി പ്രോൽസാഹിപ്പിച്ചു കൊണ്ടു വരണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 200-ലധികം ടൂറിസം പദ്ധതികൾക്ക് അനുമതി നൽകി. ഏകദേശം 300 കോടി രൂപയുടെ ടൂറിസം പദ്ധതികൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഞാൻ പിണറായി വിജയൻ സർക്കാരിനും അതുപോലെ ശ്രീ. കടകംപള്ളി സുരേന്ദ്രനും എന്റെ നന്ദി അറിയിക്കുന്നു. നിശ്ചലമായിരുന്ന തലശ്ശേരി പൈതൃക ടൂറിസം പദ്ധതിക്ക് പുതുജീവൻ നൽകിയതിന് ഈ സർക്കാരിനോട് ഞാൻ കടപ്പെട്ടിരിക്കുന്നു. പൈതൃക ടൂറിസം പദ്ധതിയുടെ സാദ്ധ്യതകളെ നല്ലവണ്ണം വിനിയോഗിക്കാൻ ഈ സർക്കാരിനായി എന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ലോക ടൂറിസം ഭൂപടത്തിൽ മലബാർ നദികളിലെ റിവർ ക്രൂയിസ് ടൂറിസം പദ്ധതി വലിയ രീതിയിൽ മുന്നോട്ട് വരാൻ പോകുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 9 പ്രധാന നദികൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 300 കോടി രൂപയാണ് ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയിട്ടുള്ളത്. ഇതിന്റെ സാദ്ധ്യതകളെ നമുക്ക് പരമാവധി വിനിയോഗിക്കാൻ കഴിയണം. റെസ്പോൺസിബിൾ ടൂറിസത്തെക്കുറിച്ച് ഇവിടെ പരാമർശിച്ചു. ലോകത്ത് ആദ്യമായി റെസ്പോൺസിബിൾ ടൂറിസം നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. റെസ്പോൺസിബിൾ ടൂറിസത്തിന്റെ സാദ്ധ്യതകളെ പരമാവധി വിനിയോഗിച്ചാൽ ഒന്നരലക്ഷം പേർക്ക് തൊഴിൽ

നൽകാൻ സാധിക്കുമെന്ന കാര്യം ഇവിടെ യാഥാർത്ഥ്യമാകുകയാണ്. അതിനുള്ള ശ്രമവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുണ്ട്. അങ്ങനെ സഹകരണ-ടൂറിസം മേഖലകളിൽ ഒരു കുതിച്ചുചാട്ടം നടത്താൻ ഈ കാലയളവിൽ സാധിച്ചുവെന്നത് സംസ്ഥാന സർക്കാരിന്റെ അഭിമാനമായി ഞാൻ ഉയർത്തിക്കാട്ടുകയാണ്.

മറ്റൊന്ന് വൈദ്യുതിയാണ്; വൈദ്യുതിയെക്കുറിച്ച് നേരത്തെ എന്റെ സുഹൃത്ത് ശ്രീ. കെ. എസ്. ശബരീനാഥൻ കുറേ കാര്യങ്ങൾ പറഞ്ഞു. കേരളത്തിലെ അമ്മമാരുടെയും സഹോദരിമാരുടെയും പ്രാർത്ഥന വൈദ്യുതി മന്ത്രിക്കുണ്ടാകും. കാരണം, അമ്മ മനസ്സും, പരസ്പരവും, ചന്ദനമഴയും, കറുത്ത മുത്തും അവർക്ക് മുടങ്ങാതെ കാണാൻ സാധിക്കുന്നു; യു.ഡി.എഫ്-ന്റെ ഭരണകാലത്ത് അതിന് സാധിച്ചിരുന്നില്ല; കാരണം എപ്പോഴും പവർകട്ടും ലോഡ്ഷെഡിംഗുമായിരുന്നു. എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ എല്ലാം ശരിയാക്കുമെന്ന് പറഞ്ഞെങ്കിൽ, ഇതാ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ വൈദ്യുതി മേഖല ശരിയായിരിക്കുന്നു. ഇനി യു.ഡി.എഫ്. അംഗങ്ങളുടെ അറിവിലേയ്ക്ക് എന്തൊക്കെയാണ് ഞങ്ങൾ ഈ കാലയളവിൽ ചെയ്തതെന്നുപറയാം. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് ഇലക്ട്രിക്കൽ എഞ്ചിനീയർ -166, സൂപ്രണ്ടിംഗ് എഞ്ചിനീയർ-381, ജൂനിയർ അസിസ്റ്റന്റ്, കാഷ്യർമാർ, വർക്കർമാർ അങ്ങനെ 1560-ഓളം പേരുടെ നിയമനങ്ങൾ നടത്താൻ സാധിച്ചു. ഉൽപ്പാദന രംഗത്ത് 132 മെഗാവാട്ട് വൈദ്യുതി അധികം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു, അതോടൊപ്പം മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിക്കാൻ സാധിച്ചു. സോളാർ എന്നത് യു.ഡി.എഫ്-ന്റെ ഭരണകാലത്തെ ഏറ്റവും മോശം പദമായിരുന്നുവെങ്കിൽ ഇന്ന് സോളാർ എന്നത് അഭിമാനകരമായ പദമാക്കിമാറ്റിത്തീർക്കാനും 100 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും ഈ സർക്കാരിന് സാധിച്ചുവെന്നത് ഉയർത്തിക്കാട്ടുന്നു. 500 മെഗാവാട്ട് വൈദ്യുതി സോളാറിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ തുടക്കം കുറിച്ചിരിക്കുന്നു. ആയിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി ഈ കാലയളവിൽ തുടങ്ങാൻ സർക്കാരിനായി. അങ്ങനെ സഹകരണം, ടൂറിസം, വൈദ്യുതി മേഖലകളിൽ ഒരു മെഗാ സ്റ്റേച്ച് മന്ത്രിമാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നു. ഈ സർക്കാരിന്റെ ഭരണകാലത്ത് വൈദ്യുതി, ടൂറിസം, അതുപോലെ സഹകരണ മേഖലയിലും വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചുവെന്ന് അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ കോൺഗ്രസ്സിന്റെ പ്ലീനറി സെഷൻ കഴിഞ്ഞു, പ്ലീനറി സെഷൻ എന്നതിനെക്കാൾ അതിനുപയോഗിക്കുന്ന വാക്ക് പൊക്കൽ സെഷൻ എന്നായിരിക്കും; പൊക്കിയടി

ആയിരുന്നു ഇന്നലെ. കോൺഗ്രസ്സിന്റെ ഓരോ നേതാക്കൻമാരും ശ്രീ. രാഹുൽ ഗാന്ധിയേയും ശ്രീമതി സോണിയാ ഗാന്ധിയേയും പാടിപ്പുകഴ്ത്തി. ഇന്നത്തെ മുഖ്യധാരാ പത്രങ്ങളിലെല്ലാം ഞാൻ വാർത്ത കണ്ടു. ക്രോണിക് ക്യാപ്പിറ്റലിസം എന്ന വാക്ക് കോൺഗ്രസ്സ് ഉപയോഗിക്കുകയാണ്. ആരാണ് ഈ ക്രോണിക് ക്യാപ്പിറ്റലിസത്തിന്റെ വക്താക്കൾ? ഇവിടെ കോൺഗ്രസ്സിന്റെ പ്രമേയം, 'We are focusing on farmers issue'എന്നാണ്, വളരെ നല്ല കാര്യം. ഇംഗ്ലീഷിൽ poetic justice എന്നൊരു ചൊല്ലുണ്ട്, കാവ്യനീതി. ഈ രാജ്യത്തെ കർഷകരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടവർ നിങ്ങളാണ്. 1991-ൽ നവലിബറൽ നയം നടപ്പിലാക്കി കർഷകരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടവർ, കർഷകരെ ഓർത്ത് കണ്ണുനീരൊഴുക്കുമ്പോൾ അതിനെ കാവ്യനീതിയെന്നല്ലാതെ വേറൊരു വാക്ക് പ്രയോഗിക്കാൻ നമുക്ക് സാധിക്കുന്നില്ല. അതുമാത്രമല്ല, ആ പ്ലീനറി സെഷനകത്ത് ആരൊക്കെയാണ് ഇരിക്കുന്നത്, അതിനകത്ത് നവലിബറൽ നയത്തിന്റെ വക്താവായ ശ്രീ. മൻമോഹൻ സിംഗും നവലിബറൽ നയത്തിന്റെ പ്രയോക്താവായ ശ്രീ. ചിദംബരവും ഇരിക്കുകയാണ്. ശ്രീ. ചിദംബരം പറഞ്ഞു, എന്നെ ഇവിടെ ഇരുത്താതിരിക്കാൻ ശ്രമം നടന്നു; ആരാണ് ഇരുത്താതിരിക്കാൻ ശ്രമം നടത്തിയത്? ഞങ്ങൾ ഒരിക്കലും കോൺഗ്രസ്സിന്റെ ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ചോ, ശ്രീമതി സോണിയാ ഗാന്ധിയെക്കുറിച്ചോ അഴിമതിക്കാർ എന്ന് ആക്ഷേപിച്ചിരുന്നില്ല. പക്ഷെ അഴിമതിയുടെ ഹോൾസെയിൽ അംബാസിഡറായ ശ്രീ. ചിദംബരം ആ പ്ലീനറി സെഷനകത്തിരിക്കുമ്പോൾ കോൺഗ്രസ്സിൽ നാം എന്തു മാറ്റമാണ് പ്രതീക്ഷിക്കാൻ പോകുന്നത്? കോൺഗ്രസ്സിന് ഈ നാടിനെ രക്ഷിക്കാൻ സാധിക്കുമെന്ന് ഞങ്ങളാരും വിശ്വസിക്കുന്നില്ല. കോൺഗ്രസ്സ് അഴിമതിയുടെ പ്രതീകമായി മാറുന്നു. പ്ലീനറി സെഷൻ കഴിഞ്ഞപ്പോൾ കോൺഗ്രസ്സിനകത്ത് ഒരു കാര്യമുണ്ടായി, കോൺഗ്രസ്സ് മറ്റൊരു മുസ്ലീം ലീഗായി മാറി. കാരണം മുസ്ലീം ലീഗിന്റെ സംസ്ഥാന സമ്മേളനം ചേർന്നാൽ, സംസ്ഥാന കമ്മിറ്റിയോഗം ചേർന്നാൽ അവരെടുക്കുന്ന തീരുമാനം, തക്കസമയത്ത് യുക്തമായ തീരുമാനമെടുക്കാൻ പാണക്കാട്ട് തങ്ങളെ യോഗം ചുമതലപ്പെടുത്തുന്നു. അതുപോലെ പ്ലീനറി സെഷൻ കഴിഞ്ഞപ്പോൾ കോൺഗ്രസ്സ്, കോൺഗ്രസ്സ് പ്രവർത്തക സമിതിയിലേക്ക് ആളുകളെ എടുക്കാനുള്ള അവകാശം ശ്രീ. രാഹുൽഗാന്ധിയിൽ അർപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിരിക്കുന്നു. പലരും നിരാശരായി, കോൺഗ്രസ്സിന്റെ പല നേതാക്കളും ഫ്ലക്സ് പ്രിന്റ് ചെയ്യാൻ കൊടുത്തിരുന്നു. പ്രവർത്തക സമിതി യോഗം കഴിയുമ്പോൾ എ.ഐ.സി.സി. പ്രവർത്തക സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട നേതാക്കളുടെ ബോർഡുകൾ വയ്ക്കാൻ ഫാൻസ് ക്ലബ്ബുകളെ ഏൽപ്പിച്ചിരുന്നു. ഇന്ന് ആ ഫ്ലക്സുകൾ വയ്ക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. ഫ്ലക്സ് വയ്ക്കണമെങ്കിൽ എ.ഐ.സി.സി.-

യിലേയ്ക്കെടുക്കണ്ടേ? പ്രവർത്തക സമിതിയിൽ എടുത്തില്ല എന്നുമാത്രമല്ല, പ്രവർത്തക സമിതിയിൽ എടുക്കാനുള്ള അവകാശം രാഹുൽ ഗാന്ധിയെന്ന നേതാവിലേയ്ക്കർപ്പിച്ചപ്പോൾ അദ്ദേഹം മറ്റൊരു തങ്ങളായി മാറി. ഞാനെന്റെ പ്രസംഗത്തിൽ മുമ്പ് ശ്രീ. രാഹുൽ ഗാന്ധിയെ മാൻഡ്രേക് എന്നുവിളിച്ച് ആക്ഷേപിച്ചുവെന്നുപറഞ്ഞ് അന്ന് മുതിർന്ന ചില കോൺഗ്രസ്സ് നേതാക്കൾ എന്റെ മേൽ ചാടിക്കയറി. യഥാർത്ഥത്തിൽ ഞാൻ പറഞ്ഞ കാര്യം ശരിയാണെന്ന് കാലം തെളിയിച്ചിരിക്കുന്നു. രാഹുൽ ഗാന്ധി മാൻഡ്രേക് തന്നെയാണ്. ഉത്തർ പ്രദേശിലെ തെരഞ്ഞെടുപ്പ് ഫലം എന്താണ്, ഫൂൽപ്പൂരിലും, ഗൊരക്പൂരിലും ഇലക്ഷൻ നടന്നു. 25-വർഷമായി ബി.ജെ.പി. ജയിച്ച ആ മണ്ഡലങ്ങളിൽ സമാജ് വാദി പാർട്ടി ജയിച്ചു. 2017-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധിയുമായി ശ്രീ. അഖിലേഷ് യാദവ് കൈകോർത്തപ്പോൾ, ശ്രീ. അഖിലേഷ് യാദവ് തോറ്റ് തുന്നം പാടി. രാഹുൽ ഗാന്ധിയുമായുള്ള ബന്ധം അഖിലേഷ് യാദവ് ഉപേക്ഷിച്ചപ്പോൾ അദ്ദേഹത്തിന് കുതിച്ചു ചാടാൻ സാധിച്ചു. ഇപ്പോൾ കോൺഗ്രസ്സ് പറയുന്നത്, നിങ്ങളെല്ലാം ഞങ്ങളുടെ കൂടെ നിൽക്കണമെന്നാണ്. അമ്പലപ്പറമ്പിൽ ആന വിരണ്ടപ്പോൾ കാലുമുടന്തുള്ള ഒരു ചെറുപ്പക്കാരൻ പറഞ്ഞത്, നിങ്ങൾ പേടിക്കേണ്ട ആനയെ ഞാൻ നിലയ്ക്ക് നിർത്തിക്കോളാം, നിങ്ങൾ എന്റെ ചുറ്റും നിന്നോളൂ എന്നാണ്. അയാൾ എന്റെ ചുറ്റും നിന്നോളൂ എന്ന് പറയുന്നത് പോലെയാണ് ഇപ്പോൾ കോൺഗ്രസ്സ് പറയുന്നത്. എന്താണ് ഇപ്പോഴത്തെ കോൺഗ്രസ്സിന്റെ അവസ്ഥ? ഞങ്ങൾ വർഗ്ഗീയതയെ ചെറുക്കും, അതിനായി വിശാലമായ മതനിരപേക്ഷ ചേരിയുണ്ടാകണമെന്ന് കോൺഗ്രസ്സ് പറയുന്നു. യു.പി.യിലെ ഗൊരക്പൂരിലും, ഫൂൽപ്പൂരിലും ആ മതേതര ചേരിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന രാഷ്ട്രീയ പ്രസ്ഥാനത്തെ നാം കണ്ടില്ല. ഞങ്ങളെല്ലാം നിങ്ങളുടെ കൂടെ കൂടണമെന്നാണ് പറയുന്നത്. ഞങ്ങളൊരിക്കലും കോൺഗ്രസ്സ് തകരണമെന്ന് ആഗ്രഹിക്കുന്നവരല്ല. ത്രിപുരയിൽ ഞങ്ങൾ തോറ്റപ്പോൾ തുള്ളിച്ചാടിയ കോൺഗ്രസ്സുണ്ട്, പക്ഷേ കർണ്ണാടക തെരഞ്ഞെടുപ്പിനെക്കുറിച്ച് ഞങ്ങൾക്ക് ആശങ്കയുണ്ട്. കർണ്ണാടകയിൽ ഒരിക്കലും നിങ്ങൾ തോൽക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കില്ല. കാരണം കോൺഗ്രസ്സ് തോൽക്കണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. ഇവിടെ കോൺഗ്രസ്സിന്റെ സമീപനമെന്താണ്? ഇവിടെ കോൺഗ്രസ്സ് സ്വീകരിക്കുന്ന പല സമീപനങ്ങളും സാധാരണക്കാരന് വേണ്ടിയുള്ളതല്ല. കോൺഗ്രസ്സ് പല പ്രമേയങ്ങളും പാസ്സാക്കുന്നുണ്ട്. വിദേശ നയത്തെക്കുറിച്ച് കോൺഗ്രസ്സ് സംസാരിക്കുന്നുണ്ട്, കോൺഗ്രസ്സിന്റെ ഇന്നലത്തെ പ്ലീനറി സെഷനിൽ വിദേശ നയത്തെക്കുറിച്ച് സംസാരിച്ചു. വിദേശ നയം തിരുത്തിയതാരാണ് ; ഇന്ത്യയുടെ ക്രഡിബിലിറ്റി തകർത്തതാരാണ്; നിങ്ങളല്ലേ? നിങ്ങൾ നടപ്പിലാക്കിയ നവലിബറൽ നയം, സാമ്പത്തിക നയം ഇതെല്ലാം ഇന്ന്

ബി.ജെ.പി.യും നടപ്പിലാക്കുന്നു. 25 വർഷം പിന്നിടുമ്പോൾ നിങ്ങൾ കരയുന്നു, ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയാം, ഇനി നെഹ്റു തന്നെ പുനരവതരിച്ചാലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രക്ഷപ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. കാരണം കോൺഗ്രസ്സ് നയം തിരുത്തണം. നിങ്ങൾ ഇപ്പോഴും ഒരു അഴകൊഴമ്പൻ നയം സ്വീകരിച്ച് മുന്നോട്ടു പോകുകയാണ്. അതുമാത്രമല്ല, ഇവിടെ ചില കോൺഗ്രസ്സ് നേതാക്കൾ ഞങ്ങളുടെ രക്തസാക്ഷികളെ അപമാനിച്ച് സംസാരിച്ചു, നിങ്ങൾ അങ്ങനെ രക്തസാക്ഷികളെ അപമാനിച്ച് സംസാരിക്കുമ്പോൾ അതേ നാണയത്തിൽ സംസാരിക്കാൻ ഞങ്ങൾക്ക് സാധിക്കാത്തതുകൊണ്ടല്ല, മറിച്ച് ഞങ്ങളുടെ സംസ്കാരം അനുവദിക്കാത്തതുകൊണ്ടാണ്. 'കമ്മ്യൂണിസ്റ്റുകാരുള്ളിടത്ത് മുസ്ലീങ്ങൾ സുരക്ഷിതരല്ല' എന്ന് മുസ്ലീം ലീഗ് നേതാവ് നിയമസഭയ്ക്കകത്ത് പ്രസംഗിച്ചു, സി.പി.ഐ.(എം) ഉള്ളിടത്ത് മുസ്ലീങ്ങൾ സുരക്ഷിതരെന്ന് മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. ഖാദർ മൊയ്തീൻ പറയുന്നു, എവിടെ നിന്നാണ് പ്രസംഗിച്ചത്? ഖത്തറിലെ ദോഹയിൽ നിന്ന്. ഇനി ശ്രീ. ഖാദർ മൊയ്തീനെ പുറത്താക്കേണ്ട. ലീഗിന് അങ്ങനെ ചില ഏർപ്പാടുണ്ട്. സംസ്ഥാന പ്രസിഡന്റിന് അഖിലേന്ത്യാ പ്രസിഡന്റിനെ പുറത്താക്കാൻ ലോകത്ത് ഒരു പാർട്ടിക്കേ അവകാശമുള്ളൂ, ആ അവകാശം നിങ്ങൾ വിനിയോഗിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ മനുഷ്യൻ അദ്ദേഹത്തിന്റെ ശുദ്ധഗതികൊണ്ട് അറിയാതെ പറഞ്ഞു പോയതാണ്. ഒരു കാര്യം ഞാൻ ഉറപ്പിച്ചും തറപ്പിച്ചും പറയാം, മത ന്യൂനപക്ഷങ്ങൾക്ക് എന്നും വിശ്വസിക്കാൻ സാധിക്കുന്ന പ്രസ്ഥാനം സി.പി.ഐ.(എം) തന്നെയാണ്. തലശ്ശേരി കലാപത്തെക്കുറിച്ച് ഇവിടെ പരാമർശിച്ചു, തലശ്ശേരി കലാപം നടക്കുമ്പോൾ കോൺഗ്രസ്സ് എവിടെയായിരുന്നു; ലീഗ് നേതാക്കൾ എവിടെയായിരുന്നു? ആ കലാപത്തിന്റെ ദുരന്തം പേറിയ കുടുംബത്തിലെ അംഗമാണ് ഞാൻ. ഞാനിരിക്കുന്ന സഭയിൽ, ഇടതുപക്ഷത്തിന്റെ എം.എൽ.എ.-മാരിരിക്കുന്ന സഭയിൽ നിങ്ങൾ ഞങ്ങളുടെ രക്തസാക്ഷികളെ അപമാനിക്കുമ്പോൾ അതിന് കാലം നിങ്ങൾക്ക് മറുപടി നൽകും. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ 22 മാസക്കാലം, പ്രകടനപത്രികയിൽപ്പറഞ്ഞ ഓരോ കാര്യവും നടപ്പിലാക്കി മുന്നോട്ട് പോകുകയാണ്. ഇനി ഞങ്ങളുടെ കാലാവധി 38 മാസമാണ്. ആ 38 മാസത്തെ പിണറായി സർക്കാരിന്റെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ ഇടതുപക്ഷത്തിന്റെ ഭരണത്തുടർച്ചയായിരിക്കും കേരളത്തിലുണ്ടാകുകയെന്ന് ഞങ്ങൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. യു.ഡി.എഫ്. കേരളത്തിൽ തകർന്നടിഞ്ഞിരിക്കുന്നു. യു.ഡി.എഫ്. എന്ന രാഷ്ട്രീയ സംവിധാനംതന്നെ കേരളത്തിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല, നിർത്തുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഈ മൂന്ന് ധനാഭ്യർത്ഥനകളെയും എതിർക്കുകയാണ്. സഹകരണ പ്രസ്ഥാനം നമ്മുടെ നാട്ടിൽ എത്രമേൽ ആഴത്തിലാണ് ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. സംസ്ഥാനത്തെ ഹ്രസ്വകാല കാർഷിക വായ്പാ മേഖല സംസ്ഥാന സഹകരണ ബാങ്കും പതിനാല് ജില്ലാ സഹകരണ ബാങ്കുകളും ആയിരത്തി അറുനൂറിലധികം വരുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും ഉൾപ്പെടെയുള്ളൊരു വലിയ സംവിധാനമാണ്. ഇവയെല്ലാം സ്വയംഭരണ സ്ഥാപനങ്ങളും ഇവയിലെ അംഗങ്ങളോട് പൂർണ്ണമായ അക്കൗണ്ടബിലിറ്റിയുള്ള ധനകാര്യ സ്ഥാപനങ്ങളുമാണ്. സംസ്ഥാന സഹകരണ ബാങ്കിന് 20 ബ്രാഞ്ചുകളും ജില്ലാ സഹകരണ ബാങ്കുകൾക്ക് 803 ബ്രാഞ്ചുകളുമാണുള്ളത്. നമ്മുടെ പ്രാഥമിക സഹകരണ സംഘങ്ങൾ സാധാരണക്കാരന്റെ വീട്ടുമുറ്റത്തെ ബാങ്കുകളാണ്. ഇവ ഏത് പാവപ്പെട്ടവരെയും ഉൾക്കൊള്ളുന്നവയാണ്. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നുള്ള മഹത്തായ ലക്ഷ്യംകൂടി സഹകരണ മേഖലയ്ക്കുണ്ട്. മറ്റ് മെയിൻ സ്ട്രീം ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി റൂറൽ ഇക്കോണമിയെ ശക്തിപ്പെടുത്തലും ആ മേഖലയിലെ ദാരിദ്ര്യ നിർമ്മാർജ്ജനവും സഹകരണ ബാങ്കുകളുടെ ലക്ഷ്യത്തിലുണ്ട്. ഇന്നിപ്പോൾ സർക്കാർ ശ്രമിക്കുന്നത് പുതിയൊരു ബാങ്ക് രൂപീകരിക്കാനാണ്. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും അമാൽഗമേറ്റ് ചെയ്തുകൊണ്ട് ഒരു കേരള ബാങ്ക് ഓണ സമ്മാനമായി കേരളീയർക്ക് കൊടുക്കുമെന്നുള്ളതാണ് ഗവൺമെന്റിന്റെ വാഗ്ദാനം. സർക്കാരിന്റെ ഈ തീരുമാനം കേരളത്തിൽ ഇതുവരെ ഗൗരവമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല. സർക്കാർ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. അധികാരത്തിലിരിക്കാനും തീരുമാനങ്ങൾ പ്രഖ്യാപിക്കാനുമുള്ള മാൻഡേറ്റ് നിങ്ങൾക്കുണ്ട്. പക്ഷേ നിയമസഭ പോലുള്ള സംവിധാനങ്ങളിൽ ഇത്തരം നയപരമായ കാര്യങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യപ്പെടാറുണ്ട്. പല കാര്യങ്ങളും സർക്കാർ മറച്ചുവയ്ക്കുന്നുണ്ട്. അങ്ങനെ ചെയ്യാതെ കേരള ബാങ്കിനെപ്പറ്റി ഗൗരവതരമായ ഒരു ചർച്ച നടത്തണം. അതിനു ശേഷമേ തീരുമാനമെടുക്കാവൂ. പ്രത്യക്ഷത്തിൽ ഇത് വളരെ വികലവും അടിസ്ഥാനപരമായും നിയമപരമായും പ്രശ്നങ്ങളുണ്ടാക്കുന്നതും നിലവിലെ സഹകരണ സംവിധാനത്തിന്റെ അടിത്തറയിളക്കുന്നതുമാണെന്ന് ഞങ്ങൾ സംശയിക്കുന്നു. ഇതിനായി സംസ്ഥാന സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതിയുടെ ഉപദേശങ്ങൾ നടപ്പിലാക്കിയാൽ ജില്ലാ സഹകരണ ബാങ്കുകളുടെ ഏകദേശം 500-ഓളം ശാഖകൾ അടച്ചുപൂട്ടപ്പെടും. ജനജീവിതത്തിലേയ്ക്ക് വ്യാപകമായി പ്രചരിച്ചിരിക്കുന്ന ഈ ബാങ്കുകളുടെ ബ്രാഞ്ചുകൾ ഗണ്യമായ രീതിയിൽ വെട്ടിക്കുറയ്ക്കപ്പെടാനുള്ള സാഹചര്യം സംസ്ഥാനത്തുണ്ടാകും. മാത്രമല്ല വ്യക്തിഗത

ബിസിനസ്സുകൾ പ്രാഥമിക സഹകരണ സംഘങ്ങളിലേയ്ക്ക് ജില്ലാ സഹകരണ ബാങ്കുകൾ കൈമാറുകയും ചെയ്യുകയാണ്. 14 ജില്ലാ സഹകരണ ബാങ്കുകൾ അതിന്റെ 54 ലക്ഷം മെമ്പർമാരുടെ വൈവിദ്ധ്യമാർന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. ശരാശരി 50 ബ്രാഞ്ചുകൾ ഇവയ്ക്ക് ഓരോ ജില്ലയിലുമുണ്ട്. ഒരു ലക്ഷം കോടി രൂപയുടെ ബിസിനസ്സ് ടേണോവറാണ് യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾക്കുള്ളത്. അവർ ലോൺ നൽകുന്നത് സാധാരണക്കാർക്കും ഇടത്തട്ടുകാർക്കുമാണ്. ജില്ലാ സഹകരണ ബാങ്കുകൾ നൽകിയിരിക്കുന്ന ഇൻഡിവിഡ്വൽ അഡ്വാൻസ് തന്നെ 30,000 കോടി രൂപയാണ്. ജില്ലാ സഹകരണ ബാങ്കുകളെ തകർക്കാർ ശ്രമിക്കുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ട ആദ്യത്തെ കാര്യം രണ്ട് കാർഷിക ജില്ലകളാണ് ഇടുക്കിയും വയനാടുമെന്നതാണ്. ഇടുക്കിയിലെയും വയനാട്ടിലെയും ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ (CD Ratio) നമ്മൾ ശ്രദ്ധിക്കണം. ഇടുക്കിയിൽ അത് 96 ശതമാനവും വയനാട്ടിൽ 85 ശതമാനവുമാണെന്ന് മനസ്സിലാക്കുമ്പോൾ വയനാട് ജില്ലാ സഹകരണ ബാങ്കും ഇടുക്കി ജില്ലാ സഹകരണ ബാങ്കും ആ ജില്ലകളിൽ എത്രമാത്രം സഹായമാണ് കാർഷിക മേഖലയിൽ നൽകുന്നതെന്ന് നമുക്ക് മനസ്സിലാകും. ആ ബാങ്കുകളെ സംസ്ഥാന ബാങ്കിൽ ലയിപ്പിച്ചാൽ അല്ലെങ്കിൽ പുതിയൊരു ബാങ്ക് രൂപീകരിച്ചാൽ, അവർ കാർഷിക മേഖലയിൽ ചെയ്യുന്ന സേവനം നഷ്ടമാകുമെന്ന കാര്യത്തിൽ സംശയമില്ല. ജില്ലാ സഹകരണ ബാങ്കുകളുടെ ഔട്ട്സ്റ്റാൻഡിംഗ് ഡെപ്പോസിറ്റ് കൈകാര്യം ചെയ്യുന്നത് പ്രാഥമിക സഹകരണ സംഘങ്ങളുടെ ബിസിനസ്സ് മാത്രമല്ല, ബാക്കിയുള്ള ക്രെഡിറ്റ് സൊസൈറ്റികളുടെയും വ്യക്തികളുടെയും ബിസിനസ്സ് കൂടി ജില്ലാ സഹകരണ ബാങ്കുകൾ കൈകാര്യം ചെയ്യുന്നുണ്ട്. അവരുടെ ടോട്ടൽ ഔട്ട്സ്റ്റാൻഡിംഗ് ഡെപ്പോസിറ്റിന്റെ 50 ശതമാനം പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് വരുന്നതും 35 ശതമാനം വ്യക്തിഗത ബിസിനസ്സുമാണ്. ഇത് കാണിക്കുന്നത് കസ്റ്റമേഴ്സ് ജില്ലാ സഹകരണ ബാങ്കുകളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസമാണ്. മോഡണൈസേഷൻ നടപ്പാക്കാൻ കേരള ബാങ്കിന് കഴിയുമെന്നാണ് സർക്കാർ പറയുന്നത്. സംസ്ഥാന സഹകരണ ബാങ്കിനേക്കാൾ സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളും മോഡണൈസേഷൻ നല്ല രീതിയിൽ ചെയ്യുന്നുണ്ട്. അവർ ചെയ്യുന്ന മോഡേൺ ഫെസിലിറ്റീസായ R.T.G.S. (Real Time Gross Settlement), N.E.F.T. (National Electronic Funds Transfer), RuPay Cards, N.R.E. അക്കൗണ്ട് എന്നിവ കോഴിക്കോട് ജില്ലാ ബാങ്കിനുണ്ട്. D.B.T (Direct Benefit Transfer), നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ അംഗത്വം ഇതെല്ലാം ഇവിടെയുള്ള ജില്ലാ ബാങ്കുകൾക്കുണ്ട്. സംസ്ഥാന സഹകരണ ബാങ്കുകൾക്കുള്ളതിനെക്കാൾ മോഡണൈസേഷൻ ജില്ലാ സഹകരണ

ബാങ്കുകൾക്കുണ്ട്. അത് കൂടുതലായി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടാൽ ചെയ്യാം. അതുകൊണ്ട് മോഡണൈസേഷൻ നടപ്പാക്കാൻ അതിനെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് പുതിയ ബാങ്കുണ്ടാക്കണമെന്ന വാദം നിരർത്ഥകമാണ്. മാത്രമല്ല സംസ്ഥാന സഹകരണ ബാങ്കിനെക്കാൾ നോൺ പെർഫോമിംഗ് അസറ്റും വായ്പകൾ തിരിച്ചടക്കാൻ കഴിയാത്ത കാര്യങ്ങൾ നിയന്ത്രിക്കുന്നതും ക്രെഡിറ്റ് റേഷ്യോയും ഏറ്റവും ഭംഗിയായി നിലനിർത്തുന്നതും ജില്ലാ സഹകരണ ബാങ്കുകളാണ്. മോഡണൈസേഷൻ, എൻ.പി.എ. (nonperforming asset) തുടങ്ങിയ എല്ലാ കാര്യങ്ങളിലും സംസ്ഥാന ബാങ്കുകളേക്കാൾ മുന്നിട്ടുനിൽക്കുന്നത് ജില്ലാ സഹകരണ ബാങ്കുകളാണ്. എന്താണ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ സംഭവിക്കുന്നത്? ഇവിടെ mismanagement-ഉം ധൂർത്തും ശ്രദ്ധയില്ലായ്മയുംകൊണ്ട് 225 കോടി രൂപയുടെ നെറ്റ്ലോസാണ് 2017 മാർച്ചിലെ കണക്കെടുക്കുമ്പോൾ കാണുന്നത്. 225 കോടി രൂപയുടെ നെറ്റ്ലോസാണ് ഉണ്ടായിരിക്കുന്നത്. 14 ജില്ലാ ബാങ്കുകളിലുംകൂടി ഉണ്ടായിരിക്കുന്ന ലാഭം കണക്കിലെടുത്താൽ അതിനെക്കാൾ കൂടിയ തുകയാണ് സംസ്ഥാന സഹകരണ ബാങ്ക് നഷ്ടമുണ്ടാക്കിയിരിക്കുന്നത്. രൂപീകരിക്കപ്പെടാൻ പോകുന്ന കേരള ബാങ്ക് ചെയ്യാൻ പോകുന്നത് മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് ഫിനാൻസ് ചെയ്യാൻ, അതിനെ സഹായിക്കാൻ ഇത് ഉപയോഗിക്കാൻ പോകുന്നു എന്നുള്ളതാണ്. അതു തന്നെയാണ് പ്രധാനപ്പെട്ട പ്രശ്നം. ഇത് സാധാരണക്കാരന്റെ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ട സാധാരണക്കാരന്റെ ബാങ്കുകളാണ്. അത് സാധാരണക്കാരിൽ നിന്നും മെഗാ പ്രോജക്ടുകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടാൻ പോകുന്ന, അവന്റെ വീട്ടുമുറ്റത്തുനിന്നും ആ ബാങ്കുകളെ പറിച്ചെടുക്കുന്ന തീരുമാനമായി മാറുകയാണ്. ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലാണ്. ഇവിടെ ജില്ലാ ബാങ്കുകൾ ഇല്ലാതാകുമ്പോൾ ബാങ്കുകൾ ചെയ്തിരുന്ന 35 ശതമാനം ഇൻഡിവിഡ്വൽ ബിസിനസ് പ്രാഥമിക സഹകരണ സംഘങ്ങൾ ചെയ്യുമെന്നാണ് പറയുന്നത്. ഇപ്പോൾ അവർക്കുണ്ടായിരിക്കുന്ന അധിക ഭാരത്തിനുമേൽ അവരുടെ പ്രവർത്തനങ്ങളെ താളംതെറ്റിക്കുന്ന രീതിയിൽ നിലവിൽ ജില്ലാ ബാങ്കുകൾ ചെയ്യുന്ന ഇൻഡിവിഡ്വൽ ബിസിനസ് പൂർണ്ണമായി പ്രാഥമിക സംഘങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടാൻ പോകുകയാണ്. അതിൽ ഒരു പ്രധാന കാര്യം മനസ്സിലാക്കേണ്ടത്, ഈ ജില്ലാ ബാങ്കുകൾ നിയന്ത്രിക്കുന്നത് ആർ.ബി.ഐ.യുടെ റെഗുലേഷനിലാണ്; ബാങ്കിംഗ് റെഗുലേഷൻ ആക്ട് ബാധകമാണ്. എന്നാൽ പ്രാഥമിക സഹകരണസംഘങ്ങൾക്ക് 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റോ ആർ.ബി.ഐ.യുടെ അനുമതിയോ ബാധകമല്ല. ഇവിടെ സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കസ്റ്റമേഴ്സ് എന്നുപറയുന്നത്

സാധാരണക്കാരാണ്. അവർ മെയിൻ സ്ട്രീം ബാങ്കുകളിൽ, അതായത് ഷെഡ്യൂൾഡ് ബാങ്കുകളിലെയും നാഷണലൈസ്ഡ് ബാങ്കുകളിലെയും സങ്കീർണ്ണങ്ങളായ നടപടിക്രമങ്ങൾ സാധാരണക്കാരിൽ സാധാരണക്കാരായ മനുഷ്യരെ അത്തരം ബാങ്കുകളിൽ, നിന്നും അകറ്റിനിർത്തുകയാണ്. ഇത്തരത്തിലുള്ള ബാങ്കുകൾ വേറൊരു തലത്തിലേയ്ക്ക് പോകുകയാണ്. അവിടെയാണ് സഹകരണ ബാങ്കുകൾ സാധാരണക്കാർക്ക് താങ്ങായി, തണലായി എത്തുന്നത്. അവർക്ക് താങ്ങായി, തണലായി നിൽക്കുന്ന ഈ സഹകരണ സ്ഥാപനങ്ങളെ ഇല്ലാതാക്കുന്നതിനും അതിന്റെ അടിത്തറയിളക്കുന്നതിനും മാത്രമേ ഈ നടപടികൾ നമുക്ക് ഗുണം ചെയ്യുകയുള്ളൂ. സുതാര്യത കൊണ്ടുവരിക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന പണത്തിനാണ് സുതാര്യതയുള്ളത്. കാരണം അത് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ളതാണ്. പണം നിക്ഷേപിച്ചാൽ റിസർവ് ബാങ്ക് അപ്പോൾത്തന്നെ അറിയും; ആർ.ബി.ഐ. ലൈസൻസോടുകൂടി പ്രവർത്തിക്കുന്നതാണ്.

2.00 PM]

പ്രാഥമിക സഹകരണ ബാങ്കുകളിലാണ് സുതാര്യത ഇല്ലാത്തത്. ഞാൻ ഇക്കാര്യത്തിൽ വളരെ വ്യത്യസ്തമായ അഭിപ്രായമുള്ള ആളാണ്. സ്വിസ് ബാങ്കിൽ കൊണ്ടുപോയി നിക്ഷേപിച്ചാൽ അത് കള്ളപ്പണമാകുന്നു; സഹകരണ സംഘങ്ങളിൽ കൊണ്ടുപോയി ആരുമറിയാതെ നിക്ഷേപിച്ചാൽ അതെങ്ങനെയാണ് കള്ളപ്പണമല്ലാതായി മാറുന്നത്? സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചാലും സ്വിസ് ബാങ്കിൽ നിക്ഷേപിച്ചാലും ഡിക്ലെയർ ചെയ്യാത്ത പണം കള്ളപ്പണം തന്നെയാണ്. നിയമപരമായി അതിനെന്ത് സംരക്ഷണമാണ് നൽകേണ്ടത്? ഡിക്ലെയർ ചെയ്യാത്ത പണം ഏത് ബാങ്കിൽ നിക്ഷേപിച്ചാലും അത് കള്ളപ്പണമാണ്. അപ്പോൾ നിലവിൽ ആർ.ബി.ഐ. ലൈസൻസുള്ള ജില്ലാ ബാങ്കുകളിൽ നിന്ന് ഇൻഡിവിഡ്വൽ ബിസിനസ് പ്രാഥമിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുമ്പോൾ അവിടെ സുതാര്യത വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്യുന്നത് എന്നുള്ള കാര്യംകൂടി മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ പ്രാഥമിക സംഘങ്ങളെ ദുർബലപ്പെടുത്തുകയും അവരുടെ കസ്റ്റമർ ബേസ് ഇല്ലാതാക്കുകയും ചെയ്യും. ഇതിന്റെ ചെലവ് 5,000 കോടി രൂപയായി നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. കേരള ബാങ്കിന് എൻ.ആർ.ഐ. ലൈസൻസ് ലഭിക്കുമെന്നാണ് പറയുന്നത്. ഇതിനെ സംബന്ധിച്ച് കൺഫ്യൂഷനുണ്ട്. ആർ.ബി.ഐ. ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. ആർ.ബി.ഐ. ലൈസൻസ് വേണം. നിങ്ങൾ ഒരു പുതിയ ലൈസൻസോടുകൂടിയാണോ കേരള ബാങ്ക് പ്രവർത്തിപ്പിക്കാൻ

പോകുന്നത്; അതോ നിലവിലുള്ള സംസ്ഥാന ബാങ്കിന്റെയോ സഹകരണ ബാങ്കിന്റെയോ ലൈസൻസോടുകൂടിയാണോ കേരള ബാങ്ക് പ്രവർത്തിപ്പിക്കാൻ പോകുന്നത്? അവ്യക്തതകൾ നിറഞ്ഞു നിൽക്കുകയാണ്. ആർ.ബി.ഐ.യിൽ പുതിയ ബാങ്കിനുവേണ്ടി ലൈസൻസിന് നിങ്ങൾ അപേക്ഷിച്ചിട്ടില്ല. നിങ്ങൾ ഈ രണ്ട് ബാങ്കുകളെയും മെർജ് ചെയ്യണം, രണ്ട് ലെയറുകളും ഒരുമിച്ച് അമാൽഗമേറ്റ് ചെയ്യണമെന്നൊരാവശ്യം മാത്രമാണ് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുള്ളത്. നിങ്ങൾ പുതിയ ബാങ്കിന്റെ ലൈസൻസിലാണോ, ഐ.ഡി.ബി.ഐ.-യുടെ നിയന്ത്രണത്തിലുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിലാണോ പ്രവർത്തിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം.

അങ്ങ് ടൂറിസം വകുപ്പുമന്ത്രി കൂടിയാണ്. നമ്മുടെ സംസ്ഥാനത്തെ ടൂറിസം പദ്ധതികൾക്ക് മാന്ദ്യമുണ്ടാകുന്നുവെന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് ആദ്യത്തെ ബജറ്റ് അവതരിപ്പിച്ചപ്പോൾ ഈ സംസ്ഥാനത്തെ ഏറ്റവും വലിയ പദ്ധതിയായ മുസിരിസ് പൈതൃക പ്രോജക്ട് യു.ഡി.എഫ്. സർക്കാർ താഴേയ്ക്കു കൊണ്ടുപോയി എന്നാണ് പറഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ടു വർഷത്തോളമായി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എത്രയോ പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഒരു പദ്ധതിപോലും തുടങ്ങാനോ പൂർത്തിയാക്കാനോ ഈ സർക്കാരിന് സാധിച്ചിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. അങ്ങ് വ്യക്തിപരമായ താൽപ്പര്യമെല്ലാം എടുത്തിട്ടുണ്ട്. പക്ഷേ, റിസൾട്ട് ഉണ്ടാകുന്നില്ല. ഇതേ പ്രശ്നംതന്നെയാണ് സംസ്ഥാനത്തെ ടൂറിസം പദ്ധതികൾക്കെല്ലാമുള്ളത്. ഏത് ടൂറിസം പദ്ധതിയാണ് സാക്ഷാൽക്കരിക്കാൻ പോകുന്നത്; ഏത് പദ്ധതിയാണ് യാഥാർത്ഥ്യമാകാൻ പോകുന്നതെന്ന് അങ്ങ് പറയണം.

അതുപോലെ വൈദ്യുതിയുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ച ശ്രീ. ആന്റണി ജോൺ 'മലയോരമേഖലയിലെ മിശിഹ' എന്നാണ് മന്ത്രിയായ ശ്രീ. എം.എം. മണിയെ വിശേഷിപ്പിച്ചത്. ശ്രീ. ആന്റണി ജോണിനോട് എനിക്ക് പറയാനുള്ളത്, നമുക്ക് മണിയടിക്കാം ശ്രീ. എം. എം. മണിയെയും മണിയടിക്കാം. പക്ഷേ, മണിയടിച്ച് മണിയടിച്ച് തൂങ്ങിക്കിടക്കുന്ന മണിയുടെ കയറിന്മേൽ തൂങ്ങിനിന്ന് മണിയടിക്കരുത്. ഇവിടെ വൈദ്യുതി വകുപ്പുമന്ത്രിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. അതിരപ്പള്ളി നടപ്പാക്കണം, പ്രതിപക്ഷം സഹകരിച്ചാൽ ഞങ്ങൾ നടപ്പാക്കും. പ്രതിപക്ഷം സഹകരിക്കുന്നില്ല എന്നാണ് പറയുന്നത്. ഞങ്ങൾ അതിരപ്പള്ളി പദ്ധതിക്കെതിരാണ്. ഇവിടെ പ്രതിപക്ഷ നേതാവും യു.ഡി.എഫ്.ഉം അസന്ദിഗ്ദ്ധമായി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന അതിരപ്പള്ളി പദ്ധതി നടപ്പാക്കാൻ പാടില്ല എന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട്

ഇടയ്ക്കിടയ്ക്ക് പ്രതിപക്ഷം സഹകരിച്ചാൽ അതിരപ്പള്ളി പദ്ധതി നടപ്പിലാക്കാം എന്ന ഒരു നിലപാട് അങ്ങ് സ്വീകരിക്കരുത്. ഞാൻ രാഷ്ട്രീയം പറയണ്ട എന്നാണ് വിചാരിച്ചത്. എന്നാൽ ശ്രീ. എ. എൻ. ഷംസീർ കോൺഗ്രസ്സിന്റെ പ്ലീനറി സമ്മേളനത്തെയും ശ്രീ. രാഹുൽ ഗാന്ധിയെയും ആക്ഷേപിച്ചുകൊണ്ട് സംസാരിച്ചു. ശ്രീ. രാഹുൽ ഗാന്ധി ഇന്നലെ നടത്തിയ പ്രസംഗത്തിന് മറുപടി പറഞ്ഞ ബി.ജെ.പി.യുടെ ശ്രീമതി നിർമ്മലാ സീതാരാമൻപോലും പറയാത്ത കടുത്ത ഭാഷയിലാണ് ഇവിടെ ശ്രീ. എ. എൻ. ഷംസീർ സംസാരിച്ചത്. കാരണം കോൺഗ്രസ്സിനെ തകർക്കണം. ഞങ്ങളുടെ സാമ്പത്തിക നയത്തെ നിങ്ങൾ ചോദ്യം ചെയ്യേണ്ട. 1991-ൽ ഞങ്ങൾക്ക് കൺവൻഷണലായിട്ടുള്ള സാമ്പത്തിക നയത്തിൽ നിന്ന് മാറ്റമുണ്ടാക്കേണ്ടിവന്നു. കാരണം ഗ്ലോബൽ പ്രഷറാണ്. ലോകത്തെ സാമ്പത്തികക്രമം മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യക്ക് മാറി നിൽക്കാൻ സാധിക്കുകയില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, എ.ഐ.സി.സി.യിൽ സാമ്പത്തിക പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ച അങ്ങേയ്ക്ക് കോൺഗ്രസ്സിന്റെ സാമ്പത്തികനയം ബി.ജെ.പി.യുടെ സാമ്പത്തിക നയത്തിന് തുല്യമല്ല എന്ന് സമർത്ഥിക്കാൻ സാധിച്ചില്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, ആ സാമ്പത്തിക നയത്തിൽ വ്യത്യാസമുണ്ടായപ്പോൾ രാജ്യത്തിന്റെ ഇക്കോണമി വളർന്നു. ട്രില്ല്യൻ ഡോളറായി ഇന്ത്യയുടെ ഇക്കോണമിയെ മാറ്റാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഞങ്ങൾ പണമുണ്ടാക്കി, പുതിയ തൊഴിലവസരങ്ങളുണ്ടാക്കി, രാജ്യത്തിനുവേണ്ടി ഞങ്ങൾ ധനം സമ്പാദിച്ചു. ഞങ്ങൾ ആ പണം എന്താണ് ചെയ്തത്? ഗ്ലോബലൈസേഷന്റെ ഫലമായുണ്ടായ ആ നേട്ടം ഞങ്ങൾ സാധാരണക്കാരന്റെ വീട്ടിലേയ്ക്കെത്തിച്ചു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും നാഷണൽ റൂറൽ ഹെൽത്ത് മിഷനിലൂടെയും റൈറ്റ് ടു എഡ്യൂക്കേഷൻ പദ്ധതിയിലൂടെയും ആ നേട്ടം ഞങ്ങൾ സാധാരണക്കാരന്റെ വീട്ടിലേയ്ക്ക് എത്തിച്ചു. ഞങ്ങൾ കർഷകർക്കുവേണ്ടി എന്ത് ചെയ്തുവെന്നാണ് ചോദിച്ചത്. ഞങ്ങൾ 4 കോടി കർഷകരുടെ 72,000 കോടി രൂപയുടെ വായ്പ എഴുതിത്തള്ളി. ഭക്ഷ്യധാന്യങ്ങളുടെ അടിസ്ഥാന വില മൂന്നിരട്ടിയായി വർദ്ധിപ്പിച്ചു, കർഷകരുടെ ആത്മവിശ്വാസം വാനോളമുയർത്തി. ഞങ്ങൾ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ സ്വാതന്ത്ര്യത്തിനുശേഷം രാജ്യത്തുണ്ടായ സർവ്വകാല വിളവെടുപ്പാണ് കാർഷികമേഖലയിലുണ്ടായതെന്ന് നിങ്ങൾ ഓർക്കണം. ഞങ്ങൾ സാമ്പത്തിക പുരോഗതിയുണ്ടാക്കി. ആ സാമ്പത്തിക പുരോഗതിയിൽനിന്നുണ്ടായ നേട്ടം സാധാരണക്കാരന്റെ

വീട്ടുമുറ്റത്തെത്തിച്ച നെഹ്റുവിയൻ സോഷ്യലിസം തന്നെയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഉയർത്തിപ്പിടിക്കുന്നത്, കോൺഗ്രസ്സിനെ നേരിടുന്നത് ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും നരേന്ദ്ര മോദിയെയും സഹായിക്കാനുള്ള സി.പി.ഐ.(എം)-ന്റെ തന്ത്രമാണ്. ശ്രീ. പ്രകാശ് കാരാട്ടിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ ബി.ജെ.പി.-യെ സഹായിക്കാൻ നടത്തുന്ന ഗൂഢാലോചന കൊണ്ടൊന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ തകർക്കാൻ കഴിയില്ലെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, വളരെ പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ച് വിശദമായ ചർച്ചയാണ് അംഗങ്ങൾ നടത്തിയത്. സ്വാഭാവികമായും അവർ സൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് സർക്കാരിന് മറുപടി പറയാനുള്ളതുകൊണ്ട് അൽപ്പ സമയം അധികമായി അനുവദിക്കണം. 2017-18 സാമ്പത്തിക വർഷം വളരെ സജീവമായിട്ടുള്ള സഹകരണ വർഷം കൂടിയായിരുന്നുവെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളെ സ്വീകരിച്ചുവെന്ന കാര്യത്തിൽ പ്രതിപക്ഷത്തിനടക്കം സംശയമോ വിരുദ്ധ അഭിപ്രായമോ ഉണ്ടാകാനിടയില്ല എന്നാണ് എന്റെ വിശ്വാസം. സഹകരണ വകുപ്പ് മുന്നോട്ടുവച്ച എല്ലാ പ്രവർത്തനങ്ങളിലും രാഷ്ട്രീയ ഭേദമെന്യേ എല്ലാവരും സഹകരിച്ചുവെന്നു പറയാനും അവരുടെ പിന്തുണയ്ക്ക് നന്ദി അറിയിക്കാനും ഈ അവസരം വിനിയോഗിക്കുകയാണ്. നോട്ട് നിരോധനമെന്ന സുനാമിയാണ് സഹകരണമേഖലയ്ക്ക് നേരിടേണ്ടിവന്ന പ്രധാനപ്പെട്ട പ്രശ്നം. ആ സുനാമിയിൽനിന്നും സഹകരണമേഖല ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർന്നുവന്ന വർഷം കൂടിയാണിത്. നോട്ട് നിരോധന കാലയളവിൽ സഹകരണ ബാങ്കുകളിൽനിന്നും ഏകദേശം 6,500 കോടി രൂപയുടെ നിക്ഷേപം നഷ്ടമായി. ആ കാലയളവിൽ ഏകദേശം ഒന്നര ലക്ഷം കോടി രൂപയിലേയ്ക്ക് ചുരുങ്ങിയ സഹകരണ നിക്ഷേപം ഈ മാസത്തെ കണക്കുപ്രകാരം 1.92 ലക്ഷം കോടി രൂപയായി കുതിച്ചുയർന്നുവെന്ന വിവരം അഭിമാനത്തോടുകൂടി നിങ്ങളോട് പങ്കുവയ്ക്കാൻ എനിക്ക് സാധിക്കും. സഹകരണ നിക്ഷേപ സമാഹരണം പ്രഖ്യാപിച്ചതിനുശേഷം 2018 ജനുവരി 10 മുതൽ മാത്രം ഈ മേഖലയിലേയ്ക്ക് എത്തിയത് 7055.93 കോടി രൂപയുടെ നിക്ഷേപമാണ്. കേരള ജനത ഈ പ്രസ്ഥാനത്തിൽ അർപ്പിച്ച വിശ്വാസത്തെ ആർക്കും തകർക്കാനാകില്ല. ഈ പ്രസ്ഥാനത്തോട് ചേർന്നുനിൽക്കുന്ന കേരളത്തിന്റെ മനസ്സിനെ ഞാൻ ഹൃദയപൂർവം അഭിനന്ദിക്കുകയാണ്. നോട്ടുനിരോധനം സാധാരണ ജനങ്ങളുടെ വായ്പാ തിരിച്ചടവ് ശേഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ കുടിശ്ശിക

വായ്പയിൽ ക്രമാതീതമായ വർദ്ധനവുണ്ടായി. ഏകദേശം 30,000 കോടി രൂപയുടെ കുടിശ്ശികയാണ് വന്നത്. സർക്കാർ ഇവിടെയും സാധാരണക്കാരുടെ പ്രശ്നങ്ങളെ അനുഭാവപൂർവം പരിഹരിക്കുന്നതിനായി മുൻകാലങ്ങളെക്കാൾ അധികം ആനുകൂല്യങ്ങൾ നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. ഈ പദ്ധതി പ്രകാരം മാർച്ച് 31 വരെ കുടിശ്ശിക വായ്പകൾ തീർക്കാൻ സാധിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സഹകരണസംഘങ്ങൾ വഴി വീടുകളിലെത്തിച്ചു. 20 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നത്. 6 ഘട്ടങ്ങളിലായി 4561 കോടി രൂപയാണ് സഹകരണ സംഘങ്ങളിലൂടെ ക്ഷേമപെൻഷൻ ഇനത്തിൽ ജനങ്ങളുടെ കൈകളിലെത്തിയത്. സഹകരണ മേഖലയുടെ ശക്തിയും കാര്യക്ഷമതയും ആർജ്ജവവും പ്രകടമായ മറ്റൊരു ഇടപെടലാണ് കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഈ ഉത്തരവാദിത്വം സഹകരണ വകുപ്പ് ഏറ്റെടുത്തപ്പോൾ അതിനെ വിമർശന ബുദ്ധിയോടെയും സംശയത്തോടെയും ആശങ്കയോടെയും കണ്ടവർ നിരവധിയാണ്. എന്നാൽ വലിയൊരു സാമൂഹ്യപ്രശ്നമായി വളർന്ന ഈ വിഷയത്തെ കേവലം 15 ദിവസംകൊണ്ട് സഹകരണ മേഖലയ്ക്ക് പരിഹരിക്കാനായി. 39,000-ത്തിലധികം വരുന്ന കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളിൽ അക്കൗണ്ട് തുറന്ന മുറയ്ക്ക് കുടിശ്ശിക പെൻഷൻ വിതരണം ചെയ്തു. 25 പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്ക് മുഖേന സ്വരൂപിച്ച 250 കോടി രൂപ 576 പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ പെൻഷൻകാരിലെത്തിയപ്പോൾ ഇവിടെ ചിലർക്ക് ഈ സർക്കാരിനെ അടിക്കാനോങ്ങിയ വടി സ്വന്തം ക്ഷീണവും തളർച്ചയും മാറ്റാനുള്ള ഊന്നുവടിയാക്കേണ്ടിവന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആറ് മാസം കഴിഞ്ഞും ഈ പെൻഷൻ പദ്ധതി സഹകരണ വകുപ്പുതന്നെ മുന്നോട്ട് കൊണ്ടുപോകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതുസംബന്ധിച്ച് ആലോചിച്ചിട്ടില്ല, ആലോചിക്കാം. ആവശ്യമാണെന്നുകണ്ടാൽ ഈ പെൻഷൻ പദ്ധതി സഹകരണ വകുപ്പിന് മുന്നോട്ടുകൊണ്ടുപോകുന്നതിന് യാതൊരു പ്രയാസവുമില്ല. ഇവിടെ ആശങ്കപ്പെട്ടതുപോലെ ഈ തുക തിരികെ ലഭിക്കുമെന്ന കാര്യത്തിൽ സഹകരണ വകുപ്പിന് യാതൊരു സംശയവുമില്ല. സഹകരണ ബാങ്കുകളെ

സംബന്ധിച്ചിടത്തോളം ഒരു ലാഭമുള്ള ബിസിനസ്സായാണ് ഇതിനെ കാണുന്നത്. ജനങ്ങളുടെ പ്രതിസന്ധിയിൽ എപ്പോഴും ഒരു പരിഹാരവും പിന്തുണയുമാണ് സഹകരണ പ്രസ്ഥാനം. കേരളത്തിൽ ഓഖി ദുരന്തമുണ്ടായപ്പോൾ ദുരിതക്കയത്തിലായ ജനസമൂഹത്തെ സഹായിക്കാൻ സഹകരണ പ്രസ്ഥാനം മുൻപന്തിയിലുണ്ടായിരുന്നു. സഹകരണ ജീവനക്കാരുടെ രണ്ട് ദിവസത്തെ ശമ്പളവും സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽനിന്ന് പരമാവധി തുകയും ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി. ഒരുപക്ഷേ ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് ഏറ്റവും കൂടുതൽ തുക നൽകിയത് സഹകരണ മേഖലയായിരിക്കുമെന്നാണ് എന്റെ വിശ്വാസം.

ഹിംസാത്മക വർഗ്ഗീയതയും വിഷലിപ്ത ദേശീയതയും ഉയർത്തിവിട്ട് എക്കാലവും കോടിക്കണക്കിന് വരുന്ന പട്ടിണിപ്പാവങ്ങളായ കർഷകരെ വരുതിയിൽ നിർത്താമെന്ന വ്യാമോഹങ്ങൾ തകരുന്ന കാഴ്ചയാണ് ഇന്ന് രാജ്യവ്യാപകമായി കാണുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന കർഷക പ്രക്ഷോഭങ്ങളൊക്കെയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ മണ്ണിൽ പണിയെടുത്ത് പൊന്ന് വിളയിക്കുന്ന കർഷകന്റെ അവശേഷിക്കുന്ന പ്രശ്നങ്ങൾക്കുകൂടി പരിഹാരം കാണണമെന്ന ദൃഢനിശ്ചയത്തിലാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് അവർ അളക്കുന്ന നെല്ലിന് അന്നുതന്നെ പണം നൽകാൻ സഹകരണ സംഘങ്ങൾ ഒരു കൺസോർഷ്യം രൂപീകരിച്ചുകഴിഞ്ഞു. അടുത്ത വിള മുതൽ ഘട്ടംഘട്ടമായി സഹകരണ സംഘങ്ങൾതന്നെ നെല്ല് സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി സ്വന്തം ബ്രാൻഡിലൂടെ ത്രിവേണി, നീതിസ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, സഹകരണ സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ വിറ്റഴിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വിലയും ഉപഭോക്താവിന് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളും ലഭ്യമാക്കുക എന്ന ദ്വിമുഖ ലക്ഷ്യമാണ് ഇതിനുള്ളത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി കഴിഞ്ഞാൽ കേരളത്തിൽ ഏറ്റവും കൂടുതൽ സഹായധനം നൽകുന്നത് സഹകരണ വകുപ്പാണ്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് റിസ്ക് ഫണ്ട് പദ്ധതിയിലൂടെ സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുത്ത് വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയോ മാരകരോഗം ബാധിക്കുകയോ ചെയ്തിട്ടുള്ളവർക്ക് 2009 മുതൽ 275.13 കോടി രൂപയുടെ ആനുകൂല്യമാണ് നൽകിയിട്ടുള്ളത്. 39,548 പേർക്കായാണ് ഈ തുക നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9528 ഗുണഭോക്താക്കൾക്കായി 75.45 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു.

അതുപോലെ ഈ സർക്കാർ എല്ലാ വിഭാഗം സഹകരണ പെൻഷൻകാരുടെയും ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തി. സഹകരണസംഘം ജീവനക്കാർക്ക് ക്ഷേമ ബോർഡ് മുഖാന്തിരം ചികിത്സാ സഹായം, മരണാനന്തര ധനസഹായം, ആശ്രിതർക്കുള്ള ചികിത്സാ ധനസഹായം എന്നിവ വർദ്ധിപ്പിച്ച് നൽകി. കേരള പബ്ലിക് സർവീസ് കമ്മീഷൻ പോലെ വളരെ സുതാര്യമായും കാര്യക്ഷമമായും സഹകരണ പരീക്ഷാ ബോർഡ് പ്രവർത്തിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ഞൂറോളം ഒഴിവുകളിലേയ്ക്ക് നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ വായ്പാ സഹകരണസംഘങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതിനു മാത്രമാണ് സഹകരണ പരീക്ഷാ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. വായ്പേതര സഹകരണ സംഘങ്ങളെക്കൂടി സഹകരണ പരീക്ഷാ ബോർഡിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കുകയാണ്.

സർക്കാർ കഴിഞ്ഞാൽ എഞ്ചിനീയറിംഗ് പഠനത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്ഥാപനം സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന CAPE ആണ്. 9 എഞ്ചിനീയറിംഗ് കോളേജുകളിൽ രണ്ടെണ്ണത്തിന് യു.ജി.സി.-യുടെ NAAC അക്രഡിറ്റേഷനും നാല് കോളേജുകൾക്ക് I.S.O. സർട്ടിഫിക്കേഷനും ലഭിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിക്കുകീഴിൽ എഞ്ചിനീയറിംഗിൽ ഏറ്റവും കൂടുതൽ റാങ്ക് ജേതാക്കളുണ്ടാകുന്നത് CAPE-ലാണ് എന്നു പറയാൻ എനിക്ക് അഭിമാനമുണ്ട്. CAPE-ന് കീഴിലുള്ള കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കുന്നതിന് 213 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്.

വർഷങ്ങളായി താറുമാറായിക്കിടന്നിരുന്ന സഹകരണ സ്ഥാപനമാണ് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ. ആ ഫെഡറേഷനുകീഴിൽ മുമ്പെങ്ങുമില്ലാത്ത പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. പ്രാഥമിക പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ചുകൊണ്ടും ശക്തിപ്പെടുത്തിക്കൊണ്ടും ഈ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഫെഡറേഷൻ ക്രിയാത്മക നേതൃത്വമാണ് നൽകി വരുന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ ഈ മേഖലയിൽ 1,000 പുതിയ തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കണമെന്ന നിശ്ചയദാർഢ്യത്തിലാണ് കാര്യങ്ങൾ പോകുന്നത്. കാലങ്ങളായി സഞ്ചിത നഷ്ടത്തിൽ തുടർന്നുവരുന്ന എസ്.സി/എസ്.ടി. ഫെഡറേഷൻ തൻവർഷം പ്രവർത്തന ലാഭമുണ്ടാക്കിയിരിക്കുന്നുവെന്ന സന്തോഷം ഈ സഭയിൽ ഞാൻ പങ്കുവയ്ക്കുകയാണ്. ഇനി പറയാനുള്ളത്, ഉപഭോക്തൃ വിപണിയിൽ കൺസ്യൂമർ ഫെഡറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്. കൺസ്യൂമർ

ഫെഡറേഷനുകീഴിലെ ത്രിവേണി, നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, നീതി ഗ്യാസ്, ത്രിവേണി നോട്ട് ബുക്ക്, സ്റ്റേഷണറി, വിദേശ മദ്യശാലകൾ എന്നിവയെല്ലാം മികച്ച പ്രവർത്തനമാണ് തൻവർഷം കാഴ്ചവച്ചിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സംസ്ഥാനത്ത് അരിവില ക്രമാതീതമായി ഉയർന്നപ്പോൾ ബംഗാളിൽ നിന്ന് അരികൊണ്ടുവന്ന് പ്രത്യേകമായി അരിക്കടകൾ നടത്തി. ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ പ്രത്യേക ഉത്സവച്ചന്തകൾ നടത്തി. മുൻ സർക്കാരിന്റെ ഭരണകാലത്ത് അഴിമതിയും കെടുകാര്യസ്ഥതയുംമൂലം തകർച്ചയിലായ ഒരു സഹകരണ സ്ഥാപനത്തിന്റെ ഉയർത്തെഴുന്നേൽപ്പാണ് കേരള ജനത കണ്ടത്. ഇപ്പോൾ എല്ലാ സ്റ്റോറുകളിലും ഉൽപ്പന്നങ്ങൾ സ്റ്റോക്കുമുണ്ട്, വിലക്കുറവുമുണ്ട്. മാത്രമല്ല, ഉത്തരവാദിത്വത്തോടെയുള്ള പെരുമാറ്റവും സമീപനവുമുണ്ട്. മുൻവർഷത്തെപ്പോലെ തൻവർഷവും കൺസ്യൂമർഫെഡ് പ്രവർത്തനലാഭം നേടുകയാണ്. 2017 ഡിസംബർ മാസം 9-ാം തീയതിയിലെ താൽക്കാലിക കണക്കനുസരിച്ച് കൺസ്യൂമർ ഫെഡറേഷന് 51 കോടി രൂപയുടെ പ്രവർത്തനലാഭം ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ നേട്ടങ്ങളിൽ ആശങ്കപൂണ്ട ചില മുൻഭരണ സമിതി അംഗങ്ങളും അഴിമതിക്ക് വഴി അടഞ്ഞതിൽ നിരാശപൂണ്ട ന്യൂനപക്ഷവും ചേർന്ന് കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കാൻ തുനിഞ്ഞിറങ്ങിയിട്ടുണ്ട്. അവരെ ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്, മുൻ കാലത്ത് നടത്തിയ 595 കോടി രൂപയുടെ അഴിമതിയും ക്രമക്കേടുകളും സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ചില കോടതി നടപടികൾ കൂടി പൂർത്തിയായാൽ അഴിമതി നടത്തിയവരെയെല്ലാം കയ്യാമംവച്ച് തുറുങ്കിലടയ്ക്കാൻ വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കും. എന്ത് ത്യാഗം സഹിച്ചും കൺസ്യൂമർ ഫെഡറേഷനെ സഹായിച്ചും സംരക്ഷിച്ചും ഈ സർക്കാർ മുന്നോട്ട് പോകും. 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ നീണ്ടുനിൽക്കുന്ന സ്ഥിരമായ വിപണി ഇടപെടലിനാണ് കൺസ്യൂമർ ഫെഡറേഷനിലൂടെ ഒരു പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യമുണ്ട്. സഹകരണ സംഘം രജിസ്ട്രാർക്ക് കീഴിൽ 15,000-ലധികവും ഫംഗ്ഷൻ രജിസ്ട്രാർമാർക്ക് കീഴിൽ 7,500-ലധികവും സഹകരണ സംഘങ്ങളുണ്ട്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയെക്കാൾ കൂടുതലാണ് സഹകരണ സംഘത്തിലെ അംഗത്വം. ഒരാൾ ഒന്നിൽക്കൂടുതൽ സംഘങ്ങളിൽ അംഗത്വമെടുക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ ശക്തിയും വൈപുല്യവും വിളിച്ചോതുന്ന രീതിയിലാണ് 2018 ഫെബ്രുവരി മാസം 10, 11, 12

തീയതികളിൽ കണ്ണൂർ ജില്ലയിൽ 8-ാമത് സഹകരണ കോൺഗ്രസ്സ് സംഘടിപ്പിച്ചത്. 3000-ലധികം പ്രതിനിധികൾ പങ്കെടുത്ത സഹകരണ കോൺഗ്രസ്സിൽ ദേശീയ, അന്തർ ദേശീയ പ്രാധാന്യമുള്ള വിഷയങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുകയുണ്ടായി. സഹകരണ മേഖലയെ സമ്പൂർണ്ണമായും അഴിമതി വിമുക്തമാക്കുമെന്ന പ്രതിജ്ഞയെടുത്തു. 5 വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷത്തിലൊരിക്കൽ നടത്തുമെന്ന് തീരുമാനിച്ചു. 8-ാമത് സഹകരണ കോൺഗ്രസ്സിലെ ഏറ്റവും വലിയ പ്രത്യേകത ചരിത്രത്തിൽ ആദ്യമായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് പുതിയ ദിശാബോധം നൽകുന്ന വിശദമായ ഒരു സഹകരണ നയം തിട്ടപ്പെടുത്തി എന്നുള്ളതാണ്. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് പിന്തുണയേകാൻ കഴിയുന്നവിധത്തിൽ സഹകരണ പ്രസ്ഥാനത്തെ ഊർജ്ജസ്വലമാക്കാനുള്ള നിർദ്ദേശങ്ങളടങ്ങിയ കരട് നയം സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. വാക്കുകളിൽ ഒതുങ്ങാത്ത വിജയമാണ് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം കൊച്ചിയിൽ 2018 മാർച്ച് 1 മുതൽ 11 വരെ സംഘടിപ്പിച്ച 'കൃതി' അന്താരാഷ്ട്ര പുസ്തകോത്സവും സാഹിത്യ വിജ്ഞാനോത്സവവും. കേരളം കണ്ട ഏറ്റവും വലിയ പുസ്തകോത്സവവും സാഹിത്യോത്സവവും അക്ഷരാർത്ഥത്തിൽ കൊച്ചിയും കേരളവും നെഞ്ചേറ്റിയ കാഴ്ചയാണ് കണ്ടത്. ഇവിടെ സംസാരിച്ച ശ്രീ. എ. എൻ. ഷംസീർ ഒഴികെ ബാക്കിയാരും അതിനെക്കുറിച്ച് പറയാത്തതിലുള്ള ഖേദം ഞാൻ പ്രകടിപ്പിക്കുകയാണ്. സംസ്ഥാനത്തിന്റെ സഹകരണ മേഖലയിൽ മാത്രമല്ല, സാംസ്കാരിക ചരിത്രത്തിലെ ഏറ്റവും സജീവമായിട്ടുള്ള ഒന്നായിരുന്നു അത്. ഏതാണ്ട് 163 സ്റ്റാളുകളിലായി പുസ്തക വസന്തം തീർക്കുകയായിരുന്നു. 11 ദിവസങ്ങളിലായി 7 ലക്ഷത്തോളം പേരാണ് കൊച്ചിയിലെ അന്താരാഷ്ട്ര പുസ്തകമേളയിലേയ്ക്ക് ഒഴുകിയെത്തിയത്. 17 കോടി രൂപയുടെ പുസ്തക വിൽപ്പന നടന്നു. പുസ്തക മേളയുടെ ഭാഗമായി നടപ്പിലാക്കിയ 'ഒരു കുട്ടിക്ക് ഒരു പുസ്തകം' പദ്ധതി പ്രകാരം 70 ലക്ഷം രൂപ വിലവരുന്ന പുസ്തകങ്ങൾ 250 രൂപ വീതമുള്ള കൂപ്പണുകളിലൂടെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 28,000 കുട്ടികൾക്ക് സമ്മാനിച്ചു. വളരെയേറെ കുട്ടികൾ സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള പുസ്തകമേളയിലെത്തി പുസ്തകങ്ങളുടെയും അക്ഷരങ്ങളുടെയും ലോകത്ത് പൂമ്പാറ്റകളെപ്പോലെ പാറിപ്പറന്ന് നടന്നു. കഥയും കവിതയും ചൊല്ലി കുട്ടിക്കൂട്ടങ്ങൾ പുസ്തകമേളയെ അവരുടെ സ്വന്തമാക്കി. ചെറുബാല്യം മുതൽ പണ്ഡിത വാർദ്ധക്യംവരെ ഒത്തുചേർന്ന മേളയിൽ കേരളത്തിന്റെ സാംസ്കാരിക ചക്രവാളം നിറഞ്ഞുതുളുമ്പിയപ്പോൾ അത് വരാനിരിക്കുന്ന കാലത്തും പുസ്തകവും വായനയും

മരിക്കില്ലെന്ന സന്ദേശം കൂടിയാണ് നമുക്ക് സമ്മാനിച്ചത്. അതിന്റെ ഭാഗമായി ബോൾഗാട്ടിയിൽ സാഹിത്യ വിജ്ഞാനോത്സവം സംഘടിപ്പിച്ചു. വൈവിദ്ധ്യമാർന്ന വിഷയങ്ങളിൽ രാജ്യാന്തര പ്രശസ്തരായവർ മുതൽ നിരവധി പ്രമുഖരാണ് പങ്കെടുത്തത്. ഈ സെഷനുകളിൽ നടന്ന ചർച്ചകൾ വരുംനാളുകളിൽ കേരളത്തിന്റെ സമഗ്ര മുന്നേറ്റത്തിന് സഹായിക്കുന്ന ഉൾക്കാഴ്ചകൾകൂടി പ്രദാനം ചെയ്യുന്നതാണ്. ആദ്യവർഷത്തെ സംഘാടനംകൊണ്ട് 'കൃതി' പുസ്തക സാഹിത്യോത്സവം അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. പുസ്തകമേളകളുടെ ദേശീയ സർക്യൂട്ടിൽ കൊൽക്കത്തയും ഡൽഹിയും കഴിഞ്ഞാൽ കൊച്ചിയാണ്. അതുകൊണ്ട് വാർഷികാടിസ്ഥാനത്തിൽ 'കൃതി' പുസ്തക സാഹിത്യോത്സവുമായി മുന്നോട്ടുപോകാനാണ് സർക്കാരിന്റെ തീരുമാനം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നയിക്കുന്ന സഹകരണ വകുപ്പ് ആധുനികവൽക്കരണത്തിന്റെ പാതയിലാണ്. വകുപ്പിലെ ഒരു വിഭാഗം പ്രവർത്തനങ്ങൾ ഓൺലൈനായി കഴിഞ്ഞു. ഓഡിറ്റ് മോഡ്യൂൾ താമസംവിനാ പ്രവർത്തനസജ്ജമാക്കും. ഇ-ഓഫീസ്, ബയോമെട്രിക് അറ്റൻഡൻസ്, ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് മൊബൈൽ കണക്ഷൻ, വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനകേന്ദ്രം എന്നിവയെല്ലാം നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ച് വകുപ്പിനെ പുനഃസംഘടിപ്പിക്കാനും ആലോചനയുണ്ട്.

ഇവിടെ ഏറെ ചർച്ചയ്ക്ക് വിധേയമായത് കേരള ബാങ്കിനെ സംബന്ധിച്ചാണ്. കേരള ബാങ്കിനെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിന്റെ മാനിഫെസ്റ്റോയിലെ 446-ാമത്തെ പോയിന്റായി സൂചിപ്പിച്ചിട്ടുള്ള കാര്യം, ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സംസ്ഥാന സഹകരണ ബാങ്കിന് രൂപം നൽകും എന്നുള്ളതാണ്. ഈ മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിൽ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച 35 ഇന കർമ്മ പരിപാടിയിൽ 34-ാമത്തെ ഇനമായി പറയുന്ന കാര്യം, ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരളത്തിന്റേതായ ഒരു വൻകിട ബാങ്കിന്, കേരളത്തിന്റെ ബാങ്കിന് രൂപം നൽകുമെന്നതാണ്. സഹകരണ മേഖലയിൽ ദ്വിതല സമ്പ്രദായമായിരിക്കും വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ ബാങ്ക് ഈ സർക്കാർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപമാണ് ഇവിടെ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഉന്നയിച്ചത്. സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ 3 വർഷമായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2001-2006 കാലയളവിൽ നിലവിലുണ്ടായിരുന്ന യു.ഡി.എഫ് ഭരണസമിതിയാണ് സംസ്ഥാന

സഹകരണ ബാങ്കിനെ കൊള്ളയടിച്ചതെന്ന കാര്യം ശ്രീ. വി. ഡി. സതീശൻ മനസ്സിലാക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. സംസ്ഥാന സഹകരണ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി വളരെ പ്രധാനപ്പെട്ട ആരോപണം ഇവിടെ ഉന്നയിച്ചിരിക്കുകയാണ്. 2001 മുതൽ 2006 വരെ സംസ്ഥാന സഹകരണ ബാങ്ക് ഭരിച്ച യു.ഡി.എഫ്. ആ ബാങ്ക് കൊള്ളയടിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. എന്ത് അടിസ്ഥാനത്തിലാണ്, എന്ത് കണക്കുകളുടെ പേരിലാണ്, എന്ത് വിവരങ്ങളുടെ പേരിലാണ് അദ്ദേഹം ഇത്തരത്തിലൊരു പ്രഖ്യാപനം സഭയിൽ നടത്തിയതെന്ന് വ്യക്തമാക്കണം. ആ ബാങ്കുമായി ബന്ധപ്പെട്ട ആരും ഇവിടെയില്ല. ഇവിടെ മറുപടി പറയാൻ കഴിയാത്തവരെക്കുറിച്ച് ഇത്തരത്തിൽ അടിസ്ഥാന രഹിതമായ ആരോപണം ഉന്നയിച്ചത് രേഖയിൽ നിന്നും നീക്കം ചെയ്യണമെന്ന് റൂൾ 307 അനുസരിച്ച് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം+ .

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഉന്നയിച്ച വിഷയത്തിന് ആധാരമായിട്ടുള്ള എല്ലാ രേഖകളും സഭയുടെ മുന്നിൽ വയ്ക്കാൻ തയ്യാറാണ്. 2001 മുതൽ 2006 വരെ ഭരിച്ച ഭരണസമിതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അങ്ങേയ്ക്ക് വേദനിക്കേണ്ട കാര്യമില്ല. താങ്കളെക്കുറിച്ച് ഞാൻ പറഞ്ഞിട്ടില്ല. അഗ്രീൻകോ എന്ന സ്ഥാപനത്തെക്കുറിച്ചും ഇവിടെ പരാമർശിക്കപ്പെട്ടു. ആ സ്ഥാപനവും അക്കൂട്ടത്തിലുള്ളതാണ്. അഗ്രീൻകോ എന്ന സ്ഥാപനത്തെക്കുറിച്ച് പറയുമ്പോൾ ശ്രീ. എം. കെ. രാഘവന്റെ കാര്യവും പറയേണ്ടിവരും. അദ്ദേഹം അതിന്റെ നേതാവായിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ പറയാൻ പാടില്ല. ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞതിനുശേഷവും ഒരു പാർലമെന്റ് അംഗത്തെക്കുറിച്ച് സഭയിൽ പറയുന്നത് മര്യാദയാണോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പറയുന്നത് വസ്തുതയാണ്. ഇവിടെ സംസാരിച്ച മറ്റൊരു അംഗം അഗ്രീൻകോ എന്ന കമ്പനിയെ പരാമർശവിധേയമാക്കി. റബ്കോയെക്കുറിച്ചും പറഞ്ഞു. റബ്കോയും ആ കൂട്ടത്തിൽപ്പെടുന്നതാണ്. റബ്കോ കൊള്ളയടിക്കപ്പെട്ടതിന്റെ ഭാഗമായി തകർച്ചയുണ്ടായില്ല. അത്തരം ചില സ്ഥാപനങ്ങൾക്ക് ക്ഷീണമുണ്ടായിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ 3 വർഷമായി ലാഭത്തിലാണ്

+ ബഹുമാനപ്പെട്ട സ്പീക്കറുടെ 19-3-2018-ലെ ഫ. നം.1656/ഇ.ബി./2018/നി.സെ. പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

പ്രവർത്തിക്കുന്നതെന്നാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇവിടെ സൂചിപ്പിച്ചതുപോലെ നഷ്ടത്തിലല്ല. എന്നാൽ 200-ലധികം കോടി രൂപയുടെ സഞ്ചിത നഷ്ടം അതിനുണ്ട്. അതിനുകാരണം ബാങ്കിന്റെ നിഷ്ക്രിയ ആസ്തിക്ക് ഉയർന്ന നിരക്കിൽ കരുതൽ സൂക്ഷിച്ചതാണ്. മാർക്കറ്റ്ഫെഡ്, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, അഗ്രീൻകോ, റബ്കോ തുടങ്ങിയ സ്ഥാപനങ്ങളുടെ വായ്പയാണ് കാലങ്ങളായി കുടിശ്ശികയായിട്ടുള്ളത്. ഇതിനെല്ലാം 100 ശതമാനമാണ് കരുതൽ സൂക്ഷിച്ചിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം സാങ്കേതികമാണെന്നാണ് സൂചിപ്പിച്ചത്. മാത്രമല്ല, സംസ്ഥാന സഹകരണ ബാങ്കിനാണ് നിലവിൽ ഏറ്റവും ഉയർന്ന മൂലധന പര്യാപ്തതയുള്ളത്. ഈ സാഹചര്യത്തിൽ ജില്ലാ ബാങ്കുകൾ സംസ്ഥാന ബാങ്കിൽ ലയിപ്പിക്കുന്നത് ഒട്ടും അനുചിതമല്ല. എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തെ നേരത്തെ ഇടതുപക്ഷം എതിർത്തിരുന്നുവെന്ന് ഇവിടെ സംസാരിച്ച ഒരംഗം സൂചിപ്പിച്ചിരുന്നു. എസ്.സി.ബി.-ഡി.സി.ബി. ലയനം നടപ്പാക്കുന്നതിലെന്തോ പിശകുണ്ട് എന്ന മട്ടിലാണ് സൂചിപ്പിച്ചത്. എസ്.ബി.ടി.-എസ്.ബി.ഐ. സംയോജനത്തെ എതിർത്തതിന് വ്യക്തമായ കാരണങ്ങളുണ്ടായിരുന്നു. ഇപ്പോൾ നമുക്കത് അനുഭവപ്പെട്ട് തുടങ്ങിയിരിക്കുകയാണ്. എസ്.ബി.ടി.-എസ്.ബി.ഐ.യുമായി ലയിപ്പിച്ചതോടെ നിരവധി ബാങ്ക് ശാഖകളാണ് നമ്മുടെ സംസ്ഥാനത്തിന് നഷ്ടമായത്. കേരളത്തിലെ ചെറുപ്പക്കാർക്ക് ലഭിക്കേണ്ട കുറെയേറെ തൊഴിലവസരങ്ങൾ എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു. നിലവിലെ ജീവനക്കാരെ വിദൂര സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറ്റി. ബാങ്കിംഗ് സേവനങ്ങൾക്ക് സമ്പന്നനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ വലിയ ചാർജ്ജുകൾ ഈടാക്കുന്നു. പാവപ്പെട്ടവരുടെ ക്ഷേമപെൻഷൻ അക്കൗണ്ടുവരെ കൊള്ളയടിക്കുന്ന സ്ഥിതിയുണ്ടായത് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. മാത്രമല്ല, സംസ്ഥാനത്തിന്റെ സാമ്പത്തിക വികസന പ്രക്രിയയിൽ എസ്.ബി.ടി.യിൽനിന്ന് ലഭിച്ചിരുന്ന പിന്തുണ എസ്.ബി.ഐ.യിൽനിന്ന് ലഭിക്കുന്നുമില്ല. സംസ്ഥാനത്തുനിന്ന് ശേഖരിക്കപ്പെടുന്ന വിഭവം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും തമ്മിൽ സംയോജിപ്പിക്കുമ്പോൾ കേരള ജനതയുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള ശേഷി കൂടുകയാണ് ചെയ്യുന്നത്. ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനങ്ങൾ കുറഞ്ഞ ചെലവിൽ ഏർപ്പെടുത്താൻ കഴിയുന്നു. പ്രാഥമിക ബാങ്കുകളിലൂടെ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഗ്രാമീണ ജനതയ്ക്കും ലഭ്യമാക്കാൻ കഴിയും. നമ്മുടെ നാട്ടിൽനിന്നും സ്വരൂപിക്കപ്പെടുന്ന വിഭവം സംസ്ഥാനത്തുതന്നെ വിനിയോഗിക്കാനും കഴിയും. ബാങ്കിംഗ് സേവനങ്ങൾ ചാർജില്ലാതെയോ ഏറ്റവും കുറഞ്ഞ ചാർജിലോ നൽകാൻ കഴിയുമെന്നതാണ് ഏറ്റവും വലിയ നേട്ടം. ശാഖകൾ പൂട്ടുകയോ ജീവനക്കാരെ കുറയ്ക്കുകയോ ചെയ്യുന്നില്ല. കൂടാതെ എൻ.ആർ.ഐ. നിക്ഷേപങ്ങളടക്കം സ്വീകരിച്ച് നാടിന്റെ

ഭാവി വികസനത്തിന് ഉപയുക്തമാകുന്ന രീതിയിൽ വിനിയോഗിക്കാനും കഴിയും. ചുരുക്കത്തിൽ എസ്.ബി.ടി.-എസ്.ബി.ഐ. ലയനം സംസ്ഥാനത്തെ ദുർബലപ്പെടുത്തുമ്പോൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് - ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് ലയനം സംസ്ഥാന വികസനത്തിന് അനുഗുണമായി തീരുന്നുവെന്നുള്ളതാണ് ഈ രണ്ട് ലയനങ്ങളും തമ്മിലുള്ള കാതലായ വ്യത്യാസം. കേരളം പോലുള്ള ചെറിയ സംസ്ഥാനത്ത് ഹ്രസ്വകാല - കാർഷിക വായ്പാ മേഖലയിൽ ദ്വിതല ഘടനയാണ് ഉചിതമെന്ന് ഇതിനായി നിയോഗിച്ച വിവിധ കമ്മിറ്റികളും കമ്മീഷനുകളും ശിപാർശ ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇന്നത്തെ സംസ്ഥാന ബാങ്കിംഗ് സാഹചര്യത്തിൽ കേരള ബാങ്ക് എന്ന ആശയത്തിന് വളരെയേറെ പ്രസക്തിയുണ്ട്. സംസ്ഥാനത്തിന്റെ വൻകിട വികസന പദ്ധതികൾക്ക് എൻ.ആർ.ഐ. നിക്ഷേപമടക്കം സ്വീകരിച്ച് വിനിയോഗിക്കാൻ ഈ പദ്ധതി സഹായകരമാകും. ഇവിടെ മാത്രമല്ല, മഹാരാഷ്ട്ര, ഉത്തർ പ്രദേശ് കോൺഗ്രസ്സ് ഭരിക്കുന്ന പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങൾ കേരള ബാങ്കിന്റെ മാതൃക പിന്തുടരാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വൻകിട പദ്ധതികൾക്ക് സഹകരണ മേഖല നൽകിയ സംഭാവനകളെ സംബന്ധിച്ച് മുൻകാല അനുഭവങ്ങളുണ്ട്. ഗോശ്രീ പദ്ധതി, സിയാൽ, കൊച്ചിൻ മെട്രോ, കോഴിക്കോട് റോഡ് വികസന പദ്ധതി എന്നിവയ്ക്കെല്ലാം വായ്പ നൽകാൻ ദേശസാൽകൃത ബാങ്കുകളടക്കം അറച്ചുനിന്നപ്പോൾ നമ്മുടെ സഹകരണ ബാങ്കുകളാണ് ഈ ആവശ്യത്തിന് സന്നദ്ധരായി മുന്നോട്ടുവന്നിട്ടുള്ളത് എന്ന കാര്യം നമ്മൾ മറക്കരുത്. ഇവയെല്ലാം കൂടുതൽ ഭംഗിയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ കേരള ബാങ്കിന് സാധിക്കും. ഇവിടെ കേരള ബാങ്കുമായി ബന്ധപ്പെട്ട് അനാവശ്യമായ പുകമറ പരത്തുന്നതിനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. IFTAS (Indian Financial Technology and Allied Services) കമ്പനി, കോമൺ സോഫ്റ്റ്‌വെയർ എന്നൊക്കെ പറഞ്ഞ് പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ട്. ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിക്കുമ്പോൾ സഹകരണ ബാങ്കിംഗ് മേഖലയുടെ ശക്തി വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഉയർന്ന മൂലധനം, ഏകീകൃതമായ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ആധുനിക ബാങ്കിംഗ് സൗകര്യം, ചാർജ് ഈടാക്കാതെയോ കുറഞ്ഞ ചാർജിലോ ഉപഭോക്താക്കൾക്ക് സേവനം, സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രൊഫഷണൽവൽക്കരണം എന്നിവയെല്ലാം നമുക്ക് സാദ്ധ്യമാക്കാൻ കഴിയും. പാവപ്പെട്ടവർക്കും ഗ്രാമീണ ജനതയ്ക്കും മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കും. ബാങ്കിന്റെ ശക്തി കൂടുമ്പോൾ എൻ.ആർ.ഐ. നിക്ഷേപം, ഫോറിൻ ബിസിനസ്, ഫോറിൻ കറൻസിയുടെ വിനിമയത്തിനടക്കം ആർ.ബി.ഐ.യിൽനിന്ന് അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. NAFSCOB എം.ഡി. ശ്രീ. ഭീമാ സുബ്രഹമണ്യത്തിന്റെ അഭിപ്രായം ഇവിടെ പറഞ്ഞുകേട്ടു. 3000 പ്രതിനിധികൾ പങ്കെടുക്കുകയും സാർവ്വദേശീയ/ദേശീയരംഗത്തെ പ്രസിദ്ധരായ സഹകാരികൾ സമ്മേളിക്കുകയും ചെയ്ത സഹകരണ കോൺഗ്രസ്സിൽ ശ്രീ. ഭീമാ സുബ്രഹ്മണ്യത്തിന്റെ സംസാരം

ഒറ്റപ്പെട്ടതായിരുന്നു. ശ്രീ. ഭീമാ സുബ്രഹ്മണ്യത്തിന്റെ അഭിപ്രായമായിരുന്നില്ല സഹകരണ കോൺഗ്രസ്സിൽ വന്നുചേർന്ന മറ്റ് പ്രമുഖരുടെയും പ്രതിനിധികളുടെയും അഭിപ്രായം. ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (ICA) റീജിയണൽ ഡയറക്ടർ ശ്രീ. ബാലു അയ്യർ ആ കോൺഫറൻസിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. സംസ്ഥാന സർക്കാർ നയത്തെ, കേരള ബാങ്കിനെ പിന്തുണച്ച് ശ്രീ. ബാലു അയ്യർ നമുക്ക് ഒരു കത്ത് നൽകിയിട്ടുള്ള കാര്യം ഞാൻ ഈ സന്ദർഭത്തിൽ സഭയെ അറിയിക്കുകയാണ്. എത്രയും പെട്ടെന്ന് ഈ ബാങ്ക് വരാൻ ജനങ്ങൾ ആഗ്രഹിക്കുകയാണ്. 2000 കോടി രൂപ ചെലവിൽ IFTAS മുഖാന്തിരം ഏകീകൃത സോഫ്റ്റ്‌വെയർ ചെയ്യുന്നുവെന്ന് ഇവിടെ പറഞ്ഞത് വെറുമൊരു ആരോപണം മാത്രമാണ്. അതൊരു 'ഉണ്ടയില്ലാ വെടി'യാണ്. ഇടതുമുന്നണി പ്രകടനപത്രികയിലുൾപ്പെടുത്തിയ കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ടായിരുന്നു. 1608 സംഘങ്ങളും അവയുടെ 3000-ലധികം വരുന്ന ബ്രാഞ്ചുകളും ഏകീകൃത സോഫ്റ്റ്‌വെയറിൽ വരണമെന്നും സാധാരണ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കണമെന്നുമാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. 4600 സ്ഥാപനങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയറിൽ വന്നാൽ കേരളത്തെ സഹകരണ ബാങ്കുകളുടെ സേവനങ്ങളാൽ സമ്പന്നമാക്കാൻ കഴിയുമെന്ന കാര്യം വിസ്മരിക്കരുത്. ഈ രീതിയിൽവേണം സർക്കാരിന്റെ തീരുമാനങ്ങളെ നോക്കി കാണേണ്ടത്. IFTAS കമ്പനി ആർ.ബി.ഐ.ക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. അതൊരു സ്വകാര്യ സ്ഥാപനമല്ല. അവരുമായി ഇടപാട് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. ഏറ്റവും കുറഞ്ഞ നിരക്കിൽ ഈ പ്രവർത്തി ചെയ്യണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ IFTAS-നെപ്പറ്റി പറഞ്ഞു. IFTAS എന്നുപറയുന്ന സ്ഥാപനം ഒരു കമ്പനിയാണ്. അതെന്നാണ് ഇൻകോർപ്പറേറ്റ് ചെയ്തിട്ടുള്ളത്; സോഫ്റ്റ്‌വെയർ രൂപീകരിക്കാൻ അവരെ ചുമതലപ്പെടുത്തിയത് എന്ത് നടപടിക്രമങ്ങൾ പാലിച്ചാണ്; ടെണ്ടർ ചെയ്തിട്ടുണ്ടോ; എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റുണ്ടോ; വേറെ ഏതെങ്കിലും നടപടിക്രമങ്ങൾ പാലിച്ചാണോ അവരെ വിളിച്ചിരിക്കുന്നത്; അവർക്ക് ഈ രംഗത്ത് എന്ത് അനുഭവവും എന്ത് പരിചയവുമുണ്ടെന്ന് ഏതെങ്കിലുമൊരു ഏജൻസി പരിശോധിച്ചിട്ടുണ്ടോ? ഈ പരിശോധനകളൊന്നും കൂടാതെ 160 കോടി രൂപയോളം വരുന്ന പ്രോജക്ട് ഒരു കമ്പനിക്ക് നൽകാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് അങ്ങ് പറയണം. അഴിമതിയാണെന്ന് ഞാൻ പറഞ്ഞില്ല. അങ്ങനൊരു സംശയം വരുമ്പോൾ അതൊരു 'ഉണ്ടയില്ലാ വെടി'യാണെന്ന് പറഞ്ഞത് മറുപടിയല്ല. അതിന് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം, അതാണ് നിയമസഭയിലെ ചർച്ച. അഴിമതിയൊന്നും ആരോപിച്ചില്ല; പക്ഷെ ഒരാക്ഷേപം

വരുമ്പോൾ, ഒരു സംശയം വരുമ്പോൾ, നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ചോദിക്കുമ്പോൾ അതിന് മറുപടി പറയണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, IFTAS ആർ.ബി.ഐ.യുടെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമാണെന്നേ ഞാൻ പറഞ്ഞുള്ളൂ. നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച മാത്രമേ ഒരു പ്രോജക്ട് അവർക്ക് നൽകുകയുള്ളൂ. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്ന് ഞാൻ പറഞ്ഞല്ലോ, നടന്നുവരുന്നതേയുള്ളൂ. പൂർത്തീകരിച്ചുകഴിഞ്ഞാൽ സഭയെ അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എങ്ങനെയാണ് ഇങ്ങനെയൊരു കമ്പനിയെ സഹകരണ വകുപ്പ് സെലക്ട് ചെയ്തത് എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചത്. നമ്മുടെ നാട്ടിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ ധാരാളം കമ്പനികളുണ്ട്. ഇവിടെ പ്രത്യേകമായി ഈ പറഞ്ഞ കമ്പനിയെ എങ്ങനെ സെലക്ട് ചെയ്തു; വകുപ്പ് ഏതെങ്കിലും തരത്തിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; എന്തുകൊണ്ടാണ് അവർക്കുമാത്രം നൽകാനുള്ള തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നടപടിക്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ, പൂർത്തീകരിച്ചിട്ടില്ലെന്ന് ഞാൻ പറഞ്ഞു. ആർ.ബി.ഐ.ക്ക് കീഴിലുള്ള IFTAS എന്ന സ്ഥാപനം നമ്മുടെ സംസ്ഥാനത്തുതന്നെ ജില്ലാ ബാങ്കുകളിൽ അവരുടെ പ്രവർത്തനം നടത്തുന്ന കമ്പനിയാണ്. നിങ്ങളുടെ ഒരു നില വച്ചുകൊണ്ട് ഇക്കാര്യങ്ങൾ ചിന്തിക്കുകയാണോ എന്നറിയില്ല. .... (ബഹളം)..

മി. സ്പീക്കർ: ഇവിടെ നടന്ന ചർച്ചയ്ക്കുള്ള മറുപടിയല്ലേ അദ്ദേഹം പറയുന്നത്? അങ്ങ് പറയൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പറഞ്ഞല്ലോ. എന്റെ നിലയ്ക്കുതന്നെയാണ് പറയുന്നത്. .... (ബഹളം)......

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയൊരു കമ്പനിയെ തീരുമാനിച്ചിട്ടില്ലെന്ന് പറഞ്ഞു. വസ്തുതാപരമായല്ല അങ്ങ് പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. സുരേഷ് കുമാർ ഇറക്കിയ ഉത്തരവുണ്ട്. ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിലേയ്ക്കായി IFTAS സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതും ആയത് നടപ്പാക്കുന്നതും സംബന്ധിച്ച് അവരുടെ സോഫ്റ്റ്‌വെയറിന്റെ സാങ്കേതികത, സോഫ്റ്റ്‌വെയർ കോസ്റ്റ് എന്നിവ പരിഗണിക്കുന്നതിനായി തീരുമാനം കൈക്കൊള്ളുന്നതിന് ഉദ്യോഗസ്ഥതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് എന്നാണ് ഉത്തരവിൽ പറയുന്നത്. ഈ

ഒരു കമ്പനി മാത്രം എങ്ങനെ വന്നു; 160 കോടിയോളം രൂപ ചെലവ് വരുന്ന വളരെ വിപുലമായ ഒരു പ്രോജക്ടാണ്. കേരളം മുഴുവൻ സോഫ്റ്റ്‌വെയർ ചെയ്യുകയാണ്. ഏത് കമ്പനിയെ കൺസൾട്ടൻസിയായി വിളിക്കണമെങ്കിലും ടെണ്ടർ നടപടിക്രമമുണ്ട്. How they came into the picture; അതാണ് മന്ത്രി പറയേണ്ടത്. ഒരു കമ്പനി മാത്രം എങ്ങനെ വന്നുവെന്ന ചോദ്യത്തിന് അങ്ങ് മറുപടി പറയണം. നിയമസഭാ സ്ക്രൂട്ടിണിയാണ്. ഡിമാന്റ് ചർച്ച എന്നു പറഞ്ഞാൽ ഒരു വർഷം സർക്കാർ ചെയ്ത പ്രവർത്തനങ്ങളുടെ തലനാരിഴ കീറിയ പരിശോധനയാണ്. ആ പരിശോധനയാണ് ഇവിടെ നടക്കുന്നത്. അതിനങ്ങ് മറുപടി പറഞ്ഞേ മതിയാകൂ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അക്കാര്യത്തെ സംബന്ധിച്ച് മറുപടി പറഞ്ഞു. നടപടിക്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ; പൂർത്തീകരിച്ചിട്ടില്ല. ആർ.ബി.ഐ. നിയന്ത്രിക്കുന്ന ആർ.ബി.ഐ.-യുടെ ഉപകമ്പനിയാണ് IFTAS എന്നുപറയുന്നത്. ആർ.ബി.ഐ.-യെ ജനം വിശ്വസിക്കുന്നുണ്ടെങ്കിൽ സ്വാഭാവികമായും അതിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തെ ഈ ആവശ്യത്തിന് നിയോഗിക്കുന്നതിൽ തെറ്റില്ല. വിവിധ തലത്തിലുള്ള ചർച്ചകൾ നടത്തിയാണ് തീരുമാനമെടുക്കാൻ പോകുന്നത്. ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു, അങ്ങനെയുള്ള ചോദ്യത്തിന് യാതൊരു അർത്ഥവുമില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മന്ത്രി അവ്യക്തമായിട്ടാണ് ഈ കാര്യത്തിൽ മറുപടി പറഞ്ഞത്. ഇവിടെയൊരു സർക്കാർ ഉത്തരവ് ഉദ്ധരിച്ചുകൊണ്ടാണ് ഇന്ന കമ്പനിക്ക് നൽകാൻ ഉദ്യോഗസ്ഥ തലത്തിൽ തീരുമാനമെടുത്തത്. ഉദ്യോഗസ്ഥർക്ക് ഇങ്ങനെ തെരഞ്ഞെടുക്കാൻ എന്ത് അധികാരമാണുള്ളത്; കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിൽ 168 കോടി രൂപയുടെ സോഫ്റ്റ്‌വെയർ സ്ഥാപിക്കാൻ വേണ്ടി ഒരു പ്രത്യേക കമ്പനിക്ക് ഓർഡർ നൽകാനുള്ള തീരുമാനമെടുക്കാൻ അവർക്ക് എന്ത് അധികാരമാണുള്ളത്; ഇതൊരു ചെറിയ കാര്യമാണോ? ബഹുമാനപ്പെട്ട മന്ത്രി വളരെ അവ്യക്തമായിട്ടാണ് കാര്യങ്ങൾ പറയുന്നത്. എങ്ങനെ ഈ കമ്പനിയെ തെരഞ്ഞെടുത്തു, ഇതിനുവേണ്ടി എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചത്? ഈ കമ്പനി ആർ.ബി.ഐ.യുടെ സബ്സിഡിയറി തന്നെ ആയിക്കോട്ടെ. അങ്ങനെയൊരു കമ്പനിക്ക് നൽകാനുള്ള ചില നടപടിക്രമങ്ങളില്ലേ? ഈ കമ്പനിയെ മാത്രമായി എങ്ങനെ സെലക്ട് ചെയ്തു, ഏത് ഉദ്യോഗസ്ഥനാണ് ഈ തീരുമാനമെടുത്തത്, ഏത് തരത്തിലാണ് ഇതിന്റെ കാര്യങ്ങൾ മുന്നോട്ടുപോകുന്നതെന്ന് അറിയാൻ ഈ സഭയ്ക്ക് അവകാശമില്ലേ? ബഹുമാനപ്പെട്ട അങ്ങ് ഡയറക്ട് ചെയ്യണം. ഞങ്ങൾക്ക് ആ വിവരങ്ങൾ അറിയേണ്ടതുണ്ട്.

മി. സ്പീക്കർ: മന്ത്രി എന്ത് മറുപടി പറയണമെന്ന് ചെയറിന് റൂൾ ചെയ്യാൻ കഴിയില്ല. നിങ്ങൾ ഉന്നയിച്ച ചർച്ചയ്ക്ക് മന്ത്രിക്ക് പറയാനുള്ള മറുപടി പറഞ്ഞു. അത് തൃപ്തികരമല്ലെങ്കിൽ വേറെ നടപടിക്രമങ്ങളിലേയ്ക്ക് പോകേണ്ടി വരും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലായിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആർ.ബി.ഐ.യുടെ നിയന്ത്രണമുള്ളൊരു കമ്പനിയാണെന്നാണല്ലോ അങ്ങ് പറഞ്ഞത്. കേരളമൊട്ടാകെയുള്ള സഹകരണ ബാങ്കുകളിൽ 168 കോടി രൂപയുടെ സോഫ്റ്റ്‌വെയർ ലിങ്ക് ചെയ്യുന്നൊരു പദ്ധതിയാണിത്. ഈ പദ്ധതിക്ക് ഈ ഒരു കമ്പനിയെ മാത്രമായി എങ്ങനെ സെലക്ട് ചെയ്തു; അവരുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വാങ്ങിയിട്ടുണ്ടോ? സാധാരണ ഗതിയിൽ വിവിധ കമ്പനികളിൽ നിന്ന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വാങ്ങാറുണ്ട്. അത് അങ്ങ് പരിശോധിക്കേണ്ട കാര്യമാണ്. അല്ലെങ്കിൽ ടെണ്ടർ വിളിക്കണം. അതിൽ ലോവസ്റ്റ് ആരാണെന്ന് നോക്കണം. അല്ലെങ്കിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വന്നിട്ടുള്ള കമ്പനികളെ പരിശോധിക്കണം. ഈ പ്രോജക്ട് ഏറ്റെടുക്കാൻ കഴിവുള്ളവരാണോ; മുൻകാല പരിചയമുണ്ടോ; ഇവർ ഇത് മുൻകാലങ്ങളിൽ നടത്തിയിട്ടുണ്ടോ? ഇങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ഒരു കമ്പനിക്ക് ഇത് ഏൽപ്പിച്ചുകൊടുക്കുന്ന നടപടി ചട്ടവിരുദ്ധമാണ്, നിയമവിരുദ്ധമാണ്. അങ്ങ് അല്ലെങ്കിൽ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ് ഇത് ചെയ്തിട്ടുണ്ടെങ്കിൽ അത് അക്ഷന്തവ്യമായ തെറ്റാണ്. അത് ഈ സഭയെ അറിയിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറഞ്ഞതുപോലെ ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിലുള്ള, സബ്സിഡിയറി കമ്പനി പോലെ പ്രവർത്തിക്കുന്നൊരു സ്ഥാപനമാണിത്. ........ (ബഹളം)...... പോലെയല്ല, ആർ.ബി.ഐ.-യുടെ ഉപകമ്പനിതന്നെയാണ് IFTAS (Indian Financial Technology & Allied Services). IFTAS-ന് ഇത് നൽകാനുള്ള തീരുമാനം പൂർണ്ണമായും ആയിട്ടില്ല. ......(ബഹളം)............

മി. സ്പീക്കർ : അങ്ങേയ്ക്ക് എല്ലാ വിശദാംശങ്ങളും ഇപ്പോൾ ലഭ്യമല്ലായെങ്കിൽ പിന്നീട് സഭയെ അറിയിച്ചാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ വേണമെങ്കിൽ പിന്നീട് സഭയിൽ വയ്ക്കാം. ........(ബഹളം).........

മി. സ്പീക്കർ: വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ലെങ്കിൽ അദ്ദേഹം പിന്നീട് സഭയെ അറിയിക്കുമെന്നാണ് പറഞ്ഞത്. ....(ബഹളം)....... പ്ലീസ്, പ്ലീസ്.....

അദ്ദേഹം പരിശോധിച്ച് ആവശ്യമായ വിശദീകരണം സഭയിൽ പറയുമെന്നല്ലേ പറഞ്ഞത്. ...(ബഹളം)......

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞങ്ങളുടെ കയ്യിലുള്ള രേഖകളനുസരിച്ച് ഇത് ആർ.ബി.ഐ.-യുടെ സബ്സിഡിയറിയാണെന്ന് തെളിയിക്കാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. സഹകരണ വകുപ്പ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന വിഷയം സംബന്ധിച്ച് സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ ഇതുമായി ബന്ധപ്പെട്ട നടപടികളുമായി മുന്നോട്ടുപോയതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രി യോഗം വിളിക്കുന്നു. ഇവിടെ ഉയർന്നുവന്നിരിക്കുന്ന സംശയം വളരെ ലളിതമാണ്. എന്തുകൊണ്ട് പർട്ടിക്കുലറായിട്ടുള്ളൊരു കമ്പനിയെ ക്ഷണിച്ചു; പ്രശാന്ത് നമ്പ്യാർ ആരാണ് തുടങ്ങിയ കാര്യങ്ങളൊക്കെ അറിയേണ്ടതാണ്. ഞങ്ങളുടെ കയ്യിലുള്ള കണക്കുകളനുസരിച്ച് ഇത് സ്വകാര്യ കമ്പനിയായിട്ടാണ് അറിയപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന, ഇത്ര ഗൗരവമായൊരു വിഷയത്തിൽ ഒരു കമ്പനിയെ മാത്രം ക്ഷണിച്ചതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇപ്പോൾ മന്ത്രിയുടെ ഭാഗത്തുനിന്നും വിവരങ്ങൾ ലഭിക്കേണ്ടത്. ഇന്ന രീതിയിൽ മന്ത്രി പ്രസംഗിക്കണമെന്ന് അങ്ങേയ്ക്ക് ഡയറക്ട് ചെയ്യാൻ കഴിയില്ല. പക്ഷെ ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ടൊരു കാര്യത്തിന് ഞങ്ങൾക്ക് മറുപടി ലഭിക്കാനുള്ള അവകാശമില്ലേ? അത് നൽകണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മി. സ്പീക്കർ: ചെയർ പറഞ്ഞതെന്താണെന്ന് അങ്ങ് ശ്രദ്ധിച്ചില്ല. മന്ത്രിയുടെ കയ്യിൽ ഇപ്പോൾ വിശദാംശങ്ങളില്ലെങ്കിൽ അവ ലഭ്യമാകുന്ന മുറയ്ക്ക് സഭയിൽ അറിയിക്കണമെന്നാണ് പറഞ്ഞത്. ......(ബഹളം)...... അത് അറിയിക്കാമെന്ന് അദ്ദേഹം പറഞ്ഞല്ലോ.......(ബഹളം)......

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സുതാരമാണ്. അതുകൊണ്ടുതന്നെ യാതൊരു തരത്തിലുള്ള ആശങ്കയും പ്രതിപക്ഷത്തിനുണ്ടാകേണ്ട കാര്യമില്ല. ഇതുവരെ നടന്ന കാര്യങ്ങൾ ഈ സഭയുടെ മുന്നിൽ പറയാനൊരു വിഷമവുമില്ല. അക്കാര്യത്തിൽ നിങ്ങൾ വിഷമിക്കേണ്ട കാര്യമില്ല. വളരെ സുതാര്യമായിട്ടുതന്നെയാണ് കാര്യങ്ങൾ നടക്കുന്നത്. നിങ്ങൾ നിങ്ങളുടെ നിലയിൽ നിന്നുകൊണ്ട് കാര്യങ്ങൾ ചിന്തിക്കുന്നതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. .......(ബഹളം)......

മി. സ്പീക്കർ : പ്ലീസ്..പ്ലീസ്. സഭയെ അറിയിക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് മറ്റ് അംഗങ്ങൾ ഏതാനും ചില കാര്യങ്ങൾകൂടി പറഞ്ഞിട്ടുണ്ടായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, സർക്കാർ നടപടിക്രമങ്ങൾ അറിയാവുന്ന യാതൊരു വ്യക്തിക്കും സംശയങ്ങൾ ഉളവാക്കുന്ന ഒന്നാണ് ഗവൺമെന്റിന്റെ ഈ നടപടികൾ. കാരണം ഇതിനകത്ത് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചിട്ടില്ല. ഈ കമ്പനിയെ എങ്ങനെ വിളിച്ചു എന്നതിൽ അവ്യക്തതയുണ്ട്. ഞങ്ങളുടെ കയ്യിൽ ലഭിച്ചിട്ടുള്ള രേഖയനുസരിച്ച് ഇതൊരു clear nepotism ആണ്, favouritism ആണെന്നുള്ള കാര്യം വളരെ വ്യക്തമാണ്. ടെണ്ടറില്ലാതെ, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റില്ലാതെ ഒരു സ്വകാര്യ കമ്പനിക്ക് 160 കോടി രൂപയുടെ സോഫ്റ്റ്‌വെയർ നൽകുകയെന്നുപറഞ്ഞാൽ, it is a gross negligence and nepotism. അതിനെ സംബന്ധിച്ചുള്ള മറുപടി പറയാൻ ബഹുമാനപ്പെട്ട മന്ത്രി ബാദ്ധ്യസ്ഥനാണ്. ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോഴാണ് മറുപടി പറയുന്നത്. ഡിമാൻഡുമായി ബന്ധപ്പെട്ടൊരു കാര്യം ഒരംഗം ഉന്നയിച്ചാൽ അതിന് മന്ത്രി മറുപടി പറയേണ്ടതല്ലേ? He is responsible for giving a reply.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുസംബന്ധിച്ച് നിരവധി സർക്കാർ ഉത്തരവുകളുണ്ട്. എത്രയോ തവണ ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് വിശദാംശങ്ങളെല്ലാം പരിശോധിച്ച് സഭയെ അറിയിക്കുമെന്ന് പറഞ്ഞുകഴിഞ്ഞാൽ അതിപ്പോൾ അറിയിക്കണമെന്ന് വാശി പിടിക്കുന്നതിൽ എന്താണർത്ഥം. ......(ബഹളം)....... ഇത് മുൻകൂട്ടി എഴുതിക്കൊടുത്തതൊന്നുമല്ലല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അഭ്യൂഹങ്ങൾ നിലനിൽക്കുന്നൊരു സാഹചര്യമാണുള്ളത്. അതിന് മന്ത്രി വ്യക്തമായ മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രതിപക്ഷം വാക്കൗട്ട് നടത്തിയാലും ഇല്ലെങ്കിലും ഇതുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ സഭയുടെ മുന്നിൽ അവതരിപ്പിക്കാൻ യാതൊരു പ്രയാസവുമില്ല. വളരെ സുതാര്യമായാണ് കാര്യങ്ങൾ നടക്കുന്നത്. ഞാൻ അതിനെ സംബന്ധിച്ച കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. മറ്റ് ചില അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾകൂടി ഇവിടെ പരാമർശിക്കേണ്ടതായിട്ടുണ്ട്. ശ്രീ. ബി. ഡി. ദേവസ്സി ചാലക്കുടിയിൽ എ.ആർ. ഓഫീസ് വേണമെന്ന് പറഞ്ഞിരുന്നു. 63 താലൂക്കുകളിലാണ് എ.ആർ., എ.ഡി ഓഫീസുകൾ ഇപ്പോഴുള്ളത്. പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ എ.ആർ.,

എ.ഡി. ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള നടപടി ഈ വർഷം സ്വീകരിക്കും. സഹകരണ വകുപ്പ് മൊത്തത്തിൽ പുന:സംഘടിപ്പിക്കുന്നതിനും ആലോചിക്കുന്നുണ്ട്. ശ്രീമതി സി. കെ. ആശ, പ്രൊമോഷൻ റേഷ്യോ 4:1 എന്നതിൽ നിന്നും 1:1 ആക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. സഹകരണ മേഖലയിൽ പ്രൊഫഷണലിസം നടപ്പാക്കണമെന്നതാണ് ഈ സർക്കാരിന്റെ നയം. ജീവനക്കാരുടെ റിക്രൂട്ട്മെന്റ് പ്രധാനപ്പെട്ട ഘടകമാണ്. അതുകൊണ്ട് ഈ ആവശ്യം അംഗീകരിക്കാൻ സാധിക്കില്ലെന്ന് പറയുന്നതിൽ വിഷമമുണ്ട്. 'ആധുനികവൽക്കരണം ദ്രുതഗതിയിലാക്കണം, ഘടനാമാറ്റത്തെ പിന്തുണയ്ക്കുന്നു' എന്നീ വിഷയങ്ങളിൽ ചർച്ചയ്ക്ക് അവസരമുണ്ടാക്കണമെന്ന് ശ്രീ. കെ. കൃഷ്ണൻകുട്ടി പറയുകയുണ്ടായി. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളെ ഏകീകൃത സോഫ്റ്റ്‌വെയറിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ആർ.ബി.ഐ.-യുടെ അനുമതി കേരളാ ബാങ്കിന് ലഭിക്കുന്ന മുറയ്ക്ക് എല്ലാവരെയും ഉൾപ്പെടുത്തി വിവിധ വശങ്ങൾ ചർച്ച ചെയ്യാൻ സാധിക്കും. ഇൻകം ടാക്സ് സെക്ഷൻ 80 P-യുടെ കാര്യം ശ്രീ. വി. ജോയി ഇവിടെ സൂചിപ്പിച്ചു. അത് ഒരു പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. അതിനെതിരായി സർക്കാരിന് സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കും. അഴിമതി ആര് നടത്തിയാലും കർശനമായ നടപടി സ്വീകരിക്കും. ശ്രീ. പി. സി. ജോർജ് കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനെക്കുറിച്ച് പറഞ്ഞു. കാർഷിക മേഖലയ്ക്ക് വളരെയേറെ സഹായങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. കടങ്ങൾ എഴുതിതള്ളുന്ന സാഹചര്യം ഇതുവരെ സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടില്ല. ശ്രീ. എസ്. രാജേന്ദ്രൻ, വർഷങ്ങൾക്കുമുൻപ് വായ്പയെടുത്ത് വർഷാവർഷം തുക പുതുക്കി വലിയ തുക വായ്പയായി നിൽക്കുന്ന കാര്യം പറഞ്ഞു. വായ്പക്കാർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകി പ്രത്യേകിച്ച് ചെറുകിട വായ്പക്കാർക്ക് കാലങ്ങളായി കുടിശ്ശികയായി തുടരുന്ന വായ്പകൾ വലിയ ആനുകൂല്യങ്ങളോടെ തീർപ്പാക്കാനാണ് എല്ലാ വർഷവും കുടിശ്ശിക നിവാരണ യജ്ഞം നടത്തുന്നത്. ഈ വർഷം മുൻവർഷത്തെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകിയാണ് നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കി വരുന്നത്. ഇത് പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കണം. ശ്രീ. കെ. എസ്. ശബരീനാഥൻ സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ച് സൂചിപ്പിച്ചു. ജില്ലാ ബാങ്കുകളിൽ നടക്കുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നാണ് അദ്ദേഹം പറഞ്ഞത്. അഡ്മിനിസ്ട്രേറ്റർമാരാണ് ജില്ലാ ബാങ്കുകളിൽ ഭരണം നടത്തുന്നത്. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഈ സർക്കാർ നിയോഗിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സഹകരണ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കി മുന്നോട്ടുപോകാൻ കഴിയുന്ന ഒരു അവസ്ഥ നമുക്ക് സൃഷ്ടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

ടൂറിസത്തെ സംബന്ധിച്ചിടത്തോളം വിശദമായ പരിശോധന ഇവിടെ നടക്കുകയുണ്ടായി. അതിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങളിലേയ്ക്ക് ആദ്യം വരാം. വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തത് പദ്ധതി നടപ്പാക്കാൻ കാലതാമസം വരുത്തുന്നുവെന്ന് ശ്രീ. ബി. ഡി. ദേവസ്സി പറഞ്ഞത് ശരിയാണ്. പലപ്പോഴും ടൂറിസം വകുപ്പിന്റെ ഭൂമിയിലല്ല പദ്ധതികൾ നടപ്പാക്കുന്നത്. മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ ഉപയോഗാനുമതി വാങ്ങിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. വ്യത്യസ്ത വകുപ്പുകളുടെ സഹകരണം ടൂറിസം പദ്ധതി നടപ്പാക്കാൻ ആവശ്യമാണ്. ചില സന്ദർഭങ്ങളിലെങ്കിലും ഏകോപനമില്ലാത്തതു കൊണ്ട് സർക്കാർ അനുമതി നൽകുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് ഒരു ഏകോപന സംവിധാനമുണ്ടാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന കാര്യം അറിയിക്കുകയാണ്. ശ്രീമതി സി. കെ. ആശ, ടൂറിസവുമായി ബന്ധപ്പെട്ട് കായൽ മലിനീകരണത്തെ സംബന്ധിച്ച ഗൗരവമായ പ്രശ്നം ഉന്നയിച്ചു. വേമ്പനാട് കായലിന്റെ മലിനീകരണത്തിന് ഒരു കാരണം ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. ഇത് മനസ്സിലാക്കിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം "ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്" എന്ന പദ്ധതി ഉത്തരവാദിത്വ ടൂറിസം മിഷനിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചത്. ടൂറിസം സംരംഭകരെ ചേർത്ത് ജനകീയമായി പ്രവർത്തനം നടത്തി 55 ലോഡ് പ്ലാസ്റ്റിക് മാലിന്യം 15 ദിവസംകൊണ്ട് കായലിൽ നിന്നും ശേഖരിച്ചു. തുടർന്ന് ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണത്തിന്റെ മുഖ്യചുമതല ഉത്തരവാദിത്വ ടൂറിസം മിഷനെ ഏൽപ്പിച്ചു. "ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്" എന്ന പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹൗസ് ബോട്ടുകളിൽ പ്ലാസ്റ്റിക് നിരോധിക്കും. വേമ്പനാട് കായലിൽ ഹരിത പെരുമാറ്റച്ചട്ടം ജലയാനങ്ങൾക്ക് ഏർപ്പെടുത്തും. ഇതിന്റെ ചുമതല ഉത്തരവാദിത്വ ടൂറിസം മിഷന് നൽകിയിട്ടുണ്ട്. ക്ലാസ്സിഫിക്കേഷൻ ഹൗസ് ബോട്ടുകളിൽ നടപ്പാക്കുന്നതിന് ഉത്തരവാദിത്വ ടൂറിസം മിഷന് ചുമതല നൽകിയിട്ടുണ്ട്. സോളാർ വൈദ്യുതി ഉപയോഗിച്ചുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം ആരംഭിക്കാൻ സർക്കാർ മുൻകയ്യെടുക്കും. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനെക്കുറിച്ച് ശ്രീ. വി. ജോയി പറഞ്ഞു. ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദിത്വ ടൂറിസം മിഷന് ചുമതല നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2021-ന് മുൻപായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 22 പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഗ്ലോബൽ സസ്റ്റെയിനബിൾ ടൂറിസം ക്രൈറ്റീരിയ അനുസരിച്ച് ഗ്രീൻ പ്രോട്ടോക്കോൾ

നടപ്പാക്കേണ്ട സ്ഥലങ്ങളായി നിശ്ചയിക്കുന്നതിന് ഉത്തരവാദിത്വ ടൂറിസം മിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം, ശ്രീനാരായണ സർക്യൂട്ട് ടൂറിസം പദ്ധതിയെക്കുറിച്ച് പറഞ്ഞു. നേരത്തെ 300 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരുന്നത്. കേന്ദ്ര സർക്കാർ പദ്ധതി പുനഃക്രമീകരിക്കണമെന്ന് പറഞ്ഞ് തിരിച്ചയച്ചതിന്റെ അടിസ്ഥാനത്തിൽ 118 കോടി രൂപയുടെ പദ്ധതി ഇപ്പോൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. കഴിഞ്ഞ 12-ാം തീയതി അതിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. അരുവിപ്പുറം 32.24 കോടി രൂപ, കുമാരനാശാൻ സ്മാരകം, തോന്നയ്ക്കൽ 29.78 കോടി രൂപ, ചെമ്പഴന്തി 3.10 കോടി രൂപ, ശിവഗിരി 38.97 കോടി രൂപ, മണ്ണന്തല ആനന്ദവല്ലീശ്വരം ക്ഷേത്രം 50 ലക്ഷം രൂപ, കായിക്കര കുമാരനാശാൻ സ്മാരകം 50 ലക്ഷം രൂപ ഇവ ചേർത്തുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. ഉടൻ തന്നെ ഈ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. സംസ്ഥാനത്ത് ഇക്കോ ടൂറിസവും ഫാം ടൂറിസവും വികസിപ്പിക്കണമെന്നതുതന്നെയാണ് സർക്കാരിന്റെ നയം. ശ്രീ. എൻ. ഷംസുദ്ദീൻ അക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. പരിസ്ഥിതി സംരക്ഷിച്ച് മാത്രമേ കേരളത്തിൽ ടൂറിസം പദ്ധതി നടപ്പാക്കാൻ കഴിയൂ. സർക്കാരിന്റെ ടൂറിസം നയത്തിലും ഇതുൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പ്രദേശങ്ങളിൽ ടൂറിസം പദ്ധതി നടപ്പാക്കുമ്പോൾ കർശനമായ വന നിയമങ്ങൾ തടസ്സമാകാനിടയുണ്ട്. എങ്കിലും വന സംരക്ഷണനിയമങ്ങൾക്കകത്തുനിന്നുകൊണ്ട് പദ്ധതിയുടെ സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

ദേവികുളം എം.എൽ.എ., ഡി.ടി.പി.സി. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് പറയുകയുണ്ടായി. അതുസംബന്ധിച്ച് പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ ഉദ്യോഗസ്ഥ സമിതിയെ നിയമിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. നീലക്കുറിഞ്ഞിയുമായി ബന്ധപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും എന്റെയും നേതൃത്വത്തിൽ നിരവധി പ്രാവശ്യം യോഗം ചേർന്നിരുന്നു. മൂന്നാറിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള വമ്പിച്ച ടൂറിസ്റ്റ് സഞ്ചാരികളുടെ തിരക്കുമൂലമുണ്ടാകുന്ന പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീ. പി. സി. ജോർജ്, കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തിയുള്ള പത്തനംതിട്ട-ഗവി, വാഗമൺ,

തേക്കടി എന്നിവയുടെ വികസനത്തിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. 99 കോടി രൂപയുടെ പദ്ധതി നടന്നുവരികയാണ്. പദ്ധതിയുടെ ചില ഘടകങ്ങൾക്ക് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. അത് ഉപേക്ഷിച്ച് മറ്റ് പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. ഈ വർഷം പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുകയാണ്. കേരളത്തിന്റെ ടൂറിസം വികസനത്തിൽ അഡ്വഞ്ചർ ടൂറിസത്തിന്റെ സാദ്ധ്യത സർക്കാർ തിരിച്ചറിയുന്നുണ്ട്. അഡ്വഞ്ചർ ടൂറിസത്തിന് വളരെയേറെ സാദ്ധ്യതയുള്ള പ്രദേശമാണ് വാഗമൺ. ഇപ്പോൾത്തന്നെ വാഗമണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ വികസനത്തിനായി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വാഗമണിൽ കൂടുതൽ പദ്ധതികൾ കൊണ്ടുവരാൻ സാധിക്കുമെന്ന് വിചാരിക്കുന്നു. ശ്രീമതി ഇ. എസ്. ബിജിമോൾ, ഉത്തരവാദിത്വ ടൂറിസം മിഷനിലൂടെ ഫാം സ്റ്റേകളുടെയും ഫാം ടൂറിസം പ്രവർത്തനങ്ങളുടെയും കാര്യങ്ങൾ സൂചിപ്പിച്ചു. അതെല്ലാം ഇപ്പോൾത്തന്നെ നടപ്പാക്കുന്നുണ്ട്. ടെന്റഡ് അക്കോമഡേഷൻ ഫാമുകളിൽ നടപ്പാക്കുന്നുണ്ട്. കോട്ടയം ജില്ലയിൽ ഇതിനുള്ള പരിശീലനം പൂർത്തിയായി. മറ്റു ജില്ലകളിൽ ഏപ്രിൽ മാസത്തിൽ പൂർത്തിയാക്കും. ഉത്തരവാദിത്വ ടൂറിസം മിഷനിലൂടെ 500 ഫാം സ്റ്റേകളും 200 ടെന്റഡ് അക്കോമൊഡേഷൻ യൂണിറ്റുകളും ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പാക്കുകയാണ് ലക്ഷ്യം.

അന്താരാഷ്ട്ര സാഹിത്യോത്സവങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്നത് സർക്കാർ നയമാണ്. ശ്രീ. എ. എൻ. ഷംസീർ അക്കാര്യത്തെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. ടൂറിസത്തിന്റെ വളർച്ചയ്ക്ക് ഇത്തരം പുസ്തകോത്സവങ്ങൾ വലിയ പങ്ക് വഹിക്കുമെന്ന് കണ്ടുകൊണ്ടാണ് ടൂറിസം വകുപ്പ് നേരിട്ട് സംഘടിപ്പിച്ചില്ലെങ്കിലും ലോക പ്രശസ്ത സാഹിത്യകാരൻമാർ പങ്കെടുക്കുന്ന ഇത്തരം പുസ്തകമേളകൾക്ക് സഹായം നൽകുന്നതിന് തയ്യാറായിട്ടുള്ളത്. ഇതുവഴി നമ്മുടെ നാട്ടിൽ വായന പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ടൂറിസം മേഖലയുടെ വളർച്ചയ്ക്കും സഹായകമാകുമെന്നതിനാൽ ആ നിലയിൽ ചെയ്യുകയാണ്. കഴിഞ്ഞ ദിവസം കൊച്ചിയിൽ SPCS-ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര

പുസ്തകോത്സവം ഈ സന്ദർഭത്തിൽ സ്മരണീയമാണ്. കൂടുതൽ വിഷയങ്ങളിലേയ്ക്ക് പോകുന്നില്ല. ഇതിന്റെ ഭാഗമായി വരുന്ന നാളുകളിൽ നമ്മുടെ സംസ്ഥാനത്ത് ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ആഗ്രഹിക്കുകയാണ്. സർക്കാർ ഒരു പ്രോത്സാഹന റോളിലാണ് ഇക്കാലമത്രയും ടൂറിസം മേഖലയിൽ നിലകൊണ്ടത്. അടുത്ത കാലത്തായി ചില കള്ളനാണയങ്ങൾ ടൂറിസം രംഗത്ത് കടന്നുവരുന്നുണ്ട്. പ്രത്യേകിച്ച് ഓൺലൈൻ തട്ടിപ്പുകളെ സംബന്ധിച്ച് വലിയ തോതിലുള്ള പരാതിയുണ്ടാകുന്നുണ്ട്. ചില ടൂറിസം കേന്ദ്രങ്ങളിലെങ്കിലും മയക്കുമരുന്ന് തുടങ്ങിയ ലഹരികളെ സംബന്ധിച്ച പരാതികൾ ഉയരുന്നുണ്ട്. ഇത്തരം ദുഷ്പ്രവണതകൾ പരിഹരിച്ചില്ലെങ്കിൽ അത് മോശപ്പെട്ട പ്രതിഛായ സൃഷ്ടിക്കും. അതുപോലെ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റിയും വിവാദമുണ്ടാകുന്നുണ്ട്. ഇത് പലപ്പോഴും ടൂറിസം മേഖലയെ ബാധിക്കുന്നുണ്ട്. അതുകൊണ്ട് ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തലശ്ശേരി മാതൃകയിൽ വയനാട്, കണ്ണൂർ ജില്ലകളിൽ ഒരു പൈതൃക സംരക്ഷണ പദ്ധതി ആലോചിക്കുകയാണ്. തലശ്ശേരിയിൽ ഇതിനകം തന്നെ ഒരു പൈതൃക സംരക്ഷണ പദ്ധതിക്ക് രൂപം നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കണ്ണൂർ, വയനാട് ജില്ലകളിലെ പ്രധാനപ്പെട്ട പൈതൃക കേന്ദ്രങ്ങളെക്കൂടി ബന്ധിപ്പിച്ച് ഒരു ബൃഹത് പദ്ധതിയാക്കി മാറ്റുന്നതിനുള്ള രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. ഈ വർഷം തന്നെ പ്രവൃത്തി തുടങ്ങുന്ന രീതിയിൽ നടപടികൾ പുരോഗമിക്കുകയാണ്. നിശാഗന്ധി നൃത്തോത്സവം ഇന്ന് ലോകപ്രശസ്തമാണ്. ഇന്ത്യയിലെ പ്രമുഖ നർത്തകർ പങ്കെടുക്കുന്ന നിശാഗന്ധി നൃത്തോത്സവം ആസ്വദിക്കാൻ ഇന്ന് വിദേശികൾ ഉൾപ്പെടെ ധാരാളം പേർ എത്തിച്ചേരുന്നുണ്ട്. ഈ സാഹചര്യത്തിൽ നിശാഗന്ധി നൃത്തോത്സവത്തിന്റെ മാതൃകയിൽ ഈ വർഷം മുതൽ ഇന്ത്യയിലെ പ്രശസ്തരായ സംഗീതജ്ഞരെ ഉൾപ്പെടുത്തിക്കൊണ്ട് മൺസൂൺ കാലത്ത് 'മൺസൂൺ രാഗാസ്' എന്ന പേരിൽ നിശാഗന്ധി ഗാനോത്സവം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വേളിയിൽ വർഷങ്ങളായി ഏറ്റെടുത്ത സ്ഥലങ്ങൾ വെറുതെ കിടക്കുകയാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നാളുകൾക്ക് മുമ്പ് വേളിയിൽ ഏറ്റെടുക്കപ്പെട്ട 20 ഏക്കർ സ്ഥലത്ത് മറ്റു പദ്ധതികളോടൊപ്പം പൊതു

ഉപയോഗത്തിനായുള്ള കമ്മ്യൂണിറ്റി ഹാൾ, താമസ സൗകര്യം, ടൂറിസം ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിയവ ആരംഭിക്കും. തിരുവനന്തപുരം ചാല കമ്പോളത്തെ കോഴിക്കോട് മിഠായിത്തെരുവ് മാതൃകയിൽ ഒരു പൈതൃകടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കുകയാണ്. തിരുവനന്തപുരത്തെ ടൂറിസം വകുപ്പിന് കീഴിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് ഒരു കുടക്കീഴിലെത്തി ക്കുന്നതിനായി തിരുവനന്തപുരത്തെ തൈക്കാട് ഗസ്റ്റ് ഹൗസിന് സമീപത്തുള്ള സ്ഥലത്ത് 'ടൂറിസം ബിസിനസ് പാർക്ക്' എന്ന പേരിൽ ഒരു സമുച്ചയം സ്ഥാപിക്കുന്നതാണ്. കേരളത്തിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടില്ലാത്ത പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ 3 ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പുതിയതായി ആരംഭിക്കും. ഒരു വർഷം ഏകദേശം 30,000 കോടി രൂപ വരുമാനവും ലക്ഷക്കണക്കിന് തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന ടൂറിസം മേഖല നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. അതുകൊണ്ടുതന്നെ ദിശാബോധത്തോടെയും ദീർഘവീക്ഷണ ത്തോടെയുമാണ് സർക്കാർ ഈ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് കൂടുതൽ ലഭ്യമാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതുവഴി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുതകുന്ന രീതിയിൽ കേരളത്തിലെ ടൂറിസം രംഗത്തെ മാറ്റിയെടുക്കുന്നതിനുള്ള പുതിയ പദ്ധതികളുമായി കേരള ടൂറിസം മുന്നോട്ടുകുതിക്കുകയാണ്. സഹകരണ മേഖലയെ സംബന്ധിച്ചും ടൂറിസത്തെ സംബന്ധിച്ചും ഇവിടെ അവതരിപ്പിച്ച രണ്ട് ധനാഭ്യർത്ഥനകളും പാസ്സാക്കി തരണമെന്ന് വിനയപുരസ്സരം ഞാൻ അപേക്ഷിക്കുകയാണ്.

3.00 PM]

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഇവിടെ ചർച്ചയിൽ ബഹുമാന്യരായ അംഗങ്ങൾ ഉന്നയിച്ച ശരിയായ നിർദ്ദേശങ്ങളും അത്തരം കാര്യങ്ങളുമെല്ലാം അംഗീകരിക്കുമെന്ന് അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേന്ദ്ര സർക്കാർ ദീർഘനാളുകളായി വൈദ്യുതിരംഗത്ത് സ്വകാര്യവൽക്കരണം കൊണ്ടുവരികയാണ്. യു.പി.എ. ഗവൺമെന്റ് ആ

മാർഗ്ഗമാണ് സ്വീകരിച്ചത്. അന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അതിനെതിരെ നിലപാട് സ്വീകരിച്ചിരുന്നു. ഇപ്പോൾ മോഡി ഗവൺമെന്റും ആ മാർഗ്ഗമാണ് സ്വീകരിക്കുന്നത്. ഏറ്റവും അവസാനം പ്രസരണ രംഗത്ത് പ്രത്യേക കമ്പനി രൂപീകരിക്കണമെന്നും ഇന്ത്യൻ കുത്തക കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വിറ്റഴിക്കാനുള്ള സംവിധാനം ഒരുക്കണമെന്ന നിലപാടുമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനോട് യോജിപ്പില്ലെന്ന വ്യത്യസ്ത നിലപാട് നമ്മൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിലയിൽ സ്വകാര്യവൽക്കരണത്തെ നമ്മൾ ചെറുത്തുകൊണ്ടിരിക്കുകയാണ്. ഇതിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കാരും ആ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് ഇപ്പോൾ നമ്മളും ഈ മാർഗ്ഗം തന്നെയാണ് സ്വീകരിക്കുന്നതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. 2006-2011 കാലഘട്ടത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണകാലത്ത് ഈ വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. എ. കെ. ബാലനാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടിക്ക് തുടക്കം കുറിച്ചത്. 85 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ അന്ന് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിരുന്നു. പിന്നീടുവന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിന്റെ തുടർനടപടികൾ സ്വീകരിച്ചില്ല. ഫലത്തിൽ അക്കാര്യത്തിൽ ഗുരുതരമായ അനാസ്ഥയാണ് ആ സർക്കാർ ചെയ്തത്. ഇപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ നടപടി സ്വീകരിക്കുകയും സമ്പൂർണ്ണ വൈദ്യുതീകരണം ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും പ്രഖ്യാപിക്കാത്ത നടപടിയാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന കാര്യം അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും. മറ്റൊരു സംസ്ഥാനത്തും ഈ നിലയിൽ നടന്നിട്ടില്ല. എന്നാൽ ഇത് നിലനിന്നുപോകണമെങ്കിൽ, പുതിയതായി വരുന്ന വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുപോയാലേ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം തുടർന്നുപോകുകയുള്ളൂ.

പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഉണ്ടാകില്ലെന്ന് പറഞ്ഞെങ്കിലും കഴിഞ്ഞ സർക്കാരിന് കീഴിൽ നിരന്തരം പവർകട്ടും പ്രതിസന്ധിയുമായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ ഭരണകാലത്ത് ഒരു കാരണവശാലും പവർകട്ടോ ലോഡ്

ഷെഡ്ഡിംഗോ ഉണ്ടാകില്ലെന്നും ഇക്കാര്യത്തിൽ മുൻകരുതൽ നടപടി സർക്കാരും വൈദ്യുതി ബോർഡും സ്വീകരിക്കുമെന്നും കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പുകൊടുത്തിരുന്നു. ആ ഉറപ്പ് ഇതുവരെ പാലിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യം അറിയിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് കരാർ വച്ചതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഇപ്പോഴാണെങ്കിലും പവർകട്ടുണ്ടാകുമെന്ന നിലയുണ്ട്. ദൈനംദിനം ആവശ്യത്തിന് വൈദ്യുതി വാങ്ങുന്നതിനാലാണ് പവർകട്ട് ഒഴിവാക്കിപ്പോകുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മാറിമാറി വരുന്ന സർക്കാരുകൾ കരാറുകളുണ്ടാക്കുന്നതും വൈദ്യുതി വാങ്ങുന്നതും ജനങ്ങൾക്ക് വിതരണം ചെയ്യുന്നതും സാധാരണ സംഭവമാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് ചെയ്തതിനെപ്പറ്റി മഹത്വവൽക്കരിച്ചൊന്നും പറയേണ്ട കാര്യമില്ലെന്ന് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഉൽപ്പാദന രംഗത്ത് മുടങ്ങിക്കിടന്ന പദ്ധതികൾ തുടങ്ങിയതിനെപ്പറ്റി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് 255 കോടി രൂപ മുടക്കി നിർമ്മാണം നടത്തിയ പള്ളിവാസൽ പദ്ധതി യഥാർത്ഥത്തിൽ നിർത്തൽ ചെയ്യുവെന്നതാണ് സത്യം. അതുപോലെ തോട്ടിയാർ പദ്ധതിയുടെ പണി നിർത്തിവയ്ക്കുമ്പോൾ 68 കോടി രൂപ മുടക്കിയിരുന്നു. ചാത്തങ്കോട്ടുനട പദ്ധതിക്ക് 6 കോടി രൂപ മുടക്കി പ്രവർത്തനം നടന്നുകൊണ്ടിരുന്നത് നിർത്തിവയ്ക്കുകയാണ് ചെയ്തത്. കോടിക്കണക്കിന് രൂപ, പൊതുമുതൽ മുടക്കിയത് ഫലത്തിൽ സർക്കാരിന് വലിയ നഷ്ടം വരുത്തുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ രാജ്യദ്രോഹ കുറ്റമാണ് ഈ രംഗത്ത് അന്ന് വൈദ്യുതി ബോർഡ് ചെയ്തതെന്ന കാര്യം നമുക്ക് മറക്കാൻ കഴിയുന്നതല്ല. എന്നാൽ ആ പദ്ധതിയെല്ലാം ഇപ്പോൾ പുനരാരംഭിച്ച കാര്യം ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല, പുതിയ സാദ്ധ്യതകൾ ഉപയോഗിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ പരമാവധി ഏറ്റെടുത്ത് വിവിധ ഘട്ടത്തിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നു. ചിലത് ഇനിഷ്യൽ സ്റ്റേജിലാണ്, ചിലതിൽ കുറേ ജോലികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ പദ്ധതികളുമായി മുന്നോട്ടു പോകുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ബോർഡ് അതിനാവശ്യമായ കർമ്മപരിപാടി ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ അതിരപ്പിള്ളി പദ്ധതിയെ സംബന്ധിച്ച് പറഞ്ഞു. അതിരപ്പിള്ളി പദ്ധതി സർക്കാരിന്റെ പരിഗണനയിലുള്ള ഒരു പദ്ധതിയായിരുന്നു. അതിന് അഭിപ്രായ

ഐക്യമില്ലാത്തതുകൊണ്ട് നടക്കുന്നില്ലെന്നേയുള്ളൂ. അതുകൊണ്ട് അതിനെ സംബന്ധിച്ച് സെമിനാറൊക്കെ വന്നപ്പോൾ പദ്ധതി നടപ്പിലാക്കണമെന്ന എന്റെ അഭിപ്രായം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടില്ല. അഭിപ്രായ ഐക്യമുണ്ടെങ്കിലേ പദ്ധതി നടപ്പിലാകൂവെന്ന് എല്ലാ അവസരത്തിലും ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ വൈദ്യുതി രംഗത്ത് പരമാവധി പുതിയ ചെറുകിട പദ്ധതികൾ തുടങ്ങണം. കാരണം ജലവൈദ്യുത പദ്ധതിയാണ് ഏറ്റവും ലാഭകരമായിട്ടുള്ളത്. മറ്റുള്ളതെല്ലാം ചെലവ് കൂടുതലും കൂടുതൽ ബാദ്ധ്യത വരുത്തുന്നതുമാണ് എന്ന അനുഭവമുണ്ട്. എന്നാൽ ജലവൈദ്യുത പദ്ധതിക്ക് ധാരാളം പരിമിതിയുണ്ട്. പരമാവധി സാദ്ധ്യത ഉപയോഗപ്പെടുത്താമെന്നത് മാത്രമാണ് ലക്ഷ്യം. ചെറുകിട പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. അങ്ങനെ വിവിധ സ്റ്റേജുകളിൽ കുറേ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

സോളാർ വൈദ്യുത രംഗത്ത് 120 മെഗാവാട്ട് വൈദ്യുതി ഇപ്പോൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 500 മെഗാവാട്ട് വൈദ്യുതി ഈ രംഗത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയും. അതു സംബന്ധിച്ച് വൈദ്യുതി ബോർഡ് ഗൗരവമായി ആലോചന നടത്തി തീരുമാനമെടുത്തിട്ടുണ്ട്. അത് പ്രാവർത്തികമാക്കാൻ സമയമെടുക്കു മെന്നാണ് പറയാനുള്ളത്. അതിന് സർക്കാർ വക കെട്ടിടങ്ങൾ, വീടുകൾ, സ്കൂളുകൾ, കോളേജുകൾ, സ്വകാര്യ സ്ഥാപനങ്ങൾ അനുവദിക്കുമെങ്കിൽ അത്തരം സാദ്ധ്യതകളും ഉപയോഗിച്ചുകൊണ്ട് സോളാർ രംഗത്ത് വൈദ്യുതോൽപ്പാദനം നടത്താൻ നമുക്ക് ശ്രമിക്കാവുന്നതാണ്. 500 മെഗാവാട്ടിലധികം വൈദ്യുതി സോളാർ രംഗത്തുനിന്നും ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. അത് പൂർണ്ണമായും ഉപയോഗപ്പെടുത്തിയാൽ നമുക്ക് കുറേക്കൂടി പ്രയോജനം ചെയ്യുമെന്നാണ് വൈദ്യുതി ബോർഡ് ചിന്തിക്കുന്നതെന്ന കാര്യവും ഞാൻ ഈ അവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കൃഷിക്കും ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കുമെല്ലാം സോളാർ വൈദ്യുതി ഉപയോഗിക്കാവുന്നതാണ്. ഇവിടെ കാറ്റാടി നിലയങ്ങൾക്കുള്ള സാദ്ധ്യതയുണ്ട്. ഇടുക്കിയിലെ രാമക്കൽമേട്ടിൽ തമിഴ്നാടുമായിട്ടുള്ള ബോർഡറിൽ, സഹ്യപർവ്വത നിരയിൽ, അതിനുള്ള സാദ്ധ്യതയുണ്ട്. ഇപ്പോൾത്തന്നെ ആ രംഗത്ത് 22 കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇനിയും കൂടുതൽ സാദ്ധ്യതയുണ്ട്. അത് നമുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. മറ്റു ജില്ലകളിലും ആ രംഗത്ത് സാദ്ധ്യതയുള്ളത് നമുക്ക് പരീക്ഷിക്കാവുന്നതാണെന്നാണ് ബോർഡ് കരുതുന്നത്. ഇപ്പോഴത്തെ

നിലയിൽ എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തിയാൽ നമുക്ക് ആവശ്യമുള്ളതിന്റെ 30 ശതമാനം വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നത്. ബാക്കി 70 ശതമാനം വൈദ്യുതിയും മറ്റ് മാർഗ്ഗത്തിൽ നിന്നും വാങ്ങിയാണ് കേരളത്തിന്റെ ആവശ്യകത നികത്തിപ്പോകുന്നത്. വാങ്ങലിന്റെ സാദ്ധ്യതകൾ കുറച്ച് പരമാവധി ഉൽപ്പാദനം നടത്താൻ കഴിഞ്ഞാൽ കുറേക്കൂടി മെച്ചപ്പെട്ട നില വൈദ്യുതി ബോർഡിനും സർക്കാരിനും ഉണ്ടാകുമെന്നാണ് കരുതുന്നത്. പ്രസരണ രംഗത്ത് 14 ശതമാനം വൈദ്യുതി നഷ്ടം വരുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. 14 ശതമാനമെന്നത് 10 ശതമാനമായി കുറയ്ക്കാനുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡ് അത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടെന്ന കാര്യവും ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. അതുപോലെ കൂടംകുളത്തുനിന്നും വൈദ്യുതി വരുന്നതിനുള്ള 400 കെ.വി. ലൈനിന്റെ നിർമ്മാണം തടസ്സപ്പെട്ടിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആദരണീയനായ മുഖ്യമന്ത്രി പ്രത്യേക യോഗം വിളിച്ചുകൂട്ടി നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നുകഴിഞ്ഞ് 21 പുതിയ വൈദ്യുതി സബ്സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കേടായ വൈദ്യുത മീറ്ററുകൾ മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തെ തുടർന്ന് വലിയ നഷ്ടമാണ് വൈദ്യുതി ബോർഡ് നേരിട്ടത്. യുദ്ധകാലാടിസ്ഥാനത്തിലാണ് പരാതികളില്ലാതെ അഭിമാനകരമായ നിലയിൽ വൈദ്യുതി ബോർഡ് ആ രംഗത്ത് പ്രവർത്തനം നടത്തിയതെന്ന കാര്യവും അറിയിക്കാൻ ആഗ്രഹിക്കുകയാണ്. പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വൈദ്യുതോൽപ്പാദനത്തിന് എല്ലാ മാർഗ്ഗങ്ങളും നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. വൈദ്യുതോർജ്ജമില്ലാതെ ഒരു നിലയിലും നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. സാമൂഹ്യ പുരോഗതി സാദ്ധ്യമാകണമെങ്കിൽ പുതിയ പുതിയ ഉൽപ്പാദന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണമെന്നുതന്നെയാണ് വൈദ്യുതി ബോർഡും സർക്കാരും ചിന്തിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 35000-ൽ കൂടുതൽ ഉപഭോക്താക്കളുള്ള സ്ഥലങ്ങളിൽപ്പോലും സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിട്ടില്ല. ഏറ്റവും അനിവാര്യമായ കാര്യമാണത്. ചാവക്കാട് ബീച്ച് സെക്ഷനിൽ 35000-ൽ കൂടുതൽ ഉപഭോക്താക്കളുണ്ട്. നേരത്തെ സർക്കാർ പ്രഖ്യാപിച്ച തരത്തിൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, അത് ചെലവ് കൂടുതലുള്ള പദ്ധതിയാണ്. എങ്കിലും സാദ്ധ്യത പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നതനുസരിച്ച് ചെലവുകൾ വർദ്ധിക്കുമെന്ന യാഥാർത്ഥ്യവും നമ്മൾ കാണേണ്ടതുണ്ട്. എങ്കിലും സെക്ഷനുകൾ അനിവാര്യമാണെങ്കിൽ അത്തരം കാര്യങ്ങൾ പരിഗണിക്കാവുന്നതാണെന്നാണ് പറയാനുള്ളത്. ഒരു കോടി ഇരുപത്തിനാല് ലക്ഷം ഉപഭോക്താക്കളാണ് വൈദ്യുതി ബോർഡിനുള്ളതെന്ന കാര്യം മനസ്സിലാക്കേണ്ടതുണ്ട്. വൈദ്യുതി ചാർജ് അടയ്ക്കാത്തതുകൊണ്ട് വാട്ടർ അതോറിറ്റിയുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വൈദ്യുതി കണക്ഷൻ കട്ട് ചെയ്തുവെന്ന് ചർച്ചയിൽ പറഞ്ഞു. വൈദ്യുതി കണക്ഷൻ കട്ട് ചെയ്യാൻ ബോർഡ് തീരുമാനിച്ചിരുന്നില്ല. പക്ഷെ താഴെത്തട്ടിൽ അങ്ങനെയൊരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് സർക്കാർ ഇടപെടുകയും തുടർ നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന കാര്യവും അറിയിക്കാൻ ആഗ്രഹിക്കുകയാണ്. വലിയ തോതിൽ പണം ലഭിക്കാനുണ്ട്. ആ പണം ലഭിച്ചാൽ മാത്രമെ വൈദ്യുതി ബോർഡ് ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂവെന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഏതായാലും വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ സാമാന്യേന ക്രിയാത്മകമായ നല്ല നിർദ്ദേശങ്ങളെല്ലാം വച്ചു. അത്തരം നല്ല നിർദ്ദേശങ്ങളെല്ലാം സ്വീകരിക്കുമെന്ന് അറിയിക്കുകയാണ്. പ്രതിപക്ഷമില്ലാതെ പോയതിൽ അതിയായ ഖേദമുണ്ട്. ഇപ്പോൾ നടന്ന കോൺഗ്രസ്സിന്റെ പ്ലീനറി സമ്മേളനത്തെക്കുറിച്ചെല്ലാം ഇവിടെ വലിയ വാചാലമായി സംസാരിക്കുന്നത് കേട്ടു. യഥാർത്ഥത്തിൽ മല എലിയെ പ്രസവിച്ചതുപോലെയാണ് പ്ലീനറി സമ്മേളനം കഴിഞ്ഞത്. എല്ലാം ചർച്ച ചെയ്തു. ഭക്ഷണമൊക്കെ കഴിച്ചു. ഒടുവിൽ ശ്രീ. രാഹുൽ ഗാന്ധിയെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കാൻ ചുമതലപ്പെടുത്തി പിരിഞ്ഞു. ജനാധിപത്യത്തെപ്പറ്റി പുരപ്പുറത്തു കയറി വലിയ തോതിൽ പ്രസംഗിക്കും. ശ്രീ. വി. ഡി. സതീശൻ ഇവിടെ സാമ്പത്തിക നയം മാറ്റണമെന്ന് പ്രസംഗിച്ചു. ഏതെങ്കിലും സാമ്പത്തിക നയം മാറ്റിയോ? ഇല്ല. കോൺഗ്രസ്സ് കൊണ്ടുവന്ന സാമ്പത്തിക നയം ശ്രീ. നരേന്ദ്ര മോഡി നടപ്പിലാക്കുന്നു. ശ്രീ. നരേന്ദ്ര മോഡിയുടെ സാമ്പത്തിക നയമാണ് ഇപ്പോഴും കോൺഗ്രസ്സിനുള്ളത്; യാതൊരു മാറ്റവുമില്ല. രണ്ട് ദിവസം പ്ലീനറി

സമ്മേളനം കൂടി പരസ്പരം സ്തുതിച്ചിട്ട് ഭംഗിയായി പ്രമേയം പാസ്സാക്കി പിരിഞ്ഞു. വോട്ടിന്റെ കാര്യത്തിൽ ബാലറ്റ് പേപ്പറിലേയ്ക്ക് പോകണമെന്ന പറഞ്ഞു. ഈ സംവിധാനം കൊണ്ടുവന്നത് കോൺഗ്രസ്സാണ്. അവർ യഥേഷ്ടം ഇതുപയോഗിച്ച് പശ്ചിമ ബംഗാളിലെല്ലാം ഇഷ്ടംപോലെ തെരഞ്ഞെടുപ്പ് അട്ടിമറിച്ചിട്ടുണ്ട്. അന്ന് അവർ ചെയ്തിരുന്ന പണി ഇപ്പോൾ ശ്രീ. നരേന്ദ്ര മോഡിയുടെ സർക്കാർ ചെയ്യുന്നു എന്നുള്ളതാണ് സത്യം. ഏതായാലും പ്രമേയം പാസ്സാക്കിയിട്ടുണ്ട്. മുൻപുകാലത്ത് അവർ ചെയ്ത തെറ്റ് ഇപ്പോൾ തിരുത്തുകയാണ്. സാമ്പത്തിക രംഗത്ത് കഴിഞ്ഞ നാളുകളിൽ സ്വീകരിച്ച നടപടി പ്രത്യേകിച്ച് മൻമോഹൻ സിംഗ് ഗവൺമെന്റ് സ്വീകരിച്ച നടപടിയിൽ എന്തെങ്കിലും തെറ്റുപറ്റിയെന്ന് വിമർശനപരമായി വിലയിരുത്താനോ ഏതെങ്കിലും നയങ്ങളിൽ മാറ്റം വരുത്താനോ യാതൊരുവിധ ആലോചനയും നടത്തിയില്ല. അതൊന്നും ഇല്ലാതെ അവിടെപ്പോയി പ്ലീനറിയും കൂടി ഇവിടെ വന്ന് ആവേശപൂർവ്വം കോൺഗ്രസ്സിന്റെ പ്രിയപ്പെട്ട നേതാക്കൾ പ്രസംഗിക്കുന്നതു കേട്ടു. വളരെ പരിതാപകരമാണെന്നാണ് അത് സംബന്ധിച്ച് തോന്നുന്നത്. അവർ ഇരിക്കുമ്പോൾ തന്നെ ഇത് പറയണമെന്നുണ്ടായിരുന്നു. അവർ പോയത് ഖേദകരമായിപ്പോയിയെന്നാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, IFTAS-നെക്കുറിച്ച് വലിയ തോതിൽ എന്തോ പ്രശ്നമുണ്ടെന്ന മട്ടിൽ പ്രതിപക്ഷം ഉന്നയിക്കുകയും അവർക്ക് എന്തോ തിരക്കുള്ളതുകൊണ്ട് സഭാ നടപടികളിൽ പങ്കെടുക്കാതെ ഇറങ്ങിപ്പോകുകയും ചെയ്തു. IFTAS-നെക്കുറിച്ചൊരു പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. 2016 ഏപ്രിൽ 13-ന് പ്രൈമറി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസേഴ്സിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അയച്ച ഒരു സർക്കുലറിന്റെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. ഞാൻ അതിലെ ഒരു ഭാഗം മാത്രം ഉദ്ധരിക്കാം. അതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭാനടപടികളിൽ പങ്കെടുക്കാതെ ഇറങ്ങിപ്പോയിരിക്കുന്നത്. 'Accordingly a scheme for providing financial assistance to UCB's (Urban Co-operative Banks) for implementation of CBS (Core Banking Solution) has been formulated in consultation with IDRBT (Institute for

Development and Research in Banking Technology) and would be implemented by IDRBT/Indian Financial Technology and Allied Services (IFTAS), a subsidiary of IDRBT. The initial set up cost of Rs. 4 lakhs will be paid by Reserve Bank of India to IFTAS. Thereafter the recurring cost of Rs.15,000 per branch per month will be borne by the UCBs. The details of the scheme for providing financial assistance to UCBs for implementation of CBS are given in the annex.' IDRBT, RBI-യുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമാണ്. ഏതോ ഒരു നമ്പ്യാരുടെ പേര് പറഞ്ഞ് അദ്ദേഹത്തിന്റെ എന്തോ കമ്പനിയാണെന്ന് സ്ഥാപിക്കാനുള്ള ശ്രമം ഇവിടെ വൃഥാവിൽ നടക്കുന്നതുകണ്ടു. IFTAS, IDRBT-യുടെ ഒരു സബ്സിഡിയറിയാണെന്ന് റിസർവ് ബാങ്ക് തന്നെ പറയുകയാണ്. IDRBT റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനവുമാണ്.

മി. സ്പീക്കർ: സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കെ. എസ്. ശബരീനാഥൻ, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, സി. മമ്മൂട്ടി, പി. ബി. അബ്ദുൾ റസ്സാക്ക്, ടി. വി. ഇബ്രാഹിം എന്നീ അംഗങ്ങൾ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ ടി. വി. ഇബ്രാഹം, പി. ഉബൈദുള്ള, അടൂർ പ്രകാശ്, എൻ. എ നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, പി. ബി. അബ്ദുൽ റസ്സാക്ക്, അനിൽ അക്കര, സി. മമ്മൂട്ടി, വി. ഡി. സതീശൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ സണ്ണി ജോസഫ്, അനിൽ അക്കര, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, റോജി എം. ജോൺ, വി. ഡി. സതീശൻ, സി. മമ്മൂട്ടി, പി. ബി. അബ്ദുൽ റസ്സാക്ക്, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, കെ. സി. ജോസഫ് എന്നീ അംഗങ്ങൾ വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.22-ന് പിരിഞ്ഞു.)

## അനുബന്ധം 1

(ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ച വിശദമായ മറുപടി)

സംസ്ഥാന ആരോഗ്യരംഗം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി നവ കേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുന:സംഘടിപ്പിക്കുകയും പ്രാഥമിക ചികിത്സാ രംഗത്ത് മുൻഗണന നൽകുകയും ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം 1721 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യരംഗം എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിയും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് 28-3-2017-ലെ സ.ഉ.(ആർ.ടി.)845/2017/ആകുവ പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി 12-5-2017-ലെ സ.ഉ.(എം.എസ്.)75/2017/ആകുവ, 22-12-2017-ലെ സ.ഉ.(എം.എസ്.) 188/2017/ആകുവ എന്നീ ഉത്തരവുകൾ പ്രകാരം 830 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പ് വരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകളുൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം ആകെ 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ 4271 തസ്തികകൾ ഇതിനോടകം സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ആകെ 236 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ മാത്രം 18 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 10 എണ്ണം പബ്ലിക് ഹെൽത്ത് ലാബിലും 4 എണ്ണം മൊറയൂർ പി.എച്ച്.സി.-യിലും 4 എണ്ണം മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലുമാണ്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, സൈനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തി മൂന്ന്) കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ-താലൂക്കുതല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപരണങ്ങൾ ഈ വർഷത്തെ പ്ലാൻ ഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി വാങ്ങുന്നതിനുള്ള നടപടികളും കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ- താലൂക്കുതല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള വികസന പ്രവർത്തനങ്ങൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കം നൽകിവരുന്നു. ഇത്തരത്തിൽ മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചതുവഴി കഴിഞ്ഞ വർഷം 72-ഉം ഈ വർഷം 75-ഉം പുതിയ പി.ജി. സീറ്റുകൾക്ക് (പുതിയതായി ആരംഭിക്കുന്നതിന്) അംഗീകാരം ലഭിച്ചു. സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലേയ്ക്കായി 721 സ്റ്റാഫ് നഴ്സിന്റെ തസ്തിക സൃഷ്ടിച്ചു. 5 മെഡിക്കൽ കോളേജുകളിൽ ആർ.സി.സി. മോഡൽ ചികിത്സ നൽകുന്നതിനായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പാതോളജി എന്നിവ തുടങ്ങുന്നതിനാവശ്യമായ 105 തസ്തികകൾ അനുവദിച്ചു. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യമായി ഡി.എം. എൻഡോക്രൈനോളജി കോഴ്സിന് എം.സി.ഐ.-യിൽനിന്നും അംഗീകാരം നേടി തിരുവനന്തപുരം മെഡിക്കൽ

കോളേജിൽ കോഴ്സ് ആരംഭിച്ചു. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യമായി കോട്ടയം ദന്തൽ കോളേജിൽ പബ്ലിക് ഹെൽത്ത് ദന്തിസ്റ്റി എം.ഡി. എന്ന കോഴ്സിന് അംഗീകാരം നേടിയെടുത്ത് കോഴ്സ് ആരംഭിച്ചു. ആലപ്പുഴയിൽ ഡി.എം. നെഫ്രോളജിക്ക് അംഗീകാരം നേടി അവിടെ കോഴ്സ് ആരംഭിച്ചു. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ നാമമാത്രമായിരുന്ന പീഡിയാട്രിക് കാർഡിയോ വിഭാഗം അനുവദിക്കുകയും ഈ വിഭാഗത്തിൽ പ്രവർത്തനം സുഗമമാക്കുന്നതിന് 13 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിക്കുകയും ചെയ്തു. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യമായി റീപ്രൊഡക്ടീവ് മെഡിസിൻ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് ആരംഭിക്കുന്നതിന് തുടക്കം കുറിക്കുകയും ഇതിനാവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലെവൽ 2 ട്രോമാ കെയറുകളുടെ പ്രവർത്തനം പുരോഗമിച്ച് വരികയാണ്. ഇതിനായി 450 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ബജറ്റിൽ ഉൾപ്പെടുത്തിയ 35 കോടി രൂപയുടെ പ്രവർത്തനങ്ങളും നടന്നുവരുന്നു. അത്യാഹിത വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് അനുവദിക്കുകയും ആധുനിക ഐ.സി. സംവിധാനം അടക്കമുള്ള മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള നടപടിയും എസ്.എ.ടി. മാതൃശിശു മന്ദിരം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഓൺലൈൻ ഒ.പി. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ക്രമീകരണം ഇതിനോടകം സജ്ജമാക്കിയിട്ടുണ്ട്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന് ആധുനിക അത്യാഹിത വിഭാഗം, പാരാമെഡിക്കൽ കോളേജ്, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ട്. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 1.3 കോടി രൂപയും 2017-18-ൽ 2.06 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലുൾപ്പെടുത്തി 18 കോടി രൂപയുടെ പ്രവർത്തനം നടന്നുവരികയാണ്. കൂടാതെ 10 കോടി രൂപ ആർ.എസ്.ബി.വൈ. ഫണ്ടിൽനിന്നും അത്യാധുനിക സി.ടി. സ്കാൻ, ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള ഉപകരണങ്ങൾ എന്നിവയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 183.15 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി

16.7 കോടി രൂപയുടെ പ്രവർത്തനവും പുരോഗമിച്ചു വരികയാണ്. ട്രോമാ കെയർ നിർമ്മിക്കുന്നതിനായി കേന്ദ്ര വിഹിതമായ 3.6 കോടി രൂപയും ലഭിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടുകൂടി സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിന് പ്രത്യേകമായി ഒരു പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിന് തുടക്കമായിട്ടുണ്ട്. ഫാർമസി കോളേജിന്റെ നിർമ്മാണം, പി.ജി. വിദ്യാർത്ഥികളുടെ ക്വാർട്ടേഴ്സ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം, പാരാമെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തൽ, മറ്റ് നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 36 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 3 കോടി 42 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ (പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി) 183.15 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി 16.7 കോടി രൂപയുടെ കേന്ദ്ര വിഹിതവും ലഭിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിന് പ്രത്യേകമായി 3.62 കോടി രൂപയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിന് തുടക്കമായിട്ടുണ്ട്. ഫാർമസി കോളേജ് നിർമ്മാണം, പി.ജി. വിദ്യാർത്ഥികളുടെ ക്വാർട്ടേഴ്സ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം, പാരാമെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തൽ, മറ്റ് നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 36 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 3 കോടി 42 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ 2016-17 സാമ്പത്തിക വർഷത്തിൽ 8.6 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബും കാർഡിയോ തൊറാസിക് വിഭാഗവും ആരംഭിച്ചു. 2016-17, 2017-18 വർഷങ്ങളിലായി സി.ടി. സ്കാൻ അടക്കമുള്ള ആധുനിക ഉപകരണങ്ങൾക്കായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അക്കാദമിക് ബ്ലോക്ക്, പേവാർഡ് ബ്ലോക്ക്, ജെറിയാട്രിക് ബ്ലോക്ക്, പി.ജി. ക്വാർട്ടേഴ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഗസ്റ്റ് ഹൗസ്, കുടിവെള്ള പദ്ധതി എന്നിവയ്ക്കുവേണ്ടി 76 കോടി രൂപയോളം ചെലവഴിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലെത്തിയിട്ടുണ്ട്. 13.72 കോടി രൂപ ചെലവിൽ കാൻസർ ചികിത്സയുടെ ആധുനിക ഉപകരണമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ഇതുകൂടാതെ, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 46 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ റോഡ് നിർമ്മാണം, എം.ബി.ബി.എസ്. ഹോസ്റ്റൽ നിർമ്മാണം, പ്ലേ ഗ്രൗണ്ട് വികസനം, മെറ്റേർണിറ്റി ബിൽഡിംഗ്, ലക്ചർ ഹാളുകളിൽ ഗ്യാലറി നിർമ്മാണം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ഏറ്റെടുത്ത മെഡിക്കൽ കോളേജിൽ 2017-18 സാമ്പത്തിക വർഷത്തിൽ 100 സീറ്റോടുകൂടി എം.ബി.ബി.എസ്. പ്രവേശനത്തിന് അനുമതി ലഭിക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. 2016-17 വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കും ജീവൻ രക്ഷാ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും 18 കോടി രൂപയും 2017-18 വർഷത്തിൽ വിവിധ പദ്ധതികൾക്കായി 48 കോടി രൂപയോളവും അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരമുള്ള വാർഡുകളും ബ്ലഡ് ബാങ്കുകളും കാഷ്വാലിറ്റികളും സംവിധാനം ചെയ്തിട്ടുണ്ട്. അത്യാധുനിക സി.ടി. സ്കാൻ പ്രവർത്തനസജ്ജമായി വരുന്നു. CAPE-ൽ നിന്നും 2013-ൽ സർക്കാർ ഏറ്റെടുത്ത എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ സമഗ്ര വികസനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബിയിലുൾപ്പെടുത്തി 368.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ സൂപ്പർ സ്പെഷ്യാലിറ്റി, മെറ്റേണൽ ചൈൽഡ് ഹെൽത്ത് ബ്ലോക്കുകൾ, ഹോസ്പിറ്റലുകൾ, ക്വാർട്ടേഴ്സുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ഏകദേശം 15 കോടി രൂപ ചെലവഴിച്ച് ആശുപത്രി നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷമായി 644 ലക്ഷം രൂപയുടെ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി, നെഫ്രോളജി, കാർഡിയോളജി, ന്യൂറോളജി വിഭാഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 96 കോടി രൂപയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പി. ജി. വിദ്യാർത്ഥികളുടെ ലക്ചർ ക്ലാസ്സ്, തീയേറ്റർ കോംപ്ലക്സ്, ഹോസ്റ്റലുകളുടെ നിർമ്മാണം, ക്വാർട്ടേഴ്സുകളുടെ നിർമ്മാണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

കാൻസർ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 44.5 കോടി രൂപ ചെലവിൽ ടെർഷ്യറി കാൻസർ കെയർ ഫെസിലിറ്റി സജ്ജമാക്കുന്നതിനുള്ള സംവിധാനങ്ങൾ പൂർത്തീകരിച്ചു വരുന്നു. PMSSY സ്കീമിൽ ഉൾപ്പെടുത്തി 3.93 കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 17 കോടി രൂപ ആധുനിക ഉപകരണങ്ങൾ വാങ്ങുവാൻ അനുവദിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലായി 13 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളും നടത്തി വരുന്നു.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്. സീറ്റിലെ പ്രവേശനവുമായി ബന്ധപ്പെട്ട് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡ പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

നടന്നുവരുന്നു. അതിന്റെ ഭാഗമായി 1.16 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഹോസ്റ്റലുകളും ക്വാർട്ടേഴ്സുകളും ഉൾപ്പെടുന്നു. കൂടാതെ, ലാബുകളുടെയും റേഡിയോളജി വിഭാഗത്തിന്റെയും നവീകരണത്തിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 5.20 ലക്ഷം രൂപ ആശുപത്രിയുടെ പുതിയ ബ്ലോക്കിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ശിശു വിഭാഗത്തിന്റെ നവീകരണ പ്രവർത്തനത്തിനായി 1 കോടി 80 ലക്ഷം രൂപയും മോർച്ചറി കോംപ്ലക്സിനായി 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 8.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 100 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിത്തുടങ്ങിയ മഞ്ചേരി മെഡിക്കൽ കോളേജിൽ ഇന്ന് 500 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിനും ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനുമായി പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ 10 തസ്തികകൾ അനുവദിച്ച് നിയമനം നടത്തിവരുന്നു. 2014-15 വർഷത്തിൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സുകൾ, ഓഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിനായി 75 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പദ്ധതി നടപ്പിൽ വരാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഭരണാനുതി തുക 103 കോടി രൂപയായി വർദ്ധിപ്പിക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 23.4 ഏക്കർ മാത്രം സ്ഥലമുള്ള ഈ സ്ഥാപനത്തിന്റെ വികസനത്തിന് കൂടുതൽ സ്ഥലം ആവശ്യമായി വരുന്നതിനാൽ മെഡിക്കൽ കോളേജിനോട് ചേർന്നു കിടക്കുന്ന 7 ഏക്കർ സ്ഥലം കൂടി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 1.85 കോടി രൂപയുടെ ഒ.പി. നവീകരണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. അവിടെ അത്യാധുനിക കാൻസർ രോഗ പരിശോധനയ്ക്കായി ഒരു കോടി രൂപ ചെലവിൽ അൾട്രാസൗണ്ട് മാമോഗ്രാം അനുവദിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഈ മെഡിക്കൽ കോളേജിനെ മറ്റ് മെഡിക്കൽ കോളജുകൾക്കൊപ്പം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

ആർദ്രം പദ്ധതിക്കുവേണ്ടി വിവിധ കോളേജുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 51.8184 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1564 തസ്തികകളും ആരോഗ്യ സർവ്വകലാശാലയിൽ 175 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

# അനുബന്ധം 2

(ശ്രീ. എസ്. ശർമ്മയുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി)

വല്ലാർപ്പാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിച്ച 315 കുടുംബങ്ങൾക്ക് മൂലമ്പിള്ളി പുനരധിവാസ പാക്കേജ് പ്രകാരം വിവിധ സ്ഥലങ്ങളിലായി ഭൂമി അനുവദിച്ച് പട്ടയ വിതരണം നടത്തിയിരുന്നു.

പുനരധിവാസ പ്ലോട്ടുകളിൽ അടിസ്ഥാന സൗകര്യം ലഭ്യമായിട്ടില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ എല്ലാ പ്ലോട്ടുകളുടെയും നിലവിലെ സ്ഥിതി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. വടുതല, മൂലമ്പിള്ളി, കോതാട്, മുളവുകാട് എന്നീ സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്തപ്രകാരമുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. കൂടാതെ, പ്രസ്തുത സ്ഥലത്ത് വീടുകൾ നിർമ്മിക്കുന്നതിന് ശക്തമായ പൈൽ ഫൗണ്ടേഷനും ആവശ്യമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. CRZ പരിധിയിൽ വരുന്ന കടമക്കുടി പഞ്ചായത്തിലെ 41 കുടുംബങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് CRZ നിയമപ്രകാരം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസ് ആവശ്യമാണ്. ഇതിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയ പാതയോട് ചേർന്ന് പണിയുന്ന കെട്ടിടങ്ങൾക്ക് നാഷണൽ ഹൈവേ അതോറിറ്റിയുടെ നിരാക്ഷേപപത്രം ലഭ്യമായശേഷം മാത്രമേ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാനാകുകയുള്ളൂ.

പുനരധിവാസ പാക്കേജിന്റെ പുരോഗതി സംബന്ധിച്ച് നിരീക്ഷിക്കുന്നതിനും മുടങ്ങിക്കിടന്നിരുന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗം എല്ലാ മാസവും നടത്തുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപടി സ്വീകരിച്ചിട്ടുണ്ട്.

## അനുബന്ധം 3

(ശ്രീ. പി. ടി. തോമസിന്റെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി)

ചമ്പക്കര കനാലിനെയും മുട്ടാർ പുഴയെയും ബന്ധിപ്പിക്കുന്നതും കൊച്ചി കോർപ്പറേഷൻ, കളമശ്ശേരി, തൃക്കാക്കര, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികളിലൂടെ കടന്നുപോകുന്നതുമായ ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണത്തിന് 6 കോടി രൂപയുടെ നബാർഡ് ധനസഹായം ലഭ്യമായിട്ടുണ്ട്. ഇതിൽ 5.03 കോടി രൂപയുടെ പണി പൂർത്തിയായി. ഇടപ്പള്ളി തോടിലൂടെയുള്ള ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ പതിനഞ്ചിലേറെ പാലങ്ങളുണ്ട്. ഇവയെല്ലാം പുനർ നിർമ്മിച്ചും തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിച്ചും ഫീഡർ കനാലുകൾ നവീകരിച്ചും ജലഗതാഗതം സാദ്ധ്യമാക്കുന്ന പദ്ധതിക്ക് ഉൾനാടൻ ജലഗതാഗത വകുപ്പ് രൂപം നൽകിവരികയാണ്. ഇടപ്പള്ളി തോട് മുട്ടാർ പുഴയിൽ ചേരുന്ന ഭാഗം മഞ്ഞുമ്മൽ റെഗുലേറ്ററിന് താഴെയായതിനാൽ വെള്ളത്തിന് ലവണാംശം കൂടുതലാണ്. ചമ്പക്കര കനാലിലും ഉപ്പുവെള്ളമാണ്. ഇക്കാരണത്താൽ ജലസേചന പദ്ധതി സാദ്ധ്യമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.